# മലയാളിയുടെ ദാർശനികാഭിമുഖ്യങ്ങൾ: സ്വാമി വിവേകാനന്ദന്റെ ചിന്താപദ്ധതികളോടുള്ള സാഹിതീയ പ്രതികരണങ്ങളെ ആസ്പദമാക്കിയുള്ള പഠനം

കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജ്
മലയാളഗവേഷണവിഭാഗത്തിലൂടെ
കാലിക്കറ്റ് സർവ്വകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിന് വേണ്ടി
സമർപ്പിക്കുന്ന പ്രബന്ധം

എം.ജി. വിനോദ് കുമാർ

മലയാളഗവേഷണവിഭാഗം
മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്
നവംബർ 2023

# സത്യപ്രസ്താവന

എം.ജി. വിനോദ് കുമാർ എന്ന ഞാൻ കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജ്, മലയാളഗവേഷണവിഭാഗത്തിലൂടെ കാലിക്കറ്റ് സർവകലാശാലയിൽ, ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന മലയാളിയുടെ ദാർശനികാഭിമുഖ്യങ്ങൾ: സ്വാമി വിവേകാനന്ദന്റെ ചിന്താപദ്ധതികളോടുള്ള സാഹിതീയ പ്രതികരണങ്ങളെ ആസ്പദമാക്കിയുള്ള പഠനം എന്ന പ്രബന്ധം ഡോ. ബിജു ജോസഫിന്റെ മേൽനോട്ടത്തിൽ തയ്യാറാക്കിയതാണെന്നും ഇതിനുമുമ്പ് ഏതെങ്കിലും ബിരുദത്തിനോ, ഫെല്ലോഷിപ്പിനോ അതുപോലുള്ള മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി സമർപ്പിച്ചിട്ടില്ലെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കോഴിക്കോട്
04.11.2023

**എം.ജി. വിനോദ് കുമാർ**

ഡോ. ബിജു ജോസഫ്
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
മലബാർ ക്രിസ്ത്യൻ കോളേജ്
കോഴിക്കോട്.

## സാക്ഷ്യപത്രം

എം.ജി. വിനോദ് കുമാർ കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജ്, മലയാളഗവേഷണവിഭാഗത്തിലൂടെ കാലിക്കറ്റ് സർവകലാശാലയിൽ, ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന **മലയാളിയുടെ ദാർശനികാഭിമുഖ്യങ്ങൾ: സ്വാമി വിവേകാനന്ദന്റെ ചിന്താപദ്ധതികളോടുള്ള സാഹിതീയ പ്രതികരണങ്ങളെ ആസ്പദമാക്കിയുള്ള പഠനം** എന്ന പ്രബന്ധം എന്റെ മേൽനോട്ടത്തിലും നിർദ്ദേശത്തിലും തയ്യാറാക്കിയതാണെന്നും ഇത് മറ്റൊന്നിന്റെ പകർപ്പോ അനുകരണമോ അല്ലെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സമർപ്പിക്കുന്ന സി.ഡി. മുമ്പേ സമർപ്പിച്ച പിഎച്ച്.ഡി തിസീസിന്റെ പകർപ്പാണെന്നും അതിൽ പരിശോധകർ നിർദ്ദേശിച്ചിട്ടുള്ള തിരുത്തലുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

കോഴിക്കോട്

MALABAR CHRISTIAN COLLEGE
CALICUT-1

ഡോ. ബിജു ജോസഫ്

Dr. Biju Joseph
Asst. Prof. & Research Guide
Research Department of Malayalam
Malabar Christian College, Kozhikode -01

# കൃതജ്ഞത

കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജിലെ മലയാളവിഭാഗം അസിസ്റ്റന്റ് പ്രൊഫസറായിരുന്ന ഡോ. ജി. ശ്രീജിത്തിന്റെ മാർഗ്ഗദർശിത്വത്തിലാണ് പഠനം തുടങ്ങിയത്. അദ്ദേഹത്തിന്റെ അകാലനിര്യാണത്തെത്തുടർന്ന് മലബാർ ക്രിസ്ത്യൻ കോളേജ് അദ്ധ്യാപകനായ ഡോ. ബിജു ജോസഫിന്റെ മേൽനോട്ടത്തിൽ ഗവേഷണം പൂർത്തിയാക്കാൻ കഴിഞ്ഞു. ഏറ്റവും വലിയ പരീക്ഷണങ്ങൾ നേരിടേണ്ടിവന്ന ദുർഘട സന്ധികളിൽപ്പോലും എനിക്കുവേണ്ടി സമയം കണ്ടെത്തുകയും പ്രബന്ധം കുറ്റമറ്റതാക്കാൻ പരിശ്രമിക്കുകയും ചെയ്ത ശ്രീജിത്ത് സാറിനോടും ബിജുസാറിനോടുമുള്ള നന്ദിയും കടപ്പാടും നിസ്സീമമാണ്.

പാർട്ട് ടൈം ഗവേഷണത്തിന് എല്ലാ സൗകര്യങ്ങളുമൊരുക്കിത്തന്ന മലബാർ ക്രിസ്ത്യൻ കോളേജിലെ പ്രിൻസിപ്പാൾ, മലയാളം അദ്ധ്യാപകർ, കോളേജിലെ അനദ്ധ്യാപകർ, ഗവേഷണ സുഹൃത്തുക്കൾ, വിദ്യാർത്ഥികൾ തുടങ്ങിയ എല്ലാവർക്കും നന്ദിയും കടപ്പാടും.

മലബാർ ക്രിസ്ത്യൻ കോളേജ് ലൈബ്രറി, കാലിക്കറ്റ് സർവ്വകലാശാല സെന്ററൽ ലൈബ്രറി, രാമകൃഷ്ണമിഷൻ തൃശ്ശൂർ, പാല കേന്ദ്രങ്ങളിലെ ലൈബ്രറികൾ, മലയാള സർവ്വകലാശാല ലൈബ്രറി എന്നിവിടങ്ങളിൽനിന്ന് ഗവേഷണത്തിനാവശ്യമായ പുസ്തകങ്ങൾ ലഭ്യമാക്കിയ സുഹൃത്തുക്കളോട് പ്രത്യേകം നന്ദിയുണ്ട്. ഞാൻ ജോലി ചെയ്തിരുന്ന കേരള വാട്ടർ അതോറിറ്റി ക്വാളിറ്റി ലാബറട്ടറിയിലെ പ്രിയപ്പെട്ട സഹപ്രവർത്തകർ ഗവേഷണത്തിന്റെ വിവിധ ഘട്ടങ്ങളിൽ വിലപ്പെട്ട സഹായങ്ങൾ നൽകി. ഗവേഷണത്തിന്റെ സുപ്രധാന ഘട്ടങ്ങളിൽ എനിക്ക് താങ്ങും തണലുമായി നിന്നത് എന്റെ കുടുംബമാണ്. അവരുടെ സ്നേഹം അമൂല്യമായി മനസ്സിൽ സ്വീകരിക്കുന്നു.

ഗവേഷണത്തിലേക്ക് വഴി തുറന്ന മലയാളം സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. അനിൽ വള്ളത്തോളിനെ നന്ദിപൂർവ്വം സ്മരിക്കുന്നു. കൊച്ചിൻ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ. രാമചന്ദ്രൻ തെക്കേടത്ത് ഗവേഷണത്തിലുടനീളം നിർദ്ദേശങ്ങൾ തന്ന് സഹായിച്ചു. കോഴിക്കോട് സർവ്വകലാശാലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ കൃതജ്ഞതയോടെ ഓർക്കുന്നു. ഗവേഷണം പൂർത്തിയാക്കാൻ സോദരിയുടെ സ്ഥാനത്ത് നിന്ന് നിർബന്ധിച്ച ഹരിത (ഡോ. ശ്രീജിത്തിന്റെ സഹധർമ്മിണി)യോടുള്ള ആദരങ്ങൾ ഇവിടെ രേഖപ്പെടുത്തട്ടെ.

ഹരിപ്പാട് രാമകൃഷ്ണാശ്രമാധിപൻ കൈവല്യാനന്ദസ്വാമികൾ, പ്രബുദ്ധകേരളം പത്രാധിപർ നന്ദാത്മജസ്വാമികൾ, ഗവേഷകനും എഴുത്തുകാരനുമായ ഡോ. രാജീവ് ഇരിങ്ങാലക്കുട എന്നിവർ ആധികാരികമായ വിവരങ്ങൾ തന്ന് സഹായിച്ചത് ദൈവകാരുണ്യമായി സ്വീകരിക്കുന്നു. പ്രബന്ധത്തിന്റെ രൂപകല്പന സമയ ബന്ധിതമായി നിർവ്വഹിച്ചുതന്ന ശ്രീ ബാലുവിനോട് അളവറ്റ കൃതജ്ഞതയുണ്ട്.

**എം.ജി. വിനോദ് കുമാർ**

# ഉള്ളടക്കം


പുറം

**ആമുഖം** 1 - 8

**അധ്യായം ഒന്ന്**

**ഭാരതീയദർശനങ്ങൾ, വിവേകാനന്ദദർശനം** 9 - 32

1.1 ആമുഖം

1.2 ഷഡ്ദർശനങ്ങൾ

1.2.1 ന്യായം, വൈശേഷികം

1.2.2 വൈശേഷികം

1.2.3 സാംഖ്യം

1.2.4 യോഗം

1.2.5 പൂർവ്വമീമാംസ

1.2.6 ഉത്തരമീമാംസ

1.3 അദ്വൈതദർശനം

1.3.1 വിശിഷ്ടാദ്വൈതം

1.4 ദ്വൈതദർശനം

1.5 ദ്വൈതാദ്വൈതദർശനം

1.6 ശുദ്ധാദ്വൈതദർശനം

1.7 ശൈവദർശനം

1.8 ജൈനദർശനം

1.9 ബൗദ്ധദർശനം

1.10 ചാർവ്വാകദർശനം

**അധ്യായം രണ്ട്**

**വിവേകാനന്ദദർശനം** 33 - 70

2.1 ചരിത്രപശ്ചാത്തലം: ബംഗാൾ നവോത്ഥാനം

2.2 നരേന്ദ്രന്റെ ഉദയം

2.3 ശ്രീരാമകൃഷ്ണസംഘം

2.4 ഇന്ത്യയെ കണ്ടെത്തൽ

2.5 ഇന്ത്യനവസ്ഥ : കാരണങ്ങൾ, പരിഹാരങ്ങൾ

2.6 വിദ്യാഭ്യാസം

2.7 ഉദാസീനതയും അസമത്വവും

2.8 സ്ത്രീവിമോചനം

2.9 ഭാരതീയദർശനങ്ങൾ വിവേകാനന്ദനിലൂടെ

2.10 വിവേകാനന്ദദർശനം: ആത്മീയവും ഭൗതികവും

2.11 വേദാന്തദർശനം

2.12 അമേരിക്കൻ പര്യടനം

2.13 രാമകൃഷ്ണമിഷൻ

2.14 വിവേകാനന്ദദർശനം : സവിശേഷതകൾ

2.15 വിവേകാനന്ദദർശനം : കർമ്മയോഗത്തിന്റെ ജ്ഞാനവഴികൾ

2.15.1 ജ്ഞാനയോഗം

2.15.2 രാജയോഗം

2.15.3 ഭക്തിയോഗം

2.15.4 കർമ്മയോഗം

2.15.5 അനാസക്തമായ കർമ്മവും യഥാർത്ഥസ്വാതന്ത്ര്യവും

**അധ്യായം മൂന്ന്**

**മലയാളിയുടെ ലോകവീക്ഷണം** 71 - 124

3.1 ആമുഖം

3.2 ലോകവീക്ഷണം: ചില സിദ്ധാന്തങ്ങൾ

3.3 മലയാളി

3.3.1 ഗോത്രവർഗ്ഗങ്ങളുടെ കേരളം

3.3.2 കേരളം: ഒൻപതാം നൂറ്റാണ്ടുമുതൽ പതിനാറാം നൂറ്റാണ്ടുവരെ

3.3.3 കേരളവാണിജ്യവും കേരളദേശീയതയും

3.3.4 പതിനെട്ടാം നൂറ്റാണ്ട്

3.3.5 പത്തൊമ്പതാം നൂറ്റാണ്ട്

3.3.5.1. അനന്തരഫലങ്ങൾ

3.3.5.2 തിരുവിതാംകൂറും കൊച്ചിയും പത്തൊമ്പതാം നൂറ്റാണ്ടിൽ

3.3.5.3 മലബാർ പത്തൊമ്പതാം നൂറ്റാണ്ടിൽ

3.4 വില്യം ലോഗൻ

3.5 മലയാളിയുടെ ലോകം

3.6 ആറാട്ടുപുഴ വേലായുധപ്പണിക്കർ

3.7 നവോത്ഥാനത്തിലേക്കു നയിച്ച ലോകവീക്ഷണം

3.8 അധിനിവേശം

3.9 നവോത്ഥാനത്തിന് കേരളീയതയുടെ ഈടുവയ്പ്പുകൾ

3.10 മലയാളിയുടെ ദാർശനികാഭിമുഖ്യങ്ങൾ

3.10.1 വിവേകാനന്ദൻ കേരളത്തെ കണ്ടപ്പോൾ

3.10.2 സവിശേഷതകൾ

3.10.3 മലയാളിയുടെ രാഷ്ട്രീയം ദർശനങ്ങളിൽ

3.11 വിവേകാനന്ദദർശനങ്ങളുടെ കേരളത്തിലെ സ്വീകാര്യത

3.12 വിവേകാനന്ദദർശനവും മലയാളി മനഃശാസ്ത്രവും

3.13 ആഗോളവീക്ഷണത്തിലെ കേരളീയത

3.13.1 ഇരുപതാം നൂറ്റാണ്ട്

3.14 അയിത്തോച്ചാടന പ്രവർത്തനങ്ങൾ: വൈക്കം സത്യാഗ്രഹത്തിന്റെ പ്രാധാന്യം

3.14.1 പുന്നപ്രവയലാർ - 1946

3.14.2 സായുധസമരങ്ങളോടുള്ള കേരളീയ സമൂഹത്തിന്റെ സമീപനം

**അധ്യായം നാല്**

**വിവേകാനന്ദദർശനങ്ങളും കേരളീയ സമൂഹവും** 125 - 162

4.1 ആമുഖം

4.2 വിവേകാനന്ദൻ കേരളത്തിൽ

3.2.1 കേരളം ഒരു ഭ്രാന്താലയം

4.3. ശ്രീനാരായണധർമ്മപരിപാലനയോഗം

3.3.1 വിവേകോദയം

4.4 ശ്രീരാമകൃഷ്ണപ്രസ്ഥാനം ഇന്ത്യയിൽ

4.5 രാമകൃഷ്ണമിഷൻ കേരളത്തിൽ : പശ്ചാത്തലം

4.5.1 ശ്രീരാമകൃഷ്ണമഠം : ഹരിപ്പാട്

4.4.2 ശ്രീരാമകൃഷ്ണമഠം : തിരുവല്ല

4.5.3 ശ്രീരാമകൃഷ്ണമഠം : കൊയിലാണ്ടി

4.5.4 ശ്രീരാമകൃഷ്ണമഠം ബ്രഹ്മാനന്ദാശ്രമം : തിരുവനന്തപുരം

4 .5.5 ശ്രീരാമകൃഷ്ണയോഗാശ്രമം ആലപ്പുഴ

4.5.6 ശ്രീരാമകൃഷ്ണ നിരഞ്ജനാശ്രമം - ഒറ്റപ്പാലം

4.5.7 ശ്രീരാമകൃഷ്ണമഠം - തൃശ്ശൂർ

3.5.8 ശ്രീരാമകൃഷ്ണബ്രഹ്മാശ്രമം - കായംകുളം

4.5.9 ശ്രീരാമകൃഷ്ണമഠം - പാല

4.5.10 ശ്രീരാമകൃഷ്ണാശ്രമം - അടൂർ

4.5.11 ശ്രീരാമകൃഷ്ണശാരദാശ്രമം - നെയ്യൂർ

4.5.12 ശ്രീരാമകൃഷ്ണണാശ്രമം - പുതുക്കാട്

4.5.13 ശ്രീരാമകൃഷ്ണാദ്വൈതാശ്രമം - കാലടി

4.5.14 ശ്രീരാമകൃഷ്ണാശ്രമം – കോഴിക്കോട്

4.5.15 ശ്രീരാമകൃഷ്ണാശ്രമം - കൊല്ലം

4.5.16 ശ്രീരാമകൃഷ്ണാശ്രമം വൈറ്റില

4.5.17 ശ്രീരാമകൃഷ്ണാശ്രമം - വള്ളിക്കോട്

4.6 നിർമ്മലാനന്ദസ്വാമികളും കേരളത്തിലെ ശ്രീരാമകൃഷ്ണമഠങ്ങളും

4.6.1 ശ്രീരാമകൃഷ്ണസംഘം, കൊല്ലങ്കോട്

4.7 വിവേകാനന്ദകേന്ദ്രവേദിക് വിഷൻ ഫൗണ്ടേഷൻ - കൊടുങ്ങല്ലൂർ

4.8 ശാരദാമഠം

4.9 കേരളീയനവോത്ഥാനത്തിലെ ആധ്യാത്മികത

**അധ്യായം 5**

**മലയാളസാഹിത്യം വിവേകാനന്ദനെ വായിക്കുന്നു** 163 - 247

5.1 വിവേകാനന്ദസാഹിത്യം മലയാളത്തിൽ

5.1.1 വിവേകാനന്ദ സാഹിത്യസർവ്വസ്വം

5.1.2 ശ്രീരാമകൃഷ്ണവചനാമൃതം

5.2 വിവേകാനന്ദദർശനം ആശാൻ കവിതകളിൽ

5.2.1. രാജയോഗം

5.2..2 നളിനി

5.2.3 ലീല

5.2.4 ചണ്ഡാലഭിക്ഷുകി

5.2.5 ദുരവസ്ഥ

5.2.6 കരുണ

5.3 സാഹിതീയപ്രതികരണങ്ങൾ : മറ്റു കവികളും എഴുത്തുകാരും

5.3.1 വള്ളത്തോൾ

5.3.2 അപ്പൻ തമ്പുരാൻ

5.3.3. കുട്ടമത്ത്

5.3.4 പി. കുഞ്ഞിരാമൻ നായർ

5.3.5 അക്കിത്തം

5.3.6 ഒ.എൻ.വി. കുറുപ്പ്

5.3.7 ഓട്ടൂർ

5.3.8 കുട്ടികൃഷ്ണമാരാർ

5.3.9 ബോധേശ്വരൻ

5.3.10 സുബ്രഹ്മണ്യൻ തിരുമുമ്പ്

5.3.11 എൻ.വി. കൃഷ്ണവാരിയർ

5.3.12 എസ്. ഗുപ്തൻനായർ

5.3.13 എം.പി. വീരേന്ദ്രകുമാർ

5.3.14 മാടമ്പ് കുഞ്ഞുകുട്ടൻ

5.3.15 നടരാജഗുരു, നിത്യചൈതന്യയതി

5.4 കവിതകളും മറ്റു സാഹിത്യകൃതികളും

5.5 ലേഖനങ്ങൾ ജീവചരിത്രങ്ങൾ

5.6. വിവേകാനന്ദന്റെ നൂറ്റമ്പതാം ജയന്തി സ്മരണിക

5.7 അറിയപ്പെടാത്ത വിവേകാനന്ദൻ

5.8 വിവേകാനന്ദസരോവരം

5.9 രാജീവ് ഇരിങ്ങാലക്കുട

5.10 സാഹിത്യകാരായ സന്യാസിമാർ

5.10.1 വിമലാനന്ദസ്വാമികൾ

5.10.2 രംഗനാഥാനന്ദ സ്വാമികൾ

5.10.3 ആഗമാനന്ദ സ്വാമികൾ

5.10.4 സിദ്ധിനാഥാനന്ദസ്വാമികൾ

5.10.5 മൃഡാനന്ദസ്വാമികൾ

5.11 വിവേകാനന്ദൻ മാർക്സിയൻ ചിന്തകരിലൂടെ

5.12 വിവേകാനന്ദൻ ഹിന്ദുത്വചിന്തകരിലൂടെ

5.12.1 ആർ ഹരി

5.12.2 പി. പരമേശ്വരൻ

5.13 പ്രബുദ്ധകേരളം

5.14 അമൃതവാണി, ശ്രീരാമകൃഷ്ണതുളസീസുഗന്ധം

5.15 കേരളീയനവോത്ഥാനത്തിന്റെ രാമകൃഷ്ണമിഷൻ വഴികൾ

5.16 മലയാളസാഹിത്യം ഭാരതീയവുമാണ്

**അധ്യായം ആറ്**

**വിവേകാനന്ദദർശനം: വിമർശനങ്ങൾ** 248 - 273

6.1 ആമുഖം

6.2 വിവേകാനന്ദദർശനം പുരോഗമനപരമല്ല

56.2.1 വിവേകാനന്ദനും ജാതീയതയും

6.2.2 അന്യമതനിലപാടുകൾ

6.2.3 വിവേകാനന്ദൻ പരിഷ്കരണവാദിയോ?

6.3 വിവേകാനന്ദനും മാർക്സിയൻ ദർശനവും

6.3.1 വിവേകാനന്ദചിന്ത വിപ്ലവകരമോ?

6.3.2 വിവേകാനന്ദന്റെ വഴി ഹിന്ദുത്വത്തിന്റേതുമാത്രം

6.4 വിവേകാനന്ദചിന്തകൾ അപൂർണവും പരാജയവുമാണ്

6.5 വിവേകാനന്ദൻ : കാവിയുടുത്ത ബൂർഷ്വാസി

6.6 വിവേകാനന്ദൻ പുരോഗമനകാരി

6.7 ജ്യോതിർമയി ശർമ്മ

6 .8 വിവേകാനന്ദചിന്തകളുടെ പ്രസക്തി

**ഉപസംഹാരം** 274 - 280

**ഗ്രന്ഥസൂചി** 281 - 295

**അനുബന്ധം** 296 - 306

# ആമുഖം

പത്തൊമ്പതാം നൂറ്റാണ്ടിൽ ലോകമെങ്ങും ശാസ്ത്രസാങ്കേതികതയുടെ അത്യുജ്ജ്വലമായ മുന്നേറ്റമുണ്ടായി. മനുഷ്യന്, ജീവിതത്തോടുള്ള സമീപനത്തിലും മനോഭാവത്തിലും വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ ഇതു കാരണമായിത്തീർന്നു. ഒരർത്ഥത്തിൽ ആധുനികതയുടെ പരിണാമബദ്ധമായ പശ്ചാത്തലത്തിൽ ശാസ്ത്രവും തദ്വാരാ കൈവന്ന ജീവിതസൗകര്യങ്ങളും ഒന്നിച്ചുചേർന്ന് ഒരു പുതുമനുഷ്യൻ തന്നെ രൂപപ്പെടുകയായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിലെ ഭാരതത്തിൽ, പുരോഗമനപരമായ പ്രവർത്തനസപര്യയ്ക്കും ഒരു യഥാർത്ഥ മനുഷ്യ(The Real Man)നിലേക്കുള്ള വളർച്ചയ്ക്കും അടിത്തറ പാകിയത് ധിഷണാശാലികളായ അനേകം മഹാത്മാക്കൾ പുനർ നിർവ്വചിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്ത തത്ത്വചിന്തയും ആത്മീയതയുമായിരുന്നു. സ്വാമി വിവേകാനന്ദനും നവവേദാന്തത്തിലൂന്നി ഒരു നവീനമനുഷ്യനെയായിരുന്നു സാക്ഷാത്ക്കരിക്കാൻ പരിശ്രമിച്ചത്. വർണ്ണവിവേചനങ്ങൾക്കെതിരെയും മനുഷ്യാവകാശ ലംഘനങ്ങൾക്കുനേരെയുമുണ്ടായ ആധുനികാവബോധത്തോടെയുള്ള കർമ്മാധിഷ്ഠിത സംവാദങ്ങളായിരുന്നു അദ്ദേഹത്തിന്റെ ആദ്യ വിഷയങ്ങൾ. തികച്ചും ഭൗതികമായ സാമൂഹികസത്യങ്ങളോട് ശാസ്ത്രവിജ്ഞാനത്തിലൂന്നി പ്രതികരിച്ചപ്പോഴും മനുഷ്യന്റെ അപരിമേയമായ കഴിവിലൂടെ, ഉത്തരവാദിത്തത്തിലൂടെ ശാക്തീകരിക്കപ്പെടുന്ന ഒരു നവമാനവികതയെ വിവേകാനന്ദദർശനങ്ങൾ മുൻനിർത്തിയിരുന്നു.

ലോകമെങ്ങുമുണ്ടായ നവോത്ഥാനപ്രസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി, ആയുധങ്ങളും പ്രവർത്തനരീതിയും പാടേ മാറ്റിയ വേദാന്ത-മാനവികദർശനങ്ങളായിരുന്നു വിവേകാനന്ദൻ സമൂഹത്തിനുമുമ്പിൽ അവതരിപ്പിച്ചത്. അസമത്വങ്ങളെ, ഭൗതിക

വിപ്ലവവഴികൾകൊണ്ടു മാത്രം നേരിടാൻ പരിശീലിച്ചുപോന്ന ഭാരതത്തിന് അഹിംസയും ത്യാഗസന്നദ്ധതയും ഉൾക്കരുത്തുമുള്ള ആത്മീയസരണികൾ കാട്ടിക്കൊടുത്തത് ഈ ദർശനങ്ങളായിരുന്നു. ഫലമോ, പ്രയോഗത്തിലും സമീപനത്തിലും ഈ നവീന ചിന്താധാരയെ ലോകവും ഭാരതവും പിന്നീട് കേരളവും പ്രസക്തവും പ്രധാനവുമായി കണ്ടു. ഭാരതീയ ചിന്തകളെ അടിസ്ഥാനമാക്കി വിശ്വമാനവികതയുടെ ഇതിഹാസങ്ങൾ രചിച്ച വിവേകാനന്ദന്റെ അർത്ഥപൂർണ്ണമായ ചിന്തകൾ മലയാളിയിൽ സവിശേഷമായ തനതു ദർശനപാഠങ്ങൾ ഉണർത്തി. ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ തുടങ്ങിയവരുടെ കർമ്മപരിപാടികളിലൂടെ വികസ്വരമായ കേരളം ഭൗതികവികാസത്തോടൊപ്പം ബൗദ്ധികവും ദർശനപരവും സർഗ്ഗാത്മകവുമായ മണ്ഡലങ്ങളിൽ ഇടപെടാനുള്ള കരുത്തും ആർജ്ജിച്ചിരുന്നു. വിവേകാനന്ദനോടുള്ള/വിവേകാനന്ദദർശനങ്ങളോടുള്ള സംവാദ സന്ദർഭങ്ങളെ മലയാളി സന്തോഷത്തോടെ സ്വാഗതം ചെയ്തിരുന്നുവെന്ന് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിലെയും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലെയും രാഷ്ട്രീയ-സാമൂഹികചലനങ്ങൾ തെളിയിക്കുന്നുണ്ട്.

**പഠനലക്ഷ്യം**

ഭാരതത്തെ സംബന്ധിച്ചിടത്തോളം ഈ നാടിനെ സ്വാതന്ത്ര്യത്തിലേക്കു നയിച്ച എല്ലാ ദേശീയ പ്രസ്ഥാനങ്ങൾക്കും പുത്തൻ ഉണർവ്വ് പകർന്നത് വിശാലമാനവികതയിൽ രൂപപ്പെട്ട ചിന്തകളും പ്രവർത്തനങ്ങളുമായിരുന്നു. ശാസ്ത്രബോധത്തോടൊപ്പം ഭാരതീയദർശനങ്ങൾകൊണ്ട് ഊടും പാവുമിട്ട് നെയ്തെടുത്ത സാഹിത്യവും കലയും രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിലുള്ള മാറ്റങ്ങളെ രചിക്കുകയും നയിക്കുകയും ചെയ്തു. അജ്ഞാനത്തിന്റെയും വിധിവിശ്വാസങ്ങളുടെയും അലസതയിൽ പെട്ടുഴന്ന ഭാരതീയരെ, ഉള്ളുണർത്തി കർമ്മോത്സുകരാക്കുകയായിരുന്നു വിവേകാനന്ദദർശനം. ഈ ദർശനത്തെ

ഇരുകൈയ്യും നീട്ടി സ്വീകരിക്കുകയും പ്രോജ്ജ്വലിപ്പിച്ചെടുക്കുകയും ചെയ്യുന്നതിൽ കേരളം ഏറെ മുന്നിലായിരുന്നു. സ്വാമി വിവേകാനന്ദന്റെ ദർശനങ്ങളുടെ/കൃതികളുടെ പ്രത്യക്ഷമോ പരോക്ഷമോ ആയ സ്വാധീനത ഉത്പാദിപ്പിച്ച സാഹിത്യപാഠങ്ങളെ ആധാരമാക്കി മലയാളിയുടെ ദാർശനികമായ ആഭിമുഖ്യങ്ങളെ/ഇഷ്ടാനിഷ്ടങ്ങളെ അപഗ്രഥിക്കുകയാണ് ഈ പഠനം.

വിവേകാനന്ദൻ സ്വന്തം കൃതികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും സമഗ്രമായ നവോത്ഥാനമായിരുന്നു ലക്ഷ്യം വച്ചത്. ആ ലക്ഷ്യത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുടെ ഭാഗം തന്നെയായിരുന്നു അദ്ദേഹത്തിന്റെ രചനകൾ. ആ ഗ്രന്ഥങ്ങൾ നവോത്ഥാന പ്രവർത്തനങ്ങൾക്കാവശ്യമായ ഒരു ദർശനം രൂപപ്പെടുത്തുകയായിരുന്നു. മാനവസേവ മാധവസേവയോടൊപ്പമോ അതിൽ കൂടുതലോ പ്രധാനപ്പെട്ടതാണെന്ന ആശയം തികച്ചും ജനകീയവും മനുഷ്യപക്ഷത്തുനിന്നുള്ളതുമായിരുന്നു ഭാരതീയചിന്തകളുടെ ഭദ്രമായ അടിത്തറയിൽ നിന്നു തന്നെ യഥാർത്ഥ മനുഷ്യനെ അഭിസംബോധന ചെയ്ത സ്വാമി വിവേകാനന്ദൻ സമ്പൂർണ്ണമാനവികതയുടെ സന്ദേശമാണ് പകർന്നത്. അസമത്വങ്ങൾ ക്കെതിരായി രൂപംകൊണ്ട വിപ്ലവപ്രസ്ഥാനങ്ങൾ സൃഷ്ടിച്ച ഒരു ജനപക്ഷപരിസരം കേരളത്തിൽ പക്ഷേ സാത്വിക വഴികളിലൂടെ സഞ്ചരിക്കപ്പെട്ടതിനും വളർന്നതിനും വിവേകാനന്ദദർശനങ്ങൾ ഏതളവിൽ സ്വാധീനിക്കപ്പെട്ടുവെന്ന് അവയുടെ കേരളീയ വായനകളുമായി ബന്ധപ്പെട്ട് അന്വേഷിക്കുകയാണ് ഈ പഠനത്തിന്റെ ലക്ഷ്യം. രാഷ്ട്രീയ സാമൂഹിക മാറ്റങ്ങളുടെ ചാലകശക്തി എന്ന നിലയിൽ വിവേകാനന്ദദർശനങ്ങൾ അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയോടുള്ള കേരളീയാഭിമുഖ്യത്തിന്റെ കാര്യകാരണങ്ങൾ വിശകലനം ചെയ്ത് പ്രത്യേകമായി പരിശോധിക്കേണ്ടതുണ്ട്. ഒരു മാറ്റത്തിന്റെ നൈരന്തര്യം കാത്ത് ഒരു പൂർണ്ണ മനുഷ്യനിലേക്കുള്ള വളർച്ചയിൽ മലയാളി ഈ ദർശനങ്ങളെ എങ്ങിനെ സമീപിച്ചു എന്നറിയുന്നത് ഈ പഠനം ലക്ഷ്യമിടുന്നു.

**പരികല്പന**

ഭാരതത്തിന്റെ ചേതനയെ തൊട്ടുണർത്തുകയും പ്രവർത്തനോന്മുഖമാക്കുകയും ചെയ്ത വിവേകാനന്ദദർശനവും/സാഹിത്യവും കേരളത്തിന്റെ സാമൂഹ്യനവോത്ഥാന ത്തെയും ദർശനബോധത്തെയും സാംസ്കാരികധാരണകളെയും സ്വാധീനിക്കുകയും രൂപപ്പെടുത്തുകയും ചെയ്തു എന്ന പരികല്പനയോടെയാണ് പഠനം നടത്തുന്നത്. പല വിതാനങ്ങളിലായി വികസിച്ച ഭാരതീയ/കേരളീയ നവോത്ഥാനത്തിന്റെ ബാഹ്യവും ആഭ്യന്തരവുമായ സ്വരൂപവും സ്വഭാവവും പ്രത്യക്ഷമായും പരോക്ഷമായും നിർണ്ണയിച്ച മനീഷി എന്ന നിലയിൽ വിവേകാനന്ദനോട് കേരളജനതയ്ക്ക് വൈകാരികവും വൈചാരികവുമായ ആഭിമുഖ്യമുണ്ട് എന്ന വാദമുഖവും ഈ പഠനം മുന്നോട്ടുവയ്ക്കുന്നു.

**പഠനത്തിന്റെ പ്രസക്തി**

മഹത്തായ ജീവിതമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് അതിനായി ജീവിതം സമർപ്പിച്ച മഹാനാണ് സ്വാമി വിവേകാനന്ദൻ. ഭാരതത്തിന്റെ നവോത്ഥാന പരിശ്രമങ്ങളിൽ അദ്ദേഹത്തിന്റെ സാഹിത്യരചനകളിലൂടെയും സാമൂഹികപ്രവർത്തനങ്ങളിലൂടെയും രൂപപ്പെട്ട ദർശനങ്ങൾ അനിഷേധ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. താത്കാലിക ലക്ഷ്യങ്ങൾക്കപ്പുറത്ത് സാമൂഹ്യാവസ്ഥകളെയും അതിലൂടെ സമൂഹത്തെയും മാറ്റിമറിക്കുന്ന തായിരുന്നു ആ കർമ്മയോഗിയുടെ പ്രവർത്തനങ്ങൾ. വിവേകാനന്ദന് ഭാരതവും സമീപ രാജ്യങ്ങളുമായിരുന്നു കർമ്മഭൂമി. പൊതുസമൂഹത്തെ അഭിസംബോധന ചെയ്ത് കർമ്മസന്യാസത്തിന്റെ പുതിയ പാഠങ്ങൾ രചിക്കുകയായിരുന്നു അദ്ദേഹം. നവോത്ഥാനകാലത്തും സ്വാതന്ത്ര്യസമരങ്ങളുടെ സന്ദർഭത്തിലും കോളനിയനന്തര കാലത്തുമെല്ലാം കേരളീയന്റെ ചിന്താമണ്ഡലത്തെ സ്വാമി വിവേകാനന്ദൻ നേരിട്ടോ അല്ലാതെയോ ചലിപ്പിച്ചുകൊണ്ടിരിക്കുന്നു. വർത്തമാന കാലത്തും അദ്ദേഹത്തിന്റെ

ദർശനങ്ങളും കർമ്മപരിപാടികളും അനുകൂലമോ പ്രതികൂലമോ ആയ അന്വേഷണങ്ങൾക്ക് ആധാരമാകുന്നുണ്ട്. ഇത് സ്വാമി വിവേകാനന്ദൻ പരിചയപ്പെടുത്തിയ ആശയങ്ങളോടുള്ള കേരളീയരുടെ പ്രതിപത്തിയെ വെളിപ്പെടുത്തുന്നു.

പ്രശ്നപരിഹാരങ്ങൾ ലക്ഷ്യമിടുന്ന നവോത്ഥാനത്തിന്റെ ആശയാവലികൾക്കപ്പുറത്ത് പ്രശ്നങ്ങളെത്തന്നെ ആഴത്തിൽ വിശകലനം ചെയ്ത് സവിശേഷമായൊരു ചിന്താപദ്ധതി രൂപപ്പെടുത്തുകയായിരുന്നു വിവേകാനന്ദൻ ചെയ്തത്. ഇതിനെ ആവിഷ്കരിക്കാൻ ഉപനിഷത്തുക്കളുടെ കാലം മുതലുള്ള ഭാരതത്തിന്റെ വൈജ്ഞാനിക പാരമ്പര്യം ആധാരമാക്കുകയായിരുന്നു ആ സന്ന്യാസി. വിവേകാനന്ദന്റെ സാഹിത്യ-സാമൂഹ്യപ്രവർത്തനങ്ങൾ ഒട്ടനവധി പഠനങ്ങൾക്ക് വിധേയമായിട്ടുണ്ടെങ്കിലും അവയുടെ ദർശനങ്ങളോടുള്ള മലയാളികളുടെ സവിശേഷമായ ആഭിമുഖ്യത്തിന്റെ മനഃശാസ്ത്രവും രാഷ്ട്രീയവും വേണ്ടത്ര ചർച്ച ചെയ്യപ്പെട്ടിട്ടില്ല. അദ്ദേഹത്തിന്റെ ചിന്തകളും അവയോടുള്ള അനുകൂല/പ്രതികൂലവാദമുഖങ്ങളും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദം മുതലുള്ള കേരളീയന്റെ ദാർശനികാന്വേഷണങ്ങളിൽ, നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുണ്ടുതാനും. അതുകൊണ്ട് ഈ പഠനം ഏറെ പ്രസക്തമാണ്.

വികാരങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന ആധുനികപ്രസ്ഥാനങ്ങൾക്ക് ഒരിക്കലും നിഷേധിക്കാൻ സാധ്യമല്ലാത്ത വിചാരധാരയായി വിവേകാനന്ദദർശനം നിലനിൽക്കുന്നുണ്ട്. അസമത്വങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നപ്പോൾ മനുഷ്യനെ അഭിസംബോധന ചെയ്ത ആ ദർശനത്തിന്റെ വിശ്വമാനവികത കേരളവും തിരിച്ചറിഞ്ഞു. തത്ത്വചിന്തയും വേദാന്തവും ഉൾച്ചേർക്കപ്പെട്ട അദ്ദേഹത്തിന്റെ രാഷ്ട്രീയാശയങ്ങൾ തികച്ചും നവീനമായിരുന്നു. എഴുത്തുകൊണ്ടും, അതിൽനിന്നു വേറിട്ടല്ലാത്ത

പ്രവൃത്തികൊണ്ടും സജീവമായ കർമ്മപഥത്തിലൂടെ പൂർണ്ണമനുഷ്യനെ സൃഷ്ടിക്കുകയും ശാക്തീകരിക്കുകയുമായിരുന്നു ആ കർമ്മയോഗി. വിവേകാനന്ദന്റെ വൈജ്ഞാനിക-രാഷ്ട്രീയയാത്രകളും പ്രവർത്തനങ്ങളും കേരളീയ ചിന്താമണ്ഡലത്തിൽ സൂക്ഷ്മപരിണാമങ്ങൾക്ക് കാരണമായി.

**പൂർവ്വപഠനങ്ങൾ**

സ്വാമി വിവേകാനന്ദന്റെ സാഹിത്യകൃതികളെയും കർമ്മപരിപാടികളെയും ആധാരമാക്കിക്കൊണ്ട് ഭാഷയിലും ഇതരമാനവികവിഷയങ്ങളിലും അനേകം പഠനങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ മലയാളിക്ക് ഭാരതീയദർശനങ്ങളോടുള്ള വൈകാരികമോ വൈചാരികമോ ആയ അടുപ്പത്തെ സാമാന്യമായി നിരീക്ഷിച്ചു കൊണ്ടും അതിൽനിന്നു വളർന്ന്, വിവേകാനന്ദന്റെ ദർശനങ്ങളോടുള്ള പ്രതികരണങ്ങളെന്ന നിലയിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള സാഹിത്യരചനകളെ സവിശേഷമായി വിലയിരുത്തിക്കൊണ്ടുള്ള പരിശ്രമങ്ങളും പഠനങ്ങളും ഉണ്ടായിട്ടില്ല. അത്തരം പ്രതികരണങ്ങളുടെ മനഃശാസ്ത്രവും രാഷ്ട്രീയവും വിലയിരുത്തുന്നുവെന്ന സവിശേഷപ്രാധാന്യം ഈ പഠനത്തിനുണ്ട്.

**പ്രബന്ധസംവിധാനം**

ഈ പ്രബന്ധം ആറ് അധ്യായങ്ങളായി സംവിധാനം ചെയ്തിരിക്കുന്നു.

ഒന്നാം അധ്യായത്തിൽ ഭാരതീയദർശനങ്ങളെ അവലോകനം സാമാന്യമായി അവലോകനം ചെയ്യുന്നു.

രണ്ടാം അധ്യായത്തിൽ വിവേകാനന്ദദർശനങ്ങൾ പ്രത്യേകമായി എടുത്തു പഠിക്കുകയാണ്

മൂന്നാം അധ്യായം, മലയാളിയുടെ ലോകവീക്ഷണം അപഗ്രഥിക്കുന്നു. നവോത്ഥാനപൂർവ്വമലയാളിയുടെ/തദനന്തര കേരളീയന്റെ സ്വത്വബോധങ്ങളുടെയും തനതുവീക്ഷണങ്ങളുടെയും രൂപപ്പെടലും വികാസവുമാണ് അതിൽ ചർച്ചചെയ്യുന്നത്. മലയാളിയുടെ ആഭിമുഖ്യങ്ങളെ നിർണ്ണയിച്ച ലോകവീക്ഷണങ്ങളെ വിചാരണ ചെയ്ത് അവന്റെ ആഭിമുഖ്യങ്ങളുടെ മനഃശാസ്ത്രവും രാഷ്ട്രീയവും ആ അദ്ധ്യായത്തിൽ ഉറപ്പിക്കുന്നു.

തുടർന്നുവരുന്ന വിശകലനങ്ങൾക്കുവേണ്ടിയുള്ള സൈദ്ധാന്തികാടിത്തറ ഒരുക്കുകയാണ് മേൽപ്പറഞ്ഞ രണ്ടധ്യായങ്ങളും.

നാലാം അധ്യായത്തിൽ വിവേകാനന്ദദർശനങ്ങൾ കേരളത്തിന്റെ സാമൂഹിക ജീവിതത്തിൽ ചെലുത്തിയ ഭൗതിക പ്രത്യക്ഷങ്ങളെ വിലയിരുത്തുന്നു. സംഘടനകൾ, പ്രസ്ഥാനങ്ങൾ എന്നിങ്ങനെയുള്ള സാമൂഹികസ്ഥാപനങ്ങളാണ് അതിൽ പഠന സാമഗ്രികൾ.

അഞ്ചാം അദ്ധ്യായത്തിൽ വിവേകാനന്ദദർശനങ്ങളോടുള്ള മലയാളിയുടെ ആഭിമുഖ്യം വിശകലനം ചെയ്യുകയാണ്. വിവേകാനന്ദനെ/വിവേകാനന്ദദർശനങ്ങളെ ആധാരമാക്കിയുള്ള സർഗ്ഗാത്മകരചനകൾ അതിൽ അവലോകനം ചെയ്യുന്നു.

ആറാം അധ്യായത്തിൽ വിവേകാനന്ദദർശനങ്ങളോടുള്ള മലയാളിയുടെ താത്പര്യം പ്രകടമാകുന്ന ഖണ്ഡന/മണ്ഡനപരമായ പഠനഗ്രന്ഥങ്ങളെ പഠന വിധേയമാക്കുന്നു.

ഈ പഠനത്തിന്റെ പരിമിതികളും പഠനത്തിലൂടെ ഉരുത്തിരിഞ്ഞ നിഗമനങ്ങളും കണ്ടെത്തലുകളും വിപുലീകരണസാധ്യതകളും ഉപസംഹാരത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

## പഠനരീതി

വിവേകാനന്ദദർശനങ്ങളെയും ആ ദർശനങ്ങൾ ചർച്ച ചെയ്യുന്ന മലയാള രചനകളെയും കേന്ദ്രമാക്കിക്കൊണ്ട് താരതമ്യം, അവലോകനം, വിമർശനം, വിവരണാത്മകം എന്നീ സമീപനരീതികളിലൂടെയാണ് ഈ പഠനം മുന്നോട്ടു കൊണ്ടുപോകുന്നത്.

# അധ്യായം 1

# ഭാരതീയദർശനങ്ങൾ

## 1.1 ആമുഖം

'ദർശനം' കാണുക എന്നർത്ഥമുള്ള 'ദൃശ്' ധാതുവിൽ നിന്നുണ്ടായ ശബ്ദമാണ്. ലോകത്തെയും ജീവിതത്തെയും പല കാഴ്ചപ്പാടുകളിൽ നോക്കിക്കാണുകയും പരിശോധിക്കുകയും ചെയ്യുമ്പോൾ വ്യത്യസ്ത ദർശനങ്ങൾ രൂപം കൊള്ളുന്നു. ദാർശനികർ സത്യത്തെ അന്വേഷിക്കുന്നു. പ്രപഞ്ചപ്രശ്നത്തെ അവധാരണം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ ഓരോ പ്രദേശത്തെയും സംസ്കാരങ്ങളുടെ സ്വാധീനശക്തിക്ക വിധേയമായിത്തീരുന്നു. ''തത്വശാസ്ത്രപരമായി പറഞ്ഞാൽ അന്തർജ്ഞാനത്തെ തെളിവുകൾകൊണ്ടു പരീക്ഷിക്കുകയും തർക്കശാസ്ത്രപരമായി പോഷിപ്പിക്കുകയും ചെയ്യുന്നതാണ് ദർശനം''.[1] പ്രപഞ്ചത്തെയും, പ്രപഞ്ചവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെയും പറ്റിയുള്ള പഠനമാണ് ദർശനം.[2]

ഭാരതീയദർശനങ്ങൾക്ക് അഥവാ തത്വചിന്തക്ക് മൂവായിരം വർഷങ്ങളുടെ ചരിത്രമുണ്ട്. ഋഗ്വേദസൂക്തങ്ങളിൽ ഇതിന്റെ സൂചനകൾ ദൃശ്യമാണ്. തർക്കശാസ്ത്രത്തിനും ധർമ്മശാസ്ത്രത്തിനും നേടാനാകുന്നതിനും അപ്പുറത്തേക്കുള്ള ആത്മീയ യാത്രയാണ് ഭാരതീയ ദർശനം ലക്ഷ്യമാക്കുന്നത്. ഭാരതീയചിന്തയും അതിന്റെ ഉൽപ്പന്നങ്ങളായ

---

1 ഡോ: രാധാകൃഷ്ണൻ ഭാരതീയദർശനം ഒന്നാം വാല്യം. പരിഭാഷ ടി നാരായണൻ നമ്പീശൻ, - പ്രവേശകം, പുറം 23, മാതൃഭൂമി, കോഴിക്കോട്. 1975, Indian Philosophy Vol. I & II written by Dr. S. Radhakrishnan and published by Oxford University Press in 1923.

2 ടി. പു., പുറം 23.

തത്വശാസ്ത്രങ്ങളും മൗലികമാണ്. ബാഹ്യസ്വാധീനങ്ങളില്ലാതെ ദീർഘകാലയളവിൽ സ്വായത്തവികാസം നേടിയവയാണ് ഭാരതീയദർശനങ്ങൾ എന്ന് ഡോ. രാധാകൃഷ്ണൻ നിരീക്ഷിക്കുന്നു. ഭാരതത്തെ സംബന്ധിച്ചിടത്തോളം "ആത്മാനാം വിദ്ധി" അഥവാ സ്വയം അറിയുക എന്നതായിരുന്നു എല്ലാ നിയമങ്ങളുടേയും പ്രവചനങ്ങളുടെയും ചുരുക്കം.

മനുഷ്യപ്രവർത്തനത്തിന്റെ എല്ലാ വശങ്ങളുടേയും ആന്തരസത്യവും നിയമവും അറിയാൻ ഭാരതീയദാർശനികർ ശ്രമിച്ചിരുന്നു. 'ആധ്യാത്മികതയാണ് ഇന്ത്യയിൽ തത്വചിന്തയുടെ ആന്തരസ്വഭാവം'[3] എന്ന് ഡോക്ടർ എസ്. രാധാകൃഷ്ണൻ നിരീക്ഷിച്ചിട്ടുണ്ട്. സാമൂഹ്യവും ആധ്യാത്മികവുമായി രാജ്യത്തെ പുനർനവീകരിക്കുന്നതിനാണ് ഭാരതീയ ദാർശനികന്മാർ പ്രയത്നിച്ചത്. മഹത്തായ ചിന്താപദ്ധതികളെ പ്രതിപാദിക്കുമ്പോഴും സാമാന്യജനങ്ങളുടെ വിശ്വാസങ്ങളിൽ നിന്നും നിത്യജീവിതത്തിൽ നിന്നും ഗീതയും ഉപനിഷത്തുക്കളും അകന്നുനിന്നില്ല. വിവേകാനന്ദന്റെ ആശയം കടമെടുത്തു പറഞ്ഞാൽ മനുഷ്യരുടെ വാസകേന്ദ്രങ്ങളിലാണ് ഭാരതീയതത്വചിന്തയുടെ താൽപര്യം.

ഭാരതീയദർശനങ്ങൾ പൊതുവെ ഒൻപതെണ്ണമായി ഗണിക്കപ്പെടുന്നു. ഇവയിൽ ന്യായം, വൈശേഷികം, സാംഖ്യം, യോഗം, പൂർവ്വമീമാംസ, ഉത്തരമീമാംസ എന്നിവ ഷഡ്ദർശനങ്ങളെന്ന് വിശേഷിപ്പിക്കപ്പെടുന്നു. വേദപ്രാമാണ്യത്തെ നിഷേധിക്കുന്നതിനാൽ മറ്റു മൂന്നു ദർശനങ്ങളായ ബൗദ്ധം, ജൈനം, ചാർവാകം എന്നിവ നാസ്തികദർശനങ്ങളായാണ് അറിയപ്പെട്ടത്. ശാഖോപശാഖകളായി പടർന്നു പന്തലിച്ചവയാണ് ഒൻപതു ദർശനങ്ങളും. ആത്മബോധത്തിന് ഗോചരീഭവിക്കുന്ന ഒരു

---

3 ടി.പു., പുറം 5, ഖണ്ഡിക 2.

പൂർണ്ണവീക്ഷണം, ഒരു ആധ്യാത്മിക പ്രത്യക്ഷമാണെന്ന് ഭാരതീയദർശനങ്ങളുടെ പ്രവേശകത്തിൽ ഡോക്ടർ എസ്. രാധാകൃഷ്ണൻ നിർവ്വചിക്കുന്നുണ്ട്.[4]

### 1.2 ഷഡ്ദർശനങ്ങൾ

#### 1.2.1 ന്യായം

അറിവുനേടാനുള്ള മാർഗ്ഗങ്ങൾ, അറിവിന്റെ വകഭേദങ്ങൾ, വാദപ്രതിവാദത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്ന ശാസ്ത്രമാണ് ന്യായദർശനം.[5] ഗൗതമന്റെ ന്യായസൂത്രമാണ് അടിസ്ഥാന ഗ്രന്ഥം. പ്രമാണം, പ്രമേയം, സംശയം, പ്രയോജനം, ദൃഷ്ടാന്തം, സിദ്ധാന്തം, അവയവം, തർക്കം, നിർണ്ണയം, വാദം, ജൽപം, വിതണ്ഡം, ഹേത്വാഭാസം, ഛലം, ജാതി, വിഗ്രഹസ്ഥാനം എന്നീ പതിനാറു വിഷയങ്ങളെപ്പറ്റി ന്യായം ചർച്ച ചെയ്യുന്നു. പ്രത്യക്ഷം, അനുമാനം, ഉപമാനം, ശബ്ദം എന്നീ പ്രമാണങ്ങളുടെ വിശദമായ വിവരണമാണ് ന്യായത്തിന്റെ ഉള്ളടക്കം. ഗൗതമനുശേഷം വാത്സ്യായനൻ, ഉദ്യോതകൻ, വാചസ്പതീമിശ്രൻ, ജയന്തിഭട്ടൻ എന്നീ നൈയായികന്മാർ പ്രധാനപ്പെട്ട ന്യായദർശനഗ്രന്ഥങ്ങൾ എഴുതിയവരാണ്. ന്യായം വേദത്തെ പ്രമാണമായി കരുതുകയും ഈശ്വരാസ്തിത്വത്തെ സ്വീകരിക്കുകയും ചെയ്യുന്നു.

അപഗ്രഥനവും വിദഗ്ധമായി നിർവ്വഹിക്കപ്പെടുന്ന പദപ്രയോഗങ്ങളും അടക്കമുള്ള പ്രാചീനഭാരതത്തിലെ യുക്തിവാദരീതികൾ ന്യായവൈശേഷികദർശനത്തിൽ തെളിഞ്ഞു കാണുന്നുണ്ട്.

---

4 ടി.പു., പുറം 24, ഖണ്ഡിക 2.

5 സി.വി. വാസുദേവഭട്ടതിരി, ഭാരതീയദർശനങ്ങൾ, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 1990, 1990, പുറം 11.

ന്യായവൈശേഷികങ്ങൾ ഒറ്റ ദർശനമായി അറിയപ്പെട്ടുവന്നു. അന്നംഭട്ടന്റെ തർക്കസംഗ്രഹം പ്രധാനകൃതിയാണ്. "ഏതു ആശയത്തെയും സൂക്ഷ്മമായും കൃത്യമായും പ്രതിപാദിക്കാൻ ശക്തമായ ഒരു താർക്കികശൈലി രൂപപ്പെടുത്തി എന്നതാണ് നവ്യന്യായത്തിന്റെ സംഭാവന. പിൽക്കാലത്ത് വേദാന്തം, മീമാംസ, വ്യാകരണം, ജ്യോതിഷം, ജ്യോതിശാസ്ത്രം എന്നീ വിജ്ഞാനശാഖകളിൽ പുറത്തുവന്ന ഗ്രന്ഥങ്ങളും ഈ ശൈലിയെയാണ് സ്വീകരിച്ചത്."[6]

ന്യായത്തിലെ യുക്തിവാദരീതി വൈശേഷികത്തിൽ കൂടുതൽ പ്രകടമാകുന്നു. അപഗ്രഥനത്തിനായി പ്രത്യക്ഷം, അനുമാനം എന്നീ പ്രമാണങ്ങളെ മാത്രമാണ് വൈശേഷികം അടിസ്ഥാനമാക്കുന്നത്. ന്യായദർശനത്തിലെ ഉപമാനം, ശബ്ദം എന്നീ പ്രമാണങ്ങൾ വൈശേഷികത്തിൽ പ്രസക്തമായി കണക്കാക്കുന്നില്ല. നിർവ്വചിക്കുകയും അപഗ്രഥിക്കുകയും ചെയ്യുമ്പോഴും നിർവ്വചനം സാധുവാണോ എന്ന് ആഴത്തിൽ പരിശോധന നടത്തുന്നുണ്ട്. ന്യായവൈശേഷികത്തിൽ പൃഥ്വി, (ഭൂമി) അപ്പ് (ജലം) വായു, തേജസ്സ് (പ്രകാശം) ആകാശം, കാലം, ദിക്ക്, ആത്മാവ്, മനസ്സ് എന്നിങ്ങനെ ദ്രവ്യങ്ങൾ ഒൻപത് ആയി കാണുന്നു. ദ്രവ്യത്തിന് പല നിർവ്വചനങ്ങളും നൽകിയിരിക്കുന്നു.

'ദ്രവ്യത്വജാതിമത്വം' (ദ്രവ്യം എന്ന ജാതിയിൽ പെട്ടിരിക്കൽ) ഗുണവത്വം (ഗുണത്തോടുകൂടിയതായിരിക്കൽ), ക്രിയാവത്വം (ചലനശേഷിയുള്ളതായിരിക്കൽ) എന്നിവയാണ് ദ്രവ്യത്തിന്റെ വിശേഷണങ്ങൾ. പ്രകാശം (തേജസ്സ്) ഒരു ദ്രവ്യമായി ഭാരതീയദാർശനികർ കണ്ടിരുന്നു. ഒന്നിന് മറ്റൊന്നിൽനിന്നും തിരിച്ചറിയാൻ ഉതകുന്നതാവണം 'ലക്ഷണം' എന്ന് ന്യായവൈശേഷികദർശനത്തിൽ വ്യക്തമാക്കുന്നുണ്ട്. സാധുവായ ലക്ഷണം (നിർവ്വചനം) ഏതെന്നും ലക്ഷണത്തിനു

---

6 ഡോ. എൻ. വി.പി. ഉണിത്തിരി, പ്രാചീനഭാരതീയദർശനം, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2008, പുറം 17.

വരാവുന്ന അവ്യാപ്തി, അതിവ്യാപ്തി, അസംഭവം എന്നീ ദോഷങ്ങൾ എപ്രകാരമാണെന്നും പിൽക്കാല ന്യായഗ്രന്ഥങ്ങൾ പ്രതിപാദിക്കുന്നു. ഗംഗേശോപാധ്യായന്റെ തത്വചിന്താമണി എന്ന കൃതിയോടുകൂടി പതിമൂന്നാം നൂറ്റാണ്ടുമുതൽ പ്രചരിച്ച 'നവ്യന്യായം' എന്ന പ്രത്യേകശാഖയുടെ വക്താക്കൾ ന്യായവൈശേഷികങ്ങളുടെ വ്യാഖ്യാതാക്കളാണ്. പദാർത്ഥപ്രപഞ്ചത്തിന്റെ വിശകലനത്തിന് ഗവേഷണാത്മകമായ സമീപനം ന്യായവൈശേഷികദാർശനികർ രൂപപ്പെടുത്തി.

### 1.2.2 വൈശേഷികം

വൈശേഷികവും ന്യായവും പരസ്പരബന്ധമുള്ള ദർശനങ്ങളാണ്. വൈശേഷിക ദർശനത്തിലെ ബുദ്ധിഖണ്ഡത്തിലുള്ള സിദ്ധാന്തങ്ങൾ 'ന്യായ'ത്തിൽ മുഖ്യചർച്ചാ വിഷയങ്ങൾ ആകുന്നുണ്ട്. അണുസിദ്ധാന്തത്തിന്റെ ദർശനമാണ് വൈശേഷികം. കണാദൻ വൈശേഷികത്തിന്റെ ഉപജ്ഞാതാവായി അറിയപ്പെടുന്നു. കണാദന്റെ വൈശേഷികസൂത്രമാണ് ഈ ദർശനത്തിന്റെ അടിസ്ഥാന ഗ്രന്ഥം. പരമാണുക്കൾ കൂടിച്ചേർന്ന് പ്രപഞ്ചത്തിലെ സകലചരാചരങ്ങളും ഉണ്ടാകുന്നു എന്ന് വൈശേഷികദർശനം സിദ്ധാന്തിക്കുന്നു. പദാർത്ഥപ്രപഞ്ചത്തിന്റെ വിശകലനമാണ് വൈശേഷികത്തിന്റെ ഉള്ളടക്കം.

ലോകത്തിലുള്ളവയെ വൈശേഷികം ഏഴു പദാർത്ഥങ്ങളായി വിഭജിക്കുന്നു. ദ്രവ്യം, ഗുണം, കർമ്മം, സാമാന്യം, വിശേഷം, സമവായം, അഭാവം എന്നിവയാണ് പദാർത്ഥങ്ങൾ. അതിൽ ദ്രവ്യത്തിന് ഒൻപതു ഭേദങ്ങൾ ഉള്ളതായി പറയുന്നു. ഭൂമി, ജലം, തേജസ്സ്, വായു, ആകാശം, കാലം, ദിക്ക്, ആത്മാവ്, മനസ്സ്. ഇവയിൽ ഭൂമി, ജലം, തേജസ്സ്, വായു എന്നിവയുടെ പരമാത്മാക്കളും ആകാശം, കാലം, ദിക്ക്, ആത്മാവ്, മനസ്സ് എന്നിവയും നിത്യമാണ്. സൃഷ്ടിയും നാശവുമില്ല എന്നർത്ഥം.

പദം (വാക്ക്) കൊണ്ട് സൂചിപ്പിക്കുന്നതാണ് പദാർത്ഥം. പദാർത്ഥത്തിന് വൈശേഷികം ലക്ഷണം പറയുന്നുണ്ട്. ജ്ഞേയത്വം (അറിയാൻ കഴിയുന്നതായിരിക്കൽ) അഭിധേയത്വം (പേർ ഉണ്ടായിരിക്കൽ) എന്നിവയാണ് പദാർത്ഥത്തിന് കൽപ്പിച്ചിരിക്കുന്ന ലക്ഷണങ്ങൾ. വൈശേഷികസൂത്രകാരന്റെ അഭിപ്രായത്തിൽ നിലനിൽക്കുന്നതും മനസ്സിലാക്കാവുന്നതും പേരിടാൻ കഴിയുന്നതുമായ എല്ലാ കാര്യങ്ങളും പദാർത്ഥങ്ങളിൽ വരുന്നു. പദത്തിന്റെ മറ്റ വിഭാഗങ്ങളിൽ ആദ്യ മൂന്നെണ്ണത്തിന് (ദ്രവ്യ, ഗുണ, കർമ്മ) വസ്തുനിഷ്ഠമായ അസ്തിത്വമുണ്ട്. അവസാനത്തെ മൂന്നെണ്ണം (സാമാന്യ, വിശേഷ, സമവായ) യുക്തിസഹമായ വിഭാഗങ്ങളാണ്.

അവിഭാജ്യമായ ദ്രവ്യത്തെ ഇവിടെ അണു എന്നു വിളിയ്ക്കുന്നു. അണുവിന് രണ്ടവസ്ഥകൾ ഉണ്ടാകണമെന്ന് കണാദൻ സിദ്ധാന്തിച്ചു.

1. സമ്പൂർണ്ണ വിശ്രമം
2. ചലനാത്മകമായ അവസ്ഥ

പരമാണു അവിഭാജ്യവും ശാശ്വതവുമാണ്. ഓരോ പരമാണുവിനും അതിന്റേതായ വ്യതിരിക്തവ്യക്തിത്വമുണ്ട്. ചലനനിയമങ്ങളും വൈശേഷികദർശനം ആവിഷ്ക്കരിച്ചു. ചലനത്തിന്റെ മാറ്റത്തിനു കാരണം മതിപ്പുളവാക്കിയ ശക്തിയാലാണ്. ഈ മാറ്റം മേൽശക്തിയ്ക്കാനുപതികവും ശക്തിയുടെ ദിശയിലുമാണ്. പ്രവർത്തനവും പ്രതികരണവും തുല്യവും വിപരീതവുമത്രെ.

മാനുഷികധാരണകൾക്ക് സ്വയം അവതരിപ്പിയ്ക്കുന്ന സംഗതികളെയും അവയുടെ ബന്ധങ്ങളെയും തിരിച്ചറിയാനും തരംതിരിയ്ക്കാനും വൈശേഷികം ശ്രമിച്ചു. പദാർത്ഥങ്ങളുടെ വിഭാഗത്തിൽ ഏഴാമതായി 'അഭാവം' കൂടി പിൽക്കാലത്ത് കൂട്ടിച്ചേർക്കുകയുണ്ടായി.

### 1.2.3 സാംഖ്യദർശനം

കപിലമുനിയാണ് സാംഖ്യദർശനത്തിന്റെ ഉപജ്ഞാതാവ്. ഭാരതീയ ദർശനങ്ങളിൽ അതിപ്രാചീനമാണ് സാംഖ്യം. രണ്ടായിരിത്തഞ്ഞൂറിലധികം വർഷങ്ങൾക്കു മുമ്പാണ് കപിലൻ സാംഖ്യസൂത്രം രചിച്ചതെങ്കിലും പിൽക്കാല സാംഖ്യകാരന്മാർ എഴുന്നൂറു വർഷം മുമ്പ് എഴുതപ്പെട്ട ഗ്രന്ഥമാണ് ഇന്നു പ്രചാരത്തിലുള്ളത്.

സാംഖ്യം സംഖ്യയെ സംബന്ധിച്ചതാണ്. പ്രകൃതിയും അതിന്റെ വികാരങ്ങളായ ഇരുപത്തിമൂന്നു തത്വങ്ങളും ചേർന്നുള്ള ഇരുപത്തഞ്ചു തത്വങ്ങൾ ഇതിൽ പറയുന്നു. കാരണത്തിന്റെ രൂപാന്തരമാണ് കാര്യം. "ദൃശ്യപ്രപഞ്ചം മിഥ്യയോ മായയോ അല്ല, സത്യം മാത്രമാണെന്ന് സാംഖ്യം സിദ്ധാന്തിക്കുന്നു".[7] യുക്തിസഹമല്ലാത്ത ഒന്നും സാംഖ്യം മാനിക്കുന്നില്ല. ആത്മാവിന്റെ അസ്തിത്വത്തെ അംഗീകരിക്കുന്ന സാംഖ്യന്മാർ ഭൗതികവാദികളല്ല. ന്യായവൈശേഷികങ്ങൾ പോലെ സാംഖ്യയോഗങ്ങൾ പരസ്പര പൂരകങ്ങളാണ്. കാര്യം കാരണത്തിന്റെ രൂപാന്തരമാണെന്ന സത്കാര്യവാദമാണ് സാംഖ്യം ഉന്നയിക്കുന്നത്. ജ്ഞാനം കൊണ്ടു നേടാൻ കഴിയുന്ന ദുഃഖനാശമാണ് സാംഖ്യദർശനത്തിൽ ജീവിതലക്ഷ്യം.

സാംഖ്യത്തെപ്പറ്റിയും കപിലനെപ്പറ്റിയും വിവേകാനന്ദൻ ഇങ്ങനെ പറയുന്നു.

"സാംഖ്യം ലോകത്തിലെ മുഴുവൻ തത്ത്വശാസ്ത്രങ്ങളുടെയും അടിസ്ഥാനമാണ്. കപിലനോട് കടപ്പാടില്ലാത്ത ഒരു തത്ത്വശാസ്ത്രവും ലോകത്തിലില്ല. ലോകത്തിൽ ആദ്യമായുണ്ടായ യുക്തിയുക്തമായ തത്ത്വസംഹിത കപിലന്റെ സാംഖ്യമാകുന്നു. ലോകത്തിലെ ഏത് തത്വചിന്താകാരനും അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിച്ചേ

[7] സി.വി. വാസുദേവഭട്ടതിരി, ഭാരതീയദർശനങ്ങൾ, മനോരമ, 2022, പുറം 152.

മതിയാവൂ. അദ്ദേഹത്തിന്റെ വാക്കുകൾ ചെവിക്കൊള്ളാൻ നാം ബാദ്ധ്യസ്ഥരാണെന്നുള്ള വസ്തുത ഊന്നിപ്പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു."[8]

സാംഖ്യത്തിൽ പദാർത്ഥങ്ങൾ രണ്ടുതരം. പ്രകൃതിയും പുരുഷന്മാരും. പ്രകൃതി ഒന്നേ ഉള്ളൂ. പുരുഷന്മാർ അസംഖ്യവും. മൂലപ്രകൃതിയുടെ പരിണതരൂപങ്ങൾ മാത്രമാണ് പഞ്ചഭൂതങ്ങളും മനസ്സും. സാംഖ്യത്തിൽ കാലദേശങ്ങൾ ദ്രവ്യമായി പരിഗണിക്കുന്നില്ല. സത്വം, രജസ്സ്, തമസ്സ് എന്നീ മൂന്നു ഗുണങ്ങൾ പ്രകൃതിക്കുള്ളതായി സാംഖ്യം പറയുന്നുണ്ട്. കാരണത്തിൽ കാര്യം പ്രകടമല്ലാത്ത രൂപത്തിൽ ഉണ്ടെന്നാണ് സാംഖ്യമതം. കാരണവ്യാപാരം കൊണ്ടു കാര്യം വ്യക്തമായ രൂപം കൊള്ളുന്നു എന്നാണ് സത്കാര്യ വാദം".[9]

സാംഖ്യത്തിന്റെ പ്രാമാണികഗ്രന്ഥമായി പരിഗണിക്കപ്പെടുന്നത് ഈശ്വരകൃഷ്ണന്റെ സാംഖ്യകാരികയാണ്. അതിലെ മുപ്പത്തിയാറാം സൂത്രത്തിൽ ബുദ്ധിയുടെ പ്രാധാന്യം ഇങ്ങനെ വ്യക്തമാക്കുന്നു.

"ഏതേ പ്രദീപകൽപ്പാ:
പരസ്പര വിലക്ഷണാ ഗുണവിശേഷാ :
കൃത്സ്നം പുരുഷസ്യാർത്ഥം
പ്രകാശ്യബുദ്ധൗ പ്രയച്ഛന്തി" (സൂത്രം 36)

പരസ്പര വിലക്ഷണവും ഗുണപരിണാമരൂപങ്ങളുമായ അഹങ്കാരമനസ്സുകളും ബാഹ്യേന്ദ്രിയങ്ങളും ദീപം പോലെയാണ്. അവ പുരുഷാർത്ഥങ്ങളെയെല്ലാം പ്രകാശിപ്പിച്ച്

8 വിവേകാനന്ദസാഹിത്യസർവ്വസ്വം, ശ്രീരാമകൃഷ്ണാശ്രമം, പുറനാട്ടുകര, വാല്യം 2, 1980, പുറം 506.

9 സി.വി. വാസുദേവഭട്ടതിരി, ഭാരതീയ ദർശനങ്ങൾ, മനോരമ ബുക്സ്, കോട്ടയം, 2022, പുറം 168.

ബുദ്ധിയിൽ സമർപ്പിക്കുന്നു. പ്രകൃതിപുരുഷവിവേകമാണ് കൈവല്യസാധകം എന്ന് സാംഖ്യതത്ത്വങ്ങൾ വ്യക്തമാക്കുന്നു.

ഇന്ദ്രിയേഭ്യ: പരാഹ്യർത്ഥാ

അർത്ഥേഭ്യശ്ചപരം മന:

മനസസ്തു പരാബുദ്ധി:

ബുദ്ധേരാത്മ മഹാൻ പര:

മഹിത: പരമവ്യക്തം

അവ്യക്താൽ പുരുഷ: പര:

പുരുഷാന്നപരം കിഞ്ചിൽ

സാ കാഷ്ഠാ സാ പരാഗതി: (കഠോപനിഷത്ത്)

(വിഷയങ്ങൾ ഇന്ദ്രിയങ്ങളെക്കാൾ ശ്രേഷ്ഠങ്ങളാണ്. മനസ്സ് ഇന്ദ്രിയങ്ങളെക്കാളും ബുദ്ധി മനസ്സിനെക്കാളും ആത്മാവ് ബുദ്ധിയെക്കാളും മൂലപ്രകൃതി ആത്മാവിനെക്കാളും ശ്രേഷ്ഠമാണ്. അതിലും സൂക്ഷ്മമാണ് പുരുഷൻ)

ഈശ്വരൻ മായാബുദ്ധിയായ മഹത്തത്ത്വത്തെ സൃഷ്ടിച്ചു എന്ന് ശ്രീമദ് ഭാഗവതം പറയുന്നു. ത്രിഗുണാത്മകമായ മഹത്തത്വം സത്വപ്രധാനമായ അഹങ്കാരത്തെ സൃഷ്ടിച്ചു. പിന്നീട് ജീവാത്മാവിൽ രാജസതാമസമായ അഹങ്കാരങ്ങൾ ഉണ്ടായി. സാത്വികാഹങ്കാരത്തിൽ നിന്ന് മനസ്സും രാജസാഹങ്കാരത്തിൽ നിന്നു ജ്ഞാനകർമ്മേന്ദ്രിയങ്ങളും താമസാഹങ്കാരത്തിൽനിന്ന് തന്മാത്രകളും അവയിൽ നിന്നു മഹാഭൂതങ്ങളും ഉണ്ടായി.

മായയെപ്പറ്റി പറയുന്നതൊഴിച്ചാൽ ഭാഗവതതത്ത്വങ്ങൾ സാംഖ്യദർശനവുമായി യോജിക്കുന്നു. ഭഗവദ്ഗീതയിലാകട്ടെ ജ്ഞാനയോഗമാണ് സാംഖ്യം എന്നു വിശേഷിപ്പിക്കുന്നുണ്ട്.

'ഏകം സാംഖ്യം ച യോഗം ച

യ: പശ്യതി സ പശ്യതി[10]

സാംഖ്യർ, ജ്ഞാനം കൊണ്ടു നേടാൻ കഴിയുന്നതാണ് ദുഃഖനാശം എന്നുറപ്പിക്കുന്നു.

### 1.2.4 യോഗം

യോഗസൂത്രകാരൻ പതഞ്ജലിയാണ്. സാംഖ്യവും യോഗവും ഏറെ കാര്യങ്ങളിൽ സാമ്യം പുലർത്തുന്നു. യോഗദർശനം ഈശ്വരസങ്കല്പത്തിന്റെ വിഷയത്തിൽ കടുത്ത ആസ്തികനിലപാടെടുക്കുന്നുണ്ട്. സാംഖ്യവുമായുള്ള പ്രധാന വ്യത്യാസം നിലനിൽക്കുന്നത് ഇതിൽ മാത്രമാണ്.

ക്ലേശകർമ്മവിപാകാശയൈര പരാമൃ-

ഷ്ടഃ പുരുഷവിശേഷ ഈശ്വരഃ (പതഞ്ജലിയോഗസൂത്രം, നം. 24)

പതഞ്ജലിയുടെ നിർവചനമനുസരിച്ച് അഭിലാഷങ്ങളും അവ നിറവേറ്റാനുള്ള കർമ്മങ്ങളും തത്ഫലമായുണ്ടാകുന്ന ഫലാനുഭവങ്ങളും ക്ലേശങ്ങളും ഇല്ലാത്ത പുരുഷൻ (ആത്മാവ്) ആണ് ഈശ്വരൻ. സാംഖ്യത്തെപ്പോലെ മനഃസൃഷ്ടമാണ് ദൃശ്യപ്രപഞ്ചം എന്ന് യോഗവും പറയുന്നു. ഈശ്വരത്വം ചിട്ടയായ യോഗപരിശീലനം കൊണ്ട് എത്തിച്ചേരാവുന്ന അവസ്ഥയാണ്. ചിത്തവൃത്തികളുടെ നിരോധമാണ് യോഗം.

---

[10] കർമ്മസന്യാസിയോഗം, ഭഗവത്ഗീത, അദ്ധ്യായം 5, ശ്ലോകം 5.

''യോഗ: കർമ്മസു കൗശലം''[11]

(പ്രവൃത്തിയിലുള്ള സാമർത്ഥ്യമാണ് യോഗം)

എന്നും ''സമത്വം യോഗ ഉച്യതേ''[12]

മനസ്സിന്റെ സന്തുലിതത്വമാണ് യോഗം എന്നും

''ഏകം സാംഖ്യം ച യോഗം ച''[13]

സാംഖ്യവും യോഗവും ഒന്നാണ് എന്നും ഗീത പറയുന്നു.

സാംഖ്യദർശനത്തിലെ തത്വങ്ങളുടെ പ്രായോഗിക പരിശീലനമാണ് യോഗം നിർവ്വഹിക്കുന്നത്. അതിനാൽ സാംഖ്യയോഗദർശനങ്ങളെ ഒരു ദർശനമായി കണക്കാക്കാറുണ്ട്.

''യോഗശ്ചിത്തവൃത്തി നിരോധഃ'' (പതഞ്ജലി. യോഗസൂത്രം 2)

യോഗം ചിത്തത്തിലെ വൃത്തികളെ നിരോധിക്കൽ ആണെന്ന് പതഞ്ജലിയുടെ സൂത്രം അനുശാസിക്കുന്നു. ബുദ്ധിയും അഹങ്കാരവും മനസ്സും ചേർന്ന അന്തഃകരണമാണ് യോഗശാസ്ത്രത്തിലെ ചിത്തം. ബാഹ്യവസ്തുസമ്പർക്കം കാരണം മനസ്സിൽ സൃഷ്ടിക്കുന്ന ചിന്തയും സ്മൃതിയും എല്ലാം വൃത്തികളാണ്. ഈ വൃത്തികൾ ഉണ്ടാകാൻ ഇടവരുത്താതിരിക്കൽ അഥവാ തടയൽ ആണ് 'നിരോധം'.

'അഭ്യാസവൈരാഗ്യാഭ്യാം തന്നിരോധം' (പതഞ്ജലി - യോഗസൂത്രം-12) പൂർണമനുഷ്യനിലേക്കുള്ള പ്രവർത്തനചര്യയാണ് യോഗം. നിരന്തരപരിശീലനവും വൈരാഗ്യ(നിസ്സംഗത)വും കൊണ്ട് ചിത്തവൃത്തിയെ നിരോധിക്കാം. മോക്ഷപ്രാപ്തിക്കു

11 ഭഗവദ്ഗീത, അദ്ധ്യായം 2, ശ്ലോകം 50.

12 ഭഗവദ്ഗീത, അദ്ധ്യായം 2, ശ്ലോകം 48.

13 ഭഗവദ്ഗീത, അദ്ധ്യായം 5, ശ്ലോകം 5.

വേണ്ട അന്തർജ്ഞാനം എങ്ങിനെ നേടാമെന്നാണ് യോഗസിദ്ധാന്തം വിശദീകരിക്കുന്നത്. ഇതിനുള്ള മാർഗം ധാർമികവും ബൗദ്ധികവുമാണ്. അഷ്ടാംഗയോഗത്തിലെ രണ്ടെണ്ണമായ 'യമനിയമം' എന്നിവയിൽ യോഗപദ്ധതി തുടങ്ങുന്നു.

അഹിംസ, സത്യം, അസ്തേയ (അന്യന്റെ സ്വത്ത് ആഗ്രഹിക്കുകയോ, ദുരുപയോഗിക്കുകയോ ചെയ്യാതിരിക്കൽ) ബ്രഹ്മചര്യം, അപരിഗ്രഹം എന്നിവയാണ് യമം. ശൗചം, സന്തോഷം, തപസ്സ്, സ്വാധ്യായം, ഈശ്വരാരാധന തുടങ്ങിയ പത്തു ശാസനങ്ങളാണ് നിയമം ഉൾക്കൊള്ളുന്നത്. ഇവയുടെ പൊതുസ്വഭാവം വിരക്തിയാണ്. വിരക്തിപൂർണമായ തയ്യാറെടുപ്പാണ് യോഗപരിശീലനത്തിന്റെ മുന്നുപാധി.

മനസ്സിനെ ഏകാഗ്രമാക്കുന്നതിനുള്ള വിവിധരൂപങ്ങളും രീതികളുമാണ് അഷ്ടാംഗപദ്ധതി. അഷ്ടാംഗനിയമത്തിലെ യമനിയമങ്ങൾക്കുശേഷമുള്ള ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണ, ധ്യാനം, സമാധി എന്നിവ ഉൾച്ചേർന്നതാണ് യോഗാഭ്യാസം. സാംഖ്യയോഗദർശനം അടിസ്ഥാനമാക്കിയ യോഗപരിശീലനം ഭാരതത്തിലെ പുരാതനമായ അച്ചടക്കപദ്ധതിയായിരുന്നു. യോഗപരിശീലനം, ഈശ്വരത്വം തന്നെയായ സമ്പൂർണമനുഷ്യത്വശക്തിയിലേയ്ക്കുള്ള പരിവർത്തനം ആർക്കും സാധ്യമാണ് എന്നു തെളിയിച്ചു. അതിമാനുഷികശക്തി ആർജിക്കുവാനുള്ള വിദ്യയല്ല യോഗാഭ്യാസം. മറിച്ച് യോഗാത്മകമായ പരിപൂർണതയിൽ മനസ്സിനെക്കൂടി കീഴ്പ്പെടുത്തി നേടേണ്ട ജ്ഞാനോദയത്തിനുള്ള പരിശീലനപദ്ധതിയാണ്.[14] സാംഖ്യയോഗങ്ങൾ ന്യായവൈശേഷികത്തെപ്പോലെ ആത്മാവിന്റെ ബഹുത്വത്തിൽ വിശ്വസിക്കുന്നു. പുരുഷൻ എന്നാണവയെ വിളിയ്ക്കുന്നത്. സാംഖ്യയോഗം യഥാതഥവാദവുമാണ്.

[14] 'യോഗ' എന്ന വാക്കിന് ചേർച്ച എന്നും അർത്ഥം പറയുന്നുണ്ട്. ഭൗതിക ജീവിതത്തെ ആധ്യാത്മികമായി സമരസപ്പെടുത്തുന്ന അഭ്യാസപദ്ധതിയായി യോഗത്തെ കരുതുന്നു.

### 1.2.5 പൂർവമീമാംസ

പൂർവമീമാംസ വേദങ്ങളെ ആധികാരികമായി കണക്കാക്കുന്നു. പ്രപഞ്ചസത്യത്തെ പ്രകാശിതമാക്കിയ തത്വങ്ങൾ വേദങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. മീമാംസയുടെ പ്രാഥമികലക്ഷ്യം വേദതത്വങ്ങളിലെ ഭാവത്തിനു പിന്നിലുള്ള ആശയം വ്യക്തമാക്കുകയാണ്. വേദങ്ങളിലെ ഉപനിഷത്തുക്കൾക്കു മുമ്പു വരുന്ന ഭാഗങ്ങളിലെ ശാസനങ്ങളുമായി ബന്ധപ്പെടുന്നതിനാൽ ഈ ദർശനം പൂർവമീമാംസ എന്നറിയപ്പെടുന്നു.

''മീമാംസ ഒരന്വേഷണമാണ്. ധാർമ്മാന്വേഷണം പൂർവമീമാംസയും ബ്രഹ്മാന്വേഷണം ഉത്തരമീമാംസയുമാണ്''.[15] പൂർവമീമാംസയുടെ അടിസ്ഥാനം ജൈമിനീസൂത്രങ്ങളാണ്. ശബരൻ ജൈമിനീസൂത്രങ്ങൾക്കു ശ്ലോകവാർത്തികം, തന്ത്രവാർത്തികം എന്നീ ഭാഷ്യങ്ങൾ ചമച്ചു. പിൽക്കാല മീമാംസകരായ പ്രഭാകരനും കുമാരിലഭട്ടനും ശബരഭാഷ്യത്തിന്റെ പ്രധാനപ്പെട്ട വ്യാഖ്യാതാക്കളാണ്.

യജ്ഞങ്ങളുടെ അനുഷ്ഠാനമാണ് പൂർവമീമാംസയുടെ ചർച്ചാവിഷയം. യജ്ഞങ്ങളുടെ ലക്ഷ്യം, യജ്ഞാധികാരികൾ, മുഖ്യാംഗങ്ങൾ, യജ്ഞദ്രവ്യങ്ങളെപ്പറ്റിയുള്ള വൈദികവിധികൾ എന്നീ കാര്യങ്ങൾ ചർച്ച ചെയ്ത് ധർമ്മാന്വേഷണം നടത്തുകയാണ് പൂർവമീമാംസ.

'അഥാതോ ധർമജിജ്ഞാസാ' എന്നിങ്ങനെ തുടങ്ങുന്ന പൂർവ്വമീമാംസ ധർമാന്വേഷണം തന്നെയാണു നടത്തുന്നത്.[16] വേദം അപൗരുഷേയം (മനുഷ്യസൃഷ്ടമല്ലാത്തത്) ആണെന്ന് മീമാംസകർ പറയുന്നു. നിത്യസത്യങ്ങളാണ് വേദം

---

15 സി.വി. വാസുദേവഭട്ടതിരി, ഭാരതീയദർശനങ്ങൾ, 2022, പുറം 314.

16 ടി.പു., പുറം 312.

എന്നുറപ്പിക്കുമ്പോൾ അതിന് സൃഷ്ടിയും സ്രഷ്ടാവും  നിർണയിക്കുന്നത് നിരർത്ഥകമാകുന്നു. വേദങ്ങളെ അനുഷ്ഠാനങ്ങളുടെ പുസ്തകമായി കാണുന്നു.  മീമാംസയിൽ മന്ത്രങ്ങളേക്കാൾ ബ്രാഹ്മണങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം. പൊതുസ്വഭാവമുള്ള വ്യാഖ്യാനനിയമങ്ങൾ ജൈമിനിയും ശിഷ്യന്മാരും ചേർന്ന് രൂപവൽക്കരിച്ചു.

ജൈമിനിയുടെ മീമാംസാസൂത്രം പന്ത്രണ്ട് അധ്യായങ്ങളും അറുപത് ഉപവിഭാഗങ്ങളുമായി വിഭജിച്ചിരിക്കുന്നു. ആയിരത്തിലധികം വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന രണ്ടായിരത്തഞ്ഞൂറ് സൂത്രങ്ങൾ ഈ ബൃഹദ്ഗ്രന്ഥത്തിലുണ്ട്.

ദൃശ്യപ്രപഞ്ചം മീമാംസകർക്ക് 'മിഥ്യ'യല്ല. വേദമന്ത്രങ്ങൾ അർത്ഥം ഗ്രഹിച്ചുതന്നെ ഉച്ചരിക്കണം. സ്ത്രീകൾ അടിമകളല്ല, സഹധർമ്മചാരികളാണ്. പുരുഷനുള്ള അവകാശങ്ങളെല്ലാം സ്വത്തിന്റെ കാര്യത്തിലും യജ്ഞവിധികളുടെ കാര്യത്തിലും സ്ത്രീക്കുമുണ്ട്. വിപ്ലവകരമായ പല സിദ്ധാന്തങ്ങളും പൂർവമീമാംസ മുന്നോട്ടു വെച്ചു.  ഏത് അറിവും വിപരീതമായ അറിവുകൊണ്ട് തെറ്റാണെന്നു തെളിയും വരെ സത്യമാണ് എന്നുപറയുമ്പോൾ ശാസ്ത്രീയഗവേഷണങ്ങളെയും കണ്ടെത്തലുകളെയും അംഗീകരിക്കാനുള്ള വിശാലവീക്ഷണം പ്രകടമാണ്.

മീമാംസകന്റെ പ്രധാനലക്ഷ്യം വേദങ്ങളുടെ ആധികാരികത സ്ഥാപിക്കുകയായിരുന്നു.  യുക്തിപൂർവമായ അടിസ്ഥാനങ്ങൾ കണ്ടെത്താൻ മീമാംസകർ എപ്പോഴും ശ്രദ്ധിക്കുന്നു. തങ്ങളുടെ ചിന്താപദ്ധതി മുൻകൂട്ടിയുള്ള നിശ്ചയങ്ങൾ പുറപ്പെടുവിക്കുക മാത്രമല്ല ചെയ്യുന്നതെന്നും യുക്തിപൂർവമായ അന്വേഷണം ആണെന്നും മീമാംസകർ അവകാശപ്പെടുന്നുണ്ട്. ന്യായവൈശേഷികത്തെപ്പോലെ പൂർവ്വമീമാംസയും ജ്ഞാനത്തിന്റെ അപ്രമാണ്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ പൊരുത്തം കാണിക്കുന്നു. ജ്ഞാനസാധുതയുടെ കാര്യത്തിൽ വിയോജിക്കുകയും ചെയ്യുന്നു. മീമാംസ

യാഥാർത്ഥ്യവാദത്തെ ഉയർത്തിപ്പിടിക്കുന്നുണ്ട്. സദൃശമായ ഒരു ബാഹ്യവസ്തുവിനെ ചൂണ്ടിക്കാണിക്കാൻ കഴിയാത്തതൊന്നും ജ്ഞാനമല്ല എന്ന് കുമാരിലഭട്ടന്റെ 'ശ്ലോകവാർത്തിക' ഉറപ്പിക്കുന്നുണ്ട്.[17]

ന്യായവൈശേഷികങ്ങളിൽ പറയുന്ന ഒൻപതു ദ്രവ്യങ്ങളെ മീമാംസകാരനും അംഗീകരിക്കുന്നു. മറ്റു രണ്ടു ദ്രവ്യങ്ങളെ - തമസ്സും ശബ്ദവും - കൂട്ടിച്ചേർക്കുകയും ചെയ്യുന്നു.

ധർമ്മത്തെ കണക്കാക്കാനുള്ള പൂർവപ്രമാണമാണ് വേദം. മീമാംസ ഇന്ദ്രിയാനുഭവത്തിനപ്പുറമുള്ള ഒരു മണ്ഡലത്തെ അംഗീകരിക്കുന്നു. യഥാർത്ഥ ജ്ഞാനത്തിന് അഞ്ചു മാർഗങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. പ്രത്യക്ഷം, അനുമാനം, ശബ്ദം, ഉപമാനം, അർത്ഥവ്യാപ്തി എന്നിവയാണവ. പ്രത്യക്ഷജ്ഞാനം തന്നെ സവികല്പകം, നിർവ്വികല്പകം എന്നു രണ്ടു തരമുണ്ട്.

ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്സ്, ജ്യോതിഷം എന്നീ ശാസ്ത്രങ്ങൾ വേദാധിഷ്ഠിതമാകയാൽ ജാമിനിയുടെ മീമാംസ അപഗ്രഥിക്കുന്നുണ്ട്. മന്ത്രങ്ങളുടെ ഉച്ചാരണം, വിധികളുടെ ഉദ്ദേശ്യങ്ങൾ, പദശുദ്ധി, അർത്ഥം, ഛന്ദോബന്ധം ഇവയൊക്കെ പരിശോധിക്കപ്പെടുന്നു.

മീമാംസാകാരനായ കുമാരിലഭട്ടന്റെ 'ശ്ലോകവാർത്തിക' പ്രധാന ഗ്രന്ഥമാണ്. "കുമാരിലഭട്ടന്റെ ഏറ്റവും മഹത്തായ സംഭാവന വിജ്ഞാനവാദികളായ ബൗദ്ധരുടെ

---

17 തസ്മാത് ദൃഢം യദുത്പന്നം
നാപി സംവാദമൃച്ഛതി
ജ്ഞാനാന്തരേണ വിജ്ഞാനം
തത്പ്രമാണം പ്രതീയതാം (ശ്ലോകവാർത്തിക, 2.80).

വ്യക്തിനിഷ്ഠമായ ആശയവാദത്തെ ഖണ്ഡിച്ച് യാഥാർത്ഥ്യവാദത്തെ പുനഃസ്ഥാപിച്ച വെന്നതാണ്."[18]

### 1.2.6 ഉത്തരമീമാംസ

വേദത്തിലെ ജ്ഞാനകാണ്ഡമാണ് ഉത്തരമീമാംസ അഥവാ വേദാന്തം. ബാദാരായണ(വ്യാസ)ന്റെ ബ്രഹ്മസൂത്രങ്ങളാണ് പ്രാമാണികഗ്രന്ഥം. രാമാനുജൻ, നിംബാർക്കൻ, വല്ലാഭാചാര്യൻ, മാധ്വാചാര്യൻ മുതൽ ശങ്കരാചാര്യർ വരെ നിരവധി പണ്ഡിതർ വേദാന്തത്തിന്റെ വക്താക്കളും വ്യാഖ്യാതാക്കളുമാണ്.

ബ്രഹ്മഃസത്യം ജഗത്മിഥ്യാ
ജീവോ ബ്രഹ്മൈവ നാപരഃ [19]

ബ്രഹ്മം മാത്രമാണുള്ളത്. ദൃശ്യപ്രപഞ്ചം വ്യാവഹാരികമായി മാത്രം നിലകൊള്ളുന്നു. ജീവാത്മാവ് ബഹ്മം തന്നെയാണ്.

'ബ്രഹ്മസൂത്ര'വും ‘ഉപനിഷത്ത്’കളും ‘ഭഗവദ്ഗീത’യും വേദാന്തത്തിന്റെ അടിസ്ഥാനഗ്രന്ഥങ്ങളായി പ്രസ്ഥാനത്രയം എന്നറിയപ്പെടുന്നു. വേദാന്തത്തിന് വ്യാഖ്യാനഭേദമനുസരിച്ച് അദ്വൈതം, വിശിഷ്ടാദ്വൈതം, ദ്വൈതം എന്നീ ശാഖകളുണ്ട്. ഇവയിൽ അദ്വൈതവേദാന്തത്തിനാണ് ഏറ്റവും പ്രസിദ്ധി കിട്ടിയത്. ബ്രഹ്മസൂത്രത്തിന് ശങ്കരൻ രചിച്ച ഭാഷ്യവും അതിന്റെ വ്യാഖ്യാനങ്ങളും അദ്വൈതദർശനത്തെ ഏറെ യുക്തിഭദ്രമാക്കി.

---

18 സി.വി. വാസുദേവഭട്ടതിരി, ഭാരതീയദർശനങ്ങൾ, മനോരമ ബുക്സ്, 2022. പുറം 337.

19 ശങ്കരാചാര്യർ, വിവേകചൂഡാമണി, ബ്രഹ്മജ്ഞാനാവലീമാല, ശ്ലോകം 20.

ബ്രഹ്മം ഭൗതികവസ്തുക്കൾപോലെ അല്ലാത്തതുകൊണ്ട് ബ്രഹ്മത്തെ അറിയാൻ വേദാന്തപാഠം തന്നെ വേണം. ബൃഹദാരണ്യകം, ഛാന്ദോഗ്യം, ഐതരേയം, മുണ്ഡകം, തൈത്തിരിയം തുടങ്ങിയ ഉപനിഷത്തുകളിലെ ശ്രുതികളാണ് വിധികൾ. 'തത്വം അസി' (അതു നീ തന്നെ, ഛാന്ദോഗ്യം, 6.87) അയം ആത്മാ ബ്രഹ്മാ (ഈ ആത്മാവു ബ്രഹ്മമാണ്. ബൃഹദാരണ്യകം, 2.5.19) 'അഹം ബ്രഹ്മാസ്മി' (ഞാൻ ബ്രഹ്മമാണ്. ബൃഹദാരണ്യകം, 1,4,10) തുടങ്ങിയ ശ്രുതികൾ വേദാന്തത്തിന്റെ പ്രമാണമാണ്.

### 1.3 അദ്വൈതദർശനം

വേദാന്തമനുസരിച്ച് ആത്മാവ് സ്വയം പ്രകാശകവും അശരീരവും ശുദ്ധവും നിർമലവുമാണ്. പൂർവമീമാംസയോ തർക്കമോ അതിനെ അറിയാനുള്ള വഴികളല്ല. ജാമിനിയുടെ ബ്രഹ്മസൂത്രത്തിനുള്ള ഭാഷ്യവും ഒപ്പം ഉപനിഷത്തുകൾക്കും ഗീതക്കും രചിച്ച വ്യാഖ്യാനങ്ങളും ശങ്കരനെ അദ്വൈതദർശനത്തിന്റെ ആചാര്യനാക്കി. മീമാംസയിലെ ആറു പ്രമാണങ്ങളെ അദ്വൈതദർശനം അംഗീകരിക്കുന്നു. ജ്ഞാനം സത്യമാണെന്നതിന് മറ്റൊരു വിശദീകരണം ആവശ്യമില്ലെന്ന് അദ്വൈതചിന്തകർ പറയുന്നു. അതിന്റെ സത്ത തന്നെ സത്യമാണ്. ബ്രഹ്മം മാത്രമുള്ള മോക്ഷാവസ്ഥയിൽ പ്രമാണങ്ങൾ അപ്രത്യക്ഷമാകുന്നു.

അദ്വൈതദർശനം ഗൗരവമായി പഠിക്കുന്നതിന് രണ്ടു ഘട്ടങ്ങളുണ്ട്.

1. അതിനുള്ള യോഗ്യത നേടൽ
2. ആത്മജ്ഞാനസാക്ഷാൽക്കാരത്തെ നേരിട്ട് ലക്ഷ്യമാക്കുന്ന യഥാർത്ഥ വേദാന്തപരിശീലനം.

ആദ്യത്തേത് ഗീതയിലെ കർമയോഗം പോലെയാണ്. വിരക്തി ഉണ്ടാകുന്ന രണ്ടാമത്തെ ഘട്ടത്തിലാണ് ശ്രവണ, മനന, നിദിധ്യാസനങ്ങൾ.

ശ്രവണം - തങ്ങൾ പഠിക്കുന്ന തത്വത്തെക്കുറിച്ച്, ജ്ഞാനോദയം നേടിയ ഗുരുവിന്റെ സഹായത്തോടെ പഠിക്കുകയും ചർച്ച ചെയ്യുകയുമാണ് ശ്രവണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

മനനം - ഉപനിഷത് തത്വങ്ങൾ പഠിച്ചശേഷം ആത്യന്തികസത്യത്തെ സ്വന്തം മനസ്സിൽ നടക്കുന്ന തർക്കങ്ങൾ വഴി സംശയങ്ങൾ ദൂരീകരിക്കുകയാണ് മനനം. അപഗ്രഥനാത്മകമായ വിചിന്തനമാണ് നടക്കുന്നത്.

നിദിധ്യാസനം - മനനം ബൗദ്ധികമായ ബോധ്യപ്പെടൽ നടത്തുന്നു. എന്നാൽ പഴയ ചിന്താശീലങ്ങൾ വിപരീതഭാവന വഴി പ്രതിബന്ധങ്ങൾ ഉണ്ടാക്കാം. അഹം ബ്രഹ്മാസ്മി (ഞാൻ ബ്രഹ്മമാണ്) എന്ന അറിവ് വ്യക്തിഗതമായ ഒന്നാണ്. താദാത്മ്യം നേടാൻ അന്തർജ്ഞാനം ഉണ്ടാവുന്നതുവരെ അതിനുമുകളിലുള്ള ധ്യാനം തുടരണം. ഉപനിഷദ്പ്രമാണങ്ങൾ വഴി ലക്ഷ്യമിടുന്ന മോക്ഷപ്രാപ്തിയുടെ ഒരേ ഒരു മാർഗമായ അന്തർജ്ഞാനം തപോനിഷ്ഠമായ നിദിധ്യാസനത്തിലൂടെ ലഭിക്കുന്നു.

ബ്രഹ്മത്തിന്റെ സ്വാഭാവികമായ പരിണാമമാണ് പ്രപഞ്ചം. "സംസാരാവസ്ഥയിൽ ജീവൻ പരമാത്മഭിന്നനും മുക്താവസ്ഥയിൽ ഭിന്നനും ആയതിനാൽ ജീവപരമാത്മാക്കളിൽ ഭേദവും അഭേദവുമുണ്ട്. ജീവാത്മാവു പരമാത്മാവു തന്നെയാണെങ്കിലും ഉപാധികൃതമായ ഭേദം കാരണം രണ്ടും രണ്ടെന്നു കരുതണം. ഈ അഭിപ്രായമുള്ള അദ്വൈതദർശനത്തെ 'ഭേദാഭേദദർശനം' എന്നു വിളിക്കുന്നു".[20]

[20] സി.വി. വാസുദേവഭട്ടതിരി, ഭാരതീയദർശനങ്ങൾ, മനോരമ ബുക്സ്, 2022. പുറം 595.

### 1.3.1 വിശിഷ്ടാദ്വൈതം

ബ്രഹ്മസൂത്രത്തിന് രാമാനുജാചാര്യർ എഴുതിയ 'ശ്രീഭാഷ്യം' എന്ന വ്യാഖ്യാനമാണ് ഈ ദർശനത്തിന്റെ ആധികാരിക ഗ്രന്ഥം എന്നതിനാൽ ഇതിനെ ശ്രീസമ്പ്രദായം എന്നും പറയാറുണ്ട്. വൈഷ്ണവനായ രാമാനുജൻ ലക്ഷ്മീനാരായണന് പ്രാധാന്യം നൽകി, ആദരിക്കുന്ന എന്തിന്റെയും കൂടെ ശ്രീ എന്നു ചേർക്കുകയും ചെയ്തു.

രാമാനുജമതത്തിൽ ചിത്ത്, അചിത്ത്, ഈശ്വരൻ എന്നീ മൂലതത്വങ്ങളിൽ ചിത്തും അചിത്തും ഈശ്വരാംശങ്ങൾ. ചിദ്വിശിഷ്ടനാണ് ഈശ്വരൻ എന്നു ഗണിക്കുന്നതിനാൽ ഇതിനെ വിശിഷ്ടാദ്വൈതം എന്നു വിളിക്കുന്നുണ്ട്. ശ്രീഭാഷ്യം ശ്രീരംഗത്തു വെച്ചാണ് രചിച്ചത് എന്നു കരുതുന്നു. അദ്വൈതത്തെ സ്വാംശീകരിക്കാൻ വൈഷ്ണവന്മാർ നടത്തിയ വിഫല ശ്രമമാണ് വിശിഷ്ടാദ്വൈതവാദം എന്ന് സി.വി.വാസുദേവഭട്ടതിരി അഭിപ്രായപ്പെടുന്നുണ്ട്.[21]

### 1.4 ദ്വൈതദർശനം

സൃഷ്ടിസംഹാരാദി ഈശ്വരകർമ്മം നിത്യവും, മനുഷ്യകർമ്മം അനിത്യവും ആണെന്നു സിദ്ധാന്തിക്കുന്നു. പ്രപഞ്ചം മിഥ്യയല്ല. ജീവാത്മാവും പരമാത്മാവും രണ്ടാണ്. മാധ്വവേദാന്തം എന്നും ദ്വൈതദർശനത്തിന്റെ ആചാര്യനായ മാധ്വനെ മുൻനിർത്തി ദ്വൈതദർശനത്തെ വിളിക്കാറുണ്ട്. അദ്വൈതം എന്ന സങ്കല്പത്തെ പ്രത്യക്ഷമായും പരോക്ഷമായും ദ്വൈതം അംഗീകരിക്കുന്നില്ല.

---

[21] സി.വി. വാസുദേവഭട്ടതിരിയുടെ അഭിപ്രായത്തിൽ വിശിഷ്ടാദ്വൈതം രാമാനുജവേദാന്തമെന്നും ശ്രീഭാഷ്യമെന്നും അറിയപ്പെടുന്നുണ്ട് (ഭാരതീയദർശനങ്ങൾ, മനോരമ ബുക്സ്, 2022, പുറം 595).

### 1.5 ദ്വൈതാദ്വൈതദർശനം

വൈഷ്ണവാചാര്യനായ നിംബാർക്കൻ രാധാകൃഷ്ണസങ്കല്പത്തിനു പ്രാമുഖ്യം നൽകുന്നു. നിംബാർക്കൻ ഭാസ്കരനെപോലെ ഭേദാഭേദസിദ്ധാന്തം ഉന്നയിച്ചു. ഭക്തിക്കു മുൻതൂക്കം നൽകി. ഈശ്വരൻ ഭക്താനുഗ്രഹത്തിനായി പല രൂപം സ്വീകരിക്കുന്നു. വാസുദേവൻ, പ്രദ്യുമ്നൻ, സങ്കർഷണൻ, അനിരുദ്ധൻ എന്നീ നാലു രൂപങ്ങളെ പ്രത്യേകം എടുത്തു പറയുന്നുണ്ട്. ജഗത്ത് പരമാത്മാവിന്റെ പരിണിതരൂപമാണ്. ജീവനും ജഗത്തും സൂക്ഷ്മരൂപത്തിൽ അന്തര്യാമിയായ ഭഗവാനിൽ ലയിച്ചുതന്നെ വർത്തിക്കുന്നു. ഭഗവാൻ ശ്രീകൃഷ്ണൻ വൈകുണ്ഠത്തിലെ ലോകത്ത് ഗോപികമാരുടെ കൂടെ രാധാസമേതം വിഹരിക്കുന്നു.[22] യുക്തിയേക്കാൾ ഭക്തിക്കാണ് ഇവിടെ സ്ഥാനം നൽകിയത്.

### 1.6 ശുദ്ധാദ്വൈതദർശനം

വല്ലഭാചാര്യരുടെ 'പുരുഷോത്തമരത്നാകരം' എന്ന ഗ്രന്ഥമാണ് ഈ ദർശനത്തിന്റെ പ്രമാണം. വല്ലഭദർശനമെന്നും അറിയപ്പെടുന്നു. ന്യായവൈശേഷികങ്ങളും സാംഖ്യയോഗങ്ങളും ശങ്കരന്റെ അദ്വൈതവേദാന്തവും ശുദ്ധാദ്വൈതക്കാർ വിട്ടുകളയുന്നില്ല. വേദാന്തദർശനത്തിന്റെ വെളിച്ചത്തിൽ സാകാരനും സഗുണനുമായ ഈശ്വരന്റെ ഭജനത്തിനു യുക്തിയുടെ പരിവേഷം നൽകി. ഭഗവാന്റെ പ്രേരണകൊണ്ട് 'മായ' സൃഷ്ടിപ്രക്രിയയിൽ ഏർപ്പെടുന്നു എന്നും സർവ്വം ഭഗവാൻ ആണെന്നും ശുദ്ധാദ്വൈതക്കാർ വാദിച്ചു.

---

[22] ടി.പു., പുറം 568.

## 1.7 ശൈവദർശനം

ശിവനാണ് ഏകമാത്രതത്വം. ഓരോ ജീവനിലുമുള്ള ശിവത്ത്വം തന്നെ ആത്മതത്വം. വിഷ്ണുവിന്റെ സ്ഥാനത്ത് ശിവനെ പ്രതിഷ്ഠിക്കുന്ന അദ്വൈതവാദമാണ് ശൈവദർശനം. കാശ്മീരിൽ കൂടുതലായി പ്രചരിച്ചുവന്നതിനാൽ കാശ്മീരീയ ശൈവദർശനം എന്നും പറയാറുണ്ട്.

## 1.8 ജൈനദർശനം

മഗധയിലെ യുവരാജാവായ വർദ്ധമാനനാണ് ജൈനമത സ്ഥാപകനായ ജിനൻ. ബി.സി. ആറാം നൂറ്റാണ്ടു മുതലാണ് ജൈനദർശനം പ്രചരിക്കുന്നത്. ആധ്യാത്മിക വിജയം നേടിയ ആൾ എന്നാണ് ജിനൻ എന്ന വാക്കിനർത്ഥം. വർദ്ധമാനനു മുമ്പ് ഋഷഭദേവനിൽ തുടങ്ങി 23 തീർത്ഥങ്കരന്മാർ പ്രചരിപ്പിച്ച മതത്തിന്റെ വ്യാഖ്യാതാവായാണ് ജിനൻ സ്വയം പരിചയപ്പെടുത്തുന്നത്.

പ്രത്യക്ഷം, അനുമാനം എന്നീ പ്രമാണങ്ങളെ ഇവർ മാനിക്കുന്നു. "ഇന്ദ്രിയാതീത ജ്ഞാനമാണ് ജൈനർക്കു പ്രത്യക്ഷം".[23]

പഞ്ചേന്ദ്രിയങ്ങൾക്കപ്പുറത്ത് മനസ്സ് ആറാമത്തെ ഇന്ദ്രിയമായി പരിഗണിക്കപ്പെടുന്നു. സുഖദു:ഖങ്ങൾ മനസ്സ് കൊണ്ട് ഗ്രഹിക്കുന്നു. യോഗവേദാന്ത ദർശനങ്ങളുടെ സ്വാധീനം കാരണം ആത്മാവിന്റെ അസ്തിത്വവും ബന്ധമോക്ഷങ്ങളും ജൈനദർശനം അംഗീകരിക്കുന്നുണ്ട്. ജൈനരിൽ ശ്വേതാംബരന്മാരും ദിഗംബരന്മാരും ഉണ്ട്. വസ്ത്രം മനുഷ്യരിൽ അഭിമാനം, ഉച്ചനീചത്വം മുതലായവ ഉളവാക്കുന്നതിനാൽ വസ്ത്രാഡംബരമോ, വസ്ത്രം തന്നെയുമോ ഉപേക്ഷിക്കണം എന്നാണ് ജൈനമതം.

---

23 ടി.പു., പുറം 616-617.

ജൈനചിന്തകർ പ്രപഞ്ചത്തെ ജീവൻ, അജീവൻ എന്നിങ്ങനെ രണ്ടു വർഗ്ഗങ്ങളായി തരംതിരിക്കുന്നു. അതായത് സ്വത്വവും അസ്വത്വവും. ഭൗതികപ്രപഞ്ചത്തിന്റെ വിശകലനത്തേക്കാൾ ജൈനദർശനത്തിന്റെ ലക്ഷ്യം ആത്മാവിന്റെ ശുദ്ധീകരണമാണ്.

### 1.9 ബൗദ്ധദർശനം

ബി.സി. ആറാം നൂറ്റാണ്ടിന്റെ മധ്യകാലത്ത് ജനിച്ച സിദ്ധാർത്ഥനാണ് ഈ തത്വസംഹിതയുടെ ഉപജ്ഞാതാവ്. ബോധോദയം ഉണ്ടായവൻ എന്ന അർത്ഥം വരുന്ന ബുദ്ധൻ എന്നദ്ദേഹം അറിയപ്പെട്ടു. ബുദ്ധൻ ശിഷ്യന്മാർക്കു നൽകിയ ഉപദേശങ്ങളാണ് ബൗദ്ധദർശനത്തിന്റെ അടിസ്ഥാനം. ഇവ പാലി ഭാഷയിൽ സംഗ്രഹീതമായിരിക്കുന്നു. ബൗദ്ധന്മാരിൽ യാഥാസ്ഥിതികരെ ഹീനയാനക്കാരെന്നും, ബുദ്ധോപദേശങ്ങളെ പുതിയ രൂപത്തിൽ വ്യാഖ്യാനിച്ച് നിർവ്വാണത്തെക്കാൾ ലോകഹിതത്തിനു പ്രാമുഖ്യം നൽകിയവരെ മഹായാനക്കാർ എന്നും വിളിക്കുന്നു.

ബുദ്ധദർശനത്തിന്റെ അടിസ്ഥാന പ്രമാണങ്ങളാണ് അസ്ഥിരതയും നിരാത്മാവും. 'സർവ്വം ദുഃഖം' എന്നതാണ് ഈ ദർശനത്തിന്റെ അടിസ്ഥാനം. തിന്മ അഥവാ സംസാരദുഃഖം ആണ് ഏറ്റവും യഥാർത്ഥം. അതിൽ നിന്നും രക്ഷനേടാനുള്ള മാർഗ്ഗമാണ് മനുഷ്യൻ ആദ്യം കണ്ടെത്തേണ്ടത്. "ഭൂമിയിലോ മറ്റൊരു ലോകത്തോ ബുദ്ധദർശനം ആനന്ദം വാഗ്ദാനം ചെയ്യുന്നില്ല. പക്ഷേ ഇവിടെ ഇപ്പോൾ മനുഷ്യന് ശാന്തി ലഭ്യമാകുന്നതിന് സാധ്യതയുണ്ടെന്ന് ബുദ്ധദർശനം പറയുന്നു. അതിനായി മനുഷ്യൻ ദുരിതത്തിന്റെ ഇരയാകുന്നതിനു പകരം അതിനെ വിജയിക്കണമെന്നു മാത്രം".[24]

---

[24] എം ഹരിയണ്ണ, വിവർത്തനം, ആർ. പാർവ്വതീദേവി, ഭാരതീയദർശനസംഗ്രഹം-കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1999, പുറം 119.

ജൈനദർശനവും ബുദ്ധദർശനവും അഹിംസക്ക് വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. ദു:ഖനിവാരണത്തിന് മനുഷ്യനായി എട്ടു ഘട്ടങ്ങളുള്ള സ്വയം പരിശീലനം ബുദ്ധദർശനം വ്യവസ്ഥ ചെയ്യുന്നു. ശരിയായ വിശ്വാസം, ശരിയായ നിശ്ചയം, ശരിയായ സംസാരം, ശരിയായ പ്രവൃത്തി, ശരിയായ ചര്യ, ശരിയായ പരിശ്രമം, ശരിയായ ചിന്ത, ശരിയായ ഏകാഗ്രത എന്നിവയാണ് എട്ടു ഘട്ടങ്ങൾ. ഓരോ മനുഷ്യനും തന്റെ മോക്ഷം സ്വയം നേടണം എന്നതാണ് ബുദ്ധദർശനത്തിന്റെ പ്രയോഗശാസ്ത്രം. "ബോധിസത്വൻ ദാനം, ശീലം, ക്ഷമ, വീര്യം, സമാധി പ്രജ്ഞ ഇവ താൻ ലോകാഭ്യുദയത്തിനു വേണ്ടി ശീലിക്കും എന്നു പ്രതിജ്ഞ ചെയ്യുന്നു." [25]

## 1.10 ചാർവാകദർശനം

ബൃഹസ്പതിയാണ് ഈ ദർശനത്തിന്റെ ആവിഷ്കർത്താവ് എന്ന നിലയിൽ ചാർവാകദർശനം ബാർഹസ്പത്യദർശനം എന്നും അറിയപ്പെടുന്നു. ഭൗതിക വിഷയങ്ങളുടെ ഉപഭോഗത്തിനു പ്രാധാന്യം നൽകുന്നവരാണ് ചാർവ്വാകർ. ചാർവാകദർശനം ലോകായതദർശനമാണ്. ലോകേഷു (ജനങ്ങളിൽ) ആയതം (പരന്നത്, വ്യാപിച്ചത്) എന്നർഥം. ചാർവാകസിദ്ധാന്തങ്ങളിൽ പ്രാധാനം ദേഹാത്മവാദമാണ്. ചാർവ്വാകർ ആത്മാവിനെയും വേദപ്രമാണ്യതയെയും യജ്ഞങ്ങളുടെ ഫലദായകത്വത്തെയും നിഷേധിക്കുന്നു. നിരീശ്വരവാദം ചാർവാകരുടെ മുഖ്യപ്രമാണമാണ് ചാർവാകദർശനത്തിലെ ഒരു പ്രധാനസൂത്രം ഇങ്ങിനെ: (സൂത്രം.15)

ശരീരേന്ദ്രിയ സംഘാത ഏവ ചേതന: ക്ഷേത്രജ്ഞ:

ശരീരം, ഇന്ദ്രിയങ്ങൾ, മനസ്സ്, പ്രാണൻ ഇവയുടെ ആകെത്തുകയാണ് ആത്മാവ്. ഇവയിൽ നിന്നും ഭിന്നനായി നിർഗുണനും നിരാകാരനുമായ ആത്മാവില്ല.

---

25 സി.വി വാസുദേവഭട്ടതിരി, ഭാരതീയദർശനങ്ങൾ, മനോരമ ബുക്സ്, 2022, പുറം 709.

കാമ ഏവ പ്രാണിനാം കാരണം (സൂത്രം:16)

കാമവികാരഫലമായ സ്ത്രീപുരുഷസംയോഗം തന്നെയാണ മനുഷ്യജന്മകാരണം. ഈശ്വരന്റെ കർമ്മം മുതലായ ഒന്നുമല്ലെന്ന വ്യംഗ്യം.

മരണമേവ അപവർഗ: (സൂത്രം 8) മരണം തന്നെ മോക്ഷം. മരണത്തോടെ ജീവിതം അവസാനിക്കുന്നു. ആത്മാവോ പുനർജന്മമോ ഇല്ല.

ചാർവ്വാകദർശനത്തെ എതിർക്കുമ്പോഴും മാധവാചാര്യരും ശങ്കരാചാര്യരും പ്രധാനതത്വങ്ങൾ ചാർവ്വാകരുടെ കാഴ്ചപ്പാടിൽ നിന്ന് വിശദീകരിക്കുന്നുണ്ട്.

"എല്ലാ ഭാരതീയദർശനത്തിലും രണ്ടു ഘടകങ്ങൾ കാണാം - ആത്യന്തിക ലക്ഷ്യം മോക്ഷമാണെന്നതും അതിന്റെ സാക്ഷാൽക്കാരത്തിനായുള്ള സന്യാസാത്മകമായ ശിക്ഷണം ആവശ്യമാണെന്നതും"[26]

---

26 എം.ഹരിയണ്ണ, ഭാരതീയദർശനസംഗ്രഹം. വിവർത്തനം, ആർ.പാർവ്വതീ ദേവി. പ്രവേശകം, പുറം 23, കേരളാഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

# അദ്ധ്യായം രണ്ട്

# വിവേകാനന്ദദർശനം

## ആമുഖം

വേദാന്തദർശനങ്ങളിലാണ് ഹിന്ദുത്വത്തിന്റെയും ഭാരതത്തിന്റെയും ആത്മാവ് കുടികൊള്ളുന്നതെന്ന് വിവേകാനന്ദൻ വിശ്വസിച്ചു. വേദാന്തതത്വങ്ങളെ അദ്ദേഹം ഇങ്ങനെ സംഗ്രഹിക്കുന്നു. ഓരോ ആത്മാവും ദൈവീകമാണ്. എഴുന്നേല്ക്കു പ്രവർത്തിക്കു ലക്ഷ്യം നേടുംവരെ വിശ്രമമില്ല. വിദ്യാഭ്യാസത്തിലൂടെ മനുഷ്യരിലെ പൂർണ്ണതയെ ആവിഷ്ക്കരിക്കണം. മാനവസേവയാണ് യഥാർത്ഥ മാധവസേവ. ദരിദ്രനാരായണസേവ എന്ന കർമ്മപദ്ധതിക്ക് വിവേകാനന്ദൻ രൂപം നൽകി. ഭാരതത്തിന്റെ ആധ്യാത്മിക പൈതൃകം സനാതനധർമ്മമാണ്. ഇന്ത്യയിലെ വിഭിന്ന മതാനുയായികൾക്കുള്ളിൽ പരസ്പരം ധാരണയും സൗഹൃദവും വളർത്തി യെടുക്കണം. ലോകത്തിലുള്ള എല്ലാ മതങ്ങളും സത്യമാണെന്ന് ഭാരതം വിശ്വസിക്കുന്നു. സഹിഷ്ണുത ഈ രാജ്യത്തിന്റെ അടിസ്ഥാനശിലയാണ്. ആധുനികവികസിതരാഷ്ട്രങ്ങളോടൊപ്പം മുന്നേറുന്ന സ്വതന്ത്രവും സുശക്തവുമായ ഭാരതത്തെ വിവേകാനന്ദൻ വിഭാവനം ചെയ്തു. ധനികനെന്നോ ദിരിദ്രനെന്നോ ഭേദമില്ലാതെ മനുഷ്യരാശിയെ അഭിസംബോധന ചെയ്യുന്ന മതമാണ് വിവേകാനന്ദദർശനം മുന്നോട്ടുവെക്കുന്നത്.

## 2.1 ചരിത്രപശ്ചാത്തലം-ബംഗാൾ നവോത്ഥാനം

ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി ഇന്ത്യയിൽ ഒരു ഭരണശക്തിയായി മാറുന്നത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ്. ഹിന്ദുമതത്തിൽ പൗരോഹിത്യം അടക്കിവാണ കാലമായിരുന്നു അത്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വ്യാപകമായി. സാമാന്യജനങ്ങൾ എല്ലാ അർത്ഥത്തിലും പൊറുതിമുട്ടി. ഇതെല്ലാം

അവസരമായി കണ്ട ഇംഗ്ലീഷുകാർ ഇന്ത്യയെ അവരുടെ കീഴിലാക്കാൻ തുടങ്ങി. ബ്രിട്ടീഷ് ഭരണകേന്ദ്രം കൊൽക്കത്തയിലായിരുന്നു. ക്രൈസ്തവ മിഷണറിമാരുടെ പ്രവർത്തനങ്ങളും അക്കാലത്ത് ശക്തിപ്പെട്ടു. ഹിന്ദുമതവും അന്നത്തെ സാമൂഹ്യജീവിതവും അവരുടെ രൂക്ഷമായ വിമർശനത്തിനു വിധേയമായി. ഇംഗ്ലീഷ് വിദ്യാഭ്യാസം നേടി അഭ്യസ്തവിദ്യരായ പുതിയ ഇന്ത്യൻ മധ്യവർഗ്ഗക്കാർക്കിടയിൽ പാശ്ചാത്യചിന്തകളും രീതികളും പ്രചാരം നേടിയിരുന്നു. കൊൽക്കത്തയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസമ്പ്രദായം ഔദ്യോഗികമായി നടപ്പിൽ വന്നു.

അനാചാരങ്ങളിൽ ഉഴറിയിരുന്ന ഹിന്ദുക്കളിൽ നിരവധി പേർ ക്രിസ്തുമതത്തിലേക്ക് ആകൃഷ്ടരായി. പുതിയ വിദ്യാഭ്യാസവ്യവസ്ഥയിലെ പാഠ്യപദ്ധതി ഭാരതീയ സംസ്കാരത്തെ പ്രകടമായി തന്നെ നിഷേധിച്ചിരുന്നു. ബ്രിട്ടീഷ് ഭരണം വരുന്നതിനു മുമ്പ് ബംഗാളിൽ ജാതിഭ്രഷ്ട് കൽപ്പിക്കാനുള്ള അവകാശം പൊതുവേ മുന്നോക്കക്കാരായ ബ്രാഹ്മണർക്കായിരുന്നു. വ്യക്തമായ കാരണമില്ലാതെ ഒരാളെയും ഭ്രഷ്ടാക്കാൻ പാടില്ലെന്ന് ഉത്തരവിട്ടത് ഇംഗ്ലീഷ് ഈസ്റ്റ്ഇന്ത്യാ കമ്പനിയാണ്. ഹിന്ദുമതം ബ്രാഹ്മണമതം മാത്രമാണെന്ന പ്രചരണത്തിന് ഇത് വഴിവെച്ചു. ക്രിസ്തുമതം ജാതീയതയെ എതിർക്കുന്നു വെന്നുകൂടി സൂചിപ്പിക്കപ്പെട്ടു. അധഃസ്ഥിതരെ മതം മാറ്റത്തിലേക്ക് നയിക്കാൻ ഈ നടപടിയും സഹായകമായി. ഹിന്ദുമതത്തിലെ നവീകരണപ്രക്രിയയ്ക്ക് തുടക്കം കുറിച്ച ചൈതന്യപ്രസ്ഥാനത്തിന്റെ ശക്തിയും അക്കാലം കുറഞ്ഞുവന്നിരുന്നു.[1] ഒരു സമൂഹത്തെ മുഴുവൻ അധോഗതിയിലേക്ക് തള്ളിവിടുന്ന ഹിന്ദുമതം ഉപേക്ഷിക്കേണ്ട സമയമായെന്ന ആശയം സെറാംപൂരിലെ ക്രിസ്ത്യൻ മിഷനറിമാർ ബംഗാളിന്റെ ചിന്താമണ്ഡലത്തിൽ ഉയർത്തി. പരിഷ്കാരത്തിന്റെ ക്രൈസ്തവ

[1] ഭാരതീയ പാരമ്പര്യത്തിനും ഹൈന്ദവ വിശ്വാസങ്ങൾക്കും ഇസ്ലാം ഭരണാധികാരികൾ ഏൽപ്പിച്ച ആഘാതം ഹിന്ദുമത പരിഷ്കരണപ്രസ്ഥാനങ്ങൾക്ക് വഴി തെളിച്ചു. ബംഗാളിൽ ചൈതന്യ മഹാപ്രഭുവിന്റെ നേതൃത്വത്തിൽ ഉയർന്നുവന്നതാണ് ചൈതന്യപ്രസ്ഥാനം.

രീതികൾ ഒരു പരിഹാരമായി നിർദ്ദേശിക്കപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് രാജാറാം മോഹൻറായിയും ഹിന്ദുമതത്തിലെ യുക്തിസഹമായ പ്രസ്ഥാനമായി ബ്രഹ്മസമാജവും ഉയർന്നുവരുന്നത്.

'സതി' തുടങ്ങിയ സാമൂഹ്യാചാരങ്ങളെ ബ്രഹ്മസമാജം ശക്തമായി എതിർത്തു. യൂറോപ്യൻ രീതികളും ഭാഷയും സംസ്കാരവും അതിന്റെ ഗുണവശങ്ങളിൽ സ്വീകരിച്ചപ്പോഴും വൈദേശികതയുടെ അസ്വാതന്ത്ര്യം ബംഗാളിയുവാക്കൾ തിരിച്ചറിഞ്ഞു തുടങ്ങി. ആധുനികതയിലേക്കും ഒപ്പം സ്വാതന്ത്ര്യത്തിലേക്കും ഇന്ത്യൻ സമൂഹം വളരണം എന്നതിൽ അവർക്ക് സംശയമില്ലായിരുന്നു. കൊളോണിയൽ വിദ്യാഭ്യാസസമ്പ്രദായം പക്ഷേ ഇതിലേക്കു നയിക്കുന്നില്ല. പകരം ഇന്ത്യക്കാരെ അടിമകളാക്കി കണക്കാക്കുന്ന പദ്ധതി നിലനിർത്തുകയാണ് ചെയ്യുന്നത്. ഭാരതീയ പാരമ്പര്യത്തിന്റെ നല്ല വശങ്ങളെ എടുത്തു കാണിക്കുന്ന മറ്റൊരു ധാര കൂടി വിദ്യാസമ്പന്നരായ ഹിന്ദുക്കളുടെ ചിന്താമണ്ഡലത്തിൽ സജീവമായി പ്രവർത്തിച്ചുവന്നു. ബംഗാൾ നവോത്ഥാനം എന്നു വിളിക്കപ്പെട്ട പരിവർത്തനപദ്ധതികൾ അവിടെ തുടങ്ങുകയായിരുന്നു.

"റാം മോഹൻറോയ് രാജ്യത്തിനകത്തെ അന്ധവിശ്വാസങ്ങൾക്കും മതഭ്രാന്തിനുമെതിരായി മാത്രമല്ല, വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യപ്പെട്ട തെറ്റായ ധാരണകൾക്കും മതാന്ധതക്കുമെതിരായും സർവ്വതോമുഖമായ സമരം തുടങ്ങി".[2] ഹിന്ദുമതത്തിലെ ജാതിവ്യവസ്ഥക്കെതിരെ കർശനമായ നിലപാടെടുത്ത റാംമോഹൻ അഞ്ച് ഉപനിഷത്തുക്കൾ ബംഗാളിഭാഷയിലേക്ക് തർജ്ജമ ചെയ്തു. 1820-ൽ വേദപഠനത്തിനുള്ള വൈദികവിദ്യാലയം അദ്ദേഹം ആരംഭിച്ചു. ശ്രുതികളെ ആധാരമാക്കി കർമ്മംകൊണ്ട് ബ്രഹ്മജ്ഞാനം നേടിയവരാണ് ബ്രാഹ്മണർ എന്ന് ബ്രഹ്മസമാജം കരുതി.

2 എൻ.വി.പി.ഉണിത്തിരി. സ്വാമിവിവേകാനന്ദൻ, സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം, 2008, പുറം 29.

അറിവിന് വിവേചനമില്ല. ആർക്കും അത് നേടാവുന്നതേ ഉള്ളൂ. അറിവിന്റെ ജനകീയതക്കായി നിലകൊണ്ട റാംമോഹൻ പാശ്ചാത്യവിദ്യാഭ്യാസസമ്പ്രദായത്തെയും അംഗീകരിച്ചിരുന്നു.

രാജാറാം മോഹൻറായിയിൽ തുടങ്ങിയ ബംഗാൾ നവോത്ഥാനത്തിന്റെ പ്രകാശം മതം, സാഹിത്യം, ശാസ്ത്രം തുടങ്ങി എല്ലാ രംഗങ്ങളിലും ഉണർവ്വുണ്ടാക്കി. ഭാരതീയ ദേശീയതയുടെ വളർച്ചയും സ്വതന്ത്ര്യപ്രസ്ഥാനത്തിന്റെ തുടക്കവും ഇതിന്റെ ഫലമായിരുന്നു. 1875-ൽ ബോംബെയിൽ ദയാനന്ദസരസ്വതി ആര്യസമാജം തുടങ്ങിയതും 1886-ൽ മദ്രാസ് കേന്ദ്രമാക്കി തിയോസഫിക്കൽ സൊസൈറ്റി പ്രവർത്തനം ആരംഭിച്ചതും നവോത്ഥാന പ്രവർത്തനങ്ങളുടെ തുടർച്ചയായി കാണാം. ഹിന്ദുമതത്തെ പുനരുദ്ധരിച്ചുകൊണ്ടു മാത്രമേ ഭാരതത്തിലെ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കാൻ കഴിയൂ എന്ന് തിയോസഫിസ്റ്റുകൾ വിശ്വസിച്ചു. ഭൂരിപക്ഷം ഹിന്ദുമതക്കാരുള്ള ഭാരതീയ സമൂഹത്തിൽ പരിഷ്കരണങ്ങൾ അനിവാര്യമാണെന്നും അവ നടപ്പാക്കേണ്ടത് ഹിന്ദുമതത്തെയും പാരമ്പര്യത്തെയും അടിസ്ഥാനമാക്കിവേണമെന്നുള്ള ധാരണകൾ ഉരുവപ്പെടുന്നത് ബ്രഹ്മസമാജവും, ആര്യസമാജവും തിയോസഫിക്കൽ സൊസൈറ്റിയും പോലുള്ള സംഘടനകളുടെ പ്രവർത്തനഫലമായാണ്.[3]

### 2.2 നരേന്ദ്രന്റെ ഉദയം

കൽക്കത്ത ഹൈക്കോടതിയിൽ അറ്റോർണിയായി ജോലി ചെയ്തിരുന്ന വിശ്വനാഥന്റെയും ഭുവനേശ്വരിയുടെയും മൂത്തമകനായി 1863-ലാണ് നരേന്ദ്രനാഥ് ജനിക്കുന്നത്. ഈശ്വരചന്ദ്രവിദ്യാസാഗറിന്റെ മെട്രോപോളിറ്റൻ വിദ്യാലയത്തിൽ

---

3 വിവേകാനന്ദൻ നടത്തിയ മതപരിഷ്കരണ പ്രവർത്തനങ്ങളും ദർശനപദ്ധതികളും സ്വീകരിക്കാൻ ഹൈന്ദവസമൂഹത്തെ, ഇന്ത്യയെ ഒരുക്കുന്നതിന് ഈ പ്രസ്ഥാനങ്ങൾ സഹായകമായി എന്ന് കാണാം.

നരേന്ദ്രൻ സ്കൂൾ വിദ്യാഭ്യാസം ആരംഭിച്ചു.  ഉപരിപഠനം കൽക്കത്തയിലെ പ്രസിദ്ധമായ പ്രസിഡൻസി കോളേജിൽ ആയിരുന്നു. ആത്മീയപ്രവണതകളും തത്വചിന്താശീലവും വിദ്യാർത്ഥി ആയിരിക്കുമ്പോൾ തന്നെ നരേന്ദ്രനുണ്ടായിരുന്നു. പാശ്ചാത്യമായ തർക്കശാസ്ത്രവും ദർശനങ്ങളും നരേന്ദ്രൻ പഠിച്ചു. ഇംഗ്ലീഷ് തത്വചിന്തകരായ സ്പെൻസർ, മിൽ, ഹാരിസൺ തുടങ്ങിയവരുടെ കൃതികളും നരേന്ദ്രനെ ആകർഷിച്ചിരുന്നു. തന്റെ ആത്മീയാന്വേഷണങ്ങൾക്ക് തൃപ്തികരമായ ഉത്തരം തരാൻ ഇവക്കൊന്നും കഴിഞ്ഞില്ലെന്ന് ആ യുവാവ് മനസ്സിലാക്കി. പുരോഗമനപ്രസ്ഥാനമായ ബ്രഹ്മസമാജത്തിലും നരേന്ദ്രൻ പ്രവർത്തിച്ചു.  ജിജ്ഞാസുവായ നരേന്ദ്രനെ പല സംശയങ്ങളും അലട്ടി.

ജനറൽ അസംബ്ളി കോളേജിൽ വിദ്യാർത്ഥി ആയിരിക്കുമ്പോഴാണ് നരേന്ദ്രൻ ആദ്യമായി രാമകൃഷ്ണപരമഹംസനെ കാണുന്നത്. വേഡ്സ്വർത്ത് കവിതയിലെ 'ആനന്ദാനുഭൂതി' വിവരിച്ച പ്രൊഫസർ ഹേസ്റ്റിയുടെ ക്ലാസ് ഇതിനു കാരണമായി. ആനന്ദത്തിന്റെ സാകല്യം അനുഭവിച്ച് അനുഗ്രഹീതാവസ്ഥയിൽ എത്തിച്ചേർന്ന ഒരാൾ കൽക്കത്തയിലെ ദക്ഷിണേശ്വരത്തുണ്ടെന്ന് നരേന്ദ്രനടക്കമുള്ള തന്റെ വിദ്യാർത്ഥികളോട് പ്രൊഫസർ പറഞ്ഞു. അങ്ങിനെ ദക്ഷിണേശ്വരത്തെ ശാന്തിക്കാരനായ രാമകൃഷ്ണനെ കാണാൻ നരേന്ദ്രൻ തീരുമാനിച്ചു.

ലളിതമായ വസ്ത്രവിധാനത്തോടെ ഇരുന്ന്, തന്നെ വന്നു കാണുന്ന സർവ്വരോടും കൂപ്പുകൈയ്യോടെ നമസ്കാരം പറയുന്ന രാമകൃഷ്ണൻ യുക്തിവാദിയായ നരേന്ദ്രനെ അത്ഭുതപ്പെടുത്തി.  അതുവരെ ഒന്നിലും വിശ്വസിക്കാതെ, മതവിഷയങ്ങളെപ്പറ്റി തർക്കിച്ചും ചോദ്യം ചെയ്തും ജീവിച്ച നരേന്ദ്രന് വല്ലാത്തൊരാനന്ദം രാമകൃഷ്ണന്റെ പ്രഥമദർശനത്തിൽ തന്നെ അനുഭവപ്പെട്ടു.  " 'സർ, താങ്കൾ ദൈവത്തെ കണ്ടിട്ടുണ്ടോ' എന്ന നരേന്ദ്രന്റെ ചോദ്യത്തിന് 'ഉവ്വ്' നിന്നെ കാണും പോലെ ഞാൻ ദൈവത്തെ കണ്ടിട്ടുണ്ട് എന്നായിരുന്നു

രാമകൃഷ്ണന്റെ മറുപടി. ഈശ്വരനെ നേരിട്ടനുഭവിച്ച ഗുരുവിന്റെ ശിഷ്യത്വം നരേന്ദ്രൻ സർവ്വാത്മനാ സ്വീകരിച്ചു."[4] പല കൂടിക്കാഴ്ചകൾക്കും ശേഷം നരേന്ദ്രൻ സന്ന്യാസം സ്വീകരിച്ച് ശ്രീരാമകൃഷ്ണ ശിഷ്യനായി. ഈ യുവസന്ന്യാസിയിൽ ആത്മീയശക്തി സന്നിവേശിച്ചിട്ടുണ്ടെന്നും തന്റെ ശിഷ്യന്മാർക്ക് നേതൃത്വം നൽകേണ്ടത് നരേന്ദ്രനാണെന്നും പരമഹംസൻ തീരുമാനിച്ചു. എന്തും ശുദ്ധീകരിക്കാൻ ശക്തിയുള്ള മഹാഗ്നിയായി ശിഷ്യനായ നരേന്ദ്രനെ രാമകൃഷ്ണപരമഹംസർ വിശേഷിപ്പിക്കുന്നുണ്ട്.

"ഒരാൾ ദൈവത്തിനുവേണ്ടി ആത്മാർത്ഥമായി കണ്ണീരൊഴുക്കിയിരുന്നെങ്കിൽ ദൈവം സ്വയം പ്രത്യക്ഷനാവും, പ്രവർത്തിക്കും. ശ്രീരാമകൃഷ്ണന്റെ വാക്കുകളിൽ നിന്നും താപസന്മാർ സമുദായത്തിനു പുറത്ത് ഏകാന്തതയിൽ അനുശീലിച്ചിരുന്ന വേദാന്താദർശം നാട്ടിലും വീട്ടിലും അഭ്യസിക്കാമെന്നും ജീവിതത്തിലെ ഓരോ കൃത്യത്തിലും അത് പ്രായോഗികമാക്കാമെന്നും നരേന്ദ്രന് മനസ്സിലായി. ഈശ്വരൻ തന്നെയാണ് ഈ ജഗത്തായും ഇതിലെ ജീവജാലങ്ങളായും രൂപമെടുത്തിട്ടുള്ളത്."[5] ഒരുവന്റെ സകല പ്രവൃത്തികളും ഈശ്വരന്റെ പ്രത്യക്ഷമൂർത്തിയായ മനുഷ്യന്റെ സേവനത്തിനായി ഉപയോഗിക്കണം. ഇതാണവനെ ലക്ഷ്യത്തിലേക്കു നയിക്കുന്നത്. ഗുരുവായ രാമകൃഷ്ണ പരമഹംസനിൽനിന്നും ഗ്രഹിച്ച ഈ സത്യം ലോകത്തിൽ വിളംബരം ചെയ്യാനായി താൻ പ്രവർത്തിക്കുമെന്ന് ശിഷ്യനായ നരേന്ദ്രൻ പ്രതിജ്ഞ ചെയ്തു. ഗുരുവിനെ കണ്ടെത്തിയതു മുതൽ നരേന്ദ്രന് അദ്ദേഹത്തോട് വല്ലാത്ത ആകർഷണമായിരുന്നു. ഏതു വിഷയത്തെപ്പറ്റിയും നരേന്ദ്രൻ ഗുരുവിനോട് സംസാരിക്കുകയും തന്റെ നിലപാടുകളിൽ ശക്തമായി വാദിക്കുകയും ചെയ്തുപോന്നു. രാമകൃഷ്ണന്റെ സാമീപ്യ

---

4 കുറ്റിപ്പുഴ കൃഷ്ണപിള്ള. കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ-തത്വചിന്ത. നാഷനൽ ബുക്ക്സ്റ്റാൾ, കോട്ടയം-1986, പുറം 116.

5 സിദ്ധിനാഥാനന്ദസ്വാമികൾ ശ്രീരാമകൃഷ്ണവചനാമൃതം മലയാളം പരിഭാഷ ഒന്നാംഭാഗം, രാമകൃഷ്ണമഠം 1974, പുറം 124.

സമ്പർക്കോപദേശങ്ങളിൽ നിന്ന് നരേന്ദ്രൻ സാവധാനം തന്നിലെ ഈശ്വരനെ കണ്ടെത്തുകയായിരുന്നു. നരനിൽ നാരായണനെ ദർശിക്കുമ്പോൾ വെറുപ്പിന് സ്ഥാനമില്ല. മാനവസ്നേഹത്തിലധിഷ്ഠിതമായി വിവേകാനന്ദചിന്തകൾ വികാസം പ്രാപിച്ചു.

1885 മധ്യത്തോടെ രാമകൃഷ്ണന് കണ്ഠരോഗം പിടിപ്പെടുകയും 1886 ഓഗസ്റ്റ് 16 വെളുപ്പിന് അദ്ദേഹം സമാധിയാവുകയും ചെയ്തു.

## 2.3 ശ്രീരാമകൃഷ്ണസംഘം

രാമകൃഷ്ണപരമഹംസന്റെ സമാധിക്കുശേഷം അദ്ദേഹത്തിന്റെ ശിഷ്യന്മാർ ചേർന്ന് ശ്രീരാമകൃഷ്ണസംഘം എന്ന പേരിൽ ഒരു സന്യാസിസംഘടനയ്ക്ക് രൂപം നൽകി. ആദ്യ കേന്ദ്രം കൽക്കത്തയ്ക്കു പുറത്തായിരുന്നു. സംഘത്തിലെ യുവസന്യാസിമാരിൽ പ്രധാനി നരേന്ദ്രനാണ്. ചിട്ടയായ ഭജനകൾക്കും സത്സംഗങ്ങൾക്കും പുറമേ മതവും ശാസ്ത്രവും തത്വചിന്തയും അവിടെ ചർച്ചചെയ്യപ്പെട്ടു. ഭാരതീയ ദർശനങ്ങൾ വിശകലനം ചെയ്ത് ഓരോന്നിലെയും തത്വങ്ങൾ താരതമ്യം ചെയ്യുന്നതും സാമ്യവൈജാത്യങ്ങൾ കണ്ടെത്തുന്നതും സന്യാസിമാർക്കിടയിൽ പതിവായിരുന്നു. സംഘത്തിൽ വരാറുള്ള ക്രിസ്തുമതപ്രചാരകരുമായി അവർ വാദപ്രതിവാദങ്ങളും നടത്താറുണ്ട്. വേദാന്തവും ബുദ്ധദർശനങ്ങളും തമ്മിലുള്ള സാമ്യങ്ങൾ സംഘത്തിലെ സന്യാസിമാർക്കിഷ്ട വിഷയമായിരുന്നു.

മതപ്രചാരണത്തിനായി സന്യാസിമാർ ആശ്രമത്തിനുപുറത്ത് പോകാറുണ്ടായിരുന്നു. എന്നാൽ അന്നത്തെ ബംഗാളിൽ അയിത്തജാതിക്കാരായി കരുതിയിരുന്നവരുടെ കുടിലുകൾ സംഘാംഗങ്ങൾ മന:പൂർവ്വം ഒഴിവാക്കി. ഇക്കാര്യമറിഞ്ഞ നരേന്ദ്രൻ അത്ഭുതപ്പെട്ടു. എല്ലാ മതങ്ങളും സത്യത്തിലേക്കുള്ള

വഴിയാണെന്നു വിശ്വസിച്ച, ജഗത്തിലെ എല്ലാ ജീവജാലങ്ങളിലും ഒരേ ഈശ്വരൻ തന്നെയാണെന്നുറപ്പിച്ച പരമഹംസന്റെ ശിഷ്യന്മാർ ഇങ്ങനെ ആയിക്കൂടാ. നരേന്ദ്രൻ അവരോട് ഇങ്ങിനെ പറഞ്ഞു. "ഉവ്വ്, നിങ്ങൾ എന്റെ സഹോദരങ്ങൾ വിലങ്ങായി നിന്നാൽ പോലും പറയന്മാരുടെ ചെറ്റക്കുടിലുകളിൽ പോയി ഞാൻ പ്രചാരണം നടത്തും".[6] നരേന്ദ്രന്റെ ആശയങ്ങൾക്ക് കൃത്യമായ രൂപമുണ്ടാവുന്നതും, ലക്ഷ്യബോധത്തോടെ പ്രവർത്തനം തുടങ്ങുന്നതും ഇവിടം മുതലാണ്. ഇന്ത്യൻ സമൂഹത്തിന്റെ ശരിയായ അവസ്ഥ മനസ്സിലാക്കാൻ നരേന്ദ്രൻ തന്റെ ഭാരതപര്യടനത്തിന് തുടക്കമിട്ടു.

### 2.4 ഇന്ത്യയെ കണ്ടെത്തൽ

നരേന്ദ്രൻ ഒരു പരിവ്രാജകസന്യാസിയായി ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ സഞ്ചരിച്ചു. ചിലപ്പോൾ മഹാരാജാക്കന്മാരുടെ അതിഥിയായി. മറ്റു ചിലപ്പോൾ തോട്ടികളുടെ വീടുകളിലും അന്തിയുറങ്ങി. അനുഭവിക്കുന്ന ദുരിതങ്ങൾക്കിടയിലും കാവിവേഷധാരികളെ ഇന്ത്യൻ സമൂഹം ബഹുമാനിക്കുന്നു എന്ന വസ്തുത യുവസന്യാസിയെ സന്തോഷവാനാക്കി. ഇന്ത്യയുടെ ഈടുറ്റ സാംസ്കാരികപാരമ്പര്യം ദൈന്യമായ രാജ്യത്തിനുള്ളിൽ ഒരു കനലായി എരിയുന്നുണ്ടെന്ന് നരേന്ദ്രനറിഞ്ഞു. 1887 മുതൽ 1893 വരെ ഈ യാത്രകൾ തുടർന്നു. ഇക്കാലയളവിലാണ് ഖേത്രി മഹാരാജാവിന്റെ അപേക്ഷ അനുസരിച്ച് നരേന്ദ്രൻ, വിവേകാനന്ദൻ എന്ന് സന്യാസനാമം സ്വീകരിക്കുന്നത്. ഇന്ത്യൻ ജനതയെയും സങ്കീർണ്ണമായ ആചാരവിശ്വാസങ്ങളെയും ശാസ്ത്രീയമായി പഠിക്കാൻ ഈ യാത്രകൾ വിവേകാനന്ദന് സഹായകമായി.

---

6 സിദ്ധിനാഥാനന്ദ,സ്വാമി. ശ്രീമദ് വിവേകാനന്ദ സ്വാമികൾ, ജീവചരിത്രം. രാമകൃഷ്ണമഠം, പുറനാട്ടുകര, തൃശ്ശൂർ. 1980, പുറം 200.

**2.5 ഇന്ത്യനവസ്ഥ: കാരണങ്ങൾ, പരിഹാരങ്ങൾ**

സാമ്പ്രദായികരീതിയിലുള്ള സന്യാസി ആയിരുന്നില്ല വിവേകാനന്ദൻ. വനാന്തരങ്ങൾക്കു പകരം പൊതുസമൂഹത്തെ അദ്ദേഹം തന്റെ പ്രവർത്തന കേന്ദ്രമാക്കി. ദു:ഖിതരായ ഭാരതീയരെ, പ്രത്യേകിച്ചും സാധാരണക്കാരെ വിവേകാനന്ദൻ കണ്ടു. തന്റെ രാജ്യത്ത് കീഴാളവർഗ്ഗത്തിൽപ്പെട്ട കർഷകരും നെയ്ത്തുകാരും മേലാളരാൽ നിരന്തരം അവഗണിക്കപ്പെടുന്നു. അവർക്കൊരിക്കലും ഉയർച്ചയില്ല. അധ്വാനത്തിന് കൃത്യമായ പ്രതിഫലം ലഭിക്കാതെ ചൂഷണങ്ങളും മർദ്ദനങ്ങളും അവർ അനുഭവിക്കുന്നു. അന്ധവിശ്വാസങ്ങളും ജാതിമേധാവിത്വം സൃഷ്ടിച്ച അനാചാരങ്ങളും ഇന്ത്യയിൽ വ്യാപകമായി നിലനിന്നു. മതം ഒരു ജനതയ്ക്കുമുമ്പിൽ പുറം തിരിഞ്ഞുനിൽക്കുകയായിരുന്നു. പട്ടിണിയിലും കഷ്ടപാടുകളിലും ഉഴലുന്ന ജനങ്ങൾ വ്യക്തിത്വം തകർന്ന സമൂഹമായി മാറി. “അവർ നമ്മോട് ഭക്ഷണം ചോദിക്കുന്നു. പക്ഷേ നമ്മൾ അവർക്ക് കല്ലാണ് എറിഞ്ഞുകൊടുക്കുന്നത്. പട്ടിണി കിടക്കുന്ന ഒരു ജനതയുടെ നേരേ മതം നീട്ടിക്കാണിക്കുന്നത് അവരെ അപമാനിക്കലാണ്. അവരെ മതതത്വങ്ങൾ പഠിപ്പിക്കുന്നത് അവർക്ക് അപമാനം മാത്രം നൽകുന്നു.”[7]

ഇന്ത്യയിലെ ജനസാമാന്യത്തിന്റെ ജീവനും ആത്മാവും മതമാണെന്നും പക്ഷേ അത് തെറ്റായ രീതിയിലാണ് പ്രയോഗിക്കപ്പെടുന്നതെന്നും വിവേകാനന്ദൻ കണ്ടെത്തി. “ഹിന്ദുമതം പോലെ മനുഷ്യത്വത്തിന്റെ മഹിമ ഉന്നതമായ രീതിയിൽ പഠിപ്പിക്കുന്ന ഒരു മതവും ഭൂമിയിലില്ല. ഹിന്ദുമതം പോലെ ഭൂമിയിൽ മറ്റൊരു മതവും ഇന്ന് പാവപ്പെട്ടവന്റെ കഴുത്ത് ഞെരിക്കുന്നുമില്ല.”[8] ഇന്ത്യയുടെ അധ:പതനത്തിന് കാരണം മതമല്ലെന്നും മറിച്ച്

---

7 വിവേകാനന്ദസാഹിത്യസർവ്വസ്വം, പാർട്ട് VII, ശ്രീരാമകൃഷ്ണമഠം, പുറനാട്ടുകര, 1980, പുറം 420,421.

8 1893ൽ വിവാകാനന്ദൻ അലസിംഗപ്പെരുമാളിനെഴുതിയ കത്ത്- വിവേകാനന്ദസാഹിത്യസർവ്വസ്വം, ഭാഗം 5, രാമകൃഷ്ണമഠം, പുറനാട്ടുകര, തൃശ്ശൂർ, 1980, പുറം. 2014.

യഥാർത്ഥമതം എവിടെയും പിന്തുടരുന്നില്ല എന്നാണെന്നും വിവേകാനന്ദൻ പറഞ്ഞു. “നവഭാരതം പിറക്കട്ടെ കലപ്പ ഉഴുന്ന കൃഷീവലന്റെ കുടിലിൽ നിന്നും, മുക്കുവന്റെയും ചെരിപ്പുകുത്തിയുടെയും തൂപ്പുകാരന്റെയും കൂരകളിൽ നിന്നും, പലഹാരക്കച്ചവടക്കാരന്റെ അടുപ്പിൽ നിന്നും രാജ്യം വിടരട്ടെ. ഫാക്ടറികളിൽ നിന്നും കടകമ്പോളങ്ങളിൽ നിന്നും ആവിർഭവിക്കട്ടെ. തോട്ടങ്ങളിൽ നിന്നും കാടുകളിൽ നിന്നും കുന്നിൽ നിന്നും നവഭാരതം ഉണർന്നുവരട്ടെ.”[9] ആധുനിക ഇന്ത്യയെപ്പറ്റിയുള്ള വിവേകാനന്ദന്റെ കാഴ്ചപ്പാടുകൾ ഈ വാക്കുകളിലുണ്ട്. വിവിധഭാഷകളുടെയും സംസ്കാരങ്ങളുടെയും വ്യത്യസ്തതകൾ നിറഞ്ഞ ഭാരതത്തെ കോർത്തിണക്കുന്നത് ആധ്യാത്മികപാരമ്പര്യമാണ്. നാനാത്വത്തിലെ ഏകത്വം നിർണയിക്കാനും അതിനെ ജനതയുടെ കാഴ്ചപ്പാടിൽ അഭിസംബോധന ചെയ്യാനും തയ്യാറാവുന്നു എന്നതാണ് വിവേകാനന്ദദർശനത്തിന്റെ പ്രാധാന്യം. തന്റെ യാത്രകളിലൂടെ ഭൗതികമായും അവ അടിസ്ഥാനമാക്കിയുള്ള തന്റെ ദർശനങ്ങളിൽ ആധ്യാത്മികമായും വിവേകാനന്ദൻ ഇന്ത്യയെ കണ്ടെത്തുകയായിരുന്നു. രാജ്യത്തിന്റെ ദുരവസ്ഥയുടെ കാരണങ്ങളും ദീർഘകാലടിസ്ഥാനത്തിലുള്ള പരിഹാരങ്ങളും വിവേകാനന്ദൻ മുന്നോട്ടു വെയ്ക്കുന്നുണ്ട്.

## 2.6 വിദ്യാഭ്യാസം

ഇന്ത്യ നേരിട്ട വൈദേശികാക്രമണങ്ങളെല്ലാം രാജ്യത്തിന്റെ സാംസ്കാരിക പാരമ്പര്യത്തെ നിഷേധിക്കുന്നതും തകർക്കുന്നതുമായിരുന്നു. ഐക്യമില്ലാതെ ഒരു സമൂഹത്തിനുമുന്നിൽ ആക്രമികളുടെ വിജയം എളുപ്പമായി. ഇന്ത്യയെ ഒരു രാഷ്ട്രമായി കാണാൻ ഇംഗ്ലീഷുകാർക്ക് സാധിച്ചെങ്കിലും ഇന്ത്യക്കാർക്ക് ആ ബോധം ഉണ്ടായിരുന്നില്ലെന്ന് വിവേകാനന്ദൻ പറഞ്ഞു. ഇന്ത്യക്കാർ ഇന്ത്യയെ അറിയാത്തതിനു

9 വിവേകാനന്ദസാഹിത്യസർവ്വസ്വം, ഭാഗം 8, രാമകൃഷ്ണമഠം, പുറനാട്ടുകര, തൃശ്ശൂർ, 1980, പുറം 344.

കാരണം യഥാർത്ഥ വിദ്യാഭ്യാസത്തിന്റെ അഭാവമാണ്. സാധാരണക്കാരന് അറിവ് നിഷേധിക്കപ്പെട്ടു. ജ്ഞാനസമ്പാദനത്തിന് അന്നത്തെ ഇന്ത്യൻ സമൂഹത്തിലെ ജാതീയമായ ശ്രേണികൾ തടസ്സമായി. ഇന്ത്യൻ ജനതയിലെ ഭൂരിപക്ഷവും നിരക്ഷരരും ലജ്ജിതരുമായി നിലകൊണ്ടു. അപകർഷതാബോധം വൈദേശികാക്രമണങ്ങളെ ചെറുക്കാനുള്ള പ്രാപ്തി ഇല്ലാതാക്കി. പരിഷ്കൃതസമൂഹം എന്ന രീതിയിൽ നിലവിൽ വന്ന ഇംഗ്ലീഷ് വിദ്യാഭ്യാസ സമ്പ്രദായം ഇന്ത്യൻ അവസ്ഥകളിൽ ശരിയായ പരിഹാരമായി മാറിയില്ല. രാജ്യത്തിന്റെ വ്യക്തിത്വം തിരിച്ചെടുക്കണമെങ്കിൽ യഥാർത്ഥ വിജ്ഞാനത്തിന്റെ പ്രസരണം സമൂഹത്തിൽ നടക്കണം. “എല്ലാ തരത്തിലും നിഷേധത്തിൽ അടിയുറപ്പിച്ച വിദ്യാഭ്യാസം മാത്രമാണ് ഇന്നത്തേത്. പള്ളിക്കൂടത്തിലേക്ക് കൊണ്ടുപോവുന്ന ശിശുവിനെ പഠിപ്പിക്കുന്ന ഒന്നാമത്തെ സംഗതി തന്റെ അച്ഛൻ ഒരു വിഡ്ഢിയാണെന്നത്രെ. രണ്ടാമത്തേത് സംഗതി തന്റെ മുത്തച്ഛൻ ഭ്രാന്തനാണെന്ന്. മൂന്നാമത്തെത് തന്റെ ഗുരുക്കന്മാർ എല്ലാ തരത്തിലും കാപാട്യക്കാരാണെന്ന്.”[10] ഇന്ത്യൻ ജനതയ്ക്ക് സാർവ്വത്രിക വിദ്യാഭ്യാസം നൽകണമെന്നും ഭാരതീയ പാരമ്പര്യത്തിന്റെ നല്ല വശങ്ങൾ അതിലുണ്ടാവണമെന്നും വിവേകാനന്ദൻ ഉറപ്പിച്ചു.

### 2.7 ഉദാസീനതയും അസമത്വവും

ഇന്ത്യക്കാരന്റെ പൊതുസ്വാഭാവമാണ് രാജ്യത്തിന്റെ അധോഗതിക്ക് വലിയൊരളവോളം ഉത്തരവാദി എന്ന നിഗമനത്തിലാണ് വിവേകാനന്ദനെത്തിയത്. “നമ്മൾ ഒന്നും ചെയ്യുന്നില്ല, പക്ഷേ എന്തെങ്കിലും ചെയ്യുന്നവരെ കളിയാക്കുന്നു. ഇതാണ്

---

10 വിവേകാനന്ദം, പരിഭാഷ പ്രവീൺ ബാലകൃഷ്ണൻ, ഒലീവ് പാപ്പിയോൺ, കോഴിക്കോട്, 2012, പുറം 71.

ഒരു രാജ്യമെന്ന നിലയിൽ നമ്മെ അധോഗതിയിലെത്തിച്ചത്. തത്തയെപ്പോലെ സംസാരിക്കുക, ഒന്നും ചെയ്യാതിരിക്കുക".[11]

ഇന്ത്യക്കാരാണെന്ന ബോധം ആദ്യമുണരണം. പിന്നെ ഓരോരുത്തർക്കും ജാതി, വർഗ്ഗം, വർണം, എന്നിവയ്ക്ക് അതീതമായി സ്വയം വളരാൻ അവസരങ്ങൾ നൽകണം. സംഘടിക്കാനുള്ള താത്പര്യമില്ലായ്മ ഇന്ത്യക്കാരുടെ പ്രകൃതത്തിൽ തന്നെയുണ്ട്. വിവേകാനന്ദന്റെ മൗലികമായ നിരീക്ഷണങ്ങളിലൊന്നാണിത്. ഈ അപാകത വിദേശീയർക്ക് ഇന്ത്യയെ ആക്രമിക്കാനുള്ള അവസരമുണ്ടാക്കി. നാലുകോടി ബ്രിട്ടീഷുകാർ മുപ്പതുകോടി ഭാരതീയരെ ഭരിക്കുന്നതിന്റെ മന:ശാസ്ത്രം വിവേകാനന്ദൻ വിശകലനം ചെയ്യുന്നുണ്ട്. ഇംഗ്ലിഷുകാരുടെ ഇച്ഛാശക്തി ഒന്നായി നിലകൊണ്ടപ്പോൾ മുപ്പതുകോടി ഇന്ത്യക്കാരുടെ താൽപ്പര്യങ്ങൾ അന്യോന്യം വ്യത്യസ്തമായിരുന്നു. അതുകൊണ്ട് ഇന്ത്യക്ക് മഹത്തായ ഭാവി രൂപം നൽകണമെങ്കിൽ സംഘടന ഉണ്ടാവണം. ശക്തിസംഭരണവും ഏകോപനവും വേണം.

### 2.8 സ്ത്രീവിമോചനം

അഭിപ്രായസ്വാതന്ത്ര്യവും പ്രവർത്തനസ്വാതന്ത്ര്യവും ഭാരതത്തിലെ സ്ത്രീകൾക്ക് കുറവായിരുന്നു. കുടുംബബന്ധങ്ങൾ ശക്തമായിരുന്നെങ്കിലും എല്ലാറ്റിനും സ്വന്തം ഭർത്താക്കന്മാരെ ആശ്രയിക്കണം എന്നായിരുന്നു അവസ്ഥ. ശൈശവവിവാഹം, വിധവകളോടുള്ള അവഗണന, തെറ്റായ സ്വത്തവകാശനിയമങ്ങൾ എല്ലാം രാജ്യത്തെ സ്ത്രീ സമൂഹത്തെ ദോഷകരമായി ബാധിച്ചു. സ്ത്രീകളുടെ സ്ഥിതി മെച്ചപ്പെട്ടിട്ടില്ലെങ്കിൽ ലോകക്ഷേമം അസാധ്യമാണ്. ഒരു പക്ഷിക്ക് ഒറ്റച്ചിറകിൽ പറക്കാനാവില്ല. സ്ത്രീകളെ

11 എൻ.ലക്ഷ്മിക്കുട്ടി. സ്വാമിവിവേകാനന്ദനും രാഷ്ട്രപുനർനിർമ്മാണവും. പുറം 69. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2013. വിവേകാനന്ദൻ രാമകൃഷ്ണാനന്ദക്ക് എഴുതിയ കത്തിലെ ആശയങ്ങൾ ലേഖിക ഉദ്ധരിക്കുന്നു.

രണ്ടാംതരം പൗരന്മാരായി കാണുന്ന സമീപനം ഹൈന്ദവധർമ്മം അനുശാസിക്കുന്നില്ലെന്നും വിവേകാനന്ദൻ ചിന്തിച്ചു പ്രത്യേക സാമൂഹികാവിഷ്കാര ങ്ങളെക്കാൾ സ്ത്രീകളുടെ മോചനത്തിനും വിദ്യാഭ്യാസത്തിനും വളർച്ചയ്ക്കും അവർ സ്വയം സന്നദ്ധരാവണം എന്നതായിരുന്നു വിവേകാനന്ദന്റെ ആശയം. വിദ്യാസമ്പന്നരായ സ്ത്രീകൾ ശൈശവവിവാഹങ്ങൾക്ക് സമ്മതിക്കില്ല. ശക്തിയുടെ പ്രതിബിംബങ്ങളാണ് സ്ത്രീകൾ എന്ന് ഭാരതീയപാരമ്പര്യം പഠിപ്പിക്കുന്നു. സീതയും സാവിത്രിയും ഝാൻസിറാണിയും ഭാരതത്തിലായിരുന്നു. ആത്മീയമായ ഉൽകൃഷ്ടതയിലും പ്രായോഗികമായ കാര്യക്ഷമതയിലും അധിഷ്ഠിതമായ ഉദാത്ത മാതൃകകളായി ഇന്ത്യൻ സ്ത്രീകൾ സ്വയം വളർന്നു വരണം 'സ്വയം' എന്ന ആശയം വിവേകാനന്ദദർശനത്തിലെ മറ്റൊരു മൗലിക നിരീക്ഷണമാണ്.

### 2.9 ഭാരതീയദർശനങ്ങൾ വിവേകാനന്ദനിലൂടെ

ഭാരതത്തിന്റെ ജ്ഞാനകർമ്മഭക്തിപാരമ്പര്യങ്ങളിൽ നിന്നാണ് വിവേകാനന്ദചിന്തകൾ വികസിച്ചത്. ഇവയ്ക്കാധാരം വേദേതിഹാസപുരാണങ്ങളാണ്. മഹാഗ്രന്ഥങ്ങളുടെയും ഭാരതീയദർശനങ്ങളുടെയും സാരാംശം നിത്യജാഗ്രതയോടെ സദാ കർമ്മനിരതരാവുക എന്നതാണെന്ന് വിവേകാനന്ദൻ വ്യക്തമാക്കുന്നുണ്ട്. ആത്മനിയന്ത്രണത്തിലൂടെ അനുഷ്ഠിക്കപ്പെടുന്ന ഏതു കർമ്മവും മഹത്തരമാണ്. കർമ്മ വിവേചനവും അതുമൂലം സൃഷ്ടിക്കപ്പെട്ട അയിത്താചരണങ്ങളും പൂർണ്ണമായും തെറ്റാണ്. ഭാരതീയ പാരമ്പര്യത്തിൽ അഭിമാനിക്കുമ്പോഴും അതിൽ വന്നു ചേർന്നിട്ടുള്ള തിന്മകളെ ത്യജിക്കാൻ വിവേകാനന്ദനു കഴിഞ്ഞു. ഹൈന്ദവധർമ്മത്തിന്റെ അടിസ്ഥാനത്തിൽ ദർശനങ്ങളുടെ പ്രയോഗത്തെ സ്ഥലകാലവ്യവസ്ഥക്കനുസൃതമായി രൂപപ്പെടുത്തി യെടുക്കുകയായിരുന്നു വിവേകാനന്ദൻ.

ന്യായം, സാംഖ്യം, വൈശേഷികം, യോഗം, പൂർവ്വമീമാംസ, ഉത്തരമീമാംസ(വേദാന്തം) എന്നീ ഷഡ്ദർശനങ്ങളെയും ബൗദ്ധം, ജൈനം, ചാർവ്വാകം എന്നിവയുടെ ആശയങ്ങളെയും വിവേകാനന്ദൻ ഉൾക്കൊണ്ടു. തന്റെ മതം വേദാന്തമാണെന്ന് പലയിടത്തും അദ്ദേഹം എടുത്തു പറയുന്നുണ്ട്. "വേദാന്തം ഒരു വിസ്തീർണ്ണ സമുദ്രമാണ്. അതിനുമേലെ ഗംഭീര യുദ്ധക്കപ്പലിനും ഒരു ചെറിയ കേവുവള്ളത്തിനും അടുത്തടുത്ത് കിടക്കാം. അതിനാൽ വേദാന്തത്തിൽ ഒരു മഹായോഗിക്ക് ഒരു വിഗ്രഹാരാധകന്റെയോ ഒരു നാസ്തികന്റെ തന്നെയോ കൂടെ ജീവിക്കാം. വേദത്തിൽ സമ്പ്രദായഭേദങ്ങളോ വിശ്വാസസംഹിതകളോ ജാതിയോ വർഗ്ഗമോ ഇല്ല. "ഞങ്ങളുടെ വേദാന്തം നിരന്തരമായ സ്വാതന്ത്ര്യ വിളംബരം തന്നെയാണ്. സകലതിനെയും ഈശ്വരഭാവനയോടെ ആരാധിക്കുക."[12] തന്റെ ഈശ്വരസങ്കല്പത്തെ വിവേകാനന്ദൻ വ്യക്തമാക്കുന്നതിങ്ങിനെയാണ്. "ഞാനിത്രയൊക്കെ തപസ്സു ചെയ്തിട്ട് മനസ്സിലാക്കിയ സാരം ഇതാണ്. ഓരോ ജീവനിലും ഭഗവാൻ അധിഷ്ഠാനം ചെയ്യുന്നു. അതൊഴിച്ച് വേറെ ഈശ്വരനും കീശ്വരനുമൊന്നുമില്ല. ജീവനെ സ്നേഹിക്കുന്നവൻ ഈശ്വരനെ സ്നേഹിക്കുന്നു."[13]

വേദാന്തമതാനുയായിയായ ഹിന്ദുവാണ് താനെന്ന് വിവേകാനന്ദൻ പറയുന്നു. ഈശ്വരനെ സാക്ഷാത്കരിക്കാനുള്ള അദമ്യമായ ദാഹമാണ് മതത്തിന്റെ അനിവാര്യമായ ഘടകം. ശാസ്ത്രത്തിന്റെ പുതുപുത്തൻ കണ്ടുപിടിത്തങ്ങൾ മുതൽ വിഗ്രഹാരാധനയും ബൗദ്ധരുടെയും ജൈനരുടെയും വാദങ്ങളും തന്റെ മതം ഉൾക്കൊള്ളുന്നുണ്ട്. അത്രയും വിശാലമാണ് ഹിന്ദുമതം. എന്നാൽ വിശാലമായ

---

12 വിവേകാനന്ദ സാഹിത്യസർവ്വസ്വം ഭാഗം 4, രാമകൃഷ്ണമിഷൻ, പുറനാട്ടുകര, 2012, പുറം 540.

13 വിവേകാനന്ദ സാഹിത്യസർവ്വസ്വം. ഭാഗം 4, 2012, പുറം 19.

ജ്ഞാനവും പാരമ്പര്യവുമുള്ള ഹിന്ദുമതം അക്കാലം തീർത്തും അധഃപതിച്ച അവസ്ഥയിലാണ് എന്ന സത്യവും വിവേകാന്ദൻ മനസ്സിലാക്കി.

“ആത്മവത്സർവ്വഭൂതാനി (സർവ്വഭൂതങ്ങളെയും സ്വന്തം ആത്മാവിനെപ്പോലെ ദർശിക്കണം) എന്നത് പുസ്തകങ്ങളിൽ മാത്രം വർത്തിച്ചാൽ മതിയോ? ദരിദ്രർക്ക് ഒരപ്പക്കഷണം കൊടുക്കാൻ സാധിക്കാത്തവരാണോ മോക്ഷം നൽകാൻ പോകുന്നത്? അന്യന്റെ നിശ്വാസത്തിൽ അശുദ്ധമാകുന്നവർക്ക് മറ്റുള്ളവരെ പരിശുദ്ധരാക്കാൻ സാധിക്കുമോ.”[14]

ഭാരതത്തിന്റെ ദേശീയമതമായി ഹിന്ദുമതത്തെ വികസിപ്പിക്കണമെങ്കിൽ അദ്വൈതം ഒരു ബോധനമാധ്യമമാവണമെന്ന് വിവേകാനന്ദൻ വിശ്വസിച്ചു. മതകാര്യത്തിൽ വർഗീയവും വംശീയവും രാഷ്ട്രീയവുമായ ബോധ്യങ്ങൾക്ക് സ്ഥാനമില്ല. ചുറ്റും കാണുന്നതല്ല യഥാർത്ഥമതമെന്ന് വിവേകാനന്ദൻ ജനങ്ങളോട് പറഞ്ഞു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മതം ഗ്രന്ഥങ്ങളിലോ ദേവാലയങ്ങളിലോ അല്ല, മനുഷ്യരുടെ അനുഭവങ്ങളിലാണ്. ഈശ്വരനെയും ആത്മാവിനെയും സാക്ഷാത്കരിച്ച മനുഷ്യനു മാത്രമേ താൻ മതവിശ്വാസിയാണെന്നു പറയാനുള്ള അർഹതയുള്ളൂ. ജനസാമാന്യം അനുഭവിക്കുന്ന കഷ്ടപ്പാടുകളെ പരിഗണിക്കാത്ത യാതൊരു തത്വശാസ്ത്രവും നിലനിൽക്കില്ല. “വിധവയുടെ കണ്ണീരൊപ്പാനോ അഗതിയുടെ വായ്ക്ക് ഒരപ്പക്കഷ്ണം കൊടുക്കാനോ കഴിയാത്ത ഒരീശ്വരനിലോ മതത്തിലോ ഞാൻ വിശ്വസിക്കുന്നില്ല.”[15]

---

14 വിവേകാനന്ദ സാഹിത്യസർവ്വസ്വം, 1980, ഭാഗം 5-പുറം 329.

15 വിവേകാനന്ദ സാഹിത്യസർവ്വസ്വം. 1980, ഭാഗം 5-പുറം 203.

വിവേകാനന്ദന്റെ വീക്ഷണത്തിൽ ശക്തിയാണ് ജീവൻ. ദൗർബല്യമാണ് മരണം. ദൈവത്തെ സേവിക്കാനും കണ്ടെത്താനുമുള്ള ഉത്തമമാർഗ്ഗം കഷ്ടപ്പെടുന്നവരെ സഹായിക്കുക, വിശക്കുന്നവർക്ക് ആഹാരം നൽകുക, പീഡിതരെ സമാശ്വസിപ്പിക്കുക, രോഗികളെ ശുശ്രൂഷിക്കുക എന്നിവയാണ്. ഇതാണ് വേദാന്തപാഠം. ഹൈന്ദവധർമ്മത്തെ ഭാരതീയധർമ്മമായി വിവേകാനന്ദൻ കാണുന്നു.

നിലവിലുള്ള മതസമ്പ്രദായങ്ങളെപ്പറ്റി വിവേകാനന്ദൻ ഇങ്ങനെ അഭിപ്രായപ്പെട്ടു. “ഇന്ന് നിലവിലുള്ള മതങ്ങളിൽ വ്യാപിച്ചു വരുന്നവയെല്ലാം മുഴുത്ത മതഭ്രാന്തുള്ളവയാണ്.”[16] ഭാരതീയസംസ്കാരത്തിന് അനന്യസാധാരണമായ ആത്മബലമുണ്ട്. നളന്ദയും തക്ഷശിലയുമടക്കമുള്ള വിജ്ഞാനശാലകളുടെ നാടായിരുന്നു ഭാരതം. ആധ്യാത്മിക വിഷയത്തിൽ ലോകാചാര്യസ്ഥാനം ഈ രാജ്യത്തിനുണ്ടായിരുന്നു. അതുകൊണ്ട് ഭാരതീയരെ ‘ഉത്തിഷ്ഠതാ, ജാഗ്രതാ, പ്രാപ്യവരാൻ നിബോധത’ എന്നു വിവേകാനന്ദൻ ഉദ്ബോധിപ്പിച്ചു. ഭൂതകാലത്തിൽ അടിയുറച്ചുനിന്ന്, ഇന്ത്യയുടെ പാരമ്പര്യത്തിൽ വിവേകാനന്ദൻ അഭിമാനിക്കുന്നു. അതേസമയം സാധാരണക്കാരന്റെ ജീവിതപ്രശ്നങ്ങളെ സമീപിക്കുന്നിടത്ത് ഒരാധുനികനും, ഇന്ത്യയുടെ ഭൂതവർത്തമാനങ്ങളെ ഇണക്കി നിർത്തുന്ന കണ്ണിയുമായി വിവേകാനന്ദൻ മാറുന്നു എന്ന് ‘ഇന്ത്യയെ കണ്ടെത്തലിൽ’ ജവഹർലാൽ നെഹ്റു നിരീക്ഷിക്കുന്നുണ്ട്.

“ഭാരതത്തിന്റെ നട്ടെല്ല് പാവങ്ങളിലാണ്. ഭാരതം കുടിലുകളിൽ ജീവിക്കുന്നു. അവിടെ താമസിക്കുന്നവരെ അറിയണം. മനുഷ്യൻ സാക്ഷാൽ നാരായണനാണ്. ഈശ്വരാംശം പ്രകാശിക്കണമെങ്കിൽ അന്യരെ സഹായിക്കണം. മനുഷ്യകുലത്തിന്റെ ദിവ്യതയെ ഇത്ര ഉച്ചസ്വരത്തിൽ ഘോഷണം ചെയ്യുന്ന ഒരു മതവും ഭൂമിയിലില്ല. ഹിന്ദുമതം

16 വിവേകാനന്ദ സാഹിത്യസർവ്വസ്വം. ഭാഗം 5-പുറം 515.

പോലെ അതേസമയം പാവങ്ങളുടെയും അധ:സ്ഥിതരുടെയും കഴിവുകളെ ചൂഷണം ചെയ്യുന്നതും ഈ മതം തന്നെ."[17]

ഇന്ത്യൻ സമൂഹം നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരമായി യഥാർത്ഥ മതവിദ്യാഭ്യാസം വിവേകാനന്ദൻ നിർദ്ദേശിക്കുന്നു. ഹിന്ദുമത്തിലെ വേദാന്തം അഥവാ അദ്വൈതം ജീവിതത്തിൽ പ്രായോഗികമാക്കണം. ജീവൻ ബ്രഹ്മം തന്നെയെന്ന വേദത്തിന്റെ പരമസിദ്ധാന്തം മനസ്സിലുറക്കണം. ഈശ്വരവിശ്വാസത്തിനുമുമ്പ് ആത്മവിശ്വാസം ഉണ്ടാകണം. "പാണ്ഡിത്യവും ഹൃദയാലുത്വവും ജ്ഞാനവും മനുഷ്യാവബോധവും. ഇവ തമ്മിൽ ഏകീഭവിക്കേണ്ടതിന്റെ ആവശ്യകത നമ്മൾ ഗ്രഹിക്കുന്നത് വിവേകാനന്ദന്റെ വാക്കുകളിൽ നിന്നാണ്."[18] കണ്ണുനീരിന്റെ ഭാഷ വിവേകാനന്ദൻ ഉപയോഗിച്ചിട്ടില്ല. ശക്തിയുടെ ഉരുക്കകോട്ടയായി ഭാരതത്തെ അദ്ദേഹം കണ്ടു. ഇരുമ്പിന്റെ മാംസപേശികളും ഉരുക്കിന്റെ സിരാതന്തുക്കളുമാണ് ഭാരതീയർക്ക് വേണ്ടതെന്ന് വിവേകാനന്ദൻ പല വേദികളിലും പറഞ്ഞിട്ടുണ്ട്. രാജ്യത്തിനു വേണ്ടത് ശക്തരായ പൗരന്മാരെ വാർത്തെടുക്കുന്ന മതങ്ങളും സിദ്ധാന്തങ്ങളും വിദ്യാഭ്യാസവുമാണ്. വിവേകാനന്ദചിന്തകളുടെ പ്രയോഗപദ്ധതി ഇതായിരുന്നു.

ലോകത്തിന് മുഴുവൻ ജ്ഞാനപ്രകാശം നൽകിയിരുന്ന ഭാരതം നൂറ്റാണ്ടുകളായി മയക്കത്തിലാണ്. ഭാരതത്തിന്റെ ജീവനാഡി മതമാണ്. മതം എന്നത് ഒരു സാക്ഷാൽക്കാരമാണ്. സനാതനധർമമെന്ന സ്വന്തം സംസ്കൃതിയിൽ വേരൂന്നാതെ ഭാരതത്തിനു സംഭവിച്ച അപചയം മാറ്റിയെടുക്കാൻ സാധിക്കില്ലെന്ന് വിവേകാനന്ദൻ

---

17 വിവേകാനന്ദ സാഹിത്യസർവ്വസ്വം. ഭാഗം 6-പുറം 163.

18 ജോർജ്ജ് ഓണക്കൂർ, വിശ്വാസംസ്കാരത്തിന്റെ ഹൃദയഭാവങ്ങൾ. ഭാരതീയവിചാരകേന്ദ്രം, കൊച്ചി, 2013, സ്വാമിവിവേകാനന്ദനും പ്രബുദ്ധകേരളവും എന്ന സ്മരണികയിലെ ലേഖനം (എഡി.), പി. പരമേശ്വരൻ, പുറം 397.

മനസ്സിലാക്കി. ദാരിദ്ര്യത്തിലും രാഷ്ട്രീയമായ അടിമത്തത്തിലും സാമൂഹ്യമായ ഉച്ചനീചത്വത്തിലും ആണ്ടുകിടക്കുന്ന ഇന്ത്യ മാറണമെങ്കിൽ രാജ്യം ആധ്യാത്മികത വേണ്ടവിധം ഉൾക്കൊള്ളണം. വ്യക്തിപരവും സാമൂഹികവുമായ എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരം കണ്ടെത്താൻ ഓരോ ഭാരതീയനും സാധിക്കും. അസമത്വങ്ങളെ അറിവിന്റെ ആയുധം കൊണ്ടു നേരിടാമെന്ന് വിവേകാനന്ദൻ ചിന്തിച്ചു, തെളിയിച്ചു. മനുഷ്യനിൽ അന്തർലീനമായ പൂർണതയുടെ ആവിഷ്കാരമായി വിദ്യാഭ്യാസത്തെ വിവേകാനന്ദൻ നിർവ്വചിക്കുന്നു. ദാരിദ്ര്യത്തെ ഉന്മൂലനം ചെയ്യാനുള്ള പദ്ധതിയുടെ തുടക്കം സാർവ്വത്രികമായ വിദ്യാഭ്യാസമാണ്. 'ഏകം സദ് വിപ്രാ: ബഹു ധാ വദന്തി' സത്യം ഏകമാണ്. ഈ ആശയത്തിലൂന്നി പ്രായോഗികവേദാന്തത്തിന്റെ വക്താവും പ്രയോക്താവുമായി വിവേകാനന്ദൻ മാറി. ഇന്ത്യൻ സമൂഹത്തിൽ പരിവർത്തനങ്ങൾ അനിവാര്യമാണ്. രാജ്യത്തെ രാഷ്ട്രീയമായും സമൂഹികമായും സാമ്പത്തികമായും സാംസ്കാരികമായും മുന്നോട്ടുകൊണ്ടുപോവുന്ന കർമ്മപദ്ധതിയായാണ് വിവേകാനന്ദൻ തന്റെ ദർശനങ്ങൾ രൂപപ്പെടുത്തിയത്. ഭൗതികമായും ആത്മീയമായും മനുഷ്യന്റെ മഹത്വവും സമത്വവും ഇതുൾക്കൊള്ളുന്നു. ആലസ്യത്തിൽ മയങ്ങിയിരുന്ന ജനതയെ ബോധധാരയിലൂടെ ഉണർത്തുക എന്നതാണ് പ്രക്രിയ. ഇതിനായി വിവിധങ്ങളായ ശാസ്ത്രങ്ങളിൽനിന്നും പ്രയോഗക്ഷമമായ കാര്യങ്ങൾ വിവേകാനന്ദൻ ചികഞ്ഞെടുത്തു. ലക്ഷ്യത്തിനു തടസ്സമാവുന്ന തത്വങ്ങളെ നിരസിക്കാനും ധൈര്യം കാണിച്ചു. യഥാർത്ഥ ജ്ഞാനപ്രകാശം ഓരോരുത്തരിലും എത്തുമ്പോൾ അസമത്വങ്ങൾ ഇല്ലാതാകുന്നു. ഓരോ മനുഷ്യരിലും തങ്ങൾ നിസ്സാരരല്ലെന്നുമുള്ള ബോധമുണർത്തി അവരിൽ ആത്മവിശ്വാസം പകർന്ന് അവരെ ശക്തരും പ്രബുദ്ധരുമാക്കാനാണ് വിവേകാനന്ദദർശനം ലക്ഷ്യം വെച്ചത്.

### 2.10 വിവേകാനന്ദദർശനം: ആത്മീയവും ഭൗതികവും

സർവ്വം ഖല്വിദം ബ്രഹ്മ: (ഇക്കാണുന്നതെല്ലാം ബ്രഹ്മമാണ്), 'അഹം ബ്രഹ്മാസ്മി' (ഞാൻ ബ്രഹ്മമാണ്), 'തത്വമസി (ബ്രഹ്മം നീയാണ്) എന്നീ ഉപനിഷത്ത് വാക്യങ്ങളെ കോർത്തിണക്കിയാണ് വിവേകാനന്ദചിന്തകൾ രൂപപ്പെടുന്നത്. മനുഷ്യത്വവും ദൈവികതയും ഭിന്നമല്ലാതെ കാണുമ്പോൾ വിശാലമായ സവ്വസമത്വദർശനമായി ഇതു മാറുന്നു. "ഞാൻ ഒരു സോഷ്യലിസ്റ്റാണ്. അതൊരു തികവുറ്റ വ്യവസ്ഥയായിട്ടല്ല. പക്ഷേ, അരയപ്പം ഒരപ്പവുമില്ലാത്തതിൽ ഭേദമാണല്ലോ''.[19] "ഇന്ത്യയിലെ സർവ്വവ്യാപകമായ ദുരിതദാരിദ്ര്യങ്ങളും മരവിപ്പിക്കുന്ന അടിമബോധവും പൗരോഹിത്യദുഷ്പ്രവണതകളും ചൂഷണവും കണ്ടുമടുത്ത വിവേകാനന്ദന് സോഷ്യലിസം ഒരാശാകിരണമായിട്ടെങ്കിലും അനുഭവപ്പെട്ടിരിക്കും[20] എന്ന് പി. പരമേശ്വരൻ നിരീക്ഷിക്കുന്നുണ്ട്.

ബാഹ്യവും ആന്തരികവുമായ എല്ലാ ബന്ധനങ്ങളുടെയും പരിപൂർണ്ണനാശം ദൈവികതയിൽ എത്തുന്നു. ഇതാണ് എല്ലാ മതങ്ങളുടെയും യഥാർത്ഥലക്ഷ്യം. തന്റെ പ്രഭാഷണങ്ങളിലൂടെ ഈ ആശയം ലോകത്തിനുമുമ്പിൽ പ്രഖ്യാപിക്കുകയായിരുന്നു വിവേകാനന്ദൻ. ധനികനെന്നോ ദരിദ്രനെന്നോ ഭേദമില്ലാതെ സമസ്തമനുഷ്യരാശിയെയും, ആവേശഭരിതരാക്കുന്നവയാണ് വിവേകാനന്ദചിന്തകൾ. ആത്മസാക്ഷാൽക്കാരം ഓരോരുത്തരുടെയും ജന്മാവകാശമാണ് എന്ന് വിവേകാനന്ദൻ വിശ്വസിച്ചു. വികസിത രാഷ്ട്രങ്ങൾക്കൊപ്പം മുന്നേറുന്ന സ്വതന്ത്രവും സുശക്തവുമായ ഭാരതത്തെ അദ്ദേഹം സ്വപ്നം കണ്ടു. ഈ ലക്ഷ്യം നേടുന്നതുവരെ പരിശ്രമം തുടരണമെന്ന് ഇന്ത്യൻ ജനതയോട് പറഞ്ഞു. ഉത്തിഷ്ഠതാ, ജാഗ്രതാ പ്രാപ്യവരാൻ നിബോധതാ: (ഉണരൂ, എഴുന്നേൽക്കൂ,

---

[19] വി. സാ,സ. ഭാഗം 5 പുറം 452.

[20] പി. പരമേശ്വരൻ, വിവേകാനന്ദനും മാർക്സും, മാതൃഭൂമി, കോഴിക്കോട്, 1976, പുറം 63.

ലക്ഷ്യം നേടുന്നതുവരെ പിന്മാറരുത് – പ്രസിദ്ധമായ ഈ കഠോപനിഷത് സന്ദേശമാണ് വിവേകാനന്ദൻ തന്റെ പ്രസംഗങ്ങളിൽ ധാരാളം പ്രാവശ്യം എടുത്തു കാണിച്ചത്. ആത്മവിശ്വാസമുള്ള സ്വതന്ത്രഭാരതത്തിന് അത്ഭുതങ്ങൾ പ്രവർത്തിക്കാൻ കഴിയും. ലോകത്തിന്റെ ആധ്യാത്മിക ഗുരുസ്ഥാനം ഏറ്റെടുക്കാൻ ഭാരതം ചില പരിവർത്തനങ്ങൾക്കു വിധേയമാവണം. ആഭ്യന്തരമായ പ്രശ്നങ്ങളും വൈരുദ്ധ്യങ്ങളും പരിഹരിക്കപ്പെടുമ്പോൾ മാത്രമേ ഈ കർത്തവ്യനിർവ്വഹണത്തിന് ഇന്ത്യ സുസജ്ജമാകൂ. 'രാഷ്ട്രീയമായ പ്രായോഗികവേദാന്തം' എന്ന സമഗ്രമായ ആധ്യാത്മികതത്വം വിവേകാനന്ദ ദർശനത്തിന്റെ പ്രകടനപത്രികയായി കാണാം.

### 2.11 വേദാന്തദർശനം

" 'വേദാന്തദർശന'മെന്നു വിശേഷേണ പറയുന്നത് വ്യാസദർശനത്തെയാണ്. വേദസിദ്ധാന്തങ്ങളിൽ നിലയുറപ്പിച്ചുകൊണ്ട് വ്യാസസൂത്രങ്ങൾ വേദാന്ത തത്വശാസ്ത്രത്തിന്റെ അടിസ്ഥാനമാവുന്നു. സാംഖ്യം, ന്യായം മുതലായ പൂർവദർശനങ്ങളെ വേദാന്തസിദ്ധാന്തങ്ങളുമായി അനുരഞ്ജിപ്പിക്കുവാൻ വ്യാസദർശനം ശ്രമിക്കുന്നുണ്ട്."[21] വേദങ്ങളും ഉപനിഷത്തുക്കളും ബ്രാഹ്മണങ്ങളും വേദാന്തത്തിന്റെ അടിസ്ഥാനമാണ്. ഹിന്ദുമതത്തിൽ ഉണ്ടായ എല്ലാ വൈദികദർശന ശാസ്ത്രങ്ങളെല്ലാം വേദാന്തത്തെ അടിസ്ഥാനമായി സ്വീകരിക്കുന്നുവെന്ന് വിവേകാനന്ദൻ സിദ്ധാന്തിക്കുന്നു. മൂന്നു ദർശനസമ്പ്രദായങ്ങൾ വേദാന്തദർശനത്തിൽ നിലനിൽക്കുന്നുണ്ട്. ദ്വൈതം, വിശിഷ്ടാദ്വൈതം, അദ്വൈതം എന്നിവയാണവ.

മനുഷ്യൻ ഈശ്വരാംഗമാണെന്നും ചുറ്റും കാണുന്നതെല്ലാം ആ ഈശ്വര ചൈതന്യത്തിൽ നിന്ന് സംഭവിച്ചിട്ടുള്ളതാണെന്നും വേദാന്തം പ്രഖ്യാപിക്കുന്നു.

[21] വിവേകാനന്ദൻ, വി.സാ.സ. ഭാഗം 4, പുറം 487. ഖണ്ഡിക 2. രാമകൃഷ്ണമഠം. തൃശ്ശൂർ 2012.

ഈശ്വരാംഗം എല്ലാവരിലും ഒരു പോലെ വികസിച്ചിരിക്കുകയില്ല. ആചാര്യന്റെ ധർമ്മം മനുഷ്യനെ കുറ്റപ്പെടുത്താതെ അവനിൽ മറഞ്ഞിരിക്കുന്ന ചൈതന്യത്തെ പ്രകാശിപ്പിക്കാൻ സഹായിക്കുകയാണ്. വേദാന്തത്തിലെ ഈശ്വരൻ ഒരു തത്വമാണെന്നും മനുഷ്യർ എല്ലാവരും സഗുണേശ്വരന്മാരാണെന്നും വിവേകാനന്ദൻ പറഞ്ഞു. ഇവിടെ ഭേദഭാവങ്ങളില്ല. ഉത്തമവും അധമവുമില്ല. ജ്ഞാനം (വേദം) ഈശ്വരനാണ്. അത് നമ്മളിലുണ്ട്. നാം കണ്ടെത്തണം എന്നു മാത്രം

പ്രപഞ്ചതത്വം വ്യത്യസ്തമായ ദൃഷ്ടികോണിലൂടെയാണ് വിവിധ ദാർശനികന്മാർ കാണുക. വേദാന്തദർശനം പക്ഷേ അതിന്റെ സമഗ്രമായ കാഴ്ചാനുഭവം പ്രദാനം ചെയ്യും. വേദാന്തത്തിൽ തന്നെ അദ്വൈതത്തിന്റെ വഴിയാണ് വിവേകാനന്ദൻ സ്വീകരിക്കുന്നത്. താൻ ഒരു വേദാന്തിയും അദ്വൈതിയുമാണെന്ന് പല പ്രഭാഷണങ്ങളിലും അദ്ദേഹം പറഞ്ഞിട്ടുണ്ട്. അതിനാൽ തന്നെ ഈ ആശയങ്ങൾ പിന്തുടർന്നിരുന്ന ബുദ്ധനും ശങ്കരാചാര്യരും വിവേകാനന്ദനെ ഏറെ സ്വാധീനിച്ചവരാണ്. അദ്വൈതസിദ്ധാന്ത മനുസരിച്ച് പ്രപഞ്ചം മുഴുവൻ ഒന്നാണ്. സത്ത അഥവാ സത് അവയെ രൂപങ്ങളാക്കി പ്രകാശിപ്പിക്കുന്നു. അദ്വൈതധാർമികതയുടെ അർത്ഥം സ്വയം ത്യജിക്കലാണ്. എല്ലാം ഒന്നായി കരുതുമ്പോൾ വെറുപ്പും അസൂയയും ദുരിതവും ഉണ്ടാവുന്നില്ല. സത്-ചിത്-ആനന്ദം-സച്ചിദാനന്ദം-മനുഷ്യജന്മത്തിന് നേടാൻ അദ്വൈതദർശനത്തിന്റെ വഴിയാണ് വിവേകാനന്ദൻ നിർദ്ദേശിക്കുന്നത്. വിവേകാനന്ദചിന്തകളുടെ അന്തസ്സത്ത അദ്വൈതം എന്ന ആശയത്തിലാണ്.

**2.12 അമേരിക്കൻ പര്യടനം**

1893-ൽ ചിക്കാഗോവിൽ നടന്ന ലോകമതപാർലമെന്റിൽ ഹിന്ദുമത സന്യാസിയായി ഭാരതത്തെ പ്രതിനിധീകരിച്ചത് വിവേകാനന്ദനാണ്. അമേരിക്കയിലെ

എന്റെ സഹോദരീസഹോദരന്മാരേ എന്ന് അഭിസംബോധനയോടെ ആരംഭിച്ച പ്രഭാഷണം സദസ്സിന്റെ വലിയ അംഗീകാരം നേടി. എല്ലാ മതങ്ങളും വ്യത്യസ്തമായി ഒഴുകുന്ന നീരുവറകളാണെങ്കിലും ലയിക്കുന്നത് മാനവധർമ്മമെന്ന സമുദ്രത്തിലാണ്. "സഹിഷ്ണതയും സാർവ്വത്രികസ്വീകാര്യതയും ലോകത്തെ പഠിപ്പിച്ചത് ഹിന്ദുമതമാണെന്ന് വിവേകാനന്ദൻ തെളിവുകൾ തിരത്തി സ്ഥാപിച്ചു. എല്ലാ രാജ്യങ്ങളിലെയും എല്ലാ മതങ്ങളിലെയും അഭയാർത്ഥികളെ സ്വീകരിച്ച ഹിന്ദുമതത്തിന്റെയും ഇന്ത്യയെന്ന രാഷ്ട്രത്തിന്റെയും പേരിൽ താൻ അഭിമാനിക്കുന്നതായി വിവേകാനന്ദൻ കൂട്ടിച്ചേർത്തു."[22] ഈ യുവസന്യാസിയെ വിശ്വപൗരനായി വിശേഷിപ്പിച്ചുകൊണ്ടാണ് അമേരിക്കയിലെ പ്രമുഖപത്രങ്ങൾ ചിക്കാഗോ പ്രസംഗത്തിന്റെ വാർത്തകൾ നൽകിയത്.

വിവേകാനന്ദൻ പേരുകേട്ട പ്രസംഗകനായിരുന്നില്ല. ഇന്ത്യയിൽ വിവിധ പ്രദേശങ്ങളിലെ ശ്രോതാക്കളുടെ ചെറിയ സംഘത്തിനോട് മാത്രമായിരുന്നു അമേരിക്കൻ പര്യടനത്തിനുമുമ്പ് അദ്ദേഹം സംവദിച്ചിട്ടുള്ളത്. ഒരു മഹാസദസ്സിൽ വിവേകാനന്ദൻ ജനങ്ങളെ ആദ്യമായി അഭിസംബോധന ചെയ്തത് ചിക്കാഗോവിലാണ്. അമേരിക്കയിലെ വിവിധ നഗരങ്ങളിൽ പ്രസംഗിക്കാൻ അവിടെ വെച്ചുതന്നെ വിവേകാനന്ദന് ക്ഷണം ലഭിച്ചു. ഭൗതികസമൃദ്ധിയിൽ അഭിരമിക്കുമ്പോഴും ആത്മീയമായ ഒരാനാഥത്വം പാശ്ചാത്യ ലോകത്തെ ജനങ്ങൾ അനുഭവിക്കുന്നുണ്ടെന്ന് വിവേകാനന്ദൻ നിരീക്ഷിക്കുന്നുണ്ട്. ചിക്കാഗോ പ്രസംഗങ്ങൾക്കുശേഷം രണ്ടുമാസക്കാലം നീണ്ട പ്രഭാഷണ പര്യടനമായിരുന്നു വിവേകാനന്ദന്. ബോസ്റ്റൺ, വാഷിംഗ്ടൺ, ന്യൂയോർക്ക്, കേംബ്രിഡ്ജ് തുടങ്ങിയ പ്രധാന അമേരിക്കൻ നഗരങ്ങളിലെല്ലാം ആധ്യാത്മികപ്രഭാഷണങ്ങൾ നടന്നു.

---

22 സിദ്ധിനാഥാനന്ദ സ്വാമികൾ. സ്വാമി വിവേകാനന്ദൻ, രാമകൃഷ്ണമഠം. പുറനാട്ടുകര, തൃശ്ശൂർ, 1980, പുറം 372, 373.

ചിക്കാഗോ മതസമ്മേളനത്തിലും അമേരിക്കയിലെ മറ്റു വേദികളിലുമായി ആധ്യാത്മികമായ നിരവധി വിഷയങ്ങളിൽ വിവേകാനന്ദൻ സംസാരിച്ചു. ഹിന്ദുമതം, നാം വിയോജിക്കുന്നതെന്തുകൊണ്ട്? മതമല്ല ഭാരതത്തിന്റെ അടിയാന്തരാവശ്യം, ഇന്ത്യയിലെ ആധുനികമതങ്ങൾ, ഹിന്ദുമതത്തിന്റെ സാരാംശം, തുടങ്ങിയവ ചർച്ച ചെയ്യപ്പെട്ടു.

1893 സെപ്റ്റംബർ 11 മുതൽ 27 കൂടിയുള്ള പതിനേഴ ദിവസങ്ങളിലായിരുന്ന ചിക്കാഗോ മതസമ്മേളനം ആധ്യാത്മികതയെ ഗൗരവമായി സമീപിക്കുന്ന ജനങ്ങളുമായി നിരന്തരം ഇടപെടാൻ അവിടെ വിവേകാനന്ദന് കഴിഞ്ഞു. വിവിധ മതപണ്ഡിതരുമായും ചർച്ചകൾ ചെയ്തു. തന്റെ കാഴ്ചപ്പാടുകളെ ലോകധർമ്മിയായി അവതരിപ്പിക്കുന്നതിൽ വിവേകാനന്ദൻ വിജയിച്ചു. അമേരിക്കൻ ചിന്താമണ്ഡലത്തിൽ ഇന്ത്യയെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ മാറ്റാൻ അദ്ദേഹത്തിന് സാധിച്ചു. "ആധുനിക ഭാരതീയ നവോത്ഥാന പ്രസ്ഥാനത്തിന്റെ മതതുല്യതാവാദം എന്ന മഹത്തായ ആശയമാണ് ലോകത്തിനാകെ അനുകരണീയമായ ഒന്നായി പ്രഭാഷണങ്ങളിലൂടെ വിവേകാനന്ദൻ മുന്നോട്ടുവെച്ചത്."[23]

1893 അവസാനം ഇന്ത്യയിലേക്കു തിരിച്ചു പോന്ന വിവേകാനന്ദൻ 1894-ൽ വീണ്ടും വിദേശപര്യാടനത്തിന് പോകുന്നുണ്ട്. 1896 വരെയുള്ള കാലയളവിൽ യൂറോപ്പിലും അമേരിക്കയിലും പ്രഭാഷണപരമ്പകൾ നടന്നു. മതപ്രചാരണം എന്നതിനുപ്പുറത്ത് പല വേദികളിലും കഠിനമായ ആധ്യാത്മിക വിഷയങ്ങളുടെ പ്രഭാഷണങ്ങളും ക്ലാസുകളും ഉണ്ടായി. ഭക്തി, ജ്ഞാനയോഗങ്ങളും സാംഖ്യവേദാന്തവും സദസ്യരെ പരിചയപ്പെടുത്തി. പ്രസ്ഥാനത്രയം-ഭഗവദ്ഗീത, ഉപനിഷത്തുക്കൾ, ബ്രഹ്മസൂത്രം-അധികരിച്ച് തൗസന്റ് ഐലന്റ്പാർക്കിൽ നടന്ന പ്രഭാഷണങ്ങൾ അമേരിക്കൻ തത്വചിന്തകരുടെയും ശ്രദ്ധ

[23] ഉണിത്തിരി.എൻ.വി.പി, സ്വാമി വിവേകാനന്ദൻ, നാഷനൽ ബുക്ക്സ്റ്റാൾ.1987, പുറം 88.

ആകർഷിച്ചു. ദ്വൈതം, വിശിഷ്ടാദ്വൈതം, അദ്വൈതം എന്നീ വേദാന്തശാഖകളും നാരദഭക്തിസൂത്രവും തന്റെ ഗുരുനാഥന്റെ (രാമകൃഷ്ണപരമഹംസൻ) മഹത്വവും വിദേശത്തെ ക്ലാസുകളിൽ ചർച്ച ചെയ്തു. ഇന്ത്യയുടെ മഹത്തായ പാരമ്പര്യത്തെ ലോകത്തിന് ബോധ്യപ്പെടുത്താൻ ശ്രമിക്കുമ്പോഴും ഭാരതത്തിലെ പട്ടിണിപ്പാവങ്ങളുടെ ദുരവസ്ഥ മാറ്റാൻ തനിക്കെന്തു ചെയ്യാൻ കഴിയുമെന്ന ചിന്ത വിവേകാനന്ദനെ മഥിച്ചിരുന്നു.

തന്റെ രണ്ടാം വിദേശപര്യടനത്തിൽ ഫ്രാൻസിലും ഇംഗ്ലണ്ടിലും വിവേകാനന്ദൻ വിവിധ വേദികളിൽ പ്രസംഗിച്ചു. ലണ്ടനിലെ പിക്കാഡല്ലിയിൽ ചെയ്ത പ്രസംഗശേഷമാണ് മിസ് മാർഗരറ്റ് നോബിൾ വിവേകാനന്ദന്റെ അനുയായി ആയത്. ഇവർ പിന്നീട് വിവേകാനന്ദന്റെ പ്രമുഖശിഷ്യയാവുകയും സിസ്റ്റർ നിവേദിത എന്ന നാമം സ്വീകരിക്കുകയും ചെയ്തു.

കർമ്മയോഗത്തെപ്പറ്റി നടത്തിയ ന്യൂയോർക്ക് ക്ലാസുകൾക്കുശേഷമാണ് വിവേകാനന്ദന്റെ അനുയായി ജെ.ജെ ഗുഡ്‌വിൻ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തുന്ന എഴുത്തുകാരനായി വിവേകാനന്ദനോടൊപ്പം ചേർന്നത്. ഹാർഡ്‌വാർഡ് സർവ്വകലാശാലയുടെ ദാർശനികവിഭാഗം വിവേകാനന്ദൻ സന്ദർശിക്കുന്നത് ഇക്കാലത്താണ്. വേദാന്തദർശനത്തെ അടിസ്ഥാനമാക്കി അദ്ദേഹം ഹാർഡ്‌വാർഡിൽ തത്വചിന്തയുടെ വിദ്യാർത്ഥികളെ അഭിസംബോധനചെയ്തു. പൗരസ്ത്യദർശനത്തിന്റെ പ്രൊഫസറായി തങ്ങളുടെ സർവ്വകലാശാലയിൽ വരാൻ ഹാർഡ്‌വാർഡ് സർവ്വകലാശാല അധികൃതർ വിവേകാനന്ദനെ ക്ഷണിക്കുന്നത് ഈ പ്രസംഗശേഷമാണ്. ആ മേഖലയിൽ വിവേകാനന്ദന്റെ പാണ്ഡിത്യത്തെ വെളിപ്പെടുത്തുന്നതാണ് ഇതെല്ലാം. സ്വിറ്റ്സർലന്റ്, ജനീവ, ഇറ്റലി, ശ്രീലങ്ക തുടങ്ങിയ

രാജ്യങ്ങളും വിവേകാനന്ദൻ സന്ദർശിക്കുന്നുണ്ട്. ലോകപ്രശസ്തരായ പലരേയും അദ്ദേഹം പരിചയപ്പെടുന്നത് ഇക്കാലത്താണ്. തത്വചിന്തരായ മാക്സ്മുള്ളറും ഇംഗർസോളും ഇവരിൽ പ്രമുഖരത്രെ.

പാശ്ചാത്യ-പൗരസ്ത്യലോകങ്ങൾ തമ്മിൽ സഹാനുഭൂതിയോടും സഹകരണ ത്തോടും കൂടിയ ബന്ധം സ്ഥാപിക്കാനുള്ള താത്വികമായ അടിത്തറ ഒരുക്കാൻ വിവേകാനന്ദന്റെ ലോകപര്യടനങ്ങൾക്ക് സാധിച്ചു. ജനസാമാന്യത്തിലും ചിന്തകരിലും ഒരുപോലെ ഇതിന്റെ സ്വാധീനം ഉണ്ടായി. ഇന്ത്യയെ അവജ്ഞയോടു കൂടി നോക്കിക്കണ്ടിരുന്ന പാശ്ചാത്യ ബുദ്ധിജീവികളിൽ അവഗണിക്കാനാവാത്ത സാംസ്കാരിക സമ്പത്തിന്റെ ഉടമസ്ഥരാണ് ഇന്ത്യ എന്ന തോന്നലുളവാക്കാൻ വിവേകാനന്ദന് കഴിഞ്ഞു. വേദാന്തയും യോഗയും പാശ്ചാത്യരെ പരിചയപ്പെടുത്തുന്നത് വിവേകാനന്ദനാണ്. അവരുടെ ദർശനങ്ങളിലെ ഗുണവശങ്ങൾ വിവേകാനന്ദൻ സ്വീകരിച്ചു. പാശ്ചാത്യരിൽ ഉണ്ടായ ഭൗതികപുരോഗതിയുമായി ഇന്ത്യൻ ആത്മീയതയെ സംയോജിപ്പിക്കാൻ ശ്രമിച്ചു. തന്റെ ചിന്ത വിശാലമാക്കാൻ വൈദേശികബന്ധങ്ങളും അനുഭവങ്ങളും വിവേകാനന്ദനെ ഏറെ സഹായിച്ചിട്ടുണ്ട്.

### 2.13 രാമകൃഷ്ണമിഷൻ

തങ്ങളുടെ ഗുരുവായ രാമകൃഷ്ണപരമഹംസന്റെ സമാധിക്കുശേഷം ശിഷ്യന്മാർ വിവേകാനന്ദന്റെ നേതൃത്വത്തിൽ രൂപീകരിച്ച ആദ്ധ്യാത്മികപ്രസ്ഥാനമാണ് രാമകൃഷ്ണമിഷൻ. 1897 മെയ് 1ന് പ്രവർത്തനമാരംഭിച്ചു. എല്ലാവർക്കും വിദ്യാഭ്യാസം, സാമൂഹിക ആരോഗ്യപരിപാലനം, രാമകൃഷ്ണപരമഹംസന്റെ തത്വങ്ങളുടെ പ്രചാരണം, മതസൗഹാർദ്ദം തുടങ്ങിയ ലക്ഷ്യങ്ങൾ മിഷനുണ്ടായിരുന്നു. ഹിന്ദുമതത്തിന്റെ അടിസ്ഥാനത്തിലുള്ള സന്യാസാശ്രമത്തിനായി രാമകൃഷ്ണമഠവും (1901) മറ്റു

പ്രവർത്തനങ്ങൾക്കായി രാമകൃഷ്ണമിഷനു(1909)മായി പിന്നീട് ഉത്തരവാദിത്തങ്ങൾ വിഭജിക്കപ്പെട്ടു. രാമകൃഷ്ണമിഷനു തുടക്കമിടുന്നത് വിവേകാനന്ദനാണ്. 'ആത്മാനോ മോക്ഷാർത്ഥം ജഗദ്ധിതായച' (സ്വന്തം മോക്ഷത്തിനും ലോകത്തിന്റെ മോക്ഷത്തിനും വേണ്ടി) എന്നതാണ് മിഷന്റെ പ്രമാണസൂക്തം. ആഗോളപ്രസ്ഥാനമായി വളർന്ന രാമകൃഷ്ണമിഷന് ഇന്ത്യയിലും (96) മറ്റു രാജ്യങ്ങളിലുമായി ആകെ 141 കേന്ദ്രങ്ങളുണ്ട്. വിവേകാനന്ദനടക്കമുള്ള രാമകൃഷ്ണപരമഹംസന്റെ നേരിട്ടുള്ള പതിനാറു ശിഷ്യന്മാരായിരുന്നു പ്രസ്ഥാനത്തിന്റെ അമരക്കാർ. വേദാന്തത്തെ ഒരു പ്രായോഗികദർശനമാക്കി മാറ്റി, സാമൂഹികസേവനം അതിനുള്ള മുന്നുപാധിയായും രാമകൃഷ്ണമിഷൻ കണ്ടു. "പിൽക്കാലത്ത് പല മഹാന്മാരും സ്വന്തം പേരിൽ മിഷൻ സ്ഥാപിച്ചപ്പോൾ വിവേകാനന്ദൻ ഗുരുവിന്റെ പേരിലാണ് ഒരു പ്രസ്ഥാനം തുടങ്ങിയത്."[24] ശ്രീരാമകൃഷ്ണ പ്രസ്ഥാനങ്ങളുടെ ആഗോളതലസ്ഥാനമായി കൊൽക്കത്തയിലെ ബേലൂർ മഠം നിലകൊള്ളുന്നു.

രാമകൃഷ്ണമഠങ്ങൾ വ്യവസ്ഥാപിത രീതിയിലുള്ള സന്യാസാശ്രമങ്ങളായിരുന്നു. രാമകൃഷ്ണമിഷന്റെ പ്രഖ്യാപിതലക്ഷ്യങ്ങൾ കൈവരിക്കാൻ നേതൃത്വം നൽകേണ്ട സന്യാസിമാരെ മഠം വളർത്തിയെടുക്കും. ജാതി-മത വിവേചനങ്ങൾ മഠങ്ങളുടെ പ്രവർത്തനത്തിൽ പാടില്ല എന്നതാണ് പ്രഖ്യാപിത നയം. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മറ്റും നടത്തിപ്പ് രാമകൃഷ്ണമിഷന്റെ കീഴിലായിരുന്നു. " Through the Ramakrishna Mission and the Ramakrishna Math with their respective centres are distinct institutions, there is close association between them,

---

[24] എം.ജി.എസ്. നാരായണൻ, ചക്രവാളത്തിൽ ഒരു ശുക്രനക്ഷത്രം-സ്വാമിവിവേകാനന്ദനും പ്രബുദ്ധകേരളവും. എഡി. എ.പി.പരമേശ്വരൻ. ഭാരതീയ വിചാരകേന്ദ്രം, തിരുവനന്തപുരം, 2013, പുറം 169.

since the Governing body of the mission consists of the monks of the math. Both have their Head Quarters at Belur Math. But their funds and accounts are Separate."[25]

കർമ്മസന്യാസിമാരെ വാർത്തെടുക്കാൻ അർത്ഥപൂർണ്ണമായ പദ്ധതികൾ വേണം. അതിനുള്ള വേദിയായാണ് രാമകൃഷ്ണമിഷൻ രൂപപ്പെടുന്നത്. ഹൈന്ദവധർമ്മത്തിന്റെ ബഹുധാരകളെ പരിചയപ്പെടുത്തുന്ന ആധ്യാത്മിക ഗ്രന്ഥങ്ങൾ മിഷന്റെ പ്രസാധക വിഭാഗം പുറത്തിറക്കുന്നു. വിവേകാനന്ദന്റെയും, ഗുരുവായ രാമകൃഷ്ണപരമഹംസരുടെയും പ്രഭാഷണങ്ങളും എഴുത്തുകളും സമാഹരിച്ച് മിഷൻ വിവിധ ഭാഗങ്ങളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒട്ടനവധി വിദ്യാലയങ്ങൾ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ രാമകൃഷ്ണമിഷൻ നടത്തുന്നു. രാമകൃഷ്ണാശ്രമത്തിലെ നടപടിക്രമങ്ങളെല്ലാം അദ്വൈത വേദാന്തത്തിൽ ചിട്ടപ്പെടുത്തിയതാണ്. ജാതീയമായ വേർതിരിവുകൾക്ക് മിഷനിൽ സ്ഥാനമില്ല. മിഷന്റെ ഔദ്യോഗിക പ്രസിദ്ധീകരണമാണ് 'പ്രബുദ്ധഭാരതം'. മലയാളത്തിൽ പുറനാട്ടുകര ആശ്രമത്തിൽ നിന്നും 'പ്രബുദ്ധകേരളം' പുറത്തിറക്കുന്നു. ഭാരതത്തിന്റെയും, അതിലൂടെ മുഴുവൻ ലോകത്തിന്റെയും ആധ്യാത്മികപുരോഗതി രാമകൃഷ്ണമിഷൻ ലക്ഷ്യമാക്കുന്നു.

### 2.14 വിവേകാനന്ദദർശനം: സവിശേഷതകൾ

ലോകത്തെ കൂടുതൽ നന്മയുള്ളതും മനുഷ്യത്വപരവുമാക്കി മാറ്റുക എന്ന വിശാലമായ ആശയത്തിന്റെ സാധ്യതകളിലാണ് വിവേകാനന്ദദർശനം ഊന്നിയത്. ഭാരതത്തെ എല്ലാ അർത്ഥത്തിലും ഉണർത്തുക, രാജ്യത്തിന്റെ യുവശക്തിയെ

---

25 Life of Swami Vivekananda-By his Eastern and Western Disciples. Volume 11. Page 255. Advaitha Asrama Kolkatta 2005.

കർമ്മോത്സുകരാക്കുക. വിദ്യാഭ്യാസത്തിന്റെ ജ്ഞാനം എല്ലാവരിലും എത്തിക്കുക, ഒപ്പം ഭാരതത്തിന്റെ തനത് ആത്മീയതയെ പുനഃസൃഷ്ടിക്കുക, വിവേകാനന്ദചിന്തകൾ രൂപപ്പെട്ടതും വികസിച്ചതും ഈ വഴിയിലായിരുന്നു. ഇതിനുവേണ്ട കർമ്മപദ്ധതികൾ ആവിഷ്കരിച്ചതിനുപുറമേ ഒരു ജനതയ്ക്ക് ഇത് അനുഭവവേദ്യമാക്കാനും കഴിഞ്ഞു എന്നത് വിവേകാനന്ദദർശനത്തിന്റെ പ്രകടമായ സവിശേഷതയാണ്. കന്യാകുമാരിയിൽ തപസ്സിരുന്നപ്പോൾ തനിക്കു കൈവന്ന ആത്മീയാനുഭവം സാധകനായ ആർക്കും നേടാം എന്ന പാഠമായിരുന്നു വിവേകാനന്ദൻ നൽകിയത്.

"ആധ്യാത്മികതയും പവിത്രതയുമാണ് ഹിന്ദുജനതയുടെ സാരഭൂതമായ തത്വം. പ്രഥമവും പ്രധാനവുമായി ആ ആധ്യാത്മികത, നമ്മുടെ പൂർവ്വപിതാക്കന്മാർ പരമ്പരയായി നമുക്കു നൽകിയ അമൂല്യനിധി, മുറുകെ പിടിക്കുക."[26] ഇതിനുവേണ്ടത് യഥാർത്ഥ വിദ്യാഭ്യാസമാണ്. "ആശയങ്ങളും ആധ്യാത്മികതത്വങ്ങളും സാധാരണ ജനങ്ങളിൽ എത്തുമ്പോൾ അവർ ആത്മവിശ്വാസമുളളവരാകും. വിവേകാനന്ദചിന്തകളുടെ പ്രയോഗ പദ്ധതിയിൽ വിദ്യാഭ്യാസത്തിന് പ്രമുഖസ്ഥാനമുണ്ട്."[27]

വിവേകാനന്ദചിന്തകൾ അഭിസംബോധന ചെയ്തത് സാധാരണമനുഷ്യനെയാണ് ഈശ്വരചൈതന്യം എല്ലാ ജീവജാലങ്ങളിലുമുണ്ടെന്നും മനുഷ്യനിൽ അതിനെ ഉണർത്തി ആവിഷ്കരിക്കുമ്പോൾ ദേവത്വം എന്നത് അതിൽ നിന്നും ഭിന്നമല്ലെന്നും വിവേകാനന്ദൻ നിരീക്ഷിക്കുന്നു. 'അഹം ബ്രഹ്മാസ്മി'യും, 'തത്വമസി'യും എറ്റവും ലാളിത്യത്തോടെ പ്രയോഗിക്കാവുന്ന വാക്യങ്ങളാക്കി വിവേകാനന്ദൻ സമൂഹത്തിനു നൽകി. തന്റെ ചിന്തകൾ പ്രവൃത്തിപഥത്തിൽ എത്തിക്കാനുളള നിർദ്ദേശങ്ങൾ നൽകുന്നതോടൊപ്പം

---

26 വി.സാസ.വോള്യം 3, രാമകൃഷ്ണമഠം പുറനാട്ടുകര, തൃശ്ശൂർ. 2001, പുറം 218.

27 വിദ്യാഭ്യാസം, സ്വാമിവിവേകാനന്ദൻ, സമാഹാരണം ടി.എസ്, അവിനാശലിംഗം ചെട്ടിയാർ, പരിഭാഷ ഗോവിന്ദമേനോൻ, രാമകൃഷ്ണമഠം, പുറനാട്ടുകര, തൃശ്ശൂർ.1989, പുറം 85.

അത് പ്രയോഗത്തിൽ കൊണ്ടുവരാനും വിവേകാനന്ദൻ ശ്രദ്ധിച്ചു. പൊതുസമൂഹത്തിൽ നിന്നു പുറത്തുവന്നുള്ള നിരീക്ഷണങ്ങളും അവ അടിസ്ഥാനമാക്കി വികസിപ്പിച്ച തത്വശാസ്ത്രവുമായിരുന്നില്ല വിവേകാനന്ദദർശനം. ജനങ്ങളുടെ ഭൗതികാവശ്യങ്ങൾ നിറവേറ്റാൻ അവർക്കൊപ്പം നിന്ന്, അടുത്ത ഘട്ടമായ ആത്മീയതയിലേക്ക് അവരെ നയിക്കുകയായിരുന്നു ഈ ദർശനങ്ങൾ. ഭൗതികതയും ആധ്യാത്മികതയും പരസ്പര പൂരകമായി മാറുന്നു എന്നത് വിവേകാനന്ദമതത്തിന്റെ പ്രത്യേകതയാണ്. ജ്ഞാന മണ്ഡലവും പ്രയോഗരീതികളും പ്രത്യേകം നിർണ്ണയിച്ച് ആവിഷ്കരിച്ചപ്പോൾ വിവേകാനന്ദദർശനം സമഗ്രമായ ജീവിതരീതി ലോകസമൂഹത്തിന്, വിശിഷ്യാ ഇന്ത്യക്ക്, നൽകി. പാശ്ചാത്യരാജ്യങ്ങളിലുള്ള തന്റെ പ്രഭാഷണപര്യടനങ്ങൾക്കു ശേഷം അവിടത്തെ അനുഭവസമ്പത്ത് തനിക്കു നൽകിയ ആശയങ്ങളും വിവേകാനന്ദമതത്തിൽ ഉൾച്ചേർന്നിട്ടുണ്ട്. നിശ്ചിയമായ ക്രമങ്ങളോടെ അടച്ചിട്ട സംവിധാനത്തിനുപകരം അന്തരീക്ഷത്തിലേക്കും ജിവ പ്രകൃതിയിലേക്കും വിശാലമായി തുറന്നവയാണ് വിവേകാനന്ദ പദ്ധതികൾ. മനുഷ്യനെയും മനുഷ്യത്വത്തെയും ഉദ്ഘോഷിക്കുന്നതിനാൽ വിവേകാനന്ദ ദർശനത്തിന് സാർവ്വ ദേശീയമായ പ്രസക്തിയും അംഗീകാരവും ലഭിച്ചു.

വിദ്യാഭ്യാസം ജനതയിലെ ജ്ഞാനമണ്ഡലം വികസിപ്പിക്കും. ജാതീയവും ലിംഗപരവും സാമ്പത്തികവുമായ വേർതിരിയലുകൾ അറിവിന്റെ ജനകീയതക്കു മുന്നിൽ നിലനിൽക്കില്ല. സമ്പൂർണ്ണ മനുഷ്യനിലേക്കു വളരാനുള്ള പദ്ധതിയുടെ ഉപകരണമായി മതത്തെ വിവേകാനന്ദൻ നവീകരിക്കുന്നു. വിവേകാനന്ദദർശനം സമ്പൂർണ്ണമായും മനുഷ്യാഭിമുഖമാകുന്നു. സമൂഹത്തിലെ അവഗണിക്കപ്പെട്ട വിഭാഗങ്ങൾക്ക്, ഉദാ: സ്ത്രീകൾ, വളരാനുള്ള കൈത്താങ്ങ് നൽകുന്നതിനു പകരം അവരെ സ്വയം സജ്ജരാക്കുകയാണ് വിവേകാനന്ദൻ ചെയ്തത്.

## 2.15 വിവേകാനന്ദദർശനം: കർമ്മയോഗത്തിന്റെ ജ്ഞാനവഴികൾ.

വിവേകാനന്ദദർശനത്തിന്റെ മൂലമന്ത്രം സ്വാതന്ത്ര്യമാണ്. ജഗത്തിൽ കാണുന്ന സകല ചലനങ്ങൾക്കും ആധാരം സ്വാതന്ത്ര്യപ്രാപ്തിക്കുള്ള പ്രയത്നം മാത്രമാണ്. സ്വീകരിക്കപ്പെടുന്ന മാർഗ്ഗം യോഗ്യമല്ലെങ്കിൽ അത് തിന്മയാവുന്നു. യോഗ്യവും ഉത്കൃഷ്ടവുമായ മാർഗ്ഗങ്ങളിൽ കൂടി വാസനാബലം പ്രവർത്തിക്കുമ്പോൾ അത് നന്മയാകുന്നു.

ലൗകികവും ആത്മീയവും ആയ അറിവുകൾ മനുഷ്യ മനസ്സിൽ തന്നെ ഉണ്ട്. അവ പക്ഷേ തിരിച്ചറിയപ്പെടാതെ അജ്ഞാനത്താൽ മൂടിയിരിക്കുന്നു. ഈ മൂടുപടം എടുത്തു മാറ്റിയാൽ മനുഷ്യരിൽ പൂർണതയുടെ ബഹിർസ്ഫുരണമുണ്ടാകും. വിവേകാനന്ദന്റെ അഭിപ്രായത്തിൽ ഇതാണ് വിദ്യാഭ്യാസം. അറിവ് മനുഷ്യന് ആത്മവിശ്വാസവും ശക്തിയും നൽകി ധീരത പകരുന്നു. മനുഷ്യർക്ക് തങ്ങളുടെ മേൽ പൂർണ സ്വാതന്ത്ര്യം പ്രദാനം ചെയ്യുന്നു. ആദ്ധ്യാത്മികമായ അറിവുകൾ കൂടി നേടുമ്പോൾ നീചവാസനകളുടെ പ്രലോഭനങ്ങളെ അതിജീവിക്കാൻ അവൻ പ്രാപ്തനാവുന്നു. കർമ്മബന്ധങ്ങളിൽ നിന്ന് സ്വതന്ത്രനമാവുന്നു .

ആത്മസാക്ഷാൽക്കാരത്തിനായി പ്രധാനമായും നാലു വഴികൾ വിവേകാനന്ദൻ നിർദ്ദേശിക്കുന്നു. ജ്ഞാന-ഭക്തി-ധ്യാന-കർമ്മ മാർഗ്ഗങ്ങൾ മനുഷ്യരെ അവരുടെ ജീവിതലക്ഷ്യങ്ങളിൽ എത്തിക്കുന്നു .

ഓരോ മനുഷ്യനും ഈശ്വരനാണ്, മറ്റൊന്നുമല്ല, സത്യത്തിന്റെ ആത്മബോധ ത്തിന്റെ, ദൈവികമായ നിലനിൽപ്പിന്റെ രൂപമാണ് എല്ലാവരും. എന്നാൽ പ്രകൃതത്തിൽ പൂർണ്ണമായും സ്വതന്ത്രനും നിസ്വാർത്ഥത ദൈവമാണ്. വിവേകാനന്ദചിന്തകളിൽ ഉൾച്ചേർന്നത് ഈ തത്വമാണ്. മനുഷ്യനിലുള്ള ദൈവികതയുടെ പ്രകടമായ രൂപമാണ്

മതം. മനുഷ്യർ പരിശുദ്ധരും നിസ്വാർത്ഥരും ആവാൻ ശ്രമിക്കുന്നത് മതത്തിന്റെ സാരാംശമാകുന്നു. എല്ലാ ആത്മാക്കളും ദൈവികമായ കഴിവുള്ളവരാണ്. മനുഷ്യരുടെ പരമമായ ലക്ഷ്യം, അവരവരിലെ ഈശ്വരനുമായുള്ള ഐക്യമത്രെ. അതാണ് ആത്മസാക്ഷാത്ക്കാരമെന്നുള്ള ആശയം വിവേകാനന്ദദർശനം മുന്നോട്ടുവെയ്ക്കുന്നു.

ജ്ഞാന-ഭക്തി-ധ്യാന-മാർഗ്ഗങ്ങൾ പരസ്പര പൂരകങ്ങളാണ്. ഇവ മൂന്നും പ്രായോഗികമായി നാലാം വഴിയായ കർമ്മയോഗത്തെ സമ്പൂർണ്ണമാക്കുന്നുണ്ട്. ജീവിതത്തിന്റെ യഥാർത്ഥ കർത്തവ്യം സ്വതന്ത്രനായി എല്ലാം ദൈവത്തിൽ സമർപ്പിക്കുകയാണ്. അങ്ങിനെ ഒരു പരിണാമം നടക്കുമ്പോൾ അത് സൃഷ്ടിക്കുന്ന ചിന്തയും പ്രവൃത്തിയും 'കർമ്മം ' എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നു.

### 2.15.1 ജ്ഞാനയോഗം

യഥാർത്ഥമായ അറിവാണ് ജ്ഞാനം. അദ്വൈതമാണ് ജ്ഞാനത്തിന്റെ പൊരുൾ. എല്ലാവരും സ്വതന്ത്രരും പൂർണരും അഥവാ അങ്ങിനെ ആകേണ്ടവരും ആണ്. ഓരോ നല്ല ചിന്തയും പ്രവൃത്തിയും നമ്മിലെ വിശുദ്ധിയെ സുവ്യക്തമാക്കുന്നു. നമ്മുടെ ഉള്ളിൽ വിരാജിക്കുന്ന ഈശ്വരനെ നേടാനും തിരിച്ചറിയാനും ആത്മാവിലേക്ക് മടങ്ങണം. വേദാന്തത്തിന്റെ വഴിയിൽ നമ്മൾ മുക്തരാണ്, ബന്ധനസ്ഥരല്ല. മിഥ്യാബോധം കളയുമ്പോൾ അശക്തിയും മിഥ്യയാണെന്ന് ബോധ്യപ്പെടും. ഓരോരുത്തരും സർവ്വജ്ഞാനിയും സർവ്വശക്തരുമാണ്.

വേദാന്തം ലോകത്തെ നിഷേധിക്കുന്നില്ല. പരിത്യാഗത്തിന്റെ ആശയം ആത്മഹത്യയുടേതല്ല, മറിച്ച് നിസ്വാർത്ഥതയിൽ ലഭിക്കുന്ന ആത്മസാക്ഷാത്ക്കാര ത്തിന്റെയാണ്. ലോകത്തിലെ എല്ലാ വസ്തുക്കളിലും ജനനത്തിലും മരണത്തിലും നന്മതിന്മകളിലും സകല പ്രതിഭാസങ്ങളിലും ശാശ്വതമായ ഈശ്വരനാണ് ഉള്ളത്.

എല്ലാറ്റിലും ദൈവത്തെ ദർശിക്കുന്നത് ഒന്നും ഉപേക്ഷിക്കലല്ല, മറിച്ച് നിസ്വാർത്ഥമായി സ്വീകരിക്കലാണ് എന്ന ആശയം വിവേകാനന്ദദർശനത്തിന്റെ അന്തഃസത്തയാണ്.

### 2.15.2 രാജയോഗം

മനോനിയന്ത്രണത്തിന്റെ പാതയാണ് രാജയോഗം. പ്രകൃതിയിൽ നിന്ന് മുക്തരാകാൻ, അടിമത്തം ഉപേക്ഷിക്കാൻ യോഗി മനോനിയന്ത്രണം പരിശീലിക്കുന്നു. ആന്തരിക നിയന്ത്രണം നേടുമ്പോൾ നമ്മൾ പ്രപഞ്ചത്തെ നിയന്ത്രിക്കുന്നു. മനസ്സിനെ കേന്ദ്രീകൃതമാക്കി അതിന്റെ സൂക്ഷ്മതലത്തിലേക്ക് ഇറങ്ങുമ്പോൾ ആന്തരികമായ രഹസ്യങ്ങൾ കണ്ടെത്തുന്നു. വാക്കിലും പ്രവൃത്തിയിലും ചിന്തയിലും പരിപൂർണ്ണമായ ബ്രഹ്മചര്യം രാജയോഗ പരിശീലനത്തിന് നിർബന്ധമാണ്. രാജയോഗം അഷ്ടാംഗങ്ങളായി വിവേകാനന്ദൻ തരം തിരിച്ചു. ആത്മാവിന്റെ ശ്രേയസിനെ അല്ലെങ്കിൽ മോക്ഷത്തെ കാംക്ഷിക്കുന്ന ഏതൊരാൾക്കും രാജയോഗം ഏതവസ്ഥയിലും അനുഷ്ഠിക്കാം. രാജയോഗത്തിന് പ്രത്യേകം അധികാരികളെ നിശ്ചയിച്ചിട്ടില്ല. പതഞ്ജലിയുടെ യോഗദർശനത്തിന്റെ പ്രായോഗിക വ്യാഖ്യാനമായി വിവേകാനന്ദന്റെ രാജയോഗത്തെ കണക്കാക്കാം. ഉന്നതമായ ചിന്ത ഉൾക്കൊള്ളുന്നതിനാൽ രാജയോഗം സാധാരണ വായനയിലും മനനത്തിലും അത്ര ലളിതമല്ല. അദ്ധ്യാത്മശാസ്ത്രത്തെ അഥവാ മാനസതത്വശാസ്ത്രത്തെ ആസ്പദമാക്കിയാണ് വിവേകാനന്ദൻ രാജയോഗം ആവിഷ്കരിക്കുന്നത്.

### 2.15.3 ഭക്തിയോഗം

ജ്ഞാനയോഗത്തിനും രാജയോഗത്തിനും കഠിനമായ സാധനകൾ ആവശ്യമാണ്. എന്നാൽ ഭക്തിയുടെ രൂപത്തിലുള്ള ഉപാസന അഥവാ ഭക്തിയോഗം കൂടുതൽ എളുപ്പമായ വഴി തുറക്കുന്നു. എല്ലാവരിലും ഭക്തിയുണ്ട്. ഭോഗേച്ഛയും അശക്തിയും

കലർന്ന മൂടുപടങ്ങൾ മാറ്റിയാൽ യഥാർത്ഥ ഭക്തി പ്രകടമാവും. ദൈവികതയെ പ്രത്യക്ഷമായി കാണാനുള്ള ഏറ്റവും സ്വാഭാവികമായ വഴി തന്നെയാണ് ഭക്തി. ദാസ്യവും സഖ്യവും വാൽസല്യവും ഭക്തിയുടെ വിവിധ മാർഗ്ഗങ്ങളിൽ പെടുന്നു. ശാന്തചിത്തരായി സൗമ്യനും സമാധാനപ്രിയനുമാവുക. ഈശ്വരന്റെ ദാസനായി എല്ലാ പ്രവൃത്തികളും ചെയ്യുക. ഇവിടെ പ്രവൃത്തി നിസ്വാർത്ഥമാണ്. പ്രകടമാവുന്നത് നമ്മിലെ ഈശ്വരത്വവും. അതുപോലെ ഭഗവാനുമായി സഖ്യത്തിലേർപ്പെടുമ്പോൾ സമത്വത്തിന്റെ ആശയം രൂപപ്പെടുന്നു. ദിവ്യപ്രേമം സംഭവിക്കുന്നു. ഭക്തിയുടെ വാത്സല്യരൂപത്തിൽ ഈശ്വരനെ സ്വന്തം കുഞ്ഞായി കാണുന്നു. കുട്ടിയോടുള്ള സ്നേഹം ഒന്നും പ്രതീക്ഷിച്ചല്ല. അവജ്ഞയും സംഭ്രമവുമില്ല. ഈശ്വരൻ കുഞ്ഞായി സ്നേഹിക്കപ്പെടുമ്പോൾ സ്വന്തം ശരീരം പോലും ത്യജിക്കാൻ ഭക്തന് പ്രാപ്തി കൈവരുന്നു .അതായത് ജ്ഞാനമാർഗ്ഗത്തിന്റെ ലക്ഷ്യമായ നിസ്വാർത്ഥത എളുപ്പത്തിൽ രൂപപ്പെടുന്നു .

ഭക്തിയോഗത്തിൽ തന്നെ ജ്ഞാനത്തിന്റെ പ്രാധാന്യം വിവേകാനന്ദൻ പ്രത്യേകം പറയുന്നുണ്ട്. ഈശ്വരനെ ജ്ഞാനത്തോടെയുള്ള ഭക്തി കൊണ്ട് ആരാധിക്കുക. ഭക്തിയോടൊപ്പം വേർതിരിച്ചറിയാനുള്ള ശക്തിയും വെക്കുക. ഈശ്വരനോടുള്ള തീവ്രമായ സ്നേഹം സഹജീവി സ്നേഹത്തിൽ നിന്ന് ഭിന്നമല്ല. ജീവിതത്തിലെ ഏറ്റവും ശ്രേഷ്ഠമായ മൂല്യമായി പരിത്യാഗം മാറുകയും ചെയ്യും. ഇതാണ് വിവേകാനന്ദന്റെ ആശയം.

**2.15.4 കർമ്മയോഗം**

യഥാർത്ഥമായ കർമ്മം ആത്മീയമാണ്. "ഓരോ ജീവനിലും ഈശ്വരത്വം നിലീനമായിരിക്കുന്നു. ഈ അന്തർലീനമായ ദിവ്യത്വത്തെ പ്രകാശിപ്പിക്കലാകുന്നു ജീവിതത്തിന്റെ ലക്ഷ്യം; ബാഹ്യവും ആഭ്യന്തരവുമായ പ്രകൃതിയെ നിയന്ത്രിക്കുന്നത് മാർഗ്ഗമാവുന്നു. ഇതു കർമ്മ - ഭക്തി - യോഗ ജ്ഞാനങ്ങളിൽ ഒന്നോ അതിലധികമോ

എല്ലാമോ വഴിയായി ചെയ്യുക; സ്വതന്ത്രനാവുക! ഇതാകുന്നു മതസർവ്വസ്വം; ശാസ്ത്ര സിദ്ധാന്തങ്ങളോ ആഗമവാക്യങ്ങളോ പൂജാവിധികളോ ഗ്രന്ഥങ്ങളോ ക്ഷേത്രങ്ങളോ പ്രതീകങ്ങളോ എല്ലാം ഉപാംഗങ്ങൾ മാത്രമാണ്."[28]

പ്രായോഗികവേദാന്തത്തിന്റെ സൂത്രവാക്യമായി വിവേകാനന്ദന്റെ ഈ ആശയത്തെ കാണാം. കർമ്മം ലോകത്തോടുള്ള ആരാധനയാണ്. അത് തമസ്സിൽ നിന്ന് ജ്യോതിസ്സിലേക്ക് നയിക്കുക മാത്രമല്ല, നമ്മളിലെ ദിവ്യമായ മുഴുവൻ കഴിവുകളെയും ആവിഷ്കരിക്കുകയും ചെയ്യുന്നു. പ്രപഞ്ചത്തിന്റെ അസ്തിവാരത്തിന്റെ ഒരു ഭാഗമാണ് കർമ്മം. അത് സദാ നടന്നു വരികയും ചെയ്യുന്നു. നമുക്ക് എന്തിനെല്ലാം അർഹതയുണ്ടെന്നും നമുക്ക് എന്തെല്ലാം ദഹിക്കുമെന്നും നിർണ്ണയിക്കുന്നത് നമ്മുടെ കർമ്മങ്ങളാകുന്നു. നമ്മുടെ ഇന്നത്തെ അവസ്ഥക്ക് ഉത്തരവാദി നാം തന്നെ. മേലിൽ ഏതവസ്ഥയിൽ ആകണമെന്ന് നാം ആഗ്രഹിക്കുന്നുവോ ആ അവസ്ഥയിൽ ആവാനുള്ള ശക്തിയും നമുക്കുണ്ട്. നമ്മുടെ ഇന്നത്തെ സ്ഥിതി സ്വന്തം പൂർവ്വകർമ്മങ്ങളുടെ ഫലമാണെങ്കിൽ, ഭാവിയിൽ നാം ആഗ്രഹിക്കുന്ന വിധമുള്ള ഏതവസ്ഥയും നമ്മുടെ ഇപ്പോഴത്തെ കർമ്മങ്ങൾ കൊണ്ട് വരുത്തേണ്ടതാണെന്നും അതിൽ നിന്ന് സിദ്ധിക്കുന്നു. അതുകൊണ്ട് കർമ്മം ചെയ്യേണ്ടത് എങ്ങനെയെന്ന് അറിയേണ്ടത് ആവശ്യമാണെന്ന് വിവേകാനന്ദൻ വിവരിച്ചു.

കർമ്മയോഗവുമായി ബന്ധപ്പെട്ട വിവേകാനന്ദചിന്തകളും പഠനങ്ങളും സമാഹരിച്ചതാണ് വിവേകാനന്ദസാഹിത്യ സർവ്വസ്വത്തിന്റെ ഒന്നാം ഭാഗം. കർമ്മസന്യാസിയായ വിവേകാനന്ദൻ കർമ്മത്തിന് വലിയ പ്രാധാന്യമാണ് നൽകുന്നത്.

---

28 വിവേകാനന്ദസാഹിത്യസർവ്വസ്വം: വാല്യം 1, 1980, പുറം 146.

കർമ്മണ്യകർമ്മയ: പശ്യേ ദകർമ്മണി ച കർമ്മയ:/

സബുദ്ധിമാന്മനുഷ്യേഷു സയുക്ത: കൃത്സ്ന കർമ്മ കൃത്

(ഗീത, നാലാമധ്യായം, ശ്ലോകം :18)

കർമ്മങ്ങളിൽ അകർമ്മവും, അകർമ്മത്തിൽ കർമ്മവും കാണുന്നവൻ മനുഷ്യരിൽ വെച്ച് ബുദ്ധിമാനാവുന്നു. അവനാണ് കർമ്മയോഗി, സർവ്വകർമ്മവും ചെയ്യുവൻ .

അവസാനമില്ലാത്ത കർമ്മമാണ് മനുഷ്യജന്മം ചെയ്യേണ്ടത്. ഫലമാഗ്രഹിക്കാതെ, മനസ്സും ശരീരവും ഈശ്വരന്റെ പാദാരവിന്ദങ്ങളിൽ സമർപ്പിച്ചുകൊണ്ട് ചെയ്യുന്ന കർമ്മം അഥവാ ജീവിതം നിഷ്കാമവും ശ്രേഷ്ഠവുമാകുന്നു.

മതത്തിന്റെ രഹസ്യമിരിക്കുന്നത് തത്ത്വങ്ങളിലല്ല, പ്രായോഗികതയിലാണെന്ന് വിവേകാനന്ദൻ പറഞ്ഞു. സദാചാരിയാവു, ധീരനാവൂ, മനസ്സുള്ള മനുഷ്യനാവൂ എന്ന് ആഹ്വാനം ചെയ്തു. ആരാധന ചെയ്യണമെങ്കിൽ നാം പരിശുദ്ധനായിരിക്കണം. മറ്റുള്ളവർക്ക് നന്മ ചെയ്യണം. ഏറ്റവും വലിയ ക്ഷേത്രം മനുഷ്യൻ തന്നെയാണ്. ആരാധിക്കേണ്ടത് ഉള്ളിലെ ആത്മാവിനെയാണ്. ഏത് നിമിഷത്തിലാണോ ഞാൻ ബഹുമാനത്തോടെ മനുഷ്യർക്ക് മുമ്പിൽ എഴുന്നേറ്റ് നിൽക്കുന്നത്, ആ നിമിഷത്തിൽ ഞാൻ എല്ലാ ബന്ധനങ്ങളിൽ നിന്നും മുക്തനാണ്, ഞാൻ സ്വതന്ത്രനാണ്. മുക്തി അനുഭവവേദ്യമായാൽ ആത്മജ്ഞാനം വരും. എല്ലാറ്റിനെയും ദൈവികമായി കണ്ട് സ്നേഹിക്കുമ്പോൾ പ്രപഞ്ചം മുഴുവൻ അയാൾക്ക് മുമ്പിൽ മനോഹരമായി രൂപാന്തരപ്പെടും. തടവറക്ക് പകരം ലോകം ഒരു കളിസ്ഥലമാവും. നന്മ നിറഞ്ഞ ലോകത്തെ കാണാൻ കഴിയും. ആത്മവിശ്വാസമുള്ള മനുഷ്യർ തമ്മിൽ പോരാടില്ല. വിശ്വാസം ഉള്ളിലുള്ള ദൈവികതയെ ഉണർത്തുന്നു. ശക്തിയാണ് ജീവിതം. അത് പരമാനന്ദവുമാണ്.

സനാതനവുമാണ്. ദൗർബല്യം മരണമാണ്. അത് കാഠിന്യവും മന:ക്ളേശവും ഉണ്ടാക്കുന്നു. കർമ്മയോഗത്തെ വിവേകാനന്ദൻ നിർണ്ണയിക്കുന്നതിങ്ങനെയാണ്.

മനോധൈര്യത്തോടെ, ഊർജ്ജസ്വലനായി കഠിനമായി അധ്വാനിക്കുമ്പോൾ നമ്മൾ ആത്മസാക്ഷാത്ക്കാരത്തിലെത്തും. എപ്പോഴും സന്തുഷ്ടനായിരിക്കും. വിശ്വസിക്കും, ദൈവം നമ്മളെ മഹത്തരമായ പ്രവൃത്തികൾ ചെയ്യാൻ തെരഞ്ഞെടുത്തതാണെന്ന്. ഉണരൂ, എഴുന്നേൽക്കൂ, ഉറക്കം മതിയാക്കൂ, സദാചാരിയാകൂ, ധീരനാകൂ, മനസ്സുനിറഞ്ഞ മനുഷ്യനാകൂ. വിവേകാനന്ദവാണികളുടെ സാരാംശം സമൂഹത്തെ പ്രവൃത്ത്യുന്മുഖരാക്കുന്ന തത്വങ്ങളിൽ അധിഷ്ഠിതമാണ്. പൂർണമായ ആത്മാർത്ഥത, വിശുദ്ധി, വലിയ ബുദ്ധിശക്തി, എല്ലാറ്റിനെയും കീഴടക്കുന്ന മനഃശക്തി എന്നിവയോടെ ആളുകൾ പ്രവർത്തിച്ചു തുടങ്ങട്ടെ, ഈ ലോകത്ത് മുഴുവൻ വിപ്ലവം നടക്കും. ഇതാണ് ആശയം.

ആത്മാവിന്റെ വീര്യാഗ്നിയെ തട്ടിയുണർത്തുന്നതിന് പര്യാപ്തമായതും, അതിന്റെ സ്വതേയുള്ള ശക്തിയും ജ്ഞാനവും പ്രകാശിപ്പിക്കുന്നതിന് സഹായകമായതും വ്യാപകമായ അർത്ഥത്തിൽ കർമ്മമാകുന്നു. ആത്മാവിന് അനുഭവപ്പെടുന്ന മാനസികവും കായികവുമായ ഓരോ ആഘാതവും കർമ്മത്തിൽ പെടുന്നു. ഏറ്റവും താണ തരത്തിലുള്ള കർമ്മം പോലും നിന്ദിക്കത്തക്കതല്ല. ഒരു മഹാ കർമ്മമോ സൽക്കർമ്മമോ ചെയ്യാൻ നിങ്ങൾ ആഗ്രഹിക്കുന്ന പക്ഷം, അതിന്റെ ഫലം എന്തായിരിക്കുമെന്ന് ചിന്തിക്കയേ അരുത്. സ്വാർത്ഥമായ ഓരോ പ്രവൃത്തിയും ഓരോ വിചാരവും നമ്മെ എന്തിനോടെങ്കിലും ബന്ധിപ്പിക്കുന്നു. അതോടെ നമ്മൾ അടിമകളാകുന്നു. മറ്റുള്ളവരെ സഹായിക്കുന്നതിലൂടെ നാം നമ്മെത്തന്നെയാണ് സഹായിച്ചു കൊണ്ടിരിക്കുന്നത്. നാം നന്മ ചെയ്യണം. അന്യരെ സഹായിക്കാൻ കിട്ടുന്ന അവസരം ഒരു ഭാഗ്യമാണ്. എല്ലാ സത്പ്രവൃത്തിയും നമ്മെ നൈർമ്മല്യത്തിലേക്കും പൂർണതയിലേക്കും നയിക്കുന്നു. ഏറ്റവും കൂടുതൽ നന്മയും ഏറ്റവും

കുറച്ച് തിന്മയും ഉളവാക്കുന്ന കർമ്മങ്ങളിൽ ഏർപ്പെടണം. നിങ്ങളുടെ എല്ലാ ദാനങ്ങളിലും, ലോകത്തിന്റെ മുമ്പിൽ പ്രതിഫലേച്ഛ കൂടാതെ യജ്ഞരൂപത്തിൽ സമർപ്പിക്കുന്ന ദാതാവിന്റെ നില വ്യതിചലനമില്ലാതെ പാലിക്കാൻ നിങ്ങൾക്കാവുമെങ്കിൽ നിങ്ങളുടെ കർമ്മങ്ങൾ നിങ്ങളെ ബന്ധിക്കുന്നില്ല. എല്ലാ സത്പ്രവൃത്തികളും നമ്മെ നൈർമല്യത്തിലേക്കും പൂർണതയിലേക്കും നയിക്കാൻ ഉതകുന്നു. കർമ്മയോഗത്തെ വിവേകാനന്ദൻ ഇങ്ങനെയാണ് വ്യാഖ്യാനിക്കുന്നത്.

### 2.15.5 അനാസക്തമായ കർമ്മവും യഥാർത്ഥ സ്വാതന്ത്ര്യവും

കർമ്മയോഗപ്രകാരം ചെയ്ത കർമ്മം ഫലമുളവാക്കാതെ നശിക്കുന്നില്ല. അനാസക്തിഭാവം സ്വായത്തമായാൽ നന്മയും തിന്മയും ഇല്ല. ആ വ്യത്യാസം തന്നെ സ്വാർത്ഥതയിൽ നിന്നും ഉണ്ടാകുന്നതാണ്. ആത്മനിയന്ത്രണം പാലിച്ച ഒരാൾക്ക് നന്മതിന്മകളില്ല. ലോകം മുഴുവൻ സൗഭാഗ്യപൂർണമായ ആനന്ദം അനുഭവപ്പെടും. കർമ്മഫലങ്ങളിൽ അനാസക്തി സമ്പാദിക്കാൻ ഒരായുഷ്ക്കാലത്തെ അഭ്യാസം തന്നെ വേണ്ടി വരാം.

ജഗത്താകെ സ്വാതന്ത്ര്യ സമ്പാദന പ്രയത്നത്തിലാണ്. കൊള്ളക്കാരൻ കളവ് ചെയ്യുന്നതും ഭക്തൻ ഭജിക്കുന്നതും ഈ വാസനാബലത്തിന്റെ ശക്തിയിലാണ്. സ്വാർത്ഥോദ്ദേശം ലേശവുമില്ലാതെ ചെയ്യുന്ന ഓരോ സത്കർമ്മവും പുതിയ ബന്ധങ്ങളും ബന്ധനങ്ങളും ഉണ്ടാക്കില്ല, മറിച്ച് ഇന്ന് നമ്മെ ബന്ധിച്ച ചങ്ങലകളുടെ ഓരോ കണ്ണി പൊട്ടിക്കാൻ സഹായിക്കും. സ്വാതന്ത്ര്യത്തെ നിസ്വാർത്ഥ കർമ്മാചരണം മുഖേന പ്രാപിക്കുന്നതാണ് കർമ്മയോഗം:

സ്വയം ശുദ്ധീകരിച്ചു കൊണ്ടിരിക്കുന്ന ഒരാൾക്ക് സുഖദു:ഖങ്ങൾ മിഥ്യയാവും. ഗീതയിൽ പറയുന്നതുപോലെ നിരന്തരം കർമ്മം ചെയ്ത് നിസ്സംഗനായി ഇരിക്കുക. ബലമാണ് ജീവിതം; ദൗർബല്യം മരണവും.

കർമ്മയോഗത്തിന്റെ രഹസ്യം വിവേകാനന്ദൻ ഇങ്ങിനെ വിശദീകരിക്കുന്നു." സഹായിക്കുക എന്ന വാക്ക് നിങ്ങളുടെ മനസ്സിൽ നിന്ന് മുറിച്ച് മാറ്റുക. നിങ്ങൾക്കു സഹായിക്കാൻ കഴിയില്ല. അത് ഈശ്വരനിന്ദയാണ്. നിങ്ങൾ ഇവിടെ ഉള്ളത് തന്നെ അവന്റെ തിരുവുള്ളം കൊണ്ടാണ്. അവനെ സഹായിക്കുന്നുവെന്നോ? 'നിങ്ങൾ ആരാധിക്കുന്നു. അവൻ സർവ്വത്തിലുമുണ്ട്. അവനെ ആരാധിക്കാൻ നാം അനുവദിക്കപ്പെട്ടിരിക്കുന്നു: ഈ ജഗത്തിനോട് മുഴുവനും ഈ ആദരഭാവം കൈക്കൊള്ളുക. അപ്പോൾ സമ്പൂർണ നിസ്സംഗത്വം. വന്നു ചേരും. ഇതായിരിക്കണം നിങ്ങളുടെ കർത്തവ്യം. കർമ്മത്തോടുള്ള ശരിയായ ഭാവം. ഇതാണ് കർമ്മയോഗരഹസ്യം.

കേരളീയസമൂഹത്തിലും സംസ്കാരത്തിലും വിവേകാനന്ദദർശനത്തിന്റെ സ്വാധീനം അന്വേഷിക്കുകയാണ് തുടർന്നുള്ള അധ്യായങ്ങളിൽ. മലയാളിയുടെ ലോകവീക്ഷണം അവലോകനം ചെയ്യുന്നു. വിവേകാനന്ദചിന്താപദ്ധതികൾ കേരളം സ്വീകരിച്ചതിന്റെ പശ്ചാത്തലം പരിശോധിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട പ്രസ്ഥാനങ്ങളെയും പൊതുവായി വിലയിരുത്തുന്നു. വിവേകാനന്ദചിന്തകളോടുള്ള മലയാളത്തിലെ സാഹിതീയപ്രതികരണങ്ങൾ പരിശോധിച്ച് മലയാളിയുടെ ദാർശനികാ ഭിമുഖ്യങ്ങൾ അന്വേഷിക്കുക കൂടി ഈ പഠനത്തിന്റെ ഭാഗമാണ്.

## അധ്യായം 3

# മലയാളിയുടെ ലോകവീക്ഷണം

### 3.1 ആമുഖം

ഓരോരുത്തരും വ്യക്തിപരമായി ചിന്തിക്കുന്നതിനപ്പുറത്ത് സമൂഹം വ്യാപകമായ അർത്ഥത്തിൽ ലോകത്തെ നോക്കിക്കാണുന്നതാണ് ഒരു ജനതയുടെ ലോകവീക്ഷണം. "Your point of view is the way you see things as on individual. World view is much more than personal preference or opinion.[1] കാഴ്ചകൾ നിരന്തരം പുതുതാവുന്നതിനാൽ തന്നെ ലോകവീക്ഷണവും മാറിക്കൊണ്ടിരിക്കാം. ഒരു സമൂഹമെന്ന നിലയിൽ ഉൾക്കൊള്ളുന്ന മൂല്യങ്ങളും സങ്കൽപ്പങ്ങളും ചുറ്റുമുള്ള ലോകത്തെക്കുറിച്ചുമുള്ള പ്രതീക്ഷകളും ആ സമൂഹത്തിന്റെ ലോകവീക്ഷണത്തെ നിർണ്ണയിക്കുന്ന ഘടകങ്ങളാണ്. ആ ജനതയുടെ ചിന്തയിലും പ്രവൃത്തിയിലും അതിന്റെ പ്രതിഫലനങ്ങൾ ഉണ്ടാവും. മതം, തത്വശാസ്ത്രങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിശ്വാസങ്ങളുടെ ശാസ്ത്രീയത പുതിയ അറിവുകളുടെ വെളിച്ചത്തിൽ വിലയിരുത്തപ്പെടുകയും നവീകരിക്കുകയും ചെയ്യുന്നു.

ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നുമുള്ളവർ നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ സമുദ്രമാർഗ്ഗം കേരളത്തിലെ തീരദേശപട്ടണങ്ങളിൽ എത്തിയിരുന്നു. സാമ്പത്തികവും രാഷ്ട്രീയവുമായ കാരണങ്ങളാൽ വിദേശവ്യാപാരവും വാണിജ്യവും കേരളം പൊതുവെ സ്വാഗതം ചെയ്തു. വിവിധ ഭാഷാസംസ്കാരങ്ങളുടെ കൊടുക്കൽ വാങ്ങലുകൾക്ക് ഇത്

---

1 David K. Nougle, World View the History of a Concept: William B. Eerdman Publishing Company, UK, 2002, p. 6.

കാരണമായി. കേരളമെന്നത് അറബിക്കടലതിരിട്ട ഭൂപ്രദേശമായതിനാൽ അന്നത്തെ ചെറുതും വലുതമായ തുറമുഖപട്ടണങ്ങളിലെല്ലാം വിദേശവാണിജ്യം നടന്നിരുന്നു. അടുത്തുള്ള ഗ്രാമങ്ങളിലും ഇതിന്റെ സ്വാധീനം നിലനിന്നു. ഇന്ത്യയുടെ മറ്റ പ്രവിശ്യകളുമായി താരതമ്യം ചെയ്യുമ്പോൾ സാമൂഹ്യബന്ധങ്ങളും കേരളത്തിലാണ് കൂടുതലായി ഉണ്ടായത്. ഇതുവഴി മലയാളി നേടിയ അറിവുകൾ അവന്റെ ലോകവീക്ഷണത്തെ അടയാളപ്പെടുത്തുകയും വിശാലമാക്കുകയും ചെയ്തു.

മലയാളിയുടെ ലോകവീക്ഷണത്തെ ഈ അധ്യായം പരിചയപ്പെടുത്തുന്നു. കേരളീയ സമൂഹത്തിന്റെ പൂർവ്വകാലരീതികളും ജാതീയമായ ഉച്ചനീചത്വങ്ങളും അവലോകനം ചെയ്ത് മലയാളി നടന്ന വഴികൾ കണ്ടെത്തുന്നു. ആദിശങ്കരന്റെ അദ്വൈതവേദാന്തവും തുഞ്ചത്തെഴുത്തച്ഛനും മറ്റും നേതൃത്വം നൽകിയ ഭക്തിപ്രസ്ഥാനവും പിറവികൊണ്ടതും പ്രവർത്തിച്ചതും കേരളസമൂഹത്തിലാണ്. എന്നിട്ടും ജാതീയമായ ഉച്ചനീചത്വങ്ങളും തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ തുടങ്ങിയ അനാചാരങ്ങളും ഇവിടെ നിലനിന്നു. ബ്രിട്ടീഷ് ഭരണഫലമായി നടപ്പിൽവന്ന പരിഷ്കാരങ്ങളെ ഉൾക്കൊള്ളാൻ മലയാളി മടി കാണിച്ചില്ല. പക്ഷേ, അധഃസ്ഥിതസമൂഹം നേരിട്ടിരുന്ന കഷ്ടപ്പാടുകൾ അപ്പോഴും തുടരുകയായിരുന്നു. മിഷണറിമാരുടെ വാക്കുകൾ വിശ്വസിച്ച പലരും ക്രിസ്തുമതത്തിലേക്ക് മാറിയെങ്കിലും പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കപ്പെട്ടില്ല. ഇംഗ്ലീഷ് വിദ്യാഭ്യാസം ആധുനികതയിലേക്ക് കേരളത്തെ നയിച്ചെങ്കിലും ഈ നാടിന്റെ സംസ്കാരത്തെ പൂർണ്ണമായും തിരസ്കരിച്ചു. സമൂഹികപരിഷ്കരണം ഭാരതീയമായ ജ്ഞാനമണ്ഡലത്തെ ഉപയോഗിച്ചുതന്നെയാണ് വേണ്ടതെന്ന വിവേകാനന്ദചിന്ത മലയാളിസമൂഹത്തിലെത്തുന്നത് ഈ ഘട്ടത്തിലാണ്. ജാതീയമായ വേർതിരിവുകൾക്കെതിരായി ധാരാളം സാമൂഹ്യപരിഷ്കർത്താക്കൾ അതിനുമുമ്പുതന്നെ കേരളത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. അവയ്ക്കെല്ലാം ഒരു താത്വികാടിത്തറ നല്കാനും നാരായണഗുരുവിന്റെ

നേതൃത്വത്തിൽ ധർമ്മപരിപാലനയോഗം ആരംഭിക്കാനും വിവേകാനന്ദദർശനം വഴിയൊരുക്കി.

ആധുനികത നൽകിയ പരിഷ്ക്കാരങ്ങളെ കേരളീയപാരമ്പര്യത്തിന്റെയും സംസ്കാരത്തിന്റെയും നന്മകളുമായി കൂട്ടിയിണക്കുമ്പോൾ മലയാളിനവോത്ഥാനം സംഭവിക്കുന്നു. ഇതിന് കേരളം പ്രാപ്തമാവുന്നത് മലയാളിസമൂഹം ഉൾക്കൊണ്ട ലോകവീക്ഷണത്തിന്റെ ഭദ്രതയും വിശാലതയും മൂലമാണ്. വിവേകാനന്ദദർശനത്തെ കേരളം സർവ്വാത്മനാ സ്വാഗതം ചെയ്തതിന്റെ പശ്ചാത്തലവും ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നു.

**3.2 മലയാളി**

കേരളം എന്ന ഭൂവിഭാഗം മാതൃഭൂമിയായവർ എന്നും മാതൃഭാഷ മലയാളം ആയവർ എന്നും മലയാളികളെ അടയാളപ്പെടുത്താം. സഹ്യപർവ്വതനിരകൾ കോട്ട കെട്ടിയ പ്രദേശമാണ് ഇവിടം. കുതിച്ചൊഴുകുന്ന അമ്പതോളം ചെറുനദികൾ കേരളത്തിലുണ്ട്. കടലോരം വിസ്തൃതമാണ്. മലനാടും ഇടനാടും തീരപ്രദേശങ്ങളും ചേർന്ന് ആവാസ യോഗ്യമായ വ്യത്യസ്ത ജനപദമേഖലകൾ കേരളത്തിനുണ്ടായി.

'കന്യാകുമാരി ക്ഷിതിയാദിയായി ഗോകർണ്ണാന്തമായി തെക്കുവടക്കുനീളെ'യുള്ള ഭൂവിഭാഗമായി കവി കുഞ്ഞിക്കുട്ടൻ തമ്പുരാൻ കേരളത്തെ അടയാളപ്പെടുത്തുന്നുണ്ട്. ചിട്ടയായ മഴക്കാലവും നിശ്ചിതമായ കാലാവസ്ഥയും കേരളത്തെ ജലസമൃദ്ധമാക്കി. മലനാട്ടിൽ വനങ്ങൾ ആവാസവ്യവസ്ഥയെ ഹരിതമാക്കി. സുഗന്ധദ്രവ്യങ്ങളും കറുത്ത പൊന്നെന്നു പ്രശസ്തിയാർജ്ജിച്ച കുരുമുളകും ധാരാളമുണ്ടായി. ഇടനാട്ടിലും മലനാട്ടിലും ഒരുപോലെ രൂപപ്പെട്ട നെൽകൃഷി, അരി പ്രധാനഭക്ഷണമായ കേരളീയരെ അക്കാര്യത്തിൽ സ്വയം പര്യാപ്തരാക്കി. അറബിക്കടലതിരിട്ട വിശാലമായ തീരപ്രദേശം

കേരളത്തിന് ലോകത്തെ വിവിധ രാജ്യങ്ങളുമായി വ്യാപാരബന്ധങ്ങൾ ഉണ്ടാവാൻ കാരണമായി.

### 3.2.1 ഗോത്രവർഗ്ഗങ്ങളുടെ കേരളം

"കേരളീയ സമൂഹരൂപീകരണത്തിന്റെ വേരുകൾ തേടേണ്ടത് നീർനിലങ്ങളിലെ ബ്രാഹ്മണകർഷക ഗ്രാമങ്ങളിൽ മാത്രമല്ല, ബ്രാഹ്മണങ്ങളുടെ അധിനിവേശത്തിനു പുറത്തായിരുന്ന വനവിഭവങ്ങളുടെയും പറമ്പു കൃഷിയുടെയും വ്യവസ്ഥകളിൽക്കൂടിയാണ്.[2]

'കേരളീയത' എന്ന വാക്ക് ഇന്നുൽപ്പാദിപ്പിക്കുന്നത് യഥാർത്ഥത്തിൽ ആര്യദ്രാവിഡവും മറ്റു പലതുമായ സംസ്കാരങ്ങളുടെ അർത്ഥതലങ്ങളാണ്. എന്നാൽ ഇതിനും മുമ്പുള്ള തനതിന്റെ അഥവാ തനതു കേരളീയതയുടെ പ്രത്യക്ഷം വിവിധ ഗോത്രവർഗ്ഗങ്ങളുടെ ജീവിതങ്ങളാണ്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും വനാന്തരീക്ഷത്തിന്റെ നിഗൂഢതകളും ഇവരെ തികച്ചും ഒറ്റപ്പെട്ട കൂട്ടമാക്കി മാറ്റി. ജാതിവ്യവസ്ഥ ഇവരിലും നിലനിന്നിരുന്നു. തങ്ങളുടെ പ്രവിശ്യകൾക്ക് പുറത്തുള്ള ഭരണക്രമങ്ങളെ അംഗീകരിക്കുമ്പോഴും തനത് സംസ്ക്കാരം ഇവർ മുറുകെ പിടിച്ചു.

കൃഷി, വിവിധങ്ങളായ ഗോത്ര സമുദായങ്ങളുടെ നേതൃത്വത്തിലായിരുന്നു ചെയ്തിരുന്നത്. കൃഷിക്കും കൃഷിഭൂമിക്കും പൊതു ഉടമസ്ഥതയായിരുന്നു. പ്രകൃതിയുമായി ഉൾച്ചേർന്ന രീതികളാണ് പിന്തുടർന്നിരുന്നത്. സ്വകാര്യസ്വത്ത് എന്ന ആശയം പോലും ഇവരുടെ ഇടയിൽ ഉയർന്ന് വന്നിരുന്നില്ല. പ്രകൃതിയോടുള്ള കൈയ്യേറ്റത്തിന് സ്വാഭാവികമായ സാന്ത്വനം പകരാനും, പുനരുജ്ജീവിപ്പിക്കുന്നതിനുമായി കൃഷിസ്ഥലം വനത്തിനുള്ളിൽ തന്നെ വിവിധ ഭാഗങ്ങളിലേക്ക് മാറ്റിക്കൊണ്ടിരുന്നു. സ്വാഭാവികവനവും കൃഷിവിളകളും തമ്മിൽ ഒരു പാരസ്പര്യം നിലനിന്നുപോന്നു. ആദിവാസികളുടെ ഭാഷയും

[2] കെ.എൻ.ഗണേഷ്, കേരള സമൂഹപഠനങ്ങൾ, പ്രസക്തി ബുക്ക് ഹൗസ്, പത്തനംതിട്ട. 2001, പുറം 16.

കലാജീവിതവും വൈദ്യശാസ്ത്രവും എല്ലാം പ്രകൃതിയിൽ നിന്ന് രൂപപ്പെട്ട് തികച്ചും ജൈവമായി നിലനിന്നു.

മലയാളഭാഷ പ്രാചീനതമിഴിൽനിന്നും സംസ്കൃതത്തിൽനിന്നും വ്യത്യസ്തമായ തനിമയോടെ രൂപപ്പെട്ടപ്പോഴും ഗോത്രവിഭാഗങ്ങളുടെ ഭാഷയിലും സംസ്കാരത്തിലും കാര്യമായ മാറ്റങ്ങൾ ഉണ്ടായില്ല. ഇരുപതാം നൂറ്റാണ്ടിൽ ദേശീയ ഭരണ സംവിധാനങ്ങൾ രൂപപ്പെട്ട് ഈ മേഖലയിൽ പരിവർത്തനങ്ങൾക്കു തുടക്കമിടുന്നതു വരെ ഗോത്രവർഗ്ഗക്കാർ മുഖ്യധാരക്കു പുറത്തായിരുന്നു.

ഗോത്രവർഗ്ഗങ്ങളുടെ ആവാസവ്യവസ്ഥയിൽ ജാതികളും ഉപജാതികളും നിലനിന്നപ്പോഴും അവർ ഒന്നിച്ചു തന്നെയാണ് കാർഷിക പ്രവൃത്തികളിൽ ഏർപ്പെട്ടിരുന്നത്. മലനാട്ടിൽ ഗോത്രവർഗ്ഗസമുദായങ്ങൾ പ്രാദേശികമായ ഭരണ സംവിധാനവും വഹിച്ചുവന്നു. സംഘകാലകേരളത്തിൽ ട്രൈബൽ വ്യവസ്ഥിതിയായിരുന്നു നിലനിന്നിരുന്നത്. ആദിവാസികളുടെ തനിമയാർന്ന കൃഷിസമ്പ്രദായം - പുനം കൃഷി - കാടിനേയും ആവാസവ്യവസ്ഥയെയും സംരക്ഷിച്ചു.

'പുനം കൃഷി ആദിവാസികളുടെ തനിമയുടെയും വൈവിധ്യങ്ങളുടെയും ജീവിതശൈലിയാണ്. മണ്ണിനെയും പ്രകൃതിയെയും ബഹുമാനിക്കുന്ന പാരസ്പര്യത്തിന്റെ സംസ്കാരങ്ങളാണ്'.[3]

കേരളീയതയുടെ അടിത്തറയെ ഗോത്രവർഗ്ഗങ്ങളുടെ പ്രാകൃതസംസ്കാരം ബലപ്പെടുത്തുന്നുണ്ട്. മലയാളിയുടെ ലോകവീക്ഷണത്തിൽ, വികസനത്തിന്റേതായി

---

3 ബേബി ചാലിൽ, ആദിവാസി ഭൂമിയും ഗോത്രവർഗ്ഗ സംസ്കാരവും, അഞ്ഞൂറുവർഷത്തെ കേരളം, ചില അറിവടയാളങ്ങൾ. എഡിറ്റർമാർ: ഡോക്ടർ വി.ജെ. വർഗീസ്, ഡോക്ടർ എൻ. വിജയമോഹനൻപിള്ള, ഡോക്ടർ സ്കറിയാ സക്കറിയ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, പുറം, 124, 2016.

ആരോപിക്കപ്പെടുന്ന പ്രകൃതിവിരുദ്ധത സ്വീകരിക്കാതിരുന്നതിന്റെ കാരണങ്ങളിലൊന്നും ഇതാവാം.

### 3.2.2 കേരളം : ഒമ്പതാം നൂറ്റാണ്ടു മുതൽ പതിനാറാം നൂറ്റാണ്ടുവരെ

ബുദ്ധ, ജൈന മതങ്ങൾക്കും അവയിലൂടെ രൂപപ്പെട്ട സംസ്കാരങ്ങൾക്കും അക്കാലത്ത് കേരളത്തിൽ സ്വാധീനമുണ്ടായിരുന്നു. ചിലപ്പതികാരമെന്ന തമിഴ് മഹാകാവ്യം രൂപപ്പെട്ടത് ഒൻപതാം നൂറ്റാണ്ടിൽ കേരളത്തിലെ തൃക്കണാമതിലകത്ത്വെച്ചാണ്. സാംസ്കാരികമായ പരസ്പരാശ്രിതത്വം കേരളസംസ്കാരത്തിന്റെ സുപ്രധാന ഘടകമായി തീർന്നു. മലയാളഭാഷ പ്രാചീനതമിഴിൽനിന്നും സംസ്കൃതത്തിൽനിന്നും വ്യത്യസ്തമായ തനിമയോടെയാണ് രൂപപ്പെട്ടത്. ബ്രാഹ്മണാധിപത്യം പ്രകടമായ പന്ത്രണ്ടാം നൂറ്റാണ്ടിലും ശ്രീമൂലവാസം പോലുള്ള ബുദ്ധവിഹാരങ്ങളൊക്കെ കേരളത്തിൽ നിലനിന്നിരുന്നു. "ഭൂമിശാസ്ത്രപരമായി നോക്കിയാൽ അറബിക്കടൽ തീരത്തായി കേരളക്കരയുടെ സ്ഥാനം, കാലവർഷക്കാറ്റുകളുടെ കാരുണ്യം, സഹ്യപർവ്വതത്തിന്റെ സൈനിക സംരക്ഷണത്തിനു പുറമെ മഴമേഘങ്ങളും പുഴകളും ഉത്പാദിപ്പിച്ച് കാർഷികാഭിവൃദ്ധിയുണ്ടാക്കുന്ന സ്നേഹവാത്സല്യങ്ങൾ, കുരുമുളകു മാഹാത്മ്യം, തേക്കിന്റെ കരുത്ത്, ചന്ദനസുഗന്ധം, ഭാരതീയ സംസ്കാരം കരുപ്പിടിപ്പിച്ചതിൽ ഗണ്യമായ പങ്കുള്ള ബ്രാഹ്മണ സംഘങ്ങളുടെ കേരളപ്രവേശനം, സെമിറ്റിക് മതങ്ങളെ അപേക്ഷിച്ച് ബ്രാഹ്മണമേധാവികളുടെ മതവീക്ഷണത്തിലുള്ള ബഹുത്വമാനം, കേരളത്തിലെ ഭരണാധിപന്മാർക്ക് വാണിജ്യവരുമാനത്തോടുള്ള ആശ്രയീഭാവം - ഇതെല്ലാം ചേർന്നാണ് ഒരു കാലത്ത്,

പ്രത്യേകിച്ച് ഒമ്പതാം നൂറ്റാണ്ടുമുതൽ പതിനാറാം നൂറ്റാണ്ടുവരെയുള്ള ഏഴ് നൂറ്റാണ്ടുകളിൽ കേരളത്തിന്റെ സവിശേഷമായ സംസ്കാരികാന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നത്.[4]

എ.ഡി പന്ത്രണ്ടാം നൂറ്റാണ്ടോടെ ഗോത്രവർഗ്ഗ സമൂഹങ്ങൾക്കുപകരം നാടുകൾ നിലവിൽവന്നു. നദീതീരങ്ങളിൽ ഉണ്ടായിരുന്നവയും പുതുതായി തയ്യാറാക്കിയതുമായ കൃഷിഭൂമികൾ ക്ഷേത്രങ്ങളുടെയും ബ്രാഹ്മണരുടെയും ഉടമസ്ഥതയിൽ എത്തി. നാടുവാഴികൾക്ക് അധികാരം വർദ്ധിച്ചു. ഉൽപ്പാദകർ ജാതികളായി തിരിഞ്ഞിരുന്നു. അവരെ പൊതുവെ അവർണരായി മാറ്റിനിർത്തപ്പെട്ടു. കർഷകർ അടിമകളാവേണ്ടത് ജന്മിനാടുവാഴിവ്യവസ്ഥയുടെ നിലനിൽപ്പിന് അത്യാവശ്യമായിരുന്നു. കേരളത്തിൽ നിലവിലുള്ള ആചാരങ്ങളെ തങ്ങൾക്കായി നവീകരിച്ചുപയോഗിച്ച ബ്രാഹ്മണർ സമൂഹത്തിൽ ആധിപത്യം ഉറപ്പിച്ചു. അക്കാലത്തുണ്ടായിരുന്ന ഭൂവുടമ സമ്പ്രദായത്തിന്റെ സൃഷ്ടിയായി ജാതിവ്യവസ്ഥ കേരളത്തിൽ വേരുറപ്പിച്ചു. "ഉത്പാദകവർഗ്ഗങ്ങളുടെ സ്ഥാനം സമൂഹത്തിലെ കീഴ്വഴക്കങ്ങളനുസരിച്ച് ഉറപ്പിച്ചതായിരുന്നു, കേരളത്തിലെ ജാതിവ്യവസ്ഥയുടെ ഏറ്റവും വലിയ വിജയം".[5]

എഴുത്തുകാരനും ചരിത്രകാരനുമായ എൻ.കെ. ജോസിന്റെ നിരീക്ഷണത്തിൽ കേരളത്തിന് ഒരു പ്രത്യേകഭാഷയും സംസ്കാരവും രൂപപ്പെടുന്നത് ഒമ്പതും പത്തും നൂറ്റാണ്ടുകളിലാണ്. ഈഴവജനത ഒരു പ്രത്യേക വിഭാഗമായി ഉരുത്തിരിയുന്നതും ഇതേ കാലഘട്ടത്തിലാണ്. കേരളത്തിലെ ജനതയുടെ ബഹുഭൂരിപക്ഷം വരുന്ന വിഭാഗത്തെ അവർണരാക്കി ചൂഷണം ചെയ്യുവാൻ ആരംഭിച്ചുകൊണ്ട് ന്യൂനപക്ഷം വരുന്ന വിഭാഗം സവർണരായി. അതിന് ചക്രവർത്തിമാരും ഭരണാധികാരികളും കൂട്ടുനിന്നു.

---

4 എം.ജി.എസ്. നാരായണൻ, 'കേരളചരിത്രത്തിലെ പരസ്പരാശ്രയസങ്കല്പം – ഒരു പുനർവിചിന്തനം', മലയാള പഠനസംഘം, കാലടി, (എഡി.) സംസ്കാരപഠനം – ചരിത്രം സിദ്ധാന്തം പ്രയോഗം, കറന്റ് ബുക്സ്, കോട്ടയം, 2007, പുറം. 487.

5 കെ.എൻ.ഗണേഷ്, കേരള സമൂഹപഠനങ്ങൾ, പ്രസക്തി ബുക്ക് ഹൗസ്, പത്തനംതിട്ട, 2001, പുറം 16.

കേരളത്തിൽ ബ്രാഹ്മണരുടെ കൈവശമുള്ള ഭൂമി 'ബ്രഹ്മസ്വ'മെന്നും ക്ഷേത്രം വക ഭൂമി 'ദേവസ്വ'മെന്നും ഭരണാധികാരികൾ നോക്കി നടത്തുന്ന ഭൂമി 'ശ്രീപാദ'മെന്നും അറിയപ്പെട്ടതായി ചരിത്രകാരനായ ശ്രീധരമേനോൻ നിരീക്ഷിക്കുന്നു. ക്ഷേത്രങ്ങളുടെ വളർച്ചയ്ക്ക് സമാന്തരമായി സംസ്കാരവും അതിന്റെ എല്ലാ അംശങ്ങളിലും പൊതുവെ വികസിക്കുകയുണ്ടായി. സാംസ്കാരിക പ്രവർത്തനങ്ങളുടെ സിരാകേന്ദ്രമായിരുന്നു ക്ഷേത്രം. സാമാന്യജനങ്ങൾക്ക് ഹിന്ദുമതം സമാകർഷകമായിത്തീരാൻ ക്ഷേത്രങ്ങളിൽ പുതിയ ഉത്സവങ്ങൾ ആരംഭിച്ചു.

പന്ത്രണ്ടാം നൂറ്റാണ്ടിനുശേഷമാണ് കേരളത്തിൽ നാടുവാഴികളുടെ അധികാരം വർധിച്ചത്. സമൂഹത്തിൽ സ്ഥാനങ്ങളും ഭൂമിയും ലഭിക്കാനായി 'സേവകസംഘങ്ങൾ' നിലവിൽ വന്നു. നദീതീരങ്ങളിലുണ്ടായിരുന്ന ഭൂവിഭാഗങ്ങൾ പുതിയ കൃഷികളായി രൂപപ്പെട്ടു. ഇവയുടെ ഉടമസ്ഥത പലപ്പോഴും ദേവസ്വവും ബ്രഹ്മസ്വവുമായി. സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നവരും നാടുവാഴികളും ക്ഷേത്രപരിചാരകവൃന്ദവും രൂപപ്പെട്ടു. കേരളത്തിലെ നാണ്യവിളകളും സുഗന്ധദ്രവ്യങ്ങളും പൊതുവേ കാടുകളിലും മലമ്പ്രദേശങ്ങളിലും ഗോത്രവർഗ്ഗങ്ങളുടെ ഉടമസ്ഥതയിൽ തന്നെ തുടർന്നു. മറ്റൊരു രീതിയിലുള്ള ജാതിവ്യവസ്ഥ ഗോത്രവർഗ്ഗക്കാരിൽ നിലനിന്നിരുന്നു താനും. ട്രൈബൽ സമൂഹത്തിലും, പൊതുസ്വത്തിൽനിന്നും സ്വകാര്യസ്വത്തിലേക്കുള്ള മാറ്റം പ്രകടമായി. മലയോരപ്രദേശങ്ങളൊഴിച്ച് എല്ലാ ഭാഗങ്ങളിലും ഉൽപ്പാദകർ വിവിധ ജാതികളായി തിരിഞ്ഞ അവർണരായി മാറ്റിനിർത്തപ്പെട്ടു. ഗോത്രവർഗ്ഗ സമൂഹത്തിൽനിന്നും ജന്മികുടിയാൻ വ്യവസ്ഥയിലേക്ക് ആ സമൂഹവും മാറി എന്നതായിരുന്നു ഫലം.

കൊടുങ്ങല്ലൂർ കേന്ദ്രമാക്കി നിലനിന്നിരുന്ന പെരുമാൾവാഴ്ചക്കുശേഷം നാട്ടുവിഭാഗങ്ങളിലെ വിഭവങ്ങളെ ആശ്രയിച്ചുകൊണ്ട് സ്വരൂപങ്ങൾ ഉയർന്നുവന്നു.

"വേണാടിന്റെയും പെരുമ്പടപ്പിന്റെയും നെടിയിരിപ്പിന്റെയും കോലത്തിരിയുടെയും സ്വരൂപങ്ങൾക്ക് പ്രത്യേകം പ്രത്യേകം കേരളോത്പത്തി വഴക്കങ്ങളുണ്ട്.[6]

വിനിമയരംഗത്തെ പഴയസംഘങ്ങൾ (അഞ്ചുവണ്ണം, മണിഗ്രാമം) ക്കു പകരം പുതിയ അങ്ങാടികളും തുറമുഖങ്ങളുടെ അധികാരസ്ഥാപനങ്ങളും രൂപപ്പെട്ടു. വിദേശവാണിജ്യവും നാടൻ കച്ചവടവും ഓരോ സ്വരൂപങ്ങളും തനതു സവിശേഷത കളോടെ ചെയ്തു. സ്വരൂപത്തിന്റെ ഭൂസ്വത്തുക്കൾ ചേരിക്കല്ലുകൾ എന്നറിയപ്പെട്ടു. അങ്കം, ചുങ്കം, പിഴ എന്നിങ്ങനെ വരവിനങ്ങൾ ഓരോ സ്വരൂപത്തിനുമുണ്ടായിരുന്നു. നാണയം അടിക്കുകയും ഇറക്കുകയും ചെയ്യാനും പല സ്വരൂപങ്ങൾക്കും അധികാരമുണ്ടായിരുന്നു. ചില നാട്ടുവാഴികൾ വിദേശരാജ്യങ്ങളുമായി നയതന്ത്ര ബന്ധങ്ങൾ കൂടി പുലർത്തിയിരുന്നു. കടൽ വഴി പോർച്ചുഗീസുകാർ വരുന്നതുവരെ സ്വരൂപാധികാരങ്ങൾ പ്രബലമായി നിലനിന്നു. പിന്നീട് വന്ന ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയും ബ്രിട്ടീഷ് ഭരണവും സ്വരൂപങ്ങളുടെ കെട്ടുപാടുകളെയെല്ലാം തകർത്തു. പരമ്പരാഗതമായി അവർ അനുഭവിച്ചുകൊണ്ടിരുന്ന സകല അവകാശങ്ങളും ഒന്നൊന്നായി ഇല്ലാതായി.

### 3.2.3 കേരളവാണിജ്യവും കേരളദേശീയതയും

പരമ്പരയായി കേരളത്തിന് കടൽവാണിജ്യമുണ്ടായിരുന്നു. കുരുമുളകും മറ്റു സുഗന്ധദ്രവ്യങ്ങളും യൂറോപ്പിലേക്കും മറ്റു രാജ്യങ്ങളിലേക്കും കേരളത്തിൽനിന്നും എത്തി. ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിൽനിന്നും കേരളത്തെ വ്യത്യസ്തമാക്കുന്നത് ഈ വാണിജ്യവും അതു സൃഷ്ടിച്ച സങ്കരസംസ്കാരവുമായിരുന്നു.

---

[6] എം.ആർ.രാഘവവാര്യർ, കേരളോത്പ്പത്തി കോലത്തുനാട്ടു വഴക്കങ്ങൾ, കോഴിക്കോട് സർവ്വകലാശാല – ആമുഖപഠനം, 1986, പുറം 460.

ആര്യദ്രാവിഡമേളനം കേരളത്തെ ഭാരതീയസംസ്ക്കാരത്തിന്റെ മുഖ്യധാരയിൽ എത്തിച്ചിരുന്നു. ചേരമാൻ പെരുമാളിന്റെ കാലത്തിനുശേഷം തമിഴിൽനിന്നും വേറിട്ട സ്വതന്ത്രമലയാളം രൂപപ്പെടുന്നതിന്റെ അടിത്തറയൊരുങ്ങി. കേരളീയദേശീയതയ്ക്ക് മൂർത്തരൂപം കൊടുത്ത പ്രവണതകൾ അക്കാലം മുതലാണ് പ്രകടമായത്. "പാരമ്പര്യങ്ങളുടെ സ്വാഭാവികവളർച്ച ഒരു വശത്തും പാശ്ചാത്യരാജ്യങ്ങളുടെ നേരിട്ടുള്ള ഇടപെടൽ മറുവശത്തും ഇതിനെ (കേരളീയദേശീയതയെ) ശ്രദ്ധേയമാക്കുന്നു."[7] വിവിധ രാജ്യങ്ങളുടെ സാമൂഹ്യവ്യവസ്ഥയും സംസ്കാരവും കേരളദേശീയതയുടെ ഘടകങ്ങളായി തീർന്നു. പോർച്ചുഗീസ് അക്രമികളെ പ്രതിരോധിക്കാനായി നസ്രാണികളും ജോനകരും കേരളീയ നാടുവാഴികളോട് ചേർന്നുനിന്ന് പ്രവർത്തിച്ചത് കേരളീയസംസ്ക്കാരത്തിന്റെ ചെറുത്തുനിൽപ്പ് തന്നെയായിരുന്നു.

### 3.2.4 പതിനെട്ടാം നൂറ്റാണ്ട്

മാർത്താണ്ഡവർമ്മയുടെ കീഴിൽ തിരുവിതാംകൂർ ശക്തമായ രാജ്യമായി മാറി. ഡച്ചുകാർ നടത്തിയ നിർബന്ധിത മതപരിവർത്തനങ്ങൾ കേരളത്തിലെ തീരപ്രദേശങ്ങളിൽ അസ്വസ്ഥതകൾ ഉണ്ടാക്കി. പതിനെട്ടാം നൂറ്റാണ്ടിലാകട്ടെ മൈസൂർ ആക്രമണങ്ങളിൽ വൻതോതിലുള്ള ക്ഷേത്രക്കൊള്ളകളും മതം മാറ്റങ്ങളും സംഭവിച്ചു. ഹിന്ദു മുസ്ലീം സൗഹൃദത്തിന് പരിക്കേറ്റു. ബഹുമതസമൂഹമായി നിലനിന്നിരുന്ന കേരളത്തിൽ മതസ്പർധ ഒളിഞ്ഞും തെളിഞ്ഞും പ്രത്യക്ഷപ്പെട്ടു. നാടുവാഴിത്തവും ബ്രാഹ്മണാധിപത്യവും പതിയെ അസ്തമിച്ചു.

---

[7] എം.ജി.എസ്.നാരായണൻ, അധിനിവേശം - വ്യവസായ വിപ്ലവം - ദേശീയത വിജ്ഞാന വിസ്ഫോടനം - 500 വർഷത്തെ കേരളം ചില അറിവടയാളങ്ങൾ. പുസ്തകത്തിലെ ലേഖനം. പുറം 27.

### 3.2.5 പത്തൊമ്പതാം നൂറ്റാണ്ട്

പത്തൊമ്പതാം നൂറ്റാണ്ടോടെ കേരളം പൊതുവെ ബ്രിട്ടീഷാധിപത്യത്തിൻ കീഴിലായി. വിദ്യാഭ്യാസസ്ഥാപനങ്ങളുടെ തുടക്കവും പ്രവർത്തനവും വഴി മിഷനറിമാർ കേരളത്തിൽ ഒരു പ്രധാന സ്ഥാനം തന്നെ നേടിയിരുന്നു. ജാതിമതപരിഗണനകൾ കൂടാതെ എല്ലാ വിഭാഗങ്ങളിലെ കുട്ടികൾക്കുമായി അവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്നുകൊടുത്തു. മർദ്ദിതർക്കും നിന്ദിതർക്കും പീഡിതർക്കും അറിവ് കരഗതമായി. സെക്കന്ററി, സർവ്വകലാശാലാതലത്തിലും സാങ്കേതികരംഗത്തും നവീനവിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി. ജാതിവ്യവസ്ഥയുടെ പൊളിച്ചെഴുത്തിനു കാരണമായത് ഈ വിദ്യാഭ്യാസവിപ്ലവം കൂടിയാണ്. സമൂഹത്തിൽ നിലനിന്നിരുന്ന വികൃതമായ പല അനാചാരങ്ങളും കോളനിവാഴ്ചക്കാലത്ത് നിയമം മൂലം നിർത്തലാക്കി. ആരോഗ്യമേഖലയുടെ സ്ഥായിയായ വളർച്ച ഒരുക്കിക്കൊണ്ട് മിഷനറിമാർ ആതുരസേവനകേന്ദ്രങ്ങളായ ആശുപത്രികൾ സ്ഥാപിച്ചു. ജീവകാരുണ്യപരമായി നിസ്വാർത്ഥസേവനമാണ് അവർ കാഴ്ചവെച്ചത്.

പാശ്ചാത്യ കൊളോണിയൽ ശക്തികൾ സ്വാർത്ഥലാഭത്തിനുവേണ്ടി കേരളത്തെ ചൂഷണം ചെയ്തിരുന്നുവെന്നത് വസ്തുതയാണ്. ക്രിസ്തുമതപ്രചാരണം അവരുടെ സേവന പ്രവർത്തനങ്ങളുടെ പിന്നിൽ ഉണ്ടായിരുന്നു താനും. പക്ഷേ ആധുനികകാലത്തിനു മുമ്പുതന്നെ കേരളത്തിലെ ചിന്താമണ്ഡലത്തെ മാറ്റിമറിച്ചത് ഇംഗ്ലീഷ് വിദ്യാഭ്യാസ മായിരുന്നു. സാഹിത്യത്തിലും സംസ്കാരത്തിലും അതിന്റെ സ്വാധീനം വലിയ മാറ്റങ്ങൾ ഉണ്ടാക്കി. വിശാലമായ ലോകവീക്ഷണം കേരളത്തിന് തനതായി രൂപപ്പെടുത്തിയതിൽ വലിയ പങ്കുവഹിച്ചതും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ഫലമായാണ്. ചിട്ടയായ

ജനാധിപത്യ സംവിധാനങ്ങളും ചിട്ടപ്പെടുത്തിയ നീതിന്യായവ്യവസ്ഥയും പൊതുതെരഞ്ഞെടുപ്പും മറ്റും ബ്രിട്ടീഷ് ഭരണത്തിന്റെ തുടർച്ചയായി പരിഗണിക്കാം.

### 3.2.5.1. അനന്തരഫലങ്ങൾ

കേരളീയസമൂഹത്തിൽ ജാതികളും ഉപജാതികളുമായി മനുഷ്യബന്ധങ്ങൾ വികൃതമായി വർഗ്ഗീകരിച്ചിരുന്നു. നാട്ടുവാഴികൾ നിരക്ഷരരായ ജനതയെ പലപ്പോഴും ചൂഷണം ചെയ്തു. അയൽ നാട്ടുകളുമായി നിരന്തരം യുദ്ധത്തിൽ ഏർപ്പെട്ടു. സാധാരണ മനുഷ്യർക്ക് ജീവനാശം വീരസ്വർഗ്ഗമായി വാഴ്ത്തപ്പെട്ടു. ആഭ്യന്തരസംഘർഷങ്ങളുടെ സാഹചര്യം വിദേശശക്തികൾ ഒരു അവസരമാക്കി. നാട്ടുവാഴികൾ ഒന്നൊന്നായി അവരുടെ കീഴിലായി. കോളനിഭരണം നടപ്പിലായി. ഏകീകൃതമായ നിയമവാഴ്ച കേരളമൊട്ടാകെ നടപ്പിൽ വന്നു. വിവാഹം, വിവാഹമോചനം, ബഹുഭർതൃത്വം, ബഹുഭാര്യാത്വം എന്നിവയുമായി ബന്ധപ്പെട്ട ജീർണ്ണിച്ച നടപടിക്രമങ്ങൾ ബ്രിട്ടീഷുകാർ അവസാനിപ്പിച്ചു. മരുമക്കത്തായത്തിൽ നിന്ന് മക്കത്തായത്തിലേക്കുള്ള മാറ്റവും ക്രമേണ സംഭവിച്ചു. കേരളത്തിന്റെ സാമ്പത്തികരംഗത്ത് വലിയ മാറ്റങ്ങൾക്കു കാരണമായ വിദ്യുച്ഛക്തി ഉത്പാദനവും റെയിൽവെ നിർമ്മാണവും തുടങ്ങുന്നത് ബ്രിട്ടീഷ് ഭരണകാലത്താണ്. പ്ലാന്റേഷൻ വ്യവസായവും തോട്ടവിളകളുടെ കൃഷിയും ബ്രിട്ടീഷ് ഭരണത്തിന്റെ മറ്റു സംഭാവനകളാണ്. വൈജ്ഞാനികരംഗത്ത് വിപ്ലവകരമായ മാറ്റമായി കേരളത്തിൽ അച്ചടിക്കു തുടക്കം കുറിച്ചു. ഹോർത്തൂസ് മലബാറിക്കൂസ് മുതലായ ഗ്രന്ഥങ്ങൾ നിർമ്മിക്കപ്പെട്ടു. 1812-ൽ മൺറോ ദിവാന്റെ കാലത്ത് അടിമവ്യാപാരം നിർത്തലാക്കിയുള്ള ഓർഡിനൻസ് തിരുവിതാംകൂറിൽ ഇറക്കിയിരുന്നു. പൂർണ്ണമായ വിളംബരത്തിന് പക്ഷേ 1855 വരെ കാത്തു നിൽക്കേണ്ടിവന്നു. 1855 ജൂൺ 24ന് (മലയാളവർഷം 1030 മിഥുനം 12) ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ തിരുവിതാംകൂറിൽ

രണ്ടാം അടിമവ്യാപാര നിരോധനനിയമം വിളംബരം ചെയ്തു. ബ്രിട്ടീഷ് മലബാറിൽ 1843 ഓടെ അടിമക്കച്ചവടം നിർത്തലാക്കിയിരുന്നു. പരിഷ്കൃതസമൂഹത്തിലേക്കുള്ള വാതിലുകൾ കേരളീയരുടെ മുമ്പിൽ തുറക്കാൻ കാരണമായത് ബ്രിട്ടീഷ് ഭരണസ്വാധീനം കൊണ്ടുതന്നെയാണ്. അപ്പോഴും ജാതിചിന്തകളും, നിലനിന്നു വന്ന അയിത്തം മുതലായ അനാചാരങ്ങളും ഉപേക്ഷിക്കാൻ ശരാശരി മലയാളി തയ്യാറായിരുന്നില്ല. അത്രമേൽ രൂഢമൂലമായിരുന്നു ജാതിവ്യവസ്ഥകൾ. അയിത്തവും തീണ്ടിക്കൂടായ്മയും മാറ്റമില്ലാതെ നിലനിന്ന കേരളീയ സമൂഹത്തെപ്പറ്റി വിവേകാനന്ദൻ 'ഭ്രാന്താലയം' എന്ന് വിശേഷിപ്പിച്ചത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന കാലത്തായിരുന്നല്ലോ (1892).

### 3.2.5.2 തിരുവിതാംകൂറും കൊച്ചിയും 19-ാം നൂറ്റാണ്ടിൽ

തിരുവിതാംകൂറും കൊച്ചിയും ബ്രിട്ടീഷ് ഇന്ത്യയുമായി കൂട്ടിയോജിപ്പിച്ച നാട്ടുരാജ്യങ്ങളായി. ദളവയ്ക്കുപകരം ദിവാൻ വന്നു. ബ്രിട്ടീഷ് സ്വാധീനമുള്ള ഉദ്യോഗസ്ഥരും എത്തി. ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യമുള്ള പരദേശികളായ ഉദ്യോഗസ്ഥന്മാരായിരുന്നു ഇവർ. ഭരണതലത്തിൽ ഇംഗ്ലീഷ് ഭാഷയും യൂറോപ്യൻ സാമൂഹ്യമര്യാദകളും ശ്രേഷ്ഠമായി കരുതി. തിരുവിതാംകൂറിനെ ആധുനിക രാഷ്ട്രമാക്കാനുള്ള നിരവധി പ്രവർത്തനങ്ങൾ 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ് ആരംഭിച്ചത്. സമാനമായിരുന്നു കൊച്ചിയിലെ അവസ്ഥയും. രാജ്യാധികാരത്തിൽ നിന്നും ഉദ്യോഗസ്ഥഭരണത്തിലേയ്ക്കുള്ള മാറ്റത്തെ നാട്ടുകാർ സർവ്വാത്മനാ സ്വാഗതം ചെയ്യുകയായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടും പരിഷ്കൃതാശയങ്ങളോടും പരിഷ്കൃതവേഷങ്ങളോടും മലയാളി പെട്ടെന്നുതന്നെ ഐക്യപ്പെട്ടു. സ്ഥിതിസമത്വത്തോടുള്ള മലയാളി ആഭിമുഖ്യമായിരിക്കണം ഈ സ്വീകാര്യതയിൽ പ്രവർത്തിച്ചത്. തിരുവിതാംകൂറിലും കൊച്ചിയിലും നടന്ന വികസന പ്രവർത്തനങ്ങളും സമൂഹത്തിൽ മാറ്റങ്ങളുണ്ടാക്കി. ഗതാഗതത്തിനായി നിരത്തുകളും

ജലസേചനത്തിനും ജലനിർഗ്ഗമനത്തിനും കനാലുകളും നിർമ്മിയ്ക്കപ്പെട്ടു. പുതിയ അധികാരരൂപങ്ങളുടെ വളർച്ച നാട്ടുവാഴിത്തവുമായി ബന്ധപ്പെട്ടുനിന്ന ആശ്രിതരിലും സമൂഹത്തിലെ മറ്റു വിഭാഗങ്ങളിലും അനിവാര്യമായ മാറ്റങ്ങളുണ്ടാക്കി. എങ്കിലും ജാതീയമായ അനാചാരങ്ങൾ പലതും സമൂഹത്തിൽ പ്രബലമായിരുന്നു.

### 3.2.5.3 മലബാർ 19-ാം നൂറ്റാണ്ടിൽ

17-ാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ തന്നെ മലബാറുമായി ബ്രിട്ടീഷ് ബന്ധം ആരംഭിച്ചെങ്കിലും 18-ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ ബ്രിട്ടീഷ് രാഷ്ട്രീയാധിപത്യം പൂർണ്ണമായി. സാമ്പത്തിക ഘടനയിലും സാമൂഹിക മേഖലയിലും മലബാറിൽ 19-ാം നൂറ്റാണ്ടോടെ ഗണ്യമായ മാറ്റങ്ങൾ വന്നു. പിൽക്കാലത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസം ഈ മാറ്റങ്ങളെ ത്വരിതപ്പെടുത്തി. ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ചവർക്ക് ഗവൺമെന്റ് ജോലികൾക്ക് മുൻഗണന ലഭിക്കുമെന്ന ഉത്തരവ് 1844-ൽ പുറത്തുവന്നു. പുതിയ വിദ്യാഭ്യാസവും സർക്കാർ ഉദ്യോഗം നൽകുന്ന സുരക്ഷാബോധവും മലബാറിലെ ഉയർന്ന ജാതിക്കാർക്കിടയിൽ വലിയ പ്രതികരണമുണ്ടാക്കിയില്ല. അതേ സമയം മലബാറിലെ തീയർ ഈ പുതിയ പരീക്ഷണത്തിന് തയ്യാറായി. "ജാതിപരമായ വിശുദ്ധി നഷ്ടപ്പെട്ടു പൊകുമെന്ന് പേടിയ്ക്കാനില്ലാത്തതിനാൽ യൂറോപ്യൻമാരുമായി തീയർക്ക് എളുപ്പം ബന്ധപ്പെടാൻ കഴിഞ്ഞു".[8] യൂറോപ്യൻ പ്രവർത്തനങ്ങളുടെ പ്രധാന മലബാർ കേന്ദ്രങ്ങളായ കണ്ണൂർ, തലശ്ശേരി, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിൽ തീയസമുദായക്കാർക്ക് ഒട്ടനവധി ജോലികൾ ലഭിച്ചു. ചിലർ കരാറുകാരായി. ചില സ്ത്രീകൾ യൂറോപ്യൻ ഉടമകളുടെ കൂടെ കുടുംബജീവിതം നയിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസം സ്വീകരിക്കാനും അതുവഴി തങ്ങളിൽ പുതിയ ലോകവീക്ഷണം രൂപപ്പെടുത്താനും ഇവർക്ക്

8 കെ.കെ.എൻ.കുറുപ്പ്, ആധുനികേരളം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019, പുറം 116.

കഴിഞ്ഞു. ബാസൽമിഷൻകാർ മലബാറിൽ പലേടത്തും പ്രാഥമിക സ്കൂളുകളും ഹൈസ്കൂളുകളും ആരംഭിച്ചു. മിഷൻ സ്കൂളുകളിൽ എല്ലാവർക്കും ജാതിഭേദമില്ലാതെ പ്രവേശനം നൽകിയിരുന്നു. ജാതിവിലക്കുകളില്ലാത്തതിനാൽ പുതിയ സാമൂഹ്യക്രമം സൃഷ്ടിക്കാനായി തീയർ ബോധപൂർവ്വം ശ്രമിച്ചു. അതിനാൽ മിഷൻ സ്കൂളിലെ മിക്കവാറും വിദ്യാർത്ഥികൾ തീയസമുദായത്തിൽ നിന്നായിരുന്നു. ബാസൽമിഷൻ സ്കൂളുകളിൽ പഠിപ്പിച്ചുവന്ന സയൻസ്, ഭൂമിശാസ്ത്രം, മലയാളം, ഇംഗ്ലീഷ്, ബൈബിൾ എന്നിവ മാറ്റങ്ങളുടെ ലോകത്തെപ്പറ്റിയുള്ള വീക്ഷണം മലയാളിക്കു സമ്മാനിച്ചു. സമൂഹത്തിൽ തിയ്യർക്കും താഴെയായി കണ്ടുപോന്ന അധഃകൃതർക്കിടയിൽ പക്ഷേ, വലിയ മാറ്റങ്ങളൊന്നു മുണ്ടായില്ല. അതുപോലെ സ്ത്രീവിദ്യാഭ്യാസം തീയർക്കിടയിലും മന്ദഗതിയിലായിരുന്നു.

ശ്രീനാരായണഗുരു തിരുവിതാംകൂറിൽ 1903-ൽ ആണ് ശ്രീനാരായണ ധർമ്മപരിപാലനയോഗം ആരംഭിച്ചത്. ധർമ്മപരിപാലനയോഗത്തിന്റെ അലകൾ മലബാറിലുമെത്തി. 1906 ജൂലൈയിൽ തലശ്ശേരിയിലെ തീയർ ചേർന്ന് ശ്രീ ജ്ഞാനോദയയോഗം എന്ന സംഘടന രൂപീകരിച്ചു. തലശ്ശേരിയിലും കണ്ണൂരിലും ക്ഷേത്രങ്ങൾ നിർമ്മിയ്ക്കുന്നതും ശ്രീനാരായണഗുരുവിനെക്കൊണ്ട് പ്രതിഷ്ഠ നിർവ്വഹിക്കുന്നതും ശ്രീജ്ഞാനോദയയോഗത്തിന്റെ ആഭിമുഖ്യത്തിലാണ്. 1916-ൽ കണ്ണൂർ കേന്ദ്രമാക്കി ഭഗവൽഭക്തിപ്രദീപയോഗം എന്ന സംഘടനയും രൂപീകരിച്ചിരുന്നു. തീയരിലെ സമ്പന്നവിഭാഗം ഇംഗ്ലീഷ് വിദ്യാഭ്യാസവും ബ്രിട്ടീഷ് സമ്പ്രദായവും സ്വീകരിച്ച സമൂഹമായതിനാൽ ദേശീയപ്രസ്ഥാനത്തിലും സ്വാതന്ത്ര്യസമരത്തിലും പൊതുവെ മലബാറിൽ ഇവർ പങ്കെടുത്തില്ല. അതേസമയം തീയരിൽ സാമൂഹിക മാറ്റങ്ങൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം വഴിയൊരുക്കിയിട്ടുണ്ട് താനും. സമ്പന്ന വർഗ്ഗത്തിൽപ്പെട്ട തിയ്യസ്ത്രീകൾ 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ സാരി ധരിച്ചുവന്നു.

മലബാറിലാകെ വിദ്യാസമ്പന്നരായ സ്ത്രീകളുടെ വേഷവിധാനത്തിൽ വിപ്ലവകരമായ മാറ്റങ്ങൾക്കിത് തുടക്കം കുറിച്ചു.

### 3.3 വില്യം ലോഗൻ

മലബാറിലെ ജന്മി-കുടിയാൻ ബന്ധങ്ങളെപ്പറ്റി അന്വേഷണം നടത്താൻ 1881-ൽ വില്യം ലോഗനെ ബ്രിട്ടീഷ് സർക്കാർ പ്രതിനിധിയായി നിശ്ചയിച്ചു. മലബാറിലെ എല്ലാ പ്രദേശങ്ങളിലും യാത്രകൾ നടത്തി തന്റെ നിർദ്ദേശങ്ങളോടെ ദീർഘമായ റിപ്പോർട്ട് ലോഗൻ തയ്യാറാക്കി. കൃഷി, കൃഷിക്കാർ, ഉടമസ്ഥന്മാർ, കാര്യസ്ഥന്മാർ തുടങ്ങി വിശദമായ പഠനം തന്നെ ലോഗൻ നടത്തിയിട്ടുണ്ട്. "കൃഷിക്കാരെ റബ്ബർ, വാനില, ലൈബീരിയൻ കാപ്പി, ചായ തുടങ്ങിയ തോട്ടവിളകളുണ്ടാക്കാൻ പരിശീലിപ്പിക്കുന്നതിനായി ഒരു കാർഷിക പാഠശാല കോഴിക്കോട് സ്ഥാപിക്കേണ്ടതാവശ്യമാണെന്നും അദ്ദേഹം ശുപാർശ ചെയ്തു."[9] ജന്മിത്വത്തെ ഒരു പരിധിവരെ നിയന്ത്രിക്കാനും യഥാർത്ഥ കൃഷിക്കാരായ കുടിയാന്മാർക്ക് സംരക്ഷണം ലഭിക്കാനുമുള്ള വിപ്ലവകരമായ ആശയങ്ങൾ ലോഗന്റെ റിപ്പോർട്ടിലുണ്ടായിരുന്നു. കാർഷികവിദ്യാഭ്യാസം വഴി പുതിയ വിളവുകൾ പരിചയപ്പെടുത്താനും തരിശുഭൂമി കൃഷിക്കു കൊണ്ടുവരാനും ലോഗൻ ഉദ്ദേശിച്ചിരുന്നു. ജന്മിമാരുടെ അധികാരം വെട്ടിച്ചുരുക്കുന്നതിനാലായിരിക്കണം ഈ റിപ്പോർട്ട് സർക്കാർ അധികാരികൾ സ്വീകരിച്ചില്ല. തോട്ടം വിളകളോടുള്ള കമ്പോള താൽപര്യങ്ങൾ കാരണം ശാസ്ത്രീയ കൃഷിരീതികളിലേക്ക് കൃഷിയെ കൊണ്ടുപോവാൻ ലോഗൻ പദ്ധതികളിട്ടിരുന്നു. ചില വിളകൾ കൃഷി ചെയ്യുന്നതുമായി ബന്ധപ്പെട്ട് ആധുനികമായ ഒരു വീക്ഷണം മലബാർ

---

[9] കെ.കെ.എൻ.കുറുപ്പ്, ആധുനികകേരളം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019, പുറം 119.

മലയാളിയിലേക്ക് പകരാൻ ലോഗൻ റിപ്പോർട്ടിന് കഴിഞ്ഞു. മലയാളിയുടെ നാണ്യവിളകൾ ഇന്നും തോട്ടവിളകളാണല്ലോ.

### 3.4 മലയാളിയുടെ ലോകം

സമൂഹത്തിലെ ഓരോരുത്തരുടേയും നോക്കിക്കാണലും അതിന്റെ ഉൾക്കൊള്ളലുമാണ് ആ സമൂഹത്തിന്റെ ലോകവീക്ഷണം. അതുപോലെ ഒരു സമൂഹത്തിന്റെ ജീവിതരീതികളും സ്വഭാവരീതികളും ഒപ്പം അവരുടെ ഭാഷയും ആചാരങ്ങളും വസ്ത്രധാരണരീതികളും ആ സമൂഹത്തിന്റെ സംസ്കാരത്തെ രൂപപ്പെടുത്തുന്നു. കേരളത്തിന്റെ സംസ്കാരം നിരവധി കൊടുക്കൽ വാങ്ങലുകളിൽ അധിഷ്ഠിതമാണ്. ദേശവിദേശങ്ങളുമായി നൂറ്റാണ്ടുകൾക്കുമുമ്പുതന്നെയുള്ള ബന്ധം മലയാളിയുടെ ലോകത്തെ വിശാലമാക്കി. സ്വാഭാവികമായും മലയാളിയുടെ ലോകവീക്ഷണം നിരന്തരം നവീകരിക്കുകയും കാലികമാക്കുകയും ചെയ്തുകൊണ്ടിരുന്നു. കേരളത്തിന്റെ നവോത്ഥാന പരിസരത്തെ നിർണ്ണയിച്ചതും ഈ ലോകവീക്ഷണം തന്നെയാണ്. കോളനിവൽകൃത കാലഘട്ടത്തോടുകൂടി കേരളസംസ്കാരത്തിലും യൂറോപ്യൻ സ്വാധീനം പ്രബലമായി. എന്നാൽ പാശ്ചാത്യനാഗരികതയും സംസ്കാരത്തിന്റെ അധിനിവേശവും മാത്രമല്ല കേരളീയനവോത്ഥാനത്തിനു കാരണമാകുന്നത്. മതധർമ്മശാസ്ത്രങ്ങളിലും ഒപ്പം അതതുകാലങ്ങളിൽ വിനിമയം ചെയ്യപ്പെടുന്ന അറിവുകളിലും മലയാളി തന്റെ ലോകവീക്ഷണം ക്രമമായി വികസിപ്പിച്ചിരുന്നു. അയിത്തം മറ്റു സാമൂഹ്യ അനാചാരങ്ങൾ എന്നിവക്കെതിരായി സമത്വത്തിനു വേണ്ടിയുള്ള പോരാട്ടങ്ങൾ പല രൂപത്തിലും ഭാവത്തിലും ഈ മണ്ണിൽ അങ്കുരിച്ചിരുന്നു. ലോകത്തെ മാറ്റിമറിച്ച വിപ്ലവാശയങ്ങളുടെ അംശങ്ങൾ, ആ ആശയങ്ങളുടെ വിളംബരങ്ങൾക്ക് എത്രയോ മുമ്പുതന്നെ, കേരളത്തിലെ നവോത്ഥാന

നായകരിൽ പ്രതിഫലിച്ചിരുന്നു. അയ്യാ വൈകുണ്ഠസ്വാമികൾ (1809-1851), അയ്യാവുസ്വാമികൾ (1814-1909), ആറാട്ടുപുഴ വേലായുധപ്പണിക്കർ (1825-1874) എന്നിവരുടെ പ്രവർത്തനങ്ങൾ കേരളീയനവോത്ഥാനത്തിൽ നിർണ്ണായകമാണ്.

കേരളത്തിൽ തുടർച്ചയായി കുടിയേറ്റവും കുടിയിറക്കവും നടന്നിട്ടുണ്ട്. പല പ്രദേശങ്ങളിൽ നിന്നും വാണിജ്യത്തിനും താമസത്തിനും പല സമൂഹങ്ങളും കേരളത്തിലെത്തി. ഇവിടെ സ്ഥിരതാമസമാക്കിയവരും വന്നവരും തമ്മിൽ ബന്ധങ്ങളുണ്ടാവുകയും സങ്കരജനസമൂഹങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തു. ബൗദ്ധജൈനമതങ്ങളും ക്രിസ്തുമതവും ഇസ്ലാമും കേരളസമൂഹക്രമത്തിന്റെ ഭാഗമായിത്തീർന്നിരുന്നു. യൂറോപ്യന്മാരുടെ വരവ് കേരളത്തിലെ മതസമുദായഘടനയിലും സ്വഭാവത്തിലും മാറ്റം വരുത്തി. സമുദായങ്ങളെ വേർതിരിച്ച് കലഹിപ്പിയ്ക്കുന്ന പോർച്ചുഗീസ് തന്ത്രവും കേരളത്തിൽ പ്രവർത്തിച്ചു. കൊളോണിയൽ കാലഘട്ടം സാമ്പത്തികവും സാമൂഹികവുമായ മാറ്റങ്ങൾക്ക് കേരളസമൂഹത്തിൽ ചാലകശക്തിയായി.

കേരളത്തിലെ ജാതിവ്യവസ്ഥ വ്യവസ്ഥാപിതമായ ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്രരീതിയിലായിരുന്നില്ല. ബ്രാഹ്മണരും ശൂദ്രരും ജാതിവ്യവസ്ഥയ്ക്ക് പുറത്തുള്ള അധഃകൃതരും ഹിന്ദുസമുദായത്തെ ജാതികളും ഉപജാതികളുമാക്കി മാറ്റി. അബദ്ധജടിലമായ ഒട്ടനവധി ആചാരങ്ങൾ കീഴ്വഴക്കങ്ങളായി മാറി. അവർണർക്ക് ക്ഷേത്രപ്രവേശനനിരോധനം തന്നെ പതിനെട്ടാം നൂറ്റാണ്ടിനുമുമ്പ് പ്രബലമായിരുന്നില്ല. "പതിനേഴാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലായിരിയ്ക്കണം ക്ഷേത്ര പ്രവേശനനിരോധനം അവർണരെ പൂർണ്ണമായി ബാധിച്ചത്. അതിന് മുമ്പ് ഈഴവർക്ക് സമൂഹത്തിൽ

താരതമ്യേന ഉന്നതമായ സ്ഥാനമുണ്ടായിരുന്നു. സഞ്ചാരസ്വാതന്ത്ര്യമുണ്ടായിരുന്നു. ക്ഷേത്രപ്രവേശനത്തിനും അവർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു".[10]

ഭക്തിപ്രസ്ഥാനവും മറ്റും ജനകീയമായ ഭക്തിയും സാമൂഹ്യസമത്വവും പ്രചരിപ്പിച്ചിരുന്നല്ലോ. ജാതിവൈജാത്യങ്ങൾ നിലനിന്നപ്പോഴും അതിനപ്പുറത്ത് മാനവികതയെ തിരിച്ചറിയുന്ന പുരാണകഥകളും, വേദാന്തവും അഭ്യസിച്ച് ജ്ഞാനികളായ പണ്ഡിതർ കേരളസമൂഹത്തിൽ നിലനിന്നിരുന്നു. അടിസ്ഥാനപരമായി സത്യവും സമത്വവും കേരളസംസ്കാരത്തിന്റെ ദീപനാളങ്ങളായി വിശേഷിപ്പിക്കപ്പെട്ടു.[11] ലോകരാജ്യ ങ്ങളെ മാറ്റത്തിലേയ്ക്കു നയിച്ച നവീനാശയങ്ങൾ കേരളസമൂഹത്തിൽ പണ്ടേ ഉൾച്ചേർന്നതാണ്. അസമത്വങ്ങളും അനാചാരങ്ങളും സമൂഹത്തെ ഗ്രസിയ്ക്കുമ്പോഴെല്ലാം മാനവികതയുടെ ദർശനം, കേരളക്കരയുടെ ലോകവീക്ഷണം, അവന്റെ അകത്തു തന്നെയുള്ള ധർമ്മസംസ്കൃതിയിലും, പുറത്തുനിന്നുള്ള പുത്തനറിവുകളിലും ഒരുപോലെ നിൽപ്പുറപ്പിച്ചു.

തൊട്ടുകൂടായ്മയോടൊപ്പം തീണ്ടിക്കൂടായ്മ എന്ന തീവ്രമായ അനാചാരം കേരളസമൂഹത്തിൽ നിലനിന്നിരുന്നു. അയിത്തം കല്പിച്ച വലിയൊരു ഭാഗം ജനതയ്ക്ക് സവർണ്ണരെ കാണാനോ അവർ സഞ്ചരിയ്ക്കുന്ന വഴി ഉപയോഗിക്കാനോ പാടില്ലായിരുന്നു. 19-ാം നൂറ്റാണ്ടിൽ തീണ്ടിക്കൂടായ്മ ഏറെ രൂക്ഷമായി. സംസ്കാരവും വിദ്യാഭ്യാസവുമുള്ള ലക്ഷക്കണക്കിനീഴവരും കൃഷിപ്പണിചെയ്യുന്ന പുലയരും പറയരും ഇങ്ങനെ മാറ്റി നിർത്തപ്പെട്ടു. ചണ്ഡാളന്മാർ മറ്റുള്ളവരിൽനിന്ന് വേറിട്ടു താമസിയ്ക്കണം. പൊതുസ്ഥലങ്ങളിൽ വരുമ്പോൾ മരക്കഷ്ണം കൊണ്ട് നിലത്തടിച്ച് തങ്ങളുടെ

---

10 എൻ.കെ.ജോസ്, വൈക്കം സത്യാഗ്രഹം ഒരു പ്രഹേളിക, ഹോബി പബ്ലിഷേഴ്സ്, **1994**. വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട് **5** പുസ്തകങ്ങൾ ചരിത്രകാരനായ ദലിത് ബന്ധു എൻ.കെ. ജോസ് രചിച്ചിട്ടുണ്ട്, പു. **33**.

11 സൂചന: മാവേലി നാടുവാഴും കാലത്തെപ്പറ്റിയുള്ള ഓണപ്പാട്ടുകൾ.

വരവറിയിക്കണം. കേരളത്തിൽ നിലനിന്നിരുന്ന ക്രൂരമായ ഈ സാമൂഹിക സമ്പ്രദായത്തെപ്പറ്റി നൂറ്റാണ്ടുകൾക്കുമുമ്പ് ഇന്ത്യയിൽ വന്ന ചൈനീസ് സഞ്ചാരി ഫാഹിയാൻ (AD-399) രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു വിധത്തിലും പരിഹരിക്കാനാവാത്ത പ്രശ്നമായി അയിത്തം മാറി. ഉത്തരേന്ത്യൻ രീതികളിലെ ക്ഷത്രിയർ കേരളത്തിലു ണ്ടായിരുന്നില്ല. തിരുവിതാംകൂർ രാജാക്കന്മാർ ക്ഷത്രിയരായിരുന്നില്ല. കിരീടധാരണത്തിനുമുമ്പ് ഹിരണ്യഗർഭം എന്ന ചടങ്ങുവഴി ബ്രാഹ്മണർ ഇവരെ ക്ഷത്രിയരാക്കാറായിരുന്നു പതിവ്. ചുരുക്കത്തിൽ ബ്രാഹ്മണരും അവർക്ക് ദാസ്യവേല ചെയ്യാൻ സന്നദ്ധരായ ശൂദ്രരും ഇതിനൊക്കെ പുറത്തുള്ള അവർണരും കേരളസമൂഹക്രമത്തിൽ നിലനിന്നു. 19-ാം നൂറ്റാണ്ടിൽ തിരുവിതാംകൂറിലെ ഭൂമി ബ്രാഹ്മണർക്കും ക്ഷേത്രങ്ങൾക്കും രാജാവിനും മാത്രമുള്ളതായിരുന്നു. നായരും ക്രിസ്ത്യാനിയും ഭൂമി പാട്ടത്തിനെടുത്ത് ഈഴവരെക്കൊണ്ടും അധഃകൃതജനവിഭാഗങ്ങളെ ക്കൊണ്ടും കൃഷി ചെയ്യിപ്പിച്ചു. ഇതിനു നിശ്ചയിച്ച നികുതി യഥാക്രമം ക്ഷേത്രഭോഗം, രാജഭോഗം, ബ്രഹ്മഭോഗം ആയി ഈടാക്കി. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അകലം കൂടി വന്നു. നിത്യവൃത്തിക്ക് വകയില്ലാത്ത ഉന്നത ജാതിക്കാരുമുണ്ടായിരുന്നു. നാട്ടിലെ പ്രധാന ജന്മിയും അധികാരിയും ബ്രാഹ്മണരായിരുന്നു. ന്യായാധിപനും ശിക്ഷാകർത്താവും ഇവർ തന്നെ. ഗൗരവമായ കുറ്റകൃത്യങ്ങൾക്ക് മറ്റ് വിഭാഗങ്ങൾക്ക് നടപ്പിലുണ്ടായിരുന്ന വധശിക്ഷ ബ്രാഹ്മണർക്ക് ബാധകമായിരുന്നില്ല.

അനാചാരങ്ങൾ സമൂഹത്തിൽ കൊടികുത്തിവാണപ്പോഴും പാരമ്പര്യമായി വിദ്യാഭ്യാസവും വിശിഷ്യ സംസ്കൃതവും സ്വായത്തമാക്കിയ ഈഴവർ കേരളത്തിലു ണ്ടായിരുന്നു. ഈഴവർക്കാണെങ്കിൽ മേൽമുണ്ട് ധരിക്കാനവകാശമില്ലായിരുന്നു. സ്ത്രീകൾ മാറ് മറയ്ക്കാൻ പാടില്ല. പ്രത്യേകമായ ആഭരണങ്ങളണിയുന്നതും വിലക്കിയിരുന്നു. വിലക്കിന്റെ ക്രമങ്ങൾ വിചിത്രമായിരുന്നു. "കറവപ്പശുക്കളെ വളർത്തരുത്.

ലോഹപ്പാത്രങ്ങൾ ഉപയോഗിയ്ക്കരുത്. ചെരുപ്പും നല്ല വസ്ത്രങ്ങളും പാടില്ല എന്നിങ്ങനെ വിലക്കുകളുടെ പട്ടിക നീണ്ടു. കൊപ്രയാട്ടി എണ്ണയെടുക്കുന്നതുപോലും അവർക്ക് വിലക്കപ്പെട്ടിരുന്നു. തേങ്ങയെണ്ണ ഭക്ഷണത്തിനുപയോഗിച്ചുകൂടാ. വെളിച്ചത്തിനുമാത്രം ഉപയോഗിക്കാം. അങ്ങനെയത് വെളിച്ചെണ്ണ എന്നറിയപ്പെട്ടു.''[12]

വിദ്യാസമ്പന്നരായ സമുദായികൾക്ക് ഈ വിലക്കുകൾ ഒരു തരത്തിലും സഹിക്കാൻ കഴിഞ്ഞില്ല. തങ്ങൾ വെച്ചുപുലർത്തിയിരുന്ന വിശ്വാസങ്ങൾക്കും നേടിയ വിജ്ഞാനത്തിനും നിരക്കുന്നതായിരുന്നില്ല ഇതൊന്നും എന്നവർക്ക് തോന്നി. അജ്ഞതയും ധാർഷ്ട്യവുമാണ് അധികാരികളെ നയിക്കുന്നതെന്ന് അറിവുനേടിയ പിന്നോക്കക്കാർക്ക് ബോധ്യമായി. മാത്രവുമല്ല ധർമ്മസംസ്കാരത്തിനും തങ്ങളുടെ ചിന്തകളിൽ രൂപപ്പെട്ട ലോകവീക്ഷണത്തിനും എതിരായിരുന്ന ഇത്തരം അനീതികളെ തുറന്നെതിർക്കാൻ ചിലർ തീരുമാനിക്കുക തന്നെ ചെയ്തു. ക്രിസ്തുമതത്തിൽ ചേർന്ന നാടാർ (ചാന്നാർ) സ്ത്രീകൾക്ക് മാറു മറയ്ക്കാനുള്ള അവകാശത്തിനുവേണ്ടി 30 വർഷങ്ങളോളം നീണ്ട സമരങ്ങൾ (ചാന്നാർ ലഹള) നടന്നു. 1859 ജൂലൈ 26-നാണ് ചാന്നാർ സ്ത്രീകൾക്ക് മാറ് മറയ്ക്കുന്നതിനുള്ള നിയന്ത്രണം നീക്കി ഉത്തരവാകുന്നത്.

ക്രിസ്തുമതത്തിൽ ചേർന്നതുകൊണ്ടുമാത്രം അടിയാളന്റെയോ അവർണ്ണന്റെയോ സാമൂഹിക അവസ്ഥയ്ക്ക് ഒരു മാറ്റവും വരികയില്ല എന്ന് ചിന്തിക്കുന്നവർക്ക് ബോധ്യപ്പെട്ടു. സാമൂഹികമായ ഉച്ചനീചത്വങ്ങൾ അവസാനിപ്പിക്കുന്നതിന് വിട്ടുവീഴ്ചയില്ലാത്ത സമരങ്ങൾ ഉണ്ടാകുന്നത് മലയാളിക്ക് അവന്റെ ലോകവീക്ഷണം നൽകിയ ബോധ്യങ്ങളിൽനിന്നാണ്. ക്ഷേത്രാചാരങ്ങളുടെ കാർക്കശ്യത്തെയും പൗരാവകാശനിഷേധത്തെയും ശക്തിയായെതിർത്ത് വൈകുണ്ഠസ്വാമിയും കൂട്ടുകാരും

12 പുറത്തൂർ ശ്രീധരൻ, കേരളചരിത്രം - നവോത്ഥാനം, സത്യഗ്രഹം, എച്ച് ആന്റ് സി.ബുക്സ്, തൃശ്ശൂർ, ഒക്ടോബർ, 2019, പുറം 78.

വരുന്നത് ഈ സാഹചര്യത്തിലാണ്. കുമാരകോവിൽ ക്ഷേത്രത്തിൽ സവർണർക്ക് മാത്രം അവകാശപ്പെട്ട ആചാരമായിരുന്നു അഗ്നിക്കാവടി. ഭക്തനാണെങ്കിൽ കാലിൽ പൊള്ളലേൽക്കില്ല എന്നായിരുന്നു വിശ്വാസം. കീഴാർനെല്ലിയും ഉപ്പും ചേർത്ത മിശ്രിതം കാലിൽ തേച്ച് ക്ഷേത്രമുറ്റത്ത് ചിരട്ടക്കനലിലൂടെ നടന്നു വൈകുണ്ഠസ്വാമിയും കൂട്ടുകാരും. പിൽക്കാല നവോത്ഥാനനായകർക്ക് പുതിയ ദിശാബോധം നൽകി വൈകുണ്ഠസ്വാമിയുടെ വചനങ്ങൾ. "ഒൻറെ ജാതി ഒൻറെ മതം ഒൻറെ ദൈവം ഒൻറെ കുലം ഒൻറെ ഉലകം ഒൻറെ അരശ് ഒൻറെ മൊഴി ഒൻറെ നീതി"[13] ധർമ്മ ശാസ്ത്രങ്ങളിലൂന്നിയ ദർശനമായിരുന്നു വൈകുണ്ഠസ്വാമിയുടെ പ്രവർത്തനങ്ങളിൽ തെളിഞ്ഞുകണ്ടത്. വിശാലമാനവികതയുടെ ഉദാത്തമായ ലോകവീക്ഷണം കേരളത്തിന്റെ നവോത്ഥാനനായകരിൽ പ്രകടമായിരുന്നെന്ന് ഇതിൽനിന്നും വായിച്ചെടുക്കാം. ശ്രീനാരായണഗുരുവിന്റെ ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന മുദ്രാവാക്യം രൂപപ്പെടുന്നതും ഇതിന്റെ തുടർച്ചയാണ്.

### 3.5 ആറാട്ടുപുഴ വേലായുധപ്പണിക്കർ

സമ്പന്നമായ ഈഴവത്തറവാട്ടിൽ 1825-ലാണ് വേലായുധന്റെ ജനനം. ബൗദ്ധികമായും കായികമായും ശക്തനായി വേലായുധൻ വളർന്നു. കൊള്ളക്കാരോട് പൊരുതി തിരുവിതാംകൂറിലെ ആഭ്യന്തര സുരക്ഷ ഉറപ്പുവരുത്താൻ ഇദ്ദേഹം ശ്രമിച്ചിരുന്നു. ഇതിനുള്ള രാജ്യസമ്മാനമായിരുന്നു പണിക്കർ പദവി. രാജാവിനോട് നല്ല ബന്ധം പുലർത്തിയപ്പോഴും സമൂഹത്തിൽ നിലവിലുണ്ടായിരുന്ന അനീതികൾക്കെതിരെ പണിക്കർ ഒറ്റയാൾപ്പോരാട്ടം നടത്തി. വീതിക്കരയുള്ള മുണ്ടുടുത്ത് പാടത്ത് പണിക്കുവന്ന

---

[13] രാജേഷ് ചിറപ്പാട്, രാജേഷ് കെ.എരുമേലി, നവോത്ഥാനവും കേരളസാഹിത്യവും, 2010, (അറിവുഞ്ഞാൽ പുസ്തകപരമ്പരയിലെ ലേഖനത്തിലുള്ള ഉദ്ധരണി, എസ്.പി.സി.എസ്. പ്രസിദ്ധീകരിച്ചത്.), പുറം.113.

ഈഴവസ്ത്രീകളെ പ്രമാണിമാർ അധിക്ഷേപിച്ച ഒരു സംഭവമുണ്ടായി. ഇതിൽ പ്രതിഷേധിച്ച് തൊഴിലാളികളെ വിളിച്ചുകൂട്ടി കൃഷിപ്പണി ബഹിഷ്ക്കരിയ്ക്കാൻ പണിക്കർ ആഹ്വാനം ചെയ്തു. 1866-ൽ പണിക്കരുടെ നേതൃത്വത്തിൽ ഈഴവരായ കർഷകത്തൊഴിലാളികൾ നടത്തി വിജയിച്ച പണിമുടക്കാണ് കേരളത്തിൽ രേഖപ്പെടുത്തപ്പെട്ട ആദ്യത്തെ കർഷക ത്തൊഴിലാളി സമരം. ഈഴവസ്ത്രീകൾക്ക് ഇഷ്ടമുള്ള വേഷവിധാനവും ആഭരണങ്ങളും ധരിക്കാനുള്ള സ്വാതന്ത്ര്യത്തിനായി പണിക്കർ പോരാടി. അതുപോലെ ഈഴവരുടെ സഞ്ചാരസ്വാതന്ത്ര്യത്തിനുവേണ്ടിയും പണിക്കർ നിലകൊണ്ടു. സവർണരുടെ കലയായി അറിയപ്പെട്ട കഥകളിയെ ജനകീയമാക്കാൻ ഈഴവർക്കായി ആദ്യത്തെ കഥകളിയോഗം സ്ഥാപിച്ച വിപ്ലവകാരിയായിരുന്നു പണിക്കർ. ദേവന്മാരുടെയും രാജാക്കന്മാരുടെയും കഥാപാത്രങ്ങളുടെ പച്ചവേഷങ്ങൾ തന്നെ ഇതിലെ അഭിനേതാക്കൾ കഥകളിയിലാടിയത് സവർണരെ പ്രകോപിപ്പിച്ചു. നിയമപരമായി കഥകളി അവതരിപ്പിക്കാനുള്ള അവകാശം തന്റെ സ്വാധീനം ഉപയോഗിച്ച് തിരുവിതാംകൂർ ഗവൺമെന്റിൽനിന്നും വേലായുധപ്പണിക്കർ നേടിയിരുന്നു താനും. പണിക്കരുടെ തികച്ചും ആധുനികമായ, അതേ സമയം സംസ്കാരത്തിന്റെ നല്ല വശങ്ങളെ നിഷേധിക്കാത്ത, തൊഴിലാളിവർഗ്ഗ വീക്ഷണം ഈ സംഭവങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. ജാതിവിവേചനവും ജന്മിത്വവും കൊടുമ്പിരിക്കൊണ്ട കാലത്താണ് സാമൂഹികനവോത്ഥാനത്തിനായി ആറാട്ടുപുഴ വേലായുധപ്പണിക്കർ ശ്രമിച്ചത്.

നിലവിലുള്ള സമ്പദ്ഘടനയേയും അതിന്റെ ദർശനങ്ങളായ ധർമ്മശാസ്ത്രങ്ങളേയും സംരക്ഷിച്ചുനിർത്തുന്ന വിദ്യാഭ്യാസസമ്പ്രദായമായിരുന്നു അന്നു തിരുവിതാംകൂറിൽ നിലനിന്നിരുന്നത്. തൊഴിൽവിഭജനവുമായി ബന്ധപ്പെട്ട് അവരുടെ ജോലികളിൽ വൈദഗ്ധ്യം നേടാൻ ആവശ്യമായ വിദ്യാഭ്യാസം അബ്രാഹ്മണരായ ഈഴവർക്കും മറ്റും ലഭിച്ചിരുന്നു. ജ്യോതിശാസ്ത്രം, ആരോഗ്യം, തച്ചശാസ്ത്രം എന്നിവയൊക്കെ

ഉദാഹരണങ്ങളാണ്. അക്ഷരാഭ്യാസത്തിൽ തുടങ്ങുന്ന അടിസ്ഥാനവിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും ലഭിച്ചിരുന്നത് സവർണ്ണർക്ക് മാത്രമായിരുന്നു. ഈ വ്യവസ്ഥയെ മാറ്റി മറിക്കുന്നതിന് ക്രൈസ്തവ മിഷണറിമാർ കേരളത്തിലവതരിപ്പിച്ച വിദ്യാഭ്യാസരീതി ശ്രമിച്ചു. അവരുടെ പള്ളികളോട് ചേർന്ന് എല്ലാവർക്കും പ്രവേശനമുള്ള പള്ളിക്കൂടങ്ങളുണ്ടായി.

**3.6 നവോത്ഥാനത്തിലേയ്ക്കു നയിച്ച ലോകവീക്ഷണം**

മലയാളിയുടെ നവോത്ഥാനശ്രമങ്ങളിലൊക്കെ അധഃസ്ഥിതരുടെ പുരോഗതി ഒരു പ്രധാന വിഷയമായിരുന്നു. ജാതിവ്യവസ്ഥയും സവർണ്ണമേൽക്കോയ്മയും അടിമകളാക്കിയ ജനതയെ മുഖ്യധാരയിലേക്കു കൊണ്ടുവരണമെങ്കിൽ നിലനിൽക്കുന്ന സമൂഹവ്യവസ്ഥയെ നിരാകരിക്കണം. യൂറോപ്യൻ നവോത്ഥാനശ്രമങ്ങളുടെ അനുരണനങ്ങൾ കേരളത്തിലു മെത്തിയപ്പോൾ ആധുനികമായ ചിന്താപദ്ധതികൾ രൂപപ്പെട്ടു. മലയാളിയുടെ സമത്വവീക്ഷണം സ്വാഭാവികമായും വിദ്യാസമ്പന്നരിൽ കൂടുതൽ പ്രകടമായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തെയും നാഗരികതയിലൂന്നിയ സംസ്കാരത്തെയും കേരളം പെട്ടെന്നുതന്നെ സ്വാംശീകരിച്ചു. അതേസമയം കേരളത്തിന് തനതെന്നു പറയാവുന്ന സംസ്കാരം സ്വാഭാവികമായും പിന്തള്ളപ്പെടുകയോ, പരിഷ്ക്കരിക്കപ്പെടുകയോ ചെയ്തു.

ഇന്ത്യയിലെ വിവിധ ഭൂവിഭാഗങ്ങളിലുള്ളവരും കടലിനപ്പുറത്തുനിന്നുള്ള വിദേശികളും കേരളത്തിൽ പണ്ടുമുതലേ എത്തിയിരുന്നു. നവീനമായ ആശയങ്ങൾ കേരളദർശനത്തിലുൾച്ചേരാൻ ഇതെല്ലാം കാരണമായി. ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ നാട്ടുകാർ ഭരണസംവിധാനത്തിന്റെ ഭാഗമായ ഉദ്യോഗസ്ഥന്മാരായി. മലബാർ നേരിട്ടുള്ള ബ്രിട്ടീഷ് ഭരണത്തിലായതിനാൽ പൂർണ്ണമായും ഏകീകൃത നീതിന്യായ വ്യവസ്ഥയ്ക്കു

കീഴിലായിരുന്നു. വർണ്ണവിവേചനങ്ങളും മനുഷ്യാവകാശലംഘനങ്ങളും കോടതികൾക്കു മുമ്പിൽ ചോദ്യം ചെയ്യാമെന്ന നില വന്നു. തിരുവിതാംകൂറിലും കൊച്ചിയിലും നാടുവാഴിത്തം 19-ാം നൂറ്റാണ്ടോടെ ശിഥിലമായിത്തുടങ്ങിയിരുന്നു. ഭരണതലത്തിൽ ഇംഗ്ലീഷ് ഭാഷയും യൂറോപ്യൻ സാമൂഹ്യമര്യാദകളും ശ്രേഷ്ഠമായിക്കണ്ടു. ബ്രിട്ടീഷ് ഭരണസംവിധാനത്തിനു കീഴിൽ ധാരാളം വികസന പ്രവർത്തനങ്ങൾക്കും കേരളത്തിൽ തുടക്കം കുറിച്ചു. എല്ലാ പ്രാദേശികാധികാരരൂപങ്ങളും കൊളോണിയൽ അധികാരസ്ഥാപനങ്ങളുടെ പൂർണ്ണ നിയന്ത്രണത്തിലായിരുന്നു. നാടുവാഴിത്തവുമായി ബന്ധപ്പെട്ടുനിന്ന ആശ്രിതരിലും സമൂഹത്തിന്റെ മറ്റു വിഭാഗങ്ങളിലും അനിവാര്യമായ മാറ്റങ്ങളുണ്ടാക്കാൻ ഇതു കാരണമായി. പരിഷ്ക്കരണങ്ങൾ പൂർണ്ണമനസ്സോടെയായിരുന്നു മലയാളിസമൂഹം സ്വീകരിച്ചത്. പാശ്ചാത്യവിദ്യാഭ്യാസം ആരംഭിയ്ക്കുന്നതിനുമുമ്പ്, നിലനിന്ന സാമൂഹ്യ വ്യവസ്ഥയെ ശക്തമാക്കുന്ന വിദ്യാഭ്യാസപദ്ധതികളേ കേരളത്തിലുണ്ടായിരുന്നുള്ളൂ. വൈദികപഠനം ബ്രാഹ്മണർക്കുമാത്രം. സംസ്കൃതവും പ്രാദേശികഭാഷയും ജ്യോതിഷവും കണക്കും സാമ്പ്രദായികരീതിയിൽ പഠിക്കാൻ അബ്രാഹ്മണരായവർക്കും അവകാശമുണ്ടായിരുന്നു. തൊഴിലുമായി ബന്ധപ്പെട്ട വിദ്യകൾ (മരപ്പണി, ഇരുമ്പുപണി തുടങ്ങിയവ) അതതു ജാതിക്കാർക്ക് പഠിക്കാം. അവർണർക്ക് അവരുടെ പണിയാലകളിലും വയലുകളിലും വച്ച് പ്രായോഗികമായ അറിവുനേടാം. അതിനപ്പുറമുള്ള വിദ്യാഭ്യാസം നിഷിദ്ധം. തച്ചശാസ്ത്രസംബന്ധിയായി ശാസ്ത്രീയഗ്രന്ഥങ്ങൾ പഠിച്ചവരും പരിചയിച്ചവരും അന്നു നിലവിലുണ്ടായിരുന്നു. മനുഷ്യാലയങ്ങളും ദേവാലയങ്ങളും നിർമ്മിക്കുന്നതിന് ആവശ്യമായ പാരമ്പര്യക്രമങ്ങൾ പുരാതന എഞ്ചിനീയറിംഗായി നിലനിന്നു. കായികാഭ്യാസത്തിന് വേണ്ടിയുള്ള കളരികൾ രാജ്യത്തിനുവേണ്ടി സൈനികരെ നൽകി. "നിലവിലിരുന്ന ഉത്പാദനവ്യവസ്ഥയേയും സാമൂഹികക്രമത്തേയും ഉറപ്പിക്കുകയായിരുന്നു ഈ വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യം. ഈ വ്യവസ്ഥയെ

മാറ്റിമറിക്കുന്നതിന് പര്യാപ്തമായ വിദ്യാഭ്യാസരീതിയാണ് പ്രൊട്ടസ്റ്റന്റ് ക്രൈസ്തവമിഷനറിമാർ കേരളത്തിലവതരിപ്പിച്ചത്. ഇവർക്കു പിൻബലമായി മദിരാശിയിലെ ബ്രിട്ടീഷ് സർക്കാർ എല്ലാ സഹായവും ചെയ്തു കൊടുത്തു. അതോടൊപ്പം തന്നെ തിരുവിതാംകൂറിലെയും കൊച്ചിയിലേയും രാജഭരണവും മിഷിനറിമാർ കൊണ്ടുവന്ന പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ പരിപോഷകരും വക്താക്കളുമായി തീരുകയാണുണ്ടായത്.''[14]

വിപണിയെ ലക്ഷ്യമാക്കിയുള്ള ബ്രിട്ടീഷ് നിയമനിർമ്മാണങ്ങൾ കേരളീയ സമൂഹത്തിലെ അധികാരഘടനകളെ തകർത്തു. ജാതിവ്യവസ്ഥ വെല്ലുവിളിക്കപ്പെട്ടു. കഴിവും തന്ത്രങ്ങളുമുള്ള പുതിയ മദ്ധ്യവർഗ്ഗം ഉദയംചെയ്തു. ലിബറൽ ചിന്ത സമൂഹത്തിൽ സാവധാനം ഉരുത്തിരിഞ്ഞു തുടങ്ങി. ആധുനികവിദ്യാഭ്യാസം നേടിയ കേരളീയർ സ്വതന്ത്ര മായ നവോത്ഥാനത്തിന് സജ്ജരായി. ''പതിനേഴും പതിനെട്ടും നൂറ്റാണ്ടുകളിൽ ശൂദ്രരുൾ പ്പെടെയുള്ള ഹിന്ദുക്കളുടെയെന്നപോലെ ക്രിസ്ത്യാനികളുടെയും മുസ്ലിങ്ങളുടെയും കൂടി സംഭാവനകൊണ്ട് കേരളീയദർശനം വളരുന്നു. അത്രത്തോളം ജാതി-ജന്മി-നാടുവാഴി ക്ഷേത്രസംസ്കാരാധിഷ്ഠിതമായ ദർശനത്തിന്റെ സർവ്വാധിപത്യസ്വഭാവം ശിഥില മാവുകയും ചെയ്യുന്നു.''[15]

14 വി.കാർത്തികേയൻ നായർ, നവോത്ഥാനമൂല്യങ്ങളും കേരളസമൂഹവും, എസ്.പി. സി.എസ്. കോട്ടയം, ഫെബ്രുവരി 2016, പുറം 49.

15 എൻ.വി.പി.ഉണിത്തിരി, കേരളീയദർശനം, 500 വർഷത്തെ കേരളം ചില അറിവടയാളങ്ങൾ, എസ്.പി.സ്.എസ്.കോട്ടയം, 2015, പുറം 204.

3.7 അധിനിവേശം

കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ ആഗോളവ്യവസ്ഥയുടെ ഭാഗമാകുന്ന ഒരു സ്ഥിതി വിശേഷം ഇവിടെ നിലനിന്നു. വിവിധ രാജ്യങ്ങളുമായുള്ള വാണിജ്യം, അതതു നാടുകളിലെ മാറ്റങ്ങളും മുന്നേറ്റങ്ങളും വേഗത്തിൽ കേരളത്തിലുമെത്താൻ കാരണമായി. ആഗോള വ്യവസ്ഥയുമായുള്ള നിർബന്ധിത സംയോജനം കേരളീയ നവോത്ഥാനത്തിന് വഴിയൊരുക്കി. അപ്പോഴും കൊളോണിയൽ അധികാരഘടനയും വിഭവങ്ങളും വിപണിയുമായി ബന്ധപ്പെട്ടായിരുന്നു പ്രവർത്തിച്ചിരുന്നത്. 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ജാതിവിരുദ്ധപ്രസ്ഥാനം കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ ശക്തി പ്രാപിച്ചുവന്നു. ആധുനികവിദ്യാലയങ്ങൾ സ്ഥാപിച്ച മിഷണറിമാർ പരോക്ഷമായി ക്രിസ്തുമതപ്രചാരണവും ലക്ഷ്യം വച്ചിരുന്നു. ഇങ്ങനെ രൂപംകൊണ്ട നവീനമായ കേരളീയ സംസ്കാരം സ്വാഭാവികമായും പുറം ഘടകങ്ങളാലും സ്വാധീനിയ്ക്കപ്പെട്ടു. വാണിജ്യത്തിലൂടെ കൈവന്ന വൈദേശികസമ്പർക്കം സംസ്കാരങ്ങളുടെ കൊടുക്കൽ വാങ്ങലുകൾക്ക് വേഗതകൂട്ടി. വിദേശഭാഷകളും സാഹിത്യവും സമൂഹത്തെ ആഴത്തിൽ സ്വാധീനിച്ചു. നിലവിലുണ്ടായിരുന്ന മലയാളിത്തം ഒരല്പം പ്രാകൃതമായി മുദ്രകുത്തപ്പെട്ടു. പുതിയ വിദ്യാഭ്യാസം, അതു നിശ്ചയിച്ച മതവും ആദ്ധ്യാത്മികതയും പകർന്നുതന്നപ്പോൾ കേരളീയപാരമ്പര്യം പൂർണ്ണമായും നിരാകരിക്കപ്പെട്ടു. സാമൂഹ്യമായ തിന്മകൾക്കെതിരായി കേരളീയ സമൂഹത്തിൽ ഉദയം ചെയ്ത ചിന്തകളും പ്രവർത്തനങ്ങളും സമത്വം എന്ന ആശയ ത്തിലാണ് നിലകൊണ്ടിരുന്നത്. ഭക്തിപ്രസ്ഥാനകാലം മുതൽ സ്വകാര്യസ്വത്തിന്റെയും പദവികളുടെയും നിരർത്ഥകത കേരളീയസമൂഹത്തിൽ ചർച്ചയായിരുന്നു. ഇതോടൊപ്പം കേരളത്തിലെ വിദ്യാസമ്പന്നരിൽ വേദാന്തദർശനം സൃഷ്ടിച്ച അദ്വൈതചിന്തകളും പുതിയ മാറ്റങ്ങളിൽ തമസ്കരിക്കപ്പെട്ടു. ചുരുക്കത്തിൽ

കേരളീയമായ സർവ്വതും അപരിഷ്കൃതമാണ് എന്ന ധാരണയുണ്ടാക്കിക്കൊണ്ടാണ് പുതിയ ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രവർത്തിച്ചത്.

### 3.8 നവോത്ഥാനത്തിന് കേരളീയതയുടെ ഈടുവെയ്പ്പുകൾ

പഴശ്ശിരാജയും കുഞ്ഞാലിമരയ്ക്കാറും പാലിയത്തച്ചനും വൈദേശികാക്രമണത്തിനു മുമ്പിൽ ചെറുത്തുനിന്ന ധീരരായിരുന്നു. സാമൂഹ്യമായ തിന്മകളും യുദ്ധങ്ങളും കേരളത്തെ അസ്ഥിരമാക്കി. അസമത്വങ്ങൾക്കും അനാചാരങ്ങൾക്കുമെതിരായി മാർക്സിയൻ ചിന്താധാരകളുടെ സത്ത മാർക്സ് ജനിക്കുന്നതിനുമുമ്പ് കേരളത്തിൽ ഉദയം കൊണ്ടിട്ടുണ്ട്. സമത്വാധിഷ്ഠിതമായ സമൂഹത്തെ ലക്ഷ്യമാക്കി അയ്യാ വൈകുണ്ഠസ്വാമികൾ തിരുവിതാംകൂറിൽ സമത്വസമാജമാരംഭിച്ചു. പൊതുകിണറിൽ നിന്നും വെള്ളമെടുക്കാൻ എല്ലാ ജാതിമതവിഭാഗങ്ങളേയും അനുവദിക്കുന്ന കിണറുകൾ കുഴിച്ചാണ് വൈകുണ്ഠസ്വാമികൾ ജാത്യാന്ധതയെ നേടിട്ടത്. തങ്ങൾ നേരിട്ട സാമൂഹ്യാടിമത്തത്തിന് പരിഹാരമായി ചാന്നാർ വിഭാഗത്തിൽപ്പെട്ട പലരും ക്രിസ്തുമതം സ്വീകരിച്ചു. അടിമത്തങ്ങൾക്കു പക്ഷേ കുറവുണ്ടായില്ല. മാറു മറയ്ക്കാനുള്ള അവകാശത്തിനുവേണ്ടി മേൽമുണ്ടുസമരം ആരംഭിയ്ക്കുന്നത് ഈ സാഹചര്യത്തിലാണ്.

അയ്യങ്കാളിയുടെ നേതൃത്വത്തിൽ 1893-ൽ നടന്ന വില്ലുവണ്ടിസമരം, ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ 1888-ൽ നടന്ന അരുവിപ്പുറം പ്രതിഷ്ഠ, ചട്ടമ്പിസ്വാമികളുടെ പ്രവർത്തനങ്ങൾ ചാവറ കുര്യാക്കോസച്ചൻ 1846-ൽ ആരംഭിച്ച ആദ്യത്തെ കാത്തലിക് സംസ്കൃതസ്കൂൾ തുടങ്ങിയവ കേരളീയനവോത്ഥാനത്തിലെ നാഴികക്കല്ലുകളാണ്. മാനവസമത്വം ഉയർത്തിപ്പിടിയ്ക്കുന്ന തദ്ദേശീയമായ ശ്രമങ്ങൾ കേരളത്തിൽ നിലനിന്നിരുന്നു. കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ വ്യവസ്ഥാപിത ക്രമങ്ങളിൽ ഇവയെല്ലാം ക്രമേണ വിസ്മൃതമായി. ജാതി-ജന്മിവ്യവസ്ഥയുടെ

ധർമ്മശാസ്ത്രങ്ങളെ വെല്ലുവിളിച്ചിരുന്ന ചിന്തകളും പ്രവർത്തനങ്ങളും കേരളസമൂഹത്തിൽ അതത് കാലങ്ങളിൽ രൂപപ്പെട്ടിരുന്നു. വൈകുണ്ഠസ്വാമികൾ സ്ഥാപിച്ച 'അയ്യാവഴി' തിരുവിതാംകൂറിൽ പിറവികൊണ്ട ലക്ഷണമൊത്ത നവോത്ഥാനപ്രസ്ഥാനമായിരുന്നു. 'ഒരു ജാതി ഒരു മതം ഒരു ദൈവം ഒരു ഉലകം ഒരു അരചൻ ഒരു നീതി' എന്നു പാടിക്കൊണ്ട് അയ്യാ വൈകുണ്ഠസ്വാമികൾ കേരളീയനവോത്ഥാനത്തിന്റെ പ്രകടന പത്രികയ്ക്കു രൂപം നൽകി. ശിവരാജയോഗി തൈക്കാട്ട് അയ്യാവു സ്വാമികൾ 1876-ൽ ജ്ഞാനപ്രജാസാഗരം സ്ഥാപിച്ചു. ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരു, ഡോ.പൽപ്പു, അയ്യങ്കാളി എന്നീ സാമൂഹികപരിഷ്കർത്താക്കൾ ശിവരാജയോഗിയുടെ ശിഷ്യന്മാരായിരുന്നു.

### 3.9 മലയാളിയുടെ ദാർശനികാഭിമുഖ്യങ്ങൾ

ആധുനികതയോട് കേരളസമൂഹം എന്നും താത്പര്യം കാണിച്ചിട്ടേ ഉള്ളൂ. വായ്മൊഴി പാരമ്പര്യങ്ങൾക്കും പെരുമാറ്റരീതികൾക്കും സ്വാഭാവികമായി ഉണ്ടാകേണ്ട വളർച്ച നിഷേധിക്കപ്പെട്ടപ്പോഴും മലയാളി അതുൾക്കൊള്ളുകയായിരുന്നു. മലയാളിയുടെ ലോകവീക്ഷണം പുതുപരിഷ്കാരങ്ങളെ സ്വീകരിക്കുന്നതിനുള്ള പശ്ചാത്തലമൊരുക്കി യിരുന്നു താനും.

ബ്രിട്ടീഷ് ഭരണസംവിധാനത്തിനു കീഴിൽ തദ്ദേശീയമായ വിദ്യാഭ്യാസരീതികളെ തകർത്ത് ആധുനിക സ്കൂൾവ്യവസ്ഥ നിലവിൽ വന്നു. നാട്ടുവാഴിത്തത്തിന്റെ സംഭാവനയായ ആവിഷ്കാരരീതികൾ പൂർണ്ണമായും ഉപേക്ഷിച്ചു. പാശ്ചാത്യ മുതലാളിത്ത രീതികൾ നടപ്പിൽ വന്നു. അവിടെ നവോത്ഥാനത്തിന്റെ പാതയാണ് കേരളം കണ്ടെത്തിയത്. കൊളോണിയൽ അധീശരൂപങ്ങൾക്ക് വിധേയമായി കേരളീയ നവോത്ഥാന പ്രക്രിയകൾ ആരംഭിക്കുകയായിരുന്നു. കലാപരമായ ആധുനിക

വൽക്കരണമുണ്ടായി. പുതിയൊരു മാനകഭാഷ മലയാളത്തിനു രൂപപ്പെട്ടു. 'എലീറ്റ്' ആയി മാറിയ സംസ്കൃതഭാഷയും മിഷനറി ഗദ്യവും ചേർന്ന് പുതിയ സാഹിത്യഭാഷയും ശൈലിയും വ്യാകരണവും വളർന്നു.[16] കൊളോണിയൽ കാലഘട്ടത്തിൽ ആംഗ്ലോ-സാക്സൺ നീതിന്യായവ്യവസ്ഥ പ്രാദേശികനീതിയുടെയും മര്യാദയുടെയും സ്ഥാനം ഏറ്റെടുത്തു.''

പാശ്ചാത്യമായ ആധുനികത ഉൾക്കൊണ്ടപ്പോഴും കൊളോണിയൽ വിരുദ്ധമനോഭാവം ഇന്ത്യൻ ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു. വ്യത്യസ്തസംസ്കാരമുള്ള മറ്റു സമൂഹങ്ങളോട് ചേർന്നുനിന്നാണ് മലയാളി ജീവിച്ചത്. വാണിജ്യവുമായി ബന്ധപ്പെട്ട ഇവിടെ എത്തിയിരുന്ന മറ്റു രാജ്യക്കാരെ, മററു മതക്കാരെ ഇവിടത്തെ നാട്ടുവാഴികൾ പ്രോത്സാഹിപ്പിച്ചിട്ടേ ഉള്ളൂ. അവർക്ക് വളരാനും അവരുടെ സ്ഥാപനങ്ങൾ തുടങ്ങാനും പൊതുവെ സൗകര്യങ്ങൾ ചെയ്തു. കച്ചവട താത്പര്യങ്ങൾക്കപ്പുറത്ത് ഉൾക്കൊള്ളലിന്റെ മറ്റൊരു മുഖം ഈ തീരുമാനങ്ങൾക്കു പിന്നിൽ ഉണ്ടായിരുന്നു. നൂറ്റാണ്ടുകൾക്കുമുമ്പ് തന്നെ ആരംഭിച്ച ഈ കൊടുക്കൽ വാങ്ങലുകൾ കച്ചവടക്കാരെ സംബന്ധിച്ചിടത്തോളം ചില ചൂഷണങ്ങൾക്കും അതിനുമപ്പുറം സാമൂഹ്യമായ അധിനിവേശങ്ങൾക്കും വഴി തുറന്നു കൊടുത്തു. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയിലും ഫ്രഞ്ച്, പോർച്ചുഗീസുകാരും ഈ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി. സ്വത്വസംരക്ഷണത്തിന്റെയും അതു വഴിയുള്ള സ്വാതന്ത്ര്യത്തിന്റെയും വഴികൾ കേരളത്തിൽ അടയപ്പെടുകയായിരുന്നു.

മലയാളിയുടെ ദാർശനികാഭിമുഖ്യങ്ങൾ വിലയിരുത്തേണ്ടത് ഈ സാഹചര്യത്തിലാണ്. ഭാരതത്തിലും കേരളത്തിലും ജാതിവ്യവസ്ഥ പതിനെട്ടാം നൂറ്റാണ്ടു

16 കെ.എൻ. ഗണേഷ്, കേരളസമൂഹപഠനങ്ങൾ, പ്രസക്തി, പത്തനംതിട്ട, 2002, പു. 191.

മുതലെങ്കിലും അതിന്റെ കാഠിന്യത്തിന്റെയും പീഡനത്തിന്റെയും ദുരവസ്ഥ പൊതു സമൂഹത്തിനു സമ്മാനിച്ചു. ഈ സംവിധാനങ്ങളെ യഥാർത്ഥജ്ഞാനം നേടിയ മലയാളി എപ്പോഴും ചോദ്യം ചെയ്തിരുന്നു. ആദിശങ്കരൻ മുതലുള്ള സന്യാസിമാരും എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ തുടങ്ങിയ ഭക്തകവികളും സാമൂഹ്യമായ തിന്മകളെ ഫലപ്രദമായിത്തന്നെ അഭിസംബോധന ചെയ്യുന്നുണ്ട്. നിലനിൽക്കുന്ന വ്യവസ്ഥിതിയിൽ ഇതൊന്നും ഉടൻ മാറ്റങ്ങൾ വരുത്തിയില്ലെങ്കിലും അറിവിന്റെ ഒരു സമത്വവഴി സമാന്തരമായി തുറക്കപ്പെട്ടു. മലയാളി ആദരിക്കുന്ന ദർശനങ്ങളെല്ലാം മാനവികതയുടെ വിളംബരങ്ങളായിരുന്നു.

### 3.9.1 വിവേകാനന്ദൻ കേരളത്തെ കണ്ടപ്പോൾ

തന്റെ രാജ്യത്തെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ കാണാനും, ലോകത്തിന് മുഴുവൻ വെളിച്ചം നൽകിയിരുന്ന ഭാരതീയതത്വശാസ്ത്രങ്ങൾ എന്തുകൊണ്ട് ഈ അവസ്ഥയെ അഭിമുഖീകരിക്കുന്നതിൽ പരാജയപ്പെട്ടു എന്നറിയാനുമായിരുന്നു വിവേകാനന്ദന്റെ ഭാരതപര്യടനം. യാത്രയുടെ ഒടുവിലാണ് അദ്ദേഹം കേരളത്തിൽ എത്തുന്നത്. ഉയർന്ന വിദ്യാഭ്യാസനിലവാരമുള്ള കേരളത്തിൽ ജാതീയമായ ഉച്ചനീചത്വങ്ങളും അന്ധവിശ്വാസങ്ങളും നിലനിൽക്കുന്ന കാര്യം വിവേകാനന്ദനും അനുഭവിച്ചറിഞ്ഞു. ചട്ടമ്പിസ്വാമികൾ എന്ന യോഗിയുമായി ദീർഘനേരം തത്വചിന്തകൾ ചർച്ച ചെയ്തു. കൊടുങ്ങല്ലൂർ കോവിലകത്തെ സ്ത്രീകൾ പോലും ശുദ്ധസംസ്കൃതത്തിൽ സംസാരിച്ച കാര്യം വിവേകാനന്ദനെ ഏറെ അത്ഭുതപ്പെടുത്തി. ഇന്ത്യയുടെ മറ്റു ഭാഗങ്ങളിൽ അന്ന് പത്തുലക്ഷത്തിൽ ഒരു സ്ത്രീക്കുപോലും സംസ്കൃതജ്ഞാനം ഉണ്ടാവില്ലെന്നും വിവേകാനന്ദൻ നിരീക്ഷിക്കുന്നുണ്ട്. രാജ്യത്തെ ഏറ്റവും പഴക്കം ചെന്ന മുസ്ലിം ദേവാലയമായ ചേരമാൻ മസ്ജീദ് സ്ഥിതി ചെയ്യുന്നത് കൊടുങ്ങല്ലൂരിലാണ്. എ.ഡി.എഴുപതിൽ തങ്ങൾക്കെതിരായ അതിക്രമങ്ങൾ സഹിക്കാൻ പറ്റാതെ സ്വന്തം

നാട്ടിൽനിന്ന് രക്ഷപ്പെട്ട ജൂതന്മാർക്ക് അഭയം നൽകിയത് കൊടുങ്ങല്ലൂരിലെ അക്കാലത്തെ രാജഭരണമായിരുന്നെന്നു വിവേകാനന്ദൻ മനസ്സിലാക്കുന്നുണ്ട്. ഭാരതീയദർശനങ്ങളുടെ പ്രാമാണികത ഉയർത്തിപ്പിടിച്ചും തന്റേതായ മാറ്റങ്ങൾ ഉൾപ്പെടുത്തിയും പുതിയ തത്വചിന്ത – വിവേകാനന്ദദർശനം - രൂപപ്പെടുത്തുമ്പോൾ ഇതെല്ലാം വിവേകാനന്ദൻ കണക്കിലെടുത്തിട്ടുണ്ട്. വിഖ്യാതമായ തന്റെ ചിക്കാഗോ പ്രസംഗത്തിൽ അദ്ദേഹം ഇങ്ങിനെ പറയുന്നു. "റോമൻ മർദ്ദനം മൂലം യഹൂദരുടെ പുണ്യക്ഷേത്രം തകർത്തുതരിപ്പണമാക്കപ്പെട്ട വർഷം തന്നെ ദക്ഷിണഭാരതത്തിൽ വന്ന് അഭയം പ്രാപിച്ച ഇസ്രായേൽ വർഗ്ഗത്തിന്റെ അതിപവിത്രാവശിഷ്ടം ഞങ്ങളുടെ അംഗബലത്തിൽ സംഭൃതമായുണ്ടെന്ന് നിങ്ങളോട് പറയാൻ എനിക്കഭിമാനമുണ്ട്".[17]

കേരളത്തിലെ സാമൂഹ്യസാംസ്കാരികക്രമങ്ങൾ ജാതീയമായ ഉച്ചനീചത്വങ്ങളിൽ അധിഷ്ഠിതമായിരുന്നു. അറിവും സമ്പത്തും ഭൂമിയും ഉന്നതജാതിക്കാരുടെ കുത്തകയായി. രാജാക്കന്മാർ പോലും അവരുടെ ഉപദേശങ്ങൾക്ക് വഴങ്ങി. ദേവപുരാണങ്ങളിലെ അനുശാസനങ്ങളെ തെറ്റായി വ്യാഖ്യാനിച്ചും തെറ്റിദ്ധരിപ്പിച്ചുമാണ് അവർ തങ്ങളുടെ അപ്രമാദിത്വം ഉറപ്പിക്കുന്നതെന്ന് വിവേകാനന്ദൻ നിരീക്ഷിച്ചു. ശങ്കരവേദാന്തം അതിനു ജന്മം നല്കിയ പ്രദേശത്തുതന്നെ അപ്രസക്തമാവുന്ന അവസ്ഥ വിവേകാനന്ദനെ രോഷം കൊള്ളിച്ചു. തൊട്ടുകൂടായ്മക്കൊപ്പം തീണ്ടിക്കൂടായ്മ എന്ന വിചിത്രമായ അനാചാരവും കേരളത്തിലന്ന് നടപ്പുണ്ടായിരുന്നു. ചട്ടമ്പിസ്വാമികളടക്കമുള്ള സന്യാസിശ്രേഷ്ഠന്മാരും വിദ്യാസമ്പന്നരായ ധാരാളം പേരും ജീവിച്ചിരുന്ന സമൂഹത്തിലാണ് ഈ വൈരുദ്ധ്യം നിലനിന്നത്.

---

[17] രംഗനാഥാനന്ദസ്വാമികൾ, മാറുന്ന സമൂഹത്തിന് അനിവാര്യമായ ശാശ്വതമൂല്യങ്ങൾ, വാല്യം 2, പരിഭാഷ നിർമ്മലാനന്ദഗിരി, തത്വമയാനന്ദ. വിവേകാനന്ദന്റെ ചിക്കാഗോ പ്രസംഗം ഉദ്ധരിക്കുന്നു, രാമകൃഷ്ണമഠം, പുറനാട്ടുകര, തൃശ്ശൂർ, 1994, പുറം 524.

അറിവിന്റെ വ്യാപനം തടയുന്നതാണ് ഏറ്റവും വലിയ അറിവില്ലായ്മയെന്ന് വിവേകാനന്ദൻ മനസ്സിലാക്കി. നിലനിന്ന ദുരവസ്ഥയ്ക്ക് പരിഹാരമായി അധ:സ്ഥിതർക്കു മുമ്പിൽ ക്രിസ്തുമതപ്രചാരകർ നിർദ്ദേശിച്ചത് മതം മാറ്റമായിരുന്നു. അത് തികച്ചും തെറ്റായ മാർഗ്ഗമാണെന്ന് വിവേകാനന്ദൻ കരുതി. യഥാർത്ഥപ്രശ്നം ഹിന്ദുമതത്തെ മനസ്സിലാക്കാത്തതാണ്. വിവേകാനന്ദന്റെ അഭിപ്രായത്തിൽ ജാതി സമ്പ്രദായമല്ല എതിർക്കപ്പെടേണ്ടത്. ജാതികൾ അവരുടെ ധർമ്മം പാലിക്കുമ്പോൾ ഒന്ന് മറ്റൊന്നിനും എതിരാവുന്നില്ല. ഓരോ മനുഷ്യനും ദൈവസമാനനാണ് എന്ന തത്വത്തിനപ്പുറം വലിയ മറ്റൊരു വിജ്ഞാനമില്ലെന്ന് വിവേകാനന്ദൻ നിരീക്ഷിക്കുന്നു. ഭാരതീയധർമ്മ ശാസ്ത്രങ്ങളുടെ അടച്ചിട്ട വാതിലുകൾ വിവേകാനന്ദൻ തുറന്നുവെച്ചു. അറിവുകളെ ജനോപകാരപ്രദമായി വ്യാപിപ്പിച്ചു. മലയാളിയുടെ ലോകവീക്ഷണത്തിൽ നഷ്ടപ്പെട്ടു പോയിരുന്ന ഭാരതീയതയുടെ അംശങ്ങൾ കൂട്ടിച്ചേർക്കുന്നത് വിവേകാനന്ദനാണ്. ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ പരിപാലനയോഗം ആരംഭിക്കുന്നതും രാമകൃഷ്ണമിഷന്റെ ശാഖകൾ പ്രവർത്തനം തുടങ്ങുന്നതും ഇതിന്റെ തുടർച്ചയാണ്. ഹിംസയുടെ മാർഗ്ഗങ്ങൾക്കുപകരം അഹിംസയുടെ ജ്ഞാനമാർഗ്ഗങ്ങൾ നവോത്ഥാനകേരളം സ്വീകരിച്ചതും വിവേകാനന്ദ ദർശനത്തിന്റെ സ്വാധീനത്തിലാണ്.

### 3.9..2 സവിശേഷതകൾ

ഭാരതത്തിലും തത്വചിന്ത വലിയ വികാസം നേടിയിരുന്നു. എങ്കിലും പൊതുസമൂഹത്തിന്റെ ചൈതന്യത്തെ നശിപ്പിച്ച ജാതിവിവേചനം ലോകത്ത് വൈജ്ഞാനികമായി മേൽക്കൈ നേടിയ ഇന്ത്യയിൽ നൂറ്റാണ്ടുകളായി നിലനിന്നുപോന്നു എന്നതാണ് സത്യം. കേരളവും ഇതിൽനിന്നും ഭിന്നമായിരുന്നില്ല. ആത്യന്തികമായി ജനകീയമായ, ജനാഭിമുഖമായ ചിന്താപദ്ധതികളോടാണ് മലയാളി താത്പര്യം

കാണിച്ചിരുന്നത്. സാമാന്യ ജനങ്ങളുടെ പ്രയാസങ്ങളെ അഭിസംബോധന ചെയ്യുന്നതിൽ പരാജയപ്പെട്ടതിനാലായിരിക്കണം ആദിശങ്കരചിന്തകളെ കേരളം ജനകീയമായി സ്വീകരിച്ചില്ല. സത്യാന്വേഷണത്തിന്റെ വഴികളെക്കാൾ പൊതുസമൂഹത്തിന് പഥ്യം അവരുടെ നിത്യജീവിതത്തിൽ ഉടൻ മാറ്റങ്ങൾ കൊണ്ടുവരുന്ന പ്രായോഗിക പദ്ധതികൾക്കായിരുന്നു.

പൗരസ്ത്യമോ പാശ്ചാത്യമോ ആയ ചിന്തകളെയും രീതികളെയും കേരളം സ്വീകരിച്ചത് അവ ജനാഭിമുഖമായിരുന്നോ/ആണോ എന്ന് വിലയിരുത്തിയാണ്. ഭക്തകവികളും അവർ ആവിഷ്കരിച്ച ജനകീയമായ ആശയങ്ങളും കേരളസമൂഹം ഏറ്റെടുത്തതിനു പിന്നിലും മലയാളിയുടെ ദാർശനികാഭിമുഖ്യങ്ങൾ വലിയ പങ്കു വഹിച്ചിട്ടുണ്ട്. ജാതിവിവേചനവും അയിത്തവും തീണ്ടിക്കൂടായ്മയും നടമാടിയിരുന്ന കേരളീയ സമൂഹത്തിൽ വൈദേശികമതങ്ങളും ഭരണവും കടന്നുവന്നപ്പോൾ അവ തനത് രീതികളുടെ നന്മകളെ തമസ്കരിക്കുമെന്നു തിരിച്ചറിഞ്ഞിട്ടും, മലയാളി സ്വീകരിച്ചത് അവരുടെ പദ്ധതികളുടെ പ്രയോഗസാധ്യത്വം മൂലമാണ്. പ്രശ്നചിന്തകളെക്കാൾ പെട്ടെന്നുള്ള പരിഹാരം കേരളീയസമൂഹം ആഗ്രഹിച്ചിരുന്നു. കേരളത്തിൽ നടന്ന മതം മാറ്റങ്ങളെയും വേഷം, ഭാഷ, പെരുമാറ്റം, നീതിന്യായം എന്നിവയിൽ പുതുരീതികൾ നടപ്പിൽ വന്നതിനെയും ഇതിന്റെ വെളിച്ചത്തിൽ വായിച്ചെടുക്കാം. താൽക്കാലികമാണെങ്കിൽ പോലും പൊതുസമൂഹത്തിൽ നടന്ന തീവ്രമായ ചില പ്രക്ഷോഭങ്ങളും ഹിംസാത്മകമായ സമരങ്ങളും, അവ നൽകുമെന്ന് പറഞ്ഞ പ്രായോഗികവിജയം സ്വപ്നം കണ്ടതിനാലാണ് കേരളത്തിൽ പരക്കെ സ്വാഗതം ചെയ്യപ്പെട്ടത്.

സാമാന്യജനത്തിന് പ്രയോജനം ഉണ്ടാകണം എന്ന മുൻഗണന മലയാളി സ്വീകരിക്കുന്ന ചിന്താപദ്ധതികൾക്കുണ്ടായിരുന്നു. മാറ്റങ്ങൾക്ക് കാരണമാവു

മെന്നതിനാൽ പുത്തൻ പരീക്ഷണങ്ങളെയും മതങ്ങളെയും അവയുടെ ദർശനങ്ങളെയും കേരളം സർവ്വോത്മാനാ സ്വാഗതം ചെയ്തപ്പോഴും ഭാരതീയമായ ജ്ഞാനസംസ്കൃതി പാടെ നിഷേധിച്ചിരുന്നില്ല. പ്രായോഗികതലത്തിൽ ഭാരതീയദർശനങ്ങളുടെ വക്താക്കളും പ്രയോക്താക്കളും ബ്രാഹ്മണർ ആയപ്പോൾ അവ ജനങ്ങളിൽനിന്നും അകലുകയായിരുന്നു. 'തത്വമസി'യും 'അഹം ബ്രഹ്മാസ്മി'യും രൂപം കൊണ്ടിടത്ത് അയിത്തവും സാമൂഹ്യമായ അകൽച്ചയും പാലിക്കപ്പെടുന്നതിന്റെ വൈരുദ്ധ്യവും കേരളത്തിൽ കാണാം. ശങ്കരദർശനം പോലുള്ള ജ്ഞാനവഴികൾ കേരളം വേണ്ടത്ര മനസ്സിലാക്കപ്പെടാതിരുന്നതിനു കാരണവും പ്രയോഗതലത്തിലെ ഈ വിപരീതങ്ങളാണ്. ജനാഭിമുഖ്യമില്ലാത്ത തത്വചിന്തയെ മലയാളിസമൂഹം കണക്കിലെടുക്കാറില്ല എന്നതായിരുന്നു വസ്തുത. മലയാളിയുടെ ദാർശനികാഭിമുഖ്യങ്ങൾ പരിശോധിക്കുമ്പോൾ ഇക്കാര്യം സുവ്യക്തമാണ്.

### 3.9.3 മലയാളിയുടെ രാഷ്ട്രീയം ദർശനങ്ങളിൽ

പാശ്ചാത്യദർശനങ്ങളും വൈദേശികമായ മതങ്ങളും കേരളത്തിൽ ചുവടു വെപ്പിച്ചപ്പോഴും അതുവഴി നിഷേധിക്കപ്പെടുന്ന ജ്ഞാനപാരമ്പര്യത്തെ, അഥവാ ഭാരതീയതയെപ്പറ്റി മലയാളി ആകുലപ്പെട്ടിരുന്നു. ഒരു രാഷ്ട്രം എന്ന നിലയിൽ ഭാരതത്തിന്റെ ഭാഗമാണ് തങ്ങളുമെന്ന ബോധം കേരളത്തിലെ മിക്ക നാട്ടുരാജ്യങ്ങളിലും നിലനിന്നു. ഹിന്ദുമതതീർത്ഥാടനകേന്ദ്രങ്ങളായ മൂകാംബികാക്ഷേത്രവും ഗോകർണ്ണവും പഴനിയും വിദൂരത്തുള്ള കാശിയും ബദരിയുമൊക്കെ, അവിടത്തെ രീതികൾ വ്യത്യസ്തമായിരുന്നിട്ടുപോലും കെൽപ്പുള്ള മലയാളികൾ ദർശനത്തിനായി പണ്ട് പോയിരുന്നവയാണ്. വേദങ്ങളും ശ്രുതിസ്മൃതികളും പുരാണങ്ങളും പ്രസ്ഥാനത്രയവും (ഉപനിഷത്, ബ്രഹ്മസൂത്രം, ഗീത) കേരളവും ഹിന്ദുമതത്തിന്റെ അടിസ്ഥാനങ്ങളായി

കരുതി. പിന്തുടർന്നിരുന്ന കർക്കശമായ ജാതിചിന്തകൾക്കും രീതികൾക്കുമപ്പുറത്ത് ഹിന്ദു എന്നു വിളിക്കാവുന്ന ചില പാരസ്പര്യഘടകങ്ങൾ പൊതുവെ ആ മതത്തിലെ എല്ലാ ജാതികളിലും നിലനിന്നിരുന്നു.

സാമൂഹ്യമായ അടിമത്തത്തിന് പരിഹാരമായി മതം മാറൽ ഉൾപ്പെടെയുള്ള വഴികളിൽ അധഃസ്ഥിതജനതയും ചിലപ്പോൾ മുന്നോക്കവിഭാഗങ്ങളും നീങ്ങിയപ്പോൾ അവിടെ നിഷേധിക്കപ്പെടുന്ന ഭാരതീയത കേരളസമൂഹത്തെ പ്രയാസത്തിലാക്കിയിരുന്നു. രോഗാതുരമായ സമൂഹത്തിൽ ചികിത്സകൾ അനിവാര്യമായിരുന്നു. എന്നാൽ ശരിയായ മാർഗമാണോ തെരഞ്ഞെടുക്കപ്പെട്ടത് എന്നകാര്യത്തിൽ സംശയങ്ങൾ നിലനിന്നു.

### 3.10 വിവേകാനന്ദദർശനങ്ങളുടെ കേരളത്തിലെ സ്വീകാര്യത

"ഓർക്കുക, ഭാരതം ജീവിക്കുന്നത് കുടിലുകളിലാണ്. ഒരു ജനതയുടെ വിധി നിലകൊള്ളുന്നത് സാമാന്യജനങ്ങളുടെ അവസ്ഥയെ ആശ്രയിച്ചാണ്. നിങ്ങൾക്കവരെ ഉയർത്താമോ"?[18]

നാടിന്റെ നട്ടെല്ല് പാവങ്ങളിലാണെന്നും സമൂഹത്തിന്റെ അടിത്തട്ടിലേക്കിറങ്ങാത്ത, ജനസമാന്യത്തെ സ്പർശിക്കാത്ത ഒന്നും, അത് ഹിന്ദുമതമായിരുന്നാൽ പോലും, നാം സ്വീകരിക്കേണ്ട കാര്യമില്ലെന്ന് വിവേകാനന്ദൻ ആഹ്വാനം ചെയ്തു. ജനതയുടെ സ്വബോധം വീണ്ടെടുത്ത് സമത്വത്തിലേക്ക് ഉണർത്തുകയാണാവശ്യം. ഭാരതത്തിന്റെ നഷ്ടമായ വ്യക്തിത്വം തിരിച്ചുകൊടുക്കാൻ പ്രയത്നിക്കണം. കരയുന്നവന്റെ കണ്ണീരൊപ്പാനും വിശക്കുന്നവന്റെ വയറുനിറക്കാനുമാവാഞ്ഞാൽ വേദാന്തവും വ്യർത്ഥമാണ്. ഭാരതം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം വൈദേശികമായ മതങ്ങളിലേക്കുള്ള മാറ്റമല്ല, മറിച്ച് യഥാർത്ഥമതബോധമുള്ളവരും വിദ്യാഭ്യാസം നേടിയവരുമായി ഒരു ജനത

[18] സ്വാമി വിവേകാനന്ദൻ, വിവേകാനന്ദസാഹിത്യസർവ്വസ്വം, ഭാഗം 2, 1980, പുറം 218.

മാറുകയാണ് വേണ്ടത്. ലോകത്തിന് മുഴുവൻ അറിവു പകരാൻ ഭാരതത്തിന് കഴിയും. നിസ്വാർത്ഥമായ സേവനമായി മതവും ധർമ്മവും മാറണം. ഉണർന്ന്, ശക്തി സംഭരിച്ച് നിരന്തരം കർമ്മോന്മുഖരായിരിക്കണം. പരിഹാരം അതു മാത്രമാണെന്ന് വിവേകാനന്ദൻ ആവർത്തിച്ചു പറഞ്ഞു.

ഭാരതീയദർശനങ്ങളിൽനിന്നും പ്രായോഗികവേദാന്തത്തിന്റെ പ്രാധാന്യം വിവേകാനന്ദൻ കണ്ടെത്തി. ഹിന്ദുമതത്തിന്റെ പ്രാമാണ്യം ലോകത്തിന് ബോധ്യമാവുന്ന രീതിയിൽ പുതിയ പ്രയോഗപദ്ധതികൾ ഒരുക്കി. “ഹിന്ദുമതം വേദങ്ങളിലോ പുരാണത്തിലോ മുക്തിയിലോ അല്ല. അതു ചോറ്റുകലത്തിൽ കടന്നിരിക്കുന്നു. ഹിന്ദുമതം തത്ത്വവിചാരത്തിലോ ജ്ഞാനമാർഗ്ഗത്തിലോ അല്ല. 'എന്നെ തൊടരുത്, എന്നെ തൊടരുത് ' എന്നതിലാണ്. ഇതൊരു മാനസികരോഗമാണ്.” [19]

മനുഷ്യകത്തിന്റെ ദിവ്യതയെ ഇത്ര ഉച്ചസ്വരത്തിൽ ഘോഷണം ചെയ്തിരുന്ന മതം അക്കാലത്ത് പാവങ്ങളുടെയും താണവരുടെയും കഴുത്തുകളെ ചവിട്ടിമെതിക്കുന്ന അവസ്ഥയിലാണ് എന്ന് വിവേകാനന്ദൻ തിരിച്ചറിഞ്ഞു. പ്രശ്നങ്ങളും അവയ്ക്കുള്ള കാരണങ്ങളും കൃത്യമായി കണ്ടെത്തി, ആലോചിച്ചുറപ്പിച്ച പരിഹാരനടപടികളും വിവേകാനന്ദദർശനം നിർദ്ദേശിച്ചു. ജീവിതമാണ് ഏറ്റവും സാരമായിട്ടുള്ളതെന്ന് വിവേകാനന്ദൻ വീണ്ടും വീണ്ടും പറഞ്ഞു. ഇന്ത്യൻ സമൂഹത്തെ ഗ്രസിച്ച മാനസികരോഗത്തിനു പ്രതിവിധി യഥാർത്ഥ ശ്രദ്ധയും ജ്ഞാനവുമത്രെ. ബുദ്ധി, വിനാശകരമായ വികാരപരതയിൽനിന്നും ചിത്തൈക്യാഗ്രരൂപമായ യഥാർത്ഥ ഭക്തിയിലേക്കു കടക്കണമെന്ന് വിവേകാനന്ദൻ ചിന്തിച്ചു.

---

19 സ്വാമി വിവേകാനന്ദൻ, വിവേകാനന്ദസാഹിത്യസർവ്വസ്വം, ഭാഗം 5, 1986, പുറം 329.

### 3.11 വിവേകാനന്ദദർശനവും മലയാളി മനഃശാസ്ത്രവും

വിവേകാനന്ദദർശനത്തോട് കേരളം കാണിച്ച സവിശേഷമായ താൽപര്യത്തിന്റെ കാര്യകാരണങ്ങൾ പലതുമുണ്ട്. പ്രശ്നങ്ങളെ തിരിച്ചറിഞ്ഞ് പ്രശ്നപരിഹാരത്തിനുള്ള പ്രവർത്തനപദ്ധതി വിവേകാനന്ദചിന്തകൾ രൂപപ്പെടുത്തി എന്നതാണ് അവയിൽ പ്രധാനം. ചിരകാലമായി വിശ്വസിച്ചു പോരുന്ന ഭാരതീയദർശനങ്ങളെ പരിഷ്കരിച്ചായിരുന്നു ഈ പദ്ധതി എന്നത് അതിന്റെ സ്വീകാര്യത എളുപ്പമാക്കി. സന്യാസത്തിന്റെ കീഴ്വഴക്കങ്ങൾ മാറ്റി മറിച്ച് കർമ്മസന്യാസത്തിന്റെ പാഠങ്ങൾ ആണ് വിവേകാനന്ദദർശനം രചിച്ചത്. വേഷത്തിലും ഭാഷയിലും, ഭാവത്തിലും തികച്ചും നവീനമായ രീതിയിൽ അത് ജനങ്ങളെ അഭിസംബോധന ചെയ്തു. ലോകത്ത് നടപ്പുള്ള എല്ലാ സംസ്കാരങ്ങളുടെയും നന്മകളെ വിവേകാനന്ദദർശനം ഉൾക്കൊണ്ടു. ഭാരതീയമായ ഈ കാഴ്ചപ്പാടിന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ തലങ്ങൾ പൗരസ്ത്യരെയും പാശ്ചാത്യരേയും ഒരുപോലെ ബോധ്യപ്പെടുത്തി.

മലയാളിയുടെ വിശാലമായ ലോകവീക്ഷണത്തോടും അവന്റെ ദാർശനികമായ ഇഷ്ടാനിഷ്ടങ്ങളോടും ചേർന്നുനിൽക്കുന്നവയായിരുന്നു വിവേകാനന്ദദർശനം. വിദ്യാ സമ്പന്നരായിട്ടുപോലും തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ആചരിച്ച കേരളത്തിന്റെ മിഥ്യാസങ്കൽപ്പങ്ങളെ "ഭ്രാന്താലയം" എന്ന കൊടും വിമർശനത്തിലൂടെയാണ് വിവേകാനന്ദൻ അഭിസംബോധന ചെയ്തത്. വിവേകാനന്ദദർശനത്തെ ലോകം സ്വാഗതം ചെയ്തപ്പോൾ മലയാളിയുടെ ചിന്താമണ്ഡലത്തിലും അനിവാര്യവുമായ അനുരണനങ്ങൾ ഉണ്ടായി. മതത്തെ യഥാർത്ഥരീതിയിൽ ഉൾക്കൊള്ളാൻ പാകത്തിൽ, അതതു പ്രദേശത്തെ ജനസ്വാധീനമുള്ള സന്യാസിയുടെ നേതൃത്വത്തിൽ സംഘടിച്ച്

പ്രവർത്തിക്കുന്ന ജനപക്ഷസംവിധാനങ്ങളാണ് രൂപീകരിക്കേണ്ടതെന്ന വിവേകാനന്ദന്റെ സുചിന്തിതമായ നിർദ്ദേശം കേരളം സർവ്വാത്മനാ സ്വീകരിക്കുകയായിരുന്നു.

മലയാളിയുടെ മനഃശാസ്ത്രവും രാഷ്ട്രീയവും ഉൾക്കൊള്ളാൻ പാകത്തിൽ സമഗ്രമായിരുന്നു വിവേകാനന്ദചിന്തകൾ. തികച്ചും ജനപക്ഷത്തുനിന്നുകൊണ്ടും ജനങ്ങളെ അഭിസംബോധന ചെയ്തുകൊണ്ടും പ്രഖ്യാപിച്ച ദർശനപദ്ധതി എല്ലാ അർത്ഥത്തിലും മലയാളിസ്വത്വത്തിന്റെ ആവിഷ്ക്കാരമായി മാറി. സങ്കീർണ്ണമായ ജ്ഞാനവഴികൾ പലതും അതിനുമുമ്പ് കേരളം കണ്ടിട്ടുണ്ടായിരുന്നു. ആദിശങ്കരൻ സർവ്വജ്ഞപീഠം കയറിയപ്പോഴും, ബൃഹത്തായ വൈജ്ഞാനികഗ്രന്ഥങ്ങൾ ലോകത്തിന് സമർപ്പിക്കപ്പെട്ടപ്പോഴും അതൊന്നും കേരളത്തെ ആഴത്തിൽ സ്പർശിച്ചിരുന്നില്ല.

പ്രയോഗതലത്തിൽ വന്നപ്പോൾ അംഗീകരിക്കാൻ പറ്റാത്ത പല ഘടകങ്ങളും കേരളത്തിൽ ശങ്കരദർശനത്തിന്റെ സ്വീകാര്യതക്ക് വിലങ്ങുതടികളായി. ന്യൂനാൽ ന്യൂനപക്ഷമായ ബ്രാഹ്മണ്യം ആവിഷ്കരിച്ച ദർശനത്തെ ജനവിരുദ്ധമെന്ന മുൻവിധി യോടെയാണ് കേരളം ഉൾക്കൊണ്ടത്. ബുദ്ധ, ജൈനദർശനങ്ങളെ ചോദ്യം ചെയ്ത് വിജയിച്ച ശങ്കരദർശനം സൈദ്ധാന്തികതലത്തിൽ അംഗീകരിച്ചപ്പോൾ തന്നെ പ്രയോഗതലത്തിൽ ഒരു ജനസമൂഹത്തെ ആകെ അഭിസംബോധന ചെയ്യുകയോ, അവരുടെ പ്രശ്നങ്ങൾ പഠിക്കുകയോ ചെയ്തില്ല എന്നത് ആ തത്വചിന്തയുടെ പരിമിതിയായി തന്നെ കേരളം കണ്ടു.

തങ്ങളെക്കൂടി 'ഉൾക്കൊള്ളൽ' എന്നത് ഏത് സമൂഹത്തിന്റെയും വിശിഷ്യാ കേരളസമൂഹത്തിന്റെയും പ്രമാണമായിരുന്നു. കേരളത്തിന്റെ മനഃശാസ്ത്രം കേരളീയമെന്ന് വിളിക്കാവുന്ന പലതിന്റെയും സമ്മേളനം വഴി രൂപീകരിക്കപ്പെട്ടതാണ്. അതിന്റെ രാഷ്ട്രീയം ഈ ഭൂവിഭാഗത്തിന്റെയും ഒപ്പം വിശാലമായ ഭാരതത്തിന്റെയും

പ്രതിഫലനമാണ്. പ്രത്യേകമായി സിദ്ധിച്ച ലോകവീക്ഷണം മലയാളിയുടെ അറിവുകളെ വിപുലമാക്കി. ത്യാജ്യാഗ്രാഹ്യവിവേചനത്തിന് പ്രാപ്തവുമാക്കി.

വേഷത്തിലും ഭാവത്തിലും ആവിഷ്കാരത്തിലും പുതുരീതികൾ, അവ പലപ്പോഴും നിലവിലുള്ളവയെക്കാൾ ജനകീയവും ജനോപകാരപ്രദവുമായതിനാൽ, കേരളം ആവേശത്തോടെ സ്വീകരിച്ചു. എന്നാൽ അതുവഴി തമസ്കരിക്കപ്പെടുന്ന ചിലതിനെ അഥവാ കേരളീയതയെ, ആശങ്കകളോടെ നോക്കി. എന്നാൽ തങ്ങളുടെ രാഷ്ട്രീയവും മനഃശാസ്ത്രവും വായിച്ചെടുത്ത, കേരളത്തിൽ തന്നെ രൂപപ്പെട്ട പദ്ധതികളൊന്നും അതുവരെയായി ആവിഷ്കരിക്കപ്പെട്ടിരുന്നില്ല. ഭക്തിപ്രസ്ഥാനം കേരളത്തിൽ സൃഷ്ടിച്ച ജനകീയതക്ക് പിന്നെ തുടർച്ചകൾ ഉണ്ടായില്ല. സാഹിത്യവും വിജ്ഞാനപദ്ധതികളും സാമാന്യജനങ്ങളിൽ നിന്നുമകന്നു. പരിഹാരമായി അധികാരികളുടെ പിന്തുണയോടെ നിർദ്ദേശിക്കപ്പെട്ട പരിഷ്കാരങ്ങൾ ഒറ്റനോട്ടത്തിൽ ജനകീയമായിരുന്നെങ്കിലും ഒളിപ്പിച്ചുവെച്ച അജണ്ടകൾ അവയ്ക്കുണ്ടായിരുന്നു. ഉടൻ ഫലപ്രാപ്തി ഉണ്ടായതിനാൽ (മതം മാറ്റം, വൈദേശികരീതികളും വിദ്യഭ്യാസവും സ്വീകരിക്കൽ . . . എന്നിവ ഉദാഹരണങ്ങൾ) പൊതുസമൂഹം അവ സ്വീകരിക്കാൻ തയ്യാറാവുകയും ചെയ്തു. കേരളീയസ്വത്വത്തെ ആവിഷ്കരിക്കാൻ രൂപപ്പെടുന്ന ഏതു പദ്ധതിയും കേരളീയവും ഭാരതീയവുമായ നന്മകളുടെ, വിജ്ഞാനത്തിന്റെ നിഷേധമാവരുത് എന്ന് മലയാളി ആഗ്രഹിച്ചു. ബാഹ്യതലത്തിൽ പുതുപരിപാടികളോട് സഹകരിച്ചെങ്കിലും ആന്തരികമായി അതുൾക്കൊള്ളാൻ മലയാളിയുടെ ചിന്താമണ്ഡലം തയ്യാറായിരുന്നില്ല. മനുഷ്യന്റെ സർവ്വതോമുഖമായ വളർച്ചയ്ക്ക് ഭൗതികമായ പുരോഗതി അതിപ്രധാനമാണെന്ന് വിശ്വസിച്ച വിവേകാനന്ദൻ വിജ്ഞാനത്തെ സന്യാസഗുഹകളിൽനിന്നും ജനമനസ്സുകളിലേക്ക് വിപണനം ചെയ്തു. ഓരോ പ്രാദേശികസമൂഹത്തിന്റെയും പ്രത്യേകതകൾ കൂടി ഉൾക്കൊണ്ട് മാത്രം ആവിഷ്കരിക്കപ്പെടുന്ന പ്രായോഗികപദ്ധതികൾക്കാവശ്യമായ ജ്ഞാനമണ്ഡലം

വിവേകാനന്ദദർശനം വിഭാവനം ചെയ്തു. അതു നടപ്പാക്കുകയും ചെയ്തു. തങ്ങൾ കാലങ്ങളായി ആഗ്രഹിച്ച, എന്നാൽ എങ്ങിനെ നടപ്പാക്കുമെന്നറിയാതിരുന്ന, സാമൂഹ്യമാറ്റങ്ങൾ ഭാരതീയവും കേരളീയവുമായ രീതിയിൽതന്നെ നടപ്പിൽ വരുത്താൻ പ്രായോഗികപദ്ധതികൾ ആ വിപുലമായ അടിത്തറയിൽ രൂപപ്പെട്ടു. "ഞാൻ ഭാരതീയനാണ്. ഓരോ ഭാരതീയനും എന്റെ സഹോദരനാണ്. അജ്ഞരും ദരിദ്രനും സാധുവുമായ ഭാരതീയൻ. ഇവരെല്ലാം എന്റെ സഹോദരന്മാരാണ്. ഭാരതം എന്റെ ജീവനാണ്. ഭാരതത്തിലെ ദേവീദേവന്മാരാണ് എന്റെയും ദേവീദേവന്മാർ. ഇവിടുത്തെ സമൂഹം എന്റെ ശൈശവത്തിന്റെ കളിത്തൊട്ടിലാണ്, നന്ദനോദ്യാനമാണ്, പാവന സ്വർഗ്ഗമാണ്. വാർദ്ധക്യത്തിലെ വാരണാസിയാണ്. ഭാരതത്തിന്റെ നന്മയാണ് എന്റെയും നന്മ".[20] ലോകം അംഗീകരിച്ച വിവേകാനന്ദദർശനം മലയാളിയുടെ ചിന്താമണ്ഡലം ആവേശത്തോടെ തന്നെ സ്വീകരിച്ചു. ഒരർത്ഥത്തിൽ ഈ സമൂഹത്തിന്റെ മനഃശാസ്ത്രവും രാഷ്ട്രീയവും ഉൾക്കൊണ്ട ഒരു ജനകീയപദ്ധതിക്കായി കേരളം കാത്തുനിൽക്കുക യായിരുന്നു. മലയാളിയുടെ ദാർശനികാഭിമുഖ്യങ്ങളിലെ ഘടകങ്ങളായ സ്വത്വബോധ ത്തെയും ജനകീയതയെയും സമത്വത്തെയും വിവേകാനന്ദ ദർശനവും ഉയർത്തി പ്പിടിച്ചപ്പോൾ കേരളീയനവോത്ഥാനത്തിന് പുതിയ ദിശാബോധം രൂപപ്പെട്ടു.

### 3.12 ആഗോളവീക്ഷണത്തിലെ കേരളീയത

തൊട്ടുകൂടായ്മയോടൊപ്പം തീണ്ടിക്കൂടായ്മയും കേരളീയസമൂഹത്തിൽ നിലനിന്നി രുന്നു. സവർണർ നടക്കുന്ന വഴിയിലും പെരുമാറുന്ന കെട്ടിടങ്ങളിലും അവർണർ പ്രവേശിക്കരുതെന്നും അവർ കണ്ടുമുട്ടരുതെന്നും തീണ്ടിക്കൂടായ്മ വ്യവസ്ഥ ചെയ്യുന്നു. പണ്ടുമുതലേ തന്നെ ഇതാണ് സാമൂഹ്യാവസ്ഥയെന്ന് പറയുക സാധ്യമല്ല. 16-ാം

---

[20] സ്വാമി വിവേകാനന്ദന്റെ പ്രഭാഷണം സി.പി. നായർ ഉദ്ധരിക്കുന്നു. സ്വാമി വിവേകാനന്ദനും പ്രബുദ്ധ കേരളവും, എഡി. പി. പരമേശ്വരൻ, ഭാരതീയവിചാരകേന്ദ്രം, 2013, ഖണ്ഡിക 1, പുറം 299.

നൂറ്റാണ്ടുമുതൽ മൂർത്തരൂപം വന്ന കേരളദേശീയതയുടെ അധികാരരൂപങ്ങളി ലെവിടെയോ ജാത്യാന്ധതയും തജ്ജന്യമായ അനാചാരങ്ങളും സ്ഥാനം പിടിച്ചു. പണ്ട് ഉണ്ടായിരുന്ന ബുദ്ധജൈനസംസ്കാരങ്ങളുടെ ഗുണവശങ്ങളും നഷ്ടപ്പെട്ടുപോയി. ധാർമ്മികാധഃപതനവും അത്യാർത്തിയും അധികാരക്കൊതിയും സമൂഹത്തിൽ നിരന്തരം പ്രശ്നങ്ങൾ സൃഷ്ടിച്ചു. കോളനിവൽക്കരണവും ഇംഗ്ലീഷ് വിദ്യാഭ്യാസവും ക്രിസ്തുമത പ്രചരണവും ഉണ്ടാകുന്നത് ഈ സാഹചര്യത്തിലാണ്. പാർശ്വവൽക്കരിക്കപ്പെട്ട അധഃകൃതരേയും ഒപ്പം മാനവികസമത്വത്തിൽ വിശ്വസിക്കുന്ന ചില ഉന്നത ജാതിക്കാരെയും മാറിയ മതത്തിന്റെ കുടക്കു കീഴിൽ വരുത്താനവർക്ക് കഴിഞ്ഞു. പുതിയരീതികളെ സർവ്വാത്മനാ സ്വാഗതം ചെയ്യുന്ന ഒരു സംസ്കാരം കേരളത്തിലുണ്ടായിരുന്നു. അതു സ്വാഭാവികമായും കേരളീയതയുടെ തിരസ്കാരത്തിലേക്കു നയിച്ചു. എന്നാൽ ഒരു യാഥാസ്ഥിതികേതര ചിന്താഗതിയും പാശ്ചാത്യാരാധനാ മനസ്ഥിതിയും കേരളത്തിൽ സവിശേഷമായ മതസഹിഷ്ണുതക്കു കാരണമായി. "ക്രിസ്ത്യാനികളുടെയും മുസ്ലീങ്ങളുടെയും ഗണ്യമായ സാന്നിദ്ധ്യം കേരളസമൂഹത്തിന് ഒരു പ്രത്യേക സ്വഭാവം നൽകിയിരുന്നു. ബഹുമത, ബഹുജാതി, ബഹുരാജ്യ, ബഹുനേതൃത്വജീവിതശൈലി പുരാതനകേരളത്തെ ദക്ഷിണേന്ത്യയിൽ തന്നെ വേറിട്ടൊരു ജനതയുടെ ആസ്ഥാനമാക്കി".[21]

19-ാം നൂറ്റാണ്ടിൽ ഹിന്ദുമതം ഏറ്റവും ശോചനീയമായ അവസ്ഥയിലായിരുന്നു. രാഷ്ട്രീയ-സാമൂഹിക-പ്രസ്ഥാനങ്ങൾ പ്രാദേശികതലത്തിലെങ്കിലും കേരളത്തിലുണ്ടായി രുന്നു. ഒപ്പം കൊളോണിയൽ വിദ്യാഭ്യാസവും മിഷണറിപ്രവർത്തനങ്ങളും ലക്ഷ്യമാക്കിയത് കേരളത്തിന്റെ അപരിഷ്കൃതമായ സാമൂഹ്യഘടനയെത്തന്നെ

[21] എം.ജി.എസ്.നാരായണൻ, അധിനിവേശം വ്യവസായ വിപ്ലവം, 500 വർഷത്തെ കേരളം ചില അറിവടയാളങ്ങൾ, എ,സ്.പി.സി.എസ്.കോട്ടയം, ജൂലൈ 2015, പുറം 26.

യായിരുന്നു. പുതിയ ആശയങ്ങളെ സ്വീകരിയ്ക്കാനുള്ള കേരളത്തിന്റെ താല്പര്യം മറ്റു സംസ്കാരങ്ങൾക്ക് വളക്കൂറുള്ള മണ്ണൊരുക്കി. കൊളോണിയൽ ഭരണകൂടത്തിന്റെ നടപടികൾ ജാതിവ്യവസ്ഥയിൽ ചലനങ്ങൾ സൃഷ്ടിച്ചു. അയിത്തജാതിക്കാരും മുന്നോക്കക്കാരും ആധുനികവിദ്യാഭ്യാസത്തിന്റെ ആവിർഭാവത്തോടെ തങ്ങളുടെ ജീവിതവ്യവസ്ഥയെ വിമർശനാത്മകമായി വിലയിരുത്തി. "ആധുനിക മുതലാളിത്തത്തിന് ജന്മം നല്കിയ ദാർശനികാശയങ്ങൾ കൊളോണിയൽ ഭരണക്രമത്തിനെതിരായ പോരാട്ടത്തിൽ മറ്റെവിടെയുമെന്നപോലെ കേരളത്തിലും ആധുനികവിദ്യാഭ്യാസം സിദ്ധിച്ച യുവാക്കൾക്ക് ആയുധങ്ങളായിത്തീർന്നു.".[22] ഏകീകൃതലോകം കൊളോണിയൽ മുതലാളിത്തത്തിന്റെ ആവശ്യകതയായിരുന്നു. തങ്ങൾക്കു സംവാദം സാധ്യമാക്കുന്ന തരം ലോകവീക്ഷണം ഉള്ള സമൂഹത്തിൽ പരിഷ്ക്കരണശ്രമങ്ങൾ താരതമ്യേന എളുപ്പമായിരുന്നു. പരമ്പരാഗത ജീവിതവുമായി ബന്ധപ്പെട്ട് രൂപംകൊണ്ട കലാരൂപങ്ങളും ഭാഷയും സംസ്കാരവും കേരളത്തിന്റെ സ്വത്വനിർമ്മിതിയിലെ ഘടകങ്ങളായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസവും അത് ലക്ഷ്യംവെച്ച പരിഷ്ക്കരണശ്രമങ്ങളും ആധുനികവിപണിയുടെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്താനായി പാകപ്പെടുത്തിയവയായിരുന്നു. ഭാഷയിലും സംസ്കാരത്തിലും പെരുമാറ്റരീതികളിലും ആധുനികതയെ സ്വീകരിക്കാൻ കേരളീയന്റെ ലോകവീക്ഷണം അവനെ സഹായിച്ചു.

പാശ്ചാത്യനിർമ്മിതമായ ആധുനികതാമാതൃകകൾ മറ്റെല്ലാ സാംസ്കാരിക യാഥാർത്ഥ്യങ്ങളുടെയും മുകളിൽ പ്രതിഷ്ഠിച്ചപ്പോൾ ഉണ്ടായ അപകടങ്ങൾ മലയാളി സാവധാനം തിരിച്ചറിഞ്ഞു. തനതായ ചരിത്രത്തിലും പാരമ്പര്യത്തിലും ഉണർന്നുവരേണ്ട പ്രാദേശികസംസ്ക്കാരത്തിനു പകരമാവില്ല പരിഷ്കൃതമെന്ന് വ്യവഹരിയ്ക്കപ്പെട്ട

[22] വിനോദ് സി.പി. കേരളീയത ആധുനികതയും സംസ്കാരവും (അഞ്ഞൂറ് വർഷത്തെ കേരളം ചില അറിവടയാളങ്ങൾ എന്ന പുസ്തകത്തിലെ ലേഖനം), സാഹിത്യപ്രവർത്തകസഹകരണസംഘം, 2015, പുറം 118.

പ്രത്യയശാസ്ത്രങ്ങളൊന്നും എന്ന ബോധം ചിന്തിക്കുന്ന മലയാളിയെ വേട്ടയാടി. തങ്ങളുടെ സാംസ്കാരിക തനിമകൾ നിലനിർത്തിക്കൊണ്ടുതന്നെ സാമൂഹികാനാചാരങ്ങളോട് സമരം ചെയ്യാൻ നവീനവിദ്യാഭ്യാസത്തെ മലയാളി ഉപയോഗിച്ചു. ആധുനികതയെ അംഗീകരിച്ച ലോകവീക്ഷണത്തിലൂടെ തന്നെ തനത് ചിന്താധാരകളേയും പൂർവ്വാധികം ശക്തിയോടെ അവൻ സ്വീകരിച്ചു. ചൂഷണരൂപങ്ങളെ എതിർക്കുമ്പോഴും പ്രാദേശികമായ സാംസ്കാരികസ്വത്വങ്ങളെ അംഗീകരിച്ചുകൊണ്ടു മുന്നേറാൻ കേരളം തീരുമാനിച്ചു. കൊളോണിയൽ ആധുനികതയുടെ പ്രത്യയശാസ്ത്രത്തെ ചെറുക്കാൻ തദ്ദേശീയമായ അറിവുകളുടെയും സമരങ്ങളുടെയും പാരമ്പര്യം സഹായകമായി. വിദ്യാസമ്പന്നരെങ്കിലും ജാത്യാന്ധകാരത്തിൽ ജീവിക്കുന്ന കേരളീയരെപ്പറ്റി പറയുമ്പോൾ കേരളം ഭ്രാന്താലയമെന്ന് വിവേകാനന്ദൻ വിശേഷിപ്പിച്ചു. "സവർണ്ണർ നടക്കുന്ന തെരുവിൽ പാവപ്പെട്ട പറയനു നടന്നുകൂടാ. പക്ഷെ മിശ്രമായ ഇംഗ്ലീഷ്നാമം സ്വീകരിച്ചാൽ എല്ലാം ഭദ്രമായി. ഈ മലബാറുകാരെല്ലാം മതഭ്രാന്തരാണ്. അവരുടെ ഗൃഹങ്ങളത്രയും ഭ്രാന്താലയവും എന്നല്ലാതെ മറ്റെന്താണ് നമുക്ക് ഇതിൽനിന്നനു മാനിയ്ക്കാവുന്നത്."[23] കേരളത്തിലെ ശോചനീയമായ സാമൂഹ്യസ്ഥിതിയെ മാറ്റാൻ ഹിന്ദുമത നവീകരണമാണ് പരിഹാരമെന്ന് വിവേകാനന്ദൻ ഉറപ്പിച്ചു.

ആധുനികതയുടെ മാതൃകകളായി അവതരിപ്പിയ്ക്കപ്പെട്ട രീതികൾക്കുപകരം തനതു സംസ്കാരത്തിന്റെ ഗുണവശങ്ങളെ കേരളം സ്വാംശീകരിച്ചു. കേരളീയസംസ്കാരത്തിന്റെ അകംപൊരുളുകൾ പൂർണ്ണമായും നഷ്ടപ്പെട്ടിരുന്നില്ല. കേരളത്തിലെ ഏറ്റവും വലിയ സാമൂഹിക പരിഷ്കരണപ്രസ്ഥാനമായ ശ്രീനാരായണധർമ്മപരിപാലനയോഗം രൂപംകൊള്ളുന്നതും സാമൂഹികമാറ്റങ്ങളുടെ ചാലകശക്തിയായി പ്രവർത്തിക്കുന്നതും ഈ

[23] വിവേകാനന്ദസാഹിത്യസർവ്വസ്വം - വോള്യം 4, ഭാരതത്തിന്റെ ഭാവി, രാമകൃഷ്ണമഠം, തൃശ്ശൂർ, 1980, ഭാരതത്തിന്റെ ഭാവി എന്ന വിഷയത്തിൽ മദ്രാസ് ട്രിപ്ലിക്കേനിൽ ക്ഷണിക്കപ്പെട്ട സദസ്സിനുമുൻപിൽ വിവേകാനന്ദൻ നടത്തിയ പ്രഭാഷണത്തിന്റെ മലയാളപരിഭാഷ, പുറം 186.

പൊതുവീക്ഷണത്തിന്റെ ഭാഗമായിട്ടായിരുന്നു. സമത്വത്തിന്റെ സാരങ്ങൾ ഉപനിഷത്തുകളിലും ഭാരതീയദർശനങ്ങളിലും നിറഞ്ഞുനിൽക്കുന്നുവെന്നും അവ വീണ്ടെടുക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നുമുള്ള വിവേകാനന്ദദർശനം കേരളം സ്വീകരിച്ചതും ഇതേ വീക്ഷണത്തിന്റെ സഹായത്താലാണ്. നവീന സാഹിത്യത്തിലും സാമൂഹ്യക്രമങ്ങളിലും പാശ്ചാത്യമാതൃകകളുടെ സ്വാധീനം സുവ്യക്തമായിരുന്നു. ഇംഗ്ലീഷിന്റെ പ്രാമാണിത്തം അംഗീകരിക്കാൻ നിർബന്ധിതമായപ്പൊഴും ഭാരതത്തിന്റെ ശ്രേഷ്ഠമായ ക്ലാസിക് പാരമ്പര്യത്തെ മലയാളി നെഞ്ചോടു ചേർത്തു. കേരളത്തിനു പുറത്തുനിന്നുവന്ന വിദ്യാഭ്യാസത്തെയും പരിഷ്കൃതാശയങ്ങളേയും സ്വീകരിക്കാൻ മലയാളിയുടെ ലോകവീക്ഷണം അവനെ പ്രാപ്തനാക്കി. കേരളത്തിന്റെ ആന്തരികമായ സ്വത്വത്തിലേയ്ക്കുകൂടി നോക്കാൻ തുനിഞ്ഞതിനാൽ മലയാളിമനസ്സ് ഒരേസമയം കേരളത്തിനു പുറത്തേക്കും കേരളത്തിനുള്ളിലേയ്ക്കും സഞ്ചരിച്ചു. തനത് ദർശനങ്ങളുടെ പാരമ്പര്യം സൃഷ്ടിച്ച ഭൂമികയിൽ ഉറച്ചുനിന്നുകൊണ്ട് ലോകത്തെ നോക്കിയപ്പോൾ മലയാളിയുടെ പുതിയ ലോകവീക്ഷണം രൂപപ്പെട്ടു.

### 3.12.1 ഇരുപതാം നൂറ്റാണ്ട്

തൊട്ടുകൂടായ്മ കാലങ്ങളായി ഇന്ത്യയുടെ എല്ലാ വിഭാഗങ്ങളിലും നിലനിന്നിരുന്നു. എന്നാൽ അതിനുപ്പുറത്ത് തീണ്ടിക്കൂടായ്മ - സവർണ്ണരെ നേരിട്ട് കണ്ടുമുട്ടിക്കൂടാ എന്ന അവസ്ഥ - കേരളത്തിൽ തിരുവിതാംകൂറിലും, കൊച്ചിയിലും, മലബാറിലും ഒരുപോലെ നടപ്പുണ്ടായിരുന്ന അനാചാരമായിരുന്നു. 1924-ൽ വൈക്കം സത്യാഗ്രഹം തുടങ്ങി. 1925-ൽ മാർച്ച് മാസത്തിൽ തിരുവിതാംകൂർ സന്ദർശിച്ച മഹാത്മാഗാന്ധിജി ഇവിടത്തെ തീണ്ടിക്കൂടായ്മ തന്നെ പരിഭ്രാന്തനാക്കുന്നതായി പറഞ്ഞു. "ഈ സംസ്ഥാനത്തിന്റെയും

ഇന്ത്യയുടെ തന്നെയും നിർഭാഗ്യമെന്നു പറയട്ടെ തൊട്ടുകൂടായ്മയുടെ കാര്യത്തിൽ തിരുവിതാംകൂറിനഭിമാനിക്കാൻ വകയില്ല" എന്ന് 1927-ൽ ഗാന്ധിജി വീണ്ടും പറഞ്ഞു. വിദ്യാഭ്യാസവും സാമ്പത്തികശേഷിയും ആർജിച്ചാലും അവർണരെ തീണ്ടൽജാതിക്കാരായി മാറ്റിനിർത്തപ്പെട്ടിരുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിലെ തുടക്കത്തിൽ വ്യവഹാരമാലിക എന്ന പുസ്തകമായിരുന്നു പിന്തുടർന്നിരുന്ന ഹിന്ദു നിയമസംഹിത. ജാതിവിവേചനം പ്രത്യേകമായി ദീക്ഷിക്കപ്പെട്ട നടപടിക്രമങ്ങളായിരുന്നു വ്യവസ്ഥ ചെയ്തത്. രാജവംശക്കാർക്കും ബ്രാഹ്മണർക്കും തടവുശിക്ഷയില്ല, പരമാവധി പിഴ മാത്രം. എന്നാൽ താഴ്ന്ന ജാതിക്കാർക്ക് 4 വിധത്തിലുള്ള സത്യപരീക്ഷകൾ നിർദ്ദേശിച്ചിരുന്നു. മുതലകൾ നിറഞ്ഞ പുഴയിൽ നീന്തിക്കടക്കുന്നത് ജലപരീക്ഷ. സർപ്പവിഷം ഏൽപ്പിക്കുന്നത് വിഷപരീക്ഷ. തിളയ്ക്കുന്ന നെയ്യിൽ കൈമുക്കുന്നത് അഗ്നിപരീക്ഷ. കുറ്റവാളിയേയും കുറ്റകൃത്യം എഴുതിയ ഓലയേയും തൂക്കിനോക്കുന്ന തൂക്കപരീക്ഷ. തുലാസും അഗ്നിയും സവർണർക്കും വിഷവും ജലപരീക്ഷയും അവർണർക്കും ഇതായിരുന്നു കീഴ്‌വഴക്കം.

അയിത്തോച്ചാടനശ്രമങ്ങളും ജാതിവിവേചനങ്ങൾക്കെതിരായ പ്രക്ഷോഭങ്ങളും പത്തൊമ്പതാം നൂറ്റാണ്ടിൽത്തന്നെ തുടങ്ങിയിരുന്നു. സനാതനധർമ്മം അനുസരിച്ചുള്ള ഭരണവും അയിത്തം എന്ന അനാചാരവും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും തിരുവിതാംകൂറിൽ തുടർന്നു. വൈക്കം അടക്കമുള്ള മഹാക്ഷേത്രങ്ങളുടെ പുറം വാതിലിന് ഏതാനും അടി അകലെ 'തീണ്ടൽ ജാതിക്കാരുടെ പ്രവേശനം വിരോധിച്ചിരിക്കുന്നു' എന്ന ബോർഡ് വെയ്ക്കാൻ കല്പിച്ചത് 1905-ൽ കോട്ടയം പേഷ്കാരായിരുന്ന കെ.പി.ശങ്കരമേനോനാണ്.

ഇരുപതാം നൂറ്റാണ്ടിലാണ് ദേശീയപ്രസ്ഥാനം മലബാറിൽ വ്യാപകമാവുന്നത്.

അഖിലേന്ത്യാ കോൺഗ്രസ് കമ്മറ്റിയുടെ പ്രവർത്തനങ്ങൾ വിദ്യാസമ്പന്നരെ സ്വാധീനിച്ചു. ബ്രിട്ടീഷുകാർക്കെതിരായ നിസ്സഹകരണപ്രസ്ഥാനവും ഉപ്പുസത്യാഗ്രഹമടക്കമുള്ള സമരങ്ങളും മലബാറിലും പ്രതികരണങ്ങളുണ്ടാക്കി. ഭാരതീയതയുടെ ഭാഗമായ കേരളീയത എന്ന ദേശീയ വീക്ഷണം രൂപപ്പെടുന്നതിങ്ങനെയാണ്. മഹാത്മാഗാന്ധിയുടെ സന്ദർശനങ്ങളും കേളപ്പൻ എ.കെ.ജി തുടങ്ങിയവരുടെ പ്രവർത്തനങ്ങളും മലയാളികളുടെ ഈ ദേശീയബോധത്തെ ശക്തിപ്പെടുത്തി. ദേശീയപ്രസ്ഥാനത്തിന്റെ സ്വാധീനങ്ങൾ സാഹിത്യകൃതികളിലും ഉണ്ടായി. നവോത്ഥാനാശയങ്ങൾ ഉൾക്കൊണ്ട നാടകങ്ങളും ഇന്ദുലേഖ പോലെയുള്ള നോവലുകളും സമൂഹത്തിൽ ചലനങ്ങളുണ്ടാക്കി. ഭാരതീയയുടെ തുല്യവും ശക്തവുമായ ഒരു ശാഖയായി കേരളീയത അടയാളപ്പെടുത്തപ്പെട്ടു.

'ഭാരതമെന്നു കേട്ടാൽ അഭിമാനപൂരിതമാകണമന്തരംഗം
കേരളമെന്നു കേട്ടാലോ തിളയ്ക്കണം ചോര നമുക്കു ഞരമ്പുകളിൽ'

വള്ളത്തോളിന്റെ ഈ കാവ്യശകലം കേരളീയന്റെ ഭാരതീയതയെ അടയാള പ്പെടുത്തുന്നുണ്ട്.

കർഷകരുടെ പ്രശ്നങ്ങൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താനും അതിനായി സമരം ചെയ്യാനുമായി കേരള കർഷകസംഘം എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചിരുന്നു. ഉത്തരകേരളത്തിൽ കരിവള്ളൂർ കേന്ദ്രമാക്കി അഭിനവ ഭാരതയുവക് സംഘം പ്രവർത്തിച്ചുവന്നു. ദാരിദ്ര്യനിർമ്മാർജ്ജനവും സാമൂഹികമായ അസമത്വങ്ങൾ ഇല്ലാതാക്കലും ഇവരുടെ പ്രവർത്തനമായിരുന്നു. പിന്നീട് രൂപമെടുത്ത കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ പൂർവ്വികരായിരുന്നു കർഷകസംഘങ്ങളിലെ പ്രവർത്തകർ. 1928-ൽ എറണാകുളത്ത് വച്ച് ദേശീയകിസാൻ സമ്മേളനം നടന്നു. 1930-ൽ സംഘടിത തൊഴിലാളിപ്രസ്ഥാനവും കേരളത്തിൽ ആരംഭിച്ചു. യൂറോപ്പിനെ പിടിച്ചുകുലുക്കിയ

കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ കേരളത്തിലും സ്വാധീനം ചെലുത്തിയിരുന്നു. ചൂഷകവർഗ്ഗവും ചൂഷിതവർഗ്ഗവുമായി ജന്മികുടിയാന്മാരെ കേരളത്തിൽ രൂപംകൊണ്ട കർഷക പ്രസ്ഥാനങ്ങൾ അടയാളപ്പെടുത്തി. ശാസ്ത്രീയ സോഷ്യലിസം മലയാളിയുടെ ചിന്താപദ്ധതിയേയും സ്വാധീനിച്ചു. 17-ാം നൂറ്റാണ്ടിന്റെ അവസാനം നടന്ന ഫ്രഞ്ച് വിപ്ലവവും 1917-ലെ റഷ്യൻ വിപ്ലവവും ലിബറൽ ഡമോക്രസിക്ക് തുടക്കമിട്ടു. സമത്വം സാഹോദര്യം, സ്വാതന്ത്ര്യം എന്നീ ജ്ഞാനോദയമൂല്യങ്ങൾ കേരളീയചിന്തയേയും പ്രചോദിപ്പിച്ചു. വിവേകാനന്ദദർശനവും ശ്രീനാരായണഗുരുവിന്റെ പ്രവർത്തനങ്ങളും നവോത്ഥാനത്തിന് ദിശാബോധം നൽകി. ഭക്തിപ്രസ്ഥാനകാലം മുതൽ സമൂഹത്തിൽ പലപ്പോഴായി ഉയർന്നുവന്നിട്ടുള്ള നവോത്ഥാനപ്രവണതകൾ ഇത്തരമൊരു വീക്ഷണത്തിന് മലയാളിയെ പ്രാപ്തമാക്കി.

കമ്യൂണിസ്റ്റ് ആശയങ്ങളുള്ള കോൺഗ്രസുകാരുടെ ആഭിമുഖ്യത്തിൽ കയ്യൂരും, മൊറാഴയും, കരിവള്ളൂരും കേന്ദ്രീകരിച്ച് സായുധസമരങ്ങൾ നടന്നിരുന്നു. സമത്വം എന്ന ആശയത്തോടുള്ള മലയാളി പ്രതിപത്തിയാണ് ഇതിലെല്ലാം പ്രകടമായത്. അതേസമയം ജാതിമതങ്ങളും അവ വഴി രൂപീകരിച്ച സ്വത്വവും സമൂഹമനസ്സിൽ നിർണ്ണായകസ്ഥാനം നേടിയിരുന്നു. 1921-ലെ ഖിലാഫത്ത് സമരങ്ങളുടെ യഥാർത്ഥ ലക്ഷ്യത്തിനപ്പുറത്തേയ്ക്ക് പ്രവർത്തിച്ചത് ആഴത്തിൽ വേരുപിടിച്ച മതവിശ്വാസങ്ങളായിരുന്നു. അങ്ങേയറ്റം പുരോഗമനപരമായ വീക്ഷണം പ്രകടിപ്പിയ്ക്കുമ്പോഴും ഒരുൾവലിയൽ മലയാളി നിലനിർത്തിയിരുന്നു. വീക്ഷണങ്ങളെ സമഗ്രമായി മാറ്റുന്ന ആശയസമരങ്ങൾ പൂർണ്ണമായും ഫലം കണ്ടില്ലെന്നു സാരം. ആയുധമേന്തിയുള്ള കലാപങ്ങൾ, ലക്ഷ്യം സമത്വത്തിനുവേണ്ടിയാകാമെങ്കിലും മലയാളിമനസ്സുകളെ ആഴത്തിൽ സ്വാധീനിച്ചില്ല. അതേ സമയം സമത്വമെന്ന ആശയം എന്നും അവനിൽ പ്രവർത്തിച്ചിരുന്നുതാനും. വിവേകാനന്ദചിന്തകളും, ഭാരതീയതയിലൂന്നിയുള്ള സമൂഹപരിഷ്കരണശ്രമങ്ങളും

പ്രസക്തമാകുന്നത് ഇവിടെയാണ്. ജാതീയമായ ഉച്ചനീചത്വങ്ങൾ നിലവിലുണ്ടായിരുന്ന മലയാളി സമൂഹത്തിലാണ് രാമകൃഷ്ണമിഷൻ പ്രവർത്തനങ്ങളാരംഭിച്ചത്. ഈ സമൂഹത്തിലാണ് ശ്രീനാരായണധർമ്മ പരിപാലനയോഗം തുടങ്ങിയത്. വൈദേശികമായ ആശയങ്ങളേക്കാൾ ഭാരതീയതയിലൂന്നിയ സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങൾ കേരളത്തെ മാറ്റിമറിച്ചു. സവർണരും അവർണരും ഒരുപോലെ രാമകൃഷ്ണാമിഷൻ പ്രവർത്തനങ്ങളിൽ പങ്കാളികളായി. അധഃസ്ഥിതരേയും അധഃകൃതരേയും ഉയർത്താനുള്ള ശ്രമങ്ങൾ നടത്തിയതെല്ലാം വിദ്യാസമ്പന്നരായ സവർണരായിരുന്നതും എടുത്തു പറയണം. മതം, വേദാന്തം എന്നിവയിലുൾച്ചേർന്ന സംസ്കാരത്തെ ആധുനീകരിച്ചു സ്വീകരിക്കുകയായിരുന്നു മലയാളി.

### 3.13 അയിത്തോച്ചാടന പ്രവർത്തനങ്ങൾ - വൈക്കം സത്യാഗ്രഹത്തിന്റെ പ്രാധാന്യം

ശ്രീമൂലം പ്രജാസമിതിയിൽ അയിത്തജാതിക്കാരുടെ പ്രതിനിധിയായി അയ്യങ്കാളി തെരഞ്ഞെടുക്കപ്പെട്ടു. ഗൗരവതരമായി അയിത്തവിഷയം അസംബ്ലിയിൽ ഉന്നയിച്ചത് ടി.കെ.മാധവനാണ്. തൊട്ടുകൂടായ്മ അവസാനിപ്പിക്കണമെന്നും അവർണർക്ക് ക്ഷേത്രപ്രവേശനം അനുവദിക്കണമെന്നും പ്രജാസഭയിൽ മാധവൻ അഭ്യർത്ഥിച്ചു. 1888-ലെ അരുവിപ്പുറം പ്രതിഷ്ഠ സൃഷ്ടിച്ച അനുരണനങ്ങൾ സമൂഹത്തിൽ ഉണ്ടായിരുന്നു. ശ്രീനാരായണഗുരുവുമായി ബന്ധപ്പെട്ടതുമുതൽ പൗരസമത്വത്തിനുവേണ്ടി ടി.കെ.മാധവൻ കൂടുതൽ കർമ്മനിരതനായി. 1917-ൽ കൊല്ലത്ത് നടന്ന പൊതുയോഗത്തിൽ ക്ഷേത്രങ്ങളെല്ലാം സവർണ്ണാവർണ്ണഭേദമില്ലാതെ പൊതുജനങ്ങൾക്കു തുറന്നുകൊടുക്കണമെന്ന് തിരുവിതാംകൂർ ഹൈക്കോടതിയിൽ നിന്നു വിരമിച്ച ജസ്റ്റിസ് സി.രാമൻപിള്ള ശക്തമായി ആവശ്യപ്പെട്ടു. അവർണരുടെ തുല്യതയ്ക്കുവേണ്ടിയുള്ള സമരങ്ങളെല്ലാം ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ധാരയായി മാറി. മഹാത്മാഗാന്ധിയുടെ അനുയായിയും

കോൺഗ്രസ് പ്രവർത്തകനുമായ കല്ലാത്തിക്കാരൻ കൃഷ്ണസ്വാമി അയ്യർ. കൈമാടം അയ്യപ്പക്ഷേത്രം ഹരിജനങ്ങൾക്കായി തുറന്നുകൊടുത്തു. മാത്രമല്ല ഹരിജൻ യുവാവിനെ പൂജാരിയുമാക്കി. സരോജിനി നായിഡുവിന്റെ അദ്ധ്യക്ഷതയിൽ പാലക്കാട് നടന്ന കോൺഗ്രസ് സമ്മേളനത്തിൽ എല്ലാ ജാതിക്കാർക്കുമൊപ്പം മിശ്രഭോജനം നടപ്പാക്കിയതും അഡ്വ.കൃഷ്ണസ്വാമി അയ്യരായിരുന്നു. 1923-ൽ ഹരിജൻ ബാലകർക്കായി ശബരി ആശ്രമം സ്ഥാപിച്ചതും ഇദ്ദേഹമാണ്. ഗാന്ധിജി മൂന്നു തവണ ഇവിടം സന്ദർശിച്ചിട്ടുണ്ട്. സമത്വമാണ് സ്വാതന്ത്ര്യത്തിന്റെ ആത്മാവെന്നും ഹിന്ദുമത നിയമങ്ങളെല്ലാം ഇതംഗീകരിക്കുന്നുവെന്നും അന്നത്തെ കേരളീയസമൂഹത്തിൽ ഉറക്കെപ്പറഞ്ഞത് ഈ സാമൂഹ്യപ്രവർത്തകരാണ്. 1909-ൽ 'പ്രത്യക്ഷരക്ഷാദൈവസഭ' രൂപീകരിച്ച് പൊയ്കയിൽ യോഹന്നാനും (കുമാരഗുരു) ദലിതസാഹിത്യത്തിനാരംഭം കുറിച്ച കവിതിലകൻ പണ്ഡിറ്റ് കറുപ്പനും തിരുവിതാംകൂർ മുസ്ലീം മഹാസഭ സ്ഥാപിച്ച പത്രപ്രവർത്തകൻ സ്വദേശാഭിമാനി വക്കം അബ്ദുൾ ഖാദർ മൗലവിയും ഇരുപതാംനൂറ്റാണ്ടിനെ നവോത്ഥാനത്തിലേയ്ക്ക് നയിച്ച നായകന്മാരാണ്. 1903-ൽ ശ്രീനാരായണധർമ്മ പരിപാലനയോഗം (എസ്.എൻ.ഡി.പി) സ്ഥാപിച്ച ഡോ.പൽപ്പുവും പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത മഹാകവി കുമാരനാശാനും സമത്വസന്ദേശം ജനങ്ങളിലെത്തിക്കുന്നതിൽ വലിയ പങ്കു വഹിച്ചു. 1921- മുതൽ സജീവമായിരുന്ന വഴിനടക്കൽ സ്വാതന്ത്ര്യം അധികരിച്ച് 'സഹോദരൻ' പത്രാധിപർ കെ.അയ്യപ്പൻ വൈക്കത്തെ റോഡുകളിൽക്കൂടി ഈഴവർ ബലമായി സഞ്ചരിക്കേണ്ടതിന്റെ ആവശ്യകത ഉദ്ബോധിപ്പിച്ചു. തിരുവിതാംകൂറിലെ തീണ്ടിക്കൂടായ്മയുടെ പ്രശ്നം ടി.കെ.മാധവൻ ഗാന്ധിജിയുടെ ശ്രദ്ധയിൽപ്പെടുത്തി. കോൺഗ്രസിന്റെ അയിത്തോച്ചാടന ശ്രമങ്ങളുടെ ഭാഗമായി വൈക്കം സത്യാഗ്രഹം മാറുന്നതങ്ങനെയാണ്. ക്ഷേത്രപരിസരത്തുള്ള വഴികളിൽക്കൂടി അവർണർക്ക് സഞ്ചാരസ്വാതന്ത്ര്യം ലഭിയ്ക്കാൻ വേണ്ടിയാണ് 1924 മാർച്ച് 30-ന് വൈക്കം സത്യാഗ്രഹം ആരംഭിച്ചത്. ചാത്തൻകുഞ്ഞാപ്പി എന്നു പേരായ പുലയനും

ഗോവിന്ദപ്പണിക്കർ എന്ന നായരും, ബാഹുലേയൻ എന്ന ഈഴവനും ആയിരുന്നു ആദ്യദിവസം സത്യാഗ്രഹം ഇരുന്നത്. മൂന്നുപേരേയും അറസ്റ്റുചെയ്യുകയും ആറുമാസത്തെ തടവിനു ശിക്ഷിയ്ക്കുകയും ചെയ്തു. സത്യാഗ്രഹസമരം ശക്തമായിത്തന്നെ തുടർന്നു. സവർണരെന്നോ, അവർണരെന്നോ വ്യത്യാസമില്ലാതെ സമൂഹത്തിലെ വലിയ വ്യക്തികളെല്ലാം തന്നെ സത്യാഗ്രഹമനുഷ്ഠിച്ച് ജയിൽശിക്ഷ ഏറ്റുവാങ്ങി. ശ്രീനാരായണഗുരുവും മഹാത്മാഗാന്ധിയും സത്യാഗ്രഹാശ്രമം സന്ദർശിച്ചത് സമരത്തെ ശക്തമാക്കി. ഒരു സാമൂഹിക പ്രശ്നത്തിനപ്പുറത്ത് വൈക്കം സത്യാഗ്രഹത്തിന് ഒരു ദേശീയമാനം കൈവന്നു. കേരളത്തിന്റെ ചിന്താമണ്ഡലം പൂർണ്ണമായും സാമൂഹ്യ സമത്വമെന്ന ആശയത്തിലേക്ക് മാറിയതും വൈക്കം സത്യാഗ്രഹത്തിന്റെ ഗുണഫലമാണ്. നിലനിന്നു വന്ന വ്യവസ്ഥപ്രകാരം നാട്ടുരാജ്യങ്ങളുടെ ഭരണത്തിൽ വൈസ്രോയി ക്കിടപെടാൻ സാധിക്കുമായിരുന്നില്ല. തിരുവിതാംകൂറുമായുള്ള ബന്ധം ചിരകാലമായി മാനിക്കപ്പെടുന്നതാണ് എന്ന് 1890-ത്തിലെ ഈഴവ മെമ്മോറിയൽ നിവേദനത്തിന് നൽകിയ മറുപടിയിൽ കഴ്സൺ പ്രഭു സൂചിപ്പിക്കുന്നുണ്ട്.

"കന്യാകുമാരി മുതൽ കാശ്മീരം വരേയും കറാച്ചി മുതൽ കട്ടക്ക് വരേയുമുള്ള ഭാരതസാമ്രാജ്യത്തിലെങ്ങും ഹിന്ദുമതമെന്ന് തെറ്റായി പേരിട്ടിരിക്കുന്ന ഒരു പൈശാചിക മതത്തിന്റെ നാമധേയത്തിൽ നിലനിന്നുവരുന്ന വികൃതാചാരത്തെ ഉന്മൂലനാശം വരുത്തി ഹിന്ദുമതത്തേയും സമുദായത്തേയും ഉദ്ധരിയ്ക്കാനുള്ള മഹാസംരംഭത്തിന്റെ കേളികൊട്ടു മാത്രമാണ് വൈക്കത്താരംഭിച്ചിരിയ്ക്കുന്നത്." വൈക്കം സത്യാഗ്രഹത്തെക്കുറിച്ച് കുമാരനാശാൻ ഇങ്ങനെ പറഞ്ഞതായി എൻ. കെ. ജോസ് രേഖപ്പെടുത്തിയിരിക്കുന്നു.[24]

[24] എൻ.കെ. ജോസ്, വൈക്കം സത്യാഗ്രഹം ഒരു പ്രഹേളിക, ഹോബി പബ്ലിഷേഴ്സ്, വൈക്കം, 1994, പുറം 116.

603 ദിവസങ്ങൾ നീണ്ടുനിന്ന സമരമായിരുന്നു വൈക്കം സത്യാഗ്രഹം. 1924-ലെ വെള്ളപ്പൊക്കത്തിനും സർക്കാറിന്റെ അടിച്ചമർത്തൽ നടപടികൾക്കും സത്യഗ്രഹികൾ ലക്ഷ്യം നേടുന്നതിൽനിന്നും തടയാനായില്ല. നിരവധി ഒത്തുതീർപ്പ ചർച്ചകൾക്കും സമരങ്ങൾക്കുമൊടുവിൽ 1925 നവംബറിൽ വൈക്കത്തെ കിഴക്കേനട ഒഴികെയുള്ള നിരത്തുകൾ എല്ലാവർക്കുമായി തുറന്നുകൊടുക്കാൻ സർക്കാർ നിർബന്ധിതമായി. 1928-ഓടെ തിരുവിതാംകൂറിലുള്ള എല്ലാ ക്ഷേത്രവഴികളും സ്വതന്ത്രമായി തുറന്നുകൊടുത്ത് രാജ്യവിളംബരവുമുണ്ടായി. വിവേകാനന്ദൻ ലക്ഷ്യംവെച്ചിരുന്ന ഹിന്ദുമത നവീകരണത്തിന്റേയും സമൂഹനവോത്ഥാനത്തിന്റെയും ആശയങ്ങളും പ്രവർത്തനരീതിയും കൃത്യമായ ദിശാബോധത്തോടെ വൈക്കം സത്യാഗ്രഹത്തിൽ പ്രവർത്തിച്ചതായി കാണാം. ഹിന്ദുമതത്തിലക്കാലം നിലിവിലുണ്ടായിരുന്ന സമുദായസംഘടനകളെല്ലാം പുരോഗമ പക്ഷത്തുനിന്നു എന്നത് മതനവോത്ഥാനപ്രവർത്തനങ്ങളുടെ അനന്തരഫലമായി കാണാം.

### 3.13.1 പുന്നപ്ര - വയലാർ - 1946

ചേർത്തല, അമ്പലപ്പുഴ താലൂക്കുകളിലെ ചില പ്രദേശങ്ങളിൽ ജന്മിമാരുടെ ചൂഷണത്തിനെതിരെ കർഷകത്തൊഴിലാളികൾ സംഘടിച്ചു. ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയായിരുന്നു നേതൃത്വം നൽകിയത്. തൊഴിലാളിവർഗ്ഗത്തിന്റെ ഐക്യം ഉൾക്കൊണ്ട് മത്സ്യത്തൊഴിലാളികളും കയർതൊഴിലാളികളും പ്രക്ഷോഭത്തിൽ അണിനിരന്നു. തിരുവിതാംകൂർ സ്വതന്ത്രമായി നിൽക്കുന്നതിനു പകരം സ്വതന്ത്ര ഇന്ത്യയുടെ ഭാഗമാവണം എന്ന രാഷ്ട്രീയ മുദ്രാവാക്യം സമരം ഉയർത്തിയിരുന്നു. രക്തച്ചൊരിച്ചിലിൽ അവസാനിച്ച ഈ സമരങ്ങളിൽ സൈനികരും ദിവാന്റെ പ്രക്ഷോഭം

നടത്തിയ തൊഴിലാളികളുമായി ആയിരത്തോളം പേർ കൊല്ലപ്പെട്ടെന്ന് അനൗദ്യോഗികമായ കണക്കുകൾ പറയുന്നുണ്ട്.

### 3.13.2 സായുധസമരങ്ങളോടുള്ള കേരളീയസമൂഹത്തിന്റെ സമീപനം

അസമത്വങ്ങൾക്കെതിരായി രൂപംകൊള്ളുന്ന പ്രസ്ഥാനങ്ങളെയും സമരങ്ങളെയും കേരളം പൊതുവേ സ്വാഗതം ചെയ്തതായി ചരിത്രം പരിശോധിക്കുമ്പോൾ കാണാം. വാൾത്തലപ്പുകൊണ്ട് കണക്കു ചോദിച്ച കഥകൾ കേരളത്തിൽ എത്രയോ ഉണ്ട്. എന്നാൽ അവിടെയെല്ലാം ഉണ്ടാകുന്ന ജീവത്യാഗങ്ങളെപ്പറ്റി ശരാശരി മലയാളി ആകുലത പൂണ്ടിരുന്നു. ഒരു പ്രക്ഷോഭം ഉന്നയിക്കുന്ന ആശയങ്ങളെ അനുകൂലിക്കുമ്പോഴും അവയുടെ ഹിംസാത്മകത ഒരളവിലും ആധുനിക മലയാളി അംഗീകരിച്ചിരുന്നില്ല. വികാരങ്ങൾ വിചാരങ്ങളെ കീഴ്പ്പെടുത്തി ഉണ്ടാക്കുന്ന ചലനങ്ങൾ സമൂഹത്തിന്റെ പുരോഗതിയെ സഹായിക്കില്ലെന്ന ബോധം കേരളീയനിൽ ഉണർന്നിരുന്നു. വിപ്ലവം അഥവാ അതുവഴി ഉണ്ടാകുന്ന മാറ്റം സ്വാഗതം ചെയ്യുമ്പോഴും ആയതിന് ആയുധങ്ങളുടെ വഴി മലയാളിക്ക് സ്വീകാര്യമായിരുന്നില്ല എന്നർത്ഥം. മനുഷ്യൻ എന്ന ഉൽക്കൃഷ്ടമായ പദം അതിന്റെ വ്യാപ്തിയിൽ തന്നെ കേരളം തിരിച്ചറിഞ്ഞു. മാനവികസ്നേഹത്തിൽ അധിഷ്ഠിതമായ സമത്വസമരങ്ങളായിരുന്നു ദീർഘകാലാടിസ്ഥാനത്തിൽ കേരളീയസമൂഹം അംഗീകരിച്ചത്. കേരളീയ സമൂഹത്തിലെ അനീതികൾക്കെതിരായി വിപ്ലവപ്രസ്ഥാനങ്ങൾ സൃഷ്ടിച്ച ജനപക്ഷ പരിസരം സാത്വികവഴികളിലൂടെ സഞ്ചരിച്ചതിന് പിന്നിൽ കൃത്യമായ ചില ചിന്താധാരകൾ പ്രവർത്തിച്ചിട്ടുണ്ട്. നവോത്ഥാനാനന്തര മലയാളിയിലും സമത്വ ത്തിന്റെ പ്രായോഗികവും നവീനവുമായ ആശയങ്ങൾ വലിയ അളവിൽ തന്നെ പ്രവർത്തിക്കുന്നുണ്ട്.

നവോത്ഥാനത്തിന്റെ ഗതി നിയന്ത്രിച്ച വൈക്കം സത്യാഗ്രഹത്തിലും ഈ ചിന്താധാര വ്യക്തമായി കാണാം. സമത്വത്തിന്റെ ചിന്താപദ്ധതികൾ ഭാരതീയമായ അടിത്തറയിൽനിന്നു തന്നെ രൂപപ്പെടുന്നത് മലയാളി തന്റെ സമൂഹത്തിൽ കാണുക യായിരുന്നു. സായുധപ്രക്ഷോഭങ്ങൾക്കുപകരം തികച്ചും ഗാന്ധിയൻ മാതൃകയിലുള്ള സത്യാഗ്രഹസമരമായിരുന്നു അവിടെ നടന്നത്.

പ്രശ്നപരിഹാരങ്ങൾ ലക്ഷ്യമിടുന്ന ദീർഘകാലപ്രവർത്തനങ്ങളിലെല്ലാം ആയുധങ്ങൾക്കുപകരം ഉപകരണമാവേണ്ടത് ആശയങ്ങളാണ് ആയുധമാവേണ്ടത് വിജ്ഞാനമാണ്. പടപൊരുതേണ്ടത് അറിവില്ലായ്മകളോടാണ്. മലയാളിയുടെ ഈ ബോധ്യങ്ങളെ അഭിസംബോധന ചെയ്തു എന്നതാണ് വിവേകാനന്ദദർശനത്തിന്റെ പ്രാധാന്യം. 1) Arise!, Awake! stop not until the goal is reached All power is within you; you can do anything and everything.[25]

കേരളത്തിന്റെ സാമൂഹ്യനവോത്ഥാനത്തെയും ദർശനബോധത്തെയും സാംസ്കാരികധാരണകളെയും രൂപപ്പെടുത്തുന്നതിൽ വിവേകാനന്ദചിന്തകളടക്കമുള്ള ഭാരതീയദർശനങ്ങൾ സജീവധാരയായി നിലനിന്നു.

25 ഉത്തിഷ്ഠതാ ജാഗ്രതാ പ്രപ്യവരാൻ നിബോദ്ധതാ/ക്ഷുരസ്യ ധാരാ നിശിതാ ദുരത്യയാ ദുർഗ്ഗം പഥസ്തദ് കവയോ വദന്തി. കഠോപനിഷത്‌വാക്യത്തെ അധികരിച്ചാണ് വിവേകാനന്ദൻ ജനങ്ങളോടുള്ള തന്റെ ആഹ്വാനം രൂപപ്പെടുത്തിയത്.

# അധ്യായം 4

# വിവേകാനന്ദദർശനങ്ങളും കേരളസമൂഹവും

## 4.1 ആമുഖം

ഭാരതീയസംസ്കാരത്തിന്റെ മഹത്വത്തിൽ വിവേകാനന്ദൻ അഭിമാന പുളകിതനായിരുന്നു. എന്നാൽ തന്റെ മാതൃഭൂമിയിലെ ജനകോടികൾ അജ്ഞാനത്തിലും പട്ടിണിയിലും അന്ധവിശ്വാസങ്ങളിലും ഉഴലുന്നത് വിവേകാനന്ദനെ ഏറെ വേദനിപ്പിച്ചു. തന്റെ ആത്മീയഗുരു രാമകൃഷ്ണപരമഹംസരുടെ സമാധിക്കുശേഷം നാലുവർഷം നീണ്ടുനിന്ന ഭാരതയാത്രക്ക് വിവേകാനന്ദൻ ഇറങ്ങി. കർമ്മ സന്യാസിയുടെ ദീർഘയാത്രക്കുള്ള തുടക്കമായി ഇതിനെ കാണാം. "അല്ലയോ ഭാരതമേ! മറ്റുള്ളവർക്ക് മാറ്റൊലി പാടിയും അന്യരെ ക്ഷുദ്രമായി അനുകരിച്ചും അന്യരുടെ മേൽ പഴിചാരിക്കൊണ്ടും പരിഷ്ക്കാരത്തിന്റെയും മഹിമയുടെയും പരമശിഖരത്തിലെത്തുവാൻ നമുക്കു കഴിയുമോ? നാണം കെട്ട ഭീരുതയിൽ കൂടി വീരനും ധീരനും അർഹിക്കുന്ന മുക്തി നിനക്കു കൈവരുമോ" (വിവേകാനന്ദവാണികൾ).[1]

ഭിക്ഷാംദേഹിയായി രാജ്യം മുഴുവൻ യുവസന്യാസിയായി വിവേകാനന്ദൻ സഞ്ചരിച്ചു. എല്ലാ അർത്ഥത്തിലുമുള്ള ഇന്ത്യയെ കണ്ടെത്തൽ ആയിരുന്നു അത്. അടിമത്തവും അലസതയും ഭാരതത്തെ ഉറക്കിക്കിടത്തുകയാണെന്ന് സ്വാമിജി മനസ്സിലാക്കി. നൂറ്റാണ്ടുകളുടെ പഴക്കമുള്ള അടിമച്ചങ്ങല പൊട്ടിച്ചെറിയാൻ ഭാരതീയർ

---

[1] ആർ. ഹരി, സ്വാമി വിവേകാനന്ദൻ, കുരുക്ഷേത്ര പബ്ലിക്കേഷൻസ്, കൊച്ചി, 1990, പുറം 38.

ശക്തി സംഭരിക്കണമെന്നു വിവേകാനന്ദൻ കണ്ടു. ഉത്തിഷ്ഠതാ! ജാഗ്രത! പ്രാപ്യവരാൻ നിബോധതാ എന്ന ആഹ്വാനം അങ്ങിനെ രൂപം കൊണ്ടു.

വിവേകാനന്ദന്റെ പര്യടനം ഭാരതത്തിൽ ആകമാനം ചലനങ്ങൾ ഉണ്ടാക്കി. 1890 അവസാനം ബംഗാളിൽ നിന്നാണ് ആ യാത്ര തുടങ്ങിയത്. രാമേശ്വരം വരെ പോയി തന്റെ ഭാരതപര്യടനം അവസാനിപ്പിക്കാനായിരുന്നു വിവേകാനന്ദൻ ആദ്യം ഉദ്ദേശിച്ചിരുന്നത്. യാത്രയിൽ ബാംഗ്ലൂർ ഉൾപ്പെടുത്തുന്നത് പിന്നീടാണ്. ഇംഗ്ലണ്ടിൽ പോയി ഉയർന്ന മെഡിക്കൽബിരുദങ്ങൾ നേടിയ ഡോക്ടർ പൽപ്പ അക്കാലത്ത് ബാംഗ്ലൂരിൽ ഉണ്ടായിരുന്നു. ഭാരതീയശാസ്ത്രങ്ങളിലും തത്വചിന്തയിലും താൽപര്യമുള്ള ഡോക്ടർ വിവേകാനന്ദനെ കാണാൻ ചെന്നു. വിവേകാനന്ദന്റെ വ്യക്തിപ്രഭാവത്തിൽ ഡോക്ടർ പൽപ്പ ഏറെ ആകൃഷ്ടനായി. ജാതിയുടെ പേരിൽ തിരുവിതാംകൂർ നാട്ടുരാജ്യക്കാരനായ തനിക്ക് ഉന്നത വിദ്യാഭ്യാസത്തിന് അവസരം നിഷേധിക്കപ്പെട്ട കഥ ഡോക്ടർ പൽപ്പ വിവേകാനന്ദനോട് പറഞ്ഞു. കേരളത്തിലെ താഴ്ന്ന ജാതിക്കാർ അനുഭവിക്കുന്ന യാതന അത്യന്തം ഹൃദയവേദനയോടെ ഡോക്ടർ വിവേകാനന്ദന്റെ മുന്നിൽ അവതരിപ്പിച്ചു. പൽപ്പവിന്റെ അഭീഷ്ടമനുസരിച്ച് വിവേകാനന്ദൻ ബാംഗ്ലൂരിൽ ഒരു ദിവസം അദ്ദേഹത്തിന്റെ കൂടെ താമസിക്കുകയുണ്ടായി. തന്റെ യാത്ര കേരളത്തിലേക്കും കന്യകുമാരിയിലേക്കും വിവേകാനന്ദൻ ദീർഘിപ്പിച്ചത് ഇതിനു ശേഷമാണ്.

### 4.2 വിവേകാനന്ദൻ കേരളത്തിലേക്ക്

ഷൊർണ്ണൂർക്കും പിന്നീട് തിരുവനന്തപുരത്തേക്കും വിവേകാനന്ദൻ യാത്ര ചെയ്തു. കേരളത്തിന്റെ പല മേഖലകളിലും അദ്ദേഹം സഞ്ചരിച്ചു. സുന്ദരമായ ഭൂപ്രകൃതിയും വിദ്യാസമ്പന്നരായ ആളുകളും വിവേകാനന്ദനെ ആകർഷിച്ചു. വിദ്യാസമ്പന്നർ ഉള്ള സമൂഹത്തിലും ജാത്യാന്ധത നിലനിൽക്കുന്നത് യുവസന്യാസി അനുഭവിച്ചറിഞ്ഞു. പല

ക്ഷേത്രങ്ങളിലും വിവേകാനന്ദന് പ്രവേശനം നിഷേധിക്കപ്പെട്ടു. യാത്രാമധ്യേ എറണാകുളത്ത് വെച്ച് ചട്ടമ്പിസ്വാമികളുമായി വിവേകാനന്ദൻ കൂടിക്കാഴ്ച നടത്തി. തുടർന്ന് അദ്ദേഹം കന്യാകുമാരിയിലേക്കു പുറപ്പെട്ടു. കന്യാകുമാരിയിലെ വിവേകാനന്ദന്റെ ധ്യാനവും ശേഷമുണ്ടായ പ്രഖ്യാപനവും മുഴുവൻ ഭാരതീയരെയും ഉണർത്താൻ ലക്ഷ്യമിട്ടു കൊണ്ടായിരുന്നു. കേരളത്തിലെ ജാതിപ്പിശാചിനെക്കുറിച്ച് വിവേകാനന്ദൻ ഏറെ ബോധവാനായിരുന്നു. വിദ്യാസമ്പതയുണ്ടെങ്കിൽ പോലും കേരളത്തിൽ നിലനിന്നുവന്ന ജാതി വിശ്വാസങ്ങളെപ്പറ്റി ഖത്രിയിലെ പണ്ഡിറ്റ് ശങ്കർലാലിനെഴുതിയ കത്തിൽ വിവേകാനന്ദൻ സൂചിപ്പിച്ചിരുന്നു. ഹൈന്ദവധർമ്മത്തിന്റെ പൊരുളറിയാതെ സാമാന്യ ജനങ്ങൾ കേരളത്തിൽ മതപരിവർത്തനത്തിനു വിധേയമാവുന്നതും അദ്ദേഹത്തെ അസ്വസ്ഥനാക്കി.

### 4.2.1 കേരളം ഒരു ഭ്രാന്താലയം

ഒരു മാസം നീണ്ട തന്റെ കേരളസന്ദർശനത്തിനു ശേഷം സ്വാമി വിവേകാനന്ദൻ അമേരിക്കൻ പര്യടനത്തിനു പോയി. വിശ്വവിഖ്യാതനായി മടങ്ങിവന്നശേഷം വിവേകാനന്ദൻ ഭാരതത്തിൽ പലയിടങ്ങളിലും യാത്രചെയ്തു. പ്രസംഗപരമ്പരകൾ നടത്തി. ആയിടെ 'ഭാരത്തിന്റെ ഭാവി' എന്ന വിഷയത്തിൽ ചെന്നൈ ട്രിപ്ലിക്കൻ ലിറ്ററി സൊസൈറ്റി സംഘടിപ്പിച്ച പരിപാടിയിൽ സ്വാമിജി സംസാരിച്ചു. ആ പ്രഭാഷണത്തിലാണ് വിവേകാനന്ദൻ ഇങ്ങനെ പറഞ്ഞത് "ഈ മലബാറുകാരെല്ലാം ഭ്രാന്തന്മാരാണ്. അവരുടെ വീടുകൾ അത്രയും ഭ്രാന്താലയങ്ങളും".[2] സവർണർ നടക്കുന്ന തെരുവിൽകൂടി അധഃസ്ഥിതരായ ഹിന്ദുക്കൾക്ക് സഞ്ചാരം നിഷേധിക്കപ്പെട്ടിരുന്ന കേരളത്തിലെ അന്നത്തെ സാഹചര്യമാണ് അദ്ദേഹം ഉദ്ദേശിച്ചത്. കേരളത്തിൽ

[2] വിവേകാനന്ദ സാഹിത്യസർവ്വസ്വം, ഭാഗം മൂന്ന്, ശ്രീരാമകൃഷ്ണാശ്രമം, പുറനാട്ടുകര, 1980, പുറം. 186.

കൂട്ടതലായും കൊച്ചിയിലൂടെയും തിരുവിതാംകൂറിലൂടെയുമാണ് വിവേകാനന്ദൻ യാത്ര ചെയ്തത്. ആയതിനാൽ ഇവിടെ മലബാർ എന്ന പദം കേരളത്തെ മുഴുവൻ അർത്ഥമാക്കുന്നു. വിവേകാനന്ദന്റെ കേരളയാത്ര 1892-ലായിരുന്നു. ശ്രീനാരായണ ഗുരുദേവന്റെ പ്രവർത്തനങ്ങൾ അക്കാലത്ത് കേരളത്തിൽ സജീവമാണ്. 1888-ലായിരുന്നു ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ നടന്ന അരുവിപ്പുറം ശിവലിംഗപ്രതിഷ്ഠ. വിവേകാനന്ദന്റെ കേരളപര്യടനം ആധ്യാത്മികതയുടെ അടിസ്ഥാനത്തിൽ ഉള്ള നവോത്ഥാനത്തിന് ശക്തി പകരുകയായിരുന്നു. വിവേകാനന്ദനുമായുള്ള ഡോക്ടർ പൽപ്പുവിന്റെ കൂടിക്കാഴ്ചകളിൽ ഇതെല്ലാം വിഷയമായിട്ടുണ്ടാവണം. ഏതു സാമൂഹിക പരിഷ്കരണപ്രസ്ഥാനവും ജനങ്ങളിൽ വേരുന്നിയിറങ്ങുന്നതിന് അത് മതാധിഷ്ഠിത മായിരിക്കണമെന്ന് വിവേകാനന്ദൻ ഡോക്ടർ പൽപ്പുവിനോട് പറഞ്ഞു. ഇന്ത്യയെ ഉയർത്തുകയോ താഴ്ത്തുകയോ ചെയ്യണമെങ്കിൽ അതിന്റെ കാതലായ മതത്തിന്റെ കൈപ്പിടിയിൽ തൂക്കീട്ടു വേണം എന്നതായിരുന്നു സ്വാമിജിയുടെ ഉപദേശം. "നിങ്ങൾ നിങ്ങളുടെ രാജ്യത്തുനിന്ന് തന്നെ ഒരു നല്ല സന്യാസിയെ കണ്ടുപിടിച്ച് അദ്ദേഹത്തെ കേന്ദ്രമാക്കി, ജാതിക്കെതിരെ, താണവർഗ്ഗക്കാരെ സംഘടിപ്പിച്ച് സാമൂഹികമായും മറ്റുമുള്ള എല്ലാ നിലകളിലും ഉയർത്തണം. അയിത്തം മുതലായ അനാചാരങ്ങൾക്കെതിരായി പ്രക്ഷോഭങ്ങൾ കൂട്ടണം, അല്ലാതെ മറ്റുള്ളവരെ ആശ്രയിക്കേണ്ട ആവശ്യമില്ല[3] എന്നായിരുന്നു വിവേകാനന്ദൻ ഡോ. പൽപ്പുവിനോട് നിർദ്ദേശിച്ചത്.

[3] പ്രൊഫ. എസ്.രാധാകൃഷ്ണൻ, സ്വാമിവിവേകാനന്ദനും കേരളവും, ഭാരതീയ വിചാരകേന്ദ്രം, 2013, (സ്വാമി വിവേകാനന്ദനും പ്രബുദ്ധ കേരളവും എന്ന പുസ്തകത്തിലെ ഒരു ലേഖനം), (എഡി.), പി. പരമേശ്വരൻ, പുറം 343.

ഈ വിശിഷ്ടോപദേശമാണ് പിൽക്കാലത്ത് കേരളത്തിലെ ഏറ്റവും വലിയ സാമൂഹിക പരിഷ്കരണപ്രസ്ഥാനങ്ങളിലൊന്നായ ശ്രീനാരായണധർമ്മപരിപാലന യോഗത്തിന് (എസ്.എൻ.ഡി.പി) കാരണമായത്.

## 4.3 ശ്രീനാരായണധർമ്മപരിപാലനയോഗം

### പശ്ചാത്തലം

വിവേകാനന്ദന്റെ ഉപദേശമനുസരിച്ച് ഒരു സംഘടനാരൂപീകരണത്തിനായി ഡോ.പൽപ്പു നിരന്തരം പരിശ്രമിച്ചുവന്നു. കേരളത്തിലെ സാമൂഹ്യപരിഷ്ക്കരണ ശ്രമങ്ങൾക്ക് നേതൃത്വം വഹിക്കാൻ എന്തുകൊണ്ടും യോഗ്യൻ ശ്രീനാരായണഗുരുവാണെന്ന് ഡോക്ടർ പൽപ്പു കണ്ടെത്തി. ആയിടെ മദ്രാസിൽ നടന്ന ഒരു പ്രഭാഷണത്തിൽ കേരളത്തെ ഭ്രാന്താലയമെന്നു വിശേഷിപ്പിച്ച വിവേകാനന്ദൻ കേരളത്തിലെ അയിത്തോച്ചാടന പ്രവർത്തനങ്ങൾക്ക് ശക്തിയും വേഗവും നൽകി. സംഘടനാപ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾക്കിടെയാണ് 1899-ൽ വിവേകാനന്ദന്റെ ദേഹവിയോഗം ഉണ്ടാകുന്നത്. ഈ സംഭവം ഡോക്ടർ പൽപ്പുവിനെ മാനസികമായി വല്ലാതെ തളർത്തിയെങ്കിലും വിവേകാനന്ദൻ നൽകിയിരുന്ന ഊർജ്ജം ഡോക്ടറെ വീണ്ടും കർമ്മരംഗത്തിറക്കി.

ഇരുപതാം നൂറ്റാണ്ടിന്റെ ആവിർഭാവത്തോടെ ഭാരതമെമ്പാടും അലയടിച്ചുയർന്ന നവോത്ഥാനത്തിന്റെ അനുരണനങ്ങൾ കേരളത്തിലും വ്യാപിക്കുകയായിരുന്നു. അരുവിപ്പുറം ശിവക്ഷേത്ര നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള ഒരു വാവൂട്ട് യോഗം അവിടെ പ്രവർത്തിച്ചിരുന്നു. ഈഴവ മഹാജനസഭ എന്നൊരു സംഘടനയും പ്രവർത്തിച്ചുവന്നു. സമുദായോദ്ധാരണത്തിനുള്ള ഒരു സംഘടന വിജയകരമായി നടത്താൻ അതിനെ മതത്തോട് ബന്ധിപ്പിക്കുകയും ശ്രീനാരായണഗുരുദേവനെപ്പോലുള്ള ഒരു സന്യാസിയുടെ

കീഴിൽ ആ സ്ഥാപനം തുടങ്ങുകയും ചെയ്യണമെന്ന് ഡോക്ടർ പൽപ്പു തീരുമാനിച്ചിരുന്നു. തങ്ങളുടെ രാജ്യത്തുനിന്ന് തന്നെ സന്യാസിയായ ഒരാളെ കണ്ടെത്തി സാമൂഹ്യ പരിഷ്ക്കരണശ്രമങ്ങൾക്ക് നേതൃത്വം കൊടുത്തു പ്രവർത്തിപ്പിക്കണം എന്നായിരുന്നല്ലോ ഡോ:പൽപ്പുവിന് വിവേകാനന്ദൻ നൽകിയിരുന്ന നിർദ്ദേശം. 1903 മെയ് 15-ന് കമ്പനിനിയമപ്രകാരം ശ്രീനാരായണ ധർമ്മപരിപാലനയോഗം രജിസ്റ്റർ ചെയ്തു. ഇതിനാവശ്യമായ മുന്നൊരുക്കങ്ങളുമായി ബന്ധപ്പെട്ട് ഡോക്ടർ പൽപ്പു ശ്രീനാരായണഗുരുവുമായി ഒട്ടനവധി തവണ കൂടിക്കാഴ്ചകൾ നടത്തിയിരുന്നു.

യോഗത്തിന്റെ ആദ്യത്തെ അധ്യക്ഷൻ ശ്രീനാരായണഗുരുവായിരുന്നു. ആദ്യ സെക്രട്ടറി മഹാകവി കുമാരനാശാൻ. ജോയിന്റ് സെക്രട്ടറി സ്ഥാനം ഡോ. പൽപ്പു ഏറ്റെടുത്തു. ശ്രീനാരായണഗുരുവിന്റെ ആദർശങ്ങൾ പ്രചരിപ്പിക്കുക, ഈഴവർ, തിയ്യർ തുടങ്ങിയ അവശസമുദായങ്ങളെ സാമൂഹികവും ആധ്യാത്മികവുമായ പുരോഗതിയിലേക്കു നയിക്കുക, സന്യാസിമഠങ്ങളും വിദ്യഭ്യാസസ്ഥാപനങ്ങളും സ്ഥാപിക്കുക തുടങ്ങിയവ യായിരുന്നു യോഗത്തിന്റെ മുഖ്യ ലക്ഷ്യങ്ങൾ.

പ്രദേശത്തെ സന്യാസിയുടെ നേതൃത്വത്തിൽ ഒരു സമുദായസംഘടന രൂപീകരിക്കണം എന്ന വിവേകാനന്ദന്റെ നിർദ്ദേശം (1892) തികച്ചും നവീനമായ ആശയമായിരുന്നു. ഇതിനായി തിരുവിതാംകൂറിൽ ഏറ്റവും യോജിച്ച ആളിനെ (ശ്രീനാരായണഗുരുവിനെ) ഡോക്ടർ പൽപ്പു മനസ്സിൽ കണ്ടു. ഗുരുവിനെയും ഈഴവസമുദായത്തെയും സമ്മതിപ്പിക്കുക എളുപ്പമായിരുന്നില്ല. 1898ലെ അരുവിപ്പുറം പ്രതിഷ്ഠ ഈഴവസമുദായത്തിൽ ചലനങ്ങളുണ്ടാക്കിയെങ്കിലും തുടർന്നുള്ള പ്രവർത്തനങ്ങൾ മന്ദഗതിയിലായിരുന്നു. ഇതെല്ലാം കാരണം കേരളത്തിലെ ആദ്യം സമുദായസംഘടനയുടെ രൂപീകരണത്തിന് വേണ്ടുന്ന സമയമെടുക്കാൻതന്നെ ഡോ.

പൽപ്പ തീരുമാനിച്ചു. വിവേകാനന്ദന്റെ പാശ്ചാത്യപര്യടനവും (1892 – 1895, 1986 - 1898) അക്കാലത്താണ്. ഇതിന്റെ സംഘാടനത്തിൽ ഡോ.പൽപ്പുവുണ്ടായിരുന്നു. ഇതിനിടയിൽ തിരുവിതാംകൂറിലെ ഈഴവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ ബ്രിട്ടീഷ് പാർലമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ തന്റെ സുഹൃത്തുകൂടിയായ ബാരിസ്റ്റർ ജി.പി.പിള്ളയെ ഡോ. പൽപ്പ ഇംഗ്ലണ്ടിലേക്കയക്കുന്നുണ്ട്. ബാരിസ്റ്റർക്ക് അവിടെ വേണ്ട സൗകര്യങ്ങൾ ഒരുക്കാൻ മാർഗരറ്റ് നോബിളിന് (സിസ്റ്റർ നിവേദിത) വിവേകാനന്ദൻ കത്തും നൽകിയിരുന്നു. സമുദായസംഘടനാരൂപീകരണം പിന്നെയും നീണ്ടുപോയി. നിയമാവലി ഉണ്ടാക്കലും അത് സമുദായപ്രമാണിമാരിൽ ചർച്ച ചെയ്യലും നടക്കുന്നുണ്ടായിരുന്നു. സംഘടന എന്ന ആശയത്തോട് യോജിപ്പാണെങ്കിലും താൻ തന്നെ നേതൃത്വം നൽകുന്നതിന് ശ്രീനാരായണഗുരു പൂർണ്ണസമ്മതം മൂളിയില്ല. 1902-ൽ ഉണ്ടായ വിവേകാനന്ദന്റെ വിയോഗം എല്ലാവരെയും സങ്കടത്തിലാഴ്ത്തി. വീണ്ടും ഡോ. പൽപ്പുവും കുമാരനാശാനും ശ്രീനാരായണഗുരുവിനെ സമീപിച്ചു. അവരുടെ അപേക്ഷ ഗുരു സ്വീകരിക്കുകയായിരുന്നു. യോഗം നിയമാവലിയുടെ മുഖവുരയിൽത്തന്നെ വിവേകാനന്ദന്റെ ഉത്തിഷ്ഠതാ ജാഗ്രതാ, പ്രാപ്യവരാൻ നിബോധതാ എന്ന സന്ദേശം ഉൾപ്പെടുത്തിയിരുന്നു.

യോഗം രൂപീകരണത്തിനു മുമ്പ് ഈഴവ മഹാസഭയും വാവൂട്ട് പ്രസ്ഥാനവും പ്രവർത്തിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഡോക്ടർ പൽപ്പുവും സ്നേഹിതരും ചേർന്ന് തിരുവിതാംകൂറിൽ പല യോഗങ്ങളും വിളിച്ചുചേർത്തു. പക്ഷേ വേണ്ടത്ര ഫലമുണ്ടായില്ല. ശ്രീനാരായണഗുരുവിന്റെ സമ്മതത്തോടെ മഹാകവി കുമാരനാശൻ കേരളത്തിലെ നാനാഭാഗത്തുമുള്ള ധാരാളം ഈഴവ പ്രമാണിമാർക്ക് ഒരു കത്തയച്ചു. അതിന്റെ അടിസ്ഥാനത്തിൽ 1902-ഡിസംബറിൽ തിരുവനന്തപുരത്തെ കമലാലയം

ബംഗ്ലാവിൽ ചേർന്ന യോഗമാണ് ശ്രീനാരായണ ധർമ്മപരിപാലനയോഗം രൂപീകരിക്കാൻ തീരുമാനമെടുത്തത്.

### 4.3.1 വിവേകോദയം

പതിനാറ് വർഷം കുമാരനാശാനായിരുന്നു യോഗം സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്നത്. കുമാരനാശാൻ വിവേകാനന്ദന്റെ ആശയങ്ങളാൽ പ്രചോദിതനായിരുന്നു. സ്വാമിയുടെ അനുയായികൂടിയായ ഡോക്ടർ പൽപ്പു ആശാന്റെ ഉറ്റ സുഹൃത്തുമായിരുന്നു. വിവേകാനന്ദദർശനങ്ങളുടെ സ്വാധീന ഫലമായിരിക്കണം യോഗം മുഖപത്രത്തിന് 'വിവേകോദയം' എന്ന പേരാണ് സ്വീകരിച്ചത്. വിവേകോദയം മാസികയിലൂടെ വിവേകാനന്ദവാണികൾ മലയാളത്തിലാകെ മുഴങ്ങി. എസ്.എൻ.ഡി.പി.യുടെ മുഖപത്രമായിരുന്നു 'വിവേകോദയം' എന്നറിയുമ്പോഴാണ് അക്കാലത്ത് യോഗനേതാക്കളുടെ ഉൽപതിഷ്ണുത്വം മനസ്സിലാക്കാൻ കഴിയുക. യോഗത്തിന്റെയും ആശാന്റെയും മാസികയുടെയും നയപരിപാടികളെ സൂചിപ്പിക്കാൻ വിവേകം എന്നൊരു പദത്തിനേ കഴിയൂ എന്നവർ ചിന്തിച്ചിരിക്കണം. ആശാന് ഗുരുതുല്യനായ വിവേകാനന്ദ സ്വാമികളുടെ ഒരു ധ്വനിയും ഇതിലുണ്ടല്ലോ. “സ്വാമികളെക്കുറിച്ച് ഒന്നുമില്ലാത്ത ഒരു ലക്കമെങ്കിലും (വിവേകോദയം) ആശാൻ പുറത്തിറക്കിയിട്ടുണ്ടോ എന്ന് സംശയമാണ് ”.[4]

വിവേകോദയം മാസികയും ശ്രീനാരായണപരിപാലനയോഗം തന്നെയും വിവേകാനന്ദപ്രചോദിതമായ നവോത്ഥാനാശയങ്ങളുമായാണ് പ്രവർത്തിച്ചത്. വിവേകാനന്ദനും ശ്രീനാരായണഗുരുവും പ്രത്യക്ഷമായല്ലെങ്കിലും പരോക്ഷമായി ബന്ധപ്പെട്ടുകൊണ്ടിരുന്നു. ഡോക്ടർ പൽപ്പു, കുമാരനാശാൻ, ദേശാഭിമാനി ടി.കെ.മാധവൻ, യോഗത്തിന്റെ ആദ്യകാല സംഘാടകനും നാസ്തികനുമായിരുന്ന

[4] കെ.സുരേന്ദ്രൻ, ആശാൻ ജീവചരിത്രം, NBS കോട്ടയം, 1991, പുറം 107.

സി.കേശവൻ എന്നിവരെല്ലാം വിവേകാനന്ദാശയങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടവരായിരുന്നു. 'രാജയോഗം' എന്ന വിവേകാനന്ദകൃതി പരിഭാഷ പ്പെടുത്തുന്നതിൽ കുമാരനാശാന് ഡോക്ടർ പൽപ്പുവിന്റെ നിർദ്ദേശമുണ്ടായിരുന്നു. യോഗത്തിന്റെ മുഖമാസികയുടെ പേര് വിവേകോദയം ആയിരുന്നു എന്നു മാത്രമല്ല, അതടിക്കുന്ന പ്രസ്സിന്റെ പേര് ആനന്ദാ പ്രസ്സ് എന്നുമായിരുന്നു. ഇതൊന്നും കേവലം യാദൃശ്ചികമല്ല. വിവേകാനന്ദാശയങ്ങൾ അക്ഷരാർത്ഥത്തിൽ അടിസ്ഥാനമാക്കിയാണ് ശ്രീനാരായണ ധർമ്മപരിപാലനയോഗം രൂപപ്പെട്ടത് എന്നതാണ് വസ്തുത. കേരളീയ നവോത്ഥാനപരിശ്രമങ്ങളിൽ ശ്രീനാരായണഗുരുവിന്റെയും യോഗം പ്രവർത്തന ങ്ങളുടെയും ജീവധാര വിവേകാനന്ദദർശനമായിരുന്നു.

വിവേകോദയം മാസികയിൽ 'Sayings of Swami Vivekananda' ഖണ്ഡശ്ശ: പ്രസിദ്ധീകരിച്ചുവന്നു. വിവേകാനന്ദന്റെ മുഖ്യകൃതികൾ വിവർത്തനംചെയ്ത് വിവേകോ ദയത്തിലൂടെ പ്രസിദ്ധീകരിക്കണമെന്നും ആശാൻ ആഗ്രഹിച്ചിരുന്നു. വിവേകോദയ ത്തിന്റെ ആദ്യ ലക്കത്തിൽ ആശാൻ ഇങ്ങനെ വിളംബരപ്പെടുത്തി.

"വിശ്വവിശ്രുതനും വന്ദ്യനും നമ്മുടെ പ്രത്യേക കൃതജ്ഞതക്കും ബഹുമാനത്തിനും പാത്രീഭൂതനുമായ വിവേകാനന്ദസ്വാമി അവർകളുടെ സാരവത്തുക്കളായ ഉപന്യാസങ്ങളേയും ഉപദേശവാക്യങ്ങളേയും കൊണ്ട് പലപ്പോഴും ഇതിന്റെ പംക്തികൾ പ്രശോഭിതങ്ങളായിരിക്കുന്നതാകുന്നു".

കേരളീയ നവോത്ഥാനത്തിൽ ശ്രീനാരായണപരിപാലനയോഗത്തിന്റെ പങ്ക് വളരെ വലുതാണ്. സവർണമേൽക്കോയ്മ, തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ തുടങ്ങിയ അനീതികൾക്കെതിരെ ഭാരതീയസംസ്കാരത്തിന്റെ അന്ത:സ്സത്തയിൽ ഉറച്ചുനിന്നു കൊണ്ടായിരുന്നു യോഗം പ്രവർത്തിച്ചത്. ഗുരു സ്ഥാപിച്ചത് ക്ഷേത്രങ്ങളും മഠങ്ങളും

തന്നെയാണ്. അധ:സ്ഥിതർ ഉൾപ്പെട്ട തന്റെ സമുദായത്തിന്റെ ഉന്നമനത്തിനു വേണ്ടി അക്ഷീണം പ്രയത്നിച്ചപ്പോഴും ഇതരസമുദായക്കാരോടുള്ള തുറന്ന സമീപനവും അഹിംസാപരമായ തത്വചിന്തയും ശ്രീനാരായണഗുരുവിന്റെ മുഖമുദ്രകളായി. 'സന്യാസിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുക' എന്ന വിവേകാനന്ദവാണി യോഗം നടപ്പാക്കുക തന്നെയായിരുന്നു. ഈഴവർക്കും മറ്റ് അധ:സ്ഥിതർക്കും പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന ഒട്ടനവധി വിദ്യാലയങ്ങളിൽ അവർക്ക് പ്രവേശനം ലഭിച്ചു. തിരുവിതാംകൂർ നിയമസഭയിൽ ന്യായമായ പ്രാതിനിധ്യം ഈഴവർക്ക് കൈവന്നു. ജാതീയമായ ഉച്ചനീചത്വങ്ങൾ പൊതുസമൂഹത്തിൽ നിന്നും സാവധാനം ഒഴിഞ്ഞു പോയി. ഹൈന്ദവധർമ്മത്തിൽ ഉറച്ചുനിന്നുകൊണ്ട് അഹിംസയിലൂടെ ഒരു സാമുദായികവിപ്ലവം രൂപപ്പെടുകയായിരുന്നു.

വിദ്യകൊണ്ട് പ്രബുദ്ധരാകാനും വ്യവസായംകൊണ്ട് അഭിവൃദ്ധിപ്പെടാനും സംഘടനകൊണ്ട് ശക്തരാകാനും നാരായണഗുരു നൽകിയ ആഹ്വാനം പ്രാവർത്തിക മാക്കാനാണ് ശ്രീനാരായണധർമ്മപരിപാലനയോഗം ശ്രമിച്ചത്. ഈഴവ സമുദായ ത്തിലെ ഒട്ടനവധി അനാചാരങ്ങൾ ഗുരു നിർത്തലാക്കി. ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചു. വർക്കലക്കടുത്ത് ശിവഗിരിക്കുന്നിന്റെ മുകളിൽ 1904-ൽ ആണ് ശിവഗിരിമഠം സ്ഥാപിക്കപ്പെട്ടത്. ശ്രീനാരായണ ധർമ്മസംഘത്തിന്റെ ആസ്ഥാനം ഇവിടെയാണ്.

1912-ൽ ശ്രീനാരായണഗുരു പ്രതിഷ്ഠിച്ച ശിവഗിരിയിലെ സരസ്വതീക്ഷേത്രമാണ് ശാരദാമഠം. മഠത്തിന്റെ നിർമ്മാണകമ്മിറ്റി പ്രസിഡന്റ് ഡോക്ടർ പൽപ്പുവും സെക്രട്ടറി മഹാകവി കുമാരനാശാനുമായിരുന്നു. 1904-ൽ തന്നെ പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാൻ ഒരു വിദ്യാലയവും ദലിതവിഭാഗങ്ങളിലെ മുതിർന്നവർക്കുവേണ്ടി ഒരു നിശാപഠനശാലയും

ഗുരു ശിവഗിരിയിൽ ആരംഭിച്ചിരുന്നു. അവിടത്തെ ശിവക്ഷേത്രം 1907-ൽ ആണ് പണിതത്. ശ്രീനാരായണഗുരു സ്ഥാപിച്ച സന്യാസാശ്രമവും ശിവഗിരിയിലാണ്. 1928 ഡിസംബറിൽ സമാധിയാകുന്നതുവരെ യോഗം പ്രസിഡണ്ട് ശ്രീനാരായണഗുരുവായിരുന്നു. അയിത്തം മുതലായ സാമൂഹ്യാനാചാരങ്ങളോട് അഹിംസാമാർഗ്ഗത്തിലൂടെയുള്ള പ്രവൃത്തികൾ വഴിയാണ് ഗുരുവും യോഗവും സന്ധിയില്ലാസമരം നടത്തിയത്. നിഷേധത്തിന്റെയും തച്ചുതകർക്കലിന്റെയും രീതിയിലേക്ക് സ്വാഭാവികമായും എത്തിച്ചേരാവുന്ന സാമൂഹ്യാ വസ്ഥയെ വളരെ ധനാത്മകമായാണ് ഗുരുദേവൻ മാറ്റിയത്.

ഭാരതീയസംസ്കാരത്തെ ഗുരു തെല്ലും തള്ളിപ്പറഞ്ഞില്ല. അജ്ഞാനം കൊണ്ട് നേരിട്ട ഗ്ലാനിയായി മാത്രം ജാത്യാന്ധതയെ കണ്ടു. നവോത്ഥാനപ്രസ്ഥാനത്തിന് ആത്മീയ നേതൃത്വം നൽകി. നിങ്ങളുടെ നാട്ടിലെ സന്യാസിവര്യനെ കണ്ട് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സംഘടിക്കുക എന്ന വിവേകാനന്ദോപദേശം, ശ്രീനാരായണ ധർമ്മപരിപാലനയോഗപ്രവർത്തനത്തിലൂടെ സർവ്വഥാ പ്രയോഗത്തിലെത്തുക യായിരുന്നു. വിവേകാനന്ദദർശനങ്ങളെ അടിസ്ഥാനമാക്കി രൂപീകരിച്ച് പ്രവർത്തിച്ച ശ്രീനാരായണധർമ്മപരിപാലനയോഗം, കേരളീയസമൂഹത്തിലെ ഏറ്റവും വലുതും വ്യാപ്തിയുള്ളതുമായ പ്രസ്ഥാനമാണ്. അധ:സ്ഥിതരെ മുഖ്യധാരയിലേക്ക് ഉയർത്തുന്ന പ്രവർത്തനങ്ങൾ തുടങ്ങിയതും അവ കൊണ്ടുനടന്നതും യോഗത്തിന്റെ സംഭാവന തന്നെയാണ്. കേരളീയനവോത്ഥാനത്തെ ഭാരതീയതയുടെ പാരമ്പര്യത്തിൽ നിന്നുകൊണ്ട് നയിക്കാനും ശ്രീനാരായണധർമ്മപരിപാലനയോഗത്തിനു കഴിഞ്ഞു. കേരളത്തിന്റെ നവോത്ഥാന പ്രവർത്തനങ്ങളിൽ വിവേകാനന്ദദർശനത്തിന്റെ സ്വാധീനം പ്രത്യക്ഷീകരിക്കുകയായിരുന്നു യോഗം. യോഗം പ്രവർത്തനങ്ങളിൽ നിന്നും ഊർജ്ജം കൈക്കൊണ്ട് കെ.അയ്യപ്പന്റെ നേതൃത്വത്തിൽ സഹോദരപ്രസ്ഥാനം ഉണ്ടായി. പണ്ഡിറ്റ്

കെ.പി.കറുപ്പന്റെ അരയസമുദായ സംഘടനയും അയ്യങ്കാളിയുടെ സാധുജന പരപാലനയോഗവും തുടങ്ങിയത് ശ്രീനാരായണധർമ്മപരിപാലനയോഗത്തെ മാതൃകയാക്കിയാണ്.

### 4.4 ശ്രീരാമകൃഷ്ണപ്രസ്ഥാനം ഇന്ത്യയിൽ

കൊൽക്കത്തയിൽ ദക്ഷിണേന്ത്യൻ കാളിക്ഷേത്രത്തിലെ പൂജാരിയായിരുന്ന രാമകൃഷ്ണപരമഹംസൻ ധാരാളം ശിഷ്യന്മാരും അനുയായികളുമുള്ള ആധ്യാത്മികാ ചാര്യനായിരുന്നു. അമ്പതു വർഷങ്ങൾ (1836-1886) ജീവിച്ച പരമഹംസൻ തന്റെ മരണത്തിന് അൽപ്പകാലം മുമ്പ് വിവേകാനന്ദനടക്കമുള്ള ശിഷ്യന്മാർക്ക് കാവി വസ്ത്രങ്ങൾ നൽകി കർമ്മസന്യാസത്തിലേക്ക് കൊണ്ടുവന്നു. ഗുരുവിന്റെ സമാധിക്കുശേഷം യുവാക്കളായ രാമകൃഷ്ണ ശിഷ്യന്മാരാണ് ആദ്യത്തെ രാമകൃഷ്ണമഠം (1886 കൊൽക്കത്ത) രൂപീകരിക്കുന്നത്. ശ്രീരാമകൃഷ്ണപരമ്പരയിലെ സന്യാസത്തിനുള്ള ആശ്രമമായി മഠം വിഭാവനം ചെയ്യപ്പെട്ടു. ഗുരുവിന്റെ സന്ദേശങ്ങളുമായി ജനങ്ങളിലേക്കിറങ്ങി സാമൂഹ്യസേവനത്തിന്റെ പുതുവഴികൾ ഈ സന്യാസിമാർ കണ്ടെത്തി. അവരുടെ നേതാവായിരുന്ന വിവേകാനന്ദൻ ഭാരതത്തിലും ലോകത്തിന്റെ വിവിധഭാഗങ്ങളിലും സന്ദർശിച്ച് ഭാരതീയചിന്തകളുടെ പ്രചാരകനും പ്രവാചകനുമായി. ഹിമാലയ സാനുക്കളിൽ പോയുള്ള ഏകാഗ്രമായ ധ്യാനവും തപസ്സും മഠത്തിലെ സന്യാസിമാർ ഇതോടൊപ്പം പരിശീലിച്ചു.

ഭാരതപര്യടനം കഴിഞ്ഞ് സ്വാമി വിവേകാനന്ദൻ വിശ്വമതസമ്മേളനത്തിൽ പങ്കെടുക്കാൻ (1893) അമേരിക്കയിലെ ചിക്കാഗോവിലേക്ക് പോയി. "അമേരിക്കയിലെ എന്റെ സഹോദരീസഹോദരന്മാരെ" അഭിസംബോധനചെയ്യുന്ന വിഖ്യാതമായ പ്രസംഗം നടത്തിയത് അവിടെയായിരുന്നു. തുടർന്ന് അമേരിക്കയിലെ അനവധി വേദികളിൽ

അദ്ദേഹം പ്രഭാഷണങ്ങൾ നടത്തി. 1897ൽ ഇന്ത്യയിലേക്കു മടങ്ങി. രാമകൃഷ്ണമഠങ്ങളുടെ നിയന്ത്രണത്തിൽ, എന്നാൽ കൂടുതൽ വിപുലമായ പ്രവർത്തനങ്ങൾക്കായി രാമകൃഷ്ണമിഷൻ 1897 മെയ് ഒന്നാം തീയതി കൊൽക്കത്ത ആസ്ഥാനമായി ഔദ്യോഗികമായി രൂപീകരിക്കപ്പെട്ടു. വേദാന്തചിന്തകളുടെ പ്രചാരത്തിനും വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നടത്തിപ്പിനും ഒപ്പം അനുയായികൾക്ക് സാമൂഹ്യസേവനത്തിനുമുള്ള വേദിയൊരുക്കുകയായിരുന്നു രാമകൃഷ്ണമിഷൻ. പേര് സൂചിപ്പിക്കുന്നതുപോലെ തന്നെ രാമകൃഷ്ണപരമഹംസന്റെ ആശയങ്ങളുടെ പ്രചാരണവും സാമൂഹ്യനന്മക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളുമാണ് രാമകൃഷ്ണമിഷൻ ഉദ്ദേശിക്കുന്നത്. കർമ്മയോഗത്തെ അടിസ്ഥാനമാക്കി ഈശ്വരാർപ്പണമായുള്ള നിസ്വാർത്ഥ സേവനമാണ് മിഷന്റെ രീതി. രാമകൃഷ്ണമഠാധിപതി മിഷന്റെ നേതൃത്വവും വഹിക്കും. എല്ലാ പ്രവർത്തനങ്ങളും ഒരു ട്രസ്റ്റിൽ ഏകോപിപ്പിക്കുന്നു. രാജ്യത്തും ലോകത്തിന്റെ വിവിധഭാഗങ്ങളിലും രാമകൃഷ്ണമിഷൻ ശാഖകൾ തുടങ്ങിയിട്ടുണ്ട്.

### 4.5 രാമകൃഷ്ണാമിഷൻ കേരളത്തിൽ : പശ്ചാത്തലം

ദരിദ്രനാരായണസേവയായിരുന്നു ശ്രീരാമകൃഷ്ണമിഷൻ സ്ഥാപനലക്ഷ്യം. ശ്രീരാമകൃഷ്ണ-വിവേകാനന്ദസന്ദേശവാഹകനായി കേരളത്തിലെത്തിയവരിൽ പ്രധാനി യായ യതിവര്യനാണ് നിർമലാനന്ദസ്വാമികൾ. 1863-ൽ കൊൽക്കത്തയിൽ ജനിച്ച തുളസീചരൺദത്ത് 1886-ൽ സന്യാസദീക്ഷ സ്വീകരിച്ചു. രാമകൃഷ്ണപരമഹംസരുടെ സമാധിക്കുശേഷമാണ് നിർമലാനന്ദ സന്യാസദിക്ഷ സ്വീകരിക്കുന്നത്. 1897-ൽ കൊൽക്കത്തയിൽ ആരംഭിച്ച ശ്രീരാമകൃഷ്ണമഠത്തിന്റെ അസിസ്റ്റന്റ് സെക്രട്ടറിയായി തെരഞ്ഞെടുത്തത് നിർമ്മലാനന്ദസ്വാമികളെ ആയിരുന്നു. 1902-ൽ സ്വാമി വിവേകാനന്ദൻ സമാധിയാകുമ്പോൾ ഹിമാലയത്തിൽ ധ്യാനത്തിലായിരുന്നു നിർമ്മലാനന്ദസ്വാമികൾ.

1903 മുതൽ 3 വർഷം അമേരിക്കയിൽ സ്വാമി വേദാന്തപ്രചാരകനായി. ഭാരതത്തിൽ മടങ്ങിയെത്തി ആസാമിലും കാശ്മീരിലും ബാംഗ്ലൂരിലും പ്രവർത്തിച്ചശേഷം 1911-ൽ സ്വാമികൾ കേരളത്തിലെത്തി.

കേരളത്തിലെ ശ്രീരാമകൃഷ്ണപ്രസ്ഥാനങ്ങളുടെ പ്രാരംഭചരിത്രം നിർമലാനന്ദ സ്വാമിയിലാണ് തുടങ്ങുന്നത്. ശ്രീരാമകൃഷണന്റേയും സ്വാമിവിവേകാനന്ദന്റെയും സമകാലികനായിരുന്ന നിർമലാനന്ദസ്വാമിയെന്നതിനാൽ അദ്ദേഹത്തിന്റെ പ്രവർത്തന ങ്ങൾക്ക് സവിശേഷമായ പ്രാധാന്യമുണ്ട്. രാമകൃഷ്ണമിഷൻ പ്രവർത്തനങ്ങൾ കേരളത്തിൽ തുടങ്ങാൻ നിയോഗിക്കപ്പെട്ടത് നിർമ്മലാനന്ദസ്വാമിയെ ആയിരുന്നു. 1911 മുതൽ 27 വർഷക്കാലം സ്വാമിജി കേരളത്തിൽ ഉണ്ടായിരുന്നു.

1911 ഫെബ്രുവരി 15-ന് കേരളത്തിൽ എത്തിയ നിർമ്മാലനന്ദസ്വാമി 1912-ൽ ഹരിപ്പാട് ആദ്യത്തെ ശ്രീരാമകൃഷ്ണമഠം സ്ഥാപിച്ചു. മിഷന്റെ മലയാളത്തിലെ മുഖമാസികയായ പ്രബുദ്ധകേരളം തുടങ്ങിയതും നിർമ്മലാനന്ദസ്വാമിയാണ് (രാമകൃഷ്ണമിഷന്റെ കേന്ദ്ര പ്രസിദ്ധീകരണത്തിന് പ്രബുദ്ധഭാരത് എന്നാണ് പേര്). നാനാജാതി മതസ്ഥർക്കായി ഹരിപ്പാട് പന്തിഭോജനം നടത്തി. തിരുവിതാംകൂറിലും കൊച്ചിയിലും എല്ലാ ജാതിക്കാർക്കും ക്ഷേത്രപ്രവേശനം ഉറപ്പാക്കുന്ന വിളംബരത്തിന്നു എത്രയോ കാലം മുമ്പുതന്നെ രാമകൃഷ്ണാമിഷന്റെ സ്വാമിമാർക്കും ശിഷ്യർക്കുമിടയിൽ യാതൊരു അസ്പൃശ്യതയും നിലവിലുണ്ടായിരുന്നില്ല.

നാനാജാതിമതസ്ഥർക്ക് രാമകൃഷ്ണമിഷൻ ക്ഷേത്രങ്ങളിൽ പ്രവേശനം ഉണ്ടായിരുന്നു. ആശ്രമക്ഷേത്രങ്ങളിലെ ശ്രീകോവിലുകളിൽ സവർണാവർണഭേദം ഇല്ലാതെ പൂജാരിമാരേയും പരികർമികളെയും നിശ്ചയിച്ചു. വിവേകാനന്ദൻ രൂപപ്പെടുത്തിയ ആശ്രമരീതികൾ അങ്ങിനെയായിരുന്നു. മാനസപൂജക്കൊപ്പം മാനവപൂജ

തന്റെ സന്യാസാദർശമാണെന്ന് ഉറച്ച വിശ്വസിച്ച ആളായിരുന്ന നിർമലാനന്ദസ്വാമികൾ. ആ നിലയിൽ കേരളീയ നവോത്ഥാനശ്രമങ്ങളുടെയും കേരളത്തിലുണ്ടായ വിവേകാനന്ദ തരംഗത്തിന്റെയും നിശ്ശബ്ദസാരഥ്യം അദ്ദേഹം വഹിച്ചു. കേരളത്തിൽ 16 ശ്രീരാമകൃഷ്ണാശ്രമങ്ങൾ തുടങ്ങി (അനുബന്ധം 3). അക്കാലത്ത് ബാംഗ്ലൂർ ആശ്രമാധിപതിയായിരുന്ന നിർമലാനന്ദസ്വാമികൾ. വിവേകാനന്ദൻ വിഭാവനം ചെയ്ത സന്യാസാശ്രമങ്ങൾ കേരളത്തിൽ രൂപീകരിച്ച നിർമ്മലാനന്ദസ്വാമികളെ യതിശാർദ്ദൂലൻ എന്നാണ് മഹാകവി കുമാരനാശാൻ വിശേഷിപ്പിച്ചത്. 1936-ൽ ഒറ്റപ്പാലം ശ്രീരാമകൃഷ്ണ നീരാജ്ഞനാശ്രമത്തിൽ നിർമലാന്ദസ്വാമികൾ സമാധിയായി. നിളാനദീതിരത്തുള്ള സമാധിമണ്ഡപത്തിൽ ഇങ്ങിനെ കുറിച്ചിരിക്കുന്നു.

"നവയുഗ വേദാന്തസന്ദേശത്തിലൂടെ കേരളീയരെ പ്രബുദ്ധരാക്കിതീർത്ത യുഗാവതാരപുരുഷന്റെ അന്തരംഗപാർഷദനും യുഗാചാര്യന്റെ സോദരസന്യാസിയുമായ നിർമലാനന്ദസ്വാമികൾ ഇവിടെ അന്ത്യവിശ്രമം കൊള്ളുന്നു."

### 4.5.1 കേരളത്തിലെ രാമകൃഷ്ണമഠങ്ങൾ: ഹരിപ്പാട്

1913-ലാണ് കേരളത്തിൽ ആദ്യത്തെ ശ്രീരാമകൃഷ്ണമഠം ഹരിപ്പാട് തുടങ്ങുന്നത്. തുടങ്ങി ഒരു വർഷത്തിനുള്ളിൽതന്നെ ഒരു അവർണബാലന് ആശ്രമത്തിൽ സന്യാസം നൽകി. വിവേകാനന്ദന്റെ സമകാലീനനായിരുന്ന നിർമലാനന്ദസ്വാമികളാണ് ഹരിപ്പാട് ശ്രീരാമകൃഷ്ണ ബ്രഹ്മാനന്ദാശ്രമത്തിന്റെ ഉൽഘാടനം നിർവ്വഹിച്ചത്. 1914-ൽ ആശ്രമത്തിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് അതിവിപുലമായ പന്തിഭോജനം നടന്നു.[5] കേരളത്തിലെ സംഘടിതമായ ആദ്യ സമൂഹപന്തിഭോജനം ഇതായിരുന്നെന്നു

5 നാനാജിതിമതസ്ഥർ പങ്കെടുത്ത ഹരിപ്പാട്ടെ പന്തിഭോജനത്തിൽ ഹരിജനങ്ങൾ ഉണ്ട ഇലകൾ എടുക്കാൻ ചില ആശ്രമവാസികൾ ശങ്കിച്ച നിന്നപ്പോൾ നിർമ്മാലാനന്ദ സ്വാമികൾ തന്നെ അവ

പറയാം. 'ഭക്തന്മാർക്കിടയിൽ ജാതിയില്ല' എന്ന ശ്രീരാമകൃഷ്ണസൂക്തം ആശ്രമത്തിൽ എല്ലാ അർത്ഥത്തിലും പ്രാവർത്തികമായി. ജാത്യാസന്ധതക്കെതിരായി കേരളത്തിൽ പിന്നീട് നടന്ന ഒട്ടനവധി പന്തിഭോജനങ്ങളുടെ തുടക്കം ഹരിപ്പാട് രാമകൃഷ്ണാശ്രമത്തിലായിരുന്നു.

ധാരാളം ബ്രഹ്മചാരികൾക്ക് ഹരിപ്പാട് ആശ്രമത്തിൽ സന്യാസദീക്ഷ നൽകി. 1915-ൽ സാധാരണക്കാർക്ക് ജാതിഭേദമന്യേ പഠിക്കാനായി ശ്രീരാമകൃഷ്ണവിദ്യാലയം ആരംഭിച്ചു. എല്ലാ ജാതിക്കാരെയും പങ്കെടുപ്പിച്ച് ഹരിപ്പാട് സുബ്രഹ്മണ്യക്ഷേത്രത്തിൽ നിന്നും ആശ്രമത്തിലേക്ക് നടത്തിയിരുന്ന ഘോഷയാത്ര യാഥാസ്ഥിതികരിൽ വലിയ മാറ്റങ്ങൾക്ക് കാരണമായി. ചികിത്സാർത്ഥം ആയുർവേദഡിസ്പെൻസറിയും ദേശവാസികൾക്ക് തൊഴിൽശാലയായി ഒരു നെയ്ത്തു കമ്പനിയും ആശ്രമം നടത്തിയിരുന്നു. ആശ്രമം വകയായി ആശുപത്രി വർഷങ്ങളോളം നടന്നു. ആശ്രമത്തിന് നല്ലൊരു ഗ്രന്ഥശാലയുമുണ്ട്. ഹരിപ്പാട് ആശ്രമവുമായി ബന്ധപ്പെട്ട് ഒരു നാടകസഭയും പ്രവർത്തിച്ചിരുന്നു.

### 4.5.2 ശ്രീരാമകൃഷ്ണമഠം : തിരുവല്ല

1913-ൽ തിരുവല്ലയിലെ മഠം നിർമലാനന്ദസ്വാമികൾ ഉൽഘാടനം ചെയ്തു. തിരുവല്ലയിൽ എത്തുന്നതിനു മുമ്പ് തന്നെ സ്വാമികൾ ശ്രീനാരായണഗുരുദേവനുമായും കുമാരനാശാനുമായും ബന്ധം പുലർത്തിയിരുന്നു. പ്രബുദ്ധകേരളം മാസികയുടെ ഉത്ഭവം തിരുവല്ല ആശ്രമത്തിൽ നിന്നാണ്. മാസികയുടെ ആദ്യ പത്രാധിപരായിരുന്ന അഡ്വക്കറ്റ് എൻ.എസ്.പണ്ടാല പിന്നീട് നിർമലാനന്ദസ്വാമികളിൽ നിന്നും സന്യാസം സ്വീകരിച്ച

---

വൃത്തിയാക്കാൻ നേതൃത്വം നൽകി. ജാത്യാന്ധതയെ എതിർക്കുന്ന പ്രത്യക്ഷസമരം തന്നെയായി ഈ പ്രവർത്തനം.

നിരഞ്ജനാനന്ദസ്വാമികളായി. ഹരിപ്പാട് ആശ്രമത്തിന്റെ മുൻനിരക്കാർ പലരും തിരുവല്ലയിലെ ആശ്രമരൂപീകരണത്തിലും ഉണ്ടായിരുന്നു.

സന്യാസത്തിലേക്ക് ഒട്ടേറെ പേരെ സ്വീകരിക്കാൻ തിരുവല്ല ആശ്രമത്തിനായി. തിരുവല്ല ആശ്രമം ഒരു റിക്രൂട്ടിംഗ് സെന്റർ ആണെന്ന് നിർമലാനന്ദ സ്വാമികൾ തന്നെ പറഞ്ഞിട്ടുണ്ട്. മണിമലയാറിന്റെ തീരത്തുള്ള തുകലശ്ശേരി കുന്നിൻപുറത്താണ് ഇപ്പോൾ ആശ്രമം സ്ഥിതി ചെയ്യുന്നത്. കേരളത്തിലെ ശ്രീരാമകൃഷ്ണ പ്രസ്ഥാനത്തിന്റെ ശക്തമായ കേന്ദ്രമായി തിരുവല്ല ആശ്രമം മാറി. പാലാ, മൂവാറ്റുപുഴ, ആലപ്പുഴ, കുളത്തുർമൂഴി, അടൂർ എന്നീ ആശ്രമങ്ങൾ തിരുവല്ലയുടെ സബ്സെന്ററുകളായാണ് പ്രവർത്തിച്ചുവന്നിരുന്നത്.

### 4.5.3 ശ്രീരാമകൃഷ്ണമഠം: കൊയിലാണ്ടി

മലബാറിലെ ആദ്യത്തെ രാമകൃഷ്ണാമിഷൻ മഠം കൊയിലാണ്ടിയിലാണ്. 1919 മുതൽ പ്രവർത്തിച്ചുവരുന്നു. 1924-ൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ ദുരിത ബാധിതർക്കായി രാമകൃഷ്ണമിഷൻ നടത്തിയ മലബാറിലെ പ്രവർത്തനങ്ങൾ കൊയിലാണ്ടി മഠം കേന്ദ്രീകരിച്ചായിരുന്നു. 1929-ൽ തുടങ്ങിയ പ്രശസ്തമായ ഗ്രന്ഥാലയവും മഠത്തിൽ ഉണ്ടായി. 1940-ൽ രണ്ടാം ലോകമഹായുദ്ധത്തിന്റെ ഫലമായി പകർച്ചവ്യാധികളും ഭക്ഷണക്ഷാമവും മലബാറിനെ ഗ്രസിച്ചു. സുഖാനന്ദസ്വാമികളുടെ നേതൃത്വത്തിൽ കൊയിലാണ്ടി മഠം ഒട്ടനവധി സേവനപ്രവർത്തനങ്ങൾ നടത്തി. കെ.കേളപ്പന്റെ നേതൃത്വത്തിൽ നടന്ന സർവ്വോദയസംഘം പ്രവർത്തനങ്ങൾക്കും കൊയിലാണ്ടി മഠം കേന്ദ്രമായി.

### 4.5.4 ശ്രീരാമകൃഷ്ണ ബ്രഹ്മാനന്ദാശ്രമം: തിരുവനന്തപുരം

തിരുവനന്തപുരം നഗരപ്രാന്തത്തിൽ നെട്ടയത്താണ് ആശ്രമം സ്ഥിതി

ചെയ്യുന്നത്. 1915-ൽ ആശ്രമ നിർമ്മാണത്തിനായി ലഭിച്ച 5 ഏക്കർ ഭൂമിയിൽ 1916-ൽ ആശ്രമത്തിന് തറക്കല്ലിട്ടിരുന്നു. ആശ്രമം വകയായി നേരത്തെ തന്നെ രൂപീകരിച്ച ഹിന്ദു വനിതാസംഘം അവിടെ പ്രവർത്തിച്ചുവന്നു. 1924-ൽ നിർമ്മലാനന്ദസ്വാമി ആശ്രമത്തിൽ പ്രതിഷ്ഠ നടത്തി.

രാമകൃഷ്ണാമിഷൻ തിരുവനന്തപുരത്തിനു കീഴിൽ വലിയൊരു ആശുപത്രി പ്രവർത്തി ച്ചിരുന്നു. (1959-ശാസ്തമംഗലം). പ്രസിഡണ്ടായിരുന്ന (1942-72) തപസ്യാനന്ദസ്വാമികളുടെ കാലഘട്ടത്തിൽ ആശ്രമം ഹോസ്പിറ്റൽ സൂപ്പർ സ്പെഷ്യാലിറ്റി വകുപ്പുകളോടുകൂടി വളർന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിതവിഭാഗത്തോടു കൂടിയ ആശുപത്രിയിൽ വിവിധ ഡിപ്പാർട്ട്മെന്റുകളും ഓപ്പറേഷൻ തീയേറ്ററുകളും ജനറൽ നഴ്സിങ്ങ് സ്കൂളും പ്രവർത്തിച്ചു വന്നു. സാമാന്യജനങ്ങൾക്ക് കുറഞ്ഞ ചിലവിൽ ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നതിനായി 1986 മുതൽ ശ്രീരാമകൃഷ്ണാശ്രമം ഗ്രാമീണാരോഗ്യ പദ്ധതി ആരംഭിച്ചു. പ്രത്യേക പരിശീലനം സിദ്ധിച്ച ഗ്രാമസേവികമാരുടെ നേതൃത്വത്തിൽ 6 മിനി ഹെൽത്ത് സെന്ററുകൾ ആശ്രമം നടത്തി. ഭവനനിർമ്മാണം, വിദ്യാഭ്യാസ സഹായങ്ങൾ, ശുദ്ധജലവിതരണം തുടങ്ങിയ സാമൂഹ്യപദ്ധതികളും തിരുവനന്തപുരം ആശ്രമം നടപ്പാക്കിയിരുന്നു.

#### 4.5.5 ശ്രീരാമകൃഷ്ണ യോഗാനന്ദാശ്രമം: ആലപ്പുഴ

1923-ൽ പ്രവർത്തനം തുടങ്ങി. സർക്കാർ വക്കീലായിരുന്ന പി.ജി.ഗോവിന്ദപിള്ള നിർമലാനന്ദസ്വാമികൾക്കു സമർപ്പിച്ച പുരയിടത്തിലാണ് ആശ്രമം തുടങ്ങിയത്. കുറച്ചുകാലം പ്രബുദ്ധ കേരളത്തിന്റെ ഓഫീസ് ഇവിടെയായിരുന്നു. 1924-ലെ വെള്ളപ്പൊക്കക്കാലത്ത് ആലപ്പുഴയിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് ശ്രീരാമകൃഷ്ണമഠമാണ്. ഒരു നിശാപാഠശാല ആശ്രമത്തിൽ പ്രവർത്തിച്ച

വന്നിരുന്നു. ആലപ്പുഴ ആശ്രമത്തിന്റെ മേൽനോട്ടത്തിൽ ധീവര സമുദായത്തിൽപ്പെട്ട ഭക്തന്മാർ ചേർന്ന് കാഞ്ഞിരൻചിറയിലും ശ്രീരാമകൃഷ്ണ ചൈതന്യമഠം എന്ന പേരിൽ ഒരാശ്രമം ആരംഭിച്ചിരുന്നു. കുറച്ചുകാലം പ്രവർത്തിച്ചു. അതുപോലെ മുട്ടത്ത് ശ്രീരാമകൃഷ്ണ പ്രേമാനന്ദാശ്രമവും തുടങ്ങിയിരുന്നു. എല്ലാ ഞായറാഴ്ചകളിലും ആധ്യാത്മിക സത്സംഗങ്ങൾ മുട്ടം ആശ്രമത്തിൽ നടന്നു വന്നു.

ആലപ്പുഴ ശ്രീരാമകൃഷ്ണ യോഗാനന്ദാശ്രമം ഇപ്പോൾ തിരുവല്ല ആശ്രമത്തിന്റെ കീഴിലാണ്. ശ്രീ ശാരദ വർക്കിങ്ങ് വിമൻസ് ഹോസ്റ്റൽ ഇവിടെ പ്രവർത്തിച്ചു വരുന്നു.

### 4.5.6 ശ്രീരാമകൃഷ്ണ നിരഞ്ജനാശ്രമം: ഒറ്റപ്പാലം

1926-ലാണ് ഒറ്റപ്പാലം പാലപ്പുറത്തിനടുത്ത് ആശ്രമം തുടങ്ങിയത്. സ്മാർത്തവിചാരം കാരണം ഭ്രഷ്ടരായ ഏതാനും നമ്പൂതിരിമാരുടെ ഉത്സാഹത്തിലായിരുന്നു ആശ്രമത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾ. ആശ്രമവും പഞ്ചമുഖ ശിവപ്രതിഷ്ഠയുള്ള ദേവാലയവും നിർമലാനന്ദസ്വാമികൾ ഉദ്ഘാടനം ചെയ്തു. 1936 മുതൽ 1938 വരെ നിർമലാനന്ദസ്വാമികൾ ഒറ്റപ്പാലം ആശ്രമത്തിൽ ഉണ്ടായിരുന്നു. ഹരിപ്പാട്, പുതുക്കാട്, കായംകുളം, വൈറ്റില, ആലപ്പുഴ, അട്ടൂർ, മുട്ടം തുടങ്ങിയ ആശ്രമങ്ങൾ ഒറ്റപ്പാലം ആശ്രമം കേന്ദ്രമായുള്ള ദക്ഷിണാത്യ ശ്രീരാമകൃഷ്ണനിർമ്മലാനന്ദമണ്ഡലത്തിന്റെ ഭരണസംവിധാന ത്തിൽ തുടരുകയാണുണ്ടായത്. രാമകൃഷ്ണമിഷന്റെ ചരിത്രത്തിൽ മറ്റൊരു പ്രാധാന്യവും ഒറ്റപ്പാലം ആശ്രമത്തിനുണ്ട്. ആശ്രമാധിപതിയായിരുന്ന വിശദാനന്ദസ്വാമികളുടെ കീഴിൽ 1948-ൽ ആശ്രമത്തിനടുത്ത് തന്നെ ശ്രീശാരദാശ്രമം ആരംഭിച്ചു. ശ്രീ ശാരാദാദേവിയുടെ പേരിൽ കേരളത്തിൽ വനിതകൾക്കായി ആദ്യമായി ആരംഭിക്കുന്ന ആശ്രമം ഇതായിരുന്നു.

### 4.5.7 ശ്രീരാമകൃഷണമഠം: തൃശ്ശൂർ

1924-ൽ വെള്ളപ്പൊക്കക്കെടുതികൾ എല്ലാവരെയും തീരാദുരിതത്തിലാഴ്ത്തി. ദുരന്തനിവാരണത്തിനായി പുറനാട്ടുകര കേന്ദ്രമാക്കി ചില പ്രവർത്തനങ്ങൾ നടന്നിരുന്നു. ഈ കേന്ദ്രം 1927-ൽ ശ്രീരാമകൃഷ്ണമഠമായി മാറി. 1917-മുതൽ തൃശ്ശൂർ കേന്ദ്രമാക്കി വിവേകോദയസമാജം എന്ന സംഘടന പ്രവർത്തിച്ചുവന്നു. അഭിഭാഷകനും പിന്നീട് അധ്യാപകനുമായ വി.കെ.കൃഷ്ണമേനോനായിരുന്നു സമാജത്തിന്റെ പ്രധാന ചുമതലക്കാരൻ. തികഞ്ഞ ഗാന്ധിയനായിരുന്ന കൃഷ്ണമേനോന്റെ പ്രവർത്തനങ്ങളിൽ പ്രഥമസ്ഥാനം ഹരിജനോദ്ധാരണത്തിനായിരുന്നു. വിവേകോദയസമാജം വിവേകോദയം സ്കൂളും നടത്തിവന്നിരുന്നു. സ്കൂളിന്റെ പ്രധാനധ്യാപകൻ കൃഷ്ണമേനോനായിരുന്നു. വിവേകാനന്ദദർശനത്തിൽ ഏറെ ആകൃഷ്ടനായ കൃഷ്ണമേനോൻ പിന്നീട് സന്യാസം സ്വീകരിച്ച് ത്യാഗീശാനന്ദസ്വാമികളായി.

പുറനാട്ടുകരയിലെ ഹരിജനങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ചെറിയൊരു പള്ളിക്കൂടവും ഹോസ്റ്റലും കൃഷ്ണമേനോൻ സ്ഥാപിച്ചു. അദ്ദേഹത്തിന്റെ കഠിനപ്രയത്നം വഴി സ്കൂളും ഹോസ്റ്റലും ഏറെ പുരോഗതി നേടി. ഹരിജൻ ഹോസ്റ്റലിനുള്ള കെട്ടിടത്തിനു തറക്കല്ലിട്ടത് മഹാത്മാഗാന്ധിയായിരുന്നു. പരിപാടിക്കു വന്ന മഹാത്മജിക്ക് വിശ്രമിക്കാൻ തയ്യാറാക്കിയ കുടിലിന് 'ആനന്ദകുടീരം' എന്നായിരുന്നു പേർ നൽകിയത്. 2004-ൽ ആനന്ദകുടീരം ഗാന്ധി സ്മാരകമായി നവീകരിച്ച് വിപുലീകരിച്ചു.

സാഹിത്യവിശാരദനായിരുന്ന അപ്പൻ തമ്പുരാന്റെ നിർലോഭമായ പിന്തുണ മഠത്തിനുണ്ടായിരുന്നു. കൃഷ്ണമേനോന്റെ ത്യാഗോജ്വലമായ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായ നിരവധി യുവാക്കൾ ആശ്രമജീവിതത്തിന് തയ്യാറായി. ഇവരിൽ പലരും പിന്നീട് സന്യാസം സ്വീകരിച്ചു. 1945-ൽ പുറനാട്ടുകര മഠത്തിന്റെ ശാഖയായി പൂങ്കുന്നത്ത്

വിവേകാനന്ദ വിജ്ഞാനഭവനം ആരംഭിച്ചു. മഠത്തിന്റെ കിഴിൽ ഹയർസെക്കന്ററി സ്കൂൾ, പ്രസിദ്ധീകരണശാല തുടങ്ങിയവ പ്രവർത്തിക്കുന്നു. ശ്രീരാമകൃഷ്ണ പ്രസ്ഥാനത്തിന്റെ മുഖപത്രമായ പ്രബുദ്ധകേരളം 1964- മുതൽ ഇവിടെ നിന്നാണ് പ്രസിദ്ധീകരിക്കുന്നത്. ആധ്യാത്മിക അന്തർയോഗം പതിവായി നടന്നുവരാറുണ്ട്. ദലിത് വിദ്യാർത്ഥികളെ സംസ്കൃതപഠനത്തിലേക്ക് കൊണ്ടുവരാൻ മഠം വക സ്കൂളിനു കഴിഞ്ഞു. പഠനം, ചികിത്സ, ഭവനനിർമ്മാണ സഹായങ്ങളും മഠം ചെയ്തുവരുന്നു. ആശ്രമത്തിനടുത്തുള്ള അടാട്ട് ഹരിജൻ കോളനിയിൽ ഒരു ശ്രീരാമകൃഷണമന്ദിരം സ്ഥാപിച്ചിട്ടുണ്ട്. ഹരിജനങ്ങൾ തന്നെയാണ് അവിടത്തെ പൂജാകാര്യങ്ങൾ നിർവ്വഹിക്കുന്നത്. അധ:സ്ഥിതരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവന്ന മഠത്തിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്.

#### 4.5.8 ശ്രീരാമകൃഷ്ണ ബ്രഹ്മാനന്ദാശ്രമം: കായംകുളം

1930-ൽ ആശ്രമം ആരംഭിച്ചു. ആശ്രമത്തിന്റെ കീഴിലുള്ള സ്വാമി നിർമലാനന്ദ മെമ്മോറിയൽ ബാലഭവനം നിർധനരായ വിദ്യാർത്ഥികളുടെ ആശ്രയമാണ്. ലൈബ്രറിയും ബുക്സ്റ്റാളും സന്യാസിമാരുടെ വിശ്രമമുറികളും ഉൾക്കൊള്ളുന്ന തുളസീമന്ദിരം 2003-ൽ ഉൽഘാടനം ചെയ്യപ്പെട്ടു.

കുളത്തുർമൂഴി കേന്ദ്രമാക്കി 1920-ൽ ഒരു ഭജനമഠം ആരംഭിച്ചിരുന്നു. 1930-ൽ നിർമലാനന്ദസ്വാമികളുടെ നേതൃത്വത്തിൽ ഇത് ശ്രീരാമകൃഷ്ണമഠമായി. ഈ പ്രദേശത്തെ അവശജനവിഭാഗങ്ങളുടെ വിദ്യാഭ്യാസപരമായ ഉന്നതിക്കുവേണ്ടി 1932-ൽ ശ്രീരാമകൃഷ്ണ സേവാസമിതി ആരംഭിച്ചു. വിദ്യാപീഠവും അതിന്റെ കീഴിൽ നിരവധി പ്രാദേശിക നിശാപാഠശാലകളും പ്രവർത്തിച്ചിരുന്നു. 1950-കൾക്കു ശേഷം ആശ്രമം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കിഴിലാണ്.

### 4.5.9 പാലാ ശ്രീരാമകൃഷ്ണമഠം

1921 മുതൽ കടപ്പാട്ടൂർ ക്ഷേത്രത്തിന്റെ സമീപത്ത് ശ്രീരാമകൃഷ്ണഭജനസംഘം പ്രവർത്തിച്ചിരുന്നു. ആദ്യം ഇതിന്റെ പേര് വേദാന്തസംഘം എന്നായിരുന്നു. 1925-ൽ വിവേകാനന്ദജയന്തിക്ക് അവർണജനവിഭാഗങ്ങളെ പങ്കെടുപ്പിച്ച് സംഘം വലിയ ആഘോഷപരിപാടികൾ നടത്തി. ഇപ്പോൾ അരുണാപുരത്ത് മഠം സ്ഥിതിചെയ്യുന്ന സ്ഥലം ഒരു ഭക്തൻ നിർമലാനന്ദ സ്വാമിക്ക് സമർപ്പിച്ചതാണ്. 1926-ൽ ആശ്രമപ്രവർത്തനങ്ങൾ ആരംഭിച്ചു. 1930-ൽ ശ്രീരാമകൃഷ്ണമഠത്തിന്റെ പ്രതിഷ്ഠ നിർമലാനന്ദസ്വാമികൾ നിർവ്വഹിച്ചു. ആശ്രമത്തിന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ചിരുന്ന വിദ്യാലയങ്ങൾ പിന്നീട് സർക്കാരിലേക്ക് വിട്ടുകൊടുത്തു. ആശ്രമത്തിലെ ഭജനസംഘം വർഷത്തിലൊരിക്കൽ മീനച്ചിൽ താലൂക്ക് മുഴുവൻ കീർത്തനഘോഷയാത്ര നടത്താറുണ്ടായിരുന്നു. വിവേകാനന്ദ ശതാബ്ദിയോട് അനുബന്ധിച്ച് മഠത്തിൽ ഒരു ഗുരുകുലവും ആരംഭിച്ചു. ശ്രീരാമകൃഷ്ണ ആദർശ സംസ്കൃതകലാലയം ആശ്രമത്തിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

പാലാ ശ്രീരാമകൃഷ്ണാശ്രമത്തിന്റെ തുടക്കക്കാരനായ നാരായണപിള്ള സന്യാസം സ്വീകരിച്ച് രാമകൃഷ്ണാനന്ദസ്വാമികളായി. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഇടനാട് ഒരാശ്രമം സ്ഥാപിച്ചു. ഹരിജനവിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം സാർവ്വത്രികമാക്കാൻ സ്വാമി വിവേകാനന്ദസമിതി രൂപീകരിച്ചിരുന്നു. ഹരിജനവിദ്യാർത്ഥി കൾക്കുള്ള ഒരു ബോർഡിംഗ് സ്കൂൾ ഇടനാട് ആശ്രമത്തിൽ പ്രവർത്തിച്ചിരുന്നു. 1934-ൽ ചേർത്തലക്കടുത്ത് അരൂരിൽ ഒരു ശ്രീരാമകൃഷ്ണാശ്രമം തുടങ്ങി. കുറച്ചു വർഷങ്ങൾ പ്രവർത്തിച്ചു.

### 4.5.10 ശ്രീരാമകൃഷ്ണാശ്രമം: അടൂർ

1932-ലാണ് അടൂർ ആശ്രമം തുടങ്ങുന്നത്. ആദ്യകാലത്ത് പ്രാധാന്യം ഹരിജനോദ്ധാരണത്തിനായിരുന്നു. ഭൗതികവളർച്ചക്കൊപ്പം ആധ്യാത്മികമായ മുന്നേറ്റവും മഠം ലക്ഷ്യം വെച്ചു. ഭക്തി വിഷയമായി ധാരാളം സത്സംഗങ്ങൾ ആശ്രമത്തിൽ നടന്നിരുന്നു.

അടൂർ നിന്നും 17 കി.മീ ദൂരത്താണ് നൂറനാട് ലപ്രസി സാനിറ്റോറിയം. കുഷ്ഠരോഗികളെ അറപ്പോടെയും വെറുപ്പോടെയുമാണ് അന്നത്തെ സമൂഹം വീക്ഷിച്ചിരുന്നത്. ഒരുതരം സാമൂഹിക ഭ്രഷ്ട് തന്നെയായിരുന്നു കുഷ്ഠരോഗികൾക്ക് സമൂഹം കൽപ്പിച്ചു നൽകിയിരുന്നത്. രോഗികളെ ലെപ്രസി സാനിറ്റോറിയത്തിൽ തള്ളുകയായിരുന്നു അന്നത്തെ രീതി. ആശ്രമത്തിന്റെ നേതൃത്വത്തിൽ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ധാരാളം സേവനപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അടൂർ ആശ്രമാധിപതി നൃസിംഹാനന്ദസ്വാമികൾ കുഷ്ഠരോഗികളോടൊപ്പം ഉണ്ടുറങ്ങി അവർക്ക് ധൈര്യം പകർന്നു. അവരെ ചികിത്സിക്കാനും പരിപാലിക്കാനുമായി ഡോക്ടർമാരും നഴ്സുമാരും ഉൾപ്പെട്ട സന്നദ്ധപ്രവർത്തകരുടെ സംഘത്തെ രൂപപ്പെടുത്താൻ നൃസിംഹാനന്ദസ്വാമികൾക്കു കഴിഞ്ഞിട്ടുണ്ട്. വിവിധ മതപണ്ഡിതന്മാരെ ക്ഷണിച്ചുവരുത്തി സാനിറ്റോറിയത്തിലെ അന്തേവാസികൾക്കായി ധാർമ്മിക ക്യാമ്പുകളും സ്വാമികളുടെ നേതൃത്വത്തിൽ നടത്തിയിരുന്നു. ആശ്രമത്തിന് നേതൃത്വം നൽകിയതോടൊപ്പം 1934 മുതൽ 1981 വരെയുള്ള നീണ്ട 47 വർഷക്കാലം നൃസിംഹാനന്ദസ്വാമി സാനിറ്റോറിയത്തിനു വേണ്ടിയും സേവനമനുഷ്ഠിച്ചു. വിവേകാനന്ദബാലാശ്രമവും ശാരദവിദ്യാപീഠവും ആശ്രമത്തിൽ പ്രവർത്തിച്ചു വരുന്നു.

#### 4.5.11 ശ്രീരാമകൃഷ്ണ ശാരദാദാശ്രമം: നെയ്യൂർ

1931-ൽ പ്രവർത്തനം തുടങ്ങി. കന്യകുമാരി ജില്ലയിലെ കൽക്കുളം താലൂക്കിലായിരുന്ന നെയ്യൂർ ആശ്രമം. അവിടെ നേരത്തെ നിലവിൽ ഉണ്ടായിരുന്ന ഹിന്ദുധർമ്മാശ്രമം രാമകൃഷ്ണമിഷന് സമർപ്പിക്കുകയായിരുന്നു. അക്കാലത്ത് ഈ പ്രദേശത്ത് ഹിന്ദുക്കളിലെ സവർണരും അവർണരും തമ്മിൽ കാര്യമായ അകൽച്ച ഉണ്ടായിരുന്നു. ആശ്രമം സംഘടിപ്പിക്കുന്ന ഘോഷയാത്രകളിൽ പക്ഷേ എല്ലാ വിഭാഗങ്ങളെയും പങ്കെടുപ്പിച്ചു. ആശ്രമപ്രവർത്തനങ്ങൾ ആളുകളിൽ ഒരുമയുടെ അന്തരീക്ഷം സൃഷ്ടിക്കാൻ പര്യാപ്തമായി.

#### 4.5.12 ശ്രീരാമകൃഷ്ണാശ്രമം: പുതുക്കാട്

ആഗമാനന്ദസ്വാമികളുടെ നേതൃത്വത്തിൽ 1931-ൽ പ്രവർത്തനം തുടങ്ങി. വിവേകാനന്ദ ഭക്തനായ വീമ്പൂർ ശങ്കരൻ നമ്പൂതിരി സമർപ്പിച്ച രണ്ടേക്കർ സ്ഥലത്താണ് ആശ്രമം സ്ഥിതി ചെയ്യുന്നത്. ധാരാളം പന്തിഭോജനങ്ങളും ആശ്രമത്തിന്റെ നേതൃത്വത്തിൽ നടന്നിരുന്നു. ആശ്രമത്തിൽ സ്വാമി ആഗമാനന്ദ വനവാസി ബാലസദനം പ്രവർത്തിക്കുന്നു.

#### 4.5.13 ശ്രീരാമകൃഷ്ണാദ്വൈതാശ്രമം: കാലടി

ആഗമാനന്ദസ്വാമികളുടെ പ്രവർത്തനങ്ങളുടെ ഫലമായി 1936-ൽ കാലടി ആശ്രമം സ്ഥാപിതമായി. പ്രഗത്ഭനായ അഭിഭാഷകനായിരുന്നു ആഗമാനന്ദസ്വാമികൾ. അവർണജനവിഭാഗങ്ങളുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കായി സ്വാമികൾ പ്രവർത്തിച്ചു. കേരളത്തിലും പുറത്തും ആയിരക്കണക്കിന് മതപ്രഭാഷണങ്ങളാണ് സ്വാമികൾ നടത്തിയിട്ടുള്ളത്. പുതുക്കാട് ആശ്രമത്തിനോട് അനുബന്ധിച്ച ക്ഷേത്രത്തിൽ

ഹരിജനങ്ങൾക്ക് പ്രവേശനം കൊടുത്തത് സ്വാമികളായിരുന്നു. വൈക്കം സത്യാഗ്രഹത്തിന്റെ വിജയത്തിനും ക്ഷേത്രപ്രവേശവിളംബരം സാധ്യമാക്കിയതിനും പിന്നിൽ ആഗമാനന്ദസ്വാമികളുടെ പങ്ക് വലുതാണ്.

ഹരിജനഗിരിജന വിദ്യാർത്ഥികൾക്ക് പഠിക്കാനും താമസിക്കാനുമായി എല്ലാ സൗകര്യങ്ങളുമുള്ള ഹോസ്റ്റലുകൾ രാമകൃഷ്ണാശ്രമങ്ങളോട് ബന്ധപ്പെട്ട് ആരംഭിച്ചത് കാലടി ആശ്രമത്തിലായിരുന്നു. ആദിശങ്കരന്റെ ജന്മഭൂവായ കാലടിയിൽ ശ്രീശങ്കരാകോളേജ് സ്ഥാപിച്ചത് സ്വാമികളുടെ നേതൃത്വത്തിലായിരുന്നു.

സ്വതന്ത്രകൃതികളും വിവർത്തനങ്ങളുമായി ആഗമാനന്ദസ്വാമികൾ ഒട്ടേറെ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഇവയെല്ലാം കാലടി ആശ്രമത്തിൽ നിന്നും പ്രസിദ്ധീകരിച്ചു. ആദിശങ്കരഭൂമിയായ കാലടിയിൽ നിന്ന് അദ്വൈതത്തിന്റെ ശംഖാലി ലോകമെങ്ങുമെത്തിച്ചതിൽ ശ്രീരാമകൃഷ്ണാദ്വൈതാശ്രമം വലിയ പങ്കുവഹിച്ചു. 1931 മുതൽ മൂവാറ്റുപുഴയിൽ കാലടി ആശ്രമത്തിന്റെ ഉപകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്.

#### 4.5.14 രാമകൃഷ്ണസേവാശ്രമം: കോഴിക്കോട്

1913 മുതൽ തന്നെ കോഴിക്കോട് ശ്രീരാമകൃഷ്ണവേദാന്തസംഘം പ്രവർത്തനം ആരംഭിച്ചിരുന്നു. കൊയിലാണ്ടി ശ്രീരാമകൃഷ്ണമഠത്തിന്റെ ഭാഗമായി കോഴിക്കോട്ടെ സേവാശ്രമത്തിന് 1927ൽ തുടക്കമിട്ടു. കൊയിലാണ്ടിയിലെ ബ്രഹ്മചാരിമാർ കോഴിക്കോട്ടെ വിവിധ സേവനപ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും അവരുടെ ശ്രമഫലമായി കോഴിക്കോട്ട് കൊയിലാണ്ടിയിൽ ആശ്രമത്തിന്റെ ഉപകേന്ദ്രം രൂപപ്പെടുകയും ചെയ്തു. 1930 മുതൽ ചാലപ്പുറത്ത് ഒരു ഡിസ്പെൻസറി പ്രവർത്തനം ആരംഭിച്ചു. നിർമലാനന്ദസ്വാമികൾ ആരംഭിച്ച ഏറ്റവും ഒടുവിലത്തെ ആശ്രമമാണ് കോഴിക്കോട്ടേത്.

1944-ൽ നാട്ടിൽ കോളറ പടർന്നു പിടിച്ചപ്പോൾ മീഞ്ചന്തയിലെ ഒരു കെട്ടിടം കേന്ദ്രമാക്കി ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തിയിരുന്നു. ഈ സ്ഥലത്താണ് ഇപ്പോൾ ആശ്രമം സ്ഥിതി ചെയ്യുന്നത്. പട്ടിണിപ്പാവങ്ങളായ നിരവധി കുട്ടികൾക്ക് ആശ്രമം ആധാരമായി. അനാഥരായ നൂറ് കുട്ടികളെ ആശ്രമം എടുത്ത് വളർത്തി. ആശ്രമത്തിനു കിഴിൽ ഹയർസെക്കന്ററി വിഭാഗം വരെയുള്ള വലിയ വിദ്യാലയം പ്രവർത്തിച്ചുവരുന്നു. ആദ്യകാലത്തെ പ്രദേശത്തെ പാവപ്പെട്ടവരുടെ, പ്രത്യേകിച്ച് വിദ്യാഭ്യാസത്തിൽ പിന്നോക്കമായിരുന്ന പ്രദേശത്തെ മുസ്ലീം പെൺകുട്ടികളുടെ, വിദ്യാഭ്യാസ പുരോഗതിയിൽ ആശ്രമം വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

വിവേകാനന്ദസ്വാമികളുടെ ജന്മശതവാർഷികം പ്രമാണിച്ചുള്ള മലബാറിലെ സാഹിത്യസാംസ്കാരികപ്രവർത്തനങ്ങളുടെ കേന്ദ്രം കോഴിക്കോട് രാമകൃഷ്ണമിഷൻ സേവാശ്രമമായിരുന്നു. ത്രൈലോക്യാനന്ദസ്വാമികളുടെ നേതൃത്വത്തിൽ തുടങ്ങിയ വിവേകാനന്ദസാഹിത്യസർവ്വസ്വത്തിന്റെ മലയാള പരിഭാഷാ പ്രവർത്തനത്തിൽ സേവാശ്രമം സാഹിത്യനായകരുടെ കേന്ദ്രമായി മാറി. കവി കുഞ്ഞുണ്ണിമാസ്റ്റർ ആശ്രമം സ്കൂളിലെ അധ്യാപകനും ഗുരുകുലത്തിലെ ഹോസ്റ്റൽ വാർഡനുമായിരുന്നു. സന്യാസിവര്യരായ പ്രകാശാനന്ദസ്വാമികൾ, വിമലാനന്ദസ്വാമികൾ എന്നിവർക്കൊപ്പം സാഹിത്യകാരനായ കുട്ടികൃഷ്ണമാരാരും സി.എച്ച്.കുഞ്ഞപ്പയും വിവേകാനന്ദസാഹിത്യ സർവ്വസ്വത്തിന്റെ മലയാളപരിഭാഷക്കായി പ്രവർത്തിച്ചു. രാമകൃഷ്ണവചനാമൃതത്തിന്റെ പരിഭാഷകനായ സിദ്ധിനാഥാനന്ദസ്വാമികൾ ഏറെക്കാലം ആശ്രമം സെക്രട്ടറി യായിരുന്നു. അക്കാലത്ത് മലബാറിലെ സാഹിത്യസാംസ്കാരിക കേന്ദ്രമായി ആശ്രമം മാറി.

4.5.15 ശ്രീരാമകൃഷ്ണാശ്രമം: കൊല്ലം

1915 ഒക്ടോബർ 17-ന് കൊല്ലത്തുനിന്നാണ് പ്രബുദ്ധകേരളം മാസിക ആരംഭിച്ചത്. രാമകൃഷ്ണമഠത്തിന്റെ ഇംഗ്ലീഷ് പ്രസിദ്ധീകരണമായ പ്രബുദ്ധഭാരതത്തിന്റെ മാതൃകയിൽ തുടങ്ങേണ്ട മാസികക്ക് 'പ്രബുദ്ധകേരളം' എന്ന പേര് നിർദ്ദേശിച്ചത് നിർമലാനന്ദ സ്വാമികളായിരുന്നു. കൊല്ലത്തെ അഡ്വക്കറ്റ് എൻ.എസ്.പണ്ടാലയെ പത്രാധിപരായി തീരുമാനിച്ചു. ഇദ്ദേഹം പിന്നീട് സന്യാസം സ്വീകരിച്ച് ആശ്രമവാസിയായി. പുതുപ്പള്ളി പത്മനാഭപിള്ള ബേലൂർ ശ്രീരാമകൃഷ്ണമഠത്തിലേക്ക് കൊല്ലം ആശ്രമം ഭാഗത്ത് ഒരേക്കർ സ്ഥലം ദാനം ചെയ്തു (പ്രബുദ്ധകേരളം 1916 സെപ്റ്റംബർ - വോള്യം 2, ലക്കം-11) കൊല്ലത്ത് നേരത്തെ തന്നെ പ്രവർത്തിച്ചിരുന്ന വേദാന്തസംഘത്തിന്റെ പ്രവർത്തകർ ശ്രീരാമകൃഷ്ണാശ്രമത്തിന്റെ തുടക്കക്കാരായി. 1917-ൽ ആശ്രമം പ്രവർത്തനങ്ങൾ തുടങ്ങി.

കൊല്ലം ആശ്രമത്തിന്റെ പ്രവർത്തനങ്ങളിൽ എടുത്തുപറയത്തക്കതായി ചിലതുണ്ട്. 1918-ൽ ആശ്രമം ആരംഭിച്ച ശ്രീരാമകൃഷ്ണവിലാസം സ്കൂളിൽ ആദ്യമായി പന്ത്രണ്ട് പുലയക്കുട്ടികളെ വിദ്യാർത്ഥികളാക്കി. വിവാഹം കഴിഞ്ഞ പതിനാലുകാരി പെൺകുട്ടിയും ഇവരുടെകൂടെ ഉണ്ടായിരുന്നു. കേരളീയ നവോത്ഥാനപരിശ്രമങ്ങളിൽ പ്രാധാന്യത്തോടെ രേഖപ്പെടുത്തേണ്ട സംഭവമായിരുന്നു ഇത്.

അക്കാലത്തെ സാമൂഹ്യവ്യവസ്ഥയിൽ ദലിതർക്ക് വിദ്യാഭ്യാസം എളുപ്പമായിരുന്നില്ല. അതിനപ്പുറത്ത് വിവാഹിതരായ പെൺകുട്ടികൾക്ക് പഠനസൗകര്യം ഉറപ്പിക്കുക എന്ന ആശയമൊന്നും പരിഷ്കർത്താക്കളുടെ ചിന്തയിൽ വേണ്ടത്ര എത്തിയിരുന്നില്ല. ശൈശവവിവാഹങ്ങൾ സമൂഹത്തിൽ സാർവ്വത്രികമായിരുന്നു. ബാലവിവാഹങ്ങൾ നിരോധിച്ചുകൊണ്ടുള്ള നിയമം പോലും ഇന്ത്യയിൽ നിലവിൽ വന്നത് 1930-

ലായിരുന്നു. (Child marriage Restraint Act, 1929 passed on 28-9-1929) ഈ നിയമമനുസരിച്ച് പെൺകുട്ടികളുടെ കുറഞ്ഞ വിവാഹപ്രായം 14 ആയാണ് നിജപ്പെടുത്തിയിരുന്നത്. 1918 കാലങ്ങളിൽ പത്തും പന്ത്രണ്ടും വയസ്സിൽ വിവാഹിത രാവുന്നവർ നിരവധിയായിരുന്നു. കുടുംബിനിയായ പതിനാലുകാരി ദലിത സമുദായാംഗത്തെ വിദ്യാലയത്തിൽ ചേർത്തു പഠിപ്പിക്കുക എന്നത് എറ്റവും പുരോഗമനപരമായ നടപടിയായി മാറുന്നത് ഈ സാഹചര്യത്തിലാണ്.

ആൺ-പെൺ സമത്വത്തിലേക്കും ജാതിമതങ്ങൾക്കതീതമായി ഉന്നത വിദ്യാഭ്യാസത്തിലേക്കും കേരളം നടന്നെത്തിയത് ശ്രീരാമകൃഷ്ണമഠത്തിന്റെ പ്രവർത്തനങ്ങളിൽ നിന്നായിരുന്നു. ഭാരതീയപാരമ്പര്യത്തിന്റെ സത്തയിൽ ഉറച്ചുനിന്നുകൊണ്ട് ആധുനികവിദ്യാഭ്യാസം നേടണം എന്ന വിവേകാനന്ദദർശനം രാമകൃഷ്ണമിഷൻ നടപ്പാക്കി. സാമൂഹ്യമാറ്റങ്ങളുടെ ചാലകശക്തിയായി സാർവ്വത്രിക വിദ്യാഭ്യാസം മാറുകയായിരുന്നു.

മിഷനറി പ്രവർത്തനങ്ങളുടെ ഫലമായി ക്രിസ്തുമതത്തിലേക്ക് ആകർഷിക്കപ്പെടുന്ന ഹിന്ദുക്കൾ അക്കാലത്ത് ഏറെയുണ്ടായിരുന്നു. നവീനവിദ്യാഭ്യാസസമ്പ്രദായങ്ങളും ഒരു പരിധിവരെ ക്രിസ്തുമതസ്ഥരിൽ ഉണ്ടായിരുന്ന സമത്വവും ഇതിനു ശക്തിപകർന്നു. ഹിന്ദുമതത്തിൽ നിലവിലുണ്ടായിരുന്ന കർക്കശമായ ജാതിവ്യവസ്ഥയും അതിന്റെ ഫലമായി നടന്നുവന്ന ഉച്ചനീചത്വങ്ങളും മതം മാറ്റത്തിന്റെ മറ്റു കാരണങ്ങളായി. ക്രിസ്ത്യൻ സഭകൾ കേരളത്തിൽ ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചിരുന്നു. പഠനത്തിൽ താൽപ്പര്യമുള്ളവരെ ജാതിമത പരിഗണനകൾ ഇല്ലാതെ ഈ സ്ഥാപനങ്ങൾ പ്രവേശിപ്പിച്ചു എന്നത് വസ്തുതയാണ്. കാലാകാലങ്ങളായി തങ്ങൾക്ക് നിഷേധിക്ക പ്പെട്ടിരുന്ന വിദ്യാഭ്യാസം ഇത്തരം

സ്ഥാപനങ്ങളിൽ ലഭിക്കുമെന്ന നിലവന്നപ്പോൾ പിന്നോക്ക ജാതിക്കാരായ ഹിന്ദുക്കൾ കൂട്ടത്തോടെ ക്രിസ്തുമതത്തിലേക്കു മാറി.

എല്ലാവർക്കും തുല്യതയെന്ന മഹത്തായ ആശയം ഉന്നതകുലജാതരേയും ക്രിസ്തുമതത്തിലേക്ക് ആകർഷിച്ചു. ഭാരതീയചിന്തകളെ അപ്പാടെ നിഷേധിച്ച പാശ്ചാത്യവിദ്യാഭ്യാസമായിരുന്നു അന്നത്തെ ക്രൈസ്തവസ്ഥാപനങ്ങൾ പിൻതുടർന്നിരുന്നത്. ഇതിന്റെ അപകടങ്ങൾ വിവേകാനന്ദൻ മുൻകൂട്ടി കണ്ടിരുന്നു. ജാത്യാന്ധത വ്യാപകമായ കേരളീയസമൂഹത്തിൽ ഹിന്ദുക്കളുടെ പകുതിപേരും ക്രിസ്ത്യാനികളായി തീരും എന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞു. ഖത്രിയിലെ പണ്ഡിറ്റ് ശങ്കർലാലിന് 1892 സെപ്റ്റംബർ 20-ന് വിവേകാനന്ദൻ ഇങ്ങനെ എഴുതി.

Come and see what the padres (christian missioneries) are doing in Dakshin. They are converting by lakhs the lower classes of Travencore. The most priest-ridden country in India mearly one-fourth of the population has become Christians.[6]

ജാതി വൈകൃതങ്ങളുടെ പേരിൽ ആ സാഹചര്യം ചൂഷണം ചെയ്ത് വൈദേശികാശയങ്ങളിലേക്കുള്ള മതപരിവർത്തനം ഹിന്ദുമതത്തെയും ഭാരതത്തെയും നശിപ്പിക്കും എന്ന് വിവേകാനന്ദൻ നിരീക്ഷിച്ചു. നിർമ്മലാനന്ദസ്വാമികളുടെ നേതൃത്വത്തിൽ തുടക്കമിട്ട കേരളത്തിലെ ശ്രീരാമകൃഷ്ണപ്രസ്ഥാനം ഹിന്ദുമതനവീകരണരംഗത്ത് ശക്തമായി പ്രവർത്തിച്ചു. ക്രിസ്തുമതത്തിലേക്ക് മാറി ജോൺ എന്ന പേര് സ്വീകരിച്ച ശങ്കരവാരിയരെ കൊല്ലത്തെ പ്രബുദ്ധകേരളം ഓഫീസിൽവെച്ച്

6 Complete works of Swami Vivekananda, Vol V, p. 5; വി.സാ.സ മലയാള പരിഭാഷയിൽ ഭാഗം 3, പുറം 187ൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്.

ശങ്കരവാരിയരാക്കി പുനഃപരിവർത്തനം ചെയ്തു. പുനഃസ്വീകരണം എന്ന വിഷയത്തിൽ പ്രബുദ്ധകേരളം പത്രാധിപരായ എൻ.എസ്.പണ്ടാല പ്രഭാഷണം നടത്തി.[7] ഈ സംഭവത്തെപ്പറ്റി ആഗമാനന്ദസ്വാമികൾ ഇങ്ങനെ പറഞ്ഞു. "ഇതരമതങ്ങളിലേക്ക് പോയവരെ തിരിച്ചെടുക്കേണ്ടത് നമ്മുടെ കർത്തവ്യമാണെന്ന് പഠിപ്പിച്ച വിവേകാനന്ദസ്വാമികളുടെ അനുയായി ശ്രീമദ് നിർമ്മലാനന്ദസ്വാമികളാണ് കേരളത്തിൽ ആദ്യമായി ക്രിസ്തുമതം സ്വീകരിച്ച ആളെ അനേകശതം പേർ നിറഞ്ഞ സദസ്സിൽവെച്ച് ശുദ്ധിചെയ്യിച്ച് ക്ഷേത്രത്തിൽ കടത്തി ആരാധന നടത്തിപ്പിച്ചത്.[8]

മതംമാറ്റം, പൂർവ്വമതത്തിലേക്ക് പുനഃസ്വീകരണം എന്ന പ്രവൃത്തികളുടെ ബാഹ്യാർത്ഥങ്ങൾക്കപ്പുറത്ത് ഭാരതീയപാരമ്പര്യത്തിന്റെ ഗുണാംശങ്ങൾ നിലനിർത്താനും ശക്തിപ്പെടുത്താനും കൊല്ലം ശ്രീരാമകൃഷ്ണാശ്രമം പ്രകടമായി തന്നെ പരിശ്രമിച്ചിരുന്നു.

### 4.5.16 ശ്രീരാമകൃഷ്ണമഠം - വൈറ്റില

നിർമ്മലാനന്ദസ്വാമികളുടെ നിയോഗമനുസരിച്ച് പുരഞ്ജനാനന്ദസ്വാമികളാണ് വൈറ്റിലയിൽ മഠം ആരംഭിച്ചത്. 1947-ൽ തിരുവിതാംകൂർ മഹാരാജാവ് ശ്രീചിത്തിര തിരുനാൾ ബാലരാമവർമ്മയാണ് ആശ്രമത്തിന്റെ ഉൽഘാടനം നിർവ്വഹിച്ചത്. കൊച്ചി രാജകുടുംബത്തിന്റെ മേൽനോട്ടത്തിൽ പള്ളുരുത്തി കേന്ദ്രമാക്കി സാധുജന വിഭാഗങ്ങൾക്ക് വേണ്ടി രാമവർമ്മ പുവർഹോം നടത്തിയിരുന്നു. രാജകുടുംബം ഇതെല്ലാം നിർമ്മലാനന്ദ സ്വാമികളെ ഏൽപ്പിച്ചു. രാമകൃഷ്ണാശ്രമത്തിന്റെ ഭാഗമായി ഒരു സാധുജനഭവനവും ശാരദാശ്രമവും പ്രവർത്തിച്ചിരുന്നു.

---

7 പ്രബുദ്ധകേരളം - 1919 വോള്യം 4, ലക്കം 7.

8 ആഗമാനന്ദസ്വാമികൾ, ശ്രീരാമകൃഷ്ണാശ്രമം രജതജൂബിലി പതിപ്പ്, തിരുവല്ല, 1955, പുറം 27

### 4.5.16 ശ്രീരാമകൃഷ്ണാശ്രമം: വള്ളിക്കോട്

പെൺകുട്ടികൾക്ക് പഠിക്കാൻ ഒരു പള്ളിക്കൂടം തുടങ്ങേണ്ടതിനായി ഉദ്ദേശിച്ചിരുന്ന സ്ഥലം വിവേകാനന്ദഭക്തനായ ഉടമസ്ഥൻ രാമകൃഷ്ണമിഷനിലെ നിരഞ്ജനാനന്ദ സ്വാമികൾക്കു കൈമാറി. 1926-ൽ വള്ളിക്കോട് ആശ്രമം പ്രവർത്തനം തുടങ്ങി. തിരുവല്ല ആശ്രമത്തിന്റെ ശാഖയായി പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം ഇപ്പോൾ തൃശ്ശൂർ ശ്രീരാമകൃഷ്ണമഠത്തിന്റെ കീഴിലാണ്.

കേരളത്തിലെങ്ങും വിവേകാനന്ദദർശനത്തിന്റെ സ്വാധീനത്താൽ ധാരാളം ആശ്രമങ്ങളും ഭജനമഠങ്ങളും സ്ഥാപിതമായിരുന്നു. കോട്ടയം മറ്റക്കര ശ്രീരാമകൃഷ്ണാശ്രമം, തിരുവല്ല പുരുഷോത്തമനന്ദാശ്രമം, ദേശമംഗലം ശ്രീരാമകൃഷ്ണ തപോമന്ദിരം, ചേറ്റൂർ ശ്രീരാമകൃഷ്ണാശ്രമം, കല്ലൂർ ശ്രീരാമകൃഷ്ണസേവാശ്രമം, ചെറുശ്ശേരി വിവേകാനന്ദ സേവാകേന്ദ്രം, പുറമേരി ശ്രീരാമകൃഷ്ണ വിവേകാനന്ദ ചാരിറ്റബൾ ട്രസ്റ്റ്, വൈക്കം ശ്രീരാമകൃഷ്ണ പുരഞ്ജനാനന്ദാശ്രമം, പാലോട് വിവേകാനന്ദ യോഗ-വേദാന്ത ആശ്രമം, ചുങ്കത്തറ വിവേകാനന്ദവിജ്ഞാനകേന്ദ്രം നിലമ്പൂർ പാലേമാട് ശ്രീരാമകൃഷ്ണാശ്രമം, ഫറോക്ക് സ്വാമി ത്രൈലോക്യാനന്ദ വിജ്ഞാനഭവനം, നിലമ്പൂർ വേങ്ങാംപരത വിവേകാനന്ദ സ്റ്റഡി സെന്റർ, ധർമ്മടം ശ്രീരാമകൃഷ്ണാശ്രമം എന്നിവ പലപ്പോഴായി സ്ഥാപിക്കപ്പെട്ടതും പ്രവർത്തിച്ചുവന്നവയും ആണ്. തൃശ്ശൂർ എളവള്ളിയിലും പാലക്കാട് നല്ലേപ്പിള്ളിയിലും ശ്രീരാമകൃഷ്ണാശ്രമങ്ങൾ ഉണ്ടായിരുന്നു. 2002-ലാണ് നല്ലേപ്പിള്ളി ശ്രീരാമകൃഷ്ണ ശാരദാ സേവാസമിതി പ്രവർത്തനം തുടങ്ങിയത്.

### 4.6 നിർമ്മലാനന്ദസ്വാമികളും കേരളത്തിലെ ശ്രീരാമകൃഷ്ണമഠങ്ങളും

വിവേകാനന്ദന്റെ സഹോദരസന്യാസിയായിരുന്നു നിർമ്മലാനന്ദസ്വാമികൾ. പൂർവ്വാശ്രമത്തിൽ തുളസീചരൺദത്ത്. 1886-ലാണ് നിർമ്മലാനന്ദസ്വാമികളായി

സന്യാസദീക്ഷ സ്വീകരിച്ചത്. 1897 മെയ് 1-ന് സ്വാമി വിവേകാനന്ദന്റെ മുൻകൈയ്യിൽ രാമകൃഷ്ണമിഷൻ തുടങ്ങി. 1900-ൽ നിർമ്മലാനന്ദസ്വാമികൾ മഠത്തിന്റെ അസിസ്റ്റന്റ് സെക്രട്ടറിയും ബാംഗ്ലൂർ ശ്രീരാമകൃഷ്ണാശ്രമത്തിന്റെ അധ്യക്ഷനുമായി. നിർമ്മലാനന്ദ സ്വാമികൾ 1911-ലാണ് ആദ്യമായി കേരളത്തിൽ എത്തുന്നത്. തുടർന്നുള്ള 27 വർഷങ്ങൾ (1911-1938) കൊണ്ട് അദ്ദേഹം കേരളത്തിൽ 17 ശ്രീരാമകൃഷ്ണാശ്രമങ്ങൾ സ്ഥാപിച്ചു. 33 സന്യാസശിഷ്യന്മാർ ഇക്കാലയളവിൽ കേരളത്തിലുണ്ടായി. വിദ്യാസമ്പന്നരായ കേരളീയരിൽ ശ്രീരാമകൃഷ്ണവിവേകാനന്ദസന്ദേശം തീക്ഷ്ണമായി പ്രവർത്തിച്ചത് നിർമ്മലാനന്ദസ്വാമികളുടെ കാലത്താണ്. 1936ലും 1938ലും ആണ് യഥാക്രമം തിരുവിതാംകൂറിലും കൊച്ചിയിലും അവർണർക്ക് ക്ഷേത്രപ്രവേശനം അനുവദിച്ചത്. എന്നാൽ കേരളത്തിലെ ശ്രീരാമകൃഷ്ണാശ്രമങ്ങളിലും ബന്ധപ്പെട്ട ക്ഷേത്രങ്ങളിലും അതിനു പതിറ്റാണ്ടുകൾക്കുമുമ്പുതന്നെ നാനാജാതിമതസ്ഥർക്കു പ്രവേശനം നൽകിയിരുന്നു. ധാരാളം അവർണർ പൂജാരിമാരായും ഉണ്ടായി.

കേരള നവോത്ഥാനത്തിന് ചാലകശക്തിയായി വിവേകാനന്ദദർശനം പ്രത്യക്ഷമായും പരോക്ഷമായും പ്രവർത്തിച്ചു. വിദ്യാസമ്പന്നരും മുന്നോക്ക ജാതിക്കാരുമായ രാജകുടുംബാംഗങ്ങളിലും ബ്രാഹ്മണക്ഷത്രിയരിലും നിർമ്മലാനന്ദ സ്വാമികളുടെ പ്രവർത്തനങ്ങൾ അദ്വൈതദർശനത്തിന്റെ മഹത്വം വിളംബരം ചെയ്തു. കേരളത്തിലെ ആശ്രമങ്ങൾ സ്ഥാപിക്കുന്നതിന് ആളും അർത്ഥവും നൽകാൻ രാജകുടുംബാംഗങ്ങൾ പൊതുവേ താൽപര്യം കാണിച്ചിരുന്നു. ഭാരതീയചിന്തകളുടെ അന്തസ്സത്ത സമത്വവും സാഹോദര്യവുമാണെന്ന് നിർമ്മലാനന്ദസ്വാമികൾ തന്റെ പ്രസംഗങ്ങളിൽ ആവർത്തിച്ചു പറഞ്ഞിരുന്നു.[9] സ്വാമികളുടെ പാണ്ഡിത്യവും എളിമയും

---

9 കേരളത്തിലെ ശ്രീരാമകൃഷ്ണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചതും ശക്തി പകർന്നതും 1913-ൽ ആദ്യത്തെ ശ്രീരാമകൃഷ്ണമഠം സ്ഥാപിച്ച നിർമ്മലാനന്ദസ്വാമികളായിരുന്നു.

സമർപ്പണമനോഭാവവും ഹിന്ദുക്കളിലും തദ്വാരാ പൊതുസമൂഹത്തിലും വലിയ മാറ്റങ്ങൾക്കു കാരണമായി.

### 4.6.1 ശ്രീരാമകൃഷ്ണസംഘം: കൊല്ലങ്കോട്

വിവേകാനന്ദാശയങ്ങളിൽ വലിയ താൽപര്യമുണ്ടായിരുന്ന കൊല്ലങ്കോട് (ഇന്നത്തെ പാലക്കാട് ജില്ല) വലിയ റാണി വിവേകാനന്ദസ്വാമികളുടെ സഹോദര സന്യാസിയായ നിർമ്മലാനന്ദസ്വാമികളെ കൊട്ടാരത്തിലേക്ക് ക്ഷണിച്ചുവരുത്തി (1912). സ്വാമികളുടെ കൂടെ വിദ്വാനും ഭാഗവതജ്ഞനുമായ പണ്ഡിറ്റ് ഗോപാലൻ നായരും ഉണ്ടായിരുന്നു.[10] തുടർന്ന് അവിടെ ഒരു ഭജനസംഘവും 40 വർഷങ്ങൾക്കു ശേഷം 1952-ൽ കൊല്ലങ്കോട് ആശ്രമവും സ്ഥാപിക്കപ്പെട്ടു.

## 4.7 വിവേകാനന്ദ കേന്ദ്ര വേദിക് വിഷൻ ഫൗണ്ടേഷൻ, കൊടുങ്ങല്ലൂർ

വിവേകാനന്ദ സ്വാമികളുടെ കേരളയാത്രയിൽ സ്വാമികൾ മൂന്നു ദിനരാത്രങ്ങൾ തങ്ങിയ സ്ഥലമായിരുന്നു കൊടുങ്ങല്ലൂർ. സംസ്കൃതത്തിൽ സംസാരിച്ചിരുന്ന ഇവിടത്തെ വനിതകളെപ്പറ്റി പിന്നീട് വിവേകാനന്ദൻ പരാമർശിക്കുന്നുണ്ട്.[11] കോവിലകങ്ങളിൽ അക്കാലം സംസ്കൃതം വിദുഷികൾ ധാരാളമുണ്ടായിരുന്നു. പണ്ഡിറ്റ് കെ.പി.കറുപ്പനെ പോലുള്ള അധ:കൃതസമുദായക്കാരും കൊടുങ്ങല്ലൂർ താമസിച്ച് സംസ്കൃതം അഭ്യസിച്ചിരുന്നു. കൊടുങ്ങല്ലൂർ ആദ്യകാലം ശ്രീരാമകൃഷ്ണമഠങ്ങളോ വിവേകാനന്ദ സ്മാരകങ്ങളോ ഉണ്ടായിരുന്നില്ല. കന്യാകുമാരി വിവേകാനന്ദസ്മാരകത്തിന്റെ രജതജൂബിലി ഭാഗമായി സംഘടിപ്പിക്കപ്പെട്ട ഭാരതപരിക്രമയാത്രക്ക് കൊടുങ്ങല്ലൂരിൽ

---

10 വിഷ്ണുഭാഗവതത്തിന്റെ ആധികരാകമായ മലയാളം വ്യാഖ്യാനം രചിച്ചത് പണ്ഡിറ്റ് പി. ഗോപാലൻ നായരാണ് (ഗുരുവായൂർ ദേവസ്വം പ്രസിദ്ധീകരണം).

11 1895 ജൂലൈ 15-ാം തിയ്യതി അമേരിക്കയിലെ തൗസന്റ് ഐലന്റ് പാർക്കിൽ വിവേകാനന്ദൻ ചെയ്ത പ്രസംഗത്തിൽ ഇക്കാര്യം പരാമർശിക്കുന്നുണ്ട് - വി.ടി. ഇന്ദുചൂഡൻ, '................', പ്രബുദ്ധകേരളം, 1992, പുറം 418.

സ്വീകരണം നൽകിയിരുന്നു. അന്ന് വിവേകാനന്ദകേന്ദ്രത്തിന് ലഭിച്ച സ്ഥലത്ത് വിവേകാനന്ദ കേന്ദ്ര വേദിക് വിഷൻ ഫൗണ്ടേഷൻ ട്രസ്റ്റ് 1995-ൽ രൂപം കൊണ്ടു. കുട്ടികൾക്കായി വൃന്ദാവനവും സാന്ദീപനി ശിശുവിഹാറും ഇവിടെ പ്രവർത്തിക്കുന്നു. ആധ്യാത്മികവിഷയങ്ങളിൽ ക്ലാസുകളും പ്രഭാഷണങ്ങളും വിവേകാനന്ദദർശന സംബന്ധിയായ ഗവേഷണ പ്രവർത്തനങ്ങളും ഇവിടെ നടന്നുവരുന്നു.

## 4.8 ശാരദാമഠം

ശ്രീരാമകൃഷ്ണപരമഹംസരുടെ ധർമ്മപത്നിയായിരുന്നു ശാരദാദേവി. രാമകൃഷ്ണാമിഷൻ 1897-ൽ സ്ഥാപിക്കപ്പെട്ടിരുന്നു. എന്നാൽ വനിതകളുടെ സമുദ്ധാരണത്തിനായി ഒരു പ്രസ്ഥാനം ആരംഭിക്കുന്നത് ശാരാദാദേവിയുടെ ജന്മശതാബ്ദി വർഷമായ 1954-ലാണ്. രാമകൃഷ്ണാമിഷന്റെ കീഴിലുള്ള എല്ലാ വനിതാ സ്ഥാപനങ്ങളും ശാരദാമിഷന്റെ കീഴിലേക്കു മാറി. സ്ത്രീകൾക്ക് സന്യാസം സ്വീകരിച്ച് പ്രവർത്തിക്കാൻ ശാരദാമഠം വഴിയൊരുക്കി. ശാരാദാമഠം രൂപം കൊള്ളുന്നതിന് ആറു വർഷങ്ങൾ മുമ്പുതന്നെ (1948) ഒറ്റപ്പാലം പാലപ്പുറത്ത് ശ്രീരാമകൃഷ്ണാശ്രമം സ്ഥാപിച്ചിരുന്നു. ഇതിനു കീഴിൽ വനിതകൾക്കായി പ്രത്യേക ആശ്രമസംവിധാനം പ്രവർത്തിച്ചു വന്നു. നിർമ്മലാനന്ദ സ്വാമികളുടെ പരിശ്രമഫലമായി തുടങ്ങിയ ആശ്രമത്തിൽ നിന്നും ഏഴു വനിതകൾ 1953-ൽ തന്നെ സന്യാസം സ്വീകരിച്ചു.

1958 മുതൽ 1990 വരെയുള്ള 37 വർഷക്കാലം ചിദാനന്ദമാതാജിയായിരുന്നു ഒറ്റപ്പാലം ശാരദാശ്രമത്തെ നയിച്ചിരുന്നത്. "നമ്പൂതിരി സമുദായത്തിലെ സ്ത്രീകളിൽ ആദ്യ ബിരുദധാരിയായിരുന്നു ചിദാനന്ദമാതാജി. പൂർവ്വാശ്രമത്തിലെ പേര് ഭുവനേശ്വരി. ഔദ്യോഗികമായി ശാരദാമഠം കൽക്കത്തയിൽ നിലവിൽ വരുന്നതിനുമുമ്പുതന്നെ ഒറ്റപ്പാലം ആശ്രമത്തിനു കീഴിൽ വനിതകൾക്ക് സന്യാസം നൽകിയിരുന്നു.

കേരളത്തിലെ നവോത്ഥാനപരിശ്രമങ്ങളുടെ മുൻപിൽ തന്നെയായിരുന്നു ശാരദാശ്രമത്തിന്റെ സ്ഥാനം".[12] തൃശ്ശൂർ പുറനാട്ടുകരയിൽ 1927-ലും കോഴിക്കോട് 1955-ലും തിരുവനന്തപുരത്ത് 1973-ലും എറണാകുളത്ത് 1984-ലും ശാരദാശ്രമങ്ങൾ പ്രവർത്തനം തുടങ്ങി. ഇവയ്ക്കുപുറമേ മാവേലിക്കരയിലും പാലക്കാട്ടും പട്ടാമ്പിയിലും ശാരദാസമാജങ്ങൾ പ്രവർത്തിച്ചിരുന്നു.

നിർമ്മലാനന്ദസ്വാമികളുടെ സമാധിക്കുശേഷം ഒറ്റപ്പാലം ശ്രീരാമകൃഷ്ണ നിരഞ്ജനാശ്രമം കേന്ദ്രീകരിച്ച് ദാക്ഷിണാത്യ ശ്രീരാമകൃഷ്ണനിർമ്മലാനന്ദമണ്ഡലം എന്ന സംഘടന ആരംഭിച്ചു. 1938-ലായിരുന്നു ഇതിന്റെ പ്രഥമസമ്മേളനം. അതിനുമുമ്പ് 1930-നും 1935-നും ഇടക്ക് മിഷന്റെ ബാംഗ്ലൂർ ആശ്രമം കേന്ദ്രീകരിച്ച് ഗൗരവമായ കോടതി വ്യവഹാരം ഉണ്ടായി. ഇതെല്ലാം കേരളത്തിലെ ശ്രീരാമകൃഷ്ണപ്രസ്ഥാനത്തെ അടിമുടി ഉലച്ചു. ഒരുകാലത്ത് ബംഗാൾ കഴിഞ്ഞാൽ ഏറ്റവുമധികം സന്യാസിമാർ കേരളത്തിൽ നിന്നായിരുന്നു. മിഷന്റെയും മഠത്തിന്റെയും പരമാധ്യക്ഷപദവിവരെ എത്തിയ രംഗനാഥാനന്ദ സ്വാമികൾ, കാലടി രാമകൃഷ്ണ-അദ്വൈതാശ്രമത്തിന്റെ സ്ഥാപകനും മതപ്രചാരകനും വിദ്യാഭ്യാസചിന്തകനുമായിരുന്ന ആഗമാനന്ദസ്വാമികൾ, പിന്നീട് ചിന്മയാ മിഷന്റെ ആഗോളസാരഥ്യത്തിലുള്ള തത്വമയാനന്ദസ്വാമികൾ തുടങ്ങിയവരെല്ലാം മലയാളികളായ സന്യാസിവര്യന്മാരാണ്.

**കേരളീയനവോത്ഥാനത്തിലെ ആദ്ധ്യാത്മികത**

മാനവസമത്വത്തെ അടിസ്ഥാനമാക്കിയുള്ള കർമ്മപദ്ധതികളാണ് ശ്രീരാമകൃഷ്ണ പ്രസ്ഥാനം പ്രാവർത്തികമാക്കുന്നത്. ആത്മീയപ്രവർത്തനങ്ങൾ സാമൂഹികമാറ്റങ്ങൾക്ക്

[12] രാജീവ് ഇരിങ്ങാലക്കുട, സ്വാമി വിവേകാനന്ദനും കേരളവും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം: 2012, പുറം 88.

താത്വികമായ അടിത്തറയൊരുക്കി. ജാത്യാന്ധതക്കെതിരെ നടന്ന കേരളീയ നവോത്ഥാന പരിശ്രമങ്ങളിൽ മുഖ്യസ്ഥാനം ശ്രീനാരായണഗുരുദേവന്റെ സുപ്രസിദ്ധമായ അരുവിപ്പുറം പ്രതിഷ്ഠക്കാണ് (1888). നാലുവർഷം കഴിഞ്ഞ് 1892-ൽ സ്വാമി വിവേകാനന്ദന്റെ കേരളാ സന്ദർശനവും പിന്നീടുണ്ടായ ചർച്ചകളും കേരളത്തിന്റെ നവോത്ഥാന പ്രവർത്തനങ്ങൾക്ക് കൃത്യമായ പാത അടയാളപ്പെടുത്തി. **1902ൽ** ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ ധർമ്മപരിപാലനയോഗം പ്രവർത്തനമാരംഭിച്ചു. രാമകൃഷ്ണമിഷൻ പ്രവർത്തനങ്ങളും അതോടൊപ്പംതന്നെ കേരളത്തിൽ ത്വരിതഗതിയിൽ നടന്നു. ആധ്യാത്മിക പ്രസ്ഥാനമായ രാമകൃഷ്ണാശ്രമം സാമൂഹികമായ പല മാറ്റങ്ങൾക്കും പ്രത്യക്ഷവും പരോക്ഷവുമായി ശക്തി പകർന്നു. വിവേകാനന്ദന്റെ നിർദ്ദേശപ്രകാരം സന്യാസിവര്യനായ ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ മഹാകവി കുമാരനാശാൻ സാരഥ്യം വഹിച്ച ശ്രീനാരായണ പരിപാലനയോഗം ഭാരതീയ പാരമ്പര്യത്തിൽ ഉറച്ചുനിന്ന് കേരളീയ നവോത്ഥാനത്തെ മുന്നോട്ടു കൊണ്ടുപോയി. സംഘടന എന്ന നിലയിൽ നിരവധി പ്രാദേശിക ശാഖകളും യോഗം തുടങ്ങി. കേരളമെങ്ങും ശാഖകളും സത്സംഗയോഗങ്ങളുമായി പ്രവർത്തിച്ചു വന്ന രാമകൃഷണമിഷൻ മഠങ്ങൾ സമത്വമെന്ന ആശയത്തിലൂന്നി പ്രവർത്തിച്ച് നവോത്ഥാനശ്രമങ്ങൾക്കാവശ്യമായ ചിന്താസരണി ഒരുക്കി. ആശ്രമങ്ങളിൽ ജാതി ഇല്ല. എല്ലാവരും ഒന്നിച്ചു തന്നെ ഭക്ഷണം കഴിക്കും. മാനവസേവ മാധവസേവ എന്ന ആപ്തവാക്യവുമായി ആതുരസേവനം ആശ്രമം ഏറ്റെടുത്തു. നിർധനരെയും നിസ്സഹായരെയും സേവിക്കുന്നത് ആരാധനയായി തന്നെ ആശ്രമത്തിലെ സന്യാസിവര്യന്മാർ കരുതി.

അധ:സ്ഥിത ജനവിഭാഗങ്ങൾക്കും സ്ത്രീകൾക്കും വിദ്യാഭ്യാസമൊരുക്കാൻ രാമകൃഷ്ണമഠങ്ങൾ സൗകര്യമൊരുക്കി. ക്ഷേത്രപ്രവേശനവിളംബരങ്ങൾക്കും എത്രയോ മുമ്പുതന്നെ മഠങ്ങളിൽ ജാതിമത വിവേചനം ഇല്ലായിരുന്നു. വിവിധ

വിഭാഗങ്ങളിൽപ്പെട്ടവർ മഠം ക്ഷേത്രങ്ങളിൽ പൂജാരിമാരായി. ഹൈന്ദവ സമൂഹത്തിലെ വിദ്യാസമ്പന്നരിലും ഒപ്പം ഉന്നത ശ്രേണിയിലുള്ള ജന്മി നാടുവാഴികളിലും വിവേകാനന്ദ സന്ദേശം ഏറെ സ്വാധീനം ചെലുത്തി. "ഭക്തന്മാർക്കിടയിൽ ജാതിയില്ല" എന്ന ശ്രീരാമകൃഷ്ണവചനം കേരളീയ നവോത്ഥാനത്തിന്റെ ആധ്യാത്മിക മുദ്രാവാക്യം തന്നെയായി.

സമൂഹം പുലർത്തിവന്ന ജാത്യാന്ധത കേരളീയ സമൂഹത്തെ സാരമായി ബാധിച്ചിരുന്നു. കഷ്ടപ്പാടുകളും ദുരിതങ്ങളും അധഃസ്ഥിതരെ ക്രിസ്തുമതത്തിലേക്ക് ആകർഷിക്കപ്പെടാൻ കാരണമായി. ഇവിടെയും പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്ക പ്പെട്ടിരുന്നില്ല. സാമ്പത്തികാസമത്വങ്ങൾക്കും ജാതിപ്പിശാചിനും എതിരായി ജനങ്ങളെ സംഘടിപ്പിച്ച് സായുധസമരങ്ങൾ വരെ നടത്തിയ കേരളത്തിലെ കമ്മ്യൂണിസ്റ്റ്, സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങൾ ഭൗതികമായ മാറ്റങ്ങളാണ് ലക്ഷ്യംവെച്ചത്. അതേസമയം വിവേകാനന്ദദർശനത്തിന്റെ സത്ത ഉൾക്കൊണ്ടുകൊണ്ട് രാമകൃഷ്ണമിഷൻ നടത്തിയ ആശയപ്രചാരണങ്ങളും പ്രവർത്തനങ്ങളും ജനങ്ങളുടെ ഭൗതികവും ആത്മീയവുമായ പുരോഗതിയാണ് മുന്നിൽ കണ്ടത്. ഗുണപരമായ പുരോഗമനാശയങ്ങളെ മഠം ഒരിക്കലും തള്ളിപ്പറഞ്ഞില്ല. അതിലെ നന്മകളെ സ്വാംശീകരിക്കുകയും ചെയ്തു. അബ്രാഹ്മണർക്കും വേദേതിഹാസങ്ങളിലേക്ക് പ്രവേശിക്കാൻ മഠം അവസരമൊരുക്കി. ജാതിയുടെ പേരിലുള്ള പീഡനങ്ങളിൽ നിന്നും രക്ഷനേടാൻ മതപരിവർത്തനമല്ല പരിഹാരമെന്ന് രാമകൃഷ്ണാശ്രമങ്ങൾ ജനങ്ങളെ ഒരു പരിധിവരെ ബോധ്യപ്പെടുത്തി.

എല്ലാവർക്കും നല്ല വിദ്യാഭ്യാസവും ഭൗതികസൗകര്യങ്ങളും ഒരുക്കാൻ രാമകൃഷ്ണമഠങ്ങൾ ശ്രദ്ധിച്ചിരുന്നു. സാംക്രമിക രോഗങ്ങളും പ്രകൃതീദുരിതങ്ങളും സമൂഹത്തെ ബാധിച്ചപ്പോൾ രക്ഷകരായി മുന്നിട്ടിറങ്ങി. കുഷ്ഠരോഗികൾക്കു കൈത്താങ്ങായി.

ദലിതർക്ക് വിദ്യാഭ്യാസം നൽകാനായി പൊതുവിദ്യാലയങ്ങളും അവരെ താമസിപ്പിച്ച പഠിപ്പിക്കാനായി ഹോസ്റ്റലുകളും ആരംഭിച്ചു. കേരളത്തിന്റെ ചിന്താമണ്ഡലത്തിൽ എന്നും വെളിച്ചം പകരാനായി ശ്രീരാമകൃഷ്ണന്റെ വചനാമൃതവും വിവേകാനന്ദന്റെ സാഹിത്യ സർവ്വസ്വവും മലയാളത്തിലേക്ക് മൊഴി മാറ്റി പ്രസിദ്ധീകരിച്ചു.

നവോത്ഥാന കേരളം ഏറെക്കുറെ ലക്ഷ്യം കണ്ട സാമൂഹ്യസമത്വം നടപ്പിൽ വരുത്തിയതിൽ വിവേകാനന്ദദർശനത്തിന്റെ സ്വാധീനത്തിൽ രൂപപ്പെട്ട ചെറുതും വലുതുമായ സ്ഥാപനങ്ങളുടെ ശ്രദ്ധേയമായ പങ്കാളിത്തം ഉണ്ടായിരുന്നു.

# അധ്യായം 5

# മലയാളസാഹിത്യം വിവേകാനന്ദനെ വായിക്കുന്നു

**ആമുഖം**

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെന്നപോലെ മലയാളസാഹിത്യമണ്ഡലത്തിലും ശ്രീരാമകൃഷ്ണ-വിവേകാനന്ദചിന്തകളുടെ സ്വാധീനമുണ്ടായി. വിവേകാനന്ദന്റെയും ഗുരുവായ രാമകൃഷ്ണപരമഹംസരുടെയും അനേകം ജീവചരിത്രപുസ്തകങ്ങൾ മലയാളഭാഷയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് (അനുബന്ധം 1). വിവേകാനന്ദചിന്തകളെ പിന്തുടർന്ന മലയാള സാഹിത്യകാരന്മാരെ ഈ അദ്ധ്യായത്തിൽ പരിചയപ്പെടുത്തുന്നു. വിവേകാനന്ദ ദർശനങ്ങളും ആദ്ധ്യാത്മികതത്വങ്ങളും അടിസ്ഥാനമാക്കി രചനകൾ നടത്തിയ രാമകൃഷ്ണ മിഷനിലെ സന്യാസിമാരുടെ പ്രവർത്തനങ്ങളും ഇവിടെ ചർച്ച ചെയ്യുന്നുണ്ട്. മലയാളത്തിലെ സർഗ്ഗസൃഷ്ടികളിൽ വിവേകാനന്ദദർശനത്തിന്റെ സ്വാധീനം വ്യക്തമാക്കാൻ കുമാരനാശാന്റെ സാഹിതീയപ്രവർത്തനങ്ങൾ പ്രാതിനിധ്യസ്വഭാവ ത്തോടെ പരിശോധിക്കുന്നു. വിവേകാനന്ദചിന്തകളോടുള്ള മലയാളത്തിലെ മറ്റു എഴുത്തുകാരുടെ സാഹിതീയപ്രതികരണങ്ങളും സാമാന്യമായി അവലോകനം ചെയ്യുന്നു. വിവേകാനന്ദസാഹിത്യസർവ്വസ്വം മലയാളത്തിൽ പ്രസിദ്ധീകരിച്ചതിന്റെ (1963) ചരിത്രവും ഈ അദ്ധ്യായത്തിൽ വിശദമാക്കുന്നുണ്ട്.

**5.1 വിവേകാനന്ദസാഹിത്യം മലയാളത്തിൽ**

1893 സെപ്തംബർ 11ന് ചിക്കാഗോവിലെ ലോകമതസമ്മേളനത്തിൽ വിവേകാനന്ദൻ അവതരിപ്പിച്ച പ്രസംഗമാണ് അദ്ദേഹത്തിന്റേതായി രേഖപ്പെടുത്ത

പ്പെട്ടതിൽ ആദ്യത്തേത്. 1902 ജൂലൈ നാലിനായിരുന്നു വിവേകാനന്ദന്റെ സമാധി. ഒമ്പതുവർഷം എന്ന ഹ്രസ്വമായ കാലയളവിൽ വിവേകാനന്ദൻ നടത്തിയ പ്രസംഗങ്ങളും എഴുതിയ ലേഖനങ്ങളും കവിതകളടക്കമുള്ള സാഹിത്യരൂപങ്ങളും വിവേകാനന്ദസാഹിത്യം എന്ന പേരിൽ അറിയപ്പെടുന്നു. ''The Complete works of Swami Vivekananda' എട്ടു ഭാഗങ്ങളായി അൽമോറ അദ്വൈതാശ്രമത്തിൽ നിന്നും ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചു (1907 മുതൽ).

### 5.1.1 വിവേകാനന്ദസാഹിത്യസർവ്വസ്വം

ശ്രീരാമകൃഷ്ണാശ്രമത്തിലെ സന്യാസിമാരായ ഈശ്വരാനന്ദ, വിമലാനന്ദ, ത്രൈലോക്യാനന്ദ തുടങ്ങിയവരും സാഹിത്യകാരന്മാരായ കുട്ടികൃഷ്ണമാരാർ, എസ്. ഗുപ്തൻനായർ, പി, ശേഷാദ്രി എന്നിവരും ചേർന്ന പത്രാധിപസമിതിയാണ് മലയാളത്തിലേക്ക് complete works of Swami Vivekananda പരിഭാഷപ്പെടുത്താൻ നേതൃത്വം നൽകിയത്. മൂലഭാഷയായ ഇംഗ്ലീഷിൽ നിന്നുമായിരുന്നു മലയാള വിവർത്തനം. 1963-ൽ എഴു വാല്യങ്ങളായാണ് 'വിവേകാനന്ദസാഹിത്യസർവ്വസ്വം' മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്. യോഗത്രയം, ജ്ഞാനയോഗം, ഉത്തിഷ്ഠഭാരത, തത്ത്വാന്വേഷണം, കത്തുകൾ, സംഭാഷണങ്ങൾ, മഹച്ചരിതങ്ങളും കവിതകളും എന്നിങ്ങനെയാണ് മലയാളം വാല്യങ്ങൾ. ഈ ബൃഹദ് ഗ്രന്ഥത്തിന് 3839 പുറങ്ങളുണ്ട്.

വിവേകാനന്ദന്റെ ജന്മശതാബ്ദി വർഷമായിരുന്നു 1963. വിവേകാനന്ദ സാഹിത്യസർവ്വസ്വം മലയാളം പരിഭാഷയുടെ ഒന്നു മുതൽ മൂന്നു വരെ വോല്യങ്ങൾ ഇതോടനുബന്ധിച്ചായിരുന്നു പ്രകാശനം ചെയ്തത്. പുറനാട്ടുകര ശ്രീരാമകൃഷ്ണമഠമായിരുന്നു പ്രസാധകർ. അച്ചടി കോഴിക്കോട് മാതൃഭൂമി പ്രസ്സിലും. വിവേകാനന്ദസാഹിത്യസർവ്വസ്വം പരിഭാഷയും മറ്റു പ്രവർത്തനങ്ങളും നടന്നത് കോഴിക്കോട് മീഞ്ചന്തയിലുള്ള രാമകൃഷ്ണമഠം

കേന്ദ്രീകരിച്ചാണ്. ഇതിന്റെ തുടക്കക്കാരനായി ത്രൈലോക്യാനന്ദസ്വാമികൾ പുറനാട്ടുകരയിൽ നിന്നും കോഴിക്കോട്ടെത്തി സന്യാസിവര്യനായ പ്രകാശാനന്ദ സ്വാമികൾ, വിമലാനന്ദസ്വാമികൾ എന്നിവരും എസ്. ഗുപ്തൻനായർ, കുട്ടികൃഷ്ണമാരാർ. സി.എച്ച് കുഞ്ഞപ്പ മുതലായ സാഹിത്യനായകരും വിവേകാനന്ദസാഹിത്യ സർവ്വസ്വത്തിന്റെ മലയാളപരിഭാഷ തയ്യാറാക്കാൻ സഹകരിച്ചു. കവി കുഞ്ഞുണ്ണി മാഷ് അക്കാലത്ത് കോഴിക്കോട് സേവാശ്രമത്തിലെ അന്തേവാസിയും രാമകൃഷ്ണമിഷൻ സ്കൂളിലെ അധ്യാപകനുമായിരുന്നു. അദ്ദേഹം ഈ സംരംഭത്തിൽ പ്രത്യേകിച്ച് വിവേകാനന്ദസാഹിത്യസർവ്വസ്വം മലയാളപരിഭാഷയുടെ പ്രൂഫ്റീഡിംഗിൽ സഹായിച്ചു. വിവേകാനന്ദസാഹിത്യസർവ്വസ്വത്തിന്റെ എഡിറ്റോറിയൽ ബോർഡ് പ്രസിഡണ്ട് ഈശ്വരാനന്ദ സ്വാമികളായിരുന്നു. സ്വാമി വിമലാനന്ദ, സ്വാമി ത്രൈലോക്യാനന്ദ, പി ശേഷാദ്രി, കുട്ടികൃഷ്ണമാരാർ, എസ്. ഗുപ്തൻനായർ മുതലായവർ അംഗങ്ങൾ. സാഹിത്യ സർവ്വസ്വത്തിലെ വിവിധഭാഗങ്ങൾ പരിഭാഷപ്പെടുത്തിയത് പ്രശസ്ത വ്യക്തികളായിരുന്നു. 1963ൽ ആദ്യ മൂന്ന് വോള്യങ്ങൾ പ്രസിദ്ധപ്പെടുത്തിയെങ്കിലും നാല് മുതൽ ഏഴ് വരെ വോള്യങ്ങൾ തുടർന്ന് ഒരു വർഷത്തിനുള്ളിലാണ് പ്രകാശനം ചെയ്തത്.

"വിവേകാനന്ദസ്വാമികൾ 1893 സെപ്തംബർ 11-ാം തീയ്യതി ആണ് ലോകസമക്ഷം ആദ്യമായി ഒരു പ്രസംഗം ചെയ്തത്. 1902 ജൂലൈ 4ന് സ്വാമികൾ മഹാസമാധിയായി. ഈ ഒമ്പതു കൊല്ലത്തിനകം അവിടുന്നു ചെയ്ത പ്രസംഗങ്ങൾ വളരെയാണ്. അതിൽ കുറച്ചു മാത്രമേ നമുക്കു രേഖപ്പെടുത്തിയിട്ടുള്ളൂ. ഇത്രയെങ്കിലും കൈവന്നതിന്, സ്വാമിജിയുടെ ഇംഗ്ലീഷ് സെക്രട്ടറി യുവാവായ ജെ.ജെ. ഗുഡ്വിനോടാണ് ലോകത്തിന് കടപ്പാട്."[1]

1 വിവേകാനന്ദസാഹിത്യസർവ്വസ്വം, പൊതു മുഖവുര. പാർട്ട് 1, ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ, 1962, പുറം 8.

ഗ്രന്ഥസൂചിയും വാക്യസൂചിയും വിഷയസൂചിയും നൽകി ശാസ്ത്രീയമായാണ് മലയാളം പരിഭാഷയുടെ രൂപകൽപ്പന. ഗവേഷകന്മാർക്കു വേണ്ടി മൂലസൂചി (cross reference to the original) കൂടെ കൊടുത്തിട്ടുണ്ട്.

'Young men, my hope is in you. Will you respond to the call of your nation. Each one of you has a glorious future if you dare believe me. Have a tremendous faith in yourselves, like the faith I had when I was a child. Have that faith, each one of your in yourself that eternal power is lodged in every soul - and you will revive the whole of India'.[2]

മിന്നൽപ്പിണരിന്റെ ശക്തിയായിരുന്നു വിവേകാനന്ദന്റെ വാക്കുകൾക്ക്. Go and preach to all : Arise, Awake, sleep no more; within each of you, there is the power to remove all wants and all miseries. Believe this, and that power will be manifested if you can think that infinite power, infinite knowledge and indomitable energy like within you, and if you can bring out that power you also can be come like me.[3]

മനുഷ്യനിൽ നൈസർഗ്ഗികമായി കുടികൊള്ളുന്ന പരിപൂർണ്ണതയുടെ ബഹിഃസ്ഫുരണം എന്നാണ് വിവേകാനന്ദൻ വിദ്യാഭ്യാസത്തെ നിർവ്വചിച്ചത്. അതുപോലെ മനുഷ്യനിൽ കുടികൊള്ളുന്ന ദൈവികതയുടെ പ്രകാശനമായി വിവേകാനന്ദൻ മതത്തെ കണ്ടു. “അനന്തമായ ശക്തിയാണ് മതം. ബലം, നന്മയും ദൗർബല്യം തിന്മയുമാകുന്നു. ദൗർബല്യമാണ് തിന്മ ചെയ്യുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. സ്വാർത്ഥം ദൗർബല്യത്തിൽ

2 Vivekananda speaks to you, Sri Ramakrishna Math, Mylapore, Chennai, 2009, p. 1.

3 Complete works of Swami Vivekananda, Volume 6, Advaita Ashrama, Kolkotha, 1980, p. 455.

നിന്നും ജനിക്കുന്നു. ഒരാൾ മറ്റുള്ളവരെ ഉപദ്രവിക്കുന്നതും ദൗർബല്യം മൂലമാണ്. എല്ലാവരും ഉണരട്ടെ. അവരവരുടെ ശക്തി മനസ്സിലാക്കട്ടെ. തങ്ങൾ ആരെന്നുള്ളത് രാവും പകലും ഉച്ചരിക്കട്ടെ. സോ$f$ഹം 'ഞാനാണ് ഈശ്വരൻ' എന്ന ആ ഉജ്വലമന്ത്രത്തെ മാതൃസ്തന്യത്തോടുകൂടി അവർ പാനം ചെയ്യുമാറാകട്ടെ. ആദ്യമായി വേണ്ടത് ഈ ശക്തിമാത്രം കേൾക്കുകയാണ്. പിന്നീട് അവർ അതിനെപ്പറ്റി ചിന്തിക്കട്ടെ. അദൃഷ്ടപൂർവ്വങ്ങളായ പ്രവൃത്തികൾ ആ വിചാരത്തിൽ നിന്നും ഉണ്ടാകുന്നതായി കാണാം.[4]

ക്ഷീണിച്ച മസ്തിഷ്കത്തിന് ഒന്നും ചെയ്യാൻ സാധിക്കയില്ല. തലച്ചോറിന്റെ ഈ ദൗർബല്യത്തെ നീക്കണം. നമ്മുടെ യുവാക്കൾ ആദ്യമായി വേണ്ടത് ശക്തന്മാരാവുകയാണ്. മതം പിന്നീട് ഉണ്ടായിക്കൊള്ളും. യുവാക്കന്മാരായ എന്റെ സ്നേഹിതന്മാരെ, നിങ്ങൾ ശക്തന്മാരായിത്തീരുക. ഇതാണ് നിങ്ങളോടുള്ള എന്റെ ഉപദേശം. ഫുട്ബോളിന് ഗീതയെക്കാൾ അധികം നിങ്ങളെ സ്വർഗ്ഗരാജ്യത്തിലേക്ക് അടുപ്പിക്കാൻ സാധിക്കും. നിങ്ങൾക്ക് കരുത്തുറ്റ മാംസപേശികൾ ഉണ്ടായാൽ ഗീതയുടെ സാരം കുറെക്കൂടി നന്നായി നിങ്ങൾ മനസ്സിലാക്കും."[5]

നൂറ്റാണ്ടുകളായി ഭാരതം ദാരിദ്ര്യത്തിലും രാഷ്ട്രീയമായ അടിമത്തത്തിലും സാമൂഹികമായ ഉച്ചനീചത്വങ്ങളിലും ആണ്ടു കിടക്കുന്നത് ദയനീയാവസ്ഥ വിവേകാനന്ദനെ ഏറെ വേദനിപ്പിച്ചു. സ്വതന്ത്രവും സുശക്തവുമായ ഭാരതത്തെ വിഭാവനം ചെയ്ത് ആ ലക്ഷ്യം സാക്ഷാൽക്കരിക്കാൻ പ്രയത്നിച്ച കർമ്മസന്യാസിയായി വിവേകാനന്ദൻ. "ഏറ്റവും നീണ്ട രാത്രി അവസാനിക്കുകയായി. ദുസ്സഹമായ യാതനകൾ ഒടുങ്ങുന്ന മട്ടായി. മൃതശരീരമെന്നു വിചാരിക്കുന്നത് ഉണരുകയാണ്. അതാ മാതൃഭൂമിയുടെ

---

4 രംഗനാഥാനന്ദസ്വാമികൾ, മാറുന്ന സമൂഹത്തിനനിവാര്യമായ ശാശ്വതമൂല്യങ്ങൾ, വാല്യം 3, രാമകൃഷ്ണമഠം, പുറനാട്ടുകര, 1994, പുറം 349.

5 വിവേകാനന്ദസ്വാമികൾ, വിദ്യാഭ്യാസം, സമാഹരണം ടി.എസ്. അവനാശലിംഗം ചെട്ടിയാർ, രാമകൃഷ്ണമഠം, പുറനാട്ടുകര, 2012, പുറം 54.

ജീവിക്കുന്ന ശബ്ദം കേൾക്കുന്നു. അത് വർദ്ധിച്ചുവരികയാണ്. നോക്കൂ, ഉറങ്ങിക്കിടന്നവൻ അതാ സടകുടഞ്ഞെഴുന്നേൽക്കുന്നു. ഹിമാലയസാനുക്കളിൽ നിന്നടിക്കുന്ന കുളിർക്കാറ്റുപോലെ അത് മൃതപ്രായമായ അസ്ഥികളിലും മാംസപേശികളിലും ജീവൻ പകരുകയായി ആലസ്യം വിട്ടകന്നു. നമ്മുടെ മാതൃഭൂമിയായ ഭാരതം അഗാധമായ ദീർഘനിദ്രയിൽ നിന്നും ഉണരുകയാണ്".[6]

വിവേകാനന്ദസാഹിത്യസർവ്വസ്വത്തിന്റെ മലയാളം പരിഭാഷ തയ്യാറാക്കി പ്രസിദ്ധീകരിക്കുക എന്ന ബൃഹദ്പ്രക്രിയയുടെ പ്രസക്തി വ്യക്തമാക്കാൻ വിവേകാനന്ദന്റെ മദ്രാസ് പ്രസംഗത്തിലെ ചില വാചകങ്ങൾ പൊതുമുഖവുരയിൽ പ്രസാധകന്മാർ എടുത്തു ചേർക്കുന്നുണ്ട്. "നാം ശ്രദ്ധിക്കേണ്ട ഒന്നാമത്തെ ജോലി ഇതാണ്. ഉപനിഷത്തുകളിലും മതഗ്രന്ഥങ്ങളിലും പുരാണങ്ങളിലുമുള്ള അത്ഭുത സത്യങ്ങൾ അവയിൽനിന്നും വെളിയിൽ കൊണ്ടു വരണം. നാട്ടിലെങ്ങും പരക്കെ ചിതറണം. അങ്ങനെ പ്രസ്തുത സത്യങ്ങൾ വടക്കു മുതൽ തെക്കുവരെ, കിഴക്കു മുതൽ പടിഞ്ഞാറു വരെ ഹിമാലയം മുതൽ കന്യാകുമാരി വരെ, സിന്ധു മുതൽ ബ്രഹ്മപുത്ര വരെ തീപോലെ കത്തിക്കാളി നാടാകെ നടമാടട്ടെ! ഓരോരുത്തനും അവയെ അറിയണം. ആളുകൾ ഇതാദ്യം കേൾക്കട്ടെ! തങ്ങളുടെ മതഗ്രന്ഥങ്ങളിലുള്ള മഹത്തായ സത്യങ്ങൾ കേൾക്കുവാൻ സഹായിക്കുന്നവന് അതിലും മെച്ചപ്പെട്ട മറ്റൊരു കർമ്മം ഇന്നു ചെയ്യാനാവില്ല".[7]

ശ്രീരാമകൃഷ്ണമിഷനുമായി ബന്ധപ്പെട്ട സന്യാസിമാർ വിവേകാനന്ദ സാഹിത്യത്തിലൂടെ ധർമ്മശാസ്ത്രപ്രചരണം തങ്ങളുടെ ദൗത്യമായി ഏറ്റെടുത്തു. വിമലാനന്ദ

---

6 രംഗനാഥാനന്ദസ്വാമികൾ, സ്വാമി വിവേകാനന്ദനും ഭാവിഭാരതവും, പ്രബുദ്ധകേരളം- വിശേഷാൽപ്രതി, ഒക്ടോബർ 2011, പുറം 41.

7 വിവേകാനന്ദസാഹിത്യസർവ്വസ്വം, ഭാഗം 3, രാമകൃഷ്ണാശ്രമം, പുറനാട്ടുകര, 1980, പുറം 112, 113.

സ്വാമികളെപ്പോലെ വിവിധ ഭാഷകളിൽ പ്രാവീണ്യമുള്ള നിരവധി സന്യാസിവര്യന്മാർ അക്കാലത്ത് രാമകൃഷ്ണാമിഷനുമായി ബന്ധപ്പെട്ട് കേരളത്തിൽ പ്രവർത്തിച്ചിരുന്നു. വിവേകാനന്ദസാഹിത്യസർവ്വസ്വത്തിന്റെ മലയാളം പരിഭാഷയിലേക്കും പ്രകാശനത്തിലേക്കും നയിച്ച പ്രവർത്തനങ്ങൾ പുറനാട്ടുകര മഠത്തിൽ നിന്നും തുടങ്ങുന്നതങ്ങിനെയാണ്. വേദാന്തികളായ സന്യാസി ശ്രേഷ്ഠന്മാരുടെ നേതൃത്വത്തിൽ നടന്നതിനാൽ വിവേകാനന്ദസാഹിത്യത്തിന്റെ വേദാന്തപ്രതിപാദനസൗന്ദര്യം മലയാളവിവർത്തനത്തിന് പൂർണ്ണമായും ലഭിച്ചിട്ടുണ്ട്.

കർമ്മയോഗവും രാജയോഗവും ഭക്തിയോഗവും ചേർത്ത് യോഗത്രയം എന്നാണ് ഒന്നാം ഭാഗത്തിന് പേർ നൽകിയത്. രണ്ടാംഭാഗം ജ്ഞാനയോഗവും മൂന്നാം ഭാഗം സ്വാമിജിയുടെ ഭാരതീയപ്രസംഗങ്ങളും ലേഖനങ്ങളും സമാഹരിച്ച് 'ഉത്തിഷ്ഠത ഭാരത' എന്ന പേരിലും പുറത്തിറക്കി. തത്വാന്വേഷണമാണ് നാലാം ഭാഗം. അഞ്ചാം ഭാഗം സ്വാമിജിയുടെ കത്തിടപാടുകളാണ്. ആറാം ഭാഗത്തിൽ വിവേകാനന്ദന്റെ സംഭാഷണങ്ങൾ സമാഹരിച്ചിരിക്കുന്നു. മഹച്ചരിതങ്ങളും കവിതകളുമാണ് ഏഴാം ഭാഗം. കേരളത്തിന്റെ ചിന്താമണ്ഡലത്തിൽ വിവേകാനന്ദദർശനം ശക്തമായ സ്വാധീനം ചെലുത്തി. വിവേകാനന്ദസാഹിത്യസർവ്വസ്വത്തിന്റെ മലയാളപരിഭാഷ പ്രായോഗികവേദാന്തത്തിന്റെ സമഗ്രമായ അവലോകനത്തിന് കേരളീയരെ പ്രാപ്തമാക്കി. വിവേകാനന്ദചിന്തകളുടെ സാർവവലൗകികത മലയാളിയെ ബോധ്യപ്പെടുത്തി.

### 5.1.2 ശ്രീരാമകൃഷ്ണവചനാമൃതം

ദക്ഷിണേശ്വരത്തിലെ കാളിക്ഷേത്രത്തിൽ പൂജാരിയായിരുന്ന രാമകൃഷ്ണ പരമഹംസന്റെ ചിന്തകളും സംഭാഷണങ്ങളും സമാഹരിച്ചത് അദ്ദേഹത്തിന്റെ ഗൃഹസ്ഥശിഷ്യനായിരുന്ന മഹേന്ദ്രനാഥഗുപ്തയാണ്. ശ്രീരാമകൃഷ്ണപരമഹംസരുടെ

ലഘുജീവചരിത്രം ആദ്യം ഇംഗ്ലീഷിൽ തയ്യാറാക്കിയത് പ്രശസ്തനായ മാക്സ് മുള്ളരാണ്. സമാനമായൊരു പുസ്തകം ഫ്രഞ്ച് ഭാഷയിൽ സാഹിത്യകാരനും നോബൽ ജേതാവുമായ റോമായിൻ റോളന്റും എഴുതിയിരുന്നു.[8] ശ്രീരാമപരമഹംസരുടെ പ്രഭാഷണങ്ങളും ചർച്ചകളും കീർത്തനങ്ങളും ഉൾക്കൊള്ളിച്ച മറ്റൊരു പുസ്തകം മഹേന്ദ്രനാഥഗുപ്ത തയ്യാറാക്കിയ ശ്രീരാമകൃഷ്ണകഥാമൃതമായിരുന്നു. അഞ്ചു വാല്യങ്ങളായി ബംഗാളിയിലാണ് കഥാമൃതം പ്രസിദ്ധീകരിക്കുന്നത്. 1925-ൽ ആദ്യ വോള്യം പുറത്തിറങ്ങി. വിവിധ ഭാഷകളിലേക്ക് കഥാമൃതം തർജ്ജമ ചെയ്യപ്പെട്ടു.

ശ്രീരാമകൃഷ്ണമഠത്തിലെ സന്യാസിവര്യനായ സിദ്ധിനാഥാനന്ദസ്വാമികളാണ് രാമകൃഷ്ണകഥാമൃതത്തിന്റെ മലയാളം പരിഭാഷക്ക് ചുക്കാൻ പിടിച്ചത്. കഥാമൃതത്തിലെ കവിതകൾ വി.കെ. സരസ്വതിഅമ്മ, ബ്രഹ്മചാരി ആത്മചൈതന്യൻ, സി. ദാമോദരൻ, പി.സി. വാസുദേവൻ ഇളയത് എന്നിവരാണ് പരിഭാഷപ്പെടുത്തിയിട്ടുള്ളത്. വചനാമൃതത്തിന്റെ സംശോധനത്തിൽ കുട്ടികൃഷ്ണമാരാരും സഹായിച്ചിരുന്നു. ശ്രീരാമകൃഷ്ണകഥാമൃതം മലയാളത്തിൽ പ്രസിദ്ധീകരിച്ചത് ശ്രീരാമകൃഷ്ണവചനാമൃതം എന്ന പേരിലാണ്. "കൽക്കണ്ടത്തിന്റെ മാധുര്യവും കാട്ടുതേനിന്റെ ഔഷധഗുണവുമാണ് വചനാമൃതത്തിന്"[9] എന്ന് എസ്. ഗുപ്തൻനായർ അഭിപ്രായപ്പെട്ടു. ലൗകികജീവിതം മടുത്ത് ആത്മഹത്യക്കു തുനിഞ്ഞ മഹേന്ദ്രനാഥഗുപ്തൻ എന്ന കൊൽക്കത്ത നിവാസിയാണ് ശ്രീരാമകൃഷ്ണകഥാമൃതം സമാഹരിച്ച് പുറത്തിറക്കിയത്. അനേകം വായനക്കാരെ

---

8 1915ൽ സാഹിത്യത്തിന് നോബൽ സമ്മാനം നേടിയ ഫ്രഞ്ച് നോവലിസ്റ്റാണ് റൊമൈൻ റോളണ്ട്. "Prophets of New India" എന്ന പേരിൽ ഗാന്ധിജി, ടാഗോർ, രാമകൃഷ്ണപരമഹംസൻ, വിവേകാനന്ദൻ എന്നിവരെക്കുറിച്ച് പഠനഗ്രന്ഥമെഴുതിയിട്ടുണ്ട്.

9 തന്റെ ആത്മകഥയായ മനസാസ്മരാമിയിൽ വചനാമൃതത്തെ തന്നെ സ്വാധീനിച്ച ഗ്രന്ഥമായി ഗുപ്തൻ നായർ എടുത്തു പറയുന്നുണ്ട് - എസ്.ഗുപ്തൻനായർ, മനസാസ്മരാമി, ഡി.സി. ബുക്സ്, കോട്ടയം, 2017, പുറം 23.

ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ പര്യാപ്തമായ പോസിറ്റീവ് ശക്തി പ്രസരിക്കുന്നവയാണ് വചനാമൃതം എന്ന് മലയാളം പരിഭാഷയും ശരിവെക്കുന്നു.

ശ്രീരാമകൃഷ്ണവചനങ്ങളെ മനുഷ്യരാശിക്കു മുഴുവൻ പരിചയപ്പെടുത്താനും അവയുടെ സാരങ്ങളിലൂന്നി ലോകപുരോഗതി ലക്ഷ്യമിട്ടുമാണ് വിവേകാനന്ദൻ ശ്രീരാമകൃഷ്ണമിഷൻ തുടങ്ങിയത്. തന്റെ ജീവിതത്തെ ഏറ്റവും സ്വാധീനിച്ചതും ലക്ഷ്യബോധമുണ്ടാക്കിയതും ഗുരുനാഥനായ രാമകൃഷ്ണപരമഹംസരായിരുന്നു എന്ന് വിവേകാനന്ദൻ പറയുന്നുണ്ട്. രാമകൃഷ്ണപരമഹംസരുടെ വിശുദ്ധവാണികളെ അടിസ്ഥാനമാക്കി നിരവധി ഗ്രന്ഥങ്ങൾ വിവിധ ഭാഷകളിൽ പ്രകാശിതമായി. ശ്രീരാമകൃഷ്ണന്റെ വാക്കുകൾ സമാഹരിച്ച് പുറത്തിറക്കിയ കഥാമൃതമാണ് സമഗ്രവും ആധികാരികവും. 'ആററിക്കുറുക്കിയ വേദാന്തസത്തയായി' വചനാമൃതത്തിന്റെ കർത്താവ് മഹേന്ദ്രനാഥഗുപ്തൻ രാമകൃഷ്ണവാണികളെ വിശേഷിപ്പിക്കുന്നു. "ശ്രീരാമകൃഷ്ണവചനാമൃതം നമ്മുടെ രാഷ്ട്രീയ ഭരണഘടനയുടെ സഹയാത്രികനായ ധാർമ്മികഭരണഘടനയാണ്".[10] മലയാള ത്തിലിറങ്ങിയ വചനാമൃതത്തിന്റെ പരിഭാഷയെപ്പറ്റി സുകുമാർ അഴീക്കോട് ഇപ്രകാരം പറഞ്ഞു. പാണ്ഡിത്യദോഷം സ്പർശിച്ചിട്ടില്ലാത്തതും ഭക്തിസമാർദ്രത കലർന്നതുമായ ആദ്ധ്യാത്മികജ്ഞാനത്തിന്റെ ഭാവമായി ശ്രീരാമകൃഷ്ണദേവന്റെ തേജസ്സ് ഈ തർജ്ജമയിലും അന്യൂനകാന്തിയോടെ തെളിഞ്ഞിരിപ്പുണ്ട്" എന്നും അഴീക്കോട് കൂട്ടിച്ചേർക്കുന്നു. 1963-ൽ തന്നെ വിവേകാനന്ദസാഹിത്യസർവ്വസ്വം മലയാളത്തിൽ പുറത്തിറങ്ങിയെങ്കിലും ശ്രീരാമകൃഷ്ണവചനാമൃതം മലയാളം തർജ്ജമ പ്രകാശിപ്പിക്കുന്നത് 1969ലാണ്.

---

10 രാജീവ് ഇരിങ്ങാലക്കുട, ശ്രീരാമകൃഷ്ണ വിവേകാനന്ദസാഹിത്യത്തിന്റെ സ്വാധീനം മലയാളത്തിൽ, ഗംഗാ ബുക്സ്, കോഴിക്കോട്, 2009, പുറം 40.

വിവേകാനന്ദസാഹിത്യസർവ്വസ്വം മലയാളത്തിൽ പുറത്തിറങ്ങുന്നതിന് എത്രയോമുമ്പുതന്നെ വിവേകാനന്ദചിന്തകളെ അടിസ്ഥാനമാക്കിയുള്ള രചനകൾ മലയാളത്തിലുണ്ടായി. വിവേകാനന്ദന്റെയും രാമകൃഷ്ണപരമഹംസന്റെയും ആശയങ്ങളും വിവേകാനന്ദൻ എഴുതിയ ചില ഗ്രന്ഥങ്ങളും മലയാളത്തിൽ മുൻപുതന്നെ പരിഭാഷപ്പെടുത്തിയിരുന്നു. രാമകൃഷ്ണവിജയം എന്ന പേരിൽ കേശവൻ നമ്പൂതിരി മണക്കാട്ട് കഥകളി ആട്ടക്കഥ പ്രസിദ്ധീകരിച്ചു (1926). കുട്ടമത്തിന്റെ ശ്രീരാമകൃഷ്ണഗീത 1930ൽ പുറത്തിറങ്ങിയ പുസ്തകമാണ്. രാമകൃഷ്ണാശ്രമത്തിലെ സന്യാസിമാരുടെ ധാരാളം രചനകൾ വിവേകാനന്ദചിന്തകളുമായി ബന്ധപ്പെട്ട് പ്രബുദ്ധകേരളത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. വിവേകാനന്ദന്റെ പല ജീവചരിത്രഗ്രന്ഥങ്ങളും സാഹിത്യ സർവ്വസ്വത്തിന്റെ പ്രസാധനത്തിനും മുമ്പുതന്നെ മലയാളത്തിൽ വന്നവയാണ് (ഉദാ: അമ്പാടി ഇക്കാവമ്മ: സ്വാമി വിവേകാനന്ദൻ). വിവേകാനന്ദസ്വാമികളുടെ രാജയോഗം, കുമാരനാശാൻ പരിഭാഷപ്പെടുത്തിയ സ്വാമിജിയുടെ പ്രസംഗങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചതും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ്.

### 5.2 വിവേകാനന്ദദർശനം ആശാൻ കവിതകളിൽ

ജാത്യാന്ധതയും അനാചാരങ്ങളും ഗ്രസിച്ചിരുന്ന കേരളീയ സമൂഹത്തെ നവോത്ഥാനത്തിലേക്കു നയിക്കാനുള്ള ചിന്താപദ്ധതികളിൽ മഹാകവി കുമാരനാശാന് പ്രചോദനത്തിന്റെ അതുല്യസ്രോതസ്സായത് വിവേകാനന്ദദർശനമാണ്. ഡോക്ടർ പൽപ്പുവിന്റെ കൂടെ ശ്രീനാരായണഗുരുദേവന്റെ നേതൃത്വത്തിൽ ധർമ്മപരിപാലനയോഗം തുടങ്ങുന്നത് അങ്ങിനെയാണ്. യോഗത്തിന്റെ പ്രഥമ സെക്രട്ടറി കുമാരനാശാനായിരുന്നു. വരാനിരിക്കുന്ന സാമൂഹ്യമാറ്റത്തിന് പ്രേരകമായ ബൗദ്ധികസാഹചര്യം സൃഷ്ടിക്കാൻ ആശാൻ അടിസ്ഥാനമാക്കിയത് വിവേകാനന്ദചിന്തകളായിരുന്നു. ആശാൻ കൃതികളിലെ

കഥാപാത്രസൃഷ്ടിയും തത്വചിന്താപരമായ ഉള്ളടക്കവും ധാർമ്മികമായ അന്തരീക്ഷവും വിവേകാനന്ദദർശനത്തിന്റെ പ്രകടമായ സ്വാധീനത്തിനുദാഹരണമാണ്. അഹിംസയും ത്യാഗവും ഉൾച്ചേർന്ന ബുദ്ധോപദേശങ്ങളും ആശാനെ സ്വാധീനിച്ചിരുന്നു. വിവേകാനന്ദചിന്തകൾ കേരളീയ ചിന്താമണ്ഡലത്തെ ആഴത്തിൽ സ്പർശിച്ചപ്പോൾ അതിന്റെ മുൻനിരയിൽ ആശാൻ കവിതകൾ നിലകൊണ്ടു.

സംസ്കൃതപഠനത്തിനും സനാതനധർമ്മത്തെ ഉൾക്കാഴ്ചയോടെ മനസ്സിലാക്കുന്നതിനുമായി ആശാനെ കൊൽക്കത്തയിലേക്ക് പറഞ്ഞയച്ചത് ഗുരുവാണ്. ടാഗോറിനെപ്പോലുള്ളവരുടെ സാഹിത്യനേതൃത്വവും ആശാൻ പുതിയ വെളിച്ചങ്ങൾ നൽകി. വിദ്യാഭ്യാസമുണ്ടായിട്ടും അയിത്തം ആചരിക്കുന്ന കേരളത്തെ ഭ്രാന്താലയം എന്ന് വിവേകാനന്ദൻ വിശേഷിപ്പിച്ചതും സാമൂഹ്യമാറ്റങ്ങൾക്കായി ഒരു സന്യാസിയുടെ കീഴിൽ സംഘടനയുണ്ടാക്കി പ്രവർത്തിക്കണമെന്ന് ഡോക്ടർ പൽപ്പുവിനോട് വിവേകാനന്ദൻ നിർദ്ദേശിച്ചിരുന്നു, 1902-ൽ സ്വാമിവിവേകാനന്ദൻ സമാധിയടഞ്ഞു. ശ്രീനാരായണഗുരു അധ്യക്ഷനും കുമാരനാശാൻ സെക്രട്ടറിയുമായി ധർമ്മപരിപാലനയോഗം തുടങ്ങുന്നത് 1903 മെയ് 15-നാണ്. വിവേകാനന്ദന്റെ നാമധേയത്തിലാണ് യോഗം മുഖപ്രത്രമായ വിവേകോദയം ആരംഭിക്കുന്നത്. ഇത് അച്ചടിക്കുന്ന പ്രസ്സിന്റെ പേർ 'ആനന്ദ്രപസ്സ്' എന്നായിരുന്നു.

"വിശ്വവിശ്രുതനും വന്ദ്യനും നമ്മുടെ പ്രത്യേക കൃതജ്ഞതക്കും ബഹുമാനത്തിനും പാത്രീഭൂതനുമായ വിവേകാനന്ദസ്വാമി അവർകളുടെ സാരവത്തുക്കളായ ഉപന്യാസങ്ങളേയും ഉപദേശവാക്യങ്ങളേയും കൊണ്ട് പലപ്പോഴും ഇതിന്റെ പംക്തികൾ പ്രശോഭിതങ്ങളായിരിക്കുന്നു". വിവേകോദയത്തിന്റെ ആദ്യലക്കത്തിൽ കുമാരനാശാൻ ഇങ്ങിനെ പറഞ്ഞു. ആചാര്യസ്വാമികളുടെ രാജയോഗം മലയാളത്തിലേക്ക് പരിഭാഷ

ചെയ്യുമ്പോഴും സാമൂഹ്യമാറ്റങ്ങളെ ലക്ഷ്യമാക്കി തന്റെ കവിതകളെ രൂപപ്പെടുത്തുമ്പോഴും ആശാന്റെ ഉള്ളിൽ പ്രവർത്തിച്ചിരുന്നത് വിവേകാനന്ദചിന്തകളായിരുന്നു.

സഹജീവികളെ അവനവനെപ്പോലെ സ്നേഹിക്കുക എന്ന സത്യം ഭാരതത്തിൽ ഉപദേശിക്കപ്പെട്ടിരിക്കുന്നു. 'ആത്മവത് സർവ്വഭൂതാനി' എന്നതാണ് ആശയം. ആശാൻ കാവ്യങ്ങളിലെ നായകന്മാർ മിക്കവരും സന്യാസതുല്യരായിരുന്നു. "അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ" എന്നാണ് സ്നേഹഗായകനായ കവി പാടിയത്. വിവേകാനന്ദന്റെ രചനകളിൽ ചിലത് ആശാൻ തർജ്ജമ ചെയ്ത് വിവേകോദയത്തിൽ പ്രസിദ്ധീകരിച്ചു.

പാട്ടിൽ ജ്ഞാനവുമർച്ചനാ സ്തുതികളും
ഹാ ശക്തിയും സർവ്വവും
പോട്ടേ, തന്നെ മറന്നുനിന്നു വിലസു--
ന്നാ സ്നേഹമൊന്നില്ലയോ
വാട്ടം വിട്ടതു തന്നെയേകശരണം
നമ്മൾക്കു പാഠത്തിനായ്
കാട്ടുന്നുണ്ടതിതാ പ്രദീപശിഖയെ
പ്പുൽകും പതംഗം സഖേ

(വിവേകാനന്ദൻ ഒരു സ്നേഹിതനയച്ച കത്തിന്റെ തർജ്ജമ - കുമാരനാശാൻ)

ഭാവാത്മകതയുടെ ശിൽപ്പബോധവും ആഖ്യാനത്തിന്റെ സൗകുമാര്യവും ചേർന്ന മാനവജീവിതകഥകളാണ് ആശാന്റെ കവിതകൾ. ഒപ്പം ആധ്യാത്മികതയുടെ അറിവുകളിലേക്കും കവിയുടെ സ്നേഹം വഴി മാറുന്നു. 'സ്നേഹത്തിൽ നിന്നുദിക്കുന്നു - ലോകം/സ്നേഹത്താൽ വൃദ്ധി തേടുന്നു'. സംശയലേശമില്ലാതെ ആശാൻ ഉറപ്പിച്ചു.

സ്നേഹഗായകനായ ആശാന്റെ കാവ്യസ്വരൂപം മാനവസ്നേഹത്തിന്റെ ഉന്നതചിന്തകൾ ആവിഷ്കരിക്കുന്നു. ആശാന്റെ കാവ്യഗാത്രത്തിൽ കഥാപാത്രസൃഷ്ടിയിലും വിവേകാനന്ദദർശനം അന്തർലീനമാവുന്നുണ്ട്.

**5.2.1 രാജയോഗം**

1904 ഒക്ടോബറിലാണ് ആശാൻ "രാജയോഗം" തർജ്ജമ ചെയ്ത് പ്രസിദ്ധപ്പെടുത്തിയത്. ഇതിന്റെ ആമുഖത്തിൽ ആശാൻ സംസ്കൃതത്തിൽ എഴുതിയ പന്ത്രണ്ട് ശ്ലോകങ്ങളുണ്ട്. ഇതിൽ നാല് ശ്ലോകങ്ങൾ വിവേകാനന്ദന്റെ മഹത്വത്തെ സിവശേഷമായി അടയാളപ്പെടുത്തുന്നവയാണ്.

ആസീനമഹാൻ കോപി ചിരായ വംഗേ
ഷ്വദൃഷ്ടപൂർവ്വപ്രതിഭപ്രഭാവ—
ശ്രീരാമകൃഷ്ണാഖ്യയതീശ്വരസ്യ
പൂജസ്യയേന്തേവസതാം ധരീണ

(ശ്രീരാമകൃഷ്ണന്റെ ശിഷ്യരിൽ പ്രധാനിയായി പ്രതിഭാപ്രഭാവത്തോടെ ഒരു മഹാൻ വംഗദേശത്തുണ്ടായി)

വിസ്മായയൻ വിശ്വജനം സ്വവാഗ്ഭിഃ
തതാര ധർമ്മോദ്ധാര പ്രവൃത്തഃ
ന കേവലം ഗോഷ്പദ, വത്സമുദ്രം
സാരസ്വതം തം ച പയോമയം

(ധർമ്മത്തെ ഉദ്ധരിക്കാനായി അദ്ദേഹം തന്റെ വാക്കുകളാൽ ജനത്തെ വിസ്മയിപ്പിച്ചു. സാരസ്വതമായ സമുദ്രത്തെ അദ്ദേഹം പശുവിന്റെ കുളമ്പുപാടിലെ വെള്ളത്തെപ്പോലെ കടന്നു)

പദം ഗതോപി പ്രകൃതേഃ പരം യോ

ഗുണൈസ്സമജ്ഞാസുരഭിശ്ചകാസ്തി

തസ്യാർത്ഥഗർവ്വീ പ്രഥതേ ജഗത്യാ

"മാനന്ദ" സംജ്ഞാദ്യ "വിവേക" പൂർവ്വ

(പ്രകൃതിയുടെ പരമമായ പദത്തെ പ്രാപിച്ച അദ്ദേഹത്തിന്റെ വിവേകപൂർവ്വമായ ആനന്ദസംജ്ഞ ലോകത്തെ അതിശയിപ്പിക്കുന്നു.)

സോയം സധർമ്മാ മുനിപുംഗവസ്യ

തസ്യൈവ വാഗ്യോഗവിഭവരാസ്യാം

വ്യാഖ്യാം വശതൽഫണിതേഃ പ്രസന്ന

മത്യുത്ഭുതം മാങ്ഗ്ലഗിരാ ചകാരാ

(ഈ സന്യാസിക്ക് വാക്കും യോഗങ്ങളും അറിയാം. പതഞ്ജലിയുടെ സൂത്രങ്ങൾക്ക് ആംഗലേയ ഭാഷയിൽ അത്ഭുതകരമായ വ്യാഖ്യാനമാണ് ഈ മഹാൻ ചമച്ചത്.)

ദേശാഭിമാനി ടി.കെ. മാധവൻ ഇങ്ങിനെ അഭിപ്രായപ്പെട്ടു. "വിവേകാനന്ദസ്വാമികൾ ഡോക്ടർ പൽപ്പുവിലും കുമാരനാശാനിലും ചെലുത്തിയിട്ടുള്ള സ്വാധീനശക്തി അപരിമേയമാണ്". ഹിന്ദുസമൂഹത്തിലെ ജാതീകൃതമായ വൈകൃതങ്ങളുടെ ഫലമായി അവർണ്ണർ അനുഭവിച്ച പ്രശ്നങ്ങൾക്ക് പരിഹാരം മതപരിവർത്തനമല്ലെന്നും മറിച്ച് ഹിന്ദുമതത്തിന്റെ സത്തയിലൂന്നിയുള്ള പരിവർത്തനമാണെന്നും കുമാരനാശാൻ ഉറപ്പിച്ചു. വിവേകാനന്ദന്റെ രാജയോഗം മലയാളത്തിൽ ആദ്യമായി പരിഭാഷപ്പെടുത്തുന്നത് ആശാനാണ്. സ്വാമികളുടെ ഏറ്റവും പ്രയാസമേറിയ പുസ്തകം തന്നെ മലയാളത്തിൽ മൊഴിമാറ്റാൻ ആശാൻ തീരുമാനിക്കുന്നത് അത് അദ്ധ്യാത്മശാസ്ത്രത്തെ ആസ്പദമാക്കി നിർമ്മിച്ചിട്ടുള്ള

പ്രൌഢമായ ഗ്രന്ഥമായതിനാലാണ്. ആശാന്റെ രാജയോഗം പരിഭാഷക്ക് രണ്ടു ഭാഗങ്ങളുണ്ട്. പൂർവ്വഭാഗവും ഉത്തരഭാഗവും. പൂർവ്വഭാഗത്തിൽ വിവേകാനന്ദന്റെ ലഘുജീവചരിത്രവും ആശാൻ ഉൾപ്പെടുത്തി. 'വിവേകോദയ'ത്തിൽ വിവേകാനന്ദ വാങ്മയങ്ങൾക്ക് അതുല്യ സ്ഥാനമായിരുന്നു. ആത്മാവിന്റെ ശ്രേയസ്സിനെ അല്ലെങ്കിൽ മോക്ഷത്തെ കാംക്ഷിക്കുന്ന ഏതൊരാൾക്കും രാജയോഗം ഏതവസ്ഥയിലും അനുഷ്ഠിക്കാം. ജ്ഞാനയോഗത്തിനെന്നപോലെ രാജയോഗത്തിന് പ്രത്യേകം അധികാരികളെ നിശ്ചയിച്ചിട്ടില്ല. ഹിന്ദുധർമ്മത്തിന്റെ മൂലതത്വങ്ങളെയും വിശേഷിച്ച് പ്രാണനെയും പ്രാണായാമത്തെയും പറ്റി അറിയുകയും അനുഷ്ഠിക്കുകയും ചെയ്യേണ്ട എല്ലാ സംഗതികളെയും ശാസ്ത്രീയമായി രാജയോഗം പ്രതിപാദിക്കുന്നു. സനാതനധർമ്മത്തിന്റെ യഥാർത്ഥജ്ഞാനം സാധാരണക്കാരിലെത്തിക്കുകയായിരുന്നു രാജയോഗം പരിഭാഷയിലൂടെ കുമാരനാശാൻ. എട്ടധ്യായങ്ങളാണ് രാജയോഗത്തിനുള്ളത്.

**5.2.2 നളിനി**

കുമാരനാശാനിലെ ഭൗതിക ജീവിതവീക്ഷണവും ആധ്യാത്മികവീക്ഷണവും 'നളിനി'യിൽ ആവിഷ്കരിക്കപ്പെടുന്നതു കാണാം. ദിവാകരനിൽ ലയിക്കുക എന്ന ലക്ഷ്യം മാത്രമുള്ള നളിനി അവനെ തേടി അലയുന്നു. 'ചിത്തമാം വലിയ വൈരിയെ കീഴടക്കിയ യമി"യാണ് നായകനായ ദിവാകരൻ. സാക്ഷാത്ക്കരിക്കാത്ത പ്രണയത്തെ "തന്നതില്ല പരനുള്ളു കാട്ടുവാൻ ഒന്നുമേ നരനുപായമീശ്വരൻ" എന്നാണ് ആശാൻ ആവിഷ്കരിക്കുന്നത്. തന്നെ ജീവിതം മുഴുവനാരാധിച്ച പ്രണയിനിക്ക് ജീവിതാന്ത്യത്തിൽ ബ്രഹ്മസാക്ഷാത്ക്കാര ത്തിനുള്ള മാർഗ്ഗം ഉപദേശിച്ചുകൊടുക്കുകയാണ് കവി.

> "സ്നേഹമാണഖിലസാരമൂഴിയിൽ
> സ്നേഹസാരമിതു സത്യമേകമാം"

ലോകസാധാരണമല്ലാത്ത ഒരു സ്ത്രീപുരുഷപ്രേമത്തിന്റെ കഥയാണ് നളിനി ആവിഷ്കരിക്കുന്നത്. തീവ്രപ്രണയത്തിന്റെ സമ്പൂർണ്ണത പരമമായ ബ്രഹ്മാനന്ദാനുഭൂതിയുമായി ബന്ധിപ്പിക്കുകയാണ് ഇവിടെ ആശാൻ. സന്യാസിയായി മാറിയ ദിവാകരന്റെ ഉൽകൃഷ്ടമായ സംസ്കാരവും പെരുമാറ്റവും ഒരു പ്രണയകാവ്യത്തെ മറ്റൊരുതലത്തിലേക്ക് ഉയർത്തുകയാണ്. ഭൗതികതകൾക്കപ്പുറത്തുള്ള ആധ്യാത്മികബോധം ആശാനിൽ സ്വാധീനം ചെലുത്തുന്നതു കാണാം.

ദിവാകരൻ മഹാവാക്യമോതിക്കൊടുത്തതിനു ശേഷവും തന്റെ ജീവനും ഭോഗവും മോക്ഷവും എല്ലാം അങ്ങയുടെ കാലടികൾക്കകത്താണെന്നും ദിവാകരൻ പോയാൽ താനില്ലെന്നും ദൃഢമായി പ്രസ്താവിക്കുകയാണ് നളിനി. വീഴാൻ തുടങ്ങിയപ്പോൾ പെട്ടെന്നു താങ്ങിയ ദിവാകരനെന്ന യമിയുടെ കരുണയും മമതയും അന്യദുർല്ലഭമായ കേവല സഖ്യമായി അനുഭവപ്പെട്ടു. ദിവാകരോപദേശമുൾക്കൊണ്ടു ഉടനെ മോക്ഷം പൂകുകയല്ല നളിനി ചെയ്തത്. വർദ്ധിതമായ പ്രേമത്തോടെയാണ് അത് സംഭവിക്കുന്നത്. ലൗകികതയുടെയും ആത്മീയതയുടെയും ലയനത്തിലാണ് ഇവിടെ ജീവിതം അർത്ഥസമ്പൂർണമാകുന്നത്. മാനവ സ്നേഹം ആധ്യാത്മികതയുമായി വേറിട്ടതല്ലാത്ത ഐക്യം സ്ഥാപിക്കുന്നു. ധാർമികതയുടെ പ്രകാശം പരക്കുമ്പോൾ സർഗ്ഗസൃഷ്ടികൾക്ക് ആധ്യാത്മികമാനം വരുന്നു. മാനവശക്തിയിലും വിശ്വപ്രേമത്തിലും വ്യാപരിച്ച വിവേകാനന്ദചിന്തകളുടെ സ്പർശം നളിനി പോലുള്ള ആശാൻ കവിതകളിലെ പ്രമേയത്തിന്റെ വീക്ഷണകോണുകളിൽ ദർശിക്കാം.

**5.2.3 ലീല**

ലീലയുടെയും മദനന്റെയും വിശുദ്ധ പ്രണയം ആവിഷ്കരിക്കുന്ന കവിത ആശാന്റെ ആഴത്തിലുള്ള ജീവിത വിമർശനത്തിനും തത്വനിരീക്ഷണത്തിനും ഉദാഹരണമാണ്.

പഴകിയ തരുവള്ളി മാറ്റിടാം /പുഴയൊഴുകും വഴി വേറെയാക്കിടാം / കഴിയുമവ മനസ്വിമാർ മന-/സ്സൊഴിവതശക്യമൊരാളിലൂന്നിയാൽ..

പ്രണയിനിയെ തന്നിൽ നിന്ന് അകറ്റിയ വിധിയോട് പോരാടി മദനൻ അലയുകയാണ്. അന്ത്യത്തിൽ ലീലയുമായി മദനൻ കണ്ടുമുട്ടുമ്പോൾ ദിവ്യപ്രേമത്തിന്റെ ദീപം ശക്തിയോടെ തെളിയുന്നു. ദുഃഖപര്യാവസായിയായ കഥാന്ത്യത്തിൽ "മാംസനിബന്ധമല്ല രാഗം" എന്നാണ് കവി പ്രഖ്യാപിക്കുന്നത്. ലീലയുടെ ഫലശ്രുതിയും ഒരു പക്ഷേ ഇതു തന്നെയാവാം. മനുഷ്യരുടെ സ്നേഹത്തിനെതിരു നിൽക്കുന്ന ലോകത്തെ ആശാൻ കൃത്യമായി അടയാളപ്പെടുത്തുന്നു. സതിയടക്കമുള്ള അനാചാരങ്ങളും ലീലയിൽ പരാമർശവിഷയമാകുന്നുണ്ട്. നളിനിയിൽ കവി സ്വീകരിച്ച സമീപനത്തിനു സമാനമായി ഇവിടെയും ഉദാത്തസ്നേഹത്തെ ഏറ്റവും മുകളിൽ തന്നെ പ്രതിഷ്ഠിക്കുന്നു. ഒപ്പം നശ്വരമായ സുഖങ്ങൾക്കായി ചപലരാവാതെ ശാശ്വതമായ ആനന്ദവും സന്തോഷവും ലഭിക്കാൻ പ്രവർത്തിക്കുകയാണ് ശ്രേഷ്ഠമെന്ന് സൂചിപ്പിക്കുകയും ചെയ്യുന്നു.

**5.2.4 ചണ്ഡാലഭിക്ഷുകി**

ബുദ്ധശിഷ്യനായ ആനന്ദൻ ചണ്ഡാല യുവതിയായ മാതംഗിയോട് ദാഹജലം ചോദിക്കുന്നതാണ് കവിതയുടെ സന്ദർഭം. "ദാഹിക്കുന്നു ഭഗിനീ കൃപാരസമോഹനം/ കുളിർ തണ്ണീരിതാശുനീ/ഓമലേ തരു തെല്ലെന്നതു കേട്ടോ/രാമനോഹരിയമ്പര ന്നോതിനാൾ അല്ലല്ലെന്തു കഥയിതു കഷ്ടമേ/അല്ലലാലങ്ങു ജാതി മറന്നിതോ/നീചനാരി തൻ കൈയ്യാൽ ജലം വാങ്ങി/ആചമിക്കുമോ ചൊല്ലെഴുമാര്യന്മാർ"

ജാത്യാചാരങ്ങളുടെ അർത്ഥശൂന്യത വെളിവാക്കുന്ന, അതിശക്തമായ ആശാൻ കവിതയാണ് ചണ്ഡാലഭിക്ഷുകി. തത്വചിന്തയും പുരോഗമനാശയങ്ങളും ഫലപ്രദമായി കാവ്യതന്തുവിനോട് ഉൾച്ചേർത്തിരിക്കുന്നു. ഭാരതീയദർശനങ്ങളിൽ വിശിഷ്യാ

വിവേകാനന്ദചിന്തയിൽ അധിഷ്ഠിതമാണ് ആവിഷ്കാരം. നൂതനമായ മാനവീയ ദർശനത്തിൽ അജ്ഞാനത്തിന്റെ ഉൽപ്പന്നങ്ങളായ ജാതിഭേദങ്ങൾക്ക് സ്ഥാനമില്ല. പ്രകൃതിവിഭവങ്ങൾ പോലും പങ്കുവെക്കുന്നതിൽ പുലർത്തുന്ന ഘോരമായ അനാചാരങ്ങളെ സനാതനധർമ്മത്തെ അടിസ്ഥാനമാക്കി തന്നെ ചോദ്യം ചെയ്യുകയാണ് ചണ്ഡാലഭിക്ഷുകി. അസമത്വങ്ങളോട് പോരാടുന്ന കാവ്യം നേരിട്ട് തന്നെ നവോത്ഥാനത്തിന് ദിശ കാണിക്കുന്നു. "ഉത്തിഷ്ഠതാ, ജാഗ്രതാ പ്രാപ്യവരാർ നിബോധതാ''" (ഉണരൂ, എഴുന്നേൽക്കൂ, ലക്ഷ്യം കൈവരുന്നതു വരെ വിശ്രമമില്ലാതെ പ്രവർത്തിക്കൂ) എന്ന വിവേകാനന്ദ സന്ദേശം ചണ്ഡാലഭിക്ഷുകി വായനക്കാരന് നൽകുകയാണ്. തെളിഞ്ഞ ഉദാഹരണങ്ങൾ നിറഞ്ഞ കാവ്യഗാത്രം ജാതിവിവേചനങ്ങളെ ശക്തമായിത്തന്നെ എടുത്തു കാണിക്കുന്നു. ഭാരതീയമായ ജ്ഞാനവഴികൾ സമത്വത്തിന്റേതാണ് എന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു.

### 5.2.5 ദുരവസ്ഥ

മലബാർ കലാപത്തിന്റെ ദുരനുഭവങ്ങൾ ചിത്രീകരിക്കുകയാണ് ദുരവസ്ഥയിൽ ആശാൻ. "ക്രൂരമഹമ്മദീയർ ചിന്തുന്ന ഹൈന്ദവ /ച്ചോരയാൽ ചോന്നെഴുമേറ നാട്ടിൽ" എന്ന് തുറന്നു തന്നെ എഴുതുന്നു. മുസ്ലീം കലാപകാരികളുടെ അക്രമത്തിന് വിധേയമാവുന്ന അന്തർജനം പുലയനായ ചാത്തന്റെ മാടത്തിൽ അഭയം പ്രാപിക്കുമ്പോൾ തകരുന്നത് ജാതിപ്പിശാചാണ്. ഒപ്പം ജാതികൾക്കപ്പുറത്ത് ഹൈന്ദവമായ ഏകീകരണം ലക്ഷ്യം വെക്കുകയും ചെയ്യുന്നു.

"തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ/ ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ" അന്നത്തെ സാമൂഹ്യാവസ്ഥ ശക്തമായി അവതരിപ്പിക്കുകയാണ് ആശാൻ. 'ആശയഗംഭീരനായി' വിശേഷിപ്പിക്കപ്പെടുന്ന കുമാരനാശാന്റെ കാവ്യജീവിതത്തിലെ

ആശയങ്ങൾക്ക് കടപ്പാട് വിവേകാനന്ദ ചിന്തകളോടാണ്. തന്റെ പ്രവർത്തനങ്ങളിൽ ആത്മീയഗുരുവായി ശ്രീനാരായണഗുരുവിനെയും ആശാൻ കാണുന്നു. ദുരിതങ്ങളിൽ അനുതപിക്കുന്നതിനു പകരം "മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ / മാറ്റുമതുകളീ നിങ്ങളെത്താൻ" എന്ന് കവി ആഹ്വാനം ചെയ്യുമ്പോൾ വിവേകാനന്ദനും ശ്രീനാരായണ ഗുരുവും ആശാനിൽ പ്രവർത്തിക്കുകയാണ്.

### 5.2.6 കരുണ

അനിത്യമായ ശരീരസുഖം നേടി അലയുന്ന മനുഷ്യൻ ഒരിക്കലും നശിക്കാത്ത സുഖം നൽകുന്ന മോക്ഷത്തെ അറിയുന്നില്ല.

ഉത്തരമഥുരാപുരിക്കുത്തരോപാന്തത്തിലുള്ള /വിസ്തൃത രാജവീഥി തൻ കിഴക്കരികിൽ താമസിക്കുന്ന വേശത്തരുണിയായ വാസവദത്ത ഉപഗുപ്തനെന്ന ബുദ്ധസന്യാസിയാൽ തന്റെ സ്വത്വം തിരിച്ചറിയുന്നതാണ് കഥ. ഉപഗുപ്തനെ ആവിഷ്കരിക്കുമ്പോൾ വിവേകാനന്ദനുമായി അത്ഭുതകരമായ സാധർമ്യം ആശാൻ പുലർത്തുന്നതു കാണാം. "സമയമായില്ല പോലും സമയമായില്ല പോലും/ക്ഷമയെന്റെ ഹൃദയത്തിലൊഴിഞ്ഞു തോഴീ" എന്ന് വിലപിക്കുന്ന വാസവദത്ത കാവ്യാന്ത്യത്തിൽ ഉപഗുപ്തന്റെ പ്രകാശത്തിനായി കാത്തിരിക്കുകയാണ്.

"നമസ്കാരമുപഗുപ്താ, വരിക ഭവാൻ നിർവ്വാണ/നിമഗ്നനാകാതെ വീണ്ടും ലോകസേവക്കായി" എന്ന് കവി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വിവേകാനന്ദദർശനങ്ങളെ അടിസ്ഥാനമാക്കി മലയാളത്തിലുണ്ടായ സാഹിതീയശ്രമങ്ങളിലും സംഘടനാപ്രവർത്തനങ്ങളിലും മുൻനിരയിൽ നിലകൊണ്ട മഹാകവിയായിരുന്നു കുമാരനാശാൻ. ശ്രീനാരായണ ധർമ്മപരിപാലനയോഗം

രൂപീകരണത്തിലും രാജയോഗത്തിന്റെ പരിഭാഷയിലും ആശാന്റെ സർഗ്ഗാത്മക രചനകളിലും വിവേകാനന്ദചിന്തകളുടെ നേരിട്ടുള്ള സ്വാധീനം ദർശിക്കാം. കേരളത്തിന്റെ നവോത്ഥാന ശ്രമങ്ങളിലും അക്കാലത്തെ സാഹിത്യസൃഷ്ടികളിലും വിവേകാനന്ദ ദർശനത്തിന്റെ സ്വാധീനം ആശാൻ രചനകളെ വിശകലനം ചെയ്യുമ്പോൾ സുവ്യക്തമാവുന്നുണ്ട്.

### 5.3 സാഹിതീയപ്രതികരണങ്ങൾ : മറ്റു കവികളും എഴുത്തുകാരും

വിവേകാനന്ദചിന്തകളും ജീവചരിത്രവും മലയാളത്തിലെ മറ്റു കവികൾക്കും വിഷയമായി. ശ്രീരാമകൃഷ്ണവചനാമൃതവും വിവേകാനന്ദസാഹിത്യസർവ്വസ്വവും അധികരിച്ച് കഥകളി ആട്ടക്കഥയും മഹാകവി കുട്ടമത്തിന്റെ ശ്രീരാമകൃഷ്ണലീലയും മലയാളത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. വിവേകാനന്ദൻ പരിചയപ്പെടുത്തിയ ആശയങ്ങളെ മലയാളകാവ്യലോകം താൽപര്യത്തോടുകൂടി സ്വീകരിച്ചു. വിവേകാനന്ദന്റെ ജീവിതത്തിലെ സംഭവങ്ങൾ ധാരാളം കഥകളായും ഉപന്യാസങ്ങളായും മലയാളത്തിൽ പുറത്തിറങ്ങി. കുമാരനാശാനു പുറമെ മലയാളത്തിലെ മറ്റു കവികളും എഴുത്തുകാരും നടത്തിയ രചനകളിൽ വിവേകാനന്ദചിന്തകളോടുള്ള സാഹിതീയപ്രതികരണങ്ങൾ ദർശിക്കാം.

#### 5.3.1 മഹാകവി വള്ളത്തോൾ

സ്വാതന്ത്ര്യസമരകാഹളത്തിന് ജനഹൃദയങ്ങളിൽ പ്രതിഫലനമുണ്ടാക്കാൻ മഹാകവി വള്ളത്തോൾ തന്റെ കവിതകളിലൂടെ ശ്രമിച്ചിരുന്നു. സാമൂഹ്യ പരിഷ്കരണങ്ങളും ദേശീയപ്രസ്ഥാനപ്രവർത്തനങ്ങളും കവി പരസ്പരപൂരകമായി കണ്ടു. ജാതീയമായ ഉച്ചനീചത്വങ്ങൾ വേട്ടയാടിയ കേരളത്തെ ഭ്രാന്താലയം എന്നു സ്വാമിവിവേകാനന്ദൻ വിശേഷിപ്പിച്ചത് 1888 ലാണ്. പിന്നേയും നാലു പതിറ്റാണ്ടുകൾക്ക്

ശേഷമാണ് (1936) കേരളത്തിലെ ക്ഷേത്രങ്ങൾ എല്ലാവർക്കും തുറന്നു കൊടുത്തുകൊണ്ടുള്ള 'ക്ഷേത്രപ്രവേശനവിളംബരം' തുടങ്ങുന്നത്. കേരളത്തിന്റെ ഈ നവോത്ഥാന പ്രവർത്തനത്തിനെ വള്ളത്തോൾ ഇങ്ങനെ വിശേഷിപ്പിച്ചു.

''ഹേ സ്വാമിവിവേകാനന്ദൻ തത്ര ഭവാൻ കണ്ടു-

ന്നത്ത കേരളമിതാ ഉദ്ബുദ്ധകേരളമായിരിയ്ക്കുന്നു''[11]

നവോത്ഥാനത്തിൽ വിവേകാനന്ദദർശനത്തിന്റെ പ്രസക്തിയും പ്രാധാന്യവും ഈ വരികൾ ഉദ്ഘോഷിയ്ക്കുന്നുണ്ട്.

വിവേകാനന്ദന്റെ പൂർവ്വാശ്രമത്തിൽ ഉണ്ടായ ഒരു സന്ദർഭത്തെ ആസ്പദമാക്കി 'നരേന്ദ്രന്റെ പ്രാർത്ഥന' എന്ന ശീർഷകത്തിൽ വള്ളത്തോൾ ഒരു കവിത രചിച്ചിട്ടുണ്ട്.

''വീട്ടിലെന്തുവിശേഷം നരേന്ദ്ര നീ

വീർപ്പുമുട്ടിക്കരയുന്നതെന്തിനോ?

ചണ്ഡദുഃഖനിമഗ്നമാം ലോകത്തിൽ

കണ്ണുനീർതുടപ്പാനുള്ള വസ്തുത്തെ-

ത്തേടിനോക്കുമിധീരമാം നിൻമിഴി

ച്ചൂടെഴും അശ്രുവാർക്കയോ താൻ തന്നെ?''[12]

കുഞ്ഞുനരേന്ദ്രനോട് ശ്രീരാമകൃഷ്ണപരമഹംസർ ഇങ്ങനെ ചോദിച്ചു. ദാരിദ്ര്യത്തിന്റെ കാട്ടും തീയേറ്റ തന്റെ കുടുംബം പട്ടിണിയിൽ കഷ്ടപ്പെടുകയാണെന്ന് നരേന്ദ്രൻ കേണു.

---

11 വള്ളത്തോൾ, ഒരു കൃഷ്ണപ്പരുന്തിനോട് (കവിത). സാഹിത്യമഞ്ജരി, ഭാഗം 4, വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി, 1957, പുറം 27.

12 വള്ളത്തോൾ, നരേന്ദ്രന്റെ പ്രാർത്ഥന (കവിത). പി. പരമേശ്വരൻ (എഡി.) വിവേകാനന്ദനും പ്രബുദ്ധകേരളവും, ഭാരതീയവിചാരകേന്ദ്രം, തിരുവനന്തപുരം, 2013, പുറം 474.

പാരിനെ സൃഷ്ടിച്ച മഹാകാളിയോട് നിസ്വാർത്ഥനായി പ്രാർത്ഥിയ്ക്കാൻ ഗുരുവര്യൻ നരേന്ദ്രനോടാവശ്യപ്പെട്ടു.

'വിത്തല്ല വിരക്തിയാണർത്ഥിച്ച -

തത്തിരുവടിയോടു ഞാൻ സൽഗുരോ

എന്നായിരുന്നു നരേന്ദ്രന്റെ മറുപടി

'മുന്നമേ നേർക്കറിയാമെനിയ്ക്കിതു

മന്നിൽ മായയെ മായ്ക്കാൻ പിറന്നോൻ നീ -

സച്ചിദാത്മികയോടെന്തു വന്നാലും

തുച്ഛമാം പണം യാചിയ്ക്കയില്ല നീ'

എന്നു ഗുരു പ്രതിവചിയ്ക്കുന്നു.

ദാരിദ്ര്യദുഃഖത്താൽ തേങ്ങിക്കരഞ്ഞ നരേന്ദ്രനെ കവിയായ വള്ളത്തോൾ ഇങ്ങനെ നിരീക്ഷിക്കുന്നു.

''ത്യാഗിയായ് വിവേകാനന്ദ സൽപാദം

പൂകുവാൻ പടികേറുമാ പ്രാജ്ഞനും

പ്രാകൃതൻ തന്നെ ദാരിദ്ര്യദുഃഖത്തിൽ,

വെൽക വെൽക നിൻ  പ്രാഭവം സമ്പത്തേ

ഭാരതത്തെ അലസതയിൽനിന്നും കർമ്മണ്യതയിലേക്കുണർത്തിയ വിവേകാനന്ദചിന്തകളുടെ മർമ്മം കവി തിരിച്ചറിയുന്നു. വിവേകാനന്ദന്റെ ഒരു പ്രഭാഷണത്തിൽ ഇങ്ങനെ പറയുന്നുണ്ട്. ''ഇവിടെ ഭക്ഷണം നൽകാൻ കഴിയാത്ത ഒരീശ്വരൻ സ്വർഗ്ഗത്തിൽ നിത്യാനന്ദം നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല.''

ഇന്ത്യൻ ദേശീയതയുടെ കനപ്പെട്ട ഋഷിവചനങ്ങൾ വള്ളത്തോൾ വിവേകാനന്ദനിൽ കണ്ടു. പക്ഷിശ്രേഷ്ഠനായ കൃഷ്ണപ്പരുന്തിനെപ്പോലെയാണ് കാവിവസ്ത്രധാരിയായ സന്യാസിമാർക്കിടയിൽ വിവേകാനന്ദൻ എന്ന് കവി ഉപമിക്കുന്നുണ്ട്.[13]

### 5.3.2 അപ്പൻ തമ്പുരാൻ

കൊച്ചിരാജകുടുംബത്തിലാണ് രാമവർമ്മ അപ്പൻതമ്പുരാൻ ജനിച്ചത്. പുറനാട്ടുകര ശ്രീരാമകൃഷ്ണമഠത്തിൽ അദ്ദേഹം അനവധി വർഷം സേവനമനുഷ്ഠിച്ചു. അതുപോലെ രാമകൃഷ്ണമിഷൻ ബാംഗ്ലൂർ ആശ്രമത്തിലും ഒരു സേവകനായി അപ്പൻ തമ്പുരാൻ താമസിച്ചിരുന്നു. മലയാളസാഹിത്യത്തിന്റെ വിവിധ ശാഖകളിൽ അപ്പൻ തമ്പുരാന്റെ കൃതികളുണ്ട്. വിവേകാനന്ദാശയങ്ങളുടെ സ്വാധീനത്താൽ തൃശ്ശൂരിൽ രൂപീകരിക്കപ്പെട്ട ആദ്യകാല സംഘടനയാണ് വിവേകോദയം സമാജം. സമാജത്തിന്റെ സാരഥികളിലൊരാൾ അപ്പൻ തമ്പുരാനായിരുന്നു. ബ്രഹ്മാനന്ദ സ്വാമികൾ രചിച്ച 'The words of Sreeramakrishna' അപ്പൻ തമ്പുരാൻ 'ഗുരുവചനങ്ങൾ' എന്ന പേരിൽ പരിഭാഷപ്പെടുത്തി.

വിവേകാനന്ദന്റെ ജീവിതത്തെ അടിസ്ഥാനമാക്കി ധാരാളം കവിതകൾ അപ്പൻതമ്പുരാൻ എഴുതി. മഹേന്ദ്രന്റെ പ്രഥമദർശനം, മഹേന്ദ്രന്റെ അഭിമാനഭംഗം, നരേന്ദ്രനും മഹേന്ദ്രനും, ഒരു സംവാദം, ഗുരുദേവന്റെ ഗാനം തുടങ്ങിയവ

---

13 അങ്ങയെക്കണ്ടിട്ടിവരാരിതെന്നൊരു ഭാവാൽ -
തങ്ങളിൽ നോക്കീടുന്നു നീണ്ടുള്ള കഴുത്തുമായ്
കാവി വസ്ത്രത്താൽ സമാച്ഛാദിതശരീരനായ്
കേവലം ഭസ്മാലിപ്തഗ്രീവനാകിയ ഭവാൻ - വള്ളത്തോൾ നാരായണമേനോൻ, സാഹത്യമഞ്ജരി, ഭാഗം 4, വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി, 1957, പുറം 27.

ഉദാഹരണങ്ങളാണ്. വിവേകാനന്ദസന്ദേശം പ്രയോഗികമാക്കാൻ രാമകൃഷ്ണാ ശ്രമങ്ങളിലെ സേവനരംഗത്ത് തമ്പുരാൻ മുൻനിരയിലുണ്ടായിരുന്നു.

### 5.3.3 കുട്ടമത്ത്

1880 മുതൽ 1943 വരെയായിരുന്നു കുട്ടമത്ത് കുന്നിയൂർ കുഞ്ഞികൃഷ്ണക്കുറുപ്പിന്റെ ജീവിതം. വിവേകാനന്ദൻ മുന്നോട്ടുവെച്ച ദർശനം കുട്ടമത്തിന്റെ സാഹിത്യജീവിതത്തെ ഏറെ സ്വാധീനിച്ചു. അത്യുത്തരമലബാറിൽ ആയിട്ട് പോലും രാമകൃഷ്ണമിഷൻ പ്രവർത്തനങ്ങളുമായി കുട്ടമത്ത് തറവാട്ടുകാർ നിരന്തരം ബന്ധപ്പെട്ടിരുന്നു. ശ്രീരാമകൃഷ്ണസൂക്തങ്ങളെ അടിസ്ഥാനമാക്കി ബ്രഹ്മാനന്ദസ്വാമികൾ 'ശ്രീരാമകൃഷ്ണോപദേശം' എന്ന പുസ്തകം ഇംഗ്ലീഷിൽ രചിച്ചിരുന്നു. ഈ പുസ്തകത്തെ അവലംബിച്ച് കുട്ടമത്ത് ശ്രീരാമകൃഷ്ണഗീത എഴുതി.

'ശ്രീരാമകൃഷ്ണവദനം വർഷിച്ച വചനാമൃതം
അടുത്ത കാലത്തുണ്ടായ ഗീത താനെന്ന് നിർണ്ണയം
ഗദ്യമായൊഴുകീടുന്നോരാദ്രിവ്യവചനാമൃതം
ഹൃദ്യം നുകരുവാൻ പദ്യപാത്രത്തിൽ പകരുന്നു ഞാൻ''

എന്ന ആമുഖത്തോടെയാണ് കുട്ടമത്തിന്റെ ശ്രീരാമകൃഷ്ണഗീത ആരംഭിക്കുന്നത്. കുട്ടമത്തിന്റെ ശ്രീരാമകൃഷ്ണഭക്തി ശ്രീരാമകൃഷ്ണഗീതയിൽ ഉടനീളം കാണാം. അദ്ദേഹത്തിന്റെ മറ്റു ചില കവിതകളും ഈ ആശയത്തെ പ്രകടമാകുന്നുണ്ട്. 'തന്നെ താനറിയുക' കൊണ്ടുൽ കണ്ട ഗദാധരൻ' എന്നിവ ഉദാഹരണങ്ങളാണ്. ശ്രീരാമകൃഷ്ണൻ പറഞ്ഞ കഥയെ അടിസ്ഥാനമാക്കി ബാലഗോപാലൻ എന്നൊരു സംഗീതനാടകം കുട്ടമത്ത് എഴുതിയിട്ടുണ്ട്. ഉത്തരകേരളത്തിലെ ഒട്ടനവധി വേദികളിൽ 'ബാലഗോപാലൻ' അവതരിപ്പിച്ചു. ധാരാളം ജനങ്ങളെ നാടകം ആകർഷിക്കുകയും ചെയ്തു.

സാമൂഹ്യപരിഷ്കരണങ്ങൾക്കുള്ള വിവേകാനന്ദാശയങ്ങൾ സാധാരണക്കാരിലെത്തിക്കാൻ കുട്ടമത്ത് തന്റെ സാഹിത്യ രചനകളിലൂടെ ശ്രമിച്ചു.

### 5.3.4 പി കുഞ്ഞിരാമൻനായർ

"പി. കുഞ്ഞിരാമൻനായർ തന്റെ കവിതകളിലെ ഭാരതീയ പരിപ്രേക്ഷ്യം സൃഷ്ടിച്ചത് രണ്ട് ഭാരതീയചാര്യന്മാരെ മനസ്സിൽ പ്രതിഷ്ഠിച്ചുകൊണ്ടാണ്. ഒന്ന്: വിവേകാനന്ദൻ, രണ്ട് ഗാന്ധിജി".[14]

ഭക്തകവിയായി അറിയപ്പെടുന്ന പി.യുടെ കവിതകളിലെ ദേശീയത വേണ്ടത്ര പഠനങ്ങൾക്ക് വിധേയമായിട്ടില്ല. വിവേകാനന്ദചിന്ത പി. കവിതയ്ക്ക് ഒരന്തർദർശനം നൽകിയിട്ടുണ്ട് എന്ന് മേലത്ത് ചന്ദ്രശേഖരൻ നിരീക്ഷിക്കുന്നു. കന്യാകുമാരിയിലെ വിവേകാനന്ദപ്പാറ സന്ദർശിച്ച ശേഷം പി. ഇങ്ങനെ എഴുതി.

ഭാഗ്യപൂർണ്ണമീ കടലിടുക്കിൽ പാറക്കെട്ടു-
ഭാരതവിദ്യാക്ഷേത്രസോപാനശിലയിപ്പോൾ
ഭാരതമിതാണിതാം ഭാരതവിദ്യാപീഠം
ഭാവനാദൃഷ്ടിയൊന്നു തുറക്കൂ യുവാക്കളെ
ഏകാന്തം സമാധിസ്ഥനാകുമീ യോഗീന്ദ്രൻ തൻ
പാദമർപ്പിയ്ക്കേ വീണ്ടും തെങ്കടലല പാടി
"ഓർക്കുവിൻ സൂര്യോദയത്തോടൊപ്പമനശ്വര
സംസ്കാരത്തിടമ്പിനെ ജീവിത നേതാവിനെ
ഈ വീരയുവാവിനെ ക്ഷണിയ്ക്കൂ; സമുന്നത

14 മേലത്ത് ചന്ദ്രശേഖരൻ, കേശാദിപാദം ഭാരതീയം, പ്രഗതി ത്രൈമാസിക, 1973 സെപ്റ്റംബർ, ഡിസംബർ.

ജീവിത സൌധശിലാസ്ഥാപനത്തിനു നിങ്ങൾ"[15]

'ഭാരതസംസ്കാരത്തിന്റെ ഭാസുര പ്രതിബിംബം' ആയാണ് കവി വിവേകാനന്ദനെ കാണുന്നത്. ആ വൈഖരിയുടെ ഉടമയെ 'ഭാരതസിംഹം' ആയും കവി വിശേഷിപ്പിക്കുന്നു. വൈദേശികാക്രമണങ്ങളും ആഭ്യന്തരപ്രശ്നങ്ങളും ഭാരതീയതയ്ക്ക് മങ്ങലേല്പിച്ചിട്ടുണ്ട്. എന്നാൽ ഇതെല്ലാം താൽക്കാലികമാണെന്നും ഭാരതീയർ ആലസ്യത്തിൽനിന്നും സട കുടഞ്ഞെഴുന്നേൽക്കണമെന്നും വിവേകാനന്ദൻ ആഹ്വാനം ചെയ്തു. ഉൽകൃഷ്ടവും ധാർമ്മികവും ആധ്യാത്മികവുമായതിന്റെയെല്ലാം മാതാവായ ഭാരതം അനന്തരശക്തിയോടെ ഉയർത്തെഴുന്നേൽക്കുകതന്നെ ചെയ്യും. ഇതിനായുള്ള പ്രവർത്തനങ്ങളാണ് ഇന്ത്യയിലുടനീളം വിവേകാനന്ദൻ നടത്തിയത്. ഭാരതദേശീയതയുടെ വിവേകാനന്ദസ്പർശം കുഞ്ഞിരാമൻനായരുടെ കാവ്യദർശനത്തേയും സ്വാധീനിച്ചു. വിവേകാനന്ദസ്വാമികളെ ഒട്ടൊരാരാധാനയോടെയാണ് കവി കാണുന്നത്. 'വിവേകാനന്ദപ്പാറയിൽ' എഴുതിയ പി, കവിതാന്ത്യത്തിൽ യുവഭാരതം തങ്ങളുടെ സാരഥിയായി വിവേകാനന്ദ സ്വാമികളെ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു. ദേശീയയുവജനദിനമായി വിവേകാനന്ദജയന്തി (ജനുവരി 12) ആഘോഷിക്കാൻ രാജ്യം തീരുമാനിച്ചത് അടുത്തകാലത്താണ്. ഇതിനെത്രയോ മുമ്പുതന്നെ ക്രാന്തദർശിയായ കവി ഭാരതീയ യുവത്വത്തിന്റെ സാരഥിയായി വിവേകാനന്ദനെ കണ്ടിരുന്നു. തന്റെ ആത്മകഥയിൽ വിവേകാനന്ദപ്പാറയിൽ ഉണ്ടായ അനുഭവത്തെ കുഞ്ഞിരാമൻനായർ ആവിഷ്ക്കരിക്കുന്നതിങ്ങനെ. "ശ്രീ വിവേകാനന്ദൻ - വിശ്വാതിശായിയായ ഒരനശ്വരസങ്കല്പം. അത് ഭൂതസങ്കല്പ ജ്യോതിർമണ്ഡലം മൂന്നലകടലുകളുടെ തിരച്ചാർത്തുകൾക്കിടയിൽ ഏകാന്ത നിശ്ശബ്ദത വീണവായിക്കുന്നു. പ്രശാന്തിമന്ദിരം

[15] പി. കുഞ്ഞിരാമൻനായർ, വിവേകാനന്ദപ്പാറയിൽ (കവിത). പി. പരമേശ്വരൻ (എഡി.) വിവേകാനന്ദനും പ്രബുദ്ധകേരളവും, ഭാരതീയവിചാരകേന്ദ്രം, തിരുവനന്തപുരം, 2013, പുറം 477-481.

ദീർഘവിശാലസ്ഫടിക ശുദ്ധമന്ദിരം. ഭഗവാൻ ശ്രീരാമകൃഷ്ണൻ, ശാരദാമണിദേവി ദൂരെ ഉയരെ വിവേകാനന്ദവിഗ്രഹം. മെതിയടി-നീണ്ടവടി-മൃത്യു സർപ്പത്തെതല്ലിക്കൊന്ന വടി. പ്രശാന്തഗംഭീരമുഖമുദ്ര. രാപ്പകൽ അന്യോന്യമിട്ടടിയ്ക്കുന്ന മനുഷ്യന്റെ നാക്ക് ഈ പുണ്യധാമത്തിന്റെ തിരുനടയിൽ നിശ്ചലമാകുന്നു. നിശ്ശബ്ദമാകുന്നു. അപസ്മാരബാധ പെട്ടെന്നൊഴിഞ്ഞപോലെ. താഴത്തിറങ്ങാം. എകാന്തധ്യാനമുറി കാണാം. അതിനകത്തിരിയ്ക്കാം. ധ്യാനമുറി-മങ്ങിയ നീലവെളിച്ചം. ക്ഷേത്രശില്പത്തിനകത്ത് തിളങ്ങുന്ന നാദജ്യോതിസ്സ്-പ്രണവം-ഓം-മനുഷ്യാത്മാവിന്റെ സ്വരാജ്യഗോപുരദ്വാരം, ഹരിദ്വാരം. അതാണ് ഈ ധ്യാനഗൃഹം.''[16]

### 5.3.5 അക്കിത്തം

''ഒരു കണ്ണീർക്കണം മറ്റുള്ളവർക്കായ് ഞാൻ പൊഴിയ്ക്കവേ ഉദിയ്ക്കയാണെന്നാത്മ വിലായിരം സൗരമണ്ഡലം'' (ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം)

മലയാളകാവ്യലോകത്തെ വാഴ്ത്തപ്പെട്ട ഈ വരികൾ എഴുതിയ കവി വൈദികപാരമ്പര്യത്തിന്റെ ഉപാസകനായിരുന്നു. ഭാരതീയതത്വചിന്തയും കാരുണ്യവും മൂല്യബോധവും ആധുനികതയും പാരമ്പര്യവും പ്രതിഫലിക്കുന്നതാണ് അക്കിത്തം കവിതകൾ എന്നു വിലയിരുത്തിയാണ് പുരസ്ക്കാരനിർണ്ണയസമിതി മഹാകവിയ്ക്ക് പരമോന്നത ബഹുമതിയായ ജ്ഞാനപീഠം നൽകാൻ തീരുമാനിച്ചത്.

ഞാനും ഈശ്വരനും ഒന്നെന്നറിഞ്ഞ സർവ്വഭൂതഹൃദയത്വം ഋഷികവിയായ അക്കിത്തം ആർജ്ജിച്ചിരുന്നു. ഭാരതീയതയുടെ വക്താവായി അഭിമാനിക്കുന്ന കവി ഭാരതീയയുവത്വത്തിന്റെ കാവലാളായി വിവേകാനന്ദനെ പ്രതിഷ്ഠിക്കുന്നു.

---

16 പി.കുഞ്ഞിരാമൻനായർ, 'എന്നെ തിരയുന്ന ഞാൻ' മാതൃഭൂമി, കോഴിക്കോട്, 2017, പുറം 15.

അതിനുമപ്പുറത്ത്, 'ആരാണച്ഛാ വിവേകാനന്ദൻ' എന്നു ചോദിച്ച കുഞ്ഞിനോട് കവി ഇങ്ങനെ മൊഴിയുന്നു.

“ലയിച്ചാലും ശിലാതുല്യസത്യമായി നിലനിൽപ്പവൻ!

സത്യമുള്ളത്രകാലം നിലനിൽക്കാനുറച്ചവൻ!

മുഴതിങ്കൾ നിലാവായി ബ്ലാവിലോകാന്തരങ്ങളിൽ

മുഴങ്ങും ശംഖനാദത്തിൽ മുഖരശ്രുതിയായവൻ

'അസാധ്യ'മെന്നവാക്കപ്പോൾ മായുന്നൂ നിൻ നിഘണ്ടുവിൽ;

'എനിയ്ക്കവയ്യെ'ന്ന മൊഴി മറക്കുന്നു മനോബലം

കണ്ടെത്തുമന്നു നീ ലോകമാതൃവാത്സല്യവാഹിനി

കാണുന്ന വസ്തുക്കളിലൊട്ടുക്കുന്മേഷ ധന്യമായ്”

ആവിവേകാനന്ദ വായ്പാൽ മലകീറിക്കടക്കവേ

കടൽചാടിക്കടക്കുമ്പോൾ കാണുന്നൂ നിന്റെ ശക്തി നീ

ആ വിവേകാനന്ദ വായ്പിൽ വരുംതലമുറയ്ക്കു നീ

ബലം നൽകീടവേ കേൾക്കാം '' ’വിവേകാനന്ദ’നാണു നീ''[17]

### 5.3.6 ഒ.എൻ.വി.കുറുപ്പ്

സമത്വസുന്ദരലോകത്തിനുവേണ്ടി കവിതകളിലൂടെ പോരാടിയിരുന്ന മാനവികതയുടെ കവി എന്നു വിശേഷിപ്പിക്കപ്പെടുന്ന ഒ.എൻ.വി. വിവേകാനന്ദന്റെ ജീവതത്തെ ആസ്പദമാക്കി രചിച്ച കവിതയാണ് 'മാതൃദർശനം' [18]

---

17 അക്കിത്തം, 'വിവേകാനന്ദനാര്?' സ്വാമിവിവേകാനന്ദനും പ്രബുദ്ധകേരളവും, എഡി. പി. പരമേശ്വരൻ, ഭാരതീയ വിചാരകേന്ദ്രം, പുറം 484, 2013.

18 ഒ.എൻ.വി. കുറുപ്പ്, മാതൃദർശനം, സ്വാമി വിവേകാനന്ദനും പ്രബുദ്ധകേരളവും, (എഡി.), പി, പരമേശ്വരൻ 2013, പുറം 486-489.

"മകനേ, ബില്ലൂ....!" എന്നൊരമ്മതൻ വിളിയാർദ്ര
മധുരമുയരുന്നു മഠത്തിൻ മുന്നിൽ നിന്നും
പടികളിറങ്ങിവന്നമ്മയെയകേത്തക്ക്
പിടിച്ചുകയറ്റുന്നു സാദരം യുവയോഗി

വിവേകാനന്ദന്റെ അമ്മ ഭുവനേശ്വരീദേവി ബില്ല എന്ന വാത്സല്യപ്പേരായിരുന്നു മകനെ വിളിയ്ക്കാറ്. ബേലൂർ മഠത്തിന്റെ മുന്നിൽ നിന്നും സന്യാസിയായ തന്റെ മകനെ കാണാൻ അമ്മയെത്തുന്നതാണ് സന്ദർഭം. കവിതയിങ്ങനെ തുടരുന്നു.

ഭൂമുഖത്തിളവെയിൽ പരന്നപോലായമ്മ-
യ്ക്കാമകനൊരു കുഞ്ഞുസൂര്യനായുദിയ്ക്കവേ
നൊന്തുപെറ്റവളേതു സ്വർഗ്ഗത്തേക്കാളും വലു-
തെന്നറിയുമാ യോഗിയമ്മതൻ മൊഴികൾക്ക്
കാതോർത്തിരിയ്ക്കെ, യന്തരാത്മാവിൽ സാക്ഷാൽ ജഗ-
ത്മാതാവേ ദർശിയ്ക്കുന്നൊരാനന്ദം നിറയുന്നു
ലോകാനുരാഗത്തിന്റെ ഉത്തുംഗശൃംഗം പൂകാ-
നാകാത്ത വൈരാഗികൾക്കപ്രാപ്യമീയാനന്ദം

"ഏതുമാതാവും ജഗത്ജ്ജനനി! അവരുടെ വേദന തന്റേതല്ലോ" എന്നാശ്വസിയ്ക്കുന്നു വിവേകാനന്ദൻ. ജഗത്ജനനിയായ ഭാരതാംബയുടെ വിളികേൾക്കുന്ന വിവേകാനന്ദൻ തന്റെ മക്കളെയോർത്തു തപിയ്ക്കുന്ന ഭാരതാംബയ്ക്കായി ജീവിതം സമർപ്പിയ്ക്കുകയാണ്.

ശക്തിയായ്, സൗന്ദര്യമായ് ശാന്തിയായ് തിളങ്ങുന്ന കന്യാകുമാരിയിൽ ധ്യാനലീനനാകുന്ന വിവേകാന്ദൻ. ഭാരതത്തിന്റെ വടക്കേയറ്റത്തുള്ള ഹിമാലയ

ഗിരിനിരകൾ മുതൽ 'സന്ധ്യകൾ മൂന്നും വന്നു നീരാട്ടുമാഴികൾ സംഗമിക്കുന്ന ദക്ഷിണതീരം' വരെ വിവേകാനന്ദൻ മാതൃവന്ദനം നടത്തുകയാണ്. 'സമസ്വച്ഛശാന്ത മാനസനാകും യോഗിതൻ മുന്നിൽ' ശാന്തഗാംഭീര്യത്തിന്റെ നീലക്കമ്പളം വീരിയ്ക്കുകയാണ് സമുദ്രം. പുരാതനമായ ഭാരതപുണ്യതീരത്ത് നവബുദ്ധനായി യോഗി തന്റെ പ്രയാണം തുടരുന്നു. കവിത അവസാനിക്കുന്നതിങ്ങനെയാണ്.

'മകനേ, ബില്ലൂ'....! എന്നൊരമ്മതൻ വിളിയാർദ്ര-

മധുരം കേട്ടു-ജന്മഭൂമിയോ, ജനനിയോ?

### 5.3.7 ഓട്ടൂർ

ശ്രീരാമകൃഷ്ണപരമഹംസന്റെ ജീവചരിത്രം ഓട്ടൂർ മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തിരുന്നു. ഈശ്വരൻ തന്നെയായി ശ്രീരാമകൃഷ്ണപരമഹംസനെ കണ്ടിരുന്നതിനാൽ ശ്രീരാമകൃഷ്ണവചനാമൃതത്തിന്റെ കുറച്ചുഭാഗങ്ങളെ ആസ്വദമാക്കി 'ശ്രീഭഗവാനുവാച' എന്ന പേരിൽ പദ്യരൂപത്തിലാക്കിയിട്ടുണ്ട് കവി. വിവേകാനന്ദന്റെ സഹോദരസന്യാസിയായ നിർമ്മലാനന്ദസ്വാമികളുടെ ശിഷ്യനായിരുന്നു ഓട്ടൂർ ഉണ്ണിനമ്പൂതിരിപ്പാട്. സ്വാമികളിൽ നിന്നും മന്ത്രദീക്ഷ സ്വീകരിച്ച ഓട്ടൂർ പാലപ്പുറം ആശ്രമത്തിലെ നിത്യസന്ദർശകനായിരുന്നു. കവിയും പ്രഭാഷകനും ലേഖകനുമായി ശ്രീരാമകൃഷ്ണസംഘ പ്രവർത്തനങ്ങളിൽ ഓട്ടൂർ സജീവമായി പങ്കെടുത്തു. നിർമ്മലാനന്ദസ്വാമികളെ തുളസീമഹാരാജ് എന്നായിരുന്നു വിശേഷിപ്പിച്ചിരുന്നത്. സ്വാമികളുടെ ശിഷ്യനായ ഓട്ടൂർ തുളസീദാസൻ എന്നറിയപ്പെടാൻ ആഗ്രഹിച്ചിരുന്നു. ഓട്ടൂർ തന്റെ വീടിനുനൽകിയ പേരും 'തുളസീവനം' എന്നായിരുന്നു. "ശാസ്തമംഗലത്തെയും പുറനാട്ടുകരയിലേയും പൂങ്കുന്നത്തേയും ശ്രീരാമകൃഷ്ണാ ശ്രമങ്ങളിലിരുന്ന് കാഷായത്തിന്റെ നിറമുള്ള അസ്തമയ സന്ധ്യകളിൽ ജീവിതത്തിന്റ ഉണ്മജ്ഞാനത്തെ അദ്ദേഹം (ഓട്ടൂർ) പറയുന്നതെത്രയോ

തവണ ഞാൻ കേട്ടിട്ടുണ്ട്. നിർമ്മലാനന്ദസ്വാമികളിൽ നിന്ന് വേദാന്തരഹസ്യം ഹൃദിസ്ഥമാക്കിയ ഓട്ടൂരിന്റെ ജീവിതകഥയിൽ മനുഷ്യന്റെ അവസാനിയ്ക്കാത്ത അന്വേഷണത്വരയുണ്ട്. മഹത്വത്തിന്റെ വിനയമുണ്ട്".[19]

"ഹേ രാമകൃഷ്ണമധുരം തവ സച്ചരിത്രം

ത്വത് പുണ്യനാമ മധുരം, മധുരം ത്വദങ്ഗം

സംഭാഷണം ച മധുരം, മധുരം ച ഗാനം

തത കിം, നയന്ന മധുരം ഭവതി ത്വദീയം?

- അല്ലേ ശ്രീരാമകൃഷ്ണാ ഇവിടത്തെ ചരിത്രം മധുരമാണ്, നാമം മധുരമാണ്, അംഗം മധുരമാണ്, മൊഴി മധുരമാണ്, പാട്ട് മധുരമാണ്,

നിന്തിരുവടിയുടെ എന്തൊന്നാണ് മധുരമല്ലാത്തത്?"[20]

### 5.3.8 കുട്ടിക്കൃഷ്ണമാരാർ

ശ്രീരാമകൃഷ്ണ-വിവേകാനന്ദസാഹിത്യവുമായുള്ള ബന്ധം കുട്ടികൃഷ്ണമാരാരുടെ ജീവിതത്തിലെ പരിവർത്തനഘട്ടമായിരുന്നു. വിവേകാനന്ദനെക്കുറിച്ച് എട്ട് ലേഖനങ്ങൾ മാരാർ രചിച്ചിട്ടുണ്ട്. 'ഭഗവദ്വിവേകാനന്ദൻ' എന്നാണ് ഒരു കൃതിയുടെ നാമധേയം. ഇന്ത്യാരാജ്യത്ത് ഇക്കഴിഞ്ഞ ഒരു നൂറ്റാണ്ടിനകം സാമുദായികമായും സാംസ്കാരികമായും രാഷ്ട്രീയമായും സ്പഷ്ടമായ ഒരഭ്യുത്ഥാനമുണ്ടായിട്ടുണ്ടെങ്കിൽ അതിന് ഉത്തേജകരായ മഹാത്മാക്കളിൽ എന്തുകൊണ്ടും പ്രഥമഗണനീയനായിരുന്ന ഒരു മഹിത വ്യക്തിയത്രേ ശ്രീരാമകൃഷ്ണ ശിഷ്യനായ ഭഗവദ്വിവേകാനന്ദൻ. ഇതായിരുന്നു വിവേകാനന്ദനെപ്പറ്റിയുള്ള

---

19 എസ്.ഗുപ്തൻനായർ, 'മനസാസ്മരാമി', ഡി.സി. ബുക്സ്, കോട്ടയം, 2017, പുറം-112.

20 ഓട്ടൂർ ഉണ്ണിനമ്പൂതിരിപ്പാട് 'ശ്രീരാമകൃഷ്ണകർണ്ണാമൃതം' പ്രഥമസർഗ്ഗം ശ്ലോകം 12. ശ്രീരാമകൃഷ്ണ അദ്വൈതാശ്രമം, കാലടി, 1972

മാരാരുടെ വീക്ഷണം. കോഴിക്കോട് മാതൃഭൂമിയിൽ പ്രൂഫ് റീഡറായാണ് മാരാർ ഔദ്യോഗിക ജീവിതം ആരംഭിച്ചത്. വിമർശനത്തെ സർഗ്ഗാത്മകമാക്കിയ മാരാർ 'കല ജീവിതം തന്നെ' എന്ന പക്ഷക്കാരനായിരുന്നു. 'ഭാരതപര്യടനം' എന്ന ഇതിഹാസപഠനം മഹാഭാരതത്തിന്റെ മാരാർ വായനയായിരുന്നു.

1961 മുതൽ മാരാർ ആദ്ധ്യാത്മിക ഉപന്യാസങ്ങൾ എഴുതിത്തുടങ്ങി. ശ്രീരാമകൃഷ്ണാശ്രമവുമായി ബന്ധപ്പെട്ടായിരുന്നു അദ്ദേഹത്തിന്റെ അവസാന വർഷങ്ങൾ. കോഴിക്കോട് ആശ്രമം കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന വിവേകാനന്ദ സാഹിത്യസർവ്വസ്വത്തിന്റെ പരിഭാഷയിലും സംശോധനത്തിലും മാരാർ പൂർണ്ണമായും മുഴുകി.

ഒരു പ്രൂഫ് റീഡറെന്നതിനപ്പുറത്ത് ഭാരതീയ തത്വശാസ്ത്രത്തിനുള്ള താൽപര്യം കാരണമാണ് വിവേകാനന്ദസാഹിത്യ സർവ്വസ്വത്തിന്റെ പരിഭാഷാപ്രവർത്തനത്തിൽ മാരാർ സജീവമായത്. ത്രൈലോക്യാനന്ദസ്വാമികളെപ്പോലെയുള്ള സന്യാസി വര്യന്മാരുമായി പരിചയപ്പെടാനും ആദ്ധ്യാത്മികവിഷയങ്ങൾ ചർച്ചചെയ്യാനും മാരാർക്ക് ധാരാളം അവസരങ്ങൾ കിട്ടി. വിവേകാനന്ദസാഹിത്യത്തിലെ മലയാളവിവർത്തനം പ്രൂഫ് പരിശോധിയ്ക്കാനേറ്റത് മാരാരുടെ ജീവിതത്തിൽ സുപ്രധാനമായ ഘട്ടമായിരുന്നു. വിവേകാനന്ദസൂക്തങ്ങൾ സംസ്കൃതപാരംഗതനായ മാരാരിൽ ആർഷചൈതന്യത്തെ ജ്വലിപ്പിച്ചു. പിന്നീട് അദ്ദേഹം ശ്രീരാമകൃഷ്ണാശ്രമവുമായി നിത്യസമ്പർക്കം പുലർത്താൻ തുടങ്ങി.

1963-ൽ തൃശ്ശൂർ ശ്രീരാമകൃഷ്ണാശ്രമം വിവേകാനന്ദന്റെ ജന്മശതാബ്ദി യോടനുബന്ധിച്ച് ഒരു സോവനീർ പുറത്തിറക്കിയിരുന്നു. അതിൽ മാരാരെഴുതിയ ലേഖനത്തിന്റെ തലക്കെട്ട് 'ബലം വിവേകാനന്ദോപനിഷത്' എന്നായിരുന്നു. ഉപനിഷത്

മന്ത്രങ്ങളെ മുദ്രാവാക്യങ്ങളാക്കിയ വിവേകാനന്ദസാഹിത്യം കരുത്തിന്റെ ഉരുക്കുകോട്ടയാണെന്ന് ലേഖനത്തിൽ മാരാർ സ്ഥാപിക്കുന്നുണ്ട്. ''വിവേകാനന്ദസാഹിത്യസർവ്വസ്വവും ഭാഗവതവും വായിച്ചുകഴിഞ്ഞ മാരാർ ഒരിക്കൽ എന്നോട് പറഞ്ഞു-ഇന്നാണെങ്കിൽ ഞാൻ ഭാരതപര്യടനം ഇങ്ങനെയല്ല എഴുതുക (കുഞ്ഞുണ്ണിമാഷ്-മാരാർ സ്മരണിക-പുറം-113-മാരാർസാഹിത്യ പ്രകാശം-കോഴിക്കോട്). പാരമ്പര്യത്തിന്റേയും അതോടൊപ്പം പുരോഗമനത്തിന്റെയും പാതകളെ സമന്വയിപ്പിക്കുന്ന പുതിയ പാതയിലേയ്ക്ക് കുട്ടികൃഷ്ണമാരാർ എത്തിയത് ശ്രീരാമകൃഷ്ണ വിവേകാനന്ദസാഹിത്യത്തിലൂടെയുള്ള നിരന്തര പ്രയാണം മൂലമാണ്.

#### 5.3.9 ബോധേശ്വരൻ

കൗമാരത്തിൽത്തന്നെ ആദ്ധ്യാത്മികവിഷയങ്ങളോട് പ്രതിപത്തി കാണിച്ച ബോധേശ്വരൻ (പൂർവ്വാശ്രമത്തിൽ കേശവൻ) നിർമ്മലാനന്ദസ്വാമികളുടെ നിർദ്ദേശ പ്രകാരം കൊയിലാണ്ടി ശ്രീരാമകൃഷ്ണാശ്രമത്തിലെ അന്തേവാസിയായിരുന്നു. ബോധേശ്വരൻ പിന്നീട് ശിവഗിരിയിലും അവിടെനിന്ന് ബംഗാളിലും എത്തി. ബോധേശ്വരാനന്ദയായി കേരളത്തിലെ സ്വാതന്ത്ര്യസമരപ്രക്ഷോഭങ്ങളിൽ സജീവമായി. സനാതനധർമ്മപരിഷ്ക്കരണങ്ങളും അദ്ദേഹത്തിന്റെ ദൗത്യമായിരുന്നു. ബോധേശ്വരന്റെ ഗീതകങ്ങൾ പ്രത്യേകിച്ച് ആർഷഗീതവും കേരളഗാനവും ജനമനസ്സുകളെ സ്വധീനിച്ചു. വിവേകാന്ദദർശനം ബോധേശ്വരനെ അഗാധമായി സ്പർശിച്ചിരുന്നു. ''ശ്രീരാമകൃഷ്ണാദി ഗുരുക്കന്മാർ പഠിപ്പിച്ചിട്ടുള്ളത് ഹിന്ദുക്കൾ മറക്കരുത്.'' ആർഷഗീതത്തിലൂടെ ബോധേശ്വരൻ ഉദ്ബോധിപ്പിച്ചു. 1945-ൽ സുപ്രഭാതം എന്നൊരു മാസിക ബോധേശ്വരൻ ആരംഭിച്ചിരുന്നു. വിവേകാനന്ദന്റെ ആശയങ്ങളായിരുന്നു ഇതിന്റെ ലക്കങ്ങളിൽ മുഖ്യമായും ചർച്ച ചെയ്തിരുന്നത്. ''മതവിഷയങ്ങളിൽ പ്രത്യേകിച്ച് വിവേകാനന്ദ

വചനങ്ങളിൽ അഭിനിവേശം വർദ്ധിച്ചതോടെ സ്കൂൾ പഠിപ്പിൽ താല്പര്യം കുറഞ്ഞു. മറ്റെന്തൊക്കെയോ പഠിയ്ക്കാൻ വീടിനുവെളിയിൽ കടക്കണമെന്ന ആഗ്രഹം ഏറിയും വന്നു."[21] ദേശാഭിമാന നിർഭരമായിരുന്ന ബോധേശ്വരന്റെ കവിതകളും ലേഖനങ്ങളും പ്രസംഗങ്ങളും. അദ്ദേഹത്തിന്റെ ദേശിയബോധം വിവേകാനന്ദസാഹിത്യത്തെയാണ് അടിസ്ഥാനമാക്കി യത്.

ജയജയ കോമള കേരളധരണീ
ജയജയ മാമക പൂജിത ജനനീ
ജയജയ പാവന ഭാരത ഹരിണീ
ജയജയ ധർമ്മ സമന്വയ രമണീ...
..................................................
ജാതിമതാന്ധ്യ മതാന്തമെതിർക്കും
ബോധവിഭാവിതമെന്നുടെ രാജ്യം
സർവ്വസ്വതന്ത്ര സമസ്ഥിതിദായക
സാർവ്വജനീനകുലീന യുവത്വം (ബോധേശ്വരൻ-കേരളഗാനം)

ബോധേശ്വരൻ ചട്ടമ്പിസ്വാമികളുടെ ഗൃഹസ്ഥശിഷ്യനായിരുന്നു. ഗാന്ധിജിയോടൊപ്പം വിവേകാനന്ദനും ബോധേശ്വരന്റെ മനസ്സിൽ അതുല്യസ്ഥാനം നേടി. ബോധേശ്വരന്റെ മക്കൾ-ഹൃദയകുമാരി, സുഗതകുമാരി, സുജാതാദേവി-മലയാളസാഹിത്യത്തിലെ പ്രതിഭാശാലികളാണ്. വിവേകാനന്ദദർശനം ഇവർ മൂന്നുപേരുടെയും സാഹിതീയ പ്രവർത്തനങ്ങളിലും സാമൂഹ്യപ്രവർത്തനങ്ങളിലും നിർണ്ണായകസ്വാധീനം ചെലുത്തി യിട്ടുണ്ട്.

---

21 ബി.ഹൃദയകുമാരി, 'ബോധേശ്വരൻ നിർഭയനായ ഒറ്റയാൻ', മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2000 ഓഗസ്റ്റ് 20-26 ലക്കം.

### 5.3.10 സുബ്രഹ്മണ്യൻ തിരുമുമ്പ്

സമത്വത്തിന്റേയും സാമൂഹ്യനീതിയുടെയും ആശയങ്ങളുടെ പോരാളിയായിരുന്ന തിരുമുമ്പ്. ചെറുപ്പത്തിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രവർത്തകനായി സമരവും സത്യാഗ്രഹവും ജയിൽവാസവുമൊക്കെയായി ജയിലിൽ കഠിനമായ മർദ്ദനത്തിന് തിരുമുമ്പ് ഇരയായി. ജയിൽ മോചനത്തിനുശേഷം അദ്ദേഹം ആത്മീയതയുടെ പന്ഥാവ് തെരഞ്ഞെടുത്തു. സംസ്കൃതപണ്ഡിതനായിരുന്ന തിരുമുമ്പ് ധാരാളം പുരാണേതിഹാസങ്ങൾ മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തു. ദേവീഭാഗവതവും ദേവീമാഹാത്മ്യവും ഇവയിൽ ചിലതാണ്.

ഇംഗ്ലീഷിലും മലയാളത്തിലുമുള്ള കവിയുടെ പാണ്ഡിത്യം തിരുമുമ്പിനെ വിവേകാനന്ദസാഹിത്യത്തിലെത്തിച്ചു. വിപ്ലവകാരിയായിരുന്ന തിരുമുമ്പ് ആത്മീയാന്വേഷണത്തിന്റെ വഴി തെരഞ്ഞെടുക്കുകയായിരുന്നു. അത്യന്തം ക്ലേശകരമായിരുന്നു വിവേകാനന്ദസാഹിത്യസർവ്വസ്വത്തിന്റെ പരിഭാഷ. വിവേകാനന്ദന്റെ കവിതകൾ പലതും അവയുടെ സത്ത ചോരാതെ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്താൻ ത്രൈലോക്യാനന്ദസ്വാമികൾ മുഖ്യമായും ആശ്രയിച്ചത് സുബ്രഹ്മണ്യൻ തിരുമുമ്പിനെയായിരുന്നു. "വിധിയുടെ കണ്ണീരൊപ്പാനൊ അഗതിയുടെ വായക്ക് ഒരപ്പക്കഷ്ണം കൊടുക്കാനോ കഴിയാത്ത ഒരീശ്വരനിലോ മതത്തിലോ ഞാൻ വിശ്വസിയ്ക്കുന്നില്ല... കണ്ണു നെറ്റിയിലാണ്. പിൻവശത്തല്ല. മുന്നോട്ട് പോവുക, യാതൊന്നിനെ നിങ്ങളുടെ മതമെന്ന് അത്യഭിമാനപൂർവ്വം വിളിയ്ക്കുന്നുവോ അത് പ്രായോഗികമാക്കുകയും ചെയ്യുക-ഭഗവാൻ നിങ്ങളെ അനുഗ്രഹിയ്ക്കും". [22]

---

[22] വിവേകാനന്ദന്റെ വിപ്ലവകരമായ ആശയങ്ങൾ തിരുമുമ്പിനെ പണ്ടേ സ്വാധിനിച്ചിരുന്നു. സമത്വത്തിലേക്കുള്ള വഴിയിൽ ഭൗതികതയും ആത്മീയതയുമായുള്ള സംയോജനം കവിമനസ്സ് വായിച്ചെടുത്തു. തിരുമുമ്പ് നിർവ്വഹിച്ച വിവേകാനന്ദകവിതകളുടെ മലയാളം പരിഭാഷയിൽ അസ്സലിന്റെ ഓജസ്സും തേജസ്സും അതേ പടി ദർശിക്കാം.

സോഷ്യലിസ്റ്റായ സുബ്രഹ്മണ്യൻ തിരുമുമ്പിനെ വിവേകാനന്ദന്റെ പ്രസംഗങ്ങൾ ഏറെയാകർഷിച്ചിരുന്നു. വിവേകാനന്ദസാഹിത്യസർവ്വസ്വത്തിന്റെ ഏഴാം ഭാഗം മഹച്ചരിതങ്ങളും കവിതകളുമാണ്. വിവേകാനന്ദകവിതകൾ വ്യക്തമായ ഉദ്ദേശലക്ഷ്യങ്ങളോടെയാണ് എഴുതിയിരുന്നത്. വിവേകാനന്ദനെ സംബന്ധിച്ച് ആത്മാവിന്റെ പ്രകാശനമായിരുന്നു മഹത്തായത്. ഏറ്റവും ലളിതമായ ഭാഷ വേണം ഉപയോഗിയ്ക്കാൻ. എങ്കിൽ നിങ്ങൾ ജയിച്ചു. അദ്വൈത തത്വങ്ങൾ, ജീവനുള്ള, കവിതയുള്ള, ദൈനംദിന ജീവിതത്തെ സ്പർശിയ്ക്കുന്ന വസ്തുക്കളാക്കിത്തീർക്കണം. കൊച്ചുകുഞ്ഞിനു പോലും മനസ്സിലാകുന്ന ഭാഷയിലാകണം എല്ലാം. ഇതായിരുന്നു വിവേകാനന്ദന്റെ കാവ്യവീക്ഷണം.

അദ്വൈതമന്ദിരം എന്ന പേരിൽ സ്ഥാപനം സുബ്രമഹ്മണ്യൻ തിരുമുമ്പ് നടത്തിയിരുന്നു. കുറച്ചു കുട്ടികൾക്ക് ഈ സ്ഥാപനത്തിൽ തിരുമുമ്പ് ക്ലാസെടുത്തു. വിവേകാനന്ദന്റെ പല പ്രസംഗങ്ങളും കവി വായിച്ചു പഠിച്ചതും പഠിപ്പിച്ചതും ഇക്കാലത്തായിരുന്നു. തന്റെ സംസ്കൃതപരിജ്ഞാനവും വിവേകാനന്ദസാഹിത്യ ത്തോടുള്ള താൽപര്യവും വിവേകാനന്ദകവിതകളുടെ പരിഭാഷ തിരുമുമ്പിനെളുപ്പമാക്കി. ദ്രാവിഡവൃത്തങ്ങളിലും സംസ്കൃതവൃത്തങ്ങളിലുമായി മൂലകൃതിയുടെ സത്ത ചോരാതെ വിവേകാനന്ദകവിതകൾ പുനരാവിഷ്കരിക്കാൻ തീവ്രശ്രമമായിരുന്നു തിരുമുമ്പ് നടത്തിയത്.

### 5.3.11 എൻ.വി.കൃഷ്ണവാര്യർ

എൻ.വി.യുടെ കവിതകളിലേക്കാൾ ലേഖനങ്ങളിലാണ് വിവേകാനന്ദാശയങ്ങൾ പ്രതിഫലിയ്ക്കുന്നത്. "ഈ നാട്ടിൽ ഇന്നും മതവും ആദ്ധ്യാത്മികതയും നിലനിൽക്കുന്നു. ഈ ഉറവകൾ കവിഞ്ഞൊഴുകി ലോകത്തിൽ മുഴുവൻ പരക്കണം. അങ്ങനെ വേണം

പാശ്ചാത്യരും തദിതരുമായ ജനതകൾക്ക് പുതുതായ ജീവിതവും ഓജസ്സുമുണ്ടാകാൻ.''[23] വിവേകാനന്ദസാഹിത്യത്തിലെ ഈ ഉദ്ധരണിയോടെ എൻ.വി. ഇങ്ങനെ തുടർന്നു. ആധുനിക പാശ്ചാത്യനാഗരികതയുടെ ആധാരമായ ഭൗതികതയും ഭാരതത്തിന്റെ നിരന്തരസാധനയായ ആദ്ധ്യാത്മികതയും തമ്മിൽ ഉയർന്ന ഒരു തലത്തിലുള്ള സമന്വയമാണ് വിവേകാനന്ദസ്വാമികൾ മനുഷ്യജീവിതത്തിന്റെ പുരോഗതിക്ക് വിഭാവനം ചെയ്തത്.

ശ്രീരാമകൃഷ്ണദ്വൈതാശ്രമത്തിന്റെ കാലടിയിലുള്ള സ്കൂളിൽ പ്രധാനാധ്യാപക നായിരുന്ന എൻ.വി.കൃഷ്ണവാര്യർ. ആഗമാനന്ദസ്വാമികളുമായുള്ള അടുപ്പം കാരണം എൻ.വി.അദ്വൈതാശ്രമത്തിലെ അന്തേവാസിയായി. ഇരുപത്തൊന്നുമാസം എൻ.വി.അവിടെ സേവനമനുഷ്ഠിച്ചു. "തന്റെ വ്യക്തിത്വത്തേയും ജീവിതവീക്ഷണത്തേയും രൂപപ്പെടുത്തുന്നതിൽ ഈ ആശ്രമജീവിതം വളരെയേറെ പ്രയോജനപ്പെട്ട കയുണ്ടായെന്ന്"[24] എൻ.വി.അനുസ്മരിച്ചിട്ടുണ്ട്. ആശ്രമജീവിതത്തിനുശേഷമാണ് എൻ.വി.സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുന്നതും ഒളിവിൽ പോയി 'സ്വാതന്ത്ര്യഭാരതം' എന്ന് നിരോധിയ്ക്കപ്പെട്ട പത്രം നടത്തുകയും ചെയ്തത്. കോളേജ് അദ്ധ്യാപകനായും പത്രപ്രവർത്തകനായും ഔദ്യോഗികജീവിതം തുടർന്നപ്പോഴും വിവേകാനന്ദ സാഹിത്യത്തിന്റെ സത്ത എൻ.വി ഉൾക്കൊണ്ടിരുന്നു. മനുഷ്യവംശത്തിന്റെ സമുന്നതി സാഹിത്യത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണെന്ന് കണ്ട വിവേകാനന്ദന്റെ പാതതന്നെയാണ് എൻ.വി.യും പിന്തുടർന്നത്. ''ആദ്ധ്യാത്മിക മൂല്യങ്ങളുടെ പുനഃപ്രതിഷ്ഠാപനത്തിലൂടെ അനുവാചകന്റെ വ്യക്തിത്വത്തെ ഉദ്ഗ്രഥിച്ച് മാനസികമായ

---

23 വിവേകാനന്ദസാഹിത്യസർവ്വസ്വം. ഭാഗം ഏഴ്. സമത്വബോധത്തിൽ അതിഷ്ഠിതമായ വിവേകാനന്ദചിന്തകളും പ്രസംഗങ്ങളും എൻ.വി.യെ ഏറെ ആകർഷിച്ചു, 1980, പുറം.89.

24 എൻ.വി.കൃഷ്ണവാര്യർ, എൻ.വി.യുടെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, (എഡി.), എം.ആർ ചന്ദ്രശേഖരൻ, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2006, പുറം 156,157.

അരോഗതയും പൂർണ്ണതയും ചാരിതാർത്ഥതയും അയാളിൽ ഉളവാക്കുകയാണ് സാഹിത്യത്തിന്റെ സാമൂഹ്യലക്ഷ്യം. ആ ലക്ഷ്യം നിറവേറ്റാത്ത സാഹിത്യം, സാഹിത്യമെന്ന പേരിനർഹമല്ല തന്നെ".[25] മാതൃഭൂമി, കുങ്കുമം പോലെയുള്ള പ്രസിദ്ധീകരണങ്ങളിലും വിജ്ഞാനകൈരളിയിലും മുഖ്യ പത്രാധിപരായിരുന്ന എൻ.വി.വിവേകാനന്ദചിന്തകൾ പ്രസരിപ്പിച്ച ഊർജ്ജം തന്റെ കർമ്മരംഗത്ത് എൻ.വി.യെ ഏറെ സ്വാധീനിച്ചിരുന്നു. ഭാഷയിലെ ആധുനിക പ്രവണതകൾ ഉൾക്കൊള്ളുന്നതിനും സാഹിതീയമായ മാറ്റങ്ങളുടെ പന്ഥാവ് തുറക്കുന്നതിനും എൻ. വി. ശ്രദ്ധിച്ചുപോന്നു. താൻ പത്രാധിപരായ പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങളുടെ തെരഞ്ഞെടുപ്പിനും ഈ മൂല്യബോധത്തെ എൻ.വി. അടിസ്ഥാന മാക്കിയിരുന്നു. പുതുചിന്തകൾക്കൊപ്പം എൻ.വി.യുടെ ചിന്താമണ്ഡലത്തിൽ വിവേകാനന്ദദർശനത്തിനും തദ്വാരാ ഭാരതീയതയ്ക്കും ശക്തമായ വേരുകളുണ്ടായിരുന്നു.

**5.3.12 എസ്. ഗുപ്തൻനായർ**

വിവേകാനന്ദസാഹിത്യസർവ്വസ്വത്തിലെ ചില ഉദ്ധരണികൾ ചേർത്ത് ശ്രീരാമകൃഷ്ണമഠം പുറനാട്ടുകര പ്രസിദ്ധീകരിച്ച പുസ്തകമാണ് വിവേകാനന്ദസൂക്തങ്ങൾ. ഇത് തയ്യാറാക്കിയത് ഗുപ്തൻനായരാണ്. വിവേകാനന്ദസാഹിത്യവുമായി മലയാള സാഹിത്യനായകരെ ബന്ധിപ്പിക്കാൻ ശ്രമിച്ചിരുന്ന ത്രൈലോക്യാനന്ദസ്വാമികളാണ് ഇതിന് കാരണമായത്. വിവേകാനന്ദസൂക്തങ്ങളുടെ ആമുഖത്തിൽ ഗുപ്തൻനായർ ഇങ്ങനെ പറയുന്നു. അകാലത്തിൽ അന്തരിച്ച ത്രൈലോക്യാനന്ദസ്വാമികളെ അടുത്തു പരിചയപ്പെട്ടതും അദ്ദേഹത്തിന്റെ പ്രേരണയിൽ വിവേകാനന്ദസൂക്തങ്ങൾ വിവർത്തനം

---

25 എസ്.ഗുപ്തൻനായർ, ഭൗതികതയ്ക്കപ്പുറം – മനസാസ്മമാരി, ഡി.സി. ബുക്സ്, കോട്ടയം, പുറം 173.

ചെയ്തതും ഇക്കാലത്താണ്. വിവേകാനന്ദസൂക്തങ്ങൾ എന്ന കുഞ്ഞുപുസ്തകം രണ്ടു ലക്ഷം കോപ്പികളിലധികം വിറ്റഴിഞ്ഞു.

ബാല്യകാലം മുതൽ തന്നെ പ്രബുദ്ധകേരളം വായനക്കാരനായിരുന്നു ഗുപ്തൻനായർ. കേരളസാഹിത്യഅക്കാദമിയുടെയും സാഹിത്യപ്രവർത്തകസഹകരണ സംഘത്തിന്റെയും പ്രസിഡണ്ടായി സേവനമനുഷ്ഠിച്ച ഗുപ്തൻനായർ ക്രിയാത്മക വിമർശനസാഹിത്യത്തിന്റെ വക്താവായിരുന്നു. “നിരൂപകനായ കൈനിക്കര കുമാരപിള്ളയുടെ അഭിപ്രായത്തിൽ വ്യാപകവും സൂക്ഷ്മവുമായ അറിവിന്റെ പിൻബലം, സമചിത്തത, നീതിദീക്ഷ, തികഞ്ഞ കലാബോധം, ഇവയെല്ലാംകൂടി യോജിച്ച് അവയ്ക്കു നൽകുന്ന വിശ്വാസ്യത, ഗാംഭീര്യം, കലാസൗകുമാര്യം എന്നിവ ഗുപ്തൻനായരുടെ നിരൂപണങ്ങൾക്കുള്ള സ്വാഭാവികഗുണങ്ങളാണ്.”[26] വിവേകാനന്ദ സാഹിത്യസർവ്വസ്വവും വിവേകാനന്ദദർശനത്തെ അടിസ്ഥാനമാക്കിയുള്ള സംഘടനകളും തന്റെ ജീവിതത്തിൽ സമഗ്രമായ സ്വാധീനം ചെലുത്തിയിരുന്നെന്ന് ഗുപ്തൻനായർ തന്റെ ആത്മകഥയിൽ പറയുന്നു. ''വിവേകാനന്ദസാഹിത്യസർവ്വസ്വത്തിന്റെ പരിഭാഷയിലും എഡിറ്റിങ്ങിലും പങ്കെടുക്കാൻ പിന്നീട് നിയോഗമുണ്ടായി.''[27]

### 5.3.13 എം.പി. വീരേന്ദ്രകുമാർ

മലയാളത്തിലിറങ്ങിയ വിവേകാനന്ദന്റെ ജിവചരിത്രങ്ങളിൽ ഏറ്റവും പുതിയതാണ് 'വിവേകാനന്ദൻ സന്യാസിയും മനുഷ്യനും' എന്ന എം.പി.വീരേന്ദ്രകുമാറിന്റെ പഠനഗ്രന്ഥം. ''ഭാരതീയസംസ്കാരത്തിനും ആദ്ധ്യാത്മികപാരമ്പര്യത്തിനും

---

[26] കൈനിക്കര കുമാരപിള്ള, ഗുപ്തൻനായരുടെ ഉപന്യാസസമാഹാരം ‘ക്രാന്തദർശികൾ’ക്ക് എഴുതിയ അവതാരിക, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, പുറം 8.

[27] എസ്.ഗുപ്തൻനായർ, ഭൗതികതയ്ക്കപ്പുറം-മനസാസ്മരാമി, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, പുറം 173.

നവോത്ഥാനത്തിനും ദരിദ്രജനവിഭാഗങ്ങളുടെ ഉന്നമനത്തിനും പുത്തനുണർവ്വ് പകർന്നുനൽകിയ സ്വാമി വിവേകാനന്ദന്റെ സംഭവബഹുലമായ ജീവിതത്തെക്കുറിച്ചുള്ള ഒരവലോകനമാണ് ഈ കൃതി."[28] വിവേകാനന്ദന്റെ കുടുംബപാരമ്പര്യം ഇവിടെ സമഗ്രമായി രേഖപ്പെടുത്തുന്നുണ്ട്. കമ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് സ്വാധീനമുള്ള സഹോദരൻ ഭൂപേന്ദനാഥിന്റെ ജീവിതവും വിശദമായി പറയുന്നു. നരേന്ദ്രന്റെ അകാലത്തിൽ വിട പറഞ്ഞ നിയമജ്ഞനായ പിതാവ് ബിശ്വനാഥ് ദത്ത, മുത്തച്ഛൻ സന്യാസം സ്വീകരിച്ച ദുർഗ്ഗാപ്രസാദ് എന്നിവരെക്കുറിച്ചുള്ള വിവരണങ്ങൾ ഹൃദയസ്പൃക്കാണ്. പിതാവ് നഷ്ടപ്പെട്ട കുട്ടികളെ സർവ്വ പ്രാരബ്ധങ്ങൾ ക്കിടയിലും അമ്മയായ ഭുവനേശ്വരീദേവി വളർത്തിയെടുത്തു. നരേന്ദ്രനിൽ ഭക്തിയുടെയും സ്നേഹത്തിന്റെയും വിത്തുകൾ പാകിയത് അമ്മയാണെന്ന് വിവേകാനന്ദൻ അനുസ്മരിച്ചിട്ടുണ്ട്. നരേന്ദ്രന്റെ ഇളയ സഹോദരനായ മഹേന്ദ്രനാഥ് ദത്ത ശാസ്ത്രമനസ്സുള്ള ബഹുമുഖപ്രതിഭയാണെന്ന് വിശേഷിപ്പിക്കുന്നു. കനൽവഴികളിലൂടെ നടന്ന നരേന്ദ്രൻ ദക്ഷിണേശ്വരത്തെ ശ്രീരാമകൃഷ്ണ സവിധത്തിലെത്തുന്നതും ഗുരുവിന്റെ ശിഷ്യനാവുന്നതും യഥാതഥമായി വിവരിച്ചിരിക്കുന്നു. ആത്മീയസാധനകളിലൂടെ സാഫല്യമടഞ്ഞ ദാമ്പത്യമായി രാമകൃഷ്ണപരമഹംസനേയും ശാരദാദേവിയേയും വിവേകാനന്ദൻ കാണുന്നു. ഇന്ത്യയെ കണ്ടെത്തിയ വിവേകാനന്ദയാത്രയെ ഈ പുസ്തകം സമഗ്രമായി അവലോകനം ചെയ്യുന്നുണ്ട്. "ഇന്ത്യ ഒരപൂർവ്വരാജ്യമാണ്. ഈ പരിവ്രാജകനുമുമ്പിൽ അത് അനന്തം അടരുകളുള്ള തന്റെ ലോകം തുറന്നിട്ടുകൊടുത്തു. എവിടെയും ആരും അദ്ദേഹത്തെ കാത്തിരുന്നില്ല. പക്ഷേ എല്ലായിടത്തും ആരൊക്കെയോ അഭിജാതസൗഭാഗ്യമുള്ള ഈ സന്യാസിയുടെ നിയോഗം തിരിച്ചറിഞ്ഞു."[29] വിവേകാനന്ദന്റെ കേരളയാത്ര 'ഭ്രാന്താലയത്തിലേയ്ക്കുള്ള കവാടങ്ങൾ'

---

[28] എം.പി.വീരേന്ദ്രകുമാർ, വിവേകാനന്ദൻ സന്യാസിയും മനുഷ്യനും, മാതൃഭൂമി-2019, പുറം 183.

[29] ടി.പു. 2019, പുറം 255.

എന്ന ശീർഷകത്തിലുള്ള അദ്ധ്യായത്തിൽ തുടങ്ങുന്നു. കേവലം ഇരുപത്തൊമ്പതുകാരനായ വിവേകാനന്ദനെപ്പറ്റി ചട്ടമ്പിസ്വാമികൾ ക്കുണ്ടായിരുന്ന ആദരങ്ങൾ ഇവിടെ സൂചിപ്പിക്കുന്നുണ്ട്. "അദ്ദേഹം ഗരുഡനാണെങ്കിൽ ഞാനൊരു കൊതുകാണ്." വിവേകാനന്ദശതാബ്ദി സോവനീറിലെ പി.ശേഷാദ്രയുടെ ലേഖനത്തോടൊപ്പം ചേർത്ത ചട്ടമ്പിസ്വാമികളുടെ കത്തിലെ വാചകങ്ങൾ വീരേന്ദ്രകുമാർ ഉദ്ധരിക്കുന്നു. ചട്ടമ്പിസ്വാമികളുമായുള്ള വിവേകാനന്ദന്റെ കൂടിക്കാഴ്ചയെപ്പറ്റി കവിയും സുഗതകുമാരിയുടെ പിതാവുമായ ബോധേശ്വരന് ലഭിച്ച വിവരങ്ങളും ഈ പുസ്തകത്തിൽ ചേർത്തിരിക്കുന്നു. ജ്ഞാന-കർമ്മ-ഭക്തി-രാജയോഗങ്ങളെപ്പറ്റിയുള്ള വിവേകാനന്ദദർശനത്തിന്റെ ഉൾ പ്പൊരുളുകൾ വിവിധ അധ്യായങ്ങളിൽ വിവരിക്കുന്നുണ്ട്.

വിവേകാനന്ദദർശനത്തിന്റെ സവിശേഷതകളും ലോകത്തിൽ, വിശേഷിച്ച് ഭാരതത്തിൽ, അതുണ്ടാക്കിയ സ്വാധീനവും പുസ്തകത്തിൽ വിശദമായിത്തന്നെ ചർച്ചചെയ്യുന്നു. സ്വാമിജിയെയും ഗാന്ധിജിയെയും പരസ്പരപൂരകങ്ങളായി നിരീക്ഷിക്കുന്നു. ഇന്ത്യാചരിത്രത്തിന്റെ ഗതിമാറ്റിയ ചർക്കയുപയോഗിച്ചുള്ള നൂൽനൂൽക്കൽ യജ്ഞം എങ്ങനെയാണ് മനസ്സിൽ രൂപംകൊള്ളാൻ ഇടയായതെന്ന് ഒരിക്കൽ മഹാത്മജിയോടു ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ മറുപടി 'സ്വാമി വിവേകാനന്ദനിൽ നിന്ന്' എന്നായിരുന്നു. ഭാരതീയരുടെ കൈവിരുതിനെപ്പറ്റിയും ലോലവും മനോഹരവുമായ തുണിത്തരങ്ങൾ നെയ്തെടുക്കാനുള്ള കഴിവിനെപ്പറ്റിയും പറയുന്ന വേളയിൽ "നൂൽ നൂൽക്കുന്ന ചക്രത്തിന്റെ മധുരഗാനം ശ്രവിക്കു" എന്ന് വിവേകാനന്ദൻ പറയുകയുണ്ടായി. ചർക്കയെക്കുറിച്ചുള്ള മഹാത്മജിയുടെ ഭാവന രൂപംകൊള്ളുന്നതും ഇന്ത്യക്കാരുടെ ചിന്തയിലും ജീവിതത്തിലും വിപ്ലവകരമായ സ്വാധീനം ചെലുത്തിയതും ഇതുമായി കൂട്ടിവായിക്കാം. ഗാന്ധിജിയുടെ രാമരാജ്യവും വിവേകാനന്ദൻ വിഭാവനം ചെയ്ത ശൂദ്രരാജ്യവും ആത്മീയതയിലൂന്നിയ ക്ഷേമരാഷ്ട്രത്തെയാണ് ലക്ഷ്യമാക്കുന്നതെന്ന്

വീരേന്ദ്രകുമാർ നിരീക്ഷിക്കുന്നുണ്ട്. മതങ്ങളെ സമന്വയിപ്പിച്ച വിവേകാനന്ദന്റെ വേദാന്തദർശനവും വിശ്വവിഖ്യാതമായ അമേരിക്കൻ പ്രഭാഷണപരമ്പരകളും ഇവിടെ അവലോകനം ചെയ്യുന്നു.

ഇന്ത്യയിൽ വിവേകാനന്ദദർശനങ്ങളുടെ സ്വാധീനം വ്യക്തമാക്കുന്ന ശീർഷകങ്ങൾ വിവിധ അദ്ധ്യായങ്ങൾക്ക് നൽകിയിരിക്കുന്നു. ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ ആദ്ധ്യാത്മിക പിതാവ്, ഇന്ത്യയെ അറിഞ്ഞ സന്യാസി. ദരിദ്രദേവോഭവ, നേതാജിയിലൂർജ്ജം പകർന്ന സന്യാസി, നെഹ്റുവിൽ വിവേകാനന്ദദർശനങ്ങളുടെ സ്വാധീനം എന്നിവ ഇവയിൽ ചിലതാണ്. ഇന്ത്യയിലെ വ്യത്യസ്ത വംശങ്ങളിൽനിന്ന് ഒരു രാഷ്ട്രം ഉണ്ടാവുകയാണ്. (പുറം.690) ജാതിവ്യവസ്ഥയ്ക്കെതിരെ വിവേകാനന്ദൻ നടത്തിയ വിമർശനവും സന്ധിയില്ലാ നിലപാടുകളും വൃഥാവിലായില്ല. അയിത്തോച്ചാടനത്തിനുള്ള മഹാത്മജിയുടെ ആഹ്വാനം സ്വാമിജിയുടെ നിലപാടിൽ ഉറച്ചുനിന്നു കൊണ്ടുള്ളതായിരുന്നു വെന്ന് കാണാൻ പ്രയാസമില്ല എന്ന് വീരേന്ദ്രകുമാർ നിരീക്ഷിക്കുന്നുണ്ട്. സ്വാതന്ത്ര്യാനന്തരം രൂപംകൊണ്ട ഇന്ത്യൻ ഭരണഘടനയാകട്ടെ നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ഈ ദുരാചാരം അവസാനിപ്പിക്കണമെന്നു ശാസിച്ചിട്ടുമുണ്ട് (പുറം-691).

സന്യാസിയുടെ വിരക്തിയും വ്യക്തിയുടെ ധർമ്മസങ്കടങ്ങളും ഒരു ജീവിതകാലം കൊണ്ടുനടന്ന വിവേകാനന്ദനെയാണ് വീരേന്ദ്രകുമാർ അവലോകനം ചെയ്യുന്നത്. "ഹൃദയം അലിയട്ടെ പാവപ്പെട്ടവർക്കും ചവിട്ടിമെതിയ്ക്കപ്പെട്ടവർക്കും വേണ്ടി എന്ന വിവേകാനന്ദചിന്തയെ ഭാവിഭാരതത്തിന്റെ വികസനത്തിലേയ്ക്കുള്ള കൈചൂണ്ടിയായി അവതരിപ്പിയ്ക്കുകയാണ് ഈ ഗ്രന്ഥത്തിൽ. ക്ഷേമപദ്ധതികൾ ലക്ഷ്യത്തിലെത്തണ മെങ്കിൽ അടിസ്ഥാനമൂല്യങ്ങളിലൂന്നിനിന്നുകൊണ്ടുള്ള സാമൂഹികപരിവർത്തന

മുണ്ടാവണം. സ്ത്രീകളുടെയും അയിത്തജാതിക്കാരുടെയും ഉന്നമനത്തിനുവേണ്ടി യത്നിച്ച വിപ്ലവകാരിയാണ് വിവേകാനന്ദൻ. സനാതനധർമ്മത്തിന്റെ പുനരുദ്ധാരകനും ആധുനിക സോഷ്യലിസ്റ്റുമായി ഗ്രന്ഥകർത്താവ് സ്വാമിജിയെ കാണുന്നു. ആഗോളവൽക്കരണത്തി നെതിരെയുള്ള പോരാട്ടത്തിൽ വിവേകാനന്ദദർശനത്തിലൂന്നിയുള്ള ഭാരതീയചിന്തകളുടെ പ്രസക്തി വീരേന്ദ്രകുമാർ ഊന്നിപ്പറയുന്നു. വിവേകാനന്ദസന്ദേശത്തിൽനിന്നും പ്രചോദനമുൾക്കൊണ്ടാണ് മഹാകവി ഇക്ബാൽ "സാരേ ജഹാം സെ അച്ഛാ" എന്ന ദേശഭക്തിഗാനം രചിച്ചത്. വൈദേശികാടിമത്വത്തിൽനിന്നുള്ള ഇന്ത്യയുടെ മോചനം ലക്ഷ്യമിട്ടപ്പോഴും ലോകമെങ്ങുമുള്ള അധഃസ്ഥിതരുടെ മോചനവും ഇന്ത്യയ്ക്ക് പ്രാധാന്യമുള്ളതായിത്തീർന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ മുൻനിരയിൽ പ്രവർത്തിച്ച സിസ്റ്റർ നിവേദിത വിവേകാനന്ദചിന്തകളുടെ രാഷ്ട്രീയപ്രാധാന്യം വ്യക്തമാക്കുന്നുവെന്ന് വീരേന്ദ്രകുമാർ നിരീക്ഷിക്കുന്നു.

കർമ്മസന്യാസിയായ വിവേകാനന്ദന്റെ ജീവചരിത്രം ഒട്ടനവധി എഴുതപ്പെട്ടിട്ടുണ്ട്. അതിനപ്പുറത്ത് വിവേകാനന്ദന്റെ ജീവിതത്തിലെ അറിയപ്പെടാതെപോയ സംഭവ ഗതികളെ സൂക്ഷ്മമായി രേഖപ്പെടുത്തുന്നു എന്നതുകൂടിയാണ് വിവേകാനന്ദൻ സന്യാസിയും മനുഷ്യനും എന്ന പുസ്തകത്തിന്റെ പ്രാധാന്യം.

### 5.3.14 മാടമ്പ് കുഞ്ഞുകുട്ടൻ

ബംഗാളിലെ ഒരു ഗ്രാമീണനായ ഗദാധർ ചാറ്റർജി നാല്പതു വർഷക്കാലത്തെ അനുഷ്ഠാനങ്ങൾക്കുശേഷം തോതാപുരി എന്ന വേദാന്താചാര്യനിൽനിന്നും സന്യാസം സ്വീകരിച്ച് ശ്രീരാമകൃഷ്ണപരമഹംസനായി മാറുന്നു. ശ്രീരാമകൃഷ്ണദേവന്റെ ആദ്ധ്യാത്മികാ നുഷ്ഠാനങ്ങളെ അവലംബിച്ച് മാടമ്പ് കുഞ്ഞുകുട്ടൻ എഴുതിയ നോവലാണ് 'അമൃതസ്യപുത്ര'. ഈശ്വരസാക്ഷാത്ക്കാരം നേടാനായി വിവിധമാർഗ്ഗങ്ങളും വ്യത്യസ്തമായ സാധനകളും

ശ്രീരാമകൃഷ്ണൻ അനുഷ്ഠിക്കുന്നു. അമരത്വത്തിന്റെ ഉന്നതങ്ങളിലേയ്ക്കെത്തുന്ന സന്യാസിവര്യന്റെ യോഗാവസ്ഥകൾ 'അമൃതസ്യപുത്ര' അനാവരണം ചെയ്യുന്നു. "സന്തുഷ്ടനായ ശ്രീഗുരുശിഷ്യന്റെ സമാധിസ്ഥിതി പരിശോധിച്ചറിഞ്ഞു. പ്രണവം, ഋക്ക് യജ്ജുർസാമാഥർവ്വ സമ്പ്രദായത്തിൽ സ്വരിച്ചു. ക്രമേണ ശ്രീരാമകൃഷ്ണൻ പടിപടിയായി നിർവ്വികല്പസമാധിയിൽനിന്നും കീഴോട്ടിറങ്ങിവന്നു. അപ്പോൾ ഭാരതം പടിപടിയായി പാരതന്ത്ര്യത്തിൽനിന്നും സ്വാതന്ത്ര്യത്തിലേയ്ക്കുയർന്നുവന്നു. സർവ്വലോക സർവ്വ ചരാചരങ്ങളും അമൃതസ്യപുത്ര അഭിവാദയേ"[30] 'അമൃതസ്യപുത്ര' എന്ന നോവൽ അവസാനിക്കുന്നത് ഇങ്ങനെയാണ്. ഇന്ദ്രിയാതീതമായ തത്വത്തെ അപരോക്ഷമായി സാക്ഷാത്ക്കരിക്കാൻ ഋഷീശ്വരന്മാരിലേക്കുള്ള പരിവർത്തനം പ്രമേയമാക്കിയ നോവലുകൾ മലയാളത്തിൽ വേറെയില്ല.

### 5.3.15 നടരാജഗുരു, നിത്യചൈതന്യയതി

സാമൂഹ്യപരിഷ്ക്കർത്താവും എസ്.എൻ.ഡി.പി.യോഗത്തിന്റെ ശില്പികളിൽ പ്രധാനിയുമായ ഡോ.പൽപ്പുവിന്റെ പുത്രനാണ് നടരാജസ്വാമികൾ. വിദ്യാർത്ഥിയായിരുന്ന കാലം മുതൽ നടരാജന് സ്വാമിവിവേകാനന്ദൻ പ്രചോദനമായിരുന്നു. ശ്രീനാരായണ ഗുരുവിന്റെ ദാർശനികഗ്രന്ഥങ്ങൾ വിവർത്തനങ്ങളിലൂടെ ലോകത്തിന് നൽകിയത് നടരാജഗുരു ആണ്. വിദ്യാഭ്യാസത്തെപ്പറ്റിയുള്ള വിവേകാനന്ദചിന്തകൾ നടരാജഗുരുവിനെ സ്വാധീനിച്ചു. 'The personal factor in educative process' എന്ന വിഷയത്തിൽ പാരീസിലുള്ള സെർബോൺ സർവ്വകലാശാലയിൽ നിന്നു ഡി.ലിറ്റ് ബിരുദം നടരാജഗുരു നേടി. നീലഗിരി ആസ്ഥാനമായി 'ഗുരുകുലം' എന്ന വിദ്യാഭ്യാസസ്ഥാപനം ആരംഭിച്ചു. 1938-ൽ ഗുരുകുലത്തിന്റെ ആസ്ഥാനം

---

30 മാടമ്പ് കുഞ്ഞുകുട്ടൻ, അമൃതസ്യപുത്ര, ഡി.സി.ബുക്സ്, കോട്ടയം, 2000 പുറം 323.

വർക്കലയിലേക്കു മാറ്റി. കേരളത്തിനു പുറത്ത് വിവിധ രാജ്യങ്ങളിൽ ഗുരുകുലത്തിന് ശാഖകളുണ്ട്. നടരാജഗുരുവിന്റെ പുസ്തകങ്ങൾ മിക്കതും ഇംഗ്ലീഷിലാണ്. മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയ നടരാജഗുരുവിന്റെ ആത്മകഥയിൽ ''മനുഷ്യൻ മനുഷ്യനെ അഭിമുഖീകരിക്കുന്നത് മനസ്സാക്ഷി വെച്ചുകൊണ്ടാണ്, അഥവാ അറിവിന്റെ അടിസ്ഥാനത്തിലാണ്. ഒരു രാത്രികൊണ്ട് വിവേകാനന്ദസ്വാമി തെളിവും ഹൃദയവിശാലതയുമുള്ള കോടിക്കണക്കിനാളുടെ പ്രിയപ്പെട്ട വക്താവായിമാറി. കീർത്തി തന്നെ അങ്ങനെ ഒരുന്നത മാനുഷികമൂല്യമായി മാറി. കൗമാരപ്രായത്തിൽ എന്റെ ധീരപുരുഷനായിരുന്നു വിവേകാനന്ദസ്വാമി.''[31]

നടരാജഗുരുവിന്റെ ശിഷ്യനായിരുന്ന ഗുരു നിത്യചൈതന്യയതി നാരായണ ഗുരുകുലത്തിന്റെ തലവനായിരുന്നു. ആത്മീയതയിലും ഭാരതീയദർശനങ്ങളിലും പാണ്ഡിത്യമുണ്ടായിരുന്ന തത്വചിന്തകനായിരുന്നു നിത്യചൈതന്യയതി. വിദ്യാഭ്യാസം, ആരോഗ്യം, സാഹിത്യം, സംഗീതം തുടങ്ങി വിവിധ വിഷയങ്ങളിൽ അദ്ദേഹം പണ്ഡിതനായിരുന്നു. മലയാളത്തിൽ 120 പുസ്തകങ്ങളും ഇംഗ്ലീഷിൽ 80 പുസ്തകങ്ങളും അദ്ദേഹം രചിച്ചു. മദിരാശിയിലെ വിവേകാനന്ദകോളേജിൽ തത്വശാസ്ത്രവിഭാഗം അദ്ധ്യാപകൻ ആയാണ് നിത്യചൈതന്യയതി ഔദ്യോഗികജീവിതം ആരംഭിച്ചത്. ഗുരുനിത്യചൈതന്യയതിയുടെ ആത്മകഥാസ്വഭാവത്തിലുള്ള അനുഭവക്കുറിപ്പുകളുടെ സമാഹാരമാണ്. 'യതിചരിത്രം'. വിവേകാനന്ദദർശനത്തിൽ താൻ ആകൃഷ്ടനായതിനെ പ്പറ്റി യതി ഇങ്ങനെ എഴുതുന്നു. ''ഞാൻ സ്വാമി വിവേകാനന്ദന്റെ ഒരു വലിയ ആരാധകനായിരുന്നു. അദ്ദേഹത്തെപ്പോലെ ഇന്ത്യയെ പ്രശസ്തിയുള്ള രാജ്യമാക്കണം. ദാരിദ്ര്യം തുടച്ചുമാറ്റണം. ജാതിസ്പർദ്ധ ഇല്ലാതാക്കണം എന്നൊക്കെ കരുതി. എന്നാൽ

[31] മംഗളാനന്ദസ്വാമി, നടരാജഗുരുവിന്റെ ആത്മകഥ, നാരായണഗുരുകുലം, 2014. (നടരാജഗുരു ഇംഗ്ലീഷിൽ എഴുതിയ 'an Autbiography of an Abrolutist' എന്ന ആത്മകഥയുടെ പരിഭാഷ മംഗളാനന്ദസ്വാമി നിർവ്വഹിച്ചു) പുറം 172, 173.

അതിനു തക്ക നേതൃത്വം നൽകാൻ ആരെയും കണ്ടില്ല. ശ്രീരാമകൃഷ്ണമിഷനിലെ സന്യാസിയാകണമെന്നും ഞാനാഗ്രഹിയ്ക്കുകയുണ്ടായി. പല കാരണങ്ങളാലും അത് അസാദ്ധ്യമായി."[32]

വിവേകാനന്ദദർശനത്തിന്റെ സ്വാധീനം തന്റെ ആത്മകഥയിൽ പലയിടത്തും ഗുരു നിത്യചൈതന്യയതി രേഖപ്പെടുത്തുന്നുണ്ട്. തന്റെ ഗുരുവായ നടരാജഗുരുവിനോടൊപ്പമുള്ള ജീവിതം, ശ്രീരാരകൃഷ്ണപരമഹംസനും ശിഷ്യനായ മാസ്റ്റർ മഹാശയനും തമ്മിലുണ്ടായിരുന്ന ഗുരുശിഷ്യബന്ധത്തോട് സമാനമായി യതി കണ്ടിരുന്നു. സന്യാസത്തിന്റെ കാര്യത്തിൽ വിവേകാനന്ദസ്വാമികളെയാണ് യതി മാതൃകയാക്കിയത്. പാരമ്പര്യമന:ശാസ്ത്രവും നരവംശശാസ്ത്രവും ഭാരതീയദർശനങ്ങളുടെ വെളിച്ചത്തിൽ പഠിക്കാനും സമൂഹത്തിലേയ്ക്ക് പകരാനും യതിക്കു കഴിഞ്ഞത് ജ്ഞാനത്തിന്റെ പ്രാമാണ്യത്തിലുള്ള അടിയുറച്ച വിശ്വാസം കൊണ്ടായിരുന്നു. വിശ്രമമില്ലാതെ പ്രവർത്തിയ്ക്കാനുള്ള വിവേകാനന്ദചിന്തകളുടെ സത്ത യതിയുടെ ജീവിതത്തിലുടനീളം കാണാം.

## 5.4 കവിതകളും മറ്റു സാഹിത്യകൃതികളും

വിവേകാനന്ദന്റെ പരിവ്രാജകവൃത്തിയെ അടിസ്ഥാനപ്പെടുത്തി പി.ജനാർദ്ദനൻ 'മഞ്ഞുകാലത്തെ മിന്നൽപ്പിണർ' എന്നൊരു ലഘുനോവൽ രചിച്ചിട്ടുണ്ട്. പരമഹംസനെന്ന പേരിൽ ഒരു നാടകം ബാലസാഹിത്യവിഭാഗത്തിൽ മാടമ്പ് കുഞ്ഞുകുട്ടൻ എഴുതി.

ശ്രീരാമകൃഷ്ണ വിവേകാനന്ദൻമാരുടെ ജീവിതം പ്രതിപാദിച്ചുകൊണ്ടുള്ള ധാരാളം കവിതകൾ മലയാളത്തിലുണ്ടായി. കുട്ടമത്തിന്റെ ശ്രീരാമകൃഷ്ണഗീത, കൊട്ടാരത്തിൽ

---

[32] നിത്യചൈതന്യയതി, യതിചരിതം, നാരായണഗുരുകുല പബ്ലിക്കേഷൻ-2011, പുറം 865.

ശങ്കുണ്ണിയുടെ അവതാരികയോടുകൂടി സി.കെ.നാരായണപ്പിള്ള എഴുതിയ ശ്രീരാമകൃഷ്ണ ഗീതം, ഓട്ടൂരിന്റെ അഘോരമണി, വിശദാനന്ദസ്വാമികളുടെ 'ശ്രീരാമകൃഷ്ണഭാഗവതം' അപ്പൻ തമ്പുരിന്റെ ഗുരുവചനങ്ങൾ എന്നിവ പ്രധാനപ്പെട്ടവയാണ്. വിവേകാനന്ദന്റെ ജീവിതം മുൻനിർത്തി കൃഷ്ണൻ പറപ്പള്ളി, മുംബൈ, വിവേകാനന്ദസരോവരം എന്നൊരു ഖണ്ഡകാവ്യം രചിച്ചിട്ടുണ്ട്. വെണ്ണിക്കുളത്തിന്റെ 'അഭയംകരൻ' വിഷ്ണുനാരായണൻ നമ്പൂതിരിയുടെ 'വിവേകാനന്ദം' വള്ളത്തോളിന്റെ 'ഒരു കൃഷ്ണപ്പരുന്തിനോട്' എന്നിവ ഇക്കൂട്ടത്തിലെ ഒറ്റക്കവിതകളാണ്. രവീന്ദ്രനാഥടാഗോറിന്റെ കവിതാഗ്രന്ഥം 'നമോവാകം' എന്ന പേരിൽ ജി.ശങ്കരക്കുറുപ്പ് വിവർത്തനം ചെയ്തിട്ടുണ്ട്. അമാലിതാഖന്റയുടെ കാവ്യം 'വിവേകാനന്ദപ്പാറയിൽ' എന്ന പേരിൽ കെ.ജി.ശങ്കരപ്പിള്ള വിവർത്തനം ചെയ്തു. 2001 ൽ തൃശ്ശൂരിൽ നിന്ന് പുറത്തിറങ്ങിയ സാഹിത്യലോകത്തിൽ പ്രസിദ്ധീകരിച്ചു.

വിവേകാനന്ദചരിതം ഓട്ടൻതുള്ളൽ രൂപത്തിൽ വിശദാനന്ദസ്വാമികൾ എഴുതിയിട്ടുണ്ട് ശ്രീരാമകൃഷ്ണാശ്രമം-ഒറ്റപ്പാലം-1969) മണക്കാട്ട് കേശവൻ നമ്പൂതിരി 'രാമകൃഷ്ണവിജയം' കഥകളി എഴുതിയിട്ടുണ്ടെങ്കിലും പുസ്തകം അച്ചടിരൂപത്തിൽ ലഭ്യമല്ല. ശ്രീരാമകൃഷ്ണ വിവേകാനന്ദന്മാരെക്കുറിച്ചും 'വചനാമൃത'ത്തെ അടിസ്ഥാനമാക്കിയും ധാരാളം ബാലസാഹിത്യകൃതികൾ മലയാളത്തിലുണ്ടായി.

കുഞ്ഞുണ്ണിമാസ്റ്റർ എഴുതിയ 'മൊഴിമുത്തുകൾ' 'അമൃതകഥകൾ' എന്നിവ ശ്രീരാമകൃഷ്ണകഥകളെ മലയാളത്തിൽ ആവിഷ്കരിക്കുന്നു. ഗുണപാഠകഥകളാൽ സമൃദ്ധമായ വചനാമൃതം പല ബാലസാഹിത്യകാരന്മാരേയും സ്വാധീനിച്ചു. മാലി, ഡി.ശ്രീമാൻ നമ്പൂതിരി, മൃഡാനന്ദസ്വാമികൾ, അമ്പാടി ഇക്കാവമ്മ എന്നിവരുടെ വിവേകാനന്ദജീവചരിത്രങ്ങൾ കുട്ടികളെ ഉദ്ദേശിച്ചെഴുതിയവയാണ്. പ്രസിദ്ധ ചിത്രകാരനായ രാജാരവിവർമ്മയോട് പുരാണേതിഹാസങ്ങളിലെ സന്ദർഭങ്ങളിലെ

അടിസ്ഥാനമാക്കിയുള്ള ചിത്രങ്ങൾ കൂടി രചിക്കണമെന്ന് നിർദ്ദേശിച്ചത് വിവേകാനന്ദസ്വാമികളാണെന്ന് പറയപ്പെടുന്നു. ബറോഡയിൽ നിന്നും വിവേകാനന്ദൻ ദിവാൻ സാഹിബിനെഴുതിയ കത്തിൽ ഇങ്ങനെ എഴുതിയിരിയ്ക്കുന്നു. ' I have seen the library and the pictures of Ravivarma, and that is about all worth reciting here. So I am going off this eveing to Bombay'[33] ഷിക്കാഗോയിൽ വച്ചുനടത്തിയ ചിത്രപ്രദർശനത്തിനിടയിൽ രാജാരവിവർമ്മ വിവേകാനന്ദസ്വാമികളെ കണ്ടിരുന്നു.

### 5.5 ലേഖനങ്ങൾ, ജീവചരിത്രങ്ങൾ

1915 മുതൽ പ്രബുദ്ധകേരളം രാമകൃഷ്ണവിവേകാനന്ദദർശനങ്ങളുമായി ബന്ധപ്പെട്ട പഠനങ്ങൾ പ്രസിദ്ധീകരിച്ചുവന്നു. കുമാരനാശാന്റെ പത്രാധിപത്യത്തിൽ തുടങ്ങിയ വിവേകോദയം മാസിക തുടക്കം മുതൽ തന്നെ വിവേകാനന്ദകൃതികൾക്ക് പ്രാധാന്യം നൽകിയിരുന്നു. 1963-ൽ ഹരിപ്പാട് ശ്രീരാമകൃഷ്ണാശ്രമം വിവേകാനന്ദസ്മൃതികള ഉൾക്കൊള്ളിച്ചുകൊണ്ട് സ്മാരകോപഹാരം എന്ന സ്മരണിക പുറത്തിറക്കി. അതേവർഷം തന്നെ തൃശ്ശൂർ ശ്രീരാമകൃഷ്ണമഠം വിവേകാനന്ദശതകപ്രശസ്തി സോവനീർ പ്രസിദ്ധീകരിച്ചു. ഒറ്റപ്പാലം ആശ്രമത്തിൽനിന്നും 1983 വരെ പ്രസിദ്ധീകരിച്ചിരുന്ന ശ്രീരാമകൃഷ്ണ തുളസീസുഗന്ധം വിവേകാനന്ദചിന്തകളെ അടിസ്ഥാനമാക്കി ധാരാളം സൃഷ്ടികൾ പ്രസിദ്ധീകരിച്ചിരുന്നു. പ്രഗതി ത്രൈമാസിക 'കേശാദിപാദം, ഭാരതീയം' എന്ന പേരിൽ 2007-ൽ വിശേഷാൽ പതിപ്പ് പ്രസിദ്ധീകരിച്ചു. മാതൃഭൂമി, മലയാളമനോരമ, സമകാലികമലയാളം, കേരളകൗമുദി, കലാകൗമുദി, ഭക്തപ്രിയ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ രാമകൃഷ്ണവിവേകാനന്ദദർശനത്തെ അധികരിച്ചുള്ള ധാരാളം

[33] Complete works of Vivekananda. Vol.VII, Advaitha Asrama-2013, p.286.

പഠനങ്ങൾ വന്നിട്ടുണ്ട്. വിവേകാനന്ദന്റെ ജീവചരിത്രം അധികരിച്ചുള്ള ചെറുതും വലുതുമായ അറുപതോളം പുസ്തകങ്ങൾ മലയാളത്തിലിറങ്ങി. നാലപ്പാട്ടുനാരായണമേനോന്റെ 'ഗുരുസന്നിധിയിൽ', കുട്ടിക്കൃഷ്ണമാരാരുടെ 'ഭഗവദ്വിവേകാനന്ദൻ', ആഗമാനന്ദസ്വാമികളുടെ 'വീരവാണി', രംഗനാഥാനന്ദസ്വാമികളുടെ "മാറുന്ന സമൂഹത്തിന് അനിവാര്യമായ ശാശ്വതമൂല്യങ്ങൾ", കുമാരനാശാന്റെ 'രാജയോഗം' പരിഭാഷ, എൻ.വി.പി.ഉണിത്തിരിയുടെ 'വിവേകാനന്ദന്റെ സമകാലിക പ്രസക്തി', എൻ.ഇ.ബലറാമിന്റെ 'കന്യാകുമാരിയിലെ ജ്ഞാനോദയം' പി.പരമേശ്വരന്റെ 'വിവേകാനന്ദനും മാർക്സും' എന്നിവ പ്രധാനപ്പെട്ടവയാണ്.

### 5.6 വിവേകാനന്ദന്റെ 150-ാം ജയന്തി സ്മരണിക

ഭാരതീയ വിചാരകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വിവേകാനന്ദസ്വാമികളുടെ 150ാം ജന്മവാർഷികാഘോഷങ്ങളുടെ ഭാഗമായി 'സ്വാമി വിവേകാനന്ദനും പ്രബുദ്ധകേരളവും' എന്ന സ്മരണിക പ്രസിദ്ധീകരിച്ചു. സാഹിത്യസാംസ്കാരിക മണ്ഡലങ്ങളിലെ നൂറോളം എഴുത്തുകാരുടെ രചനകൾ ഇതിലുണ്ട്. ഇതിന്റെ മുഖവുരയിൽ പ്രധാധകർ ഇങ്ങനെ പറഞ്ഞു "ഈ പുസ്തകത്തിന്റെ നിർമ്മിതി അവിസ്മരണീയമായ ഒരനുഭവമായിരുന്നു. ആശയോടും ആശങ്കയോടും കൂടിയാണ് അതിന്റെ ആരംഭം. കേരളത്തിലെ പ്രമുഖരും പ്രഗത്ഭരുമായ എഴുത്തുകാരെല്ലാം ഈ സംരംഭത്തിൽ പങ്കാളികളാകണമെന്നായിരുന്നു ആഗ്രഹം."[34] വിവേകാനന്ദനെക്കുറിച്ചുള്ള അനുഭവങ്ങളും അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും സ്വതന്ത്രമായി ആവിഷ്ക്കരിക്കുന്ന പഠനങ്ങളും കവിതകളും ഉൾപ്പെടുത്തിയ ഈ ഗ്രന്ഥം സമഗ്രമായൊരവലോകനം നൽകുന്നു. പ്രബുദ്ധകേരളം വിശേഷാൽപ്രതിയിലും മറ്റു പ്രസിദ്ധീകരണങ്ങളിലുമായി പ്രസിദ്ധീകരിച്ച

[34] സ്വാമി വിവേകാനന്ദനും പ്രബുദ്ധകേരളവും, മുഖവുര, (എഡി.), പി. പരമേശ്വരൻ, ഭാരതീയ വിചാരകേന്ദ്രം, 2013, പുറം 12.

യശ:ശരീരരായ സാഹിത്യകാരന്മാരുടെ ലേഖനങ്ങൾ ഇതിൽ സമാഹരിച്ചിട്ടുണ്ട്. സുകുമാർഅഴീക്കോട്, കുട്ടികൃഷ്ണമാരാർ, കുമാരനാശാൻ, അയ്യപ്പപ്പണിയ്ക്കർ, ഗുപ്തൻനായർ, എം.ലീലാവതി, എം.ജി.എസ്.നാരായണൻ, സുഗതകുമാരി, എം.എൻ.കാരശ്ശേരി, പി.പരമേശ്വരൻ, അടൂർ ഗോപാലകൃഷ്ണൻ, എം.പി.വീരേന്ദ്രകുമാർ, ശ്രീകുമാരൻതമ്പി എന്നിവരുടെയെല്ലാം ലേഖനങ്ങൾ ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു. കേരളത്തിലെ അക്കാദമികവിദഗ്ദ്ധരും സർവ്വകലാശാലാ വൈസ്ചാൻസലർമാരും ഇതിൽ ലേഖനങ്ങൾ എഴുതി. അഞ്ഞൂറ്റിതൊണ്ണൂറു പേജുകളുള്ള കനപ്പെട്ട റഫറൻസ് ഗ്രന്ഥമായി ഈ പുസ്തകത്തെ കരുതാം. പഠനങ്ങളിലെ പല നിരീക്ഷണങ്ങളും എന്നും പ്രസക്തവും പ്രധാനവുമാണ്.

"റഷ്യയിൽ ഒക്ടോബർ വിപ്ലവം നടക്കുന്നതിനെത്രയോ മുമ്പായിരുന്നു സ്വാമിവിവേകാനന്ദന്റെ ജീവിതകാലം. പക്ഷേ, സോഷ്യലിസ്റ്റ് സിദ്ധാന്തത്തെപ്പറ്റി ഇന്ത്യയിലാദ്യം പറഞ്ഞത് കാഷായ വസ്ത്രധാരിയായ വിവേകാനന്ദനാണ്. ലോകത്ത് ക്ഷുദ്രവിഭാഗത്തിന്റെ (അടിച്ചമർത്തപ്പെട്ട വിഭാഗത്തിന്റെ) ഭരണമുണ്ടാകുമെന്നും അതു റഷ്യയിലോ ചൈനയിലോ ആയിരിയ്ക്കുമെന്നും വിവേകാനന്ദൻ പ്രവചിച്ചു."[35]

സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന് ഗാന്ധിജി രൂപംകൊടുത്ത കാലത്ത് അതിലെ ആത്മീയസംസ്കാരം അംഗീകരിച്ച് പ്രവർത്തിയ്ക്കത്തക്കവണ്ണം ജനഗണമനസ്സിനെ പാകപ്പെടുത്തിയെടുത്തത് സ്വാമിവിവേകാനന്ദന്റെ സ്വാതന്ത്ര്യ പ്രകീർത്തനവും 'അഭീ:' എന്ന സന്ദേശവുമായിരുന്നു. ഗാന്ധിജിയുടെ അഹിംസാകേന്ദ്രിതവും നിർഭയവും സ്വാതന്ത്ര്യാവേശപൂരിതവും ആയിരുന്ന സമരപരിപാടിയുടെ വിത്തുകൾ ജനഗണ മനസ്സിൽ പാകാൻ കഴിയത്തക്കവണ്ണം നിലമൊരുക്കിയിരുന്നത്

35 മലയിൻകീഴ് ഗോപാലകൃഷ്ണൻ. ഇന്ത്യ അലക്സാണ്ടർ മുതൽ വിവേകാനന്ദൻ വരെ, സ്വാമി വിവേകാനന്ദനും പ്രബുദ്ധകേരളവും, ഭാരതീയ വിചാരകേന്ദ്രം, 2013,പുറം 359.

സ്വാമിവിവേകാനന്ദനാണ്-സ്വാമിവിവേകാനന്ദന്റെ ആദ്ധ്യാത്മികതയും മാർക്സിന്റെ സമത്വദർശനവും സമന്വയിയ്ക്കുന്ന ഒരു ചിന്താപദ്ധതി ഗാന്ധിസത്തിലുണ്ട്. ലീലാവതി തന്റെ 'അമൃതമശ്നുതേ' എന്ന പുസ്തകത്തിൽ ഇങ്ങനെ നിരീക്ഷിക്കുന്നു. "അജ്ഞേയമായ ഒരു വിശ്വശക്തിയിൽ വിശ്വസിയ്ക്കുന്നവരെ അതിനനുവദിയ്ക്കുന്നവരും കർമ്മപദ്ധതിയിൽ യുക്ത്യധിഷ്ഠിതമായ ആർത്ഥികസമത്വദർശനത്തെ അംഗീകരിയ്ക്കുന്നതുമായ ഒരു ഭാരതീയ മാർക്സിസം വാർത്തെടുത്തിരുന്നുവെങ്കിൽ-സ്വാമിവിവേകാനന്ദനെയും മാർക്സിനെയും സമന്വയിപ്പിച്ച് കൊണ്ടുള്ള ദർശനം ഇന്ത്യയിൽ വാർത്തെടുത്തിരുന്നെങ്കിൽ-ഇവിടെ ഇന്നു കാണും പോലെ ഇടതുപക്ഷകക്ഷികളുടെ ശൈഥില്യവും അപചയവും ഇത്രമാത്രം രൂക്ഷമാവുകയില്ലായിരുന്നു."

"ഝലം നദിയുടെ പ്രശാന്തതയെപ്പറ്റി പറയുമ്പോൾ ജീവിതം വാൾത്തലയിലൂടെയുള്ള ചര്യ മാത്രമല്ലെന്നും ഹിമാംഗിതമായ ശൃംഗങ്ങൾ ശ്രദ്ധിച്ച് മരുവുന്നതും ധ്യാനാത്മകതയാണെന്നും"[36] ആഷാമേനോൻ നിരീക്ഷിക്കുന്നുണ്ട്. "എല്ലാവരും 'പോരാ പോരാ' എന്നാക്രോശിക്കുമ്പോൾ ഇന്ത്യയുടെ മതം പറയുന്നത് "ത്യജ ത്യജ" എന്നാണ്. ഇക്കാണുന്നതെല്ലാം ക്ഷണപ്രഭാചഞ്ചലമെന്നും മറികടന്നു പോകാനുള്ള ചളിക്കുണ്ടുകൾ മാത്രമാണെന്നും നാം അറിഞ്ഞിരിക്കുന്നു."[37] വിവേകാനന്ദന്റെ കവിതകളെപറ്റി ശ്രീകുമാരൻതമ്പിയും പാശ്ചാത്യദേശത്തിന്റെയും പൗരസ്ത്യദേശത്തിന്റെയും അതിപ്രധാനമായ അടയാളങ്ങൾ വിവേകാനന്ദൻ കാണിച്ചുകൊടുത്തതിനെപ്പറ്റി ജോസഫ് പുലിക്കുന്നേലും എഴുതുന്നു. വിവേകാനന്ദനിലേക്കുള്ള ആദ്യത്തെ ചുവടുവയ്പ് കർമ്മയോഗദർശനമാണെന്ന് ലക്ഷ്മികുമാരി ചൂണ്ടിക്കാണിക്കുന്നു. ഡോക്ടർ ഡി.

---

36 ആഷാമേനോൻ, വിവേകാനന്ദന്റെ ജിജ്ഞാസകൾ, പി. പരമേശ്വരൻ (എഡി), സ്വാമിവിവേകാനന്ദനും പ്രബുദ്ധകേരളവും, ഭാരതീയവിചാരകേന്ദ്രം, 2013, പുറം 374.

37 സുഗതകുമാരി. സ്വാമിജിയെ സ്മരിച്ചുകൊണ്ട് പി. പരമേശ്വരൻ (എഡി), സ്വാമിവിവേകാനന്ദനും പ്രബുദ്ധകേരളവും, ഭാരതീയവിചാരകേന്ദ്രം, 2013, പുറം 221.

ബാബുപോളിന്റെ അഭിപ്രായത്തിൽ വിവേകാനന്ദനെപോലെ, ക്രിസ്തുദർശനം ഇത്ര ഭംഗിയായി അവതരിപ്പിച്ചിട്ടുള്ളവർ ക്രിസ്തുമതഘടനയുടെ ചട്ടക്കൂടിനകത്തുതന്നെ ഏറെയില്ല.

'സ്വാമി വിവേകാനന്ദനും പ്രബുദ്ധകേരളവും' രണ്ടാം പതിപ്പിന്റെ ആമുഖത്തിൽ ഡോക്ടർ എം.എം. ഉണ്ണികൃഷ്ണൻ അഭിപ്രായപ്പെട്ടതുപോലെ, വിവേകാനന്ദന്റെ ആശയങ്ങൾക്കുള്ള കാലദേശാതീതമായ സ്വീകാര്യത വ്യക്തമാക്കുന്ന ധാരാളം ലേഖനങ്ങളും അവലോകനങ്ങളും ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. വിവേകാനന്ദദർശനത്തിലെ പ്രധാന വസ്തുതകൾ സ്വാമിജിയുടെ വാക്കുകളിൽ തന്നെ വിവിധ ലേഖനങ്ങളുടെ അവസാനം പ്രത്യേകമായി ചേർത്തിരിക്കുന്നു എന്നത് സ്വാമി വിവേകാനന്ദനും പ്രബുദ്ധകേരളവും എന്ന പുസ്തകത്തെ പ്രൗഢവും ആധികാരികവുമായ പഠനഗ്രന്ഥമാക്കുന്നു.

**5.7 അറിയപ്പെടാത്ത വിവേകാനന്ദൻ**

വിവേകാനന്ദന്റെ ജീവിത്തിലെ അറിയപ്പെടാതെയും പറയപ്പെടാതെയും പോയ സംഭവഗതികളെ സൂക്ഷ്മമായി രേഖപ്പെടുത്തുന്ന കഥകളും നോവലുകളും ഇംഗ്ലീഷിലും ബംഗാളിയിലും മറ്റു ഭാരതീയ ഭാഷകളിലും വന്നിട്ടുണ്ട്. ബംഗാളി നോവലിസ്റ്റ് 'ശങ്കർ' എഴുതിയ 'Achena Ajana Vivekananda' എന്ന നോവൽ അറിയപ്പെടാത്ത വിവേകാനന്ദനെന്നപേരിൽ പ്രൊഫസർ ജയേന്ദ്രൻ മലയാളത്തിലേയ്ക്കു പരിഭാഷ പ്പെടുത്തി. പ്രശസ്തനായ സന്യാസിയായപ്പോഴും സ്വകുടുംബത്തോട് അഗാധമായ അടുപ്പം പുലർത്തിയിരുന്ന കുടുംബാംഗമായി ഈ കൃതിയിൽ വിവേകാനന്ദനെ അവതരിപ്പിക്കുന്നു. സ്വയം സന്യാസിയായി പ്രഖ്യാപിയ്ക്കുകയും അതേസമയം ഭൂതകാലത്തിന്റെ ബന്ധങ്ങളിൽ നിന്നും മോചിതനാവാതിരിയ്ക്കുകയും ചെയ്ത മനുഷ്യനാണ് വിവേകാനന്ദൻ എന്ന് വിമർശിയ്ക്കുന്നവരുമുണ്ട്. ഗ്രന്ഥകർത്താവായ ശങ്കറിന്റെ ഭാഷയിൽ 'മനുഷ്യനായ

സന്യാസി'യാണ് വിവേകാനന്ദൻ. ഭാരതത്തിൽ അമ്മയാണ് കുടുംബത്തിന്റെ കേന്ദ്രവും നമ്മുടെ ഏറ്റവും ഉന്നതമായ ആദർശവും. യതിചര്യയും ബന്ധങ്ങളും അനുരഞ്ജിപ്പിയ്ക്കുക എന്നത് ബുദ്ധിമുട്ടേറിയ, കഠിനമായ പ്രയാണമാണ്. കുടുംബബാദ്ധ്യതകളിലും നിയമവ്യവഹാരങ്ങളിലും പെട്ടുഴലുന്ന മറ്റൊരു വിവേകാനന്ദനുണ്ട്. ലോകത്തിന്റെ നെറുകയിലെത്തിയപ്പോഴും ഗുരുവായ ശ്രീരാമകൃഷ്ണ പരമഹംസന്റെ സ്മരണയ്ക്കായി രാമകൃഷ്ണമിഷൻ രൂപീകരിച്ചപ്പോഴും അമ്മയ്ക്ക് വിവേകാനന്ദൻ അവരുടെ സ്വന്തം ബിലുവായിരുന്നു. യഥാർത്ഥ സന്യാസിയുടെ ഹൃദയം സാധാരണക്കാരന്റേതിനേക്കാൾ ലോലവും വാത്സല്യപൂർണവുമാണെന്ന് വിവേകാനന്ദൻ പറയുന്നുണ്ട്. മറ്റൊരു പ്രസ്താവനയിൽ "എന്റെ ഹൃദയം കല്ലാവണമെന്ന് പ്രതീക്ഷിയ്ക്കുന്ന ഒരുതരത്തിലുള്ള സന്യാസവും ഞാൻ സ്വീകരിയ്ക്കുന്നില്ല" എന്നു വിവേകാനനന്ദൻ വ്യക്തമാക്കുന്നുണ്ട്.

വിവേകാനന്ദന്റെ കുടുംബചരിത്രം മുതൽ അദ്ദേഹത്തിന്റെ സമാധിവരെയുള്ള കാര്യങ്ങൾ ഭംഗിയായി ഈ നോവലിൽ കോർത്തിണക്കിയിരിയ്ക്കുന്നു. നോവലിന്റെ അവസാനഭാഗത്ത് സിസ്റ്റർ നിവേദിതയുടെ അഭിപ്രായങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. "കഴിഞ്ഞ 1500 കൊല്ലം ഇന്ത്യ ചിന്തിയ്ക്കാൻ പോകുന്ന എല്ലാറ്റിന്റേയും പ്രതീകമാണ് വിവേകാനന്ദൻ." അറിയപ്പെടാത്ത വിവേകാനന്ദൻ അവസാനിയ്ക്കുന്നത് ഈ വാചകത്തോടെയാണ്. "മനുഷ്യനായ ഈ സന്യാസി മാനവഹൃദയ ക്ഷേത്രങ്ങളിൽ കല്പാന്തകാലത്തോളം പൂവിട്ടു പൂജിക്കപ്പെടും."[38] വിവേകാനന്ദന്റെ കുടുംബത്തിലേയും സന്യാസകുടുംബത്തിലേയും ചരിത്രസന്ദർഭങ്ങൾ യഥാതഥമായി അവതരിപ്പിച്ചു എന്നതാണ് ഈ നോവലിന്റെ പ്രാധാന്യം.

---

38 ജയേന്ദ്രൻ, അറിയപ്പെടാത്ത വിവേകാനന്ദൻ, ഡി.സി.ബുക്സ് കോട്ടയം, 2015, പുറം 9.

### 5.8 വിവേകാനന്ദസരോവരം

വിദ്യാവാചസ്പതി വി.പനോളിയുടെ അവതാരികയോടെ കൃഷ്ണൻ പറപ്പിള്ളി എഴുതിയ വിവേകാനന്ദന്റെ ജീവചരിത്രകാവ്യമാണ് വിവേകാനന്ദസരോവരം. വിവേകാനന്ദ വിചാരസാഗരത്തിൽനിന്നും ഉന്നതവ്യക്തികളുടെ അവലോകനത്തിൽ നിന്നും മറ്റും സ്വരൂപിച്ചെടുന്ന ആശയങ്ങളാണ് കൃഷ്ണൻ പറപ്പള്ളി തന്റെ ഗീതകങ്ങളിലൂടെ ആവിഷ്കരിച്ചിരിക്കുന്നത്. 151 കൊച്ചുകവിതകൾ ഈ സമാഹാരത്തിലുണ്ട്. വിവേകാനന്ദജീവിതത്തിലെ വിവിധ സന്ദർഭങ്ങൾ സുലളിതമായി ആവിഷ്ക്കരിക്കാൻ കവി ശ്രദ്ധിക്കുന്നു.

"മർത്യനു നേടാനാകും ശക്തിയിക്കല്ലതിർത്തികൾ

മർത്യന്റെ മനസ്സുതാനാസ്ഥാനമതിലെല്ലാം

(സ്വത്വം-സ്വാമിചിന്തനം)

"മർത്യരെ ഉണർത്തുകയാണെന്റെ മഹാലക്ഷ്യം

മൃത്യുവന്നെന്നെപ്പുൽകുംവരെ ഞാൻ പ്രവർത്തിയ്ക്കും."

(പ്രഖ്യാപനങ്ങൾ)

"പൂനെയിൽ വാഴ്കെ സ്വമി ലോകമാന്യനുമൊത്തു

പൂവു പൂവിനെപ്പോലെ കണ്ടു രണ്ടാളും തമ്മിൽ

(സ്വാമി വിവേകാനന്ദനും ലോകമാന്യതിലകനും)

"ആരിത് പൊടുന്നനെ, ആകാശവിശാലത

ആർന്നവൻ, ആരെക്കാളുമാദിത്യപ്രഭാവനായ്?"[39]

(ഷിക്കാഗോ തരംഗങ്ങൾ)

[39] കൃഷ്ണൻ പറപ്പള്ളി, വിവേകാനന്ദ സരോവരം. കറന്റ് ബുക്സ്, കോട്ടയം, 1995.

വിവേകാനന്ദചിന്തകളെ ആശയഭംഗി ചോർന്നുപോകാതെ മലയാളപദ്യരൂപത്തിലവതരിപ്പിക്കാൻ കവിക്കു കഴിഞ്ഞു. സ്വാമിജിയുടെ കത്തുകളുടെ സാരാംശങ്ങളും മഹാന്മാരുടെ അവലോകനങ്ങളും ഗീതകങ്ങളായി തരംതിരിച്ചിരിക്കുന്നു. കാവ്യരൂപത്തിൽ മലയാളത്തിൽ പുറത്തുവന്ന വിവേകാനന്ദസ്വാമികളുടെ ആദ്യത്തെ ജീവചരിത്രസംക്ഷേപം എന്നതാണ് 'വിവേകാനന്ദസരോവര'ത്തിന്റെ പ്രസക്തി.

### 5.9 രാജീവ് ഇരിങ്ങാലക്കുട

ശ്രീരാമകൃഷ്ണസംഘസന്യാസിമാർ കേരളത്തിൽ എന്ന തന്റെ പുസ്തകത്തിന്റെ ആമുഖത്തിൽ രാജീവ് ഇരിങ്ങാലക്കുട ഇങ്ങിനെ എഴുതുന്നു. "മാനവനിർമ്മാണ ത്തിലൂടെ രാഷ്ട്രപുനരുദ്ധാരണം എന്ന ചിന്താഗതിയുടെ ആദ്യശിൽപ്പി വിശ്വവിശ്രുതനായ വിവേകാനന്ദസ്വാമികളായിരുന്നു. ആ സ്വപ്നത്തിന്റെ സാക്ഷാൽക്കാരത്തിനാണ് സ്വാമികൾ രാമകൃഷ്ണമഠവും മിഷനും സ്ഥാപിച്ചത്. ഈ പ്രസ്ഥാനത്തിലൂടെ വളർന്നവർ സമൂഹത്തിനു നൽകിയ സമഗ്രസംഭാവനകൾ പ്രസ്ഥാനപഠനത്തിന്റെ ഭാഗമാണല്ലോ. പ്രസ്ഥാനത്തിന്റേതെന്ന പോലെ അവയുടെ പിന്നിലുള്ള ഐതിഹാസിക വ്യക്തിത്വങ്ങളുടെ ചരിത്രം അന്വേഷിച്ചറിയുന്നതിനും അവ ശേഖരിച്ച് വരുന്ന തലമുറകൾക്കായി സംരക്ഷിക്കുന്നതിനും നാം ഏറെക്കുറെ വിമുഖരാണെന്നതാണ് യാഥാർത്ഥ്യം".[40]

പ്രശസ്തരും അപ്രശസ്തരുമായ അറുപത്തിഏഴ് മലയാളി സന്യാസിമാരുടെ പൂർവ്വാശ്രമവും ശ്രീരാമകൃഷ്ണപ്രസ്ഥാനങ്ങളിൽ അവരുടെ സേവനവും വസ്തുതാപരമായി ശേഖരിച്ച ഗ്രന്ഥങ്ങൾ മലയാളത്തിൽ അപൂർവ്വമാണ്. ഏതെങ്കിലും ചില സന്യാസിമാരുടെ

---

40 രാജീവ് ഇരിങ്ങാലക്കുട, 'ശ്രീരാമകൃഷ്ണസംഘ സന്യാസിമാർ കേരളത്തിൽ', ആമുഖം, മാതൃഭൂമി ബുക്സ് കോഴിക്കോട്, 2017, പുറം 8.

ജീവിതരേഖകൾക്കപ്പുറത്ത് സമഗ്രമായ ഒരു അവലോകനം ആദ്യമായി തയ്യാറാക്കുന്നത്. രാജീവ് ഇരിങ്ങാലക്കുടയാണ്.

ശ്രീരാമകൃഷ്ണപ്രസ്ഥാനത്തിനു കേരളം സംഭാവന ചെയ്ത ഐതിഹാസിക വ്യക്തിത്വങ്ങൾ ആയിരുന്നു പല സന്യാസിവര്യന്മാരും. ബംഗാളിൽ നിന്നുവന്ന നിർമ്മലാനന്ദസ്വാമികളുടെ നേതൃത്വത്തിൽ കേരളത്തിൽ ഒരു നൂറ്റാണ്ടിലേറെ കാലമായി നിലനിൽക്കുന്ന ശ്രീരാമകൃഷ്ണപ്രസ്ഥാനത്തിന്റെ വളർച്ചയും തളർച്ചയും ആധികാരികമായി അപഗ്രഥിക്കാൻ രാജീവിന് കഴിയുന്നുണ്ട്. സന്യാസിമാരുടെയും ശ്രീരാമകൃഷ്ണ പ്രസ്ഥാനത്തിന്റെയും ചരിത്രത്തിൽ കേരളീയ നവോത്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറെ പ്രാധാന്യമുള്ള വസ്തുതകളും ലേഖകൻ ശേഖരിച്ച് അവതരിപ്പിക്കുന്നു. "1914 ഏപ്രിൽ 10-ന് ഹരിപ്പാട് ശ്രീരാമകൃഷ്ണമഠത്തിൽ നടന്ന ശ്രീരാമകൃഷ്ണജയന്തി ആഘോഷത്തിൽ വെച്ച് ഒരു അവർണബാലനെ ആശ്രമത്തിലെ ബ്രഹ്മചാരിയാക്കി. ഈ ശ്രീരാമകൃഷ്ണാ ശ്രമത്തിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ചാണ് കേരളത്തിൽ ആദ്യത്തെ സംഘടിതസമൂഹ പന്തിഭോജനം നടന്നത്."[41] 1940 കളിൽ രണ്ടാംലോക മഹായുദ്ധം മൂർധന്യാവസ്ഥയിൽ എത്തിയപ്പോഴും കൊയിലാണ്ടി ശ്രീരാമകൃഷ്ണമഠം ചെയ്ത സ്തുത്യർഹമായ സേവനങ്ങൾ രാജീവ് തന്റെ പുസ്തകത്തിൽ വിവരിക്കുന്നു. ഭക്ഷണക്ഷാമവും കോളറ പോലുള്ള പകർച്ചവ്യാധികളും മലബാറിനെ ഗ്രസിച്ചപ്പോൾ സുഖാനന്ദസ്വാമികളുടെ നേതൃത്വത്തിൽ ഒട്ടനവധി സേവനപ്രവർത്തനങ്ങൾ കൊയിലാണ്ടി മഠം കേന്ദ്രീകരിച്ച് നടത്തിയിരുന്നു. കെ.കേളപ്പന്റെ നേതൃത്വത്തിലുള്ള

---

41 രാജീവ് ഇരിങ്ങാലക്കുട, സ്വാമിവിവേകാനന്ദനും കേരളവും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2012. (കേരളത്തിൽ ആദ്യം നടന്ന സംഘടിത പന്തിഭോജനം ഹരിപ്പാട് രാമകൃഷ്ണാശ്രമത്തിൽ 1914ൽ ആണ് നടന്നതെന്ന ചരിത്രപ്രാധാന്യമുള്ള സംഭവങ്ങൾ ഈ പുസ്തകത്തിൽ രേഖപ്പെടുത്തുന്നുണ്ട്. 1917-ൽ സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ നടത്തിയ മിശ്രഭോജനത്തിനു മൂന്നു വർഷങ്ങൾക്കുമുമ്പായിരുന്നു ഇത്)

സർവ്വോദയസംഘത്തിന്റെ പ്രവർത്തനങ്ങളും അന്ന് കൊയിലാണ്ടി മഠത്തിന്റെ മേൽനോട്ടത്തിലായിരുന്നു.

ശ്രീരാമകൃഷ്ണപ്രസ്ഥാനങ്ങളെപ്പറ്റി സമഗ്രമായ പഠനം നടത്തിയ രാജീവ് ശ്രദ്ധേയമായ ചില നിരീക്ഷണങ്ങളും മുന്നോട്ടുവെക്കുന്നുണ്ട്. "ശ്രീരാമകൃഷ്ണമഠത്തിന്റെ ആശയാദർശങ്ങൾ ജാതിമതവർഗഭേദങ്ങൾക്കതീതമായി സനാതനധർമ്മതത്വങ്ങളിൽ അധിഷ്ഠിതമാണ്. മഠത്തെക്കുറിച്ച് അറിയുന്ന മലയാളികളും അങ്ങിനെ വിശ്വസിച്ചിരുന്നു. എന്നാൽ ശ്രീരാമകൃഷ്ണമഠവും മിഷനും ഹിന്ദുമതത്തിൽ ഉൾപ്പെടുകയില്ലെന്നും പകരം നവവേദാന്തപാതയിലാണെന്നുമുള്ള വ്യവഹാരവാദം കേരളത്തിലെ ഹിന്ദുക്കൾക്കിടയിൽ കാതോടുകാതോരം പ്രചരിക്കപ്പെട്ടു. കേരളത്തിൽ പ്രസ്ഥാനത്തിന്റെ ഭൗതിക വികാസത്തിന് ഒരു പരിധിവരെ ഈ പ്രചരണം പ്രതിബന്ധം സൃഷ്ടിച്ചിട്ടുണ്ട്."[42] അതുപോലെ രാജീവിന്റെ മറ്റൊരു നിരീക്ഷണം ഇങ്ങനെയാണ്. "സനാതനധർമ്മത്തിൽ നിന്ന് മതം മാറിപ്പോയവർക്ക് തിരിച്ച് വരാനുള്ള മാർഗ്ഗവും ആദ്യമായി കേരളത്തിൽ നടപ്പാക്കിയത് ശ്രീരാമകൃഷ്ണ പ്രസ്ഥാനമാണ്. അതേസമയം മതംമാറ്റത്തെ പ്രസ്ഥാനം ഒട്ടും പ്രോത്സാഹിപ്പിച്ചിരുന്നുമില്ല".

ഒട്ടനവധി മാസികകളുടെയും സഹായകഗ്രന്ഥങ്ങളുടെയും ശ്രീരാമകൃഷ്ണമഠങ്ങളുടെ കേരളത്തിലെ ശാഖകളിൽ നിന്നും ബേലൂരിലെ മഠത്തിൽനിന്നും ശേഖരിച്ച വസ്തുതകളുടെയും അടിസ്ഥാനത്തിലാണ് രാജീവ് ഇരിങ്ങാലക്കുടയുടെ പുസ്തകങ്ങൾ എന്നതിനാൽ ഈ രചനകൾക്ക് കേരളത്തിലെ ശ്രീരാമകൃഷ്ണപ്രസ്ഥാനങ്ങളുടെ പ്രവർത്തനചരിത്രത്തിൽ വലിയ പ്രാധാന്യമുണ്ട്. 'ഭഗിനി നിവേദിത സാക്ഷാത്ക്കാരവും സമർപ്പണവും' എന്ന മറ്റൊരു പുസ്തകവും ഡോക്ടർ രാജീവ് എഴുതിയിട്ടുണ്ട്.

42 രാജീവ് ഇരിങ്ങാലക്കുട, ടി.പു. പുറം 97.

വിവേകാനന്ദശിഷ്യയായ സിസ്റ്റർ നിവേദിതയുടെ ജീവചരിത്രം സംക്ഷിപ്തമായി ഈ ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്നു.

### 5.10. സാഹിത്യകാരായ സന്യാസിമാർ

വേദാന്തികളായ നിരവധി സന്യാസി ശ്രേഷ്ഠന്മാർ ശ്രീരാമകൃഷ്ണസംഘത്തിൽ ഉണ്ടായിരുന്നു. വിവേകാനന്ദദർശനങ്ങളുമായി ബന്ധപ്പെട്ട പഠനാർഹമായ ധാരാളം ലേഖനങ്ങൾ ഇവർ എഴുതിയിട്ടുണ്ട്. രാമകൃഷ്ണാശ്രമങ്ങളുടെ നേതൃത്വം വഹിക്കുന്ന തിരക്കുകൾക്കിടയിലും പല സ്വാമിജിമാരും പുസ്തകരചനയിലേർപ്പെട്ടു. വിവേകാനന്ദ സാഹിത്യസർവ്വസ്വം പരിഭാഷപോലെ, ഈടുറ്റ പല ഗ്രന്ഥങ്ങളും ഇവർ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി. ഒപ്പം സ്വകീയമായ രചനകളും ഉണ്ടായി. സാമൂഹ്യമാറ്റങ്ങൾക്കു ചാലകമായ ആധ്യാത്മികതുടർച്ചകൾ ഇങ്ങിനെയാണ് രൂപപ്പെട്ടത്.

#### 5.10.1 വിമലാനന്ദസ്വാമികൾ

വേദാന്തകേസരി (ഇംഗ്ലീഷ്), പ്രബുദ്ധകേരളം (മലയാളം) മാസികകളുടെ പത്രാധിപരായ സന്യാസിയായിരുന്നു വിമലാനന്ദസ്വാമികൾ. ബേലൂർ മഠത്തിൽ, ശ്രീരാമകൃഷ്ണപ്രസ്ഥാനത്തിന്റെ സാധനാപദ്ധതിയെക്കുറിച്ച് സൈദ്ധാന്തികമായ ക്ലാസുകൾ എടുക്കാൻ നിയോഗിക്കപ്പെട്ട ആചാര്യനായിരുന്നു ഇദ്ദേഹം. 1903 ൽ ജനിച്ച വിമലാനന്ദസ്വാമികൾ സന്യാസദീക്ഷ സ്വീകരിച്ചതിനുശേഷം മൈസൂർ വേദാന്ത കോളേജിൽ അധ്യാപകനായി. വിവേകാനന്ദകൃതികളിലും വേദാന്തത്തിലും അവഗാഹം നേടി. മംഗലാപുരം കാലടി രാമകൃഷ്ണാശ്രമങ്ങളിൽ അധ്യാപകനായി പ്രവർത്തിച്ചു. സ്വാമി വിവേകാനന്ദൻ ഗുരുവും ആചാര്യനും ആണ് പ്രധാന പുസ്തകം. വേദാന്തകേസരിയിലും പ്രബുദ്ധകേരളത്തിലും വിവേകാനന്ദദർശനവുമായി ബന്ധപ്പെട്ടുള്ള ധാരാളം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവേകാനന്ദ സാഹിത്യസർവ്വസ്വത്തിന്റെ പത്രാധിപസമിതി

അംഗമായി വിവേകാനന്ദസ്വാമികൾ പ്രവർത്തിച്ചു. ശ്രീരാമകൃഷ്ണപരമഹംസനെപ്പറ്റി ശ്രീരാമകൃഷ്ണാഷ്ടോത്തരശതകം എഴുതി. ശ്രീരാമകൃഷ്ണവർണ്ണാനുക്രമസ്തോത്രം, ഗുരുവും, ശിഷ്യനും വിവേകാനന്ദ സ്വാമികൾ എന്നിവ മറ്റു കൃതികളാണ്. ജ്ഞാനപ്പാനയുടെ വേദാന്തവ്യാഖ്യാനവും ഗീതാപദശ്രീകൃഷ്ണാഷ്ടോത്തരശതകം എന്നിവയും എഴുതി. മഹാനാരായണോപനിഷത്ത് ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തി.

ഗുരു നിത്യചൈതന്യയതിക്ക് മാർഗ്ഗദർശനം നൽകിയവരിൽ വിമലാനന്ദ സ്വാമികളും ഉണ്ടായിരുന്നു. മൈസൂരിലെ ശ്രീരാമകൃഷ്ണാശ്രമത്തിൽ ചേരാൻ ചെന്നപ്പോൾ തന്നെ ഇങ്ങോട്ടയച്ച ശ്രീനാരായണഗുരുവിനെപ്പറ്റി യതി വിമലാനന്ദയോട് പറഞ്ഞു. "ആ ഗുരുവിനു വേണ്ടി പ്രവർത്തിയ്ക്കുക" എന്നായിരുന്നു വിമലാനന്ദസ്വാമികളുടെ മറുപടി. യതിക്ക് മടക്കയാത്രക്കുള്ള ടിക്കറ്റ് പോലും വിമലാനന്ദസ്വാമികൾ എടുത്തു നൽകിയത്രെ. ആഗമാനന്ദസ്വാമികൾക്കുശേഷം കാലടി ശ്രീരാമകൃഷ്ണാശ്രമത്തിന്റെ അദ്ധ്യക്ഷനായി നിയുക്തനായത് വിമലാനന്ദസ്വാമികളായിരുന്നു.

വിവേകാനന്ദസാഹിത്യത്തിന്റെ മലയാളപരിഭാഷയായ 'വിവേകാനന്ദസാഹിത്യ സർവ്വസ്വ'ത്തിൽ വിഷയങ്ങളെ പരിചയപ്പെടുത്തുന്ന കുറിപ്പുകൾ കൂടിയുണ്ടായിരുന്നു. വേദാന്തപ്രതിപാദനം മൂലകൃതിയേക്കാൾ ശാസ്ത്രീയമായി അവതരിപ്പിക്കാൻ മലയാള പരിഭാഷയ്ക്കു കഴിഞ്ഞു. വിവേകാനന്ദസാഹിത്യസർവ്വസ്വത്തിന്റെ പത്രാധിപസമിതി അംഗമായ വിമലാനന്ദസ്വാമികൾ ഇതിൽ മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്.

### 5.10.2 രംഗനാഥാനന്ദസ്വാമികൾ

സ്വദേശമായ തൃശ്ശൂരിലെ ഹൈസ്കൂൾ പഠനകാലത്തുതന്നെ ശ്രീരാമകൃഷ്ണ വിവേകാനന്ദസാഹിത്യപഠനത്താൽ ഉത്തേജിതനായി സന്ന്യാസാശ്രമം തെരഞ്ഞെടു ത്തയാളാണ് രംഗനാഥാനന്ദസ്വാമികൾ. തന്റെ പതിനെട്ടാം വയസ്സിൽ മൈസൂർ

രാമകൃഷ്ണാശ്രമത്തിൽ അന്തേവാസിയായി. ഇരുപത്തഞ്ചാം വയസ്സിൽ സന്യാസദീക്ഷ സ്വീകരിച്ച് രംഗനാഥസ്വാമിയാവുകയും ചെയ്തു. മൈസൂരിൽ സിദ്ധേശ്വരാനന്ദ സ്വാമികളുടെ ശിക്ഷണത്തിൽ ഉപനിഷത്തുക്കളും ഗീതയും വിവേകാനന്ദദർശനവും സ്വാമി ആഴത്തിൽത്തന്നെ പഠിച്ചു. കറാച്ചിയിൽ രാമകൃഷ്ണമഠം പ്രസിഡണ്ടായിരുന്നപ്പോൾ ആദ്ധ്യാത്മികവിഷയങ്ങളിലുള്ള രംഗനാഥസ്വാമിജിയുടെ പ്രഭാഷണം കേൾക്കാൻ വിവിധ മതസ്ഥരായ ആയിരക്കണക്കിന് ജനങ്ങൾ എത്തുമായിരുന്നു. പൗരസ്ത്യ പാശ്ചാത്യ ദർശനങ്ങളിൽ ആഴത്തിലുള്ള അവബോധവും വേദാന്തപാണ്ഡിത്യവും രംഗനാഥസ്വാമി കൾക്കുണ്ടായിരുന്നു. സാർവ്വലൗകികങ്ങളും സാർവ്വജനീനങ്ങളുമായ വിഷയങ്ങളെ പ്പറ്റിയുള്ള അദ്ദേഹത്തിന്റെ ലേഖനങ്ങളും പ്രഭാഷണങ്ങളും സംഗ്രഹിച്ചതാണ് 'Eternal Values for a changing Society.' നാലു വോള്യങ്ങളായി ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തിയ ഈ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗം വിവർത്തനം ചെയ്തത് പ്രധാനമായും നിർമ്മലാനന്ദഗിരി സ്വാമികളാണ്. വിവേകാനന്ദന്റെ വിവിധഭാവങ്ങളെയും വിവിധ സന്ദേശങ്ങളേയുംപറ്റി പതിനെട്ടു പ്രഭാഷണങ്ങളിലായി ഇതിൽ സുവ്യക്തമായി പ്രതിപാദിച്ചിരിയ്ക്കുന്നു. "1893-ൽ ചിക്കാഗോയിലെ മതമഹാസമ്മേളനത്തെ അഭിസംബോധന ചെയ്തപ്പോൾ അദ്ദേഹത്തിൽ (വിവേകാനന്ദനിൽ) തിളങ്ങിക്കണ്ടത് ഇതേ ആചാര്യഭാവമായിരുന്നു. മനുഷ്യൻ പാപികളല്ല എന്ന് അന്നവിടെ തടിച്ചുകൂടിയിരുന്ന ശ്രോതാക്കളെ വിവേകാനന്ദൻ ഓർമ്മിപ്പിച്ചു. അവർ സാഹചര്യങ്ങളുടെ സൃഷ്ടിയല്ല. എന്നാൽ അവൻ ആ ദിവ്യതയുടെ ഒരു സ്ഫുലിംഗമാണ്. ആധുനിക മാനുഷ്യകത്തെ ഒന്നാകെ മതമഹാസമ്മേളനത്തിലൂടെ അഭിസംബോധന ചെയ്യവെ അതുകൊണ്ടദ്ദേഹം ഏതാണ്ടാനന്ദനിർവൃതിയിലാറാടിക്കൊണ്ട് മാനുഷ്യകത്തിനുള്ള മഹത്തായ സന്ദേശ മുൾക്കൊള്ളുന്ന ഉപനിഷത്തിലെ പ്രശസ്തമായ വരികൾ ഉദ്ധരിച്ചു."[43]

---

43 രംഗനാഥാനന്ദ സ്വാമികൾ, 'മാറുന്ന സമൂഹത്തിന് അനിവാര്യമായ ശാശ്വതമൂല്യങ്ങൾ', പരിഭാഷ നിർമ്മലാനന്ദഗിരി, ശ്രീരാമകൃഷ്ണമഠം പുറനാട്ടുകര-1994.

തുടർന്ന് വിവേകാനന്ദസാഹിത്യസർവ്വസ്വം ഒന്നാം വോള്യത്തിലെ ഈ ഭാഗം രംഗനാഥസ്വാമികൾ ഉദ്ധരിക്കുന്നു.

ശൃണ്വന്തു വിശ്വേ അമൃതസ്യ പുത്രാഃ
ആ യേ ധാമാനി ദിവ്യാനിതസ്ഥുഃ
വേദാഹമേതം പുരുഷം മഹാന്തം
ആദിത്യവർണ്ണം തമസഃപരസ്താത്
തമേവ വിദിത്വാ അതിമൃത്യുമേതി
നാന്യഃ പന്ഥാ വിദ്യതേ$/$യനായ

അമൃതത്തിന്റെ അരുമക്കിടാങ്ങളെ, കേൾക്കുവിൻ, ദിവ്യലോകത്തിൽ വസിക്കുന്നവരേ നിങ്ങളും കേൾക്കുവിൻ. അന്ധകാരത്തിനപ്പുറമുള്ള പുരാണപുരുഷനെ ഞാൻ കണ്ടെത്തിയിരിക്കുന്നു. അവനെ അറിയുന്നതിലൂടെ മാത്രമേ തുടരെത്തുടരെയുള്ള മരണത്തിൽ നിന്നും നിങ്ങൾ രക്ഷനേടുകയുള്ളൂ. ലക്ഷ്യത്തിലേക്ക് മറ്റൊരു വഴിയില്ല.

'ഭൗതികമായി ആരോഗ്യപൂർണ്ണവും സാമൂഹികമായി സുഭദ്രവും സുശക്തവും ധാർമ്മികമായും ആദ്ധ്യാത്മികമായും നവനവോന്മേഷശാലിയുമായ ഒരിന്ത്യ' കെട്ടിപ്പടുക്കാൻ വിവേകാനന്ദദർശനത്തിന്റെ ആഴത്തിലുള്ള പഠനത്തിലൂടെയും പ്രചരണത്തിലൂടെയും രംഗനാഥസ്വാമികൾ തന്റെ ആയുസ്സു മുഴുവൻ പരിശ്രമിച്ചു. വിഷയവൈപുല്യത്തോടൊപ്പം പ്രതിപാദന രീതിയിലും ആകർഷണീയമാണ് രംഗനാഥാനന്ദസാഹിത്യം. തത്വചിന്തയും ആദ്ധ്യാത്മികതയും, ആദ്ധ്യാത്മികാചാര്യന്മാർ, മനുഷ്യവികാസത്തിനുള്ള വിദ്യാഭ്യാസം, ജനാധിപത്യം സമഗ്രമനുഷ്യവികാസത്തിന് എന്നീ നാലു ഭാഗങ്ങളിലായാണ് 'മാറുന്ന സമൂഹത്തിനനിവാര്യമായ ശാശ്വതമൂല്യങ്ങൾ' പ്രസിദ്ധപ്പെടുത്തിയത്. 'Message of Upanishad' എന്ന രംഗനാഥസ്വാമികളുടെ ഗ്രന്ഥം

'ഉപനിഷത്തുക്കളുടെ സന്ദേശം' എന്ന പേരിൽ മലയാളത്തിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. വിവേകാനന്ദദർശനത്തിന്റെ വിസ്തൃതമായ വ്യാഖ്യാനമാണ് തന്റെ വിദ്യാഭ്യാസ യോഗ്യതയെന്ന് രംഗനാനന്ദസ്വാമികൾ അഭിമാനപൂർവ്വം പറഞ്ഞിരുന്നു.

### 5.10.3 ആഗമാനന്ദസ്വാമികൾ

ദീർഘമായ പരിവ്രാജകവൃത്തിയ്ക്കുശേഷം കാശിയിൽനിന്നും 1925-ലാണ് ആഗമാനന്ദസ്വമികൾ കേരളത്തിൽ മടങ്ങിയെത്തിയത്. കേരളത്തിന്റെ നാനാഭാഗങ്ങളിലും കേരളത്തിന്റെ പുറത്തും സ്വമികൾ ആദ്ധ്യാത്മികപ്രഭാഷണങ്ങൾ നടത്തി. 1961-ൽ സമാധിയാകുന്നതുവരെ അവർണ്ണ ജനവിഭാഗങ്ങളുടെ അഭിവൃദ്ധിയും അതുവഴി സനാതന ധർമ്മത്തിന്റെ സമുദ്ധാരണവും ലക്ഷ്യമാക്കി സ്വാമിജി പ്രവർത്തിച്ചു. ശ്രീരാമകൃഷ്ണ പരമഹംസരുടെ ജന്മശതാബ്ദിവർഷമായ 1936-ൽ ആഗമാനന്ദസ്വാമി കാലടിയിൽ രാമകൃഷ്ണ അദ്വൈദാശ്രമം സ്ഥാപിച്ചു. കാലടി ശ്രീശങ്കരകോളേജിന്റെ സ്ഥാപകനും സ്വാമിജിയാണ്. ആശ്രമത്തോടനുബന്ധിച്ച് സംസ്കൃതം സ്കൂളും ഹരിജനഹോസ്റ്റലും ഗ്രന്ഥശാലയും ഉണ്ടായിരുന്നു. അമൃതവാണി, പ്രബുദ്ധകേരളം എന്നീ മാസികകൾ ആശ്രമത്തിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്നു. "പാവങ്ങളെയോർത്ത് സ്വാമിജിയുടെ (വിവേകാനന്ദൻ) ഹൃദയം വ്യാകുലമായിരുന്നു. ഇങ്ങനെ അതുല്യമായ ബുദ്ധിയും സർവ്വഭൂതങ്ങളിലും കവിഞ്ഞൊഴുകുന്ന പ്രേമവും സ്വാമിജിയുടെ വിശേഷഗുണങ്ങളാണ്... അതിനാൽ പാശ്ചാത്യവും പൗരസ്ത്യവുമായ സകലതും ഒരു യോഗിയുടെ ദൃഷ്ടിയോടുകൂടി, വിമർശകബുദ്ധിയോടുകൂടി കണ്ടുകൊണ്ട് സഞ്ചരിച്ചശേഷം ലോകത്തിന് ഇന്നാവശ്യമായ സന്ദേശം അനുകമ്പാർദ്രമായ ഹൃദയത്തോടുകൂടി,

സ്വാർത്ഥലേശമോ രാഗാദിമാലിന്യമോ കൂടാതെ നൽകിയ അതുല്യബുദ്ധിമാനായ വിവേകാനന്ദസ്വാമികൾക്ക് തുല്യനാരുള്ളൂ?''[44]

### 5.10.4 സിദ്ധിനാഥാനന്ദസ്വാമികൾ

ശ്രീരാമകൃഷ്ണവചനാമൃതത്തിന്റെ മലയാളം പരിഭാഷ നാലുവർഷക്കാലത്തെ സിദ്ധിനാഥാനന്ദസ്വാമിയുടെ നിരന്തരപ്രയത്നം കൊണ്ടുണ്ടായതാണ്. മൂന്നുവാല്യ ങ്ങളായി മലയാളത്തിൽ പ്രസിദ്ധീകരിച്ച വചനാമൃതം 1966-ലാണ് പുറത്തിറങ്ങിയത്. വിവേകാനന്ദനെക്കുറിച്ച് ആധികാരികമായ, ജീവചരിത്രമായി പറയാവുന്ന 'ശ്രീമദ് വിവേകാനന്ദസ്വാമികൾ' എന്ന ഗ്രന്ഥം സിദ്ധിനാഥാനന്ദസ്വമികൾ മലയാളസാഹിത്യ ത്തിനു നൽകിയ വലിയ സംഭാവനയാണ്. വിവേകാനന്ദസാഹിത്യസർവ്വസ്വത്തിന്റെ ആറാംഭാഗം മലയാളത്തിലേയ്ക്ക് തര്ജ്ജമ ചെയ്തതും സ്വാമികളാണ്. വേദാന്ത പണ്ഡിതനും, പ്രഭാഷകനും, ഗ്രന്ഥകർത്താവുമായി സാഹിത്യത്തിന്റെ വിവിധ മേഖലകളിൽ സ്വമികൾ പ്രവർത്തിച്ചു. സുദീർഘമായ അറുപതുവർഷക്കാലം രാമകൃഷ്ണാമിഷന്റെ ഉത്തരവാദിത്തത്തിൽ സ്വാമിജി ഉണ്ടായിരുന്നു. നിരവധി ഗ്രന്ഥങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും സ്വാമിജി എഴുതി. 'ആദികവിയുടെ ആദർശപുരുഷൻ', വിവിധ സർവ്വകലാശാലകളിൽ പാഠപുസ്തകമായിരുന്നു. വാത്മീകിരാമായണവും വ്യാസരാമായണവും സിദ്ധനാഥാനന്ദസ്വാമി മലയാളത്തിലേയ്ക്ക് ഗദ്യരൂപത്തിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ശ്രീമദ്ഭാഗവതാമൃതവും ഭാഗവത പര്യടനവും ഭാഗവതവിഷയങ്ങളെ അധികരിച്ച് സ്വാമികൾ എഴുതിയവയാണ്- ത്യാഗീശാനന്ദസ്വാമികളുടെ ''The philosophy of Sreemad Bhagavatham' ശ്രീമദ്ഭാഗവതദർശനം എന്ന പേരിൽ സ്വാമിജി വിവർത്തനം ചെയ്തു. ബൈബിളും ഖുറാനും

[44] ആഗമാനന്ദസ്വാമികൾ, ശ്രീവിവേകാനന്ദസ്വാമികൾ, പി. പരമേശ്വരൻ (എഡി), സ്വാമിവിവേകാനന്ദനും പ്രബുദ്ധകേരളവും, ഭാരതീയവിചാരകേന്ദ്രം, 2013.

നിഷ്കർഷയോടെ പഠിച്ചിരുന്ന സ്വാമിജി അവയുടെ മലയാളവിവർത്തനവും തയ്യാറാക്കിയിരുന്നു.

സിദ്ധിനാഥാനന്ദസ്വാമികളുടെ കർമ്മസപര്യ ശ്രീരാമകൃഷ്ണവിവേകാനന്ദചിന്തകളെ സ്വജീവിതത്തിലേയ്ക്കു പകർത്തിയതിന്റെ നിദർശനമാണ്.

"യസ്യവീര്യേണ കൃതിനോ വയംച ഭുവനാനിച
രാമകൃഷ്ണം സദാവന്ദേ സ്വതന്ത്രം സർവ്വമീശ്വരം

ആരുടെ മഹത്വം കൊണ്ടുനാം സുകൃതികളായി. പാരിടം പവിത്രമായി, മൂർത്തികൾ മൂവരും ചേർന്ന ആ രാമകൃഷ്ണനെ ഞാൻ സദാ വണങ്ങുന്നു." സിദ്ധിനാഥാനന്ദസ്വാമികൾ തന്റെ ഗ്രന്ഥം തുടങ്ങുന്നതിങ്ങനെയാണ്. "ദക്ഷിണേശ്വരത്തെ ഭവതാരിണിയുടെ ശാന്തിക്കാരനായ ശ്രീരാമകൃഷ്ണന്റെ ശിഷ്യൻ വിവേകാനന്ദൻ. ഭാരതത്തിന്റെ അദ്ധ്യാത്മസന്ദേശം കൊണ്ട് സമസ്തലോകത്തെയും ധന്യമാക്കി. ഭാരതാംബികയുടെ അഭിമാനം കാത്തുപുലർത്തിയ പ്രിയപുത്രനാണ് വിശ്വവിജയിയായ സ്വാമി വിവേകാനന്ദൻ. ഭാരതനവോത്ഥാനത്തിന്റെ പ്രഭാതഭേരി മുഴക്കിയത് ഈ യോഗീരാജനാണ്. ഭാരതസ്വാതന്ത്ര്യത്തിന്റെ അഗ്രിമസേനാനി ഈ നരേന്ദ്രനാണ്. ആത്മസന്ദേശത്തിന്റെ കളകൂജനം പൊഴിച്ച കവികോകിലമാണ് ഈ പരിവ്രാജകൻ. വിവേകാനന്ദപഞ്ചാക്ഷരം പരമപാവനമാകുന്നു".[45]

വിവേകാനന്ദനെ സൃഷ്ടിച്ച ഗുരു ശ്രീരാമകൃഷ്ണപരമഹംസനെപ്പറ്റി പറയുമ്പോൾ സിദ്ധിനാഥാനന്ദസ്വാമികൾ വാചാലനാവുന്നുണ്ട്. "ലോകചരിത്രത്തിന്റെ ഈ പ്രതിസന്ധിഘട്ടത്തിൽ ധർമ്മഗ്ലാനി വരുമ്പോൾ താനിറങ്ങിവന്ന് ധർമ്മത്തെ

---

45 സിദ്ധിനാഥാനന്ദ സ്വാമികൾ, 'ശ്രീമദ് വിവേകാനന്ദസ്വാമികൾ' ജീവചരിത്രം, ആമുഖം, ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ, 1994, പുറം 3.

കാത്തരുളുന്നതാകുന്നു എന്ന ഗീതാചാര്യന്റെ അരുൾപ്പാട് സത്യമാക്കുമാറ്, ബുദ്ധദേവന്റെ ഹൃദയവും ക്രിസ്തുദേവന്റെ കാരുണ്യവും ശങ്കരാചാര്യരുടെ പ്രതിഭയും ഒന്നുചേർന്ന് സനാതധർമ്മത്തിന്റെ സമുദ്ധരണത്തിനുവേണ്ടി ഭഗവാൻ ശ്രീരാമകൃഷ്ണദേവനായി അവതാരം ചെയ്തു." (ശ്രീമദ് വിവേകാനന്ദസ്വാമികൾ എന്ന ഗ്രന്ഥം) വിവേകാനന്ദന്റെ ബൃഹത്തായ ജീവചരിത്രം അവസാനപുറങ്ങളിൽ വിവേകാനന്ദന്റെ വാക്കുകൾ സിദ്ധിനാഥാനന്ദസ്വാമി ഉദ്ധരിക്കുന്നു. "ശരീരത്തിനു പുറത്തുപോവുകയാണ് നല്ലതെന്നു ഞാൻ കണ്ടേക്കാം. അതിനെ ഒരു പഴന്തുണിപോലെ വലിച്ചെറിയുകയാണ് നല്ലതെന്നു കണ്ടേക്കാം. എങ്കിലും ഞാൻ പ്രവർത്തനം നിർത്തുകയില്ല. സർവ്വത്ര ജനങ്ങളെ ഞാൻ ആവേശഭരിതനാക്കും. ഈശ്വരനിൽനിന്നും അഭിന്നമാണ് ലോകമെന്ന് ലോകം അറിയുംവരെ."[46] വിവേകാനന്ദദർശനത്തിലൂന്നി ഭാരതീയസംസ്കാരത്തിന്റെ മുഴുനീള പ്രചാരകനായി സിദ്ധിനാഥാനന്ദസ്വാമികൾ തന്റെ സന്യാസജീവിതത്തെ മാറ്റി.

### 5.10.5 മൃഡാനന്ദസ്വാമികൾ

പ്രബുദ്ധകേരളം മാസികയുടെ പത്രാധിപരായി 41 വർഷങ്ങളാണ് മൃഡാനന്ദ സ്വാമികൾ സേവനമനുഷ്ഠിച്ചത്. കുടിൽ മുതൽ കൊട്ടാരം വരെ കരുത്തിന്റെ ആത്മാവായ ഉപനിഷത് സന്ദേശം പ്രചരിപ്പിയ്ക്കണമെന്നത് വിവേകാനന്ദസ്വാമികളുടെ ആശയമായിരുന്നു. വിവേകാനന്ദദർശനം സ്വാംശീകരിച്ച മൃഡാനന്ദസ്വാമികൾ ദശോപനിഷത്തുകൾ, ശ്വേതശ്വതരോപനിഷത്ത്, മാണ്ഡൂക്യകാരിക, മഹാനാരയണോ പനിഷത്ത് എന്നിവയ്ക്ക് വ്യാഖ്യാനം രചിച്ചിട്ടുണ്ട്. ശ്രീരാമകൃഷ്ണ വിവേകാനന്ദ സാഹിത്യത്തിന്റെ കാതലാണ് വേദാന്തം. വേദാന്തവിഷയങ്ങളുടെ അപഗ്രഥമാണ് തന്റെ കൃതികളിലൂടെ മൃഡാനന്ദസ്വാമികൾ നടത്തിയത്. ഉപനിഷത്തുക്കൾക്കും

[46] ടി.പു. പുറം 178.

ഗീതാവ്യാഖ്യാനത്തിനും ശേഷം പ്രസ്ഥാനത്രയത്തിലെ ബ്രഹ്മസൂത്രത്തിന്റെ ഭാഷാവ്യാഖ്യാനം മൂഢാനന്ദസ്വാമികൾ തയ്യാറാക്കി. മഹാഭാരതം, ഭദ്രകാളീമാഹാത്മ്യം മുതലായ മറ്റു കൃതികളും സ്വാമിജി എഴുതി. 'ശിശുക്കളുടെ രാമകൃഷ്ണൻ' 'കുട്ടികളുടെ വിവേകാനന്ദൻ' എന്നീ പുസ്തകങ്ങൾ മൂലഭാഷയായ ബംഗാളിയിൽ നിന്നും സ്വമിജി മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തു. ശ്രീരാമകൃഷ്ണകഥകളുടെ ചിലഭാഗങ്ങൾ 'കഥയുള്ള കഥകൾ' എന്ന ശീർഷകത്തിൽ മൂഢാനന്ദസ്വമികൾ എഴുതിയിട്ടുണ്ട്. അദ്വൈതദർശനത്തെ മാനവസമത്വത്തിന്റെ ദർശനമായി വിവേകാനന്ദൻ കണ്ടു. ഈ അദ്വൈതദർശനം സാധാരണക്കാരിലേയ്ക്ക് പ്രസരിപ്പിക്കുന്ന തുടർക്കണ്ണിയായി തീരുകയായിരുന്നു മൂഢാനന്ദസ്വാമികളുടെ ജീവിതം.

### 5.11 വിവേകാനന്ദൻ മാർക്സിയൻചിന്തകരിലൂടെ

വിവേകാനന്ദദർശനത്തിന്റെ മാനവസമത്വവും മഹിമയും സോഷ്യലിസ്റ്റ് ചിന്തകളുമായി സാധർമ്മ്യം പുലർത്തുന്നതിനാൽ വിവേകാനന്ദനിലെ സോഷ്യലിസ്റ്റിനെ കമ്മ്യൂണിസ്റ്റ് ചിന്തകർ തങ്ങളുടേതാക്കി. ഇ.എം.എസ്. നമ്പൂതിരിപ്പാട് ഇങ്ങിനെ നിരീക്ഷിക്കുന്നു. 'The soul of India Ground Down under foriegn imperialism, Rose up ready to challenge the foriegn domination. The speech delivered by Swami Vivekananda in the parliament of religions at Chicago and the welcome that he received at the hands of intellectuals served to do away with the interiority complex of the Indians and made them fell that they were the inheritors of a cultural legacy capable of challenging the foreign rulers.'[47]

---

47 E.M.S, Vivekananda, a comprehesive study, Chinta Publishers, Thiruvananathapuram, 1981, p.48.

മറ്റൊരിടതുപക്ഷചിന്തകനായ തായാട്ട ശങ്കരന്റെ അഭിപ്രായത്തിൽ ഇന്ത്യയിൽ സോഷ്യലിസത്തെക്കുറിച്ച് പ്രസംഗിച്ച ആദ്യത്തെ സന്യാസിവര്യനാണ് വിവേകാനന്ദൻ. ഇന്ത്യൻ രാഷ്ട്രീയത്തിലെ ആദ്യകാല വിപ്ലവകാരികളുടെ പ്രചോദന കേന്ദ്രം. ഗാന്ധിയുഗത്തിനു തൊട്ടുമുമ്പുള്ള ഭാരതീയനവോത്ഥാനത്തിന്റെ ദീപസ്തംഭമായി വിവേകാനന്ദനെ കാണാം. വിവേകാനന്ദന്റെ കവിതകളെപ്പറ്റി പഠനം നടത്തിയ ശങ്കരൻ വിവേകാനന്ദദർശനങ്ങളിൽ ദേശീയബോധവും വിപ്ലവാത്മകമായ ചിന്താഗതികളുമുണ്ട് എന്നു നിരീക്ഷിയ്ക്കുന്നു. പുതിയൊരു സാമൂഹ്യവ്യവസ്ഥയുടെ നിർമ്മാണത്തിന് പ്രചോദനം നൽകുന്നതാണ് വിവേകാനന്ദന്റെ ചിന്തകളെന്ന് കെ.ദാമോദരൻ അഭിപ്രായപ്പെടുന്നു.

എൻ.ഇ.ബാലറാം വിവേകാനന്ദസ്വാമികളെപ്പറ്റി 'കന്യാകുമാരിയിലെ ജ്ഞാനോദയം' എന്ന പുസ്തകം രചിച്ചിട്ടുണ്ട്. തന്റെ പുസ്തകത്തിൽ ബാലറാം ഇങ്ങനെ പറഞ്ഞു "ആർത്തന്മാരുടെ ഉദ്ധാരണം സന്യാസലക്ഷണമായിക്കണ്ട മഹാമനുഷ്യൻ ആയിരുന്നു സ്വാമിവിവേകാനന്ദൻ."[48] ബേലൂർ മഠത്തിൽ ബ്രഹ്മചാരിയായി കഴിഞ്ഞതിനാൽ 'വേദാന്തത്തിലും മറ്റു ഭാരതീയദർശനങ്ങളിലും ഭാരതീയ പൈതൃകം' എന്നൊരു ഗ്രന്ഥവും എൻ.ഇ.ബലറാം എഴുതിയിട്ടുണ്ട്. വിവേകാനന്ദന്റെ നവീനവേദാന്തം പുതിയ ആശയങ്ങളെ ഒരിയ്ക്കലും എതിർക്കുന്നില്ല. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും പാവപ്പെട്ടവരുടെ ഉന്നമനത്തിനും വേണ്ടി നിർഭയം വാദിച്ച ആ യതിവര്യനെ മതമൗലികവാദിയായി ചിത്രീകരിയ്ക്കുന്നത് പ്രതിഷേധാർഹമാണെന്നും ബലറാം പറഞ്ഞുവെയ്ക്കുന്നു.

സ്വാമിവിവേകാനന്ദന്റെ നവോത്ഥാനനിലപാടുകൾ മാനവികതയുടെയും പുരോഗതിയുടെയും അടിസ്ഥാനത്തിൽ കേരളത്തിലെ ഇടതുപക്ഷ ചിന്തകർ വിശകലനം

48 എൻ.ഇ.ബാലറാം, കാവി വസ്ത്രവും സോഷ്യലിസവും ഭാരതീയ പൈതൃകം, പൂർണ്ണ പബ്ലിക്കേഷൻസ്-കോഴിക്കോട്-2009, പുറം 34.

ചെയ്തിട്ടുണ്ട്. അറിയപ്പെടുന്ന ചിന്തകനായ ഡോ. എൻ.വി.പി. ഉണിത്തിരി തന്റെ ലേഖനങ്ങളിൽ, ഇങ്ങിനെ നിരീക്ഷിക്കുന്നു. ''വിവേകാനന്ദനെ മറ്റ് ആദ്ധ്യാത്മിക നേതാക്കളിൽ നിന്ന് വ്യതിരിക്തനാക്കി നിർത്തുന്ന മുഖ്യഘടകം ദരിദ്രനാരായണനോടും അവശജാതിക്കാരോടുമുള്ള അദ്ദേഹത്തന്റെ അപാരമായ ദയാവായ്പാണ്.''[49] വിവേകാനന്ദന്റെ സോഷ്യലിസ്റ്റ് ആശയങ്ങൾ ഇടതുപക്ഷചിന്തകർക്കിടയിൽ അദ്ദേഹത്തിന്റെ ദർശനങ്ങൾക്ക് വിപുലമായ സ്വീകാര്യതയുണ്ടാക്കിയിരുന്നു. ശ്രീരാമകൃഷ്ണന്റെയും വിവേകാനന്ദന്റെയും രചനകളുടെ ലോകം തനിക്കുമുമ്പിൽ തുറന്ന ആഗമാനന്ദസ്വാമികളെക്കുറിച്ച് 'കേരളത്തിന്റെ വിവേകാനന്ദസ്വരം' എന്നാണ് പി.ഗോവിന്ദപ്പിള്ള വിശേഷിപ്പിയ്ക്കുന്നത്. വിവേകാനന്ദസ്വാമികളെ തൊഴിലാളി വർഗ്ഗത്തിന്റെ സുഹൃത്തായി ചില ഇടതുപക്ഷചിന്തകർ കണ്ടു. ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ ഇങ്ങനെ നിരീക്ഷിയ്ക്കുന്നു. ''മാർക്സിന്റെയും വിവേകാനന്ദന്റെയും ആത്മീയാഗ്നിയെപ്പറ്റി ഞാൻ വേണ്ടത്ര പറഞ്ഞുകഴിഞ്ഞു. ആ അഗ്നി മാനുഷികമായ അനീതികളെ ചുട്ടുചാമ്പലാക്കുകയും മനുഷ്യനെ സ്വാതന്ത്രനാക്കുകയും ചെയ്യും. അവരുടെ ആകാംക്ഷ ഒന്നു തന്നെയായിരുന്നു. എന്നാൽ അവരുടെ പദ്ധതികൾ വ്യത്യസ്തങ്ങളും, അവരുടെ ലക്ഷ്യം മനുഷ്യന്റെ മോചനമായിരുന്നു. അവരുടെ തത്വശാസ്ത്രങ്ങൾ വിഭിന്നങ്ങളായിരുന്നുവെങ്കിലും.'' [50]

''ദേശിയമോചന പ്രബോധനമാണ് ശ്രീവിവേകാനന്ദൻ ആത്മീയ പ്രഭാഷണങ്ങൾ വഴി ഭാരതീയർക്ക് നൽകിയത്. അയിത്തവും അജ്ഞതയും ദാരിദ്ര്യവും മാറാതെ ഇന്ത്യയ്ക്കു മോചനമില്ലെന്ന് ആദ്യം വിളിച്ച പറഞ്ഞത് വിവേകാനന്ദനായിരുന്നു.''[51] വിവേകാനന്ദ

---

49 ഡോ. എൻ.വി.പി. ഉണിത്തിരി, സ്വാമി വിവേകാനന്ദന, സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം, 2016, പുറം 141.

50 വി.ആർ. കൃഷ്ണയ്യർ. അവതാരിക, മാർക്സും വിവേകാനന്ദനും, മാതൃഭൂമി, കോഴിക്കോട്, 1984, പുറം 18.

51 ആർ.സുഗതൻ, വിവേകാനന്ദസ്വാമികൾ നൂറാം ജയന്തിപ്പതിപ്പ്-കേരളകൗമുദി, 1970, പുറം 109.

സ്വാമികളുടെ കേരളം ഭ്രാന്താലയമാണെന്ന വിശേഷണത്തെപ്പറ്റി സുഗതൻ ഇങ്ങനെ എഴുതുന്നു. "ജാതിയും, ജാതിയിൽ ജാതിയും, പ്രഭുജനതയുടെ 'ബഹുമാനീയാ ഞാനാരേയും തൂണവൽ' എന്ന സാമൂഹികാചാരങ്ങളും കൊണ്ട് മുരടിച്ചുപോയ അയിത്തചക്രവർത്തിമാർ സ്വാമിജിയുടെ മന്ത്രധ്വനം കേട്ട് ഇടിമുഴക്കം കേട്ട മൂർഖൻ കുഞ്ഞുങ്ങളെപ്പോലെ ഞെട്ടിപ്പോയി.

ദുർബ്ബലരേയും അധഃകൃതരേയും അടിച്ചമർത്തപ്പെട്ടവരേയും എല്ലാ നരവർഗ്ഗത്തിലും മതവിശ്വസത്തിലുംപെട്ട മർദ്ദിതരേയും പീഡിതരേയും സ്വന്തം കാലിൽനിന്നു സ്വതന്ത്ര്യം പ്രാപിയ്ക്കാൻ ഉപനിഷത്തുക്കൾ കാഹളം വിളിയ്ക്കുന്നുവെന്ന പ്രസിദ്ധമായ വിവേകാനന്ദവാക്യം ഉദ്ധരിച്ചുകൊണ്ടും എസ്.എൽ.മൽഹോത്രയുടെ അഭിപ്രായങ്ങളോടു ചേർന്നു സി.പി.ശ്രീധരൻ ഇങ്ങനെ എഴുതി.

"ലോകത്തിലെ മുഴവൻ രാഷ്ട്രങ്ങളുടെയും വർഗ്ഗങ്ങളുടെയും അധഃകൃതരുടെയും രാഷ്ട്രീയാഭിലാഷങ്ങളുമായി സ്വാമി വേദാന്തത്തെ കൂട്ടിയിണക്കിയതിങ്ങനെയാണ്. ആ കാരണത്താലാണ് തത്വചിന്ത ദേശീയവിമോചന സമരത്തിലേർപ്പെട്ട ഭാരതത്തിന് ആവേശം പിടിപ്പിച്ചത്. കാരണം വിവേകാനന്ദന് മാതൃഭൂമിയായ ഭാരതം ഈശ്വരത്വത്തോളമുയർന്ന സർവ്വശ്രേഷ്ഠമായ ഒന്നായിരുന്നു. 'അടുത്ത അമ്പതുവർഷ ത്തേയ്ക്ക് ഭാരതഭൂമിയാകട്ടെ നിങ്ങളുടെ ഈശ്വരൻ' എന്നു പോലും അദ്ദേഹം പറഞ്ഞു."

കെ.ദാമോദരൻ വിവേകാനന്ദദർശനത്തെ സമത്വത്തിന്റെ ദർശനമായി കണ്ടു. "ജനങ്ങൾക്ക് ആത്മവിശ്വാസം നൽകാനാണ് അദ്ദേഹം ഇടവിടാതെ പരിശ്രമിച്ചത്. ദുർബ്ബലനാവരുത്, ശക്തനാവുക; ഭീരുവാകരുത്, ധീരനായിരിയ്ക്കുക-ഇതായിരുന്നു അദ്ദേഹത്തിന്റെ (വിവേകാനന്ദന്റെ) ആഹ്വാനം. കെ.ദാമോദരൻ തുടരുന്നു. ഭിക്ഷാംദേഹിയായി ചുറ്റിസഞ്ചരിയ്ക്കുന്നതിനിടയിലാണ് ഭൂരിപക്ഷക്കാരായ ജനങ്ങളോട്

ഭൗതികാഭിവൃദ്ധിയ്ക്ക് തന്റെ മതവിശ്വാസങ്ങളിൽ ഉന്നതമായൊരു സ്ഥാനം നൽകണമെന്ന് വിവേകാനന്ദൻ തീരുമാനിച്ചത്.'' മനുഷ്യനായിരുന്നു വിവേകാനന്ദമതത്തിലെ കേന്ദ്രബിന്ദുവെന്ന് ദാമോദരൻ നിരീക്ഷിയ്ക്കുന്നുണ്ട്. (നിങ്ങൾക്കു ദൈവത്തെ കാണണമെന്നുണ്ടെങ്കിൽ മനുഷ്യനെ സേവിയ്ക്കുക-വിവേകാനന്ദൻ) മനുഷ്യനിൽ ഈശ്വരനെ ദർശിയ്ക്കാനും പ്രപഞ്ചം തന്നെയാണ് ബ്രഹ്മമെന്നു അതിനപ്പുറത്ത് യാതൊരു ദൈവവുമില്ലെന്നും വിവേകാനന്ദദർശനത്തിൽ ഊന്നിപ്പറയുന്നു. ലോകത്തിൽ നിന്നകന്ന് ആത്മാവിന്റെ പുറംതോടിലേയ്ക്ക് ഉൾവലിയാൻ നോക്കുന്ന മിസ്റ്റിസിസം തുടങ്ങിയ ആദ്ധ്യാത്മിക ചിന്താഗതികളെ ആക്ഷേപിച്ച വിവേകാനന്ദൻ എല്ലാ അർത്ഥത്തിലും വിപ്ലവകാരിയാണ്. ഇന്ത്യയ്ക്കുള്ള ഒരൊറ്റ ആശാകേന്ദ്രം കായികമായും ധാർമ്മികമായും മരിച്ചുകഴിഞ്ഞ ഉയർന്ന വർഗ്ഗക്കാരല്ലെന്നും മറിച്ച് ലക്ഷോപലക്ഷം സാമാന്യജനങ്ങളാണെന്നു പറഞ്ഞ വിവേകാനന്ദനിൽ സമത്വ വാദിയായ അദ്വൈതിയാണ് നിറഞ്ഞുനിൽക്കുന്നത്. യൂറോപ്പിൽ ചുറ്റി സഞ്ചരിയ്ക്കുന്നതിനിടെ മുതലാളിത്തത്തിന്റെ ദുഷ്ടതകൾ വിവേകാനന്ദൻ കണ്ടു. റഷ്യൻ വിപ്ലവകാരിയായ 'ക്രോപോട്കിനു'മായി വിവേകാനന്ദൻ കൂടിക്കാഴ്ച നടത്തിയിരുന്നു. യൂറോപ്യൻ സോഷ്യലിസം വിവേകാനന്ദനിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് വേണം കരുതാൻ. "ഉയർന്നവർഗ്ഗക്കാരുടെ ക്ഷേമം കിടക്കുന്നത് താഴ്ന്നവർഗ്ഗക്കാരെ അവരുടെ ന്യായമായ അവകാശങ്ങൾ നേടുന്നതിന് സഹായിയ്ക്കുന്നതിലാണ്. വിവേകാനന്ദദർശനം അദ്ധ്വനിയ്ക്കുന്നവരുടെയും അധഃസ്ഥിതരുടെയും അവകാശപ്രഖ്യാപനമായി കാണാമെന്ന് ദാമോദരൻ ഉറപ്പിയ്ക്കുന്നുണ്ട്." [52]

[52] കെ.ദാമോദരൻ, സ്വാമിവിവേകാനന്ദൻ, 2013, (ഭാരതീയ വിചാരകേന്ദ്രം പ്രസിദ്ധീകരിച്ച സ്വാമി വിവേകാനന്ദനും പ്രബുദ്ധകേരളവും എന്ന ഗ്രന്ഥത്തിൽ ഈ ലേഖനം ചേർത്തിട്ടുണ്ട്), പുറം 95.

പുരോഗമനമലയാളസാഹിത്യത്തിന്റെ വക്താവും യുക്തിവാദിയുമായിരുന്ന കുറ്റിപ്പുഴ കൃഷ്ണപിള്ള വിവേകാനന്ദദർശനത്തെ ഇങ്ങനെ വായിക്കുന്നു. "ലോകക്ഷേമത്തിനായി കർമ്മം ചെയ്തുകൊണ്ട് ജീവിക്കുക എന്ന ഉപനിഷത് സന്ദേശം ശ്രീരാമകൃഷ്ണ പരമഹംസനും വിവേകാനന്ദസ്വാമിയും ജീവിതപ്രമാണമാക്കിയിരിക്കുന്നു... സഹജീവികളോടുള്ള കടമ വിസ്മരിച്ച്, വ്യക്തിപരമായ മോക്ഷം മാത്രം ലക്ഷ്യമാക്കി ജീവിതരംഗത്തുനിന്നും പലായനം ചെയ്യുന്ന സ്വാർത്ഥബുദ്ധി രാമകൃഷ്ണമിഷനിലെ സന്യാസിമാർക്കില്ല. അവർ യഥാർത്ഥ കർമ്മയോഗികളാവുന്നു... അജ്ഞാനം, ദാരിദ്ര്യം, രോഗം മുതലായ മനുഷ്യബാധകളെ നീക്കം ചെയ്യുന്ന സാമൂഹികസേവനത്തിനുള്ള ഒരു വിശിഷ്ടസ്ഥാപനമാണത്." [53]

മതത്തെ യുക്തിയുക്തം പഠനവിധേയമാക്കിയ മാർക്സിസ്റ്റ് അനുഭാവിയായ കുറ്റിപ്പുഴ കൃഷ്ണപിള്ള വിവേകാനന്ദദർശനത്തേയും രാമകൃഷ്ണമിഷനെയും മാനവ സമുദായത്തിന്റെ അഭയസ്ഥാനമായാണ് കണ്ടത്. ഉൽകൃഷ്ടവിദ്യാഭ്യാസം സൃഷ്ടിച്ച സന്യാസിമാരാണ് രാമകൃഷ്ണമിഷന്റെ എല്ലാശാഖകളിലും നിസ്സാർത്ഥ സേവന മനുഷ്ഠിക്കുന്നത്. മനുഷ്യവർഗ്ഗത്തിന്റെ ലൗകികവും ആത്മീയവുമായ പുരോഗതിയും ക്ഷേമവുമാണ് രാമകൃഷ്ണമിഷനിലെ സന്യാസിമാരുടെ ലക്ഷ്യം. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, ദുരിതാശ്വാസപ്രവർത്തനം, വേദാന്തമതപ്രബോധനം എന്നിങ്ങനെ രാമകൃഷ്ണാമിഷന്റെ വിവിധ സേവനരംഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൽകൃഷ്ടമായ കർമ്മസപര്യയായി കുറ്റിപ്പുഴ കൃഷ്ണപിള്ള തന്റെ പ്രബന്ധത്തിൽ വിലയിരുത്തുന്നുണ്ട്. 'ശ്രീരാമകൃഷ്ണപരമഹംസരും വിവേകാനന്ദനും' എന്ന ലഘുകൃതി കുറ്റിപ്പുഴ രചിച്ചിട്ടുണ്ട്. യുക്തിവാദിയായ എ.ടി.കോവൂർ കുറേനാൾ ആഗമാനന്ദസ്വാമികളുടെ ആശ്രമത്തി

53 കുറ്റിപ്പുഴ കൃഷ്ണപിള്ള, രാമകൃഷ്ണ പരമഹംസനും, സ്വാമിവിവേകാനന്ദനും (മേൽ കൊടുത്ത ഗ്രന്ഥത്തിൽ ഈ ലേഖനം ചേർത്തിട്ടുണ്ട്, പുറം 102.

ലുണ്ടായിരുന്നത്രെ. വിവേകാനന്ദസാഹിത്യം തന്റെ യുക്തിചിന്തയെ പ്രോജ്വലിപ്പിച്ചന്ന് കോവൂർ പറഞ്ഞിട്ടുണ്ട്.

ഹൈസ്ക്കൾ വിദ്യാർത്ഥിയായിരിയ്ക്കുമ്പോൾ രാമകൃഷ്ണാമിഷന്റെ ആലപ്പുഴ ആശ്രമത്തിൽ പഠിതാവായിരുന്നു എം.കെ. സാനു. പ്രാണായാമവും യോഗാസനങ്ങളും അന്നേ സ്വായത്തമാക്കിയിരുന്നു. കർമ്മയോഗവും ജ്ഞാനയോഗവും സാനുമാസ്റ്ററുടെ ചിന്താമണ്ഡലത്തെ ഏറെ സ്വാധീനിച്ചു. പുരോഗനമകലാസാഹിത്യസംഘം എന്ന തന്റെ സാഹിതീസപര്യയോടൊപ്പം അദ്ദേഹം സാമൂഹ്യപരിഷ്ക്കർത്താവും മനുഷ്യാ വകാശങ്ങളുടെ പോരാളിയുമായി. വാഗ്മിയും പുരോഗമനചിന്തകനും എഴുത്തുകാരനുമായ പ്രൊഫസർ എം.കെ.സാനു വിവേകാനന്ദദർശനത്തെ ഏറെ പ്രാധാന്യത്തോടെയാണ് കണ്ടത്. "നൂറ്റാണ്ടുകളുടെ ആലസ്യത്തിൽനിന്നുണർന്ന് സ്വാതന്ത്ര്യവാഞ്ഛയുടെ തീവ്രതയോടുകൂടി വിദേശാധിപത്യത്തിനെതിരെ പോരാടുന്നതിന് ഇന്ത്യയിലെ യുവചേതനയ്ക്കു ശക്തിപകർന്നു കൊടുക്കുന്നതിൽ ഗാന്ധിജിയ്ക്കു തുല്യമായ-ഒരുപക്ഷേ അതിനെക്കാളധികമായ-പങ്ക് വിവേകാനന്ദസ്വാമികൾക്കുണ്ടെന്ന സത്യം അംഗീകരിച്ചേതീരൂ..."[54]

വിമർശനവും വ്യാഖ്യാനവും ജീവചരിത്രവുമായി നാല്പതോളം കൃതികളുടെ കർത്താവാണ് എം.കെ.സാനു. കുമാരനാശാൻ സഹോദരൻ അയ്യപ്പൻ, ചങ്ങമ്പുഴ, ബഷീർ എന്നിവരുടെയെല്ലാം ജീവചരിത്രങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. വിവേകാനന്ദചിന്തകളോടുള്ള എം.കെ.സാനുവിന്റെ അടുപ്പം അദ്ദേഹത്തെ വലിയ വിമർശനങ്ങൾക്കു വിധേയനാക്കി. കമ്യൂണിസവും ഹിന്ദുത്വവും ഒന്നിച്ചു സ്വീകരിയ്ക്കുന്നതിലെ ദ്വന്ദ്വം ഇദ്ദേഹത്തെ വ്യത്യസ്തനാക്കുന്നു എന്ന നിരീക്ഷണവുമുണ്ട്. സമത്വത്തിന്റെ വീഥികൾ അദ്വൈതത്തിന് അന്യമല്ല. നീതിയുക്തമായ ഒരു നവലോകം സൃഷ്ടിയ്ക്കുന്നതിനുള്ള

[54] എം.കെ.സാനു, നവോത്ഥാനപ്രചോദകൻ- പി.പരമേശ്വരൻ (എഡി.), സ്വാമി വിവേകാനന്ദനും പ്രബുദ്ധകേരളവും- ഭാരതീയവിചാരകേന്ദ്രം-തിരുവനന്തപുരം, 2013, പുറം 137..

പരിവർത്തനേച്ഛയും ആത്മീയതയുടെ ഭാഗമാണെന്ന് ലോകത്തെ ബോധ്യപ്പെടുത്തിയത് വിവേകാനന്ദ സ്വാമികളുടെ വ്യക്തിത്വമാണെന്ന് എം.കെ. സാനു നിരീക്ഷിക്കുന്നു. കേരളീയ നവോത്ഥാന ത്തിൽ വിവേകാനന്ദചിന്തകൾ നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്. വിവേകാനന്ദന്റെ നിർദ്ദേശാനുസരണം ഡോ.പൽപ്പു ശ്രീനാരായണഗുരുവിനെ സമീപിച്ചതും ശ്രീനാരായണധർമ്മപരിപാലനയോഗം തുടങ്ങിയതും നവോത്ഥാന പ്രവർത്തനങ്ങളിലെ നാഴികക്കല്ലാണ്. "നാരായണഗുരു സ്വാമികളുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കുതുല്യം വിവേകാനന്ദസൂക്തങ്ങളും എസ്.എൻ.ഡി.പി.യോഗപ്രവർ ത്തനങ്ങൾക്ക് ധാർമ്മികമായ സ്വഭാവം നൽകുന്നതിൽ വലിയ പങ്കാണ് വഹിച്ചത്. സമൂഹജീവിതത്തിൽ മാത്രമല്ല, സംസ്കാരത്തിലും സാഹിത്യത്തിലും ആത്മീയ പ്രവർത്തനത്തിലും ഒരുപോലെ മൂല്യനിർഭരനായ ഗഹനതപുലർത്താൻ നമ്മുടെ നവോത്ഥാനം പ്രാപ്തമായത് ഈ മഹർഷിമാർ നൽകിയ പ്രബുദ്ധമായ ഉദ്ബോധനത്തിന്റെ ഫലമായിട്ടാണ്. ജീർണ്ണിച്ച ആചാരങ്ങളിലും നിർജീവമായ അനുഷ്ഠാനങ്ങളിലും കുടുങ്ങിപ്പോകാതെ ആത്മീയതയെ പരിവർത്തനത്തിന്റെ ഊർജ്ജമാക്കിമാറ്റാൻ പ്രേരകമായിരുന്നു ആ പ്രബോധനം." [55]

### 5.12 വിവേകാനന്ദൻ ഹിന്ദുത്വചിന്തകരിലൂടെ

#### 5.12.1 ആർ.ഹരി

'Lectures from Colombo to Almora' എന്ന സ്വാമിവിവേകാനന്ദന്റെ പുസ്തകം തന്നെ ഏറെ സ്വാധീനിച്ചതായി ആർ ഹരി പറയുന്നു. രാഷ്ട്രീയ സ്വയം സേവകസംഘത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ട ധാരാളം കൃതികൾ ആർ.ഹരി രചിച്ചു. കൂടാതെ വന്ദേമാതരത്തിന്റെ കഥ, വോൾഗയിൽ നിന്ന് ഗംഗയിലേയ്ക്ക്, അന്നത്തെ

---

55 എം.കെ.സാനു, നവോത്ഥാനപ്രചോദകൻ, പി.പരമേശ്വരൻ (എഡി.), സ്വാമി വിവേകാനന്ദനും പ്രബുദ്ധ കേരളവും, ഭാരതീയ വിചാരകേന്ദ്രം, തിരുവനന്തപുരം, പുറം 139.

ഭാരതവും ഇന്നത്തെ ഇന്ത്യയും (തർജ്ജമ) എന്നിവയും ഇദ്ദേഹത്തിന്റെ രചനകളാണ്. രാഷ്ട്രീയസ്വയം സേവകസംഘത്തിന്റെ 'Literature' സ്വാമിവിവേകാനന്ദന്റെ Literature തന്നെയാണെന്ന് സംഘത്തിലെ ബാബാ സാഹേബ് ആപ്ദേ പ്രസ്താവിച്ചതായി ഹരി രേഖപ്പെടുത്തുന്നുണ്ട്. "വിവേകാനന്ദനിലൂടെ ഞങ്ങൾ സംഘത്തിലാമഗ്നരായി. സംഘത്തിലൂടെ വിവേകാനന്ദനിൽ ആബദ്ധരായി."[56]

### 5.12.2 പി.പരമേശ്വരൻ

ഭാരതീയദർശനങ്ങളിൽ ആഴത്തിലുള്ള പഠനങ്ങൾ നടത്തിയ ചിന്തകനാണ് പി.പരമേശ്വരൻ. അറിയപ്പെടുന്ന ഹിന്ദുത്വചിന്തകനായ ഇദ്ദേഹം ഭാരതീയ വിചാരകേന്ദ്രം മേധാവിയും വിവേകാനന്ദകേന്ദ്രം അദ്ധ്യക്ഷനുമായിരുന്നു. ചെറുപ്പം മുതൽതന്നെ ശ്രീരാമകൃഷ്ണമിഷനുമായി അടുത്തബന്ധം പുലർത്തി. വിവേകാനന്ദനും മാർക്സും, കേരളം ഭ്രാന്താലയത്തിൽ നിന്ന് തീർത്ഥാലയത്തിലേയ്ക്ക്, വിശ്വവിജയി വിവേകാനന്ദൻ, ശ്രീനാരായണഗുരു നവോത്ഥാനത്തിന്റെ പ്രവാചകൻ എന്നിങ്ങനെ പന്ത്രണ്ടോളം കൃതികൾ രചിച്ചിട്ടുണ്ട്. വി.ആർ.കൃഷ്ണയ്യരുടെ അവതാരികയോടെ ഇറങ്ങിയ വിവേകാനന്ദനും മാർക്സും രണ്ടു മഹാപുരുഷന്മാരെ താരതമ്യപ്പെടുത്തുന്ന പഠനഗ്രന്ഥമാണ്. വിവിധഭാഷകളിലുള്ള ഒട്ടനവധി പുസ്തകങ്ങൾ ഗവേഷണബുദ്ധ്യാ പരിശോധിച്ചാണ് പരമേശ്വരൻ ഈ ഗ്രന്ഥം തയാറാക്കിയത്. അടിസ്ഥാനപരമായി ഭൗതികവാദം ഉന്നയിക്കുന്ന മാർക്സിസവും ആത്മീയത സ്ഫുരിക്കുന്ന വിവേകാനന്ദ ചിന്തകളും ബന്ധപ്പെടുത്തി വിശകലനം ചെയ്യുന്നത് ഗൗരവമുള്ള പഠനഗ്രന്ഥമായി ത്തീരുകയാണ്. "മാനവരാശി മുഴുവനുമായിരുന്നു മാർക്സിന്റെയും വിവേകാനന്ദന്റെയും സേവനരംഗവും പ്രവർത്തനലക്ഷ്യവും. എന്നാൽ തൊഴിലാളി വർഗ്ഗത്തെ

---

56 ആർ.ഹരി, ത്വദീയായ കാര്യായ, പി. പരമേശ്വരൻ, (എഡി.), വിവേകാനന്ദനും പ്രബുദ്ധകേരളവും, 2013, ഭാരതീയ വിചാരകേന്ദ്രം, പുറം 142.

ജീവിതദൗത്യപൂർത്തീകരണത്തിനുള്ള ഉപകരണമായി മാർക്സ് കണ്ടപ്പോൾ, വിവേകാനന്ദനാകട്ടെ, ഉണർന്നെഴുന്നേറ്റ ഇന്ത്യയെ-പ്രബുദ്ധഭാരതത്തെ-യാണ്, തന്റെ ലോകദൗത്യത്തിന്റെ ഉപാധിയായി കണക്കാക്കിയത്. ഇരുവരും, അതനുസരിച്ച്, അവരുടെ ഉപകരണങ്ങളെ, ലക്ഷ്യപ്രാപ്തിയ്ക്കു തക്കവണ്ണം കരുത്തുള്ളവയാക്കി മാറ്റാൻ ശ്രമിച്ചു." [57]

ഭാരതീയചിന്താധാരയുടെ ക്രിയാത്മകമായ വളർച്ചയ്ക്കുവേണ്ടി തിരുവനന്തപുരത്തു സ്ഥാപിച്ച ഭാരതീയവിചാരകേന്ദ്രത്തിന്റെയും കന്യാകുമാരിയിലെ വിവേകാനന്ദ കേന്ദ്രത്തിന്റെയും മേധാവിയായിരുന്ന പി.പരമേശ്വരൻ. കന്യാകുമാരി വിവേകാനന്ദ സ്മാരക നിർമ്മാണത്തിൽ സജീവമായി പ്രവർത്തിച്ചു. ഭാരതീയദർശനങ്ങൾ ആഴത്തിൽ പഠിയ്ക്കുന്നതിലും പ്രചരിപ്പിയ്ക്കുന്നതിലും സ്വന്തം ജീവിതം തന്നെ സമർപ്പിച്ചയാളാണ് പരമേശ്വരൻ. സമൂഹത്തിന് ഉയർച്ചയുണ്ടാകണമെങ്കിൽ, ആദ്ധ്യാത്മികതയിൽ അധിഷ്ഠിതമായ ജീവിതം കൊണ്ടുമാത്രമേ സാധിയ്ക്കു എന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. വിവേകാനന്ദന്റെ 150-ാം ജയന്തിയോടനുബന്ധിച്ച് 'സ്വാമിവിവേകാനന്ദനും പ്രബുദ്ധകേരളവും' എന്ന ഗ്രന്ഥം പുറത്തിറക്കിയത് ഭാരതീയവിചാരകേന്ദ്രമാണ്. കേരളത്തിലെ പ്രമുഖരും പ്രഗത്ഭരുമായ എഴുത്തുകാരിൽ മിക്കവരും എഴുതിയ രചനകളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. മലയാളി, വിവേകാനന്ദനെ വായിച്ചെടുക്കുന്നതിന്റെ സമഗ്രമായ ആവിഷ്കാരമായി 'സ്വാമി വിവേകാനന്ദനും പ്രബുദ്ധകേരളവും' 2013-ൽ പുറത്തിറങ്ങിയ ഈ ബൃഹദ് ഗ്രന്ഥത്തിന്റെ എഡിറ്റർ പി.പരമേശ്വരനാണ്.

57 പി.പരമേശ്വരൻ, മാർക്സ്, വിവേകാനന്ദൻ, ഇന്ത്യ-വിവേകാനന്ദനും മാർക്സും, മാതൃഭൂമി, കോഴിക്കോട് 1987, പുറം 109.

ഹിന്ദുമതപുനരുജ്ജീവനത്തിൽ ശ്രീരാമകൃഷ്ണവിവേകാനന്ദസാഹിത്യത്തിന്റെ പ്രചരണം വലിയപങ്ക് വഹിയ്ക്കുന്നുവെന്ന് രാഷ്ട്രീയസ്വയം സേവകസംഘം മനസ്സിലാക്കിയിരുന്നു. അതിനാൽ സംഘത്തിന്റെ പ്രസിദ്ധീകരണവിഭാഗമായ 'കുരുക്ഷേത്ര പ്രകാശൻ' വിവേകാനന്ദകൃതികളുടെയും അവയെ അധികരിച്ചുള്ള സാഹിത്യസൃഷ്ടികളുടെയും പ്രകാശനം നടത്തുന്നുണ്ട്. ചിക്കാഗോ സമ്മേളനത്തിന്റെ 100-ാം വാർഷികം പ്രമാണിച്ച് 1992-ൽ 'വിശ്വജിത്ത്മാല' എന്ന പേരിൽ വിവിധ പുസ്തകങ്ങൾ കുരുക്ഷേത്ര പ്രകാശൻ പുറത്തിറക്കി. വന്ദേ വിവേകാനന്ദം, ഉണരുക എഴുന്നേല്ക്കുക, നമ്മുടെ ആഗോള ദൗത്യം, ഹിന്ദുധർമ്മം തന്നെ ദേശീയത, കണ്ടെത്തുക ഭാരതത്തിന്റെ ആത്മാവിനെ എന്നിവ ഇവയിൽ ചിലതാണ്. രാഷ്ട്രീയസ്വയംസേവകസംഘത്തിന്റെ കാഴ്ചപ്പാടിൽ ഹിന്ദുത്വമെന്ന ഭാരതീയതയുടെ ഉദ്ധാരകൻമാരാണ് ശ്രീരാമകൃഷ്ണനും വിവേകാനന്ദനും.

### 5.13 പ്രബുദ്ധകേരളം

ശ്രീരാമകൃഷ്ണപ്രസ്ഥാനത്തിന്റെ സന്ദേശപ്രചരണാർത്ഥം 1915 ഒക്ടോബർ 17-നാണ് പ്രബുദ്ധകേരളം മാസിക ആരംഭിച്ചത്. "ശ്രീരാമകൃഷ്ണദേവന്റെ നാമധേയത്തെ കേരളം മുഴുവനും പ്രചാരം വരുത്തുന്നതിനും അദ്ദേഹത്തിന്റെ ദിവ്യശക്തി സ്വല്പമായെങ്കിലും കേരളത്തിൽ വ്യാപിപ്പിക്കുന്നതിനും ഇതുമൂലം ഇടയാകുമെങ്കിൽ ഈ മാസികയെ സംബന്ധിച്ചും പ്രവർത്തിയ്ക്കുന്ന എല്ലാ ആളുകളും സർവ്വഥാ കൃതാർത്ഥരായിതീരുന്നു. ഇതുതന്നെയാകുന്നു പ്രബുദ്ധകേരളത്തിന്റെ മുഖ്യോദ്ദേശ്യം." (പ്രബുദ്ധകേരളം പുസ്തകം ഒന്ന്. നമ്പർ-രണ്ട്) 1915-ൽ നിർമ്മലാനന്ദസ്വാമികളാണ് പ്രബുദ്ധകേരളം ആരംഭിച്ചത്. ശ്രീരാമകൃഷ്ണൻ ബേലൂർ ആശ്രമത്തിൽ നിന്നും പ്രസിദ്ധീകരിയ്ക്കുന്ന 'പ്രബുദ്ധഭാരതത്തിന്റെ ചുവടുപിടിച്ചാണ് പ്രബുദ്ധകേരളം തുടങ്ങിയത്. കൊല്ലത്തു തുടങ്ങിയ മാസികയുടെ പ്രവർത്തനം പിന്നീട് തിരുവനന്തപുരത്തും

ഒറ്റപ്പാലത്തുമുള്ള ശ്രീരാമകൃഷ്ണാശ്രമങ്ങളിലേയ്ക്കു മാറ്റി. മലയാള സാഹിത്യരംഗത്തെ മിക്കവാറും പ്രതിഭാശാലികൾ പ്രബുദ്ധകേരളത്തിൽ എഴുതിയിട്ടുണ്ട്. ശ്രീനാരായണഗുരുവിന്റെ ചരിത്രപ്രാധാന്യമുള്ള വിളംബരം-താൻ യാതൊരു ജാതിയുടെയോ മതത്തിന്റെയോ മറ്റു വിഭാഗത്തിന്റെയോ പ്രതിനിധി അല്ല - 1916-ലെ പ്രബുദ്ധകേരളത്തിലൂടെയാണ് പുറത്തുവന്നത്. അക്കാലത്ത് മാസികയുടെ വിശ്വാസ്യതയും പ്രാധാന്യവും ഇതിൽനിന്നും വ്യക്തമാണ്.

കട്ടമത്ത്, ഓട്ടൂർ, പണ്ഡിറ്റ് ഗോപാലൻനായർ, അപ്പൻ തമ്പുരാൻ തുടങ്ങിയ പ്രമുഖർ പ്രബുദ്ധകേരളത്തിന്റെ ആദ്യലക്കങ്ങളിൽ എഴുതിയിരുന്നു. ആദ്ധ്യാത്മികവും സാംസ്കാരികവുമായ വിഷയങ്ങളിൽ ശ്രീരാമകൃഷ്ണമിഷനിലെ സന്യാസിമാരുടെ രചനകൾ പ്രബുദ്ധകേരളത്തിൽ വന്നു. ജ്ഞാനാനന്ദസരസ്വതി, വിദ്യാനന്ദതീർത്ഥപാദർ, ഡോ.പി.കെ.നാരായണപിള്ള, ഡോ.കെ.ഭാസ്കരൻനായർ, പ്രൊഫ. കെ.പി. നാരായണ പിഷാരടി തുടങ്ങിയവർ പ്രബുദ്ധകേരളത്തിന്റെ തുടർലക്കങ്ങളിൽ സ്ഥിരമായി എഴുതിയിരുന്നു. ഡോ.വി.എസ്.ശർമ്മ, ടി.എം.സി.ത്രിവിക്രമൻ നമ്പൂതിരിപ്പാട്, പ്രൊഫ.ജി.ബാലകൃഷ്ണൻനായർ, ടി.എൻ.ഭട്ടതിരിപ്പാട്, കൈനിക്കര കുമാരപിള്ള എന്ന പണ്ഡിതർ പ്രബുദ്ധകേരളത്തിന് രചനകൾ നൽകി. ശ്രീരാമകൃഷ്ണസൂക്തങ്ങളെ കുഞ്ഞുണ്ണിമാസ്റ്ററും പ്രൊഫ.പി.രഘുരാമൻനായരും മലയാളകവിതാരൂപത്തിൽ തർജ്ജമ ചെയ്ത് പ്രബുദ്ധകേരളത്തിൽ പ്രസിദ്ധികരിച്ചിരുന്നു. ബാലാമണിയമ്മ, സിസ്റ്റർ മേരി ബനീഞ്ഞ, കടത്തനാട്ട് മാധവിയമ്മ എന്നിവരുടെ കവിതകളും പ്രബുദ്ധകേരളത്തിന്റെ പല ലക്കങ്ങളിലും വന്നിരുന്നു.

തിരുവനന്തപുരത്തും ആലപ്പുഴയിലും നിന്ന് പ്രസിദ്ധപ്പെടുത്തിയിരുന്ന പ്രബുദ്ധകേരളം 1964 മുതൽ തൃശ്ശൂരിലേക്ക് മാറ്റി. വിവേകാനന്ദസ്വാമികളുടെ

ജന്മശതാബ്ദിയോടനുബന്ധിച്ച് തൃശ്ശൂർ ശ്രീരാമകൃഷ്ണാശ്രമത്തിൽ ഒരു പ്രസിദ്ധീകരണ വിഭാഗം തുടങ്ങിയിരുന്നു. ഇതിനുശേഷമാണ് മാസികയുടെ പ്രസാധനം തൃശ്ശൂരിൽ നിന്നാരംഭിച്ചത്. രാമകൃഷ്ണാമിഷനിലെ വിവിധ സന്യാസിമാർ പ്രബുദ്ധകേരളവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു. നിർമ്മലാനന്ദസ്വാമികളിൽ തുടങ്ങി ആഗമാനന്ദസ്വാമികൾ, ഈശ്വരാനന്ദസ്വാമികൾ, ശക്രാനന്ദസ്വാമികൾ, ത്രൈലോക്യാനന്ദസ്വാമികൾ, മൃഡാനന്ദസ്വാമികൾ, സിദ്ധിനാഥാനന്ദസ്വാമികൾ തത്വമയാനന്ദസ്വാമികൾ എന്നിങ്ങനെ പണ്ഡിതവര്യരായ നിരവധി സന്യാസിമാർ പ്രബുദ്ധകേരളത്തിന്റെ പത്രാധിപസമിതി യിലുണ്ടായി. 1964 മുതൽ 1998 വരെയുള്ള മുപ്പത്തിനാലുവർഷങ്ങൾ മുഖ്യമായും മൃഡാനന്ദസ്വാമികളുടെ പത്രാധിപത്യത്തിലാണ് പ്രബുദ്ധകേരളം പ്രസിദ്ധീകരിച്ചിരുന്നത്. സനാതനധർമ്മത്തിലൂന്നിക്കൊണ്ടുള്ള വ്യത്യസ്ത ചിന്താധാരകളെ കേരളീയസമൂഹത്തിനു പരിചയപ്പെടുത്താൻ പ്രബുദ്ധകേരളം ശ്രദ്ധ വെച്ചിരുന്നു. കേരളീയസമൂഹത്തിന്റെ ആദ്ധ്യാത്മികവും സാംസ്കാരികവുമായ പുരോഗതിയ്ക്ക് ചിന്താപരമായ പങ്ക് നിർവ്വഹിയ്ക്കാൻ പ്രബുദ്ധകേരളത്തിനു കഴിഞ്ഞിട്ടുണ്ട്. വേദാന്ത-വൈജ്ഞാനിക രംഗങ്ങളിൽ ശ്രദ്ധേയരായ പണ്ഡിതർ മാസികയിൽ എഴുതിയിരുന്നു. കേരളത്തെ 'പ്രബുദ്ധകേരള'മാക്കി മാറ്റാൻ വേണ്ടി ഹിന്ദുസമൂഹത്തിലെ അനാചാരങ്ങളെ എതിർത്ത് പുരോഗമനാശയങ്ങൾ പ്രചരിപ്പിക്കാൻ മാസിക ശ്രമിച്ചുകൊണ്ടേയിരുന്നു. നവോത്ഥാനകേരളത്തിന്റെ ആശയസംവാദങ്ങളെ രൂപപ്പെടുത്തുന്ന പ്രക്രിയയിൽ പ്രബുദ്ധകേരളം നിർവ്വഹിച്ച പങ്ക് കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ വേണ്ടത്ര അടയാളപ്പെടുത്തിയിട്ടില്ല. പ്രബുദ്ധകേരളം മാസികയും അതിന്റെ വിശേഷാൽ പ്രതികളും ഒരു നൂറ്റാണ്ടിലേറെയായി തുടങ്ങിയ ശ്രമങ്ങൾ നവോത്ഥാനത്തിന്റെ ദിശാസൂചകങ്ങൾ തന്നെയായിരുന്നു. വിവേകാനന്ദചിന്തകളെ ഉദ്ധരിച്ചുകൊണ്ട് പ്രബുദ്ധകേരളം പത്രാധിപരായിരുന്ന മൃഡാനന്ദസ്വാമികൾ ഇങ്ങനെ പറഞ്ഞു.

"സ്വാമിജിയുടെ അഭിപ്രായത്തിൽ ഭാരതത്തിന്റെ ജിവനാഡി മതമാണ്. മതമെന്നു പറയുന്നത് ഇന്നത്തെ സങ്കുചിതമായ അർത്ഥത്തിലല്ല. മതം സാക്ഷാത്കാരമാണ് എന്ന് സ്വാമിജി പറയുമ്പോൾ, നമ്മിൽ അന്തർലീനമായിട്ടുള്ള ദിവ്യതയുടെ സാക്ഷാത്കാരമാണ് മതം എന്നാണദ്ദേഹം അർത്ഥമാക്കുന്നത്." [58]

### 5.14 അമൃതവാണി, ശ്രീരാമകൃഷ്ണതുളസീസുഗന്ധം

ആഗമാനന്ദസ്വാമികൾ കാലടി ശ്രീരാമകൃഷ്ണ അദ്വൈതാശ്രമത്തിലെ അധിപനായിരുന്ന കാലത്ത് അമൃതവാണി എന്ന ശീർഷകത്തിൽ ഒരുമാസിക പ്രസിദ്ധീകരിച്ചു. 1947 മുതൽ 3 വർഷം ഇതിന്റെ പ്രസിദ്ധീകരണം തുടർന്നു. പിന്നീട് അമൃതവാണി ശ്രീരാമകൃഷ്ണാശ്രമത്തിന്റെ പ്രബുദ്ധകേരളം മാസികയിൽ ലയിച്ചു. ആഗമാനന്ദസ്വാമികളുടെ നേതൃത്വത്തിൽ പ്രബുദ്ധകേരളം കാലടി ആശ്രമത്തിൽ നിന്ന് പുറത്തിറങ്ങാനും തുടങ്ങി. വിവേകാനന്ദചിന്തകളുടെ പ്രചരണാർത്ഥം മലയാളത്തിലിറങ്ങിയ പ്രസിദ്ധീകരണങ്ങളിൽ അമൃതവാണി ശ്രദ്ധേയമാണ്.

ബേലൂർ ശ്രീരാമകൃഷ്ണമഠവുമായി ആശയപരമായ ഭിന്നതകൾ കാരണം ബാംഗ്ലൂർ ആസ്ഥാനമാക്കി ദക്ഷിണാത്യ ശ്രീരാമകൃഷ്ണനിർമ്മലാനന്ദമണ്ഡലം ആരംഭിച്ചിരുന്നു. കേരളത്തിൽ ശ്രീരാമകൃഷ്ണപ്രസ്ഥാനങ്ങൾക്ക് തുടക്കക്കാരനായ നിർമ്മലാനന്ദ സ്വാമികൾ ദക്ഷിണാത്യമണ്ഡലത്തിന്റെ അധിപനായി. നിർമ്മലാനന്ദസ്വാമിയുടെ പ്രവർത്തന കേന്ദ്രമായ കേരളത്തിൽ ചില ആശ്രമങ്ങൾ ദക്ഷിണാത്യമണ്ഡലത്തിനു കീഴിലായി മാറി. ബാംഗ്ലൂരുവിലെ നിയമവ്യവഹാരങ്ങൾക്കുശേഷം നിർമ്മലാനന്ദസ്വാമികൾ തന്റെ ശിഷ്ടജീവിതം ഒറ്റപ്പാലം ആശ്രമത്തിൽ ചിലവഴിച്ചു. അദ്ദേഹത്തിന്റെ സമാധിയ്ക്കുശേഷം ആ സന്യാസശ്രേഷ്ഠന്റെ സ്മരണയ്ക്കായി ശ്രീരാമകൃഷ്ണ തുളസീസുഗന്ധം എന്ന മാസിക ഒറ്റപ്പാലം

---

[58] മൃഡാനന്ദസ്വാമികൾ, ശ്രീമദ് വിവേകാനന്ദസ്വാമികൾ, ശ്രീരാമകൃഷ്ണമഠം, പുറനാട്ടുകര, 1999, പുറം 44.

ആശ്രമത്തിൽ നിന്നും പ്രസിദ്ധീകരണം തുടങ്ങി. വിശദാനന്ദസ്വാമികളായിരുന്നു പത്രാധിപർ. 1945 മുതൽ 1947 വരെയുള്ള രണ്ടുവർഷക്കാലം ശ്രീരാമകൃഷ്ണതുളസീസുഗന്ധം പുറത്തിറങ്ങിയിരുന്നു. വിവേകാനന്ദന്റെ സഹോദരസന്യാസിയും ജന്മംകൊണ്ടു വംഗദേശക്കാരനുമായ നിർമ്മലാനന്ദസ്വാമികളുടെ അക്ഷരസ്മാരകം എന്ന നിലയിലും വിവേകാനന്ദ സന്ദേശങ്ങളുടെ ജിഹ്വ ആയും ശ്രീരാമകൃഷ്ണതുളസീസുഗന്ധം മാസികയെ കാണാവുന്നതാണ്.

വിവേകാനന്ദദർശനങ്ങളുമായി ബന്ധപ്പെട്ട് മലയാളത്തിൽ ഉണ്ടായ ഉപന്യാസങ്ങളും കഥ, കവിത, മുതലായ സർഗ്ഗസൃഷ്ടികളും പൊതുവായി അവലോകനം നടത്തുകയാണ് ഈ അധ്യായത്തിൽ ചെയ്തത്. വിവേകാനന്ദകൃതികളുടെ മലയാളം പരിഭാഷകളും വ്യാഖ്യാനങ്ങളും ശ്രീരാമകൃഷ്ണമിഷൻ പ്രസിദ്ധീകരണങ്ങളും അവലോകനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുമാരനാശാന്റെ സാഹിതീയ പ്രവർത്തനങ്ങളും ശ്രീനാരായണധർമ്മ പരിപാലനയോഗ (എസ്.എൻ.ഡി.പി.)ത്തിന്റെ സ്ഥാനവും പ്രത്യേകം പഠനവിധേയമാക്കി.

### 5.15 കേരളീയ നവോത്ഥാനത്തിന്റെ രാമകൃഷ്ണമിഷൻ വഴികൾ

രാമകൃഷ്ണമിഷന്റെ ഇരട്ട ആദർശങ്ങളാണ് ത്യാഗവും സേവനവും. 'സ്വന്തം മോക്ഷത്തിനും ലോകത്തിന്റെ മോക്ഷത്തിനും' വേണ്ടിയാണ് മിഷൻ പ്രവർത്തിക്കേണ്ടതെന്ന് പ്രമാണസൂക്തം വ്യവസ്ഥ ചെയ്യുന്നു. രാമകൃഷ്ണമിഷന്റെ രൂപീകരണത്തിലൂടെ വേദാന്തത്തെ സാമൂഹിക സേവനത്തിന്റെ ദർശനമാക്കാനാണ് വിവേകാനന്ദൻ ലക്ഷ്യം വെച്ചത്. ജാതിയുടെ തീവ്രത ലഘൂകരിക്കാനുള്ള പ്രയത്നം, ദുരിതാശ്വാസം, ആതുരസേവനം, മറ്റു ജനക്ഷേമപ്രവർത്തനങ്ങൾ എന്നിവയെല്ലാം മിഷൻ ശാഖകളുടെ പൊതുവായ പരിപാടികളിൽ പെടുന്നു. ഇതോടൊപ്പം പ്രാദേശികമായ

ആവശ്യങ്ങൾക്കനുസരിച്ച് പ്രത്യേകമായ കർമ്മരംഗങ്ങളും അതത് ശാഖകൾക്ക് കണ്ടെത്താവുന്നതാണ്.

1897 ലാണ് കൊൽക്കത്ത ആസ്ഥാനമാക്കി രാമകൃഷ്ണമിഷൻ ഒദ്യോഗികമായി രൂപം കൊള്ളുന്നത്. ഗുരുവായ രാമകൃഷ്ണപരമഹംസരുടെ പ്രധാന ശിഷ്യന്മാരായിരുന്നു സംഘാടകർ. വിവേകാനന്ദൻ അവർക്ക് നേതൃത്വം നൽകി. വിവേകാനന്ദന്റെ അകാലനിര്യാണം (1902) മിഷൻ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിച്ചു. പത്ത് വർഷങ്ങൾക്കുശേഷമാണ് രാമകൃഷ്ണാമിഷന്റെ കേരളത്തിലെ പ്രവർത്തനങ്ങൾ തുടങ്ങുന്നത്. ബാംഗ്ലൂർ കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ നിർമ്മലാനന്ദസ്വാമികൾ കേരളത്തിൽ മിഷന്റെ 16 ശാഖകൾ ആരംഭിച്ചു. (അനുബന്ധം 2) 1913-ൽ ഹരിപ്പാടായിരുന്നു കേരളത്തിൽ രാമകൃഷ്ണമിഷൻ ആദ്യമായി പ്രവർത്തനം തുടങ്ങുന്നത്. ജാതീയമായ ഉച്ചനീചത്വങ്ങളിൽ നരകിക്കുന്ന കേരളത്തിലെ ജനങ്ങൾക്ക് ഒരു പുതിയ ദിശാബോധം നൽകാൻ രാമകൃഷ്ണമിഷന് സാധിച്ചു. മിഷന്റെ ഓരോ ശാഖയും വ്യത്യസ്തവും സമാനതകളില്ലാത്തതുമായ പ്രവർത്തനങ്ങളാണ് നടത്തിയത്. കേരളത്തിലെ മിഷൻ ശാഖകളുടെ തുടക്കവും വളർച്ചയും പ്രത്യേകം അവലോകനം ചെയ്യുന്നത് ഇതിനാലാണ്. വലിയ സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കുമാത്രം നേതൃത്വം കഴിയുന്ന ദൗത്യമാണ് രാമകൃഷ്ണമിഷൻ കേരളത്തിൽ ഏറ്റെടുത്തത്. കേരളത്തിലാദ്യമായി പൊതുവേദിയിൽ മിശ്രഭോജനം നടന്നത് രാമകൃഷ്ണമിഷന്റെ ആഭിമുഖ്യത്തിലായിരുന്നു. (2014 ഹരിപ്പാട്) സമൂഹസദ്യയിൽ പങ്കെടുത്ത ഹരിജനങ്ങളുടെ ഇലയെടുക്കാൻ ജോലിക്കാർ അറച്ചുനിന്നപ്പോൾ മിഷൻ അധിപതി നിർമ്മലാനന്ദ തന്നെ അതിനായി മുന്നിട്ടിറങ്ങി. "എല്ലാവരും ഭഗവാന്റെ ഭക്തരാണ്. ഞാൻ അവരുടെ സേവകനും. രാമകൃഷ്ണമിഷന് ജാതിയില്ല." സ്വാമികളുടെ ഈ പ്രഖ്യാപനം നൂറ്റാണ്ടുകൾ പഴക്കമുള്ള ജാതീയമായ വേർതിരിവുകളെ തകർത്തെറിയുകയായിരുന്നു.

ഹരിജനങ്ങളെ ദത്തെടുത്ത് സംസ്കൃതവും ആധുനികവിദ്യാഭ്യാസവും നൽകി മധുരയിലേക്കു കൊണ്ടുവന്നത് കേരളത്തിലെ രാമകൃഷ്ണമിഷൻ ശാഖകളുടെ

നിയന്ത്രണത്തിൽ സ്ഥാപിച്ച വിദ്യാലയങ്ങളായിരുന്നു. ക്ഷേത്ര പ്രവേശനവിളംബരത്തിനും (1936) എത്രയോ മുമ്പ് തന്നെ രാമകൃഷ്ണാശ്രമം ക്ഷേത്രങ്ങളിൽ ഹരിജനങ്ങളടക്കം പൂജാരിമാരായി. എല്ലാ ജാതിയിൽ നിന്നും ബ്രഹ്മചാരികളെയും സന്യാസിമാരെയും പരിശീലിപ്പിച്ചെടുക്കുന്ന സമ്പ്രദായം- അസ്പൃശ്യരായ പുലയരിൽ നിന്നും ശ്രേഷ്ഠരായി കണക്കാക്കപ്പെട്ട ബ്രാഹ്മണരിൽ നിന്നും-മഠം തുടങ്ങി. എല്ലാവർക്കും ക്ഷേത്രങ്ങൾ തുറന്നുകൊടുക്കുന്നതിൽ എത്തിച്ച പ്രവർത്തനങ്ങൾക്കു തുടക്കമിട്ടത് രാഷ്ട്രീയ പ്രസ്ഥാനങ്ങളായിരുന്നില്ല, രാമകൃഷ്ണമിഷനായിരുന്നു.

ആധ്യാത്മികധാര സജീവമാക്കുന്നതിനായി കേരളത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെ നിർമ്മലാനന്ദ സ്വാമികളുടെ നേതൃത്വത്തിൽ നടത്തിയ യാത്രകളും പ്രഭാഷണങ്ങളും തിരുവിതാംകൂർ, കൊച്ചി, മലബാർ, എന്നീ പ്രദേശങ്ങൾ ചേർന്നുള്ള ഐക്യകേരളത്തിന് ആശയരൂപം നൽകുകയായിരുന്നു. ശൈശവവിവാഹം വഴി വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട പെൺകുട്ടികൾക്ക് ആശ്രമം ശാഖകൾ തണലായി. പന്ത്രണ്ടുകാരിയും വിവാഹിതയുമായ ഹരിജൻ പെൺകുട്ടിയെ മുടങ്ങിപ്പോയ സ്കൂൾ വിദ്യാഭ്യാസത്തിലേക്ക് ആശ്രമം കൊണ്ടു വന്നു. (കായംകുളം, കൊല്ലം ശാഖകൾ). ആരാലും അകറ്റിനിർത്തപ്പെട്ടിരുന്ന കുഷ്ഠരോഗികളെ പരിപാലിക്കാൻ പ്രത്യേകം മെഡിക്കൽ സംഘത്തെ രൂപീകരിച്ച് നാൽപ്പതു കൊല്ലത്തിലധികം പ്രവർത്തിച്ചത് രാമകൃഷ്ണമിഷനാണ്. (കായംകുളം ശാഖ-നൂറനാട് ലെപ്രസി സാനിറ്റോറിയം)

വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന മുസ്ലിം പെൺകുട്ടികൾക്ക് തുടർന്നും അറിവ് പകരാൻ പ്രദേശത്തിന്റെ രാമകൃഷ്ണ മിഷൻ ശാഖയാണ് വഴിയൊരുക്കിയത്.(കോഴിക്കോട് ആശ്രമം). വിവേകാനന്ദസാഹിത്യം മലയാളത്തിൽ പ്രസിദ്ധീകരിച്ചത് കേരളത്തിലെ ബൃഹത്തായ സാഹിത്യ പ്രവർത്തനമായിരുന്നു. മിഷന്റെ തൃശ്ശൂർ (പുറനാട്ടുകര) കോഴിക്കോട് ഘടകങ്ങൾ നേതൃത്വം നൽകി. രാജ്യത്തിലാദ്യമായി ഹിന്ദുമതത്തിലെ പെൺകുട്ടികൾക്ക് സന്യാസം നൽകിയത് രാകൃഷ്ണമിഷന്റെ ഒറ്റപ്പാലം ശാഖയാണ്.

വെള്ളപ്പൊക്കവും ക്ഷാമവും പകർച്ചാവ്യാധികളും ഉണ്ടായ അവസരങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തി 'മാനവസേവ മാധവസേവ' യെന്ന ആശയത്തെ രാമകൃഷ്ണമിഷൻ ശാഖകൾ പ്രവൃത്തിപഥത്തിലെത്തിച്ചു.

കേരളത്തിന്റെ സാമൂഹികപുനരുജ്ജീവന പ്രക്രിയയിൽ പലതിനും തുടക്കമിട്ടതും ആക്കം കൂട്ടിയതും രാമകൃഷ്ണമഠം ശാഖകളാണ്. വൈക്കം സത്യാഗ്രഹം പോലുള്ള ജനകീയസമരങ്ങളിൽ ആധ്യാത്മികമായ നേതൃത്വം മഠത്തിലെ സന്യാസിമാർ നൽകി. 'എല്ലാ ജീവജാലങ്ങളെയും ശിവനെപ്പോലെ സേവിക്കുക' എന്നതായിരുന്നു മിഷന്റെ ആദർശവാക്യം. ദേശീയപ്രസ്ഥാനത്തിന്റെ വളർച്ചയുടെ കാലഘട്ടത്തിൽ അതിനൊപ്പം നിന്ന് സമത്വത്തിന്റെ സാത്വിക വഴികൾ തെളിയിച്ചത് രാമകൃഷ്ണമിഷനാണ്. കേരളത്തെ നവോത്ഥാനത്തിലേക്കു നയിച്ച നിശബ്ദമായ വിപ്ലവമായിരുന്നു രാമകൃഷ്ണമിഷന്റേത്.

### 5.16 മലയാള സാഹിത്യം ഭാരതീയവുമാണ്

വിവേകാനന്ദന്റെ ജീവിതത്തെയും ദർശനത്തെയും അധികരിച്ച് അമ്പതിലധികം രചനകൾ മലയാളത്തിലുണ്ടായി (അനുബന്ധം 1). ജീവചരിത്രങ്ങൾക്കും ഉപന്യാസങ്ങൾക്കും പുറമെ മലയാളത്തിലെ സർഗ്ഗാത്മകരചനകളിലും വിവേകാനന്ദ ദർശനത്തിന്റെ പ്രത്യക്ഷമോ പരോക്ഷമോ ആയ സ്വാധീനം പ്രകടമാണ്. രാമകൃഷ്ണമിഷൻ തുടക്കമിട്ട സാമൂഹ്യസാംസ്കാരിക പ്രവർത്തനങ്ങൾ കേരളജനതയുടെ ദേശീയവികാരത്തിന് ശക്തി പകർന്നു. നിർമ്മലാനന്ദൻ, ആഗമാനന്ദൻ, ത്യാഗീശാനന്ദൻ, തപസ്യാനന്ദൻ, നിരഞ്ജനാനന്ദൻ, വിമലാനന്ദൻ തുടങ്ങിയ രാമകൃഷ്ണസന്യാസിമാർ ദേശീയവാദികളായ എഴുത്തുകാരുമായിരുന്നു. ജാതീയമായ ചിന്തകൾക്കപ്പുറത്ത് പൊതുസാഹോദര്യത്തിനാണ് രാമകൃഷ്ണമിഷൻ പ്രാധാന്യം നൽകിയത്. മിഷന്റെ പ്രവർത്തനങ്ങൾ അക്കാലത്തെ എഴുത്തുകാരെയും ചിന്തകരെയും ഏറെ ആകർഷിച്ചു. രാമകൃഷ്ണമിഷൻ മാധ്യമമായ പ്രബുദ്ധകേരളത്തിലും ശ്രീനാരായണധർമ്മ പരിപാലനയോഗം മാസികയായ വിവേകോദയത്തിലും

നവോത്ഥാനത്തിലേക്കു നയിക്കുന്ന സാഹിത്യരചനകൾ പ്രസിദ്ധികരിച്ചു. മലയാളസാഹിത്യകാരന്മാർ മിക്കവരും ഈ പ്രവർത്തനത്തിൽ സഹകരിച്ചവരാണ്.

എസ്.ഗുപ്തൻനായർ, എൻ.വി.കൃഷ്ണവാരിയർ, സുബ്രഹ്മണ്യൻ തിരുമുമ്പ്, പി.കുഞ്ഞിരാമൻ നായർ, ഓട്ടൂർ ഉണ്ണിനമ്പൂതിരിപ്പാട്, ബോധേശ്വരൻ അപ്പൻ തമ്പുരാൻ, കുഞ്ഞുണ്ണി മാസ്റ്റർ, നിത്യചൈതന്യയതി തുടങ്ങിയ എഴുത്തുകാർ രാമകൃഷ്ണാശ്രമങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടിരുന്നു. മഹാകവി കുമാരനാശാൻ തുടക്കം മുതൽ തന്നെ വിവേകാനന്ദ ദർശനത്തിന്റെ വക്താവും പ്രയോക്താവുമായി. സാമൂഹ്യതിന്മകൾക്കും ചൂഷണങ്ങൾക്കും എതിരായി വിപ്ലവപ്രസ്ഥാനങ്ങളും ജനതയെ മാറ്റത്തിലേക്ക് നയിക്കുന്ന സാഹിത്യസൃഷ്ടികളും മലയാളത്തിൽ ധാരാളം ഉണ്ടായി. മനുഷ്യാധ്വാനത്തെ കേന്ദ്രമാക്കിയ വിപ്ലവസാഹിത്യവും ലക്ഷ്യമിട്ടത് മാനവസമത്വമായിരുന്നു. പുരോഗമനാശയങ്ങളുടെ ഈ സാധർമ്മ്യം മാർക്സിയൻ ചിന്തകരെ വിവേകാനന്ദ ചിന്തകളോട് അടുപ്പിച്ചു. (ഇ. എം. എസ്, തായാട്ട് ശങ്കരൻ, എൻ.വി.പി.ഉണ്ണിത്തിരി, എൻ.കെ ബാലറാം തുടങ്ങിയവർ). വിപ്ലവവഴികളിൽ സാത്വികതയുടെ തലം വിവേകാനന്ദചിന്തകൾ ഉയർത്തി. ആധുനികമായ പുരോഗമനാശയങ്ങൾക്കൊപ്പം ഭാരതത്തിന്റെ പാരമ്പര്യത്തെയും വിവേകാനന്ദദർശനം ഏകോപിച്ചു.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ പുറത്തുവന്ന മലയാളത്തിലെ സർഗ്ഗ സൃഷ്ടികൾ ജാതീയതയെയും അതിന്റെ വിവേചനങ്ങളെയും അംഗീകരിച്ചില്ല. വിവേകാനന്ദചിന്തകളും, അവ കേരളത്തിൽ പ്രായോഗികമാക്കിയ ശ്രീനാരായണഗുരുവും ചിട്ടപ്പെടുത്തിയ മൂല്യങ്ങൾ മലയാളസാഹിത്യത്തെ പ്രത്യക്ഷമായും പരോക്ഷമായും സ്വാധീനിക്കുകയായിരുന്നു. ജാതിമതചിന്തകളും അനാചാരങ്ങളും മലയാളസാഹിത്യം തുത്തെറിഞ്ഞപ്പോഴും മതനിരാസം പൊതുവെ പ്രകടമല്ലായിരുന്നു. “മറ്റു വിഭാഗങ്ങളോടു

കലഹിക്കാത്ത രീതിയിൽ എല്ലാവർക്കും തനതു സിദ്ധാന്തങ്ങൾ പഠിപ്പിക്കാനുള്ള വേദിയാണ് മതം നൽകേണ്ടത്."[59]

ഭാരതത്തിലും വിദേശങ്ങളിലുമുള്ള ഓരോ മനുഷ്യവംശത്തിന്റെയും ജീവിതത്തിൽ ഈ ചിന്തകൾ പ്രകാശിക്കണമെന്നും വിവേകാനന്ദൻ വിഭാവന ചെയ്തു. ഉദാത്തമായ ഈ സങ്കല്പം ഭാരതീയപാരമ്പര്യത്തിന്റെ ആഴങ്ങളിലേക്ക് മലയാളസാഹിത്യത്തെയും കൊണ്ടുപോയി. ബംഗാളിയടക്കമുള്ള ഇന്ത്യയിലെ മറ്റു ഭാഷകളിലെ സാഹിത്യസൃഷ്ടികൾ മലയാളത്തിലേക്ക് ധാരാളമായി പരിഭാഷ ചെയ്യപ്പെട്ടു. സംസ്കൃത നാടകങ്ങളുടെ സ്വകീയമായ വിവർത്തനങ്ങളും ഉണ്ടായി. ഇന്ത്യൻ തത്വചിന്ത മലയാളത്തിലെ സർഗ്ഗാത്മകശാഖകളെ ആത്മീയമായി പൂരിപ്പിച്ചു. ഒ.വിവിജയന്റെ ഗുരുസാഗരം എം.ടി.യുടെ പുതിയ കഥകൾ, മാടമ്പ് കുഞ്ഞുകുട്ടന്റെ ഭ്രഷ്ട്, അശ്വത്ഥാമാവ്, അമൃതസ്യപുത്ര എന്നീ നോവലുകൾ ഉദാഹരണങ്ങളാണ്. വിവേകാനന്ദസാഹിത്യം ഭാരതീയതയുടെ താത്വികമായ അടിത്തറ മലയാളത്തിലേക്കു പകർന്നു. മാനവസമത്വവും മനുഷ്യനന്മയും മലയാളസാഹിത്യത്തിന്റെ പ്രകടനപത്രികയായപ്പോൾ അവയ്ക്ക് ആധ്യാത്മികമായ ശക്തി നൽകിയത് വിവേകാനന്ദൻ പരിഷ്കരിച്ച ഭാരതീയ ദർശനങ്ങളായിരുന്നു.

59 വി.സ.സ.ഭാഗം 3 - ഉത്തിഷ്ഠജാഗ്രത. 1980 പുറം 195 - 1967

# അദ്ധ്യായം 6

# വിവേകാനന്ദദർശനം : വിമർശനങ്ങൾ

## 6.1 ആമുഖം

വിവേകാനന്ദചിന്തകളെ വിവിധ പ്രത്യയശാസ്ത്രങ്ങൾ പൊതുവെ സ്വാഗതം ചെയ്തെങ്കിലും അദ്ദേഹത്തെ ഹൈന്ദവവർഗ്ഗീയവാദിയായും യാഥാസ്ഥിതികതയുടെ മുഖംമൂടിയണിഞ്ഞ പരിഷ്കർത്താവായും നിരീക്ഷിച്ച പഠനങ്ങളും മലയാളത്തിൽ അപൂർവ്വമായെങ്കിലും ഉണ്ടായി. കമ്യൂണിസ്റ്റ് ചിന്തകരിൽ പലരും വിവേകാനന്ദനെ സാമൂഹ്യപരിഷ്കർത്താവായി സ്വീകരിച്ചപ്പോഴും അദ്ദേഹത്തിന്റെ ഹിന്ദുത്വനിലപാടുകളെ പൂർണമായും അംഗീകരിച്ചിരുന്നില്ല. വിവേകാനന്ദചിന്തകളെ വിമർശനവിധേയമാക്കുന്ന ചില രചനകളാണ് ഈ അധ്യായത്തിൽ അവലോകനം ചെയ്യുന്നത്.

വിവേകാനന്ദനെ ഖണ്ഡനപരമായി വിലയിരുത്തിയവരിൽ പ്രമുഖനാണ് പ്രൊഫ.രവിചന്ദ്രൻ സി. അദ്ദേഹത്തിന്റെ "വിവേകാനന്ദൻ ഹിന്ദുമിശിഹയോ" എന്ന പുസ്തകം ഹ്രസ്വമെങ്കിലും ഒരുവിധം സമഗ്രമായിത്തന്നെ വിവേകാന്ദദർശനത്തെ പരിശോധിക്കുന്നുണ്ട്.[1] വിവേകാനന്ദദർശനങ്ങളുടെ വിമർശനങ്ങളിൽ പ്രാതിനിധ്യ സ്വഭാവത്തോടെ ഈ ഗ്രന്ഥത്തെ അവലോകനം ചെയ്യുന്നു.

---

1 രവിചന്ദ്രൻ.സി. വിവേകാനന്ദൻ ഹിന്ദുമിശിഹയോ, മൈത്രിബുക്സ്, തിരുവനന്തപുരം: 2014.

### 6.2 വിവേകാനന്ദനും മാർക്സിയൻദർശനവും

ഇതുകാലവും ദാർശനികന്മാർ ലോകത്തെ വ്യാഖ്യാനിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. എനിക്ക് വേണ്ടത് ലോകത്തെ മാറ്റിമറിക്കുകയാണ് (കാറൽ മാർക്സ്) മുഴുവൻ മാർക്സിയൻ തത്വശാസ്ത്രത്തിന്റെയും ആധാരശില വൈരുദ്ധ്യാത്മക ഭൗതികവാദമാണ്. മിച്ചമൂല്യസിദ്ധാന്തം മുതലാളിമാർ തൊഴിലാളികളെ ചൂഷണം ചെയ്യുന്നതെങ്ങനെ യെല്ലാമെന്ന് വ്യക്തമാക്കുന്നു. സാമ്പത്തികകാഴ്ചപ്പാടിലൂടെ വ്യാഖ്യാനിക്കുമ്പോൾ പുരോഗതിയുടെ വർഗ്ഗസിദ്ധാന്തം രൂപപ്പെടുന്നു. അധികാരം നേടിയെടുക്കാൻ തൊഴിലാളിവർഗ്ഗം വിപ്ലവത്തിന്റെ പാത സ്വീകരിക്കണം. പ്രകൃതിയുടെയും മനുഷ്യസമൂഹത്തിന്റെയും ചിന്തകളുടെ ചലനവും വികാസവുമായി ബന്ധപ്പെട്ടുന്ന പൊതു നിയമങ്ങളുടെ ശാസ്ത്രമാണ് വൈരുദ്ധ്യാത്മകത. വൈരുദ്ധ്യങ്ങൾ തമ്മിലുള്ള നിരന്തരമായ ഏറ്റുമുട്ടലുകൾ പരിണാമത്തിനു കാരണമാകുന്നു. മാർക്സിയൻ തത്വചിന്തയനുസരിച്ച് തിസീസും ആന്റി തിസീസും ആയ വിരുദ്ധധ്രുവങ്ങൾ തമ്മിൽ ഉണ്ടാകുന്ന സംഘർഷത്തിന്റെ ഫലമായി ഒരു സിന്തസിസ് നടക്കുന്നു. ഉയർന്നതലത്തിലുള്ള പരിണാമം രൂപപ്പെടുന്നു. ഈ പ്രക്രിയ തുടർന്നുകൊണ്ടേയിരിക്കുന്നു. ''മുതലാളിത്തസ്വകാര്യ സ്വത്തവകാശത്തിന്റെ മരണമണി മുഴങ്ങുന്നു. സ്വത്തവകാശം കൈയടക്കിവച്ചവരിൽനിന്നും അത് തിരിച്ചുപിടിക്കും.''[2]

സ്വാമി വിവേകാനന്ദന്റെ ദർശനം വേദാന്തമാണ്. ഉപനിഷത്തുക്കളാണ് അതിന്റെ ഉറവിടം. വേദാന്തത്തിന് ദ്വൈതം, വിശിഷ്ടാദ്വൈതം, അദ്വൈതം എന്നീ മൂന്ന് പ്രധാന കാഴ്ചപ്പാടുകളുണ്ടെങ്കിലും വിവേകാനന്ദൻ അദ്വൈതിയായിരുന്നു. വേദാന്തത്തിന്റെ മറ്റു രണ്ടു വിഭാഗങ്ങളെയും വിവേകാനന്ദദർശനം സ്വാംശീകരിക്കുന്നതിനാൽ അത് 'നവ്യവേദാന്ത'

2 കാറൽ മാർക്സ്, ദാസ് ക്യാപ്പിറ്റൽ, മലയാളം പരിഭാഷ, ചിന്ത പബ്ലിഷേഴ്സ്, 1985, പുറം 76.

മായി മാറുന്നു. തന്റെ ഉദ്ധരണികളെല്ലാം ഉപനിഷത്തുക്കളിൽനിന്നായിരുന്നു എന്ന് വിവേകാനന്ദൻ പ്രഖ്യാപിച്ചിട്ടുണ്ട്. വേദാന്തത്തിന്റെ സമഗ്രമായ സമീപനമനുസരിച്ച് പരമാർത്ഥവസ്തുവെ വിവിധ കോണുകളിൽനിന്ന് നോക്കുമ്പോൾ അത് വ്യത്യസ്തമായി കാണപ്പെടുകയാണ്.

വിവേകാനന്ദദർശനവും മാർക്സിയൻ ദർശനവും കടകവിരുദ്ധങ്ങളാണ്. മാർക്സിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാനസത്ത 'പദാർത്ഥ'മാണെങ്കിൽ വിവേകാനന്ദന് അത് 'ചൈതന്യ'മാണ്. വേദാന്തം അദ്ധ്യാത്മവാദമാണ്. സംഘർഷവും വർഗ്ഗസമരവും സമൂഹപരിണാമത്തിനുതകുന്ന ഉപാധികളാണെന്ന് വിവേകാനന്ദൻ വിശ്വസിച്ചിരുന്നില്ല. "പാവപ്പെട്ട കർഷകരും തൊഴിലാളികളും സമ്പന്നവിഭാഗങ്ങളും തമ്മിൽ വർഗ്ഗസമരമുണ്ടാകാതിരിയ്ക്കാൻ നിങ്ങൾ ശ്രദ്ധിക്കണം."[3] മനുഷ്യന്റെ ആത്മീയ പരിണാമത്തെയാണ് വിവേകാനന്ദൻ ലക്ഷ്യം വച്ചിരുന്നത്. അതിനാൽത്തന്നെ സാമൂഹ്യജീവിതത്തിന്റെ ജൈവപരിണാമം സംബന്ധിച്ച മാർക്സിസ്റ്റ് സങ്കല്പത്തെ വിവേകാനന്ദൻ അംഗീകരിക്കുന്നില്ല. വർഗ്ഗസമരത്തിലൂടെ സാമൂഹ്യപുരോഗതി എന്ന ആശയമേ വിവേകാനന്ദൻ എതിർക്കുന്നുണ്ട്. സാമൂഹ്യപുരോഗതിയ്ക്കും പരിണാമത്തിനും ജൈവസംഘർഷം തടസ്സം സൃഷ്ടിയ്ക്കുമെന്നദ്ദേഹം കരുതി. മാർക്സിസ്റ്റ് ചിന്തകരായ എൻ.ഇ.ബലറാമും കെ.ദാമോദരനും, ഇ.എം.എസും, എൻ.വി.പി.ഉണിത്തിരിയും കമ്മ്യൂണിസ്റ്റ് പക്ഷത്തുനിന്നുകൊണ്ട് വിവേകാനന്ദനെ വിലയിരുത്തിയിട്ടുണ്ട്. വിവേകാനന്ദ ചിന്തകളെക്കുറിച്ചുള്ള വിശകലനങ്ങളിലും പ്രസക്തിയെക്കുറിച്ചുള്ള ചർച്ചകളിലും അതുമായി ബന്ധപ്പെട്ട രാഷ്ട്രീയ വായനകളിലും കമ്മ്യൂണിസ്റ്റ് ചിന്തകന്മാരുടെ പഠനങ്ങൾ അർത്ഥവത്തായ പങ്ക് വഹിക്കുന്നുമുണ്ട്. എന്നാൽ സൈദ്ധാന്തിക സമീപനങ്ങളിൽ തികച്ചും വ്യത്യസ്തമായിരുന്നു മാർക്സും വിവേകാനന്ദനും. വിവേകാനന്ദന്റെ പ്രവർത്തന

[3] വിവേകാനന്ദസാഹിത്യസർവ്വസ്വം, വോള്യം -IV, രാമകൃഷ്ണമിഷൻ, പുറം 427,428.

കാലയളവിൽ ഇന്ത്യയിൽ തൊഴിലാളി സംഘടനകളോ തൊഴിലാളിപ്രസ്ഥാനമോ ശക്തിപ്പെട്ടു കഴിഞ്ഞിരുന്നില്ല. താനൊരു സോഷ്യലിസ്റ്റായത് അതു കുറ്റമറ്റതും പൂർണ്ണമായതുമായ വ്യവസ്ഥയായതുകൊണ്ടല്ലെന്നും, അപ്പമില്ലാതിരിക്കുന്നതിനെക്കാൾ മെച്ചമാണല്ലോ ഒരപ്പത്തിന്റെ പാതി എന്നും വിവേകാനന്ദൻ നിരീക്ഷിച്ചിട്ടുണ്ട്. കമ്യൂണിസ്റ്റ് ചിന്തകനായ കെ.ദാമോദരന്റെ അഭിപ്രായത്തിൽ ദൈവത്തെ അന്വേഷിച്ചു പുറപ്പെട്ട സ്വാമി വിവേകാനന്ദൻ അവസാനം മനുഷ്യനിലാണ് ചെന്നെത്തിയത്. ഏതൊരു വിപ്ലവ നേതാവിനെയും പോലെ ജനങ്ങൾക്ക് ആത്മവിശ്വാസം നൽകാൻ അദ്ദേഹമെപ്പോഴും പരിശ്രമിച്ചു. ഭീരുവാകാതെ ശക്തനും ധീരനുമായിരിയ്ക്കാൻ ആഹ്വാനം ചെയ്തു. ഒഴിഞ്ഞ വയർ മതത്തിനു പറ്റിയതല്ലെന്ന് ലോകത്തോടുറക്കെ വിളിച്ചു പറഞ്ഞു. അവിശ്വാസികളുടെ ആത്മാവിനെ രക്ഷിയ്ക്കാൻ പാടുപെടുന്ന മിഷിനറിമാരോട് നിങ്ങളവരുടെ ശരീരങ്ങളെ പട്ടിണിയിൽനിന്നും രക്ഷിയ്ക്കാൻ ശ്രമിയ്ക്കാത്തതെന്തുകൊണ്ടായിരുന്നു എന്ന് ചോദിച്ചു. "വേദാന്തത്തെ ആധുനിക മുതലാളിത്ത ഉദ്പാദനരീതിക്കനുയോജ്യമായ വിധത്തിൽ വ്യാഖ്യാനിയ്ക്കുകയും മാറ്റിമറിക്കുകയുമാണ് വിവേകാനന്ദൻ ചെയ്തത്."[4]

സൈദ്ധാന്തികമായി ഭിന്നതകളുണ്ടെങ്കിലും പ്രായോഗികതലത്തിൽ വിവേകാനന്ദന്റെ പ്രവർത്തനങ്ങൾ ഭൗതികമായ പുരോഗതിയ്ക്ക് കാരണമായിയെന്ന് കെ.ദാമോദരൻ നിരീക്ഷിക്കുന്നു.

### 6.2.1 വിവേകാനന്ദചിന്ത വിപ്ലവകരമോ?

വിവേകാനന്ദചിന്തകളും മാർക്സിയൻ ദർശനവും താരതമ്യം ചെയ്യുന്ന പഠനഗ്രന്ഥമാണ് പി പരമേശ്വരൻ എഴുതിയ വിവേകാനന്ദനും മാർക്സും. "കമ്യൂണിസ്റ്റ്

[4] കെ.ദാമോദരൻ, ഇന്ത്യയുടെ ആത്മാവ്, സമ്പൂർണ്ണകൃതികൾ, ഭാഗം 1, പ്രഭാത് ബുക്സ്, 2009, പുറം 288.

ചിന്തകന്മാരുടെയും ഹ്യൂമനിസ്റ്റ് എഴുത്തുകാരുടെയും ഉദ്ധരണികൾ നിരത്തി ഈ പുസ്തകം മാർക്സിന്റെയും വിവേകാനന്ദന്റെയും സവിശേഷമായ സോഷ്യലിസ്റ്റ് സങ്കല്പങ്ങൾ അനാവരണം ചെയ്യുന്നു.''[5] മാർക്സിന്റെയും വിവേകാനന്ദന്റെയും തത്വശാസ്ത്രങ്ങൾ വിഭിന്നങ്ങളായിരുന്നു. എന്നാൽ അവയുടെ ലക്ഷ്യം മനുഷ്യമോചനം തന്നെയാണ്. പ്രധാനപ്പെട്ട രണ്ടു ദർശനങ്ങളെ താരതമ്യം ചെയ്ത് അവയുടെ വൈരുദ്ധ്യങ്ങളിലേയ്ക്ക് വെളിച്ചം വീശുകയാണ് പി.പരമേശ്വരൻ ഈ വിമർശനഗ്രന്ഥത്തിൽ നടത്തുന്നത്. ഒപ്പം ആശയങ്ങളിലെ സമാനതകൾ എടുത്തുകാണിക്കുകയും ചെയ്യുന്നു. ലോകത്തെ പിടിച്ചു കുലുക്കിയ രണ്ടു വിരുദ്ധ വ്യക്തിത്വങ്ങളെക്കുറിച്ച് പുതിയൊരു ധാരണ ഉണ്ടാക്കാനാണ് പുസ്തകം ശ്രമിക്കുന്നത്. രണ്ടുപേരുടെയും ദാർശനികവീക്ഷണങ്ങൾ ഇവിടെ നിർദ്ധാരണം ചെയ്യുന്നു.

''ഭ്രാന്തന്മാർ എന്ന് വിവേകാനന്ദൻ വിളിച്ചത് എല്ലാ കേരളീയരെയും അല്ല. ജാതിപരമായ ആചാരങ്ങൾകൊണ്ട് ദലിതരെ അടിച്ചമർത്തിയിരുന്ന സവർണരെ മാത്രമാണ്. ഭ്രാന്താലയങ്ങൾ എന്നു പറഞ്ഞത് അവരുടെ ഭവനങ്ങളെ മാത്രമാണ്''.[6]

കേരളത്തെക്കുറിച്ച് വിവേകാനന്ദൻ നടത്തിയ നിരീക്ഷണങ്ങളുടെ പുതുവായനകൾ കുറെക്കൂടി സൂക്ഷ്മമാണ്. മതപരിവർത്തനത്തെക്കുറിച്ചുള്ള വേവലാതി കൊണ്ടാണെങ്കിലും അമിതമായ ജാതിവിവേചനം അവസാനിപ്പിക്കേണ്ടതാണെന്ന ധാരണ വിവേകാനന്ദനുണ്ടായിരുന്നു എന്ന് ശ്രീകുമാർ നിരീക്ഷിക്കുന്നുണ്ട്. ജാതിതുല്യതയായിരുന്നു വിവേകാനന്ദന്റെ ആശയം. ജാതിയെപ്പറ്റിയുള്ള വേവലാതി യഥാർത്ഥത്തിൽ മതപരിവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു.

---

5 വി.ആർ.കൃഷ്ണയ്യർ, അവതാരിക, വിവേകാനന്ദനും മാർക്സും മാതൃഭൂമി, കോഴിക്കോട്, 1974, പുറം XIX.

6 ടി.ടി.ശ്രീകുമാർ. ചരിത്രവും സംസ്കാരവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം: 2019, പുറം 147.

കേരളത്തിലെ സ്ത്രീകളുടെ വൈജ്ഞാനിക തൃഷ്ണയെക്കുറിച്ച് ഏറെ ബഹുമാനത്തോടെയാണ് വിവേകാനന്ദൻ പ്രസ്താവിച്ചത്. താൻ കേരളം സന്ദർശിച്ചപ്പോൾ സംസ്കൃതത്തിൽ സംസാരിക്കാൻ കഴിവുള്ള ധാരാളം സ്ത്രീകളെ കണ്ടു എന്നും ഇന്ത്യയിൽ പത്തു ലക്ഷത്തിൽ ഒരു സ്ത്രീക്കുപോലും ഇതിനാവില്ലെന്നും വിവേകാനന്ദൻ നിരീക്ഷിക്കുന്നു. അതേ സമയം കേരളത്തിൽ നിലനിൽക്കുന്ന ജാതിഘടനയെപ്പറ്റി ശക്തമായി തന്നെ വിവേകാനന്ദൻ പരാമർശിക്കുന്നുണ്ട്. കേരളത്തിലെ ബ്രാഹ്മണർക്ക് സ്വന്തം കാര്യസാധ്യത്തിനായി മറ്റ ജാതിക്കാരെ തൊടാം, അതു കഴിഞ്ഞ് കുളിക്കണമെന്നേയുള്ളൂ. ഈ ബ്രാഹ്മണരാണ് ഹിന്ദുമതത്തിന്റെ വക്താക്കളായി നടക്കുന്നത്. എട്ടു വയസ്സായ കുട്ടിയെ മുപ്പതുകാരന് കല്യാണം കഴിച്ചു കൊടുത്ത് അതിൽ അഭിമാനിക്കുന്ന രക്ഷിതാക്കളാണിവർ.

"ഞാൻ ഒരു മതത്തിന്റെയും സ്തുതിപാഠകൻ അല്ല' എന്ന് വിവേകാനന്ദൻ പറയുന്നുണ്ടെങ്കിലും ആത്യന്തികമായി അദ്ദേഹം ഹിന്ദുവികാസത്തിനു വേണ്ടി നിലകൊണ്ട സന്യാസിയായിരുന്നു. വാൾ കൊണ്ടല്ല മനസ്സുകൊണ്ടാണ് ഇസ്ലാം ഇന്ത്യയെ കീഴടക്കിയത് എന്ന് നിരീക്ഷിക്കുമ്പോഴും ജാതിവ്യവസ്ഥകൾക്കപ്പുറത്തും അതിജീവിക്കേണ്ട നവഹിന്ദുബോധമാണ് വിവേകാനന്ദനുണ്ടായിരുന്നത്. തിരുവിതാംകൂറിലെ ഹിന്ദുരാജാവിന്റെ ഭരണത്തിൻ കീഴിൽ ദലിതർ ക്രിസ്തുമതത്തിലേക്കോ ഇസ്ലാമിലേക്കോ മാറുമ്പോൾ അവരോടുള്ള ഭരണകൂടത്തിന്റെ അയിത്തം അവസാനിക്കുന്നു എന്ന് വിവേകാനന്ദൻ സൂചിപ്പിക്കുന്നുണ്ട്. മാത്രമല്ല ഇത് ഒരുതരം വിചിത്രമായ മതസഹിഷ്ണുതയാണ് എന്ന് കളിയാക്കുന്നുമുണ്ട്. വസ്തുതകൾ ഇതൊക്കെയാണെങ്കിലും വിവേചനങ്ങൾ അവസാനിപ്പിച്ച് യഥാർത്ഥ മനുഷ്യന് (Real Man) വളരാൻ വേണ്ടത് ജാതിമതചട്ടക്കൂട്ടുകളിൽ നിന്ന് പുറത്തുകടക്കുകയാണെന്ന വിപ്ലവകരമായ അഭിപ്രായമൊന്നും വിവേകാനന്ദനില്ല എന്നതാണ് വസ്തുത. എത്ര

അഴുകിയാലും സംസ്കരിച്ചും പരിഷ്ക്കരിച്ചും മതം - വിശിഷ്യാ ഹിന്ദുമതം - നിലനിന്നേ തീരു എന്ന് അദ്ദേഹം വിശ്വസിച്ചു. ''ഒരു മതം നശിക്കുകയാണെങ്കിൽ അതിന്റെ അർത്ഥം, പ്രസ്തുത മതം ഇത്രകാലവും ഉപകാരശൂന്യവും, ഒന്നിനും കൊള്ളാത്ത അന്ധവിശ്വാസവും ആയിട്ടാണ് നിലനിന്നതെന്നാണ് എന്ന് പ്രസ്താവിക്കുമ്പോഴും വിവേകാനന്ദൻ മതവിശ്വാസിയായിരുന്നു. അതുകൊണ്ടുതന്നെ എല്ലാ വിഭാഗം പാർശ്വവൽകൃതർക്കും അദ്ദേഹം വമർശകരുടെ കണ്ണിൽ സ്വീകാര്യനാവണമെന്നില്ല. വിവേകാനന്ദന്റെ നിലപാടുകൾ പലതും സങ്കുചിതവും ചിലതൊക്കെ പുരോഗമനപരവുമായിരുന്നു.

### 6.2.2 വിവേകാനന്ദന്റെ വഴി ഹിന്ദുത്വത്തിന്റേതുമാത്രം

നവോത്ഥാനപ്രസ്ഥാനങ്ങളുടെ സാമൂഹ്യവും രാഷ്ട്രീയവുമായ ഉള്ളടക്കവും വർഗ്ഗപരമായ ദൗത്യവും വെവ്വേറെ വിലയിരുത്തേണ്ടതുണ്ട്. രാഷ്ട്രീയമായി ജനതയെ പ്രബുദ്ധരാക്കിയാൽ മാത്രം പോരെന്നും ആദ്ധ്യാത്മികതയ്ക്കു പകരമല്ല രാഷ്ട്രീയമെന്നും വിവേകാനന്ദൻ പറഞ്ഞു. ത്യാഗവും സേവനവുമാണ് ഭാരതീയാദർശങ്ങൾ. ആ മേഖലകളിൽ ഇന്ത്യ ശക്തിപ്പെടുമ്പോൾ പിന്നെയുള്ളതെല്ലാം താനേ ശരിയായി ക്കൊള്ളുമെന്നതായിരുന്നു വിവേകാനന്ദന്റെ ആശയം. വിവേകാനന്ദദർശനത്തിന്റെ മൂലമന്ത്രം സ്വാതന്ത്ര്യമാണ്. (സ്വാതന്ത്ര്യമാണ് എന്റെ ആത്മാവിന്റെ സംഗീതം) മനുഷ്യന്റെ സ്വാതന്ത്ര്യത്തിലേയ്ക്ക് വഴി തെളിയ്ക്കുന്ന വിവേകാനന്ദൻ സാമൂഹികമോ, സാമ്പത്തികമോ, ഭൗതികമോ ആയ സ്വാതന്ത്ര്യം കൊണ്ടു മാത്രം ആത്യന്തിക സ്വാതന്ത്ര്യം ലഭ്യമാവുകയില്ലെന്ന് പ്രഖ്യാപിച്ചു. ഇതു ലഭിയ്ക്കാനുള്ള മാർഗ്ഗങ്ങളും നിർദ്ദേശിച്ചു. ജ്ഞാന ഭക്തി ധ്യാനകർമ്മയോഗങ്ങളാണവ. സാമൂഹിക രാഷ്ട്രീയചിന്തകന്മാരുടെ കാഴ്ചപ്പാടിൽ ഭൗതികമായ വളർച്ചതന്നെയാണ് പ്രധാനം. ഭൗതികശക്തികളും ആത്മീയശക്തികളും വിരുദ്ധധ്രുവങ്ങളിൽ സംഘർഷത്തിലേർപ്പെടുകയേ ഉള്ളൂ. വിപ്ലവകരമായ മുന്നേറ്റത്തിന്

ഭൗതികശക്തികൾ ജനകീയമായി സക്രിയമാകുമ്പോൾ മാത്രമാണ് നവോത്ഥാനം സംഭവിക്കുന്നത്. ഈ വസ്തുതയെ വിവേകാനന്ദൻ രണ്ടാമതു മാത്രമേ കാണുന്നുള്ളൂ.

ചാതുർവ്വർണ്ണ്യം മയാ സൃഷ്ടം - നാല് ജാതികൾ ഞാൻ (ഈശ്വരൻ) സൃഷ്ടിച്ചതാണ്. (ഭഗവത്ഗീത), പ്രമാണമായി കരുതി അന്ധമായ ദേശീയത വച്ചുപുലർത്തിയിരുന്ന ആര്യസമാജക്കാരുടെ അവകാശവാദം. ശാസ്ത്രീയവും, സാമൂഹികവും ആത്മീയവുമായ അറിവുകളെല്ലാം ആര്യന്മാർ ആർജ്ജിച്ചിട്ടുണ്ടെന്നായിരുന്നു" (എ.ആർ.ദേശായി - ഇന്ത്യൻ ദേശീയതയുടെ സാമൂഹ്യ പശ്ചാത്തലം). അനശ്വരമെന്ന വിശേഷിപ്പിച്ച വേദങ്ങളുടെ അപ്രമാദിത്വത്തിലും അവർ വിശ്വസിച്ചു. ഇന്ത്യൻ ഭൂതകാലത്തെ പരിപൂർണ്ണമായ ഒരു മാതൃകയായി അവർ സങ്കല്പിച്ചു. ചരിത്രകാരന്മാർ നവോത്ഥാനപ്രസ്ഥാനമെന്ന് കൊട്ടിഘോഷിച്ച ബ്രഹ്മസമാജവും ആര്യസമാജവും സാമൂഹ്യപരിഷ്കരണത്തിനായി ചില ശ്രമങ്ങൾ നടത്തിയിരുന്നു എന്നു മാത്രമാണ് വായിച്ചെടുക്കേണ്ടത്. വേദങ്ങളിലേയ്ക്കു മടങ്ങുകയെന്ന ആര്യസമാജവാദം ഫ്യൂഡൽസംസ്കാരത്തെ സംരക്ഷിയ്ക്കാനുള്ള പിന്തിരിപ്പൻ താല്പര്യത്തെ തന്നെയാണ് പ്രതിനിധാനം ചെയ്തത്. സതി എന്ന ദുരാചാരം അവസാനിപ്പിയ്ക്കാൻ നിലകൊണ്ട രാജാറാം മോഹൻറായിയുടെ ബ്രഹ്മസമാജം പ്രതിനിധീകരിച്ചതും വളർന്നുവന്ന ദേശീയ ബൂർഷ്വാസിയുടെ താല്പര്യങ്ങളെയാണ്. ഈ പ്രസ്ഥാനങ്ങളുടെ ചുവടുപിടിച്ച്, എന്നാൽ കർമ്മോത്സുകവും ജനകീയവുമാക്കി നിലവിൽവന്ന വിവേകാനന്ദപ്രസ്ഥാനവും അയിത്തത്തെ അപലപിച്ചുവെന്നല്ലാതെ ജാതി വ്യവസ്ഥയ്ക്കെതിരെ സമരം ചെയ്യുകയുണ്ടായില്ല. അതിനാൽ തന്നെ ദേശീയ നവോത്ഥാനചരിത്രത്തിൽ ജാതിവ്യവസ്ഥയെ ദാർശനികമായി പ്രതിരോധിയ്ക്കാത്ത വിവേകാനന്ദചിന്തകൾ വേണ്ടത്ര പുരോഗമനപരമല്ലെന്നുതന്നെ കാണണം. ഇതെല്ലാമായിരുന്ന വിവേകാനന്ദചിന്തകളുടെ

പ്രധാന വിമർശനങ്ങൾ. "ജാതി വൈരുദ്ധ്യങ്ങൾ സാമ്പത്തികാടിത്തറയിലും സാംസ്കാരികഘടനയിലും നിരന്തരം സംഘർഷത്തിലേർപ്പെടുന്നുണ്ട്." [7]

യാഥാസ്ഥിതികസമൂഹത്തിന് ജാതിവ്യവസ്ഥയോടുള്ള ചിന്തയും പ്രതിബദ്ധതയും ആഭിജാത്യപരമായി നിലനിന്നിരുന്നു. ശ്രീനാരായണ ധർമ്മപ്രസ്ഥാനം വിവേകാനന്ദന്റെ സ്വാധീനവും നാരായണഗുരുവിന്റെ ആത്മീയധാരയും ഉൾക്കൊണ്ടെങ്കിലും ഒരു ജാതിപരിഷ്കരണപ്രസ്ഥാനത്തിന്റെ പരിധിയിൽ ഒതുങ്ങുകയാണുണ്ടായത്.

രവിചന്ദ്രൻ മറ്റു ചില വ്യത്യസ്തമായ നിരീക്ഷണങ്ങളും നടത്തുന്നുണ്ട്. ഇന്ത്യൻ ഫ്യൂഡൽ സംസ്കാരത്തിന്റെ ശ്രീകോവിൽ ശ്രീനാരായണഗുരുവിനു മുമ്പിൽ മലർക്കെ തുറക്കപ്പെട്ടു. മതപരിഷ്കരണപ്രസ്ഥാനവും ചിന്തകളും, രാഷ്ട്രീയത്തിലേയ്ക്ക് കടന്നു കയറിയതിന് വലിയൊരു ദോഷഫലമുണ്ടായി. കേരളത്തിലും ഇന്ത്യയിലാകെയും ഫ്യൂഡൽ വിരുദ്ധമായി വികസിച്ചുവന്ന ജനകീയ സമരങ്ങളെല്ലാം ബോധപൂർവ്വം തമസ്കരിക്കപ്പെട്ടു. ജാതിവിരുദ്ധമായ ഒരു നിലപാടെടുക്കാൻ ഈ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞിരുന്നില്ല. 'ഒരു ജാതി, ഒരു മതം ഒരു ദൈവം മനുഷ്യന്' എന്ന ശ്രീനാരായണഗുരുവിന്റെ വചനങ്ങളെക്കാൾ തീഷ്ണമായി "ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന് എന്ന് സഹോദരൻ അയ്യപ്പൻ പറഞ്ഞു. കേരളീയ നവോത്ഥാനം പക്ഷേ, ഈ മുദ്രാവാക്യത്തെ ഏറ്റെടുത്തില്ല എന്നതാണ് വസ്തുത.

വിമർശകരുടെ അഭിപ്രായത്തിൽ വിവേകാനന്ദചിന്തകളുടെ പരിമിതി അത് സാമൂഹ്യപരിഷ്കരണം ഉൾച്ചേർത്ത മതപരിഷ്ക്കരണനടപടികളിൽ മാത്രം ഊന്നിയ ഒന്നായിരുന്നു എന്നതാണ്. മുഴുവൻ ജനവിഭാഗങ്ങളേയും കേന്ദ്രീകരിച്ച് ഒരു

---

7 കെ.കെ.എസ്.ദാസ്, അയ്യങ്കാളി കേരളചരിത്രത്തിൽ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം: 2009, പുറം 44.

പൊതുമുദ്രാവാക്യമുയർത്തുന്നതിൽ വിവേകാനന്ദദർശനം പരാജയപ്പെട്ടു. കേരളത്തിൽ ഇതേ പ്രശ്നം ശ്രീനാരായണപ്രസ്ഥാനത്തിനും കാണാം എന്ന നിരീക്ഷണവുമുണ്ട്. അദ്വൈതമതത്തിന്റെ പരിഷ്കരണപരമായ ആവിഷ്കാരവും ദാർശനികവീക്ഷണവും മതപരമായി ഹൈന്ദവാധിപത്യവും ജാതിപരമായി ബ്രാഹ്മണമേൽക്കോയ്മയും ലക്ഷ്യം വെച്ചു. ദേശീയ നവോത്ഥാനചരിത്രത്തിൽ ജാതിവ്യവസ്ഥയെ മതപണ്ഡിതർ ദാർശനികമായി പ്രതിരോധിച്ചപ്പോഴും ദേശീയ സാംസ്കാരികനവോത്ഥാനശ്രമമല്ല നടന്നത്. ആത്മീയതയെ വിമർശനാത്മകമായി പുനരാഖ്യാനം ചെയ്യണമെങ്കിൽ പ്രയോഗപരമായ സാധുത്വവും വേണ്ടതുണ്ട്. അവർണരിലും അയിത്തക്കാരും അടിമജാതികളുമായ ഭൂരഹിതദരിദ്രവിഭാഗങ്ങളിലും വിമോചനസമരങ്ങൾ കൊണ്ടു മാത്രം മാറ്റിമറിക്കേണ്ട വ്യവസ്ഥിതിയെ ചോദ്യം ചെയ്യാതെയിരുന്നു എന്നതാണ് വിവേകാനന്ദദർശനത്തിന്റെ പ്രധാന ദൗർബല്യം. "മതത്തിനു കീഴ്പ്പെട്ടാൽ ഇന്ത്യയിൽ മനുഷ്യനെ കണ്ടെത്താനാവില്ല. മതം മനുഷ്യനെ ജാതികളാക്കി വിവേചനപരമായി തരം തിരിക്കുന്നു. മാനവികതയെ നിർവ്വീര്യമാക്കുന്നു."[8]

യുക്തിചിന്ത വളർത്താൻ സഹായകരമായ ഉദ്ബോധനവും ശാസ്ത്ര വിദ്യാഭ്യാസവുമാണ് വ്യക്തിക്കു നൽകേണ്ടത്. പ്രധാന മതങ്ങളൊക്കെ രൂപം കൊണ്ടത് ഏതാനും ആയിരം വർഷം മുമ്പുള്ള സാമ്പത്തിക സാമൂഹിക അവസ്ഥയിലാണ്. പ്രസ്തുത സാഹചര്യങ്ങളിൽ പലതും മാറി. മതം മർദ്ദകോപാധിയാണെന്ന് വാദിച്ചാലും ദരിദ്രനും സമ്പന്നനും പരമ്പരാഗതമായി മതവിശ്വാസിയാകുന്നതെങ്ങനെയെന്ന് വിശദീകരിക്കുക പ്രയാസമാണ്. ഭൗതിക സാഹചര്യം മാറിയതുകൊണ്ട് മാത്രം കാര്യമില്ലെന്നർത്ഥം. സമൂഹത്തിന്റെ പൊതുബോധം അടിമുടി മാറേണ്ടതുണ്ട്. ആശയതലത്തിലുള്ള ബോധവൽക്കരണ പ്രക്രിയ പ്രസക്തമാവുന്നതിവിടെയാണ്. മതം സൃഷ്ടിച്ച

[8] ടി.പു. പുറം 57.

അസന്തുലിതാവസ്ഥയെ വിവേകാനന്ദൻ ചോദ്യം ചെയ്യുമ്പോഴും യഥാർത്ഥ പ്രശ്നങ്ങളെ സ്പർശിക്കാതെ മാറിനിൽക്കുകയാണ്. അതോടൊപ്പം മതവിശ്വാസം ഒരു വൈകാരിക നിക്ഷേപമാണെന്ന വസ്തുതയിലൂറ്റം കൊള്ളുകയും ചെയ്യുന്നു. 'സതി' അടക്കമുള്ള സാമൂഹികാനാചാരങ്ങൾ റദ്ദാക്കിയത് മതനവോത്ഥാനപരിശ്രമങ്ങൾക്കപ്പുറത്ത് സ്റ്റേറ്റിന്റെ ഇച്ഛാശക്തികൊണ്ടായിരുന്നു. മതനവോത്ഥാനം നടപ്പിലാക്കാൻ മതങ്ങൾക്കു കഴിയുമെന്ന, പൂർണ്ണമായും ചോദ്യം ചെയ്യപ്പെടേണ്ട വാദമാണ് വിവേകാനന്ദൻ മുന്നോട്ടുവയ്ക്കുന്നത്. ശാസ്ത്രജ്ഞാനവും യുക്തിബോധവും ഉൽപ്പാദി പ്പിക്കുന്നത് മതേതരമൂല്യങ്ങളാണ്. മതാചരണങ്ങളേയും അന്ധവിശ്വാസങ്ങളേയും ന്യായീകരിക്കാൻ തന്റെ താർക്കികയുക്തി ആവോളം ഉപയോഗിച്ചയാളാണ് വിവേകാനന്ദൻ. പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഇന്ത്യയിൽ മുൻതൂക്കം നേടിയ മതനവോത്ഥാനചിന്തകളുമായി താരതമ്യപ്പെടുത്തിയാൽ പുരോഗമനകാരി എന്ന വിളിപ്പേരിന് സ്വാമിവിവേകാനന്ദൻ അർഹനാണോ? അദ്ദേഹം അവസാനിപ്പിച്ച അന്ധവിശ്വാസം ഏതാണ്? വാചകമടികൾക്കപ്പുറത്ത് വലിയ രീതിയിലുള്ള മതപരിഷ്കരണശ്രമങ്ങളൊന്നും വിവേകാനന്ദൻ നടത്തിയിട്ടില്ലെന്നതാണ് വസ്തുത എന്ന് മാർക്സിയൻ വിമർശകർ പറയുന്നു.

### 6.3 വിവേകാനന്ദചിന്തകൾ അപൂർണ്ണവും പരാജയവുമാണ്

"രാഷ്ട്രീയമായി ജനതയെ പ്രബുദ്ധരാക്കിയതുകൊണ്ടുമാത്രം ഭാരതത്തിന്റെ പ്രശ്നങ്ങൾ തീരില്ലെന്നും ആദ്ധ്യാത്മികതയെന്ന നട്ടെല്ലുയർത്തിപ്പിടിക്കണമെന്നും വിവേകാനന്ദൻ പറഞ്ഞു."[9] മനുഷ്യൻ രാഷ്ട്രീയമൃഗമാണെന്ന അരിസ്റ്റോട്ടിലിന്റെ സങ്കല്പമാണ് അക്രമരാഷ്ട്രീയത്തിന്റെ അടിത്തറ. മനുഷ്യരിലെ ദേവനെ നശിപ്പിച്ചു കൊണ്ട്

[9] എം.സി.രാമനാരായണൻ, വിവേകാനന്ദന്റെ വിപ്ലവമാർഗ്ഗം, ഭാരതീയ വിചാരകേന്ദ്രം, 2013, പുറം 260.

അവനിലെ മൃഗത്തെ ഉണർത്തുന്നത് സംസ്കാരച്യുതിയാണ്. വിവേകാനന്ദന്റെ അഭിപ്രായത്തിൽ വിദ്യാഭ്യാസമെന്നത് മനുഷ്യനിൽ അന്തർലീനമായ പൂർണ്ണതയുടെ ആവിഷ്കാരമാണ്. അറിവ് നവ്യമായ സാമൂഹിക വ്യവസ്ഥിതി രൂപപ്പെടുത്തും എന്നു വിവേകാനന്ദൻ പ്രവചിച്ചു. തൊഴിലാളിവർഗ്ഗത്തിന്റെ ആഗോളവ്യാപകമായ ഉണർവ്വ് ആദ്ധ്യാത്മികതയുടെയും യഥാർത്ഥ മതബോധത്തിന്റെയും സാന്നിദ്ധ്യം വഴി സംഭവിക്കുമെന്നുകൂടി വിവേകാനന്ദൻ ഭാവന ചെയ്തിരുന്നു.

വിവേകാന്ദന്റെ അഭിപ്രായത്തിൽ സാമ്പത്തികവും ഭൗതികവുമായ ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നിശ്ചയമായും പ്രസക്തിയുണ്ട്. എന്നാൽ ജനങ്ങൾ ഇന്ദ്രിയങ്ങളുടെ അടിമകളായിത്തീരും. അതിനാൽ മതത്തിന് ഹാനികരമല്ലാത്ത വിധത്തിൽ ജനങ്ങളെ ഉദ്ധരിക്കുക എന്നതായിരുന്നു വിവേകാനന്ദൻ നിർദ്ദേശിച്ച വഴി. ഉപനിഷത്തുക്കൾ വമ്പിച്ച ശക്തിഖനികളാണ്. സമസ്ത പ്രപഞ്ചത്തെയും ഊർജ്ജസ്വലമാക്കാൻ അവയ്ക്കു കഴിയും. എല്ലാ മതങ്ങളിലും വർഗ്ഗങ്ങളിലും സമ്പ്രദായങ്ങളിലും പെട്ട അവശരും ആർത്തരും പീഡിതരും ഉപനിഷത്തുകളുടെ കാഹളസ്വരം കേട്ടുണർന്നു. ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും സ്വാതന്ത്ര്യം കണ്ടെത്തും. വിവേകാനന്ദന്റെ ഉത്ക്കടമായ ആഗ്രഹങ്ങൾക്കും തീവ്രയത്നങ്ങൾക്കും പുരോഗതി എന്നുള്ള ലക്ഷ്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ. പക്ഷേ നവദേശീയതയുടെ, മതാത്മകതയുടെ അപ്രമാദിത്വത്തിൽനിന്നുണ്ടായ വികാരത്തള്ളിച്ചയായി വിവേകാനന്ദ സന്ദേശങ്ങൾ മാറുകയായിരുന്നു.

നവോത്ഥാനമെന്നാൽ സനാതനമെന്ന് വ്യവഹരിക്കപ്പെടുന്ന ഭൂതാതുരതയല്ല. ''കേരളത്തിൽ 1806-ലെ ആദ്യ വൈക്കം സമരത്തിനുപോയ നൂറുകണക്കിന് അവർണ്ണവളണ്ടിയർമാർ രാജ്യഭരണത്തിന്റെ കുട്ടക്കുരുതിക്കിരയായി. അവകാശ

ബോധത്തിന്റെ രാഷ്ട്രീയമാണ് ഭക്തിയെക്കാൾ ദലിതരെ ഈ കലാപത്തിനു പ്രേരിപ്പിച്ചത്".[10] ചരിത്രത്തിലെ നിർണ്ണായകമായ ഇത്തരം സംക്രമണ ഘട്ടങ്ങളെ അഭിസംബോധന ചെയ്യുന്നതിൽ വിവേകാനന്ദചിന്തകൾ പ്രാപ്തമാവണമെന്നില്ല എന്ന വിമർശനവും ഉയരുന്നുണ്ട്. ചരിത്രശാസ്ത്രത്തിലെ സൈദ്ധാന്തികവും ജ്ഞാനസിദ്ധാന്ത പരവുമായ സങ്കീർണ്ണപ്രശ്നങ്ങൾക്കെല്ലാം പരിഹാരം വിവേകാനന്ദചിന്തകൾ മുന്നോട്ടുവെക്കുന്നുണ്ട് എന്ന വാദം അതിനാൽ തന്നെ ചോദ്യം ചെയ്യപ്പെടേണ്ടതാണ്. അടിമത്തവ്യവസ്ഥിതിയും ഗോത്രസമൂഹവും ഫ്യൂഡലിസവും ആധുനികമുതലാളിത്ത സമൂഹവും സൃഷ്ടിക്കുകയും അഭിമുഖീകരിക്കുകയും ചെയ്യുന്ന പ്രശ്നങ്ങൾ വിപുലമാണ്. ജാതിമത പരിഷ്കരണങ്ങളും ഉപനിഷത് സാരങ്ങളും ഇതിനുത്തരം നൽകുന്നതിൽ പരാജയപ്പെടുന്നു. ചില ഇടതുപക്ഷ വിമർശകരുടെ അഭിപ്രായത്തിൽ ആർഷ സംസ്കാരമെന്നും ഹൈന്ദവസംസ്കാരമെന്നും വിശേഷിപ്പിച്ച് ഭാരതീയ പാരമ്പര്യത്തെ അന്ധമായ ആരാധനാമനോഭാവത്തോടെ കാണുന്നയാളല്ല വിവേകാനന്ദൻ. "എന്റെ സ്വന്തം നിലപാടാണെങ്കിൽ, വേദങ്ങളിൽ യുക്തിയുമായി പൊരുത്തപ്പെടുന്നിടത്തോളം ഭാഗങ്ങൾ ഞാൻ സ്വീകരിക്കുന്നു."[11] ജാതി മനുഷ്യരിൽ കയറി മൂത്തുപോയെന്നും ശങ്കരാചാര്യർ അതിൽ തെറ്റുകാരനാണെന്നും ശ്രീനാരായണഗുരു പറഞ്ഞിട്ടുണ്ട്. അതായത് വിവേകാനന്ദനും ശ്രീനാരായണഗുരുവും ഭാരതീയ പാരമ്പര്യത്തിൽ അങ്ങേയറ്റം അഭിമാനം കൊള്ളുമ്പോഴും അതിലെ കറുത്ത പുള്ളികൾ ചൂണ്ടിക്കാണിക്കുന്നതിന് മടി കാണിച്ചില്ല എന്നത് പുരോഗമനപരമാണ്.

10 ടി.ടി.ശ്രീകുമാർ, ചരിത്രവും സംസ്കാരവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019,പുറം 123,124.

11 വിവേകാനന്ദസാഹിത്യസർവ്വസ്വം, വോള്യം 4, ശ്രീരാമകൃഷ്ണാശ്രമം, പുറനാട്ടുകര, തൃശ്ശൂർ,പുറം 55.

"പുരോഹിതന്മാരുടെ പിച്ചപറച്ചിലെന്തെല്ലാമുണ്ടായാലും ജാതി വെറുമൊരു കല്ലിച്ച സാമൂഹ്യ സ്ഥാപനമാണ്. അതാകട്ടെ, അതിന്റെ സേവനം നിർവ്വഹിച്ചിട്ട്, ഇപ്പോൾ ഭാരതീയാന്തരീക്ഷത്തെ തനതു ദുർഗന്ധം കൊണ്ട് നിറക്കുകയാണ്".[12] പൗരോഹിത്യത്തെ പറ്റി ഇങ്ങനെ നിരീക്ഷിക്കുമ്പോഴും മറ്റൊരിടത്ത് ബ്രാഹ്മണരെ പുകഴ്ത്തുന്നുണ്ട്. ഈശ്വരന്റെ പ്രതിനിധിയും ബ്രഹ്മജ്ഞനും ആദർശദൂതനും പൂർണ്ണ മനുഷ്യനുമായി ബ്രാഹ്മണനെ വിവേകാനന്ദൻ സങ്കല്പിയ്ക്കുകയും ഭാവനയിൽ കാണുകയും ചെയ്യുന്നുണ്ട്. "വിവേകാനന്ദൻ പലപ്പോഴും ബ്രാഹ്മണസ്തുതിപാഠകൻ ആയിരുന്നു. ജാതി സമ്പ്രദായം നല്ലതാണെന്ന് അദ്ദേഹം ആണയിട്ടു പറഞ്ഞിട്ടുണ്ട്."[13] ഇവിടെ വിവേകാനന്ദൻ ഉദ്ദേശിച്ചത് ഗുണകർമ്മഗതമായ ജാതിയെയാണ് അല്ലാതെ ജാത്യാന്ധതയെ അല്ല എന്ന് എൻ.വി.പി.ഉണിത്തിരി നിരീക്ഷിക്കുന്നുണ്ട്. ഭാരതീയപാരമ്പര്യം ആദ്ധ്യാത്മികജ്ഞാനം നേടുന്നതിൽനിന്ന് പലരേയും വിലക്കിയിരുന്നു. ഈ തടസ്സങ്ങളെ തട്ടിത്തെറിപ്പിച്ച ധീരനായി വിവേകാനന്ദനെ അടയാളപ്പെടുത്തുകയാണ് പൊതുവേ ഇടതുപക്ഷ ബുദ്ധിജീവികൾ. ഭാരതീയ പാരമ്പര്യം വസ്തുനിഷ്ഠമായ പഠനത്തിനു വിധേയമാക്കി ത്യാജ്യഗ്രാഹ്യ സമീപനത്തോടെ സ്വീകരിക്കുന്ന വിവേകാനന്ദന്റെ നിലപാട് പുരോഗമനവാദികൾക്ക് പ്രചോദനമരുളുന്നു. "വിധവയുടെ കണ്ണീരൊപ്പാനോ, അഗതിയുടെ വായ്ക്കൊരപ്പ ക്കഷ്ണം കൊടുക്കാനോ കഴിയാത്ത ഒരീശ്വരനിലോ മതത്തിലോ ഞാൻ വിശ്വസിയ്ക്കുന്നില്ലെന്ന" വിവേകാനന്ദന്റെ പ്രഖ്യാപനത്തെ വിപ്ലവകാരിക്ക് ഒരു തരത്തിലും എതിർക്കാൻ കഴിയില്ലെന്ന് ഡോ.എൻ.വി.പി.ഉണിത്തിരി അഭിപ്രായപ്പെടുന്നു. വിശ്വപ്രേമത്തിലധിഷ്ഠിതമായ

---

12 വിവേകാനന്ദസാഹിത്യസർവ്വസ്വം, വോള്യം 5, ശ്രീരാമകൃഷ്ണാശ്രമം, പുറനാട്ടുകര, തൃശ്ശൂർ, പുറം 84,85.

13 കുറുമാപ്പള്ളി കേശവൻ നമ്പൂതിരി, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1989, ആഗസ്റ്റ് ലക്കം 6.

മതസങ്കല്പവും ഈശ്വരസങ്കല്പവും വെച്ചുപുലർത്തുന്നതു കൊണ്ട് നാസ്തികരേയും ഭൗതികവാദികളേയും വിവേകാനന്ദൻ തുറന്നഭിനന്ദിക്കുന്നതു കാണാം.

**6.4 വിവേകാനന്ദൻ 'കാവിയുടുത്ത ബൂർഷ്വാസി'**

ആദ്യകാല മാർക്സിസ്റ്റ് ചിന്തകരുടെ അഭിപ്രായത്തിൽ വിവേകാനന്ദൻ ''കാവിയുടുത്ത ബൂർഷ്വാസിയുടെ വക്താവ് ആയിരുന്നു. മാർക്സിസ്റ്റ് ചിന്തകനായ ഡോക്ടർ എം.മുരളീധരൻ ഇന്ത്യൻ ആത്മീയതയെക്കുറിച്ചെഴുതിയ ലേഖനം വിവേകാനന്ദനെ വൈരുദ്ധ്യാത്മക ചിന്താപദ്ധതിയുടെ വെളിച്ചത്തിൽ വിലയിരുത്തുന്നുണ്ട്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിക്കു ശേഷം ഇന്ത്യയിൽ ദേശീയതാബോധം ക്രമേണ വികസിച്ചു. എന്നാൽ ആ ദേശീയബോധത്തിന് സഞ്ചരിക്കാൻ പാകത്തിൽ രൂപപ്പെട്ടിട്ടില്ലാത്ത ഒരു ദേശീയ പ്രസ്ഥാനത്തിന്റെ അഭാവം ഉണ്ടായിരുന്നു. ''ശക്തമായ ഒരു ദേശീയപ്രസ്ഥാനത്തിന്റെ അഭാവത്തിൽ, ആത്മീയതയുടെ മേലങ്കി എടുത്തണിയാൻ നിർബന്ധിതമാകുന്ന ദേശീയബോധത്തിന്റെ ധർമ്മസങ്കട ത്തെയാണ് വിവേകാനന്ദചിന്ത പ്രതിഫലിപ്പിക്കുന്നത്.'' ക്രൂരമായ ഭൗതികയാഥാർത്ഥ്യ ത്തിൽനിന്ന് തികച്ചും സ്വതന്ത്രമായ, ഒരാന്തരികത്വത്തെ നിലനിർത്താനുള്ള നിരാശ സ്ഫുരിക്കുന്ന ശ്രമമാണ് വിവേകാനന്ദൻ നടത്തിയതെന്ന് മുരളീധരൻ വിമർശിക്കുന്നു.

ഇന്ത്യയിൽ സാംസ്കാരികമായ പുനരുത്ഥാനത്തിന് വിത്തു പാകിയത് വിവേകാനന്ദനാണ് എന്ന കാര്യത്തിൽ തർക്കമില്ല. ''എന്നാൽ ഭാരതത്തിന്റെ ജീവനാഡി മതമാണെന്നും മതമെന്നത് സാക്ഷാത്ക്കാരമാണെന്നും വിവേകാനന്ദൻ അഭിപ്രായ

പ്പെടുമ്പോൾ അത് സ്വീകരിക്കാൻ ഒരു വിപ്ലവകാരിക്ക് സാധിക്കില്ല.''[14] മുരളീധരൻ ഇങ്ങനെ നിരീക്ഷിക്കുന്നു.

മുരളീധരന്റെ അഭിപ്രായത്തിൽ വിവേകാനന്ദസന്ദേശങ്ങളുടെ സാർവ്വലൗകിക പ്രസക്തി പരിശോധിക്കുമ്പോൾ അവ കൂടുതൽ യോജിക്കുന്നത് ഇന്ത്യൻ സാഹചര്യങ്ങളിലാണെന്ന് മനസ്സിലാവും. ജനസമൂഹത്തെ ഉണർത്താനും സമത്വത്തെ പ്രായോഗികമാക്കാനും വിവേകാനന്ദചിന്തകൾ ഏറെ പ്രയത്നിച്ചിട്ടുണ്ട്. എന്നാൽ അതു മാത്രമാണ് പുരോഗതിയുടെ മാർഗ്ഗം എന്നു പറയുന്നത് മാർക്സിയൻ ചിന്താപദ്ധതിയനുസരിച്ച് തെറ്റു തന്നെയാണ്. അതുതന്നെയാണ് വിവേകാനന്ദ ചിന്തകളുടെ പരിമിതി എന്നും മുരളീധരൻ എഴുതുന്നു. വിപ്ലവാത്മകമായ സിദ്ധാന്തങ്ങൾ യാഥാസ്ഥിതികമായ നിഗമനങ്ങളിൽ എത്തുമ്പോൾ അത് നിരർത്ഥകമാകുന്നു. അതുകൊണ്ടുതന്നെ വിവേകാനന്ദന്റെ സിദ്ധാന്തങ്ങളും നിഗമനങ്ങളും തമ്മിൽ ഒരു വൈരുദ്ധ്യം നിലനിൽക്കും. സിദ്ധാന്തങ്ങൾ വിപ്ലവാത്മകമെങ്കിലും നിഗമനങ്ങൾ യാഥാസ്ഥിതികമാണ് വിവേകാനന്ദചിന്തയിൽ എന്ന വിമർശനമാണ് ഇവിടെ ഉന്നയിക്കപ്പെടുന്നത്.

വിവേകാനന്ദന്റെ നിരീക്ഷണങ്ങളും വേണ്ടത്ര ആഴത്തിലുള്ളതായിരുന്നില്ല. പൗരോഹിത്യജന്മിവർഗ്ഗത്തിന്റെ അപ്രമാദിത്വം, സമൂഹത്തിൽ നടമാടിയിരുന്ന ക്രൂരമായ ജാതി വിവേചനങ്ങൾ, അന്ധവിശ്വാസങ്ങൾ. മിഷണറിമാരുടെ മതംമാറ്റ പ്രവർത്തനങ്ങൾ എന്നിവയൊക്കെ, രാജ്യത്തെ മറ്റു പ്രദേശങ്ങളെപ്പോലെ കേരളത്തിലും അദ്ദേഹം കണ്ടു. ഭാരതത്തിന്റെ മറ്റൊരു ഭാഗത്തും കേരളത്തിലെ പോലെ പ്രബലമായ പൗരോഹിത്യവാഴ്ചയില്ല എന്നാണ് തുടർന്നുള്ള അദ്ദേഹത്തിന്റെ വിലയിരുത്തൽ.

14 ഡോക്ടർ എം.മുരളീധരൻ കലാവിമർശനം മാർക്സിസ്റ്റ് മാനദണ്ഡം, എഡിറ്റർ രവീന്ദ്രൻ, ചിന്ത പബ്ളിഷേഴ്സ്, 2012, പുറം 81.

ക്രൂരതകളും അനാചാരങ്ങളും (സതി നിലനിന്നിരുന്നത് കേരള സമൂഹത്തിലല്ലല്ലോ) രാജ്യത്ത് പൊതുവേ, ജനസമൂഹത്തിൽ അന്ധവിശ്വാസങ്ങളും ജാത്യാന്ധതയും മേൽക്കോയ്മ നേടിയ കാലമായിരുന്നു അത്. പലപ്പോഴും സൂക്ഷ്മനിരീക്ഷണങ്ങൾക്കും പഠനങ്ങൾക്കും ശേഷമായിരുന്നില്ല വിവേകാനന്ദൻ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിരുന്നത് എന്ന് മുരളീധരൻ വിലയിരുത്തുന്നു.

ഹിന്ദുമതത്തിൽ നടമാടിയിരുന്ന ജാതിനിഷ്ഠൂരത ആ സമൂഹത്തെ ദുർബലപ്പെടുത്തുന്നു എന്നു മാത്രമായിരുന്നില്ല സ്വാമിജിയുടെ ഉൽകണ്ഠ. മറിച്ച് അത് മറ്റു മതക്കാർ അതു മുതലെടുക്കുന്നു എന്നതിലാണ് (കേരളത്തിൽ ക്രിസ്തുമതം) വിവേകാനന്ദൻ കൂടുതൽ അപകടം കാണുന്നത്.

ആർഷഭാരതസംസ്കാരം ആദ്ധ്യാത്മികവിജ്ഞാനം, ദേശപ്രേമം, പൗരോഹിത്യത്തിനും അന്ധവിശ്വാസത്തിനും എതിരെയുള്ള പോരാട്ടം തുടങ്ങിയ കാര്യങ്ങളിൽ വിവേകാനന്ദൻ ധാരാളം എഴുതുമ്പോഴും പ്രസംഗിക്കുമ്പോഴും അവ എത്രത്തോളം കാര്യങ്ങളുടെ മർമ്മത്തെ സ്പർശിച്ചു എന്നു നോക്കുമ്പോഴേ ആ നിരീക്ഷണങ്ങളുടെ പൊള്ളത്തരമറിയൂ. ആധ്യാത്മികതയിൽ അടിയുറച്ച സംസ്കാരവും ദേശീയതയും മതവുമണ് ഭാരതത്തിന്റേതെന്ന് വിവേകാനന്ദൻ ആവർത്തിച്ചു പറയുമ്പോൾ അത് മറ്റ് ചിന്താധാരകളെ കൊട്ടിയടക്കുകയാണ്. ചൂഷണങ്ങൾ നിലനിൽക്കുന്ന സമൂഹങ്ങളിൽ സ്വാഭാവികമായും സമരങ്ങൾ ഉയർന്നുവരും. അവക്ക് ആധ്യാത്മികതയുമായി ബന്ധമുണ്ടാവണം എന്നു ശഠിക്കുന്നത് തികച്ചും പ്രതിലോമപരമാണ്.

രാഷ്ട്രീയം ആധ്യാത്മികതക്കു പകരമാവില്ല എന്നു പറയുന്നതിലെ അരാഷ്ട്രീയത വിവേകാനന്ദചിന്തകളുടെ ജനവിരുദ്ധവശമാണെന്ന് മുരളീധരൻ നിരീക്ഷിക്കുന്നു.

സാമൂഹികമോ സാമ്പത്തികമോ ഭൗതികമോ ആയ സ്വാതന്ത്ര്യം കൊണ്ടുമാത്രം ഒരു വ്യക്തിക്കും ആത്യന്തിക സ്വാതന്ത്ര്യം ഉണ്ടാകില്ല എന്ന വിവേകാനന്ദന്റെ ആശയം ഒട്ടും ശാസ്ത്രീയമല്ല. ലോകത്തെ വിവിധ സമൂഹങ്ങളിലെ നിലവിലുള്ള അവസ്ഥകളെപറ്റി ഏതെങ്കിലും ഗവേഷണങ്ങൾ വിവേകാനന്ദൻ നടത്തിയിട്ടുമില്ല. മറിച്ച് പരസ്പരവിരുദ്ധമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയാണ് ചെയ്തത്. ജാതിവ്യവസ്ഥക്ക് മതവിശ്വാസങ്ങളുടെ പിൻബലം ഉണ്ടായിരുന്നു. എന്നാൽ അതിന് മതങ്ങളുമായി ഒരു ബന്ധവുമില്ലെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ജാതി ഉറച്ചുപോയ ഒരു സാമൂഹികവ്യവസ്ഥിതി മാത്രമാണെന്നും അതിന്റെ ആവശ്യം കഴിഞ്ഞതിനാൽ ഇനി വേണ്ടത് ജനങ്ങൾക്ക് അവരുടെ സാമൂഹികവ്യക്തിത്വം നൽകുകയാണെന്നും വിവേകാനന്ദൻ നിർദ്ദേശിക്കുന്നുണ്ട്. ജാത്യാന്ധതയെ എതിർക്കാൻ അവയുടെ പ്രയോഗത്തിലെ പരിഷ്ക്കരണം മാത്രമാണ് സ്വാമിജി മുന്നോട്ടുവെക്കുന്ന പരിഹാരം.

ഇന്ത്യയെ സാമൂഹികവും രാഷ്ട്രീയവുമായ ആശയപ്രവാഹത്തിൽ ആഴ്ത്തുന്നതിനുമുമ്പ് ആദ്ധ്യാത്മികതയുടെ പ്രളയജലത്തിൽ വിശുദ്ധമാക്കണം എന്ന അഭിപ്രായവും സ്വാമിജിക്കുണ്ട്. "നവഭാരതം ഉണർന്നെഴുന്നേല്ക്കേണ്ടത് കലപ്പ പിടിക്കുന്ന കൃഷീവലന്റെ കുടിലിൽനിന്നും മുക്കുവന്റെയും, ചെരിപ്പ് കുത്തിയുടെയും തോട്ടിയുടെയും ചാളയിൽ നിന്നുമാണെന്ന്"[15] പറയുമ്പോൾ ആ ഉണർവ്വ് സാധ്യമാകുന്ന സമരങ്ങളെ, അവയുടെ സാധുതയെ പരിശോധിക്കാൻ പോലും വിവേകാനന്ദൻ തയ്യാറാവുന്നില്ല എന്ന വിമർശനവും മുരളീധരൻ ഉന്നയിക്കുന്നു.

[15] വിവേകാനന്ദൻ, മദ്രാസിലെ തന്റെ ശിഷ്യന്മാർക്കെഴുതിയ കത്തിൽനിന്നും ഉദ്ധരിച്ചത്.

''ഹിന്ദു അവന്റെ മതം ഉപേക്ഷിക്കരുത്''[16] എന്നുകൂടി പറയുമ്പോൾ വിവേകാനന്ദനെ ഹിന്ദുമത പരിഷ്കരണവാദി എന്നു വിളിക്കുന്നതാവും ശരി. അദ്ദേഹത്തിന്റെ ചിന്തകളും ദർശനവും നവോത്ഥാനത്തെ സഹായിച്ചിട്ടുണ്ട്. പക്ഷേ അത് തികച്ചും പരിമിതമായിരുന്നു. ജാതിമതസംവിധാനങ്ങൾ പരിഷ്ക്കരിക്കുന്ന ചിന്തകളൊന്നും പക്ഷേ വിപ്ലവകരമെന്നു പറയാൻ സാധ്യമല്ല. ശാസ്ത്രീയമായ അന്വേഷണങ്ങളാലും ബോധ്യങ്ങളാലുമാണ് നവീന മനുഷ്യൻ വളരേണ്ടത്. അവന്റെ വളർച്ചയിൽ മതത്തിനും സങ്കുചിതമായ ദേശീയതക്കും (ഉദാഹരണം: സനാതനമായ ഹിന്ദുമതം, ഭാരതതീയത......) സ്ഥാനമുണ്ടാക്കാൻ നോക്കുന്നത് ഒരർത്ഥത്തിൽ പുരോഗതിയെ പുറകോട്ടടിക്കലാണ്. ഇന്ത്യൻ ദേശീയത ഹൈന്ദവദേശീയത എന്ന നിലയിൽ മാത്രം പരിഗണിച്ച് നിർദ്ധാരണം ചെയ്യുന്ന ആശയങ്ങളാണ് വിവേകാനന്ദദർശനം. ഭാരതീയതയുമായി ബന്ധപ്പെട്ട ആഖ്യാനങ്ങൾക്ക് അടഞ്ഞ ഘടനയുണ്ട്. ഭാരതീയതയുടെ അപ്രമാദിത്വം ഉദ്ഘോഷിക്കുമ്പോൾ ആ പരിമിതി നിലനിൽക്കും. അംബേദ്കർ യൂറോപ്യൻ ആധുനികതയെ സ്വാഗതം ചെയ്യുന്നത് അതിന്റെ പുരോഗമനപരമായ വീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് മുതലാളിത്തസമൂഹത്തിൽ മുതലാളി തൊഴിലാളിവർഗ്ഗങ്ങൾ തമ്മിൽ അസന്തുലിതാവസ്ഥ നിലനിൽക്കും എന്നും വർഗ്ഗസമരങ്ങളിലൂടെ തൊഴിലാളിവർഗ്ഗം അധികാരം പിടിച്ചുപറ്റുകതന്നെ ചെയ്യുമെന്ന മാർക്സിസ്റ്റ് ചിന്താധാര ഉദയം ചെയ്യുന്നത് വിവേകാനന്ദചിന്തകളുടെ കാലത്തു തന്നെയാണ്. ഇന്ത്യയുടെ പ്രീ-കൊളോണിയൽ ഹിസ്റ്ററിയെക്കുറിച്ചുള്ള മാർക്സിന്റെ വിശദീകരണം കൊളോണിയൽ ഭരണത്തിന്റെ പ്രകൃതത്തിലേക്കുള്ള സമഗ്രമായ പരിശോധനയാണ്.

[16] കാൾ മാക്സ് ഇന്ത്യയെക്കുറിച്ച് - ചിന്താ പബ്ലിഷേഴ്സ് 1991, പുറം 91.

ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള സമരം എന്ന മാർക്സിയൻ കാഴ്ചപ്പാടിലെ ചരിത്രപ്രക്രിയയെ വിവേകാനനന്ദൻ പൂർണമായും നിഷേധിക്കുന്നു സ്വയം സമ്പൂർണമായ വിദ്യാഭ്യാസവും അർത്ഥവത്തായ ആധ്യാത്മികതയും അതുണ്ടാക്കുന്ന മതബോധവും ഉള്ള വ്യവസ്ഥിതി ചൂഷണരഹിതമായ ഒന്നാണെന്ന് സ്വാമിജി വിശ്വസിച്ചു. ഉത്തരേന്ത്യൻ ചിന്തകർ വിവേകാനന്ദദർശനത്തിനെ ഖണ്ഡനമണ്ഡനപരമായി വിമർശിക്കുന്ന ലേഖനങ്ങളും പുസ്തകങ്ങളും എഴുതിയിട്ടുണ്ട്. ചില ദലിത് ചിന്തകരുടെ അഭിപ്രായത്തിൽ ജാതിസമവാക്യങ്ങളെ മാറ്റിമറിക്കുന്ന പ്രവർത്തന പദ്ധതികളൊന്നും വിവേകാനന്ദൻ നിർദ്ദേശിച്ചിട്ടില്ല. എന്നാൽ പ്രസംഗങ്ങളിലൂടെയും പുസ്തകങ്ങളിലൂടെയും അദ്ദേഹം നടത്തിയ ഉദ്ബോധനങ്ങളും ആശയങ്ങളും ഇന്ത്യൻസമൂഹത്തിൽ മാറ്റങ്ങളുടെ ചാലകശക്തിയായി പ്രവർത്തിച്ചു എന്ന കാര്യത്തിൽ എല്ലാവരും യോജിക്കുന്നു.

### 6.5 വിവേകാനന്ദൻ പുരോഗമനകാരി

കേരളത്തിൽ പ്രശസ്തരായ മാർക്സിയൻ ചിന്തകരെല്ലാവരും വിവേകാനന്ദന്റെ പുരോഗമനവീക്ഷണത്തെ പൊതുവെ സ്വാഗതം ചെയ്യുകയാണുണ്ടായത്. സാമൂഹ്യ പ്രസക്തി പ്രധാനമാണെന്ന് പുരോഗമനവാദികളും അഭിപ്രായപ്പെട്ടു. എൻ.വി.പി.ഉണിത്തിരി ഈ വിഷയത്തിൽ ധാരാളം ലേഖനങ്ങൾ എഴുതിയിട്ടുണ്ട് മാർക്സിയൻ ചിന്തകർ വിവേകാനന്ദദർശനത്തെ ഉൾക്കൊള്ളുന്നതുമായി ബന്ധപ്പെട്ട് പ്രാതിനിധ്യസ്വഭാവത്തോടെ പരിശോധിക്കാവുന്നവയാണ് അദ്ദേഹത്തിന്റെ രചനകൾ.

''വിവേകാനന്ദസ്പർശം - സ്വാമിജിയുടെ കേരളാ സന്ദർശനത്തിന്റെ നൂറ്റി ഇരുപത്തി അഞ്ചാം വാർഷികം'' എന്ന പേരിൽ എൻ.വി.പി. ഉണിത്തിരി പഠനാർഹമായ ഒരു ലഘുപുസ്തകം എഴുതിയിട്ടുണ്ട്. സ്വാമി വിവേകാനന്ദൻ കേരളത്തിലെ ജാതിവ്യവസ്ഥയെയും സ്ത്രീകളുടെ പദവിയെയും കുറിച്ച് നടത്തിയ നിരീക്ഷണങ്ങൾ

ഇതിലെ അഞ്ചാം അധ്യായത്തിൽ വിവരിച്ചിരിക്കുന്നു. ''ജാതീയമായ ഉച്ചനീചത്വങ്ങൾ ഭക്ഷണത്തിന്റെ കാര്യത്തിലും പ്രകടിപ്പിക്കപ്പെട്ടിരിക്കുന്നു. തൊട്ടുകൂടായ്മയേക്കാൾ ശക്തമാണ് തൊട്ടുതിന്നു കൂടായ്മ. ആര് ആരെ തൊട്ടുണ്ണാം എന്നതിനെല്ലാം കർശനനിയമങ്ങൾ ഉയർന്നതും താഴ്ന്നതുമായ എല്ലാ ജാതിക്കാർക്കും അവയിലെ ഉപജാതികൾക്കുമെല്ലാം ഈ നിയമങ്ങൾ ബാധകമാണ്.''

മഹാകവി കുമാരനാശാനുവരെ ഒരു കല്യാണപന്തലിൽ ഇതനുഭവിക്കേണ്ടി വന്നു. വസ്ത്രധാരണത്തിന്റെ കാര്യത്തിലും ജാതി പ്രധാനം തന്നെ പാർപ്പിടത്തിലും ഇതു പ്രതിഫലിച്ചു. അക്കാലം ഭവനങ്ങൾ പണിയുന്നതിലും എന്തിന് ഓരോരുത്തർക്കും പേരിടുന്നതിൽ വരെ ഉച്ചനീചത്വങ്ങൾ നിലനിന്നു. ആചാരങ്ങളിൽ ഇത് ഏറ്റവും പ്രകടമായി. നായാടികൾ എഴുപത്തിരണ്ട് അടി ദൂരെയും ഈഴവർ അറുപത്തിനാല് അടി ദൂരെയും സവർണ്ണരിൽനിന്ന് മാറിനിൽക്കണം എന്നായിരുന്നു വ്യവസ്ഥ.

ജാതിവ്യവസ്ഥയെപ്പറ്റി പരാമർശിക്കുമ്പോൾ ബ്രാഹ്മണനെപ്പറ്റി വിവേകാനന്ദൻ ഇങ്ങനെയാണ് അഭിപ്രായപ്പെടുന്നത്. നിസ്വാർത്ഥമായ പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നിടത്തോളം കാലം, തന്റെ ജ്ഞാനവും സർവ്വവും ഇതര ജനങ്ങൾക്ക് ഉദാരമായി ദാനം ചെയ്യുന്ന കാലത്തോളം ബ്രാഹ്മണൻ ജീവിക്കും. ബ്രാഹ്മണൻ ഭാരതത്തിന് മഹത്തായ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഭാവിയിലെ ഭാരതത്തിനുവേണ്ടി മഹത്തായ കാര്യങ്ങൾ ചെയ്യാൻ അവൻ പ്രചോദിതനാകുന്നു എന്ന് വിവേകാനന്ദൻ പറഞ്ഞു. അതേസമയം താഴ്ന്ന ജാതിക്കാർക്കും സ്ത്രീകൾക്കും സംസ്കൃതവിദ്യാഭ്യാസം ലഭിക്കണമെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്. ഇതിൽ വിദ്യാസമ്പന്നരായ ബ്രാഹ്മണരുടെ പങ്ക് പ്രധാനമാണ്. മതസത്യങ്ങളെക്കുറിച്ച് എല്ലാവർക്കും

യഥാർത്ഥമായ അറിവുണ്ടായാൽ തങ്ങളുടെ പദവിയെ സ്പർശിക്കുന്ന പ്രശ്നങ്ങളെ അവർ തന്നെ കൈകാര്യം ചെയ്യുകയും പരിഹാരം കാണുകയും ചെയ്യും എന്നും അദ്ദേഹം കരുതി.

വിവേകാനന്ദചിന്തയുടെ വിവിധവശങ്ങളെപ്പറ്റി സൂക്ഷ്മപരിശോധന ഈ പുസ്തകത്തിൽ നടത്തുന്നുണ്ട്. ഹൈന്ദവവാദികൾ സ്വീകരിക്കാത്ത ചില വിവേകാനന്ദ ചിന്തകളും പരാമർശിക്കുന്നു. മാംസഭക്ഷണത്തെ ന്യായീകരിച്ചു കൊണ്ട് വിവേകാനന്ദൻ സംസാരിക്കുന്നത് ഒരധ്യായത്തിൽ വിശദമാക്കുന്നു. "പുരാതനഭാരതത്തിലെ ബ്രാഹ്മണരടക്കം മാംസം, ഗോമാംസം പോലും, കഴിച്ചിരുന്നുവെന്ന്"[17] വിവേകാനന്ദൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ബുദ്ധമതത്തിന്റെ ആവിർഭാവത്തിനും പ്രചാരത്തിനും ശേഷമാണ് ഹിന്ദുക്കൾക്കും മാംസഭക്ഷണം ശ്രേഷ്ഠമല്ലെന്ന തോന്നലുണ്ടായത്. യഥാർത്ഥത്തിൽ ഹിന്ദുജനതയുടെയും രാഷ്ട്രത്തിന്റെ തന്നെയും പരാധീനതക്കും ദേശീയ ദൗർബല്യത്തിനും വഴിതെളിച്ച മുഖ്യകാരണങ്ങളിലൊന്ന് ഈ മാംസവർജനമാണെന്നും വിവേകാനന്ദൻ പറയുന്നു. ലോകത്ത് ഇന്ത്യ ശക്തരാകണമെങ്കിൽ ഹിന്ദുക്കൾ മാംസഭക്ഷണം നിർബാധം സ്വീകരിക്കണം എന്നായിരുന്നു വിവേകാനന്ദമതം. അതുപോലെ മാനവവർഗ്ഗത്തിലെ ഇതര വർഗ്ഗങ്ങളെപ്പോലെ ബ്രാഹ്മണരും ഒരു സങ്കരവർഗ്ഗമാണെന്നും അവരുടെ വംശശുദ്ധിവാദം ഒട്ടുമുക്കാലും പൊള്ളയാണെന്നും വിവേകാനന്ദൻ വാദിച്ചു. തിരുവനന്തപുരത്ത് ആതിഥ്യം നൽകിയ സുന്ദരരാമയ്യരുമായാണ് ഇക്കാര്യം വിവേകാനന്ദൻ സംസാരിക്കുന്നത്.

വിവേകാനന്ദൻ ദീർഘവീക്ഷണമുള്ള സന്യാസിവര്യനായിരുന്നു. സാമാന്യ ജനങ്ങളുടെ കൂടെനിന്ന് സമൂഹത്തോടൊപ്പമാണ് ആ സന്യാസി ജീവിച്ചത്. അഥവാ പ്രവർത്തിച്ചത് "കന്യാകുമാരിയിൽ സമുദ്രത്തിലെ പാറപ്പുറത്ത് ധ്യാനിച്ചപ്പോൾ ഇന്ത്യൻ

---

[17] എൻ.വി.പി. ഉണിത്തിരി, വിവേകാനന്ദസ്പർശം അധ്യായം 7, മന്മഥഭട്ടാചാര്യനും മാംസഭക്ഷണത്തിന്റെ പ്രാധാന്യവും, ചിന്ത ബുക്ക് ഹൌസ്, തിരുവനന്തപുരം, 206, പുറം 34.

സംസ്കാരത്തിന്റെ ഏറ്റവും പുതിയ അവസ്ഥയും ശോഭനമായ ഭാവിയുമാണ് വിവേകാനന്ദൻ വിഭാവനം ചെയ്തത്.''[18]

ഇന്ത്യൻ ജനതയുടെ പട്ടിണി ഈ ആത്മീയസന്യാസി പ്രധാന വിഷയമായി കരുതി. വിവേകാനന്ദചിന്തകളിലെ പരിവർത്തനത്തെ ചലിപ്പിക്കുന്ന പുരോഗമനധാര ഇതിൽ വ്യക്തമാക്കുന്നുണ്ട്. ആർഷസംസ്കാരത്തിന്റെ പുനഃസ്ഥാപനം മാത്രമാണ് അതിനു പരിഹാരം എന്ന് അദ്ദേഹം വിശ്വസിച്ചു. ഇന്ത്യയുടെ അധഃപതനത്തിന് കാരണം മതമല്ല, മറിച്ച് ശരിയായ മതത്തെ ആരും എങ്ങും പിന്തുടരുന്നില്ല എന്നതാണ്. മതത്തെയും ആധ്യാത്മികതെയും പറ്റിയുള്ള വിവേകാനന്ദാശയങ്ങൾ മാർക്സിയൻ വീക്ഷണത്തിൽ സാധുവായിരിക്കില്ല. പക്ഷേ ദലിതജനയുടെ ഉന്നമനത്തെക്കുറിച്ച് വിവേകാനന്ദൻ എന്നും ചിന്തിച്ചു. ദരിദ്രനാരായണന്മാരുടെയും മർദ്ദിത നാരായണന്മാരുടെയും സേവനത്തിന് ആ ജീവിതം സമർപ്പിതമായിരുന്നു.

വിവേകാനന്ദചിന്തകളിലെ പുരോഗമനാംശം വ്യക്തമാക്കാനും ചില ആശയങ്ങളോടുള്ള വിയോജിപ്പ് വ്യക്തമാക്കാനും ഉണ്ണിത്തിരിയുടെ പഠനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. വിവേകാനന്ദദർശനം കേരളീയചിന്താപദ്ധതികളെയും സ്വാധീനിച്ചിട്ടുണ്ട് എന്നും നിരീക്ഷിക്കപ്പെട്ടു.

### 6.6 ജ്യോതിർമയിശർമ്മ

വിവേകാനന്ദചിന്തകളെയും ദർശനങ്ങളെയും വിമർശിക്കുന്ന പുസ്തകങ്ങൾ മലയാളത്തിൽ അധികമില്ല. എന്നാൽ ഇംഗ്ലീഷിൽ ധാരാളം വിമർശനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഹൈദ്രബാദ് സർവ്വകലാശാലയിലെ പൊളിറ്റിക്കൽ

---

18 രംഗനാഥാനന്ദസ്വാമി, മാറുന്ന ലോകത്തിന് വേണ്ട ശാശ്വതമൂല്യങ്ങൾ, രാമകൃഷ്ണമിഷൻ പുറനാട്ടുകര, 1963, പുറം 279.

സയൻസ് പ്രൊഫസർ ജ്യോതിർമയി ശർമ്മ വിവേകാനന്ദദർശനത്തെ സമഗ്രമായി പരിശോധിക്കുന്നു. Cosmic Love and Human Apathy എന്ന ശർമ്മയുടെ പുസ്തകം ഈ രംഗത്തെ ഏറ്റവും പുതിയതാണ്. സോഷ്യൽ മീഡിയയിലും ധാരാളം വായനക്കാർ ശർമ്മക്കുണ്ട്.

വിവേകാനന്ദന്റെ രചനകളും പ്രസംഗങ്ങളും കത്തുകളും സങ്കീർണവും പരസ്പരവിരുദ്ധവുമാണെന്ന് ശർമ്മ അഭിപ്രായപ്പെടുന്നു. വിവേകാനന്ദൻ വിഭാവനം ചെയ്ത മതം യഥാർത്ഥത്തിൽ ആധുനികമൊന്നുമല്ല. (So called modern Religion that Swami Vivekananda Presached was not really that modern) യാഥാസ്ഥിതികമായ ചില ശീലങ്ങളിലേക്ക് ഒരു മതവിശ്വാസിയുടെ ചിന്തകളെ പരിമിതപ്പെടുത്തുന്നവയാണ് അദ്ദേഹത്തിന്റെ പല ആഹ്വാനങ്ങളും. പൊളിറ്റിക്കൽ ഹിന്ദുയിസം എന്ന പേരിൽ ഒട്ടും ആധുനികമല്ലാത്ത പലതും വിവേകാനന്ദൻ അവതരിപ്പിക്കുകയാണ്.

ജ്യോതിർമയിശർമ്മയുടെ അഭിപ്രായത്തിൽ ഹിന്ദുത്വവുമായി ബന്ധപ്പെട്ട് മാത്രമാണ് വിവേകാനന്ദന് പ്രസക്തി. ഹിന്ദുദേശീയതയും അതിന്റെ പാരമ്പര്യവുമാണ് വിവേകാനന്ദൻ പഠനവിധേയമാക്കിയത്. വിശ്വസ്നേഹത്തെക്കുറിച്ചും ഏകത്വത്തെ ക്കുറിച്ചും വിവേകാനന്ദൻ സംസാരിക്കുമ്പോഴും പ്രായോഗികമായ പദ്ധതികളുമായി അവയൊന്നും ബന്ധപ്പെടുന്നില്ല. അദ്ദേഹം പ്രവൃത്ത്യുന്മുഖനായ സന്യാസിയായി വിശേഷിപ്പിക്കപ്പെടുന്നുണ്ട് താനും. പ്രചരിപ്പിക്കുന്നതിൽനിന്നും വ്യത്യാസമുള്ള വ്യക്തിത്വവും പ്രവൃത്തികളും ആണ് യഥാർത്ഥത്തിൽ വിവേകാനന്ദനുണ്ടായിരുന്നത് എന്നാണ് തന്റെ പുസ്തകത്തിൽ ജ്യോതിർമയി ശർമ്മ സമർത്ഥിക്കാൻ ശ്രമിക്കുന്നത്. ''I presented my arguments as clearly as possible''

### 6.7 വിവേകാനന്ദചിന്തകളുടെ പ്രസക്തി

സന്യാസിമഠങ്ങളിൽനിന്ന് ജീവിതത്തിലേക്കും സമൂഹത്തിലേക്കും തെരുവിലേക്കും ഇറങ്ങിവന്ന വ്യക്തിയാണ് വിവേകാനന്ദൻ. ദരിദ്രനാരായണന്മാരെ സേവിക്കുന്നതു മാത്രമാണ് ഈശ്വരസാക്ഷാൽക്കാരത്തിനുള്ള മാർഗ്ഗമെന്ന് സ്വാമി പറഞ്ഞു വേദേതിഹാസങ്ങളിൽനിന്നും ഒപ്പം പുരാണം, സൂഫികഥകൾ എന്നിവയിൽനിന്നും അദ്ദേഹം ഉദ്ധരിക്കാറുണ്ട്. വിവേകാനന്ദസാഹിത്യസർവ്വസ്വത്തിലെ ചില പ്രസ്താവനകൾ പ്രായോഗികവേദാന്തത്തിന്റെ പ്രകടനപത്രികയായി കാണാം.

''സത്യത്തിനുവേണ്ടി എല്ലാം ബലികഴിക്കാം എന്നാൽ ഒന്നിനു വേണ്ടിയും സത്യത്തെ ബലികഴിക്കരുത്.'' [19]

''നിങ്ങൾ ഒഴിവാക്കേണ്ട തെറ്റ് ഈശ്വരൻ പ്രതിമയാണെന്ന വിചാരമാണ്.''[20]

എനിക്ക് ഇവിടെ ഭക്ഷണം നൽകാൻ കഴിയാത്ത ഒരീശ്വരൻ സ്വർഗ്ഗത്തിൽ നിത്യാനന്ദം നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല.''[21]

വിവേകാനന്ദന്റെ വചനങ്ങളിൽ പലതും ഏറെ വിപ്ലവകരമായിരുന്നു. ഭാരതത്തിന്റെ ജ്ഞാനകർമ്മഭക്തിപാരമ്പര്യങ്ങളിൽനിന്ന് ഊർജ്ജം വലിച്ചെടുക്കുമ്പോഴും അവയുടെ മാർഗ്ഗങ്ങൾ മനുഷ്യവിരുദ്ധമാകുമ്പോൾ സ്വാമിജി ചോദ്യം ചെയ്യുന്നുമുണ്ട്. വി.ആർ.കൃഷ്ണയ്യരുടെ അഭിപ്രായത്തിൽ If Karl Mark Commonded a most powerful pen, Vivekananda possessed a marvellous tounge[22]

---

19 വിവേകാനന്ദ സാഹിത്യസർവ്വസ്വം, ഭാഗം 7, രാമകൃഷ്ണമിഷൻ പുറനാട്ടുകര. 1963, പുറം 206.

20 ടി.പു.പുറം 226.

21 ടി.പു.പുറം 399.

22 V R. Krishna Iyer, Swami Vivekananda - A blend of material and spiritual wonder. Bharatheeya Vicharakendran, Kanyakumar, March 2013, p. 520; 'Swami Vivekanananda when he visited kerala, an advance state in Bharat, he found to his shock untouchability, casteism, and nervous religious pluralism and so he described the social state of Kerala as a lunatic asylum'

മനുഷ്യപുരോഗതിയെ ലക്ഷ്യംവെച്ച് പ്രവർത്തിച്ച മഹൽ വ്യക്തികളായി മാർക്സിനെയും വിവേകാനന്ദനെയും കൃഷ്ണയ്യർ കാണുന്നു. ഭൗതികമായ വളർച്ച ലോകത്തെ മാറ്റിമറിക്കും എന്നുറച്ച് വിശ്വസിച്ച മാർക്സും, ആത്മീയതയുടെ അഥവാ യഥാർത്ഥ മതബോധത്തിന്റെ വെളിച്ചമില്ലെങ്കിൽ പുരോഗതി ശാശ്വതമല്ലെന്ന് പ്രഖ്യാപിച്ച വിവേകാനന്ദനും ഒന്നിക്കുന്നത് മാനവസ്നേഹമെന്ന ആശയത്തിലാണ്. ലക്ഷ്യബോധത്തോടെയുള്ള പ്രയത്നത്തിൽ വ്യത്യസ്തമായ ടൂളുകൾ ഉപയോഗിക്കുമ്പോഴും ലക്ഷ്യബോധത്തോടെയുള്ള പരിശ്രമത്തിലാണ് രണ്ടുപേരും. വിവേകാനന്ദൻ ഹിന്ദുവർഗ്ഗീയവാദിയാണെന്ന് വിമർശനമുയർത്തുമ്പോഴും ആ ചിന്തകളിലെ വിപ്ലവാശയങ്ങൾ സ്വാഗതം ചെയ്യപ്പെടുന്നുണ്ട്. അങ്ങേയറ്റം യാഥാസ്ഥിതികമായ മതരീതികളെ ചോദ്യംചെയ്ത് പരിഷ്ക്കരണത്തിന്റെ വഴിയിലെത്തിക്കാനുള്ള ശ്രമങ്ങളെല്ലാം തന്നെ വലിയ അധ്വാനവും പ്രതിബദ്ധതയും വേണ്ടവയാണ്.

# ഉപസംഹാരം

മലയാളിയുടെ ദർശനബോധത്തിൽ വിവേകാനന്ദചിന്തകൾ സൃഷ്ടിച്ച സ്വാധീനവും അതിന്റെ അനന്തരഫലങ്ങളും സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രമുപയോഗിച്ച് പരിശോധിക്കുകയാണീ പഠനത്തിൽ ചെയ്തത്. ഭാരതീയദർശനങ്ങളെ അവലോകനം ചെയ്ത് ദാർശനികപദ്ധതികളുടെ പ്രായോഗികതലവും വിവേകാനന്ദദർശനം രൂപംകൊണ്ട ആധുനികസന്ദർഭവും വിശകലനം ചെയ്യുന്നു.

ഭാരതീയദർശനങ്ങളുടെ കേരളീയവായനകൾ വിവേകാനന്ദചിന്തകളുടെ വെളിച്ചത്തിൽ വിലയിരുത്തുന്നു. മലയാളിസ്വത്വവും ചരിത്രവും തത്വചിന്തയുടെ പ്രാദേശികവഴികളും പഠനത്തിൽ ഉൾക്കൊള്ളിച്ചു. മലയാളികളുടെ ദാർശനിക ആഭിമുഖ്യങ്ങളും അവയുടെ രാഷ്ട്രീയവും മനഃശാസ്ത്രവും പരിശോധിച്ചു. വിവേകാനന്ദ ചിന്തകളുടെ സർഗ്ഗാത്മകസ്വാധീനത്താൽ മലയാളത്തിൽ ഉണ്ടായ സാഹിത്യസൃഷ്ടികളും അവലോകനം ചെയ്തു.

കേരളത്തെ നവോത്ഥാനത്തിലേക്ക് നയിച്ചതിൽ വിവേകാനന്ദദർശനത്തിന്റെ സ്വാധീനം വ്യക്തമാക്കുന്ന സംഘടനകൾ, രാമകൃഷ്ണമിഷൻ ശാഖകൾ എന്നീ ഭൗതികപ്രത്യക്ഷങ്ങളെ പഠനത്തിൽ ഉൾപ്പെടുത്തി.

## നിഗമനങ്ങൾ:

നിഗമനങ്ങൾ:

1. വിവേകാനന്ദദർശനവും സാഹിത്യവും കേരളത്തിന്റെ ദാർശനികബോധത്തെയും സാംസ്കാരിക ധാരണകളെയും സ്വാധീനിക്കുകയും രൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മലയാളത്തിൽ വിവേകാനന്ദദർശനത്തെ അടിസ്ഥാനമാക്കി എഴുതപ്പെട്ട സർഗ്ഗാത്മക രചനകളും പഠനങ്ങളും ഇക്കാര്യം സാധൂകരിക്കുന്നു.

2 കേരളീയ നവോത്ഥാനത്തിന്റെ ബാഹ്യവും ആന്തരികവുമായ സ്വരൂപം പ്രത്യക്ഷമായും പരോക്ഷമായും നിർണ്ണയിക്കാൻ വിവേകാനന്ദദർശനത്തിന് സാധിച്ചു. ശ്രീനാരായണധർമ്മപരിപാലനയോഗം രൂപീകരിക്കുന്നത് വിവേകാനന്ദചിന്തകളുടെ വെളിച്ചത്തിലാണ്.

3 'സമ്പൂർണ്ണ മാനവികത' എന്ന വിവേകാനന്ദദർശനമാണ് രാമകൃഷ്ണമിഷന്റെ പ്രവർത്തനങ്ങൾക്കാധാരം. ഈ പ്രവർത്തനങ്ങൾ മലയാളിയുടെ ചിന്താ മണ്ഡലത്തെ സാത്വികവഴികളിൽ നിലനിർത്തുകയും ജാതീയതക്കെതിരായി നിലകൊള്ളാൻ പ്രേരിപ്പിക്കുകയും ചെയ്തു.

4 വിവേകാനന്ദന്റെ വൈജ്ഞാനിക-രാഷ്ട്രീയ യാത്രകളും പ്രവർത്തനങ്ങളും കേരളീയ നവോത്ഥാനത്തിന്റെ ഗതിവേഗം കൂട്ടി. ഇതിനാവശ്യമായ സാഹിത്യ സമവാക്യങ്ങൾ മലയാളത്തിൽ രൂപപ്പെടുന്നതിന് കുമാരനാശാൻ നേതൃത്വം നൽകി.

5 മലയാളിയുടെ ദാർശനികമായ ഇഷ്ടാനിഷ്ടങ്ങളിൽ പാശ്ചാത്യമായ ആധുനികതയും ഭാരതീയമായ ജ്ഞാനപരതയും ഉൾച്ചേർന്നിരിക്കുന്നു. വിവേകാനന്ദൻ മുന്നോട്ടുവെച്ച പ്രായോഗികവേദാന്തം കേരളം സ്വീകരിച്ചതിന്റെ പശ്ചാത്തലം ഇതാണ്.

6 സമകാലികകേരളീയസമൂഹത്തിലും വിവേകാനന്ദദർശനങ്ങളും കർമ്മപരിപാടികളും അനുകൂലമോ പ്രതികൂലമോ ആയ അന്വേഷണങ്ങൾക്ക് കാരണമായിത്തീരുന്നു എന്നത് വിവേകാനന്ദദർശനങ്ങളുടെ സമകാലികപ്രസക്തിയാണ് വ്യക്തമാക്കുന്നത്.

## പഠനത്തിന്റെ പരിമിതികൾ

ഭാരതത്തിന്റെ ചേതനയെ തൊട്ടുണർത്തുകയും ദീപ്തമാക്കുകയും ചെയ്ത വിവേകാനന്ദദർശനവും/സാഹിത്യവും കേരളത്തിന്റെ സാമൂഹ്യനവോത്ഥാനത്തെയും ദർശനബോധത്തെയും സാംസ്കാരികധാരണകളെയും സ്വാധീനിക്കുകയും രൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ട് എന്ന പരികൽപ്പനയോടെയാണ് ഈ പഠനം തുടങ്ങിയത്. സ്വാമി വിവേകാനന്ദന്റെ സാഹിത്യകൃതികളെയും കർമ്മപരിപാടികളെയും ആധാരമാക്കി ക്കൊണ്ട് ഭാഷയിലും ഇതര മാനവിക വിഷയങ്ങളിലും ധാരാളം പഠനങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ മലയാളിക്ക് ഭാരതീയദർശനങ്ങളോടുള്ള വൈകാരികമോ വൈചാരികമോ ആയ അടുപ്പത്തെ സാമാന്യമായി നിരീക്ഷിച്ചുകൊണ്ടും അതിൽനിന്നും വളർന്ന്, വിവേകാനന്ദന്റെ ദർശനങ്ങളോടുള്ള പ്രതികരണമെന്ന നിലയിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള സാഹിത്യരചനകളെ സവിശേഷമായി വിലയിരുത്തിക്കൊണ്ടുള്ള പരിശ്രമങ്ങളും പഠനങ്ങളും മലയാളത്തിൽ ഉണ്ടായിട്ടില്ല. ആയതിനാൽ തന്നെ ഈ പഠനത്തിന്റെ ദത്തങ്ങൾക്കായി പൂർവ്വപഠനങ്ങളെ ആശ്രയിക്കാൻ കഴിയുമായിരുന്നില്ല.

കേരളത്തിൽ വിവേകാനന്ദദർശനത്തിന്റെ സ്വാധീനങ്ങൾക്കുള്ള ഭൗതിക പ്രത്യക്ഷമാണ് രാമകൃഷ്ണമിഷനും മിഷനു കീഴിലുള്ള മഠങ്ങളും. 1914 ൽ ഹരിപ്പാട്ടു നിന്ന് തുടങ്ങി പല കാലഘട്ടങ്ങളിലായി മുപ്പതോളം ആശ്രമങ്ങൾ കേരളത്തിൽ പ്രവർത്തിച്ചു വന്നു. കേരളീയ നവോത്ഥാനത്തിന് അടിത്തറ പാകിയ പല പ്രവർത്തനങ്ങളും ഈ ആശ്രമങ്ങളുമായി ബന്ധപ്പെട്ടാണ് തുടങ്ങിയത്. കേരളത്തിൽ ക്ഷേത്രപ്രവേശന വിളംബരത്തിനും (1936) ഇരുപത്തിരണ്ട് വർഷങ്ങൾക്കു മുമ്പ് (1914) തന്നെ ഹരിജന സന്യാസിമാരെ രാമകൃഷ്ണാശ്രമങ്ങളിലെ ക്ഷേത്രങ്ങളിൽ പൂജാരിമാരാക്കി. സംഘടിത മേഖലയിലെ ഒരു പക്ഷേ കേരളത്തിൽ ആദ്യത്തെ വിപുലമായ പൊതു മിശ്രഭോജനം

നടത്തിയത് (1915) ഹരിപ്പാട് രാമകൃഷ്ണാശ്രമമായിരുന്നു. ഹരിജനങ്ങളടക്കമുള്ള അധ:സ്ഥിതരെ വിദ്യാസമ്പന്നരാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ നിരന്തര ശ്രമങ്ങൾ ആശ്രമങ്ങൾ നടത്തിവന്നു. അക്കാലത്തെ സാഹിത്യനായകരിൽ പലരും രാമകൃഷ്ണമഠങ്ങളിൽ നിത്യസന്ദർശകരായിരുന്നു. മഹാകവി കുമാരനാശാൻ, ബോധേശ്വരൻ തുടങ്ങി ഉദാഹരണങ്ങൾ ധാരാളമുണ്ട്.

കേരളത്തിലെ ആശ്രമങ്ങൾ നേതൃത്വം നൽകിയ പ്രധാന പ്രവർത്തനങ്ങളുടെ ആധികാരിക രേഖകൾ പലതും നഷ്ടപ്പെട്ടു പോയി. മാത്രമല്ല, ലഭ്യമായ രേഖകൾ തന്നെ ആശ്രമനിയമങ്ങൾ അനുസരിച്ച് പ്രസിദ്ധീകരിക്കാൻ അനുവാദമില്ല. 1914ൽ ഹരിപ്പാട് ആശ്രമാങ്കണത്തിൽ നടന്ന മിശ്രഭോജനത്തിൽ പങ്കെടുത്ത പ്രധാനികളുടെ പേരു വിവരങ്ങളും മറ്റുമെഴുതിയ സന്ദർശകഡയറിപോലും ഏറെക്കാലം നീണ്ട നിയമ വ്യവഹാരങ്ങളിൽ നഷ്ടപ്പെട്ടു പോയി എന്നാണ് അറിയാൻ കഴിഞ്ഞത്.

മലയാളിയുടെ ചിന്താമണ്ഡലത്തിൽ പ്രാധാന്യത്തോടെ വർത്തിക്കുന്ന വിവേകാനന്ദ ദർശനങ്ങളുടെ സ്വാധീനം മനസ്സിലാക്കാൻ സന്യാസിവര്യന്മാരും ആശ്രമ ബന്ധുക്കളായ ഗ്രന്ഥകർത്താക്കളും എഴുതി പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകങ്ങളെ മാത്രം ആശ്രയിക്കേണ്ടി വന്നു. മഠങ്ങൾക്ക് ഇപ്പോൾ നേതൃത്വം നൽകുന്ന സ്വാമിജിമാരും വിലപ്പെട്ട വിവരങ്ങൾ നൽകി.എന്നാലും ആധികാരികമായ രേഖകൾ സമാഹരിക്കാൻ സാധിച്ചില്ല എന്നത് ഈ പഠനത്തിന്റെ പ്രധാന പരിമിതിയാണ്. അതുപോലെ വിവേകാനന്ദദർശനത്തോടുള്ള മലയാളത്തിലെ സാഹിതീയപ്രതികരണങ്ങളുടെ സ്വാധീനത്തിൽ രൂപീകരിച്ച ചെറുതും വലുതുമായ നൂറു കണക്കിന് സാമൂഹ്യ സംഘടനകളുടെ/വായനശാലകളുടെ/ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനും ഇതേ പരിമിതി ഉണ്ടായിരുന്നു. പലതും ദശാബ്ദങ്ങളുടെ പ്രവർത്തന

ങ്ങൾക്കുശേഷം നിലച്ചുപോയതിനാൽ ബന്ധപ്പെട്ട രേഖകൾ ലഭ്യമായിരുന്നില്ല. വിവേകാനന്ദചരിത്രവുമായി ബന്ധപ്പെട്ട് 1960കൾക്കുമുമ്പ് പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകങ്ങളുടെയും പൂർണ്ണവിവരങ്ങൾ കിട്ടിയിട്ടില്ല.

**പഠനത്തിന്റെ വിപുലീകരണസാധ്യതകൾ**

മതപണ്ഡിതന്മാർ, ഗാന്ധിയന്മാർ, സോഷ്യലിസ്റ്റ് ആശയക്കാർ എന്നിവരെയെല്ലാം ഒരുപോലെ സ്വാധീനിച്ച ആധുനികചിന്തകനായിരുന്ന വിവേകാനന്ദൻ. നവഭാരതത്തിന്റെ ശബ്ദവും ദർശനവും അദ്ദേഹം ആഗോളഭൂപടത്തിൽ അടയാളപ്പെടുത്തി. ഭാരതീയപാരമ്പര്യത്തിൽ അടിയുറച്ചുനിന്ന വിവേകാനന്ദദർശനം ലോകമെമ്പാടുമുള്ള വിജ്ഞാനശാഖകളെ സ്വീകരിക്കാൻ മടി കാണിച്ചില്ല.

ഇന്ത്യൻ സമൂഹത്തിന്റെ എല്ലാ മേഖലകളിലും വിവേകാനന്ദചിന്തകൾ പ്രവർത്തിച്ചു. സാഹിത്യവും സംസ്കാരവും ആന്തരികമായ ശുദ്ധീകരണത്തിന് വിധേയമാവുകയായിരുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം വിവേകാനന്ദദർശനം ഏറ്റവും വലിയ സാമുദായിക സംഘടനയായ ശ്രീനാരായണധർമ്മപരിപാലനയോഗം രൂപീകരിക്കാൻ വഴിയൊരുക്കി. ജാതീയതയുടെ പ്രയാസങ്ങളെയും അസമത്വത്തിന്റെ പ്രശ്നങ്ങളെ ജനമനസ്സുകളിൽ സ്വാധീനമുള്ള സന്യാസിയുടെ കീഴിൽ സംഘടിതരായി പരിഹരിക്കാനാണ് വിവേകാനന്ദൻ നിർദ്ദേശിച്ചിരുന്നത്. ശ്രീനാരായണയോഗം പ്രവർത്തനങ്ങളും കേരളത്തിലെങ്ങും രൂപീകരിക്കപ്പെട്ട രാമകൃഷ്ണാമിഷൻ ശാഖകളും സമാനാശയങ്ങളുള്ള ക്ലബ്ബുകളും മലയാളസാഹിത്യത്തെ നിർണ്ണായകമായി സ്വാധീനിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ മലയാളത്തിലെ പ്രധാന സാഹിത്യകാരന്മാർ മിക്കവരും വിവേകാനന്ദചിന്തകളുടെ വക്താക്കളും പ്രയോക്താക്കളുമായിരുന്നു. വിവേകാനന്ദന്റെയും ഗുരുവായ രാമകൃഷ്ണപരമഹംസന്റെയും ജീവചരിത്രങ്ങൾ

മലയാളത്തിൽ ധാരാളം വായിക്കപ്പെട്ടു. യഥാർത്ഥമനുഷ്യനെ(real man) ആവിഷ്കരിക്കുന്ന കഥാപാത്രങ്ങൾ മലയാളത്തിലെ സർഗസൃഷ്ടികളിൽ രൂപപ്പെട്ടു.

വിവേകാനന്ദദർശനത്തോടുള്ള മലയാളത്തിലെ സാഹിതീയപ്രതികരണങ്ങൾ പൊതുവെ പരിശോധിക്കുക മാത്രമാണ് ഈ പഠനത്തിൽ ചെയ്തത്. നാടകം, നോവൽ, കവിത തുടങ്ങി വിവിധ മണ്ഡലങ്ങളിൽ വന്ന കൃതികൾ ആഴത്തിൽ പരിശോധിച്ച് വിവേകാനന്ദചിന്തകളുടെ പ്രത്യക്ഷവും പരോക്ഷവുമായ സ്വാധീനം നിർണ്ണയിക്കേണ്ടതുണ്ട്. അതുപോലെ മലയാളിയുടെ ഭിന്നഭിന്നങ്ങളായ ദാർശനികതാത്പര്യങ്ങളിൽ ഒരു ധാര മാത്രമാണ് ഈ പഠനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. മറ്റു സരണികളിലൂടെയുള്ള അന്വേഷണങ്ങൾക്ക് ഉപരിസംവാദങ്ങൾക്കും ഈ പഠനം പ്രചോദകമാകുമെന്നു പ്രതീക്ഷിക്കുന്നു. മലയാളിയെ ഭൗതികവും ആദ്ധ്യാത്മികവുമായി ആധുനീകരിക്കാൻ കാരണമായ വിവേകാനന്ദചിന്തകൾ തുടർപഠനങ്ങൾക്ക് വിധേയമാക്കേണ്ടതുണ്ട്.

# ഗ്രന്ഥസൂചി


അംബേദ്കർ, ബി.ആർ. ഡോ. അംബേദ്കർ സമ്പൂർണ്ണകൃതികൾ, വാല്യം ഒന്ന്, വിവ: പറക്കോട് എൻ.ആർ. കുറുപ്പ്, ന്യൂഡൽഹി: ഡോ. അംബേദ്കർ ഫൗണ്ടേഷൻ, 1996.

അച്യുതൻ, എം. സ്വാതന്ത്ര്യസമരവും മലയാളസാഹിത്യവും, കോട്ടയം: ഡി.സി. ബുക്സ്, 1988.

അമർത്യാനന്ദ, അർദ്ധവിരാമം, കോട്ടയം: ഡി.സി. ബുക്സ്, 1998.

അഴീക്കോട് സുകുമാർ, രാമാകൃഷ്ണവചനാമൃതം: അവതാരിക, ശ്രീരാമകൃഷ്ണാശ്രമം, മൈസൂർ, 1969.

അവിനാശലിംഗം ചെട്ടിയാർ, ടി.എസ്. വിദ്യാഭ്യാസം - സ്വാമി വിവേകാനന്ദൻ, പരിഭാഷ: ഗോവിന്ദമേനോൻ, രാമകൃഷ്ണമഠം, പുറനാട്ടുകര, തൃശ്ശൂർ, 1983.

ആഗമാനന്ദസ്വാമികൾ, ശ്രീരാമകൃഷ്ണാശ്രമം, രജതജൂബിലി പതിപ്പ്, 1955.

ഇ.എം.എസ്. യുക്തിവാദവും കമ്മ്യൂണിസ്റ്റുകാരും, തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2007.

ഇർഫാൻ ഹബീബ്. ഇന്ത്യാചരിത്രവ്യാഖ്യാനം. മാർക്സിസ്റ്റ് സമീപനം, വിവ: പി. ഗോവിന്ദപ്പിള്ള, തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2006.

ഉണിത്തിരി, എൻ.വി.പി. (ഡോ.), ഉണിത്തിരി, സ്വാമിവിവേകാനന്ദൻ, കോട്ടയം: നാഷണൽ ബുക്സ്റ്റാൾ, 2016.

- - -., പ്രാചീനഭാരതീയദർശനം, സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം, 2008.

ഉണിത്തിരി, എൻ.വി.പി. വിവേകാനന്ദൻ, ദീനാനുകമ്പയുടെ മനുഷ്യാവതാരം, എസ്.പി.സി.എസ്. കോട്ടയം, 2016.

ഉണ്ണികൃഷ്ണൻ, പി.വി. തത്വചിന്തയും ഡയലക്റ്റിക്സും, കോഴിക്കോട്, പ്രോഗ്രസ്സ് പബ്ലിക്കേഷൻ, 2011.

ഉണ്ണിനമ്പൂതിരിപ്പാട്, ഓട്ടൂർ, ശ്രീരാമകൃഷ്ണ സുപ്രഭാതം, കായംകുളം: ശ്രീരാമകൃഷ്ണാശ്രമം, 1979.

എൻ.ഇ. ബലറാം, കാവിവസ്ത്രവും സോഷ്യലിസവും, ഭാരതീയ പൈതൃകം, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2009.

ഒരു സംഘം എഡിറ്റർമാർ - മാരാർ സ്മരണിക, കോഴിക്കോട്: മാരാർ സാഹിത്യ പ്രകാശം, 1981.

കുഞ്ഞിരാമൻ നായർ പി., എന്നെ തിരയുന്ന ഞാൻ, കോട്ടയം: ഡി.സി. ബുക്സ്, **2007.**

- - - , കവിയുടെ കാല്പാടുകൾ, 2010.

- - - , വിവേകാനന്ദപ്പാറയിൽ, കോട്ടയം: ഡി.സി. ബുക്സ്, 2006.

- - - , എന്നെത്തിരയുന്ന ഞാൻ, മാതൃഭൂമി, കോഴിക്കോട്, 2017.

കുട്ടമത്ത്, കുട്ടമത്തിന്റെ കൃതികൾ, എഡിറ്റർ, പവനൻ, തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി, 1988.

കുമാരനാശാൻ, എൻ. ആശാന്റെ പദ്യകൃതികൾ, കോട്ടയം: കറന്റ് ബുക്സ്, 1992.

- - - , കുമാരനാശാന്റെ സമ്പൂർണ്ണകൃതികൾ, ഒന്നാംഭാഗം, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം, 1973.

- - - ,രാജയോഗം (വിവേകാനന്ദകൃതിയുടെ പരിഭാഷ), 1914.

- - - , രാജയോഗം പരിഭാഷ.

കുറുപ്പ് കെ.കെ.എൻ. ആധുനികകേരളം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 2009.

കൃഷ്ണൻ പറപ്പള്ളി, വിവേകാനന്ദസരോവരം, കറന്റ് ബുക്സ്, കോട്ടയം, 1995.

- - - , വിവേകാനന്ദസരോവരം, പറപ്പള്ളികൃതികൾ, തൃശ്ശൂർ: അടയാളം പബ്ലിക്കേഷൻസ്, 2010.

കൃഷ്ണൻ മൂസ്സ്, സി. ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രം, തിരുവനന്തപുരം, കേരളഗാന്ധിസ്മാരകനിധി, 1979.

കൃഷ്ണവാരിയർ, എൻ.വി. എൻ.വി.യുടെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2006.

- - - , തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, തൃശ്ശൂർ: സാഹിത്യ അക്കാദമി, 1990.

കെ. ദാമോദരൻ, ഇന്ത്യയുടെ ആത്മാവ്: സമ്പൂർണ്ണ കൃതികൾ ഭാഗം ഒന്ന്. പ്രഭാത് ബുക് ഹൗസ്, തിരുവനന്തപുരം, 2009.

കേശവൻ, സി. ജീവിതസമരം, കോട്ടയം: ഡി.സി. ബുക്സ്, 1980.

കേശവമോനോൻ, കെ.പി. കഴിഞ്ഞകാലം, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2005.

കൊറാത്ത്, വി.എം., ഓർമ്മയുടെ നിലാവ്, കോഴിക്കോട്: തപസ്യകലാസാഹിത്യ വേദി, 2005.

കൊസാംബി, ഡി.ഡി. പ്രാചീനഭാരതത്തിന്റെ സംസ്കാരവും നാഗരികതയും: ചരിത്രപരമായ രൂപരേഖ, ന്യൂഡൽഹി: ഇന്ത്യൻ കൗൺസിൽ ഓഫി ഹിസ്റ്റോറിക്കൽ റിസർച്ച്, 2003.

ഗണേശ്, കെ.എൻ. കേരളത്തിന്റെ ഇന്നലെകൾ, തിരുവനന്തപുരം: സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, 1997.

- - - , കേരളസമൂഹപഠനങ്ങൾ - പ്രസക്തി ബുക്ക് ഹൗസ്, പത്തനം തിട്ട, 2015.

- - - , മലയാളിയുടെ ദേശകാലങ്ങൾ, കോഴിക്കോട്, റാസ്ബെറി ബുക്സ്, 2016.

ഗാന്ധി, എം.കെ. ആത്മകഥ അഥവാ എന്റെ സത്യാന്വേഷണപരീക്ഷണകഥ, മലയാളപരിഭാഷ, ഡോ. ജോർജ്ജ് ഇരുമ്പയം, അഹമ്മദാബാദ്, നവജീവൻ പബ്ലിഷിംഗ് ഹൗസ്, 2017.

ഗുപ്തൻനായർ, എസ്. ആദ്ധ്യാത്മകനവോത്ഥാനത്തിന്റെ ശില്പികൾ, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2008.

ഗുപ്തൻനായർ, എസ്. മനസാസ്മരാമി, ഡി.സി.ബുക്സ്, കോട്ടയം, 1984.

ഗോപകുമാർ, പി.എഫ്. കേരളീയ നവോത്ഥാനം, തിരുവനന്തപുരം ചിന്താ പബ്ലിഷേഴ്സ്, 2010.

- - - , കേരളീയനവോത്ഥാനം, തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 2012.

ഗോൾവാൾക്കർ എം.എസ്., ഗുരുജി സാഹിത്യസർവ്വസ്വം (മലയാളം പരിഭാഷ), കൊച്ചി: കുരുക്ഷേത്ര പ്രകാശൻ, 2006.

ഗോവിന്ദപിള്ള, പി. കാറൽമാർക്സ് ഇന്ത്യയെക്കുറിച്ച്, ചിന്ത പബ്ലിക്കേഷൻ, തിരുവനന്തപുരം, 1991.

- - - , കേരളനവോത്ഥാനം മതാചാര്യർ മതനിഷേധികൾ, തിരുവനന്തപുരം ചിന്താ പബ്ലിഷേഴ്സ്, 2000.

ജയേന്ദ്രൻ, അറിയപ്പെടാത്ത വിവേകാനന്ദൻ, ഡി.സി. ബുക്സ്, കോട്ടയം, 2015.

ജോസഫ്, എൻ.കെ. വൈക്കം സത്യാഗ്രഹം, എച്ച്. സി. ബുക് ഹൗസ്, തൃശ്ശൂർ, 2014.

തത്വമയാനന്ദ, ആധുനികലോകത്തിന്റെ ആചാര്യൻ, പുറനാട്ടുകര: ശ്രീരാമകൃഷ്ണമഠം, 2018.

തപസ്യാനന്ദ, വിവേകാനന്ദസ്വാമികൾ ജീവചരിത്രവും പൈതൃകവും, പരിഭാഷ, ഒ.കെ.കെ. പണിയ്ക്കർ, പുറനാട്ടുകര, ശ്രീരാമകൃഷ്ണമഠം, 2005.

തുളസി കോട്ടുക്കൽ, തേജസ്വിയായ വാഗ്മി, തൃശ്ശൂർ, എച്ച് ആന്റ് സി പബ്ലിഷിംഗ് ഹൗസ്, 2005.

ദാമോദരൻ കെ., ഇന്ത്യയുടെ ആത്മാവ്, തിരുവനന്തപുരം: പ്രഭാത് ബുക്സ്, 1989.

ദാമോദരൻ, എം.കെ., കുമാരനാശാന്റെ ഗദ്യലേഖനങ്ങൾ, തോന്നയ്ക്കൽ: ആശാൻ സ്മാരകം, 1957.

ദാസ്, കെ.കെ.എസ്. അയ്യങ്കാളി കേരളചരിത്രത്തിൽ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2018.

- - - , അയ്യങ്കാളി കേരളചരിത്രത്തിൽ, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2019.

നാരായണഗുരു, സമ്പൂർണ്ണകൃതികൾ, ന്യൂഡൽഹി, നാഷണൽ ബുക്ക് ട്രസ്റ്റ്, **2005.**

നാരായണൻ നായർ, പാലാ, കർമ്മയോഗി, ഹരിപ്പാട്: സ്മാരകസമിതി, 1963.

നാരായണൻ, എം.ജി.എസ്. നാരായണൻ, കേരളചരിത്രത്തിലെ പരസ്പരാശ്രയ സങ്കല്പം: സംസ്കാരപഠനം, ചരിത്രം, സിദ്ധാന്തം, പ്രയോഗം, കറന്റ് ബുക്സ്, **2017.**

നാരായണമേനോൻ വള്ളത്തോൾ, നരേന്ദ്രന്റെ പ്രാർത്ഥനം, സാഹിത്യമഞ്ജരി- അഞ്ചാം ഭാഗം.

- - - , ഒരു കൃഷ്ണപ്പരുന്തിനോട്, സാഹിത്യമഞ്ജരി നാലാംഭാഗം, ചെറുതുരുത്തി: വള്ളത്തോൾ ഗ്രന്ഥാലയം, 1957.

നിത്യചൈതന്യയതി, യതി ചരിതം, നാരായണഗുരുകുലം - **2011.**

- - - , യതി ചരിതം. തൃശ്ശൂർ, മലയാളപഠനഗവേഷണകേന്ദ്രം, 2004.

- - - , ഹിന്ദുമതപ്രവേശിക, പരിഭാഷ, കുറ്റിപ്പുഴ പരമേശ്വരൻ, വർക്കല: നാരായണ ഗുരുകുലം, 2012.

നിർമ്മലാനന്ദസ്വാമികൾ, ശ്രീരാമകൃഷ്ണകിരണം, ശ്രീരാമകൃഷ്ണനിരഞ്ജനാശ്രമം, ഒറ്റപ്പാലം, 1943.

നെമായ് സാധൻ ബോസ്, ഭാരതീയസാഹിത്യശില്പികൾ, വിവർത്തനം: പി.സി.സി. രാജ, സാഹിത്യഅക്കാദമി, തിരുവനന്തപുരം, 2015.

പരമേശ്വരൻ, പി. എഡിറ്റർ, സ്വാമി വിവേകാനന്ദനും പ്രബുദ്ധകേരളവും, ഭാരതീയ വിചാരകേന്ദ്രം, തിരുവനന്തപുരം, 2013.

- - - , വിവേകാനന്ദനും മാർക്സും, മാതൃഭൂമി, കോഴിക്കോട്, 1987.

പരമേശ്വരൻപിള്ള, എരുമേലി, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, കോട്ടയം: കറന്റ് ബുക്സ്, 2003.

പ്രസാദ്, സി. ഭാരതീയദാർശനിക ശബ്ദകോശ, 2022.

- - - , ഭാരതീയദാർശികചരിത്രം, കോട്ടയം: മനോരമ ബുക്സ്, 2022.

ഭഗവദ്ഗീത, ജ്ഞാനയോഗം.

മംഗളാനന്ദസ്വാമി, നടരജാഗുരുവിന്റെ ആത്മകഥ (an autobiography of an abrolutist): പരിഭാഷ നാരായണഗുരുകുലം, **2014.**

മലയാളപഠനസംഘം, കാലടി, സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം, കോട്ടയം, കറന്റ് ബുക്സ്, 2007.

മലയാളപഠനസംഘം. സംസ്കാരപഠനം: ചരിത്രം സിദ്ധാന്തം പ്രയോഗം, ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2011.

മാടമ്പ് കുഞ്ഞുകുട്ടൻ, അമൃതസ്യ പുത്രാ, കറന്റ് ബുക്സ്, തൃശ്ശൂർ: 2000.

മാധവൻ ടി.കെ. ഡോ. പൽപ്പു, തൃശ്ശൂർ, കേരളസാഹിത്യഅക്കാദമി, 1988.

- - - , പൽപ്പൂ, വിവേകോദയം, കൊല്ലം, 1969.

മുനി നാരായണപ്രസാദ്, ന്യായദർശനം, വർക്കല, നാരായണഗുരുകുലം, 2014.

- - - , ഹിന്ദുമതത്തിലെ ശാസ്ത്രവീക്ഷണം, 2015.

മുരളീധരൻ, എം. (ഡോ.), കലാവിമർശനം, മാർക്സിസ്റ്റ് മാനദണ്ഡം, ചിന്ത പബ്ലിഷേർസ്, 2012.

മൃഢാനന്ദസ്വാമി. ശ്രീമദ് വിവേകാനന്ദസ്വാമികൾ, പുറനാട്ടുകര: ശ്രീരാമകൃഷ്ണമഠം, 1994.

രംഗനാഥാനന്ദസ്വാമികൾ, ഉപനിഷത്തുക്കളുടെ സന്ദേശം, വിവ. വി. മുരളീധരമേനോൻ, പുറനാട്ടുകര: ശ്രീരാമകൃഷ്ണമഠം, 1994.

- - - , മാറുന്ന സമൂഹത്തിന് അനിവാര്യമായ ശാശ്വതമൂല്യങ്ങൾ, വോള്യം -1,2,3,4; പരിഭാഷ: നിർമ്മലാനന്ദഗിരി - ശ്രീരാമകൃഷ്ണാശ്രമം, പുറനാട്ടുകര, തൃശ്ശൂർ, 1994.

രൺജിത് ദേശായി, രാജാരവിവർമ്മ, വിവർത്തനം: കെ.ടി. രാമവർമ്മ, കോട്ടയം: ഡി.സി. ബുക്സ്, 1998.

രവിചന്ദ്രൻ, സി. വിവേകാനന്ദൻ ഹിന്ദു മിശിഹായോ? മൈത്രി ബുക്സ്, തിരുവന്തപുരം, 2014.

രാഘവവാര്യർ, എം.ആർ. കേരളോല്പത്തി: കോലത്തുനാട്ടുവഴക്കങ്ങൾ - ആമുഖ പഠനം, കോഴിക്കോട് സർവ്വകലാശാല, 1986.

രാജീവ് ഇരിങ്ങാലക്കുട, സ്വാമി വിവേകാനന്ദനും കേരളവും, കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2012.

- - - , ശ്രീരാമകൃഷ്ണസംഘസന്യാസിമാർ കേരളത്തിൽ, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2017.

രാജു കാട്ടുപുനം, നവോത്ഥാനത്തിന്റെ രാജശില്പികൾ, കോട്ടയം നാഷണൽ ബുക്ക് സ്റ്റാൾ, 1998.

രാജേഷ് ചിറപ്പാട്, രാജേഷ് കെ. എരുമാലി, നവോത്ഥാനവും മലയാളസാഹിത്യവും, കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ, 2017.

രാധാകൃഷ്ണൻ, കെ.എസ്. (ഡോ.), ഭാരതീയദർശനം ഒന്നാം വാല്യം പരിഭാഷ: നാരായണൻ, മാതൃഭൂമി കോഴിക്കോട്, 1989.

- - - , മാർക്സിസവും അദ്വൈതവേദാന്തവും, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1991.

റോമില ഥാപ്പർ, ഇന്ത്യാചരിത്രം, മധ്യകാലം, വിവ: സി. ഭാസ്കരൻ, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2008.

- - - , ഇന്ത്യാചരിത്രം, വിവ: ഡിയജയദേവദാസ്, തിരുവനന്തപും: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2008.

ലക്ഷ്മീകുമാരി, എം., വിവേകാനന്ദചരണങ്ങളിൽ, തൃശ്ശൂർ: ശ്രീരാമകൃഷ്ണമഠം, 1986.

- - - , വിവേകാനന്ദനും ഭഗവദ്ഗീതയും, കൊച്ചി: കുരുക്ഷേത്ര പ്രകാശൻ, 2002.

ലീലാവതി, എം. (ഡോ.), മലയാളകവിതാസാഹിത്യചരിത്രം, എസ്.പി.സി.എസ്. കോട്ടയം, 1988.

- - - ,. മലയാളസാഹിത്യചരിത്രം, തൃശ്ശൂർ: സാഹിത്യ അക്കാദമി, 1987.

വർഗീസ്, വി.ജെ. (ഡോ.), വിജയൻമോഹൻ, എൻ. (ഡോ.), ഗണേഷ്, കെ.എൻ. എഡിറ്റർ, അഞ്ഞൂറുവർഷത്തെ കേരളം ചില അറിവടയാളങ്ങൾ, എൻ.ബി.എസ്. 2016.

വിവേകാനന്ദൻ, വിവേകാനന്ദസാഹിത്യസർവ്വസ്വം, ഭാഗം 1 മുതൽ 7 വരെ, പുറനാട്ടുകര, ശ്രീരാമകൃഷ്ണമഠം, 2012.

വിവേകാനന്ദസാഹിത്യസർവ്വസ്വം, ശ്രീരാമകൃഷ്ണാശ്രമം, പുറനാട്ടുകര, വോള്യം 1 മുതൽ 8 വരെ.

വിശ്വംഭരൻ, തുറവൂർ, മഹാഭാരതപര്യടനം ഭാരതദർശനം, പുനർവായന, കോട്ടയം: ഡി.സി. ബുക്സ്, 2005.

വീരേന്ദ്രകുമാർ, എം.പി. വിവേകാനന്ദൻ സന്യാസിയും മനുഷ്യനും, മാതൃഭൂമി കോഴിക്കോട്, 2018.

ശങ്കരൻ നമ്പൂതിരിപ്പാട് ഇ.എം., ഭാരതീയ ദർശനം: ഒരു സംവാദം, തിരുവനന്തപുരം: ചിന്താ പബ്ലിഷേഴ്സ്, 1978.

ശങ്കരൻ, തായാട്ട്, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, 1987.

ശങ്കരൻ, തായാട്ട്, പാർശ്വവീക്ഷണം, കോഴിക്കോട്: പി.കെ. ബ്രദേഴ്സ്, 1988.

ശങ്കുണ്ണിമേനോൻ, പി. തിരുവിതാംകൂർ ചരിത്രം, വിവ: സി.കെ. കരീം, തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 1988.

ശ്രീകുമാർ, ടി.ടി. ചരിത്രവും സംസ്കാരവും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019.

ശ്രീധരൻ പുറത്തൂർ, കേരളചരിത്രം - നവോത്ഥാനം സത്യാഗ്രഹം, ക്ഷേത്രപ്രവേശനം, എച്ച് ആന്റ് സി. ബുക്സ്, തൃശ്ശൂർ, 2019.

ശ്രീധരൻ സി.പി. സ്വാമി വിവേകാനന്ദൻ വിപ്ലവത്തിന്റെ വിത്ത്, എസ്.പി.എസ്. കോട്ടയം, 1987.

സതീശൻ, ടി.എൻ. പി, കുഞ്ഞിരാമൻനായരുടെ കാവ്യബിംബങ്ങൾ, കോഴിക്കോട്: പൂർണ്ണപബ്ലിക്കേഷൻസ്, 2006.

സി.വി. വാസുദേവഭട്ടതിരി, ഭാരതീയദർശനങ്ങൾ, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, 1986.

സിദ്ധിനാഥാനന്ദസ്വാമികൾ, ശ്രീമദ് വിവേകാനന്ദസ്വാമി - ജീവചരിത്രം, ശ്രീരാമകൃഷ്ണാശ്രമം, പുറനാട്ടുകര, തൃശ്ശൂർ, 1981.

- - - , ശ്രീമദ് വിവേകാനന്ദസ്വാമികൾ ജിവചരിത്രം, ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ, 1994.

- - - , ശ്രീരാമകൃഷ്ണവചനാമൃതം -മൂന്നു വോള്യം, 1992.

സുബ്രഹ്മണ്യൻ തിരുമുമ്പ്, ശ്രീമഹാഭാഗവതവിവർത്തനം, കോഴിക്കോട്: മാരാർ സാഹിത്യപ്രകാശം, 2004.

സുരേന്ദ്രൻ. കെ. ആശാൻ ജീവചരിത്രം, എസ്.പി.സി. എസ്. 1986.

ഹരി, ആർ, ത്വതീയായ കാര്യായ, ഭാരതീയ വിചാരകേന്ദ്രം, തിരുവനന്തപുരം, 2013.

ഹിരിയണ്ണ, എൻ. ഭാരതീയദർശനസംഗ്രഹം: വിവർത്തനം, ആർ. പാർവ്വതീദേവി, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2014.

**ആനുകാലികങ്ങൾ**

അമൃതവാണി, വോള്യം **11**, നമ്പർ **6**, കാലടി: ശ്രീരാമകൃഷ്ണാശ്രമം. 1966.

അയ്യാഗുരു മഹാസമാധിവാർഷികപ്പതിപ്പ്, തിരുവനന്തരപുരം: അയ്യാഗുരുസ്മാരക സമിതി, തൈക്കാട്, **2003.**

'കേശാദിപാദം ഭാരതീയം' വിശേഷാൽ പതിപ്പ്, പ്രഗതി ത്രൈമാസിക, സെപ്റ്റംബർ മുതൽ ഡിസംബർ വരെ, കോഴിക്കോട്, 2007.

കേസരി വിശേഷാൽ പതിപ്പ്, കോഴിക്കോട്: ഹിന്ദുസ്ഥാൻ ബുക്ക് ട്രസ്റ്റ്, **1995.**

ജന്മഭൂമി വാരാന്ത്യപതിപ്പ്, 2005 മെയ് **13**, കൊച്ചി: ജന്മഭൂമി.

പ്രബുദ്ധകേരളം, 1915 മുതലുള്ള വിവിധ ലക്കങ്ങൾ, തൃശ്ശൂർ: ശ്രീരമാകൃഷ്ണാശ്രമരജത ജൂബിലിസ്മാരകഗ്രന്ഥം, തിരുവല്ല: 1955.

ഭക്തപ്രിയ മാസിക, ഗുരുവായൂർ ദേവസ്വം, നവംബർ, 2002.

ഭാഷാപോഷിണി, പുസ്തകം **24.** ലക്കം **1**, ജനുവരി **2000.**

മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം **41**. ലക്കം **48**, ഫെബ്രുവരി **10-17**, **1963**.

മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം **81**. ലക്കം **19**, ജൂൺ**29**, ജൂലൈ **5**, **2003.**

മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം **83.** ലക്കം **41**, ജനുവരി **2-8**, **200**5.

മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം **90**. ലക്കം **42**, ജനുവരി **15-21**, **2012.**

മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 93, ലക്കം: 6, കോഴിക്കോട്: ഏപ്രിൽ 26 മുതൽ മെയ് 2 വരെ, 2015.

മാതൃഭൂമി വരാന്തപ്പതിപ്പ്, 2003 ജൂൺ 29.

മാതൃഭൂമി വരാന്തപ്പതിപ്പ്, 2003 ജൂലൈ 6.

വിവേകാനന്ദശതാബ്ദി സൊവനീർ, തൃശ്ശൂർ: ശ്രീരാമകൃഷ്ണാശ്രമം, വിലങ്ങൻ, 1963.

സ്മാരകോപഹാരം, ശ്രീരാമകൃഷ്ണാശ്രമം, ഹരിപ്പാട്, 1963.

**English**

Abmedkar, B.R., Baba Saheb Ambedkar, Writings and Speeches Volume III. (Unpublished Writings, Compiled by Vasant Moon) Mumbai; Education Department, Govt. of Maharashtra, 1987.

Aurobindo, Eight Upanishads, Pondicherry: Sri. Aurobindo Arama, 1965.

Aurobindo, Isha Unpanishad, Kolkota: Arya Publishing House, 1945.

Devaraj, P.I, Spiritual Humanism of Swami Vivekananda: A New Religion of Humanity, Thrissur, Drishya Books, 1997.

Raju P.T, Concept of Man, London: George Allan and Unwin 1966.

Varma, V.P, Philosophical Humanism and Contemporary India, New Delhi: Motilal Banarsidas, 1979.

Marx, Karl, Engals on Literature and Art, Moscow: Progress Publishers, 1976.

Ramakrishnan E.V, Editor. Narrating India: The Novel in Search of the Nation, New Delhi: Sahitya Academy, 2005.

Eastern and Western Disciples, The Lie of Swami Vivekananda: Advaita Asrama, Utharanachal, 2006.

Dhar, Sailendranath. A comprehensive Biography of Swami Vivekananda. II Madras: Vivekananda Prakashan Kendra, 1976.

Nivedita, Sister. Athmaprana, Kolkotha: Sister Nivedita Girls School, 1967.

Nikhilananda Swami. Vivekananda: A Biography. Mayavathy: Advaita Ashrama, 1975.

Rolland, Romain. The Life of Swami Vivekananda and the Universal Gospal. Translfated by E.F. Malcolm-Smith. Mayavathy: Advaita Ashrama, 1970.

**Manuscripts**

Belur, Archives of the Ramakrishna Math. Swami Brahmanand'as Diary and Many other Papers Relating to Swami Vivekananda.

Calcutta, Archives of the Advaita Ashramna. Photostas of Swami Vivekananda's letter, Unpublished Letters of Swami Vivekananda,

Mrs. Boshisen's Collection; Unpublished Swami Vivekananda Disciples; Unpublished letters of J.J. Godvin and John P. Fox.

**Websites**

www.rkmathharipad.org

www.belurmath.org

www.kanic.kerala.gov.in. (Kumaran Asan National Institute of Culture)\

www.sndpyogam.co.in

www.narayanagurukula.org.

**Periodicals**

News 18, Interview with Jyothirmaya Sarma, March 18-2013.

## അനുബന്ധം 1

## എഴുത്തുകാരായ ശ്രീരാമകൃഷ്ണസന്യാസിമാർ കേരളത്തിൽ

1. ശ്രീമദ് ഈശ്വരാനന്ദസ്വാമികൾ, 1894-1976 - God Realisation Through Reason (ഈശ്വര സാക്ഷാത്കാരം യുക്തി ചിന്തയിലൂടെ)

2. ശ്രീമദ് ഘനാനന്ദസ്വാമികൾ, 1898-1969-Ramakrishna and his unique message (മൂന്നാമത്തെ പതിപ്പിന് അവതാരിക എഴുതിയത് ചരിത്രകാരനായ അർണോൾഡ് ജെ ടോയൻബി)

   ഡോ. ജെഫ്രി പാരിന്റോടൊത്ത് Swami Vivekananda in East and West എന്ന പുസ്തകം രചിച്ചു. Vedanta for East and West എന്ന പേരിൽ ലണ്ടനിൽ നിന്നും ഇംഗ്ലീഷ് ദ്വൈമാസിക ആരംഭിച്ചു.

3. ആഗമാനന്ദസ്വാമികൾ 1896-1961 ശ്രീശങ്കരകൃതികളുടെ മലയാള വ്യാഖ്യാനങ്ങൾ, വീരവാണി എന്ന പേരിൽ നാലു വാല്യങ്ങളടങ്ങുന്ന ഗ്രന്ഥ സമുച്ചയം. അമൃതവാണി എന്നൊരു മാസിക പ്രസിദ്ധീകരിച്ചിരുന്നു.

4. ശ്രീമദ് നിശ്രേയസ്സാനന്ദസ്വാമികൾ, 1899-1991. The Culture of Ramayana. ആഫ്രിക്കയിലും ശ്രീലങ്കയിലും പ്രവർത്തിച്ചു. സ്വാമികളുടെ ലേഖനങ്ങളും കവിതകളും യാത്രാവിവരണങ്ങളും ദക്ഷിണാഫ്രിക്കയിൽനിന്നും പ്രസിദ്ധീകരി ച്ചിരുന്ന ന്യൂസ് ലെറ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5. ശ്രീമദ് തപസ്യാനന്ദസ്വാമികൾ, 1904-1991. ശ്രീമദ് ഭാഗവതത്തിന്റെ ഇംഗ്ലീഷ് വ്യാഖ്യാനം 4 വാല്യങ്ങൾ. ശ്രീരാമകൃഷ്ണൻ ശ്രീ ശാരദാദേവി വിവേകാനന്ദ സ്വാമികൾ

തുടങ്ങിയവരുടെ ജീവചരിത്രങ്ങളടക്കം **27** ഇംഗ്ലീഷ് ഗ്രന്ഥങ്ങൾ സ്വാമിജി രചിച്ചിട്ടുണ്ട്.

**6.** ശ്രീമദ് രംഗനാഥാനന്ദ സ്വാമികൾ, 1908-2005. മാറുന്ന സമൂഹത്തിന് അനിവാര്യമായ ശാശ്വതമൂല്യങ്ങൾ (Eternal Values for a changing Society) (4 വാല്യം), തീർത്ഥാടകൻ കണ്ട ലോകം, ഒരു സഞ്ചാരിയുടെ ലോകം, ഭഗവദ്ഗീത - മൂന്നു വാല്യം, ബൃഹദാരകോപനിഷത്തിന്റെ ഭാഷ്യം. The Symphony of Swami Vivekananda എന്നീ ഇംഗ്ലീഷ് ഗ്രന്ഥങ്ങൾ രചിച്ചു.

**7.** ശ്രീമദ് വിമലാനന്ദസ്വാമികൾ - 1903-1985. വിഷ്ണുപാദാദികേശ സ്തോസ്ത്രം, മഹാനാരായണോപനിഷത്ത്, ശ്രീരാമകൃഷ്ണവർണ്ണാനുക്രമകീർത്തനം, ജ്ഞാനപ്പാന - വേദാന്തവ്യാഖ്യാനം തുടങ്ങി മലയാളത്തിലും ഇംഗ്ലീഷിലും സംസ്കൃതത്തിലുമായി **16** കൃതികളും **51** ലേഖനങ്ങളും സ്വാമിജി രചിച്ചിട്ടുണ്ട്.

**8.** ശ്രീമദ് സിദ്ധിനാഥാനന്ദ സ്വാമികൾ, 1918-2004. ശ്രീമദ് വിവേകാനന്ദ സ്വാമികൾ, **7** വാല്യം. ആദികവിയുടെ ആദർശപുരുഷൻ, ശ്രീമദ് ഭാഗവതാമൃതം, ശ്രീമദ് ഭാഗവതദർശനവും (വിവർത്തനം) ഭാഗവതാമൃതവും മനുസ്മൃതിയുടെ മലയാളം പരിഭാഷ, The Way of Pilgrim എന്ന പുസ്തകത്തിന്റെ പരിഭാഷയായ ഒരു സാധകന്റെ സഞ്ചാരം തുടങ്ങി 40 മലയാളകൃതികളും **12** ഇംഗ്ലീഷ് ഗ്രന്ഥങ്ങളും സ്വാമിജി രചിച്ചിട്ടുണ്ട്.

**9.** ശ്രീമദ് മൃഡാനന്ദസ്വാമികൾ, 1916-2005. ബ്രഹ്മസൂത്രം വ്യാഖ്യാനം, ഉപനിഷത്തുക്കളുടേയും ഗീതയുടെയും വ്യാഖ്യാനം. മഹാഭാരതം (രണ്ടു വാല്യം), ഹരിവംശം, ഭദ്രകാളിമഹാത്മ്യം, ദേവിമാഹാത്മ്യം, ലഘുവാസുദേവമനനം,

ക്ഷേത്രാരാധന എന്നിവയാണ് പ്രധാന കൃതികൾ. പ്രബുദ്ധകേരളം പത്രാധിപരായി ദീർഘകാലം സേവനമനുഷ്ഠിച്ചു.

10. നിത്യബോധാനന്ദസ്വാമികൾ 1914-1992, ഫ്രഞ്ച് ഭാഷയിൽ വേദാന്തത്തെപ്പറ്റി 6 പുസ്തകങ്ങൾ രചിച്ചു.

11. സഖ്യാനന്ദസ്വാമികൾ. 1916-1996. ഭാരതചരിത്രാവലോകനം, കലികാലാവലോകനം, ക്രൈസ്തവ സാർവ്വത്രികം, ത്രിപുരസുന്ദരീസ്തവം, ആനന്ദലഹരി. ഇവ കൂടാതെ ഭർതൃഹരിയുടെ നീതിസാരത്തിന് വ്യാഖ്യാനവും രചിച്ചിട്ടുണ്ട്.

12. ശൈലജാനന്ദസ്വാമികൾ 1887-1972. ഭഗവദ്ഗീതാവ്യാഖ്യാനം, വജ്രസൂചികോപനിഷത്ത് - നാരദഭക്തിസൂത്രത്തിന്റെ പദ്യപരിഭാഷ, സ്തവമഞ്ജരി തുടങ്ങിയ ഗ്രന്ഥങ്ങളെഴുതി.

പട്ടിക പൂർണമല്ല

പ്രബുദ്ധകേരളം ഓഫീസ്, തൃശ്ശൂർ

## അനുബന്ധം 2

## വിവേകാനന്ദദർശനത്തിന്റെ സ്വാധീനത്താൽ എഴുതപ്പെട്ട മലയാള കവിതകൾ, കാവ്യങ്ങൾ

1. അഘോരമണി, ഓട്ടൂർ, ഇന്റഗ്രൽ ബുക്ക് ഹൗസ്, പയ്യന്നൂർ: 1999.
2. അമൃതധാര, സി. കേശവപിള്ള.
3. അംബാനന്ദഗീതാവലി, അംബാനന്ദ സ്വാമികൾ, വിവേകാനന്ദമന്ദിരം, വെള്ളിമല.
4. ഗുരുവചനങ്ങൾ, അപ്പൻ തമ്പുരാൻ
5. ദിവ്യാവതാരം, എം.ആർ. കൃഷ്ണവാരിയർ
6. മുങ്ങിയെടുത്ത മുത്തുകൾ, എം.ആർ. മാധവകുറുപ്പ്, സതീഭവൻ, തിരുവനന്തപുരം, 1975.
7. രാമകൃഷ്ണവിജയം കഥകളി, കേശവൻ നമ്പൂതിരി, മണക്കാട്ട്
8. വിവേകാനന്ദസരോവരം, കൃഷ്ണൻ പറപ്പള്ളി.
9. വിവേകാനന്ദഗാഥ, തിരുത്തിക്കാട്ടിൽ പ്രഭാകരൻ നായർ, 1977.
10. വിവേകാമൃതം, കുന്നേപ്പറമ്പിൽ നീലകണ്ഠൻ നായർ, 1930.
11. വിവേകാനന്ദചരിതം, വിശദാനന്ദസ്വാമികൾ (ഓട്ടൻതുള്ളൽ), ശ്രീരാമകൃഷ്ണാ ശ്രമം, ഒറ്റപ്പാലം, 1969.
12. ശ്രീരാമകൃഷ്ണഗീത, കുട്ടമത്ത്, കുന്നിയൂർ സാഹിത്യസമുച്ചയം. 1939.

13. ശ്രീരാമകൃഷ്ണഗീത, ത്ര്യയംബകശർമ്മകാശി, വിവർത്തനം: എൻ.ഡി. കൃഷ്ണനുണ്ണി, 1988, ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ.

14. ശ്രീരാമകൃഷ്ണഭാഗവതം, വിശദാനന്ദസ്വാമികൾ (കിളിപ്പാട്ട്), ശ്രീരാമകൃഷ്ണാശ്രമം, ഒറ്റപ്പാലം, 1964.

15. ശ്രീരാമകൃഷ്ണ അഷ്ടോത്തരശതനാമസ്തോത്രം, വിശദാനന്ദസ്വാമികൾ, ശ്രീരാമ കൃഷ്ണാശ്രമം, പുതുക്കോട്.

16. ശ്രീരാമകൃഷ്ണാകർണ്ണാമൃതം, ഓട്ടൂർ.

17. ശ്രീരാമകൃഷ്ണസുപ്രഭാതം, ഓട്ടൂർ.

18. ശ്രീരാമകൃഷ്ണഗീതം, സി.കെ. നാരായണപിള്ള, ഡി.സി. ബുക്സ്, കോട്ടയം, 1982

19. ശ്രീരാമകൃഷ്ണചരിതം, രാമവർമ്മകൊച്ചനിയൻ തമ്പുരാൻ, ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ, 1999.

20. ശ്രീരാമകൃഷ്ണോപദേശസഹസ്രി: ത്ര്യംബകശർമ്മ, വിവർത്തനം: നെച്ചോട്ടിൽ മാധവവാരിയർ, ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ, 1999.

21. അഭയംകരൻ, വെണ്ണികുളം സ്മാരകോപഹാരം, ഹരിപ്പാട്, 1963.

22. പാദതീർത്ഥം, എ. രാമകൃഷ്ണൻ നായർ, ഡി.സി. ബുക്സ്, കോട്ടയം, 1970.

23. വിവേകാനന്ദം, അച്യുതൻ നമ്പൂതിരി അക്കിത്തം, ഡി.സി. ബുക്സ്, കോട്ടയം.

24. വിവേരകാനന്ദനാര്, അച്യുതൻ നമ്പൂതിരി അക്കിത്തം, ഡി.സി. ബുക്സ്, കോട്ടയം.

25. പാലം, അച്യുതൻ നമ്പൂതിരി അക്കിത്തം, ഡി.സി. ബുക്സ്, കോട്ടയം.

26. വിവേകാനന്ദപ്പാറയിൽ, പി. കുഞ്ഞിരാമൻ നായർ, ഡി.സി. ബുക്സ്, കോട്ടയം, 2006.

27. വിവേകാനന്ദം, വിഷ്ണുനാരായണൻ നമ്പൂതിരി.

28. പരാവിദ്യ, വിഷ്ണുനാരായണൻ നമ്പൂതിരി.

29. പുത്രലാഭം, വിഷ്ണുനാരായണൻ നമ്പൂതിരി.

30. കുട്ടിവായിക്കുക, വിഷ്ണുനാരായണൻ നമ്പൂതിരി.

31. വിവേകാനന്ദപ്പാറയിൽ, അമാലിത, വിവർത്തനം: കെ.ജി. ശങ്കരപ്പിള്ള, സാഹിത്യലോകം, തൃശ്ശൂർ, 2001.

32. കർമ്മയോഗി, പാലാ സ്മാരകോപഹാരം, ഹരിപ്പാട്, 1963.

33. കാവൽക്കാരൻ, കുട്ടമത്ത്.

34. ഒരു കൃഷ്ണപ്പരുന്തിനോട്, വള്ളത്തോൾ, സാഹിത്യമഞ്ജരി ഭാഗം 4, ഭാഗം 5, 2003.

35. നരേന്ദ്രന്റെ പ്രാർത്ഥന, വള്ളത്തോൾ, സാഹിത്യമഞ്ജരി ഭാഗം 4, ഭാഗം 5, 2003.

36. നമോവാകം, രവീന്ദ്രനാഥടാഗോർ, വിവർത്തനം: ജി. ശങ്കരക്കുറുപ്പ്, സാഹിത്യ ലോകം, തൃശ്ശൂർ, 2001.

പട്ടിക പൂർണ്ണമല്ല

# വിവേകാനന്ദ ജീവചരിത്രങ്ങളും പഠനഗ്രന്ഥങ്ങളും

| | ഗ്രന്ഥനാമം | ഗ്രന്ഥകർത്താവ് | വർഷം | പ്രസാധകർ |
|---|---|---|---|---|
| 1 | ഇന്ത്യയിലെ പുരുഷരത്നങ്ങൾ (ആദ്യത്തേത് വിവേകാനന്ദചരിതം) | എം. കുഞ്ഞിരാമപ്പിഷാരടി | | |
| 2 | കന്യാകുമാരിയിലെ ജ്ഞാനോദയം | എൻ. ഇ. ബാലറാം | | പ്രഭാത് ബുക്സ്, തിരുവനന്തപുരം |
| 3 | കുട്ടികളുടെ വിവേകാനന്ദൻ | ഡോ. വി.എസ്. ശർമ്മ | 1988 | മാതൃഭൂമി ബുക്സ് |
| 4 | കുട്ടികളുടെ വിവേകാനന്ദൻ | | 1965 | പബ്ലിക്കേഷൻ ഡിവിഷൻ. ഡൽഹി |
| 5 | കുട്ടികളുടെ വിവേകാനന്ദൻ | നിരായനന്ദസ്വാമി | | ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ |
| 6 | (ബാലസാഹിത്യം) | വിവ: മൃഡാനന്ദസ്വാമി | | |
| 7 | ഗുരുസന്നിധിയിൽ | നാലപ്പാട്ട് നാരായണമേനോൻ | 1987 | മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ്, കോഴിക്കോട് |
| 8 | (വിവേകാനന്ദചരിതം ഉൾപ്പെടുന്നു) | | | |
| 9 | നരനാരായണന്മാർ | കം. ജനാർദ്ദനൻ തമ്പാൻ | | ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ |
| 10 | നൈവേദ്യം (നാടകം) | ജി. ശങ്കരപ്പിള്ള | 1963 | സമാകോപഹാരം, ഹരിപ്പാട് |
| 11 | ഭഗവദ്വിവേകാനന്ദൻ | കുട്ടികൃഷ്ണമാരാർ | 2000 | മാരാർ സാഹിത്യപ്രകാശം |
| 12 | മകരജ്യോതിസ്സ് | പി. പരമേശ്വരൻ | 1985 | ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ |
| 13 | മതാചാര്യന്മാർ (ജീവചരിത്രം) | കെ. പങ്കജാക്ഷൻ നായർ | | |

| | ഗ്രന്ഥനാമം | ഗ്രന്ഥകർത്താവ് | വർഷം | പ്രസാധകർ |
|---|---|---|---|---|
| 14 | മഹാത്മാഗാന്ധി : ലക്ഷ്യവും മാർഗ്ഗവും (ഗാന്ധിജിയുടേയും സ്വാമിജിയുടേയും ആശയങ്ങൾ തമ്മിലുള്ള താരതമ്യപഠനം) | സാധുശീലൻ പരമേശ്വരൻപിള്ള | | |
| 15 | മാറുന്ന സമൂഹത്തിന് അനിവാര്യമായ ശാശ്വതമൂല്യങ്ങൾ (4 വാല്യങ്ങൾ) | രംഗനാഥാനന്ദസ്വാമികൾ | 1999 | ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ |
| 16 | മോഹൻദാസും നരേന്ദ്രനും | ടി.എ. മാത്യൂസ് | 2004 | അവന്തി പബ്ലിക്കേഷൻസ്, കോട്ടയം |
| 17 | യുഗാചാര്യൻ | ഡോ. വി.എസ്. ശർമ്മ | 2006 | പൂർണ്ണോദയ, കൊച്ചി |
| 18 | രാജയോഗം | വിവ: കുമാരനാശാൻ | 1904 | ശാരദബുക്ക് ഡിപ്പോ, തോന്നക്കൽ |
| 19 | രാമകൃഷ്ണപരമഹംസർ | കുറ്റിപ്പുഴ കൃഷ്ണപ്പിള്ള | 1954 | |
| 21 | വിവേകാനന്ദൻ കഥകളിലൂടെ | പി.കെ. നെടുങ്ങാടി | 1963 | കിങ്ങിണി, പാലക്കാട് |
| 22 | വിവേകാനന്ദചരിതം | ചിന്മയാനന്ദസ്വാമി | 1965 | ശ്രീരാമകൃഷ്ണാശ്രമം, ഒറ്റപ്പാലം |
| 23 | വിവേകാനന്ദചരിതം | കെ. രാമൻമേനോൻ | 1928 | എസ്.ടി. റെഡ്ഡ്യാർ, കൊല്ലം |
| 24 | വിവേകനന്ദവിജയം (7 വാല്യങ്ങൾ) | കെ. രാമൻമേനോൻ | 1950 | എസ്.ടി. റെഡ്ഡ്യാർ, കൊല്ലം |
| 25 | വിവേകാനന്ദം | ഡോ. വി.എസ്. ശർമ്മ | 1968 | ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ |
| 26 | വിവേകാനന്ദന്റെ സമകാലീനപ്രസക്തി | എൻ.യു.പി. ഉണിത്തിരി | 1972 | ചിന്ത പബ്ലിഷേഴ്സ് |

| | ഗ്രന്ഥനാമം | ഗ്രന്ഥകർത്താവ് | വർഷം | പ്രസാധകർ |
|---|---|---|---|---|
| 27 | വിവേകാനന്ദന്റെ കുട്ടിക്കാലം | കെ.എൻ. ദാമോദരൻ നായർ | | മാതൃഭൂമി, കോഴിക്കോട് |
| 28 | വിവേകാനന്ദൻ ഒരു കവി (വിചാരദീപ്തിയിൽ) | ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി മേനോൻ | | |
| 29 | വിവേകാനന്ദചരണങ്ങളിൽ | ഡോ.എം.ലക്ഷമീകുമാരി | 1986 | ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ |
| 30 | വിവേകാനന്ദനും മാർക്സും | പി.പരമേശ്വരൻ | 1987 | മാതൃഭൂമി, കോഴിക്കോട് |
| 31 | വിവേകാനന്ദനും ഭഗവദ്ഗീതയും | ഡോ.എം.ലക്ഷ്മീകുമാരി | 2002 | കുരുക്ഷേത്രപ്രകാശൻ. കലൂർ |
| 32 | വിവേകാനന്ദസ്വാമികളുടെ കത്തുകൾ | വിവ: മൊയ്യരത്ത് ശങ്കരൻ<br>അവതാരിക: എസ് സുന്ദരം | 2003 | രാമകൃഷ്ണമഠം, പുറനാട്ടുകര |
| 33 | വിവേകാനന്ദ പ്രശ്നോത്തരി | പ്രൊ.ടോണി മാത്യു | 2004 | ഡി.ഡി.ബുക്സ്, കോട്ടയം |
| 35 | വിവേകാനന്ദ സ്വാമികൾ (ബാലസാഹിത്യം) | ചിദ്ഭവാനന്ദസ്വാമി<br>വിവ:സഹജാനന്ദസ്വാമി | 1967 | ശ്രീരാമകൃഷ്ണാശ്രമം, എളവള്ളി |
| 36 | വിവേകാനന്ദസ്വാമികൾ | വിമലാനന്ദസ്വാമികൾ | 1975 | ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ |
| 37 | വിവേകാനന്ദസ്വാമികൾ | റോമയിൻ റോളണ്ട്<br>വിവ:പ്രൊഫ.പദ്മനാഭക്കുറുപ്പ് | 1976 | മാതൃഭൂമി കോഴിക്കോട് |
| 38 | വിവേകാനന്ദസ്വാമികൾ (നവഭാരതശില്പികൾ പുറം 54 മുതൽ 98 വരെ) | കെ.പി.കേശവമേനോൻ | 1978 | മാതൃഭൂമി, കോഴിക്കോട് |
| 39 | വീരവാണി (4 വാല്യങ്ങൾ) | ആഗമാനന്ദസ്വാമികൾ | 1993 | ശ്രീരാമകൃഷ്ണാദ്വൈതാശ്രമം, കാലടി |

| | ഗ്രന്ഥനാമം | ഗ്രന്ഥകർത്താവ് | വർഷം | പ്രസാധകർ |
|---|---|---|---|---|
| 40 | ശ്രീമദ് വിവേകാനന്ദ സ്വാമികൾ | സിദ്ധിനാഥാനന്ദസ്വാമികൾ | 1972 | ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ |
| 41 | ശ്രീ വിവേകാനന്ദ സ്വാമികൾ | കെ.പി.രാഘവൻ നായർ | 1923 | മലയാളം പബ്ലിഷിംഗ് കമ്പനി |
| 42 | ശ്രീ വിവേകാനന്ദൻ | എം.ആർ.നാരായണപിള്ള | 1949 | ശ്രീരാമവിലാസം, കൊല്ലം |
| 43 | ശ്രീ വിവേകാനന്ദ വിജയം | പണ്ഡിറ്റ് പി.ഗോപാലൻനായർ | | കൊല്ലങ്കോട് |
| 44 | സ്വാമിവിവേകാനന്ദൻ | വി.കെ.ആർ.വി.റാവു വിവ: പി.നാരായണക്കുറുപ്പ് | | പബ്ലിക്കേഷൻസ് ന്യൂഡൽഹി |
| 45 | സ്വാമി വിവേകാനന്ദൻ | എം.ജി.കൃഷ്ണവാര്യർ | 1988 | കാലിക്കറ്റ് യൂണിവേഴ്സിറ്റി |
| 46 | സ്വാമി വിവേകാനന്ദൻ ഇന്ത്യൻ വിപ്ലവത്തിന്റെ വിത്ത് | സി.പി.ശ്രീധരൻ | 1995 | ലിപി പബ്ലിക്കേഷൻസ്, ആലത്തൂർ |
| 47 | സ്വാമി വിവേകാനന്ദൻ ജീവിതവും പൈതൃകവും | തപസ്യാനന്ദസ്വാമികൾ വിവ:ഒ.കെ.കെ.പണിക്കർ | 2000 | ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ |
| 48 | സ്വാമി വിവേകാനന്ദൻ (ബാലസാഹിത്യം) | അമ്പാടി ഇക്കാവമ്മ | 1956 | ഗ്രന്ഥകർത്താവ് |
| 49 | സ്വാമിവിവേകാനന്ദൻ കവിയും ഗായകനും | പ്രൊഫ.സുലോചന ബി.നായർ | 2003 | ശ്രീരാമകൃഷ്ണമഠം, തൃശ്ശൂർ |
| 50 | സ്വാമി വിവേകാനന്ദൻ | നെമായ് സാധൻ ബോസ് വിവ:പി.സി.സിരാജ | 2001 | സാഹിത്യ അക്കാദമി, ന്യൂഡൽഹി |
| 51 | വിവേകാനന്ദനും പ്രബുദ്ധകേരളവും | എഡി.പി.പരമേശ്വരൻ | 213 | ഭാരതീയവിചാരകേന്ദ്രം, തിരുവനന്തപുരം |
| 52 | വിവേകാനന്ദൻ- സന്യാസിയും മനുഷ്യനും | എം.പി. വീരേന്ദ്രകുമാർ | 2014 | മാതൃഭൂമി കോഴിക്കോട് |

## അനുബന്ധം 5

## കേരളത്തിലെ ശ്രീരാമകൃഷ്ണാശ്രമങ്ങൾ 1913 മുതൽ 1937 കൂടി

| | | | |
|---|---|---|---|
| 1. | ഹരിപ്പാട് | ശ്രീരാമകൃഷ്ണാശ്രമം | 1913 |
| 2. | തിരുവല്ല | ശ്രീരാമകൃഷ്ണാശ്രമം | 1913 |
| 3. | കൊയിലാണ്ടി | ശ്രീരാമകൃഷ്ണാശ്രമം | 1915 |
| 4. | തിരുവനന്തപുരം | ശ്രീരാമകൃഷ്ണബ്രഹ്മാശ്രമം | 1924 |
| 5. | അമ്പലപ്പുഴ | ശ്രീരാമകൃഷ്ണയോഗാനന്ദ ആശ്രമം | 1924 |
| 6. | മുട്ടം | ശ്രീരാമകൃഷ്ണപ്രേമാനന്ദ ആശ്രമം | 1925 |
| 7. | ഒറ്റപ്പാലം | ശ്രീരാമകൃഷ്ണനിരഞ്ജൻ ആശ്രമം | 1926 |
| 8. | കായംകുളം | ശ്രീരാമകൃഷ്ണാശ്രമം | 1930 |
| 9. | കുളത്തൂർ | ശ്രീരാമകൃഷ്ണാശ്രമം | 1930 |
| 10. | പാല | ശ്രീരാമകൃഷ്ണാശ്രമം | 1930 |
| 11. | അരൂർ | ശ്രീരാമകൃഷ്ണാശ്രമം | 1930-35 |
| 12. | അടൂർ | ശ്രീരാമകൃഷ്ണാശ്രമം | 1930-35 |
| 13. | നെയ്യാർ | ശ്രീരാമകൃഷ്ണാശ്രമം | 1930-35 |
| 14. | മുവാറ്റുപുഴ | ശ്രീരാമകൃഷ്ണാശ്രമം | 1930-35 |
| 15. | പുതുക്കാട് | ശ്രീരാമകൃഷ്ണാശ്രമം | 1930-35 |
| 16. | കോഴിക്കോട് | ശ്രീരാമകൃഷ്ണസേവാശ്രമം | 1930-35 |